VI:1:M9
3268.3

19 32G8.3
a varena:
m Pt. 3.
3
MUL
165323

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number VI : 1: M9 32G

Accession Number 165323

Available for loan from

This book should be returned on or befo
the date last marked below.

| | | | |
|---|---|---|---|
| 3 MAY 1961 | | | |
| 5 OCT 1965 | | | |
| NOV 1965 | | | |

51

# ലോകാലോകം

മൂന്നാംഭാഗം

---

UNIVERSITY LIBRARY
21 JUL 1955
MADRAS

ഗ്രന്ഥകൎത്താ

എം. രാജരാജവൎമ്മ

എം. ഏ; ബി. എൽ.

---

B. V. BOOK DEPOT
TRIVANDRUM

പ്രസാധകൻ

കെ. ആർ. ജി. മേനോൻ

. വി. ബുക്ക്ഡിപ്പോ & പ്രിൻറിംഗ് വർക്ക്സ്

തിരുവനന്തപുരം.

[വില രൂ 1. ണ 8.

വി. ബുക്ക്ഡിപ്പോ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

165323
38251
VI:1:M9
32G8·3

ശ്രീരസ്തു

# പ്രസ്താവന

'ലോകാലോക'ത്തിന്റെ മൂന്നാംഭാഗം ഇതാ പരസ്യം ചെയ്യുന്നു. അഴിമുഖത്തോട് അടുക്കുമ്പോൾ പുഴയ്ക്ക് ഒഴുക്കു കുറവും വിസ്താരം കൂടുതലും ആവുന്നപോലെ, ഈ ഭാഗത്തിലെ അധ്യായങ്ങൾക്കു വലിപ്പം അധികവും സംഗതികളുടെ ഗതി സാവധാനവുമാകുന്നു. ആററുവെള്ളത്തിന്റെ മാധുര്യം വിട്ട് ഓർച്ചുവ വരുന്നവണ്ണം, ഇന്നത്തെ മാലിന്യം സംഭവങ്ങളിൽ കടന്നുകൂടിട്ടുണ്ട്. ലോകസൃഷ്ടിയിൽ ദിവ്യചൈതന്യം കലൎന്നു വാണ മനുഷ്യൻ മഹായന്ത്രങ്ങൾക്ക് അടിമപ്പെട്ട് പാവയായിത്തീരുന്ന കാഴ്ച ഇവിടെ കാണാം. പരസ്പരസാഹോദര്യം പോയി, ജനസമുദായങ്ങൾ സ്പർദ്ധാലുക്കളായി, നാടും നഗരവും കാടും മേടും സ്ഥലവും ജലവും ഒന്നുപോലെ ആക്രമിച്ച്, പരിഷ്കാരവ്യാജേന അവിടം നരകമാക്കി, രക്ഷസ്സുകളെ പോലെ കൂത്താടുന്ന നാടകം കണ്ടു രസിക്കാം. ശ്രദ്ധാമൂലമായിരുന്ന ദൈവഭക്തി, നവീനപ്രായോഗികശാസ്ത്രങ്ങൾ കാണിക്കുന്ന ജാലവിദ്യയിൽ ഇളകി, കരിഞ്ഞുപോക നിമിത്തം, ധൎമ്മാധൎമ്മബോധം ധനത്തിന്റെ ലാഭാലാഭത്തിൽ കലാശിച്ച്, വ്യക്തികൾക്കുള്ള ദുർഗ്ഗുണങ്ങൾ രാഷ്ട്രങ്ങൾക്ക് അഭിമതഗുണങ്ങളായിത്തീരുന്ന വേഷപ്പകൎച്ച കണ്ട് അത്ഭുതപ്പെടാം. ഇന്നു കാണുന്ന മഹാശക്തികളുടെ ഉയൎച്ച എത്രമാത്രം ക്ലേശഭൂയിഷ്ഠ-

മായിരുന്നു എന്നും, അതിനുവേണ്ടി ചെയ്തിട്ടുള്ള തപസ്യ അശ്രുഭോദക്കയായിത്തീന്നതെന്തെന്നും, പുറമ്പൂച്ചും പകിട്ടും കൊണ്ടു് ആഭ്യന്തരമായ മഹത്വം സിദ്ധിക്കുന്നതല്ലെന്നും പത്തൊമ്പതാം ശതവഷത്തിലെ കഥ വ്യക്തമാക്കുന്നുണ്ടു്. വ്യക്തിസ്വാതന്ത്ര്യം വളരുന്തോറും സമുദായബന്ധത്തിനു ശൈഥില്യം വരുന്നു; അന്യോന്യാശ്രയം കുറയുന്നു; ക്ഷേമം അകലുന്നു; ഈ പാഠം വായനക്കാർ ഈ ഭാഗത്തിൽനിന്നു് ഗ്രഹിക്കാതിരിക്കയില്ല. കമ്പത്തിൽ ക്രുത്താടി എത്രതന്നേ ഉയൎന്നു കയറിയാലും, സമ്മാനം വാങ്ങാൻ തറയിൽ ഇറങ്ങണം; അതുപോലെ, എത്ര തന്നെ പ്രാകൃതപരിഷ്കാരം നമ്മെ തുഞ്ചാണിക്കു പററിച്ചാലും, ശാശ്വതക്ഷേമം കിട്ടന്നമെങ്കിൽ പുരാതനമായ ധമ്മബോധവും ദൈവവിശ്വാസവും വീണ്ടും അവതരിക്കണം; നാം കാണിക്കുന്ന കളിക്കൂത്തുകൾക്കു ദ്രഷ്ടാവായി ഒരു ലോകനിയന്താവുണ്ടെന്നു ബോധിക്കണം.

തിരുവനന്തപുരം<br>
1116 മേടം 6-ാംനു-

എന്നു്<br>
ഗ്രന്ഥകത്താ.

# വിഷയാനുക്രമണി


| അധ്യായം | വിഷയം | പുറം | | | |
|---|---|---|---|---|---|
| | പ്രസ്താവന | i | മുതൽ | ii | വരെ |
| ൧ | പത്തൊൻപതാം നൂററാണ്ടിന്റെ മുഖ്യലക്ഷണങ്ങൾ | ൧ | ,, | ൧൩ | ,, |
| ൨ | വ്യവസായാഭിവൃദ്ധിയും സമത്വവാദവും | ൧൩ | ,, | ൨൭ | ,, |
| ൩ | ബ്രിട്ടീഷുകാരുടെ സാമ്രാജ്യസ്ഥാപനം | ൨൮ | ,, | ൩൮ | ,, |
| ൪ | ബ്രിട്ടീഷുകാരുടെ ഇൻഡ്യാഭരണം | ൩൮ | ,, | ൫൧ | ,, |
| ൫. | ബ്രിട്ടീഷ് ഭരണഗുണവും കാൺഗ്രസ്സിന്റെ ഉത്ഭവവും | ൫൨ | ,, | ൬൦ | ,, |
| ൬ | ചീനയുടെ താഴ്ച | ൬൧ | ,, | ൮൨ | ,, |
| ൭ | ജപ്പാന്റെ ഉയർച്ച | ൮൨ | ,, | ൧൦൪ | ,, |
| ൮ | മലേഷ്യയും ഇൻഡോനേഷ്യയും | ൧൦൫ | ,, | ൧൨൦ | ,, |
| ൯ | മധ്യേഷ്യയും പശ്ചിമേഷ്യയും | ൧൨൦ | ,, | ൧൨൮ | ,, |
| ൧൦ | പർസ്യ (പാരസീകം) | ൧൨൯ | ,, | ൧൪൪ | ,, |
| ൧൧ | യൂറോപ്പിലെ അസ്വാസ്ഥ്യങ്ങൾ | ൧൪൫ | ,, | ൧൫൬ | ,, |
| ൧൨ | ഇററലിയുടെ സ്വാതന്ത്ര്യവും ജർമ്മനിയുടെ അഭിവൃദ്ധിയും | ൧൫൬ | ,, | ൧൭൧ | ,, |
| ൧൩ | ലാവണ്യകലാഭിവൃദ്ധി | ൧൭൧ | ,, | ൨൦൦ | ,, |
| ൧൪ | നവീനശാസ്ത്രോദയവും സ്വാതന്ത്ര്യബോധവും | ൨൦൦ | ,, | ൨൧൧ | ,, |
| ൧൫ | സമത്വവാദങ്ങളുടെ പുറപ്പാട് | ൨൧൨ | ,, | ൨൨൩ | ,, |
| ൧൬ | ഇംഗ്ലണ്ടിൽ വിക്ടോറിയാരാജ്ഞിയുടെ കാലം | ൨൨൪ | ,, | ൨൩൫ | ,, |
| ൧൭ | ഇംഗ്ലണ്ടിന്റെ ഐശ്വര്യാഭിവൃദ്ധി | ൨൩൬ | ,, | ൨൪൪ | ,, |

| അദ്ധ്യായം | വിഷയം | പുറം | | | |
|---|---|---|---|---|---|
| ൰൩ | അമേരിക്കയിലെ ആഭ്യന്തരകലഹം | ൱൪൮ | ,, | ൱൬൭ | ,, |
| ൰൪ | ഇംഗ്ലണ്ടും അയർലണ്ടും തമ്മിൽ പിണക്കം | ൱൬൭ | ,, | ൱൭൫ | ,, |
| ൰൫ | ബ്രിട്ടീഷുകാർ ഈജിപ്റ്റിനെ പിടിച്ചതു് | ൱൭൫ | ,, | ൱൰൪ | ,, |
| ൰൬ | തുർക്കിസംസ്ഥാനത്തിന്റെ ശനിദശ | ൱൰൬ | ,, | ൱൯൩ | ,, |
| ൰൭ | റഷ്യാസാമ്രാജ്യത്തിന്റെ അന്തഃഛിദ്രം | ൱൯൪ | ,, | ൨൱൪ | ,, |
| ൰൰ | പത്തൊൻപതാം ശതകത്തിനു് യാത്ര അയപ്പു് | ൨൱൨ | ,, | ൨൱൬ | ,, |

For favour of consideration
by the University Board of Studies, Madras

# ലോകകാലോകം

മൂന്നാം ഭാഗം.

## അറുപത്തിആറാം അദ്ധ്യായം

### പത്തൊമ്പതാം നൂററാണ്ടിന്റെ മുഖ്യലക്ഷണങ്ങൾ.

നെപ്പോളിയനെ ആദ്യമായി കീഴടക്കി എൽബാ ദ്വീപിൽ അടച്ച ക്രിസ്ത്വബ്ദം ൧൮൧൪-ാമാണ്ടു മുതൽ ൧൯൧൪-ാമാണ്ടു വരെ ഒരു ശതാബ്ദം ഏററവും സംഭവബഹുലമായ കാലഘട്ടമായിരുന്നു. പത്തൊമ്പതാം നൂററാണ്ടിൽ നടന്ന വിവിധങ്ങളും വിഷമങ്ങളുമായ അനവധി സംഗതികളെ ഓരോന്നും വിവരിക്കാൻ തുടങ്ങിയാൽ അവസാനിക്കയില്ല. അക്കാലത്തു് ഉണ്ടായ തലമുറകൾ ഇന്നും നിശ്ശേഷം ഒടുങ്ങിട്ടില്ല. സാമീപ്യം കൊണ്ടുള്ള വലിപ്പം ചെറുകാര്യങ്ങളെ പോലും വലുതായി തോന്നിക്കുന്നു. വൃക്ഷങ്ങളുടെ നിബിഡതകൊണ്ടു് വനത്തിന്റെ വിസ്തൃതിയും ഭംഗിയും അറിയാൻ നിവാഹമില്ലാതെ തിരയുന്ന വനേചരനെ പോലെ, അനവധി ചില്ലറ സംഭവങ്ങളുടെ ഇടയിൽ പെട്ടു് ചരിത്രത്തിന്റെ വൻപാതകളിൽ നിന്നു് വഴി തെററിപ്പോകാതിരിക്കാൻ വേണ്ടി, ആ കാലഘട്ടത്തിൽ തെളിഞ്ഞു് കാണുന്ന മഹാപഥങ്ങളിൽകൂടി സഞ്ചരിച്ചു് അതിന്റെ വൈപുല്യവും മഹിമയും മനസ്സിലാക്കാൻ നമുക്കു യത്നിക്കാം. സാമാന്യന്യായങ്ങൾ

VERSITY LIBRA

ഗ്രഹിച്ചാൽ വിശേഷങ്ങളെ മനസ്സിലാക്കാൻ വളരെ ക്ലേശമില്ലല്ലോ.

പത്തൊമ്പതാം നൂററാണ്ടിനെ മുൻകഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നു് വ്യത്യസ്തപ്പെടുത്തുന്ന ഒന്നാമത്തെ പ്രധാനസംഗതി യന്ത്രനിമ്മാണം മൂലം ഉണ്ടായ വലുതായ വ്യവസായാഭിവൃദ്ധിയാകുന്നു. പതിനെട്ടാം ശതകത്തിൽത്തന്നെ ആരംഭിച്ചെങ്കിലും, അതിൻെറ പരിപൂത്തി അടുത്ത ശതകത്തിലാണു് വ്യക്തമായി അനുഭവത്തിൽ വന്നതു്. പത്തൊമ്പതാം ശതകത്തെ 'യന്ത്രയുഗം' എന്നു് അഭിധാനം ചെയ്യുന്നതു് യുക്തമായിരിക്കും. പഞ്ചഭൂതങ്ങളുടെ ദാസ്യത്തിൽ വലഞ്ഞിരുന്ന ജനസമുദായം അവയുടെ മേൽകോയ്മ ഭരിക്കാൻ തുടങ്ങി. നവീനപ്രായോഗികശാസ്ത്രങ്ങളുടെ അഭിവൃദ്ധി നിമിത്തം പ്രാപഞ്ചികശക്തികളുടെ ഉപക്കള്ളികളെ കണ്ടുപിടിച്ചു് അവയെ നിയന്ത്രിക്കാനുള്ള സൂത്രങ്ങൾ സൃഷ്ടിക്കപ്പെട്ടു. സഞ്ചാരവും സാധനങ്ങളുടെ പോക്കുവരവും സ്വാധീനവും ശീഘ്രതരവുമായി. തീവണ്ടിയും ആവിക്കപ്പലുകളും സ്ഥലജലമാഗ്ഗതരണത്തെ സുലഭമാക്കി. മഹാഭൂഖണ്ഡങ്ങൾ തമ്മിലുള്ള പരസ്പരസമ്പക്കത്തെ മഹാനഗരങ്ങൾക്കൊപ്പം വലിപ്പവും സൗകര്യസംഭാരങ്ങളും ഉള്ള വൻതരം സമുദ്രയാനങ്ങൾ നിവ്വഹിച്ചു. പത്തൊമ്പതാം ശതവഷത്തിൻെറ ഒടുവിലായപ്പോൾ മോട്ടാർവാഹനങ്ങൾ നടപ്പായി. ഇത്രയും വേഗവും സൗകര്യവുമുള്ള സ്ഥലവാഹനം ഉണ്ടായിട്ടില്ല. ജന്തുഹിംസ കൂടാതെ അതിദൂരം ക്ഷണേന ഓടുന്ന ഒരു രഥം പുരാണങ്ങളിലല്ലാതെ പ്രത്യക്ഷത്തിൽകണ്ടതു് ഇപ്പോഴാണു്. ഏറെ താമസിയാതെ ആകാശവിമാനങ്ങളും വന്നു. ആവിക്കപ്പലും മോട്ടാറും വിമാനവും കൂടി സ്ഥലജലാകാശമാഗ്ഗങ്ങളിൽ കൂടിയുള്ള സഞ്ചര-

ങ്ങളെ അത്യത്ഭുതമാംവണ്ണം ലഘൂകരിച്ചു. ഭൂമി വിപുലയായിരുന്നതു് ചുരുങ്ങി ചെറുതായി.

അതുപോലെ, വാർത്താവിതരണം വിദ്യുച്ഛക്തിയുടെ ആവിർഭാവത്തോടുകൂടി ബഹുസുലഭമായി. എത്ര അകലെ താമസിക്കുന്നവരുമായി കമ്പിവാർത്തയിലും ടെലിഫോണിലും വർത്തമാനം നിമിഷംകൊണ്ടു പറയാമെന്നായി. ആകാശവാണിയും മററും വന്നതു് പിന്നീടാണു്.

എന്നാൽ ഈ അദൃഷ്ടപൂർവ്വങ്ങളായ ശക്തികളുടെ ആവിർഭാവം സർവ്വഥാ ക്ഷേമകരമായിരുന്നില്ലെന്നു് വഴിയെ അറിയാം. പാതാളക്കപ്പലുകളും, ആഗ്നേയാസ്ത്രങ്ങളും, വിഷവായുനാളികങ്ങളും, ബ്രഹ്മാസ്ത്രവർഷികളായ വിമാനങ്ങളും, നാടുകളെയും നഗരങ്ങളെയും കച്ചോടക്കപ്പലുകളെയും മഹാസമരങ്ങളിൽ നശിപ്പിച്ച മഹാപാപം എത്ര സുകൃതങ്ങൾ ചെയ്താലും പരിഹൃതമാകാൻ പ്രയാസമാണു്. പുണ്യപാപങ്ങളിൽ ഏതിനാണു് കൂടുതൽ പ്രാബല്യമെന്നു് നിർണ്ണയിക്കാൻ നമുക്കു് ശക്തി പോരാ. മുൻപിൽ മനുഷ്യർക്കു് ഉണ്ടായിരുന്ന ശക്തി യന്ത്രങ്ങളിൽ സംക്രമിച്ചപ്പോൾ, അതിന്റെ ഊക്കം ഇരട്ടിച്ചതു കൂടാതെ, ധർമ്മാധർമ്മചിന്ത അസ്തമിക്കയും ചെയ്തു. അതിൻെറ അപ്രധൃഷ്യതയ്ക്കു് യാതൊരു നിയന്ത്രണവും ഇല്ലാതായി.

ഇംഗ്ലണ്ടിലാണു് യന്ത്രയുഗത്തിൻെറ ആരംഭം. അവിടെ അതു് വിജയിച്ചു. മററുള്ള രാജ്യങ്ങൾ ഇംഗ്ലണ്ടിനെ അനുവർത്തിച്ചു. നൗകാസന്നാഹത്തിൽ മുമ്പിൽ തന്നെ വമ്പത്തം നേടുകയാൽ, ഇംഗ്ലീഷുകാർ വ്യാപാരത്തിൽ മുന്നിട്ടു് നിന്നു. അവിടെ നിന്നു കുടിയേറിയവരായ അമേരിക്കർ പുതുയന്ത്രപരിഷ്കാരത്തെ പകർത്തി. അവർക്കു് യൂറോപ്യരെ അപേക്ഷിച്ചു് ഒരു

വലുതായ സൗകര്യ്യമുണ്ടായിരുന്നു. ധാരാളം ഭൂമി സസ്യാഢ്യയായും തരിശായും ഉണ്ടായിരുന്നു. അതു-കൊണ്ടു കാലക്ഷേപത്തിനും വ്യവസായത്തിനും വേണ്ടുന്ന അസംസ്കൃതസാധനങ്ങൾക്കു് തീരെ ക്ഷാമം ഉണ്ടായില്ല. സ്വന്തം ഭൂമിയെ പരിഷ്കരിക്കുക തന്നെ നല്ലൊരു വ്യവസായമായിരുന്നു. അസംസ്കൃതസാധന-ങ്ങൾ ധാരാളം ആയപ്പോൾ, യന്ത്രനിർമ്മാണം അസാ-മാന്യമായി വർദ്ധിച്ചു. അതലാന്തികമഹോദധിയുടെ കര മുതൽ ശാന്തമഹോദധിയുടെ കര വരെ, കിഴക്കു-പടിഞ്ഞാറു്, അതിദീർഘമായ റയിൽപാത ഇട്ടു്, അതിവിസ്തൃതങ്ങളായ സംസ്ഥാനങ്ങളെ അമേരിക്കർ ഏകശാസനയിൽ വരുത്തി. യൂറോപ്പിനെപററി അവ-ർക്കു് തീരെ ഗണനന ഇല്ലാതായി. അതിനെ ആശ്രയി-ക്കാതെ തന്നെ അവൎക്കു വിഭവസമൃദ്ധി ഉണ്ടായിരുന്നു. യൂറോപ്യന്മാർക്കു്, നേരേ മറിച്ചു്, മററു രാജ്യങ്ങളുടെ വിഭവങ്ങൾ ലഭിച്ചെങ്കിലല്ലാതെ ഉപജീവിക്കാൻ നിർവ്വാഹമില്ലായിരുന്നു. അതുകൊണ്ടു് യൂറോപ്യർ അമേരിക്കയിൽ വന്നു് കയ്യിടാൻ തുടങ്ങി. അമേരി-ക്കർ അതിനെ തടുത്തു് 'മൺറോഞായം' ഏൎപ്പെടുത്തി യതു് മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

യൂറോപ്പിലെ പശ്ചിമരാജ്യങ്ങളും, വടക്കെ അമേ-രിക്കയിലെ ഐക്യനാടുകളും ഒഴിച്ചു്, മററുള്ള രാജ്യ-ങ്ങളിലും ദേശങ്ങളിലും യന്ത്രപരിഷ്കാരത്തിനു് ആദ്യം വലിയ പ്രചാരം ഉണ്ടായിരുന്നില്ല. ഇംഗ്ലീഷുകാരാണു് അതിൽ മുന്നിട്ടു് നിന്നതു്. കൈവേലകൊണ്ടു് ചെ-യ്തുണ്ടാക്കിയതിൽ നൂറിരട്ടി യന്ത്രങ്ങൾ അല്പസമയം കൊണ്ടു് സാധനങ്ങളെ നിർമ്മിക്കാൻ തുടങ്ങിയപ്പോൾ, അതിനു് വേണ്ടുന്ന അസംസ്കൃതപദാർത്ഥങ്ങളെ നേടാൻ വലുതായ പ്രയത്നം വേണ്ടിവന്നു. ഇംഗ്ലീഷു്-

കാക്ക് യൂറോപ്പിൽ വെറും ഭൂമി ഇല്ലായിരുന്നു. അമേരിക്കയിൽ കടന്നുകൂടാ എന്നു് മൺറോ ന്യായം തട്ടുത്തു. പിന്നെ എവിടെ ഗതി? ഏഷ്യയിലും ആഫ്രിക്കയിലും. ഒന്നു്, പുരാതനപരിഷ്കാരം ക്ഷയിച്ചിട്ടു്, ശക്തിയും സാമൎത്ഥ്യവുമുള്ള ആഗന്തുകൎക്കു് നല്ലൊരു ആമിഷമായും, മറേറതു്, മിസ്രാദേശം ഒഴികെ, അവിടവിടെ വെറും കാട്ടുജാതികളാൽ അപൂൎവ്വം അധ്യുഷിതങ്ങളായ അതിവിസ്തൃതങ്ങളായ അരണ്യാനികളായും കിടന്നിരുന്നു. അവിടങ്ങളിലേക്കായി യൂറോപ്യരുടെ ദൃഷ്ടി.

ദ്വൈപ്യരായ ഇംഗ്ലീഷുകാർ സമുദ്രയാനത്തിൽ പണ്ടേതന്നെ വിരുതരായിരുന്നു. ധാരാളം നൌസാധനങ്ങൾ അവർ ശേഖരിച്ചിരുന്നു. കച്ചോടം അവൎക്കു് പ്രകൃതിസിദ്ധമായ തൊഴിലായിരുന്നു. കുരുമുളകു്, ഏലം മുതലായ സുഗന്ധസാധനങ്ങൾ ശേഖരിച്ചു് കൊണ്ടുപോകാനാണല്ലോ യൂറോപ്യന്മാർ ആദ്യമായി ഏഷ്യയിലേക്കു് വന്നതു്. പുതുയന്ത്രങ്ങൾ ആവിൎഭവിച്ചപ്പോൾ, അവയ്ക്കു് വേണ്ടുന്ന സാധനങ്ങളെയും അവർ ഏഷ്യയിൽ നിന്നു് സമ്പാദിക്കാൻ തുടങ്ങി. പണ്ടു് ഏഷ്യയിൽ കൈവേലകൊണ്ടു് ഉണ്ടാക്കിവന്ന സാമാനങ്ങളെ, യൂറോപ്യർ പ്രിയപ്പെട്ടു് വാങ്ങിക്കൊണ്ടുപോയി വന്നിരുന്നതിനു് പകരം, യന്ത്രവേലകൊണ്ടു് ആ വക ചരക്കുകളെ അനവധി യൂറോപ്പിൽ ഉണ്ടാക്കി ഏഷ്യയിൽ കൊണ്ടുവന്നു് അവർ വില കുറച്ചു് വിററു. അപ്പോൾ ഏഷ്യയിൽ ഉണ്ടായിരുന്ന കൈവേലകൾ നഷ്ടപ്പെട്ടു് നശിച്ചു; ഈസ്റ്റിൻഡ്യാക്കാരുടെ കച്ചോടം വൎദ്ധിച്ചു.

ഭജനം മൂത്തു് ഊരാണ്മ ആയി; കച്ചോടം പോയി സാമ്രാജ്യമായി. ഏഷ്യാമതംഗജത്തിൻെറ ആധോ-

രണനായിത്തീൻ യൂറോപ്പ്. ഇൻഡ്യയിൽ ഇംഗ്ലീഷ്കാരും, മദ്ധ്യേഷ്യയിൽ റഷ്യാമഹാസാമ്രാജ്യക്കാരും, ബൎമ്മ, ഇൻഡോചീന, മലയ, ജാവാ, സുമാത്ര, ഫിലിപ്പൈൻ ദ്വീപുകൾ, ബോൎണ്ണിയോ, എന്നീ പ്രദേശങ്ങളിൽ ഓരോ യൂറോപ്യൻ രാജ്യക്കാരും പ്രാബല്യം നേടി. പൎസ്യ പേരിന് സ്വാതന്ത്ര്യമായിരുന്നെങ്കിലും, ഇംഗ്ലീഷ്കാരും റഷ്യന്മാരും മേൽക്കോയ്മ വഹിച്ചു. ദുന്ദുഭിയുടെ കായം പോലെ കിടന്ന ചീനയെ ഓരോരോ അംഗമായി മുറിച്ച് അവർ പങ്കിട്ടു. ജപ്പാൻ മാത്രം നിവൎന്ന് നിന്ന് കണ്ണുരുട്ടി ഭയപ്പെടുത്തി. സയാമിന്റെ ഒരു ഭാഗവും സ്വാതന്ത്ര്യമായി നിലകൊണ്ടു. തുൎക്കിസാമ്രാജ്യം ക്ഷീണിച്ച്, 'ദീനൻ' എന്ന പേരിന് അൎഹത സമ്പാദിച്ചു.

ഏഷ്യ മുഴുക്കെ വിഴുങ്ങിയതുകൊണ്ട് തൃപ്തിപ്പെടാതെ ആഫ്രിക്കാഭൂഖണ്ഡത്തെ യൂറോപ്യർ പിടികൂടി. അവിടെ എതിൎക്കാൻ ആരും ഉണ്ടായിരുന്നില്ല. പങ്കിടുന്നതിന് അവർ തമ്മിൽതല്ലുകയാണ് ഉണ്ടായത്. ഇംഗ്ലീഷ്കാർ നല്ല സ്ഥലങ്ങളെല്ലാം കൈക്കലാക്കി. അധിവാസദേശങ്ങളിൽവെച്ച് നട്ടനായകമായ ഇൻഡ്യയെ കൈവിട്ട് പോകാതെ രക്ഷിക്കാൻവേണ്ടി, അവിടേക്ക് കടക്കാനുള്ള മാൎഗ്ഗദേശങ്ങളെല്ലാം ഇംഗ്ലീഷ്കാർ പിടിച്ചു. അതുകൊണ്ട് ഈജിപ്റ്റിനെ അവർ സ്വാധീനമാക്കി. ൧൮൬൯-ൽ സൂവസ്തോട്ട് തീൎന്നപ്പോൾ, ഈജിപ്റ്റിന്റെ മേൽക്കോയ്മ അവൎക്ക് വളരെ ഉപകരിച്ചു.

വ്യവസായകലാപത്തിന് മൂലമായ യന്ത്രങ്ങളെ പോററാൻ അസംസ്കൃതസാധനം തേടി പുറപ്പെട്ടവർ, സാമ്രാജ്യസമ്പാദനനിരതരായിത്തീൎന്നു. യന്ത്രനിൎമ്മിതസാധനങ്ങളെ വിററഴിക്കാനും അവർ ദേശങ്ങളെ

സ്വാധീനപ്പെടുത്തി. സാധനങ്ങൾ വിററഴിഞ്ഞ ക്രമത്തിനു് വ്യാപാരം വർദ്ധിച്ചു് മുതലാളിത്തത്തിനു് മാഹാത്മ്യം സിദ്ധിച്ചു. ഇങ്ങനെ യന്ത്രങ്ങൾമൂലം ഉണ്ടായ ഫലങ്ങൾ, മുതലാളിത്തവും സാമ്രാജ്യബോധവും ആകുന്നു. പണ്ടും സാമ്രാജ്യബോധം ഉണ്ടായിരുന്നു. പക്ഷേ, അന്നത്തെ സാമ്രാജ്യത്തിനും ഇന്നത്തേതിനും വ്യത്യാസമുണ്ടു്. ഇൻഡ്യയിലും ചീനത്തും റോമായിലും ഉണ്ടായിരുന്ന സാമ്രാട്ടുകൾക്കു് രാജ്യലോഭത്തെക്കാൾ യശസ്സമ്പാദനമായിരുന്നു പ്രധാന ഉദ്ദേശ്യം. ശത്രുക്കളെ കീഴടക്കി കരദന്മാരാക്കണമെന്നു് മാത്രമേ അവർ ആഗ്രഹിച്ചിരുന്നുള്ളു. ശൗര്യമായിരുന്നു അവർക്കു് പ്രധാനം, ധനമല്ല. ഇന്നത്തെ സാമ്രാജ്യബോധം അതല്ല. എത്ര സാധനങ്ങളെ സമ്പാദിക്കയും വിററഴിക്കയും ചെയ്യാമെന്നാണു് ഇന്നത്തെ നോട്ടം. വ്യവസായത്തിന്റേയും വ്യാപാരത്തിൻെറയും സന്താനമാണു് ഇന്നത്തെ സാമ്രാജ്യം. ബൈബിളിനു് പിറകെ കൊടി, കൊടിക്കു് പിറകെ കച്ചോടം, എന്നാണു് ഇന്നത്തെ നയം. ജ്ഞാനവിജ്ഞാനങ്ങളും, മതങ്ങളും, സ്വരാജ്യസ്നേഹവും എല്ലാം മഹായന്ത്രത്തിനും മുതലാളിത്തത്തിനും കീഴ്പ്പെണിഞ്ഞു്, അശക്തരുടെ ധനവും പ്രയത്നവും ശക്തന്മാർ ബലാൽ കൈക്കലാക്കുന്ന പാപത്തിനു് വ്യവസായകലാപം ഉത്തരവാദിയാകുന്നു. സത്യസ്നേഹപ്രചരണവ്യാജേന എല്ലാൻ കയറുന്ന പാതിരിമാർ സ്വരാജ്യക്കാർക്കു് സാമ്രാജ്യം നേടിക്കൊടുക്കാൻ വരുന്ന ദൂതന്മാരായിട്ടാണു് കണ്ടുവരാറുള്ളതു്.

'കലിയുഗത്തിൽ കച്ചോടെ' എന്നുള്ള വചനം വ്യർത്ഥമല്ല. വ്യവസായം ചെയ്യുന്ന പാപത്തിനു് പകരം ചോദിക്കാൻ സമത്വവാദം അചിരേണ ഉദിച്ചു. പത്തൊമ്പതാം ശതാബ്ദത്തിൻെറ ചരിത്രത്തിൽ പ്രത്യ-

ക്ഷീഭവിക്കുന്ന മഹാപഥങ്ങളിൽ ആദ്യത്തേതു് വ്യവസായവും, രണ്ടാമത്തേതു് സാമ്രാജ്യവും, മൂന്നാമത്തേതു് മുതലാളിത്തവും ആകുന്നു. ഓരോന്നും മുമ്പു് മുമ്പു് ഉണ്ടായതിന്റെ സന്താനമണു്. മുതലാളിത്തത്തിനും സന്താനം ഉണ്ടാകാതിരുന്നില്ല. അതാണു് സ്വരാഷ്ട്രബോധം. മുതലാളിത്തത്തിന്റെ സന്താനമായി ഉണ്ടായ സ്വരാഷ്ട്രബോധത്തിനും മുമ്പുണ്ടായിരുന്ന സ്വരാജ്യസ്നേഹത്തിനും തമ്മിലുള്ള വ്യത്യാസം, ഒന്നാമത്തേതിൽ സ്വരാജ്യത്തെക്കുറിച്ചുള്ള പ്രതിപത്തി മാത്രമല്ല അന്യരാജ്യക്കാരെ കെടുത്തണമെന്നുള്ള ഉദ്ദേശ്യവും കൂടി ഉൾപ്പെടുന്നു എന്നുള്ളതാകുന്നു. മററു രാജ്യങ്ങളോടു് ഈർഷ്യമാത്രമല്ല അസൂയയും പുതിയ രാഷ്ട്രീയബോധത്തിൽ അന്തർഭവിച്ചിരിക്കുന്നു. അവനവന്റെ രാജ്യത്തിനു് മാഹാത്മ്യം വർദ്ധിക്കണമെന്നു് മാത്രമല്ല, മററു് രാജ്യങ്ങൾ മുടിയണമെന്നും കൂടി ഉണ്ടായ ദുഷ്ടരാഷ്ട്രത്വം പിണക്കത്തിനു് കാരണമായി. വ്യവസായ മത്സരവും സാമ്രാജ്യമത്സരവും ശണ്ഠകളെ ഇരട്ടിച്ചു. വിയന്നാനഗരത്തിൽ ൧൮൧൫-ൽ ഉണ്ടായ സമതിയിലെ നിശ്ചയപ്രകാരം രാജ്യങ്ങളെ പങ്കിട്ടതും ക്ഷോഭത്തിനു് നിദാനമായി. ആ നിശ്ചയപ്രകാരം പോളണ്ടു് എന്ന രാജ്യം ഇല്ലാതായി; ആസ്റ്റ്രിയാഹംഗേറിയിൽ ഉള്ള പരസ്പരവിരോധികളായ കൂട്ടരെ ഒരു രാജാധികാരത്തിലാക്കി; തുക്കിസാമ്രാജ്യത്തിൽ വിമതസ്ഥരായ ബാല്ക്കൻസിലെ ജനങ്ങളെ ഉൾപ്പെടുത്തി; ഇററലിരാജ്യത്തെ തുണ്ടുതുണ്ടാക്കി, ഏതാനും ഭാഗം ആസ്റ്റ്രിയയോടു് ചേർത്തു. ഇങ്ങനെ കണ്ടമാനം രാജ്യങ്ങളെ അങ്ങുമിങ്ങുമായി തിരിച്ചതു നിമിത്തം, ശണ്ഠയും വഴക്കും ഇല്ലാത്ത സമയം യൂറോപ്പിൽ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. പത്തൊമ്പതാം ശതാബ്ദം പകുതി കഴിഞ്ഞപ്പോൾ, ഇററലി ആസ്റ്റ്രിയരുടേയും

മാപ്പാപ്പയുടേയും പിടിയിൽനിന്നു് വിട്ടു് സ്വതന്ത്രമായി ഏകസംസ്ഥാനമായിത്തീൎന്നു. ജൎമ്മനിയും, അതുപോലെ, പ്രഷ്യയുടെ നേതൃത്വത്തിൽ ഏകശാസനയിലായി. ഫ്രാൻസിന്നു് ഉണ്ടായിരുന്ന ആൽസേസ് എന്നും ലോറൈൻ എന്നുമുള്ള രണ്ടു് ദേശങ്ങളെക്കൂടി ജൎമ്മനി കൈക്കലാക്കി. അതിന്റെ ശേഷം അമ്പതു് കൊല്ലം കഴിഞ്ഞപ്പോഴാണു് ഘോരമഹായുദ്ധമുണ്ടായതു്. തദനന്തരം ആ ദേശങ്ങളെ ഫ്രാൻസുകാർ വീണ്ടെടുത്തു.

വ്യവസായകലാപം മുതലിച്ചതു് ഇംഗ്ലണ്ടിലായിരുന്നതുകൊണ്ടു്, ഇംഗ്ലീഷ്കാൎക്കു് മെച്ചം കിട്ടി. നല്ല രസികൻ നാടുകളെല്ലാം അവൎക്കു് സ്വാധീനമായി. അവയുടെ നടുനായകം ഇൻഡ്യ ആയിരുന്നു. ഭാഗ്യലക്ഷ്മി നൃത്തം ചെയ്യുന്ന ഭാരതഭൂമി ഇംഗ്ലീഷ്കാൎക്കു് അധീനയായതിൽ മററു യൂറോപ്യൻ രാജ്യക്കാൎക്കു് ഉണ്ടായ കണ്ണുകടി ചില്ലറ അല്ലായിരുന്നു. ഉർവ്വരയായ ഭൂമി, സാധുക്കളും പരിഷ്കൃതരുമായ ജനങ്ങൾ, വിഭവസമൃദ്ധി, ഇങ്ങനെ എല്ലാ സമ്പത്തും ഒത്ത നാടു് കൈവശപ്പെട്ടപ്പോൾ, അവിടെ നിന്നു് "പ്രജാനാമേവ ഭൂത്യൎത്ഥം സ താഭ്യോബലിമഗ്രഹീത്" എന്ന പുരാതന നീതിയെവിട്ടു് കിട്ടുന്നിടത്തോളം ധനം പിടുങ്ങിഎടുക്കാൻ വെള്ളക്കാർ തുടങ്ങി. നല്ല കറവപ്പശുവിനെ രാവും പകലും ഊററി കറക്കാൻ തുടങ്ങിയാൽ ക്ഷണം പാൽ വററുമെന്നുള്ളതും കുട്ടി ചത്തു പോകുമെന്നുള്ളതും അനുഭവസിദ്ധമല്ലേ? അതുപോലെ, ഭാരതഭൂമിയുടെ ഐശ്വൎയ്യം ക്ഷയിച്ചു. ഇംഗ്ലണ്ടിലാകട്ടെ, പൊന്നാറു് കവിഞ്ഞൊഴുകി. ഈ ചെഴിപ്പു് കണ്ടു് സഹിക്കാതെ, മററു രാജ്യക്കാർ ദേശങ്ങളെ പിടിച്ചു് കറക്കാൻ തുടങ്ങി. പക്ഷേ, പാൽ കുറവായിട്ടുള്ള ഗോക്കളെ മാത്രമേ അവൎക്കു് ലഭിച്ചുള്ളൂ. ഉള്ളതിൽ ഭേദമായിട്ടുള്ള ഭൂമി ഫ്രഞ്ചുകാൎക്കു് കിട്ടി. ജൎമ്മൻകാരാണു് ഒടുവിൽ ഭൂമി

തേടി പുറപ്പെട്ടതു്. അപ്പോഴേക്കു് മററുള്ളവർ നല്ല സ്ഥലങ്ങളെല്ലാം പിടിച്ചു കഴിഞ്ഞു. അവക്കു് തിരുകിടദേശങ്ങൾ കിടച്ചതേ ഉള്ളു. കിട്ടുന്നതെല്ലാം വിഴുങ്ങാൻ വായും പൊളിച്ചിരുന്ന ഈ യൂറോപ്യൻ രാജ്യക്കാർ തമ്മിൽ മത്സരവും വഴക്കും ഒഴിഞ്ഞുള്ള സമയമുണ്ടായില്ല. ഇംഗ്ലണ്ടിനു് റഷ്യയോടായിരുന്നു എന്നും കിറുകിറുപ്പു്. റഷ്യർ മദ്ധ്യേഷ്യയിൽ കൂടി ഇൻഡ്യാസംസ്ഥാനത്തിൻെറ അതൃത്തിക്കടുത്തുവരുന്തോറും, നിധിപോയെങ്കിലോ എന്നു്, ഇംഗ്ലീഷ്കാക്കു് സംഭ്രമവും ഭയവും അധികമുണ്ടായി. അതുകൊണ്ടു് ഇംഗ്ലീഷ്കാർ റഷ്യരെ കൊമ്പുകുത്തിക്കുവാനും തൊപ്പി ഇടുവിക്കാനും തക്കം നോക്കി ഇരുന്നു. അപ്പോൾ റഷ്യർ തുരുഷ്കരോടു് പിണങ്ങി, അവരെ തോല്പിച്ചു്, കാൺസ്റ്റാൻറിനോപ്പിൾ നഗരം കൈക്കലാക്കാൻ ഒരുങ്ങിയ തരം കണ്ടു്, ഇംഗ്ലീഷ്കാർ തുക്കിയെ സഹായിച്ചു. ഇങ്ങനെ ചെയ്തതു് തുക്കിയോടുള്ള സ്നേഹം കൊണ്ടല്ല; റഷ്യർ ഇൻഡ്യയിൽ കടക്കാതെ അകററാൻ വേണ്ടി മാത്രമായിരുന്നു. ൧൮൫൪ മുതൽ ൧൮൫൬ വരെ നടന്ന ക്രിമിയൻ യുദ്ധത്തിൽ റഷ്യരെ ഇംഗ്ലീഷ്കാർ തോല്പിച്ചു.

പത്തൊമ്പതാം ശതവഷത്തിൻെറ ഏകദേശം മദ്ധ്യാഹ്നം കഴിഞ്ഞപ്പോഴേക്കു്, ജമ്മനിയും ഫ്രാൻസും, അമേരിക്കൻ ഐക്യസംസ്ഥാനങ്ങളും, വ്യവസായമത്സരത്തിൽ മുന്നോട്ടു് ചാടി മിക്കവാറും ഇംഗ്ലണ്ടിൻെറ ഒപ്പത്തിനു് വന്നെത്തി. കുറച്ചുകൂടി കഴിഞ്ഞു് ശതവഷാന്ത്യമായപ്പോഴേക്കു്, അവർ ഇംഗ്ലണ്ടിനെ അതിക്രമിച്ചു. ഇവരുടെ എല്ലാവരുടേയും ദുരാഗ്രഹം സാധിപ്പിക്കാൻ ഭൂമി ഇല്ലെന്നായി. ചെന്നായും പുലിയും കടുവായുംപോലെ തമ്മിൽ തമ്മിൽ പല്ലിളിച്ചു് കാണിച്ചും കണ്ണുരുട്ടിയും, എന്നാൽ പരസ്പരം ഭയപ്പെ-

ട്ടും, അസൂയപ്പെട്ടും, ഈ രാജ്യക്കാർ നിലയായി. ഓരോരുത്തരും മററുള്ളവരെ ഹിംസിക്കാൻ ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. പട്ടാളങ്ങളെ വദ്ധിപ്പിക്ക, പോർക്കപ്പലുകളെ ധാരാളമായി പണിയുക, തോട്ടകളും ഉണ്ടകളും, വലിയതോക്കുകളും, മററുള്ള സമരസ്സാധനങ്ങളും ശേഖരിക്ക, എന്നുള്ളതിൽ ഉദ്യുക്തരായിത്തീൎന്നു യൂറോപ്യൻ വൻരാജ്യക്കാർ. കച്ചോടവും വ്യവസായവും ഇങ്ങനെ സമരസന്നാഹമത്സരത്തിൽ കലാശിച്ചു. പുതിയ ശാസ്ത്രജ്ഞാനം സൃഷ്ടിക്ക് പകരം സംഹാരത്തിനുള്ള നവീനോപകരണങ്ങളെ ഉണ്ടാക്കാൻ ദുർവിനിയുക്തമായി. യൂറോപ്പ് മഹാഖണ്ഡം ഒരു പോക്കളത്തെ വിഡംബനം ചെയ്തു. മത്സരം മൂത്തു് കഴിഞ്ഞപ്പോൾ, യൂറോപ്യൻ രാജ്യക്കാർ രണ്ടു് പ്രധാനകക്ഷികളായി തിരിഞ്ഞു. ഒരു കക്ഷിയുടെ പ്രമാണി ഫ്രാൻസും, എതിർകക്ഷിയുടെ പ്രമാണി ജമ്മനിയും. ഇംഗ്ലീഷ്കാർ ഫ്രാൻസുകാരെ ഉള്ളോടെ സഹായിച്ചു. ഇപ്രകാരം രണ്ടു് കക്ഷിയായി പിരിഞ്ഞപ്പോൾ, ദുഷ്ടരാഷ്ട്രത്വവും വർഗ്ഗീയത്വവും മൂദ്ധന്യത്തിലെത്തി. സ്വരാജ്യസ്നേഹത്തിൻെറ ഉത്തമധമ്മം പരദൂഷണമായി. അയൽക്കാരനെ കൊല്ലുന്നതാണു് സ്വഗൃഹസ്നേഹമെന്നു് വന്നു. അഹോ! പരിഷ്കാരത്തിൻെറ തലകീഴായുള്ള ഗതി! പത്തൊമ്പതാം നൂററാണ്ടിൻെറ ഒടുവിൽ യൂറോപ്പു് പുതിയ ഒരു കുരുക്ഷേത്രത്തിൻെറ അവസ്ഥയെ പ്രാപിച്ചു.

കഷ്ടമേ! പുതിയ സംവിധാനങ്ങളുടെ സഹായം നിമിത്തം കുറെക്കൂടി അടുപ്പവും ചെങ്ങാത്തവും വരാനുള്ളതിനു പകരം, രാജ്യങ്ങൾക്കു് തമ്മിൽ കലഹവും മത്സരവും ഉദിച്ചുവല്ലോ! യൂറോപ്യന്മാർ കാണിക്കുന്നതു് കണ്ടു് ഭ്രമിച്ചു് പൗരസ്ത്യരും ദുഷ്ടവർഗ്ഗീയത്വം പ്രകടിപ്പിക്കാൻ തുടങ്ങിയതാണു് അതിലേറെ കഷ്ടം. ഒരു

വ്യത്യാസം ഉണ്ടായിരുന്നു. വൎഗ്ഗവിരോധം തങ്ങളിലു-ണ്ടായതിനെക്കാരം പൗരസ്ത്യനാട്ടിൽ സ്വദേശികളും പരദേശികളും തമ്മിലായിരുന്നു. അന്യദേശീയർ നമ്മുടെ നാട്ടിലെ ആധിപത്യം വഹിക്കുന്നതിലും അവർ തന്നാട്ടുകാരെ പിച്ചിപ്പിടുങ്ങുന്നതിലുമായിരുന്നു പൗരസ്ത്യവൎഗ്ഗവിദ്വേഷം വെളിവായതു്. പണ്ടത്തെ ഇറയിലി ഏൎപ്പാടിൽ ഉരപ്പെട്ടിരുന്ന മഹാജന്മികരം വിദേശീയാധിപത്യത്തെ എതിൎത്തതു് നിഷ്പ്രയോജനമായിത്തീൎന്നപ്പോരം ഉദിച്ച ഈ വൎഗ്ഗീയത്വത്തിൽ, ആദ്യം അല്പം മതവിദ്വേഷലാഞ്ഛനയും ചേൎന്നിരുന്നെങ്കിലും, ക്രമേണ ആ ചായം വെളുത്തു് യൂറോപ്യന്മാരുടേതുപോലെതന്നെ ആയിത്തീൎന്നു. വിദേശീയാധിപത്യം ഉണ്ടാവാത്ത ജപ്പാനിൽ, ജന്മിത്വത്തോടു കൂടിയുള്ള സങ്കരത്താൽ, വൎഗ്ഗീയത്വം ഒരു നവീന പ്രസ്ഥാനത്തെ വെളിപ്പെടുത്തി. അതിന്റെ കെട്ടുപാടുകൊണ്ടാണു് കൊച്ചു ജപ്പാൻ മഹത്തായ റഷ്യാസാമ്രാജ്യത്തെ, പത്തൊമ്പതാം നൂററാണ്ടു് കഴിഞ്ഞ ഉടനെ, തോല്പിച്ചതു്. ജപ്പാന്റെ വിജയം ഏഷ്യയെ ആസകലം അത്ഭുതപ്പെടുത്തി. യൂറോപ്യന്മാരുടെ സൈന്യബലവും യന്ത്രബലവും കണ്ടു് മതിമയങ്ങിയിരുന്ന ഏഷ്യാക്കാർ, യൂറോപ്യരെ അപ്രധൃഷ്യരായി കരുതിയിരുന്നതുപോയിട്ടു്, അവരെ ഒരു ചെറിയ ഏഷ്യാരാജ്യക്കാർ തോല്പിച്ചു എന്നു വന്നതു്, അവൎക്കു് അഭിമാനത്തിന്നും ഹേതുവായി. വിദേശീയരോടുള്ള വിരോധം തന്നിമിത്തം ഒന്നുകൂടി ഉറച്ചു. അതിനതിനു പാശ്ചാത്യർ സാമ്രാജ്യശക്തിയെ പ്രകടിപ്പിച്ചു. ഏഷ്യ ഒട്ടുക്കു് അറബികളും, മംഗോളിയരും, ഹിന്ദുക്കളും, ചീനരും, ജാപ്പുകളും, വൎഗ്ഗീയോദ്യമങ്ങരം തുടങ്ങി, യൂറോപ്യരെ വൎജ്ജിച്ചു. ആ ഉദ്യമങ്ങളിൽ ഒന്നായിട്ടാണു് ഇൻഡ്യയിൽ "നാഷണൽകാൺഗ്രസ്സ്" ജനിച്ചതു്. ഒരുകാലത്തു്

ഏഷ്യ യൂറോപ്പിനെ കീഴടക്കി; കുറെ കഴിഞ്ഞപ്പോൾ യൂറോപ്പ് ഏഷ്യയെ അടിമപ്പെടുത്തി; പിന്നെയും ഇതാ! ഏഷ്യ യൂറോപ്പിൻെറ നേരേ കണ്ണുരുട്ടി തുടങ്ങിയിരിക്കുന്നു. "ചക്രാരപംക്തിരിവ ഗച്ഛതി ഭാഗ്യപംക്തിഃ".

---

## അറുപത്തിഏഴാം അദ്ധ്യായം

---

### വ്യവസായാഭിവൃദ്ധിയും സമത്വവാദവും.

മഹായന്ത്രാവിർഭാവംനിമിത്തം പാശ്ചാത്യരാജ്യങ്ങളിൽ പത്തൊമ്പതാം നൂററാണ്ടിൽ ഉണ്ടായ വലുതായ മാററങ്ങളും അതിൻെറ ഫലങ്ങളും കഴിഞ്ഞ അദ്ധ്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. യൂറോപ്പിൻെറ പാശ്ചാത്യഭാഗങ്ങളിൽ വ്യവസായാഭിവൃദ്ധി ഉണ്ടാവാൻ പ്രധാനകാരണം അവിടെ കല്ക്കരിയും ഇരുമ്പും ഉണ്ടായിരുന്നതാകുന്നു. വലിയ യന്ത്രങ്ങളെ ഓടിക്കുന്നതിന് ഇതു രണ്ടും ഒഴിച്ചുകൂടാത്തവയാകുന്നു. വ്യവസായാഭിവൃദ്ധികൊണ്ടു് ഉണ്ടായ മുതലാളിത്തവും സാമ്രാജ്യത്വവും രാഷ്ട്രീയത്വവും ഗുണത്തെക്കാൾ പല ദോഷങ്ങളെയും സൃഷ്ടിച്ച വിവരവും പറഞ്ഞു കഴിഞ്ഞല്ലോ. ഇംഗ്ലീഷ്കാരുമത്സരത്തിൽ മുതൽപ്പന്തി പിടിക്കാൻ സംഗതിയായതിൽ മററുള്ള യൂറോപ്യൻ രാജ്യക്കാർക്ക്, വിശിഷ്യ ജർമ്മനിക്ക്, അസൂയ ഉണ്ടായി, എന്നും കലഹിച്ചിരുന്ന കഥയും നമുക്ക് മനസ്സിലായിട്ടുണ്ട്. മത്സരം മൂത്തു് ശണ്ഠയാകുന്നതും, വമ്പൻ എളിയവൻ്റെ ചാറു വാങ്ങുന്നതും, വ്യാവസായികസമ്പന്നതയിൽ നിന്നു് ഒഴിച്ചുകൂടാത്തതാണു്. പൗരസ്ത്യരാജ്യങ്ങളിൽ

സാമ്രാജ്യം നേടിയ പാശ്ചാത്യർ, അവിടത്തെ ജനങ്ങളിൽ നിന്നു കഴിവുള്ളിടത്തോളം മുതൽ ഊറ്റി എടുത്തു സ്വരാഷ്ട്രങ്ങളെ പൊലിപ്പിച്ചതു ഹേതുവായിട്ട് സാമ്രാജ്യവും രാഷ്ട്രതവും പൌരസ്ത്യൎക്ക് വെറുത്തു.

എങ്കിലും, വ്യവസായവൎദ്ധനകൊണ്ടു് ചില ഗുണങ്ങൾ ഉണ്ടാകാതിരുന്നില്ല. മഹായന്ത്രങ്ങളെ പ്രവൎത്തിപ്പിക്കണമെങ്കിൽ വലുതായ ഒരു സംഘടന കൂടാതെ സാധിക്കയില്ല. സംഘടനയുടെയും പരസ്പരസഹായത്തിൻെറയും വിലയും ശക്തിയും നമുക്ക് മനസ്സിലായി എന്നൊരു ഗുണം. രണ്ടാമതു്, സമയക്ലിപ്തികൊണ്ടുള്ള സാധകശക്തി വെളിവായി. റയിൽ മുതലായ വാഹനങ്ങൾ ഓടിക്കുന്നതിലും, വലിയ യന്ത്രങ്ങൾ നടത്തുന്നതിലും കൃത്യമായ സമയം ദീക്ഷിക്കാത്തപക്ഷം വലുതായ ആപത്തുകളും നഷ്ടങ്ങളും പററുമെന്നു് തിട്ടമാണല്ലോ. യൂറോപ്യന്മാൎക്ക് എല്ലാം കണിശമാണു്, നാട്ടുകാൎക്ക് അതില്ല, എന്നു പറയാൻ ഇടവന്നതു്, അവർ വ്യവസായികളായും, നാം കേവലം കൃഷിക്കാരായും ഉപജീവിക്കുന്നതുകൊണ്ടാകുന്നു. കൃഷിക്കും സമയം നോക്കണം. പക്ഷേ, ഋതുഭേദങ്ങളെ ആശ്രയിച്ച് കാലം മാറിപ്പോകുന്നു. മഴ പെയ്തില്ലെങ്കിൽ കൃഷി അമാന്തമായി. പ്രകൃതിയുടെ മാററങ്ങളെ നമുക്ക് നിയന്ത്രിക്കാവതല്ല. അങ്ങനെയല്ല, മനുഷ്യസൃഷ്ടങ്ങളായ യന്ത്രങ്ങൾ. അവയെ നമ്മുടെ ചൊല്പടിക്കു നടത്താം. അപ്പോൾ അവയ്ക്കു് സമയത്തിനു തിട്ടമുണ്ടു്.

മറെറാരു ഗുണം യന്ത്രവ്യവസായാഭിവൃദ്ധികൊണ്ടു് ഉണ്ടായതു് എന്തെന്നാൽ, സാധനസൗലഭ്യം കൊണ്ടു് ധനം ധാരാളം ഉണ്ടാക്കാമെന്നു് മനസ്സിലായതാകുന്നു. പണ്ടു് രസവാദികളും ജാലവിദ്യക്കാരും എന്തും പൊന്നാക്കാമെന്നു് ആളുകളെ വിശ്വസിപ്പിച്ച് കബളിപ്പിച്ചു. ഇന്നാകട്ടെ, മഹായന്ത്രങ്ങൾ ആ വിശ്വാസത്തെ

യഥാൎത്ഥമാക്കിയിരിക്കുന്നു; ഏതു സാധനത്തിനും വില-വരുത്തി ധനസമ്പാദനത്തിനു് പുതുവഴി നൽകിയിരിക്കുന്നു. പണ്ടുള്ളവർ ഉണ്ണാനും ഉടുക്കാനും അരിഷ്ടിച്ചിരുന്നതു് പോയിട്ടു്, ഇന്നു് ഭക്ഷണസാധനങ്ങളും തുണിയും ചെഴിച്ചിരിക്കുന്നു. ലോകത്തിലുള്ള ജനങ്ങൾക്കു് വേണ്ടുവോളം സാധനങ്ങൾ ഇന്നു് ഉണ്ടാകുന്നുണ്ടു്. അതിനാൽ സാധനങ്ങൾ കുറവായിപ്പോയിട്ടുള്ള ദാരിദ്ര്യം ആരും അനുഭവിക്കേണ്ടതില്ല.

എന്നാൽ സത്യത്തിൽ ദരിദ്രന്മാർ ഇന്നു് കൂടുതലാണു്. അതിനുള്ള കാരണം മറെറാന്നുമല്ല. യന്ത്രങ്ങൾ സാധനങ്ങൾ ഉണ്ടാക്കിവിടാൻ മാത്രമേ ഉപകരിക്കുന്നുള്ളു. വിനിയോഗത്തിനു് അവയ്ക്കു് കെല്പില്ല. യന്ത്രങ്ങൾ നിൎമ്മിക്കുന്നതെല്ലാം പൊതുവെ വിതരണം ചെയ്തിരുന്നെങ്കിൽ ദാരിദ്ര്യം അസ്തമിക്കുമായിരുന്നു. അങ്ങനെയല്ല നടക്കുന്നതു്. യന്ത്രനിൎമ്മിതസാധനങ്ങൾ ഏതാനും മുതലാളികളുടെ പക്കൽ തങ്ങുന്നു. അവർ കൂടുതൽ ലാഭം കിട്ടുംപോലെ വിററഴിക്കുന്നു. ഈ ലാഭം വാസ്തവത്തിൽ എവിടെ നിന്നു് ഉണ്ടാകുന്നു? വാങ്ങുന്ന ജനങ്ങളിൽ നിന്നു്. അപ്പോൾ എന്തു് വരുന്നു? ധനികൎക്കല്ലാതെ സാധുക്കൾക്കു് ആവശ്യമുള്ള സാധനം കിട്ടുന്നില്ല. സാധുക്കൾക്കു് മൂക്കററം വില കൊടുത്തു വാങ്ങാനുള്ള കെല്പില്ല. ഇങ്ങനെ സാധനനിൎമ്മാണം ധാരാളമായിരുന്നിട്ടും, സാധുക്കൾ വൎദ്ധിച്ചു വരുന്നതല്ലാതെ കുറയുന്നില്ല.

സാധനങ്ങളുടെ നിൎമ്മാണവിതരണങ്ങൾക്കുള്ള പൊരുത്തക്കേടു് നിമിത്തം, ചുരുക്കം പേർ മുതലാളികളും, അധികം പേർ ദരിദ്രരുമായി, സമുദായം വേർതിരിയുന്നു. മുതലാളികൾ കുശാലായി സമ്പത്സമൃദ്ധിയോടെ കഴിയുന്നു. ദരിദ്രർ പട്ടിണി കിടന്നു വലയുന്നു. എന്നാൽ ഈ ദരിദ്രരുടെ വേലകൊണ്ടാണു് മുതലാളി-

കൾ മാളികയേറി സുഖിക്കുന്നതെന്നു് ആരറിയുന്നു? യന്ത്രത്തൊഴിലില്ലാത്ത രാജ്യങ്ങളിലെ വിഭവങ്ങളെല്ലാം യന്ത്രവ്യവസായാഭിവൃദ്ധങ്ങളായ രാജ്യങ്ങൾ കൈക്കലാക്കി കൊണ്ടുപോകയാണു്. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള സ്വത്തെല്ലാം യൂറോപ്പിലും അമേരിക്കയിലും പോയിട്ടാണു് അവിടെയുള്ളവർ കേമന്മാരും മററുള്ളവർ എളിയവരുമായി തീൎന്നിരിക്കുന്നതു്.

പണ്ടു് കൃഷികവൃത്തി മാത്രം തൊഴിലായിരുന്നപ്പോൾ, മേലാവിലുള്ളവരും കീഴിലുള്ളവരുമായി ഇത്ര വലിയ അന്തരം ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല, കൃഷിക്കാരനു് യജമാനനോടു് വലിയ സ്വൎദ്ധയ്ക്കും കാരണമുണ്ടായിരുന്നില്ല. എന്തെന്നാൽ വിളയുന്നതും വിളയാത്തതും വേലയുടെ കുററം മാത്രം കൊണ്ടല്ല, കാലത്തിന്റെ വ്യത്യാസം കൊണ്ടുമാണു്. ധാരാളം ഉണ്ടായാൽ കൃഷിക്കാരനും പങ്കു കിട്ടുമായിരുന്നു. കിട്ടാത്തതു് യജമാനന്റെ ദൗഷ്ട്യം കൊണ്ടല്ല, കാലഗതികൊണ്ടാണെന്നു്, അവൻ സമാധാനപ്പെട്ടു. യന്ത്രശാലകളിലെ വേലക്കാൎക്കു് ആ സമാധാനം വരാൻ തരമില്ല. അവർ പണി എടുത്തിട്ടാണു് സാധനങ്ങൾ ധാരാളം ഉണ്ടാകുന്നതു് എന്നു് അവർ സൎവ്വദാ കാണുന്നുണ്ടു്. ആ സാധനങ്ങൾ ലാഭത്തിനു് വിററിട്ടു് മുതലാളിമാർ അനവധി ധനം നേടുന്നുണ്ടെന്നും അവൎക്കു് പ്രത്യക്ഷമാണു്. ഈ വലുതായ ലാഭത്തിൽ ഒരു കാശു പോലും അവൎക്കു് കിട്ടുന്നില്ല. അവരുടെ വേലകൊണ്ടു് ഉണ്ടാകുന്ന ധനവും സുഖവും അന്യൎക്കു് എന്നുവരുമ്പോൾ, അവൎക്കു് കുണ്ഠിതവും അസംതൃപ്തിയും ഉണ്ടാകാതെ വരുന്നതെങ്ങനെ? കാലാവസ്ഥയുടെയൊ ദൈവാനുകൂല്യത്തിൻെറയൊ കുറവുകൊണ്ടാണെന്നു് കരുതാൻ അവൎക്കു് യാതൊരു കാരണവുമില്ല. ഇങ്ങനെ യന്ത്രശാലകളിൽ പണിയെടുത്തിരുന്ന പരസ്സഹസ്രം വേലക്കാൎക്കു് സങ്കടം

തോന്നി. അവർ ഒന്നിച്ച് സംഘം ചേൎന്നു. അപ്പോൾ തൊഴിലാളിസംഘം എന്നൊരു പുതിയ ജനസമുദായം ഉത്ഭവിച്ചു. അവർ മുതലാളിമാരോട്ട് എതിരിട്ടു.

സമ്പത്തും ആൾസ്വാധീനവും അധികാരബലവും കൊണ്ടു് മുതലാളിമാർ തൊഴിലാളികളെ കീഴ്പെടുത്തി. ഗവൎമ്മെൻറും മുതലാളിമാരുടെ ആൾക്കാരായിരുന്നതുകൊണ്ടു്, അവരുടെ കയ്യ തന്നെ മേലിട്ടു് നിന്നു. തൊഴിലാളികളിൽ അതുകൊണ്ടു് ക്ഷോഭം ഉണ്ടായി. ആദ്യം അവ നിസ്സാരങ്ങളായി തള്ളപ്പെട്ടു. ക്രമേണ ഗുഢമായി തൊഴിലാളികൾ സംഘം ചേൎന്നു. അവയെ മുതലാളിമാർ പിരിച്ചുവിട്ടു. അത്രയുംകൊണ്ടു് പ്രക്ഷോഭണം ശമിച്ചില്ല. എത്രകാലം അവൎക്കു പട്ടിണി കിടക്കാം? തൊഴിലാളികൾ സംഘങ്ങൾ കൂടി. ഒരു തൊഴിലിലുള്ളവർ മാത്രമല്ല എല്ലാ തൊഴിലിലുമുള്ളവർ ആ സംഘങ്ങളിൽ ചേൎന്നപ്പോൾ, അവയുടെ ശക്തി വൎദ്ധിച്ചു. സംയുക്തസംഘങ്ങൾ ഒരു പ്രത്യേക ജാതിപോലെ വേർതിരിഞ്ഞു. ഒരു രാജ്യത്തു മാത്രമുള്ളവരല്ല, എല്ലാ രാജ്യങ്ങളിലുമുള്ള തൊഴിലാളികളും സംയുക്തസംഘങ്ങളിൽ ചേൎന്നു. 'ലോകത്തിലുള്ള വേലക്കാരെല്ലാം ഒരുമിച്ചു ചേരുവിൻ' എന്നായി അവരുടെ പോർവിളി. വിവിധരാജ്യങ്ങളിലുമുള്ള വേലക്കാർ യോജിച്ചപ്പോൾ, അവൎക്കു് എന്തെന്നില്ലാത്ത ശക്തിയേറി. അതുപോലെ മുതലാളികളും കൈകോൎത്തു. ഇങ്ങനെ മുതലാളിത്തവും തൊഴിലാളിത്തവും തമ്മിൽ, കീരിയും പാമ്പും പോലെ, ശത്രുക്കളായി. സാമ്രാജ്യബോധവും വൎഗ്ഗീയരാഷ്ട്രബോധവും, മുതലാളിത്തവും തൊഴിലാളിത്തവും, ധനവും ദാരിദ്ര്യവും, എല്ലാം തമ്മിൽ ഉണ്ടായ കലഹം പത്തൊമ്പതാംശതവൎഷത്തെ കശ്മലമാക്കി.

നെപ്പോളിയൻെറ അധഃപതനത്തോടുകൂടി യൂറോപ്പിലുണ്ടായിരുന്ന പ്രജാപ്രാമാണ്യബോധം നിശ്ശേഷം നശിച്ചു. ജനസ്വാതന്ത്ര്യം അസ്തപ്രായമായി. ഇംഗ്ലണ്ടിൽ മാത്രം പേരിന് പ്രജകൾക്ക് ഭരണാധികാരം ഉണ്ടെന്ന് വെച്ചിരുന്നു. സത്യത്തിൽ അവിടെയും ധനികന്മാരും പ്രഭുക്കളും തന്നെയാണ് ഭരണം നടത്തിവന്നതു്. എങ്കിലും, പരന്തിരീസ് വിപ്ലവത്തിൽ വിതച്ച സ്വാതന്ത്ര്യവിത്തു് അമേരിക്കൻ വിപ്ലവത്തിൽ നനഞ്ഞു് കരിയാതെ കിടന്നിരുന്നു. ക്രമേണ അതു് മുളച്ചുവന്നു് രാജ്യഭരണമീമാംസകരുടെ ദൃഷ്ടിക്ക് പാത്രമായി. മുതലാളികളും തൊഴിലാളികളും, ജനങ്ങളും അധികാരികളും, തങ്ങളിലുണ്ടായ മത്സരത്തിന് അതൊരു സിദ്ധൌഷധമാണെന്ന് അവക്ക് തോന്നി. അപ്പോൾ പ്രജാപ്രതിധിധിമൂലമായ ഭരണം പ്രമാണമായി. പ്രജാപ്രതിനിധിഭരണത്തിൻെറ മൂലതത്വം പ്രജകൾക്കെല്ലാം സാമുദായികമായും രാഷ്ട്രീയമായുമുള്ള സമത്വമുണ്ടെന്നാകുന്നു. ജനങ്ങൾ വാസ്തവത്തിൽ ഒപ്പമല്ലല്ലോ. ചിലർ ബുദ്ധിമാന്മാരും, ചിലർ ധനികന്മാരും, ചിലർ സ്വാൎത്ഥബുദ്ധികളും, ചിലർ പരോപകാരികളും, ഇങ്ങനെ പല വിധേന വ്യത്യാസമുള്ളവരായിരിക്കുമ്പോൾ, എങ്ങനെ അവക്ക് സമത്വം കല്പിക്കാം? അതിന് സമാധാനം, പ്രജാത്വം എല്ലാവൎക്കും സമാനമാണു്, എന്നുള്ളതാകുന്നു. പ്രജാസമത്വത്തെ സ്ഥിരീകരിക്കാൻ എല്ലാവൎക്കും വോട്ടവകാശം, അതായതു സമ്മതിദാനാവകാശം, ഒരുപോലെ കൊടുക്കുന്നതു് നല്ലൊരു ഉപായമായിത്തീൎന്നു. സൎവ്വപ്രജകൾക്കും സമ്മതിദാനാവകാശം സിദ്ധിക്കുമ്പോൾ അവരുടെ സമത്വം സ്ഥിരീകൃതമാകുമല്ലൊ. ഇങ്ങനെ എല്ലാവൎക്കും ഒരുപോലെ വോട്ടവകാശം കൊടുക്കുന്നതിൽ പലരും വിസമ്മതക്കാരുണ്ടായിരുന്നു. പാർല്ലി-

മെന്റിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടവകാശം സർവസാധാരണമാക്കാൻ വളരെ വഴക്കുംപുക്കാറും ഇംഗ്ലണ്ടിൽ ഉണ്ടായി. മററു രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധങ്ങൾ പോലും നടന്നു. എങ്കിലും, ക്രമേണ എല്ലാവരും അതിൻെറ ന്യായം കൈക്കൊണ്ടു. പാശ്ചാത്യരാജ്യങ്ങളിലും അമേരിക്കയിലും സർവജനസമ്മതിദാനാവകാശത്തെ അടിസ്ഥാനപ്പെടുത്തിയ പ്രജായത്തഭരണസമ്പ്രദായം ഏർപ്പെട്ടു. പത്തൊമ്പതാം നൂററാണ്ടിലുണ്ടായ ഒരു വൻകാര്യം ഈ പ്രജായത്തഭരണനയമാണെന്നു് പറയാം.

പുതുമോടിയിൽ എല്ലാവരും അതു് കണ്ടു് ഭ്രമിച്ചു. കുറെ കഴിഞ്ഞപ്പോൾ, വോട്ടവകാശം കിട്ടിയതുകൊണ്ടു് വയറു നിറയുകയില്ലെന്നു് ആളുകൾ കണ്ടു. ദുസ്സ്വാതന്ത്ര്യത്തെയും സ്വേച്ഛാധികാരത്തെയും നശിപ്പിക്കുന്നതിനു് രാഷ്ട്രീയമായ ഈ സമ്മതിദാനാവകാശം മറുമരുന്നായതല്ലാതെ, വ്യവസായ സംബന്ധമായ അസമത്വത്തേയോ ദാരിദ്ര്യത്തേയോ പരിഹരിക്കുന്നതിനു് അതിനു് ശക്തിയില്ലെന്നു് ബോധം വന്നുതുടങ്ങി. എല്ലാ പ്രാണികൾക്കും ആത്മരക്ഷയ്ക്കുള്ള വാസന പ്രകൃത്യാ ഉള്ളതുകൊണ്ടു്, അവനവന്റെ ഇഷ്ടംപോലെ വ്യാപരിക്കാൻ സ്വാതന്ത്ര്യമുള്ളപക്ഷം, എല്ലാവരും ക്ഷേമമാർഗ്ഗം നേടിക്കൊള്ളും എന്നുള്ള ബോധം അയഥാർത്ഥമാണെന്നും, സമ്മതിദാനാവകാശസ്വാതന്ത്ര്യം ഏട്ടിൽ കണ്ടതുകൊണ്ടു് യഥാർത്ഥമായ സ്വാതന്ത്ര്യമോ ഗുണമോ ഇല്ലെന്നും, കൂലിവേലക്കാർ ചട്ടപ്രകാരം സ്വതന്ത്രരാണെങ്കിലും കാര്യത്തിൽ കേവലം ദാസന്മാർ തന്നെയാണെന്നും, ബോധം വന്നപ്പോൾ, സമ്മതിദാനാവകാശനിഷ്ഠമായ പ്രജാഭരണതന്ത്രത്തെപ്പററി ആദ്യം ഉണ്ടായ കൗതുകം നിലച്ചു. ജനങ്ങളുടെ കഷ്ടത തീർക്കാൻ അതു് സാധകമല്ലെന്നു് ബോധം വന്നു.

യന്ത്രവ്യവസായംമൂലമുണ്ടായ മുതലാളിത്തത്തിന് ഒരു പ്രധാന ന്യൂനത, വേലക്കാക്ക് കൂലി തുച്ഛവും, വേല ചെയ്യാതെ മേലാവിലിരിക്കുന്നവക്ക് ലാഭം അധികവും കിട്ടിവന്നതാകുന്നു. പണി എടുക്കുന്നതു് ഒരാൾ, ഫലം നേടുന്നതു് മററൊരാൾ, എന്നു് വന്നു. അപ്പോൾ വേലക്കാരെല്ലാം ദരിദ്രരും, വെറുതെ ഇരിക്കുന്നവർ ധനികന്മാരുമായി. രണ്ടാമത്തെ കൂട്ടർ ആദ്യത്തെ കൂട്ടരുടെ രക്തം മുഴുക്കെ ഉറുഞ്ചി എടുത്തു് വമ്പത്തം നേടി. പണ്ടു് ജന്മികളും ഇങ്ങനെ തന്നെയാണു് വലുതായതു്. കുടിയാന്മാരുടെ പ്രയത്നത്തിന്റെ ഫലം കൊണ്ടാണു് കേമത്തം ജന്മികൾക്കു സിദ്ധിച്ചതു്. പ്രയത്നവും ഫലവും തമ്മിലുള്ള ഈ വേർപാടു് അസഹ്യമായി തോന്നിയപ്പോഴാണു് സമത്വവാദം (Socialism) പുറപ്പെട്ടതു്. മുതലാളിത്തത്തിന്റെ സന്താനമായ സമത്വവാദം തന്തയെതല്ലിയായി വളന്നു. കുററമല്ല ഇന്നു പുത്രൻ പിതാവിൻെറ തലയിൽ കയറുന്നതു്! ഇംഗ്ലണ്ടിൽ സമത്വവാദത്തിനു് അത്ര പ്രാബല്യം വന്നില്ല. ഫ്രാൻസിലും ജമ്മനിയിലും അതു കലഹകാരണമായി. അമേരിക്കൻ ഐക്യനാടുകളിൽ, ആൾ ഞെരുക്കമില്ലായ്കയാലും, ധാരാളം ഭൂമി കൃഷിക്കു് ഉണ്ടായിരുന്നതിനാലും, സമത്വവാദത്തിൻെറ ബഹളങ്ങൾക്കു് പ്രസക്തി കുറവായിരുന്നു.

സമത്വവാദത്തിൻെറ കൂടസ്ഥപുരുഷനായ കാറൽ മാക്സ് എന്ന ആൾ പത്തൊമ്പതാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ജമ്മനിയിൽ ജനിച്ചു. സ്ഥിതിസമത്വവാദ (Communism) ത്തിൻെറ പിതൃസ്ഥാനം അയാൾ വഹിച്ചു: നല്ല ശാസ്ത്രജ്ഞനും തത്വദശിയുമായിരുന്ന അയാൾ ലോകത്തിൻെറ സുസ്ഥിതിയെപ്പററി ചിന്തിക്കുന്നതു മാത്രമല്ല, അതിനെ ഭേദിപ്പിക്കുന്നതിനുള്ള മാഗ്ഗങ്ങളും തത്വചിന്തകൻെറ കൃത്യമാകുന്നു എന്നു്

ഉപന്യസിച്ചു. എൻഗൽസ് എന്ന വിദ്വാനും അയാ-ളോടുകൂടി ചേൻ്നു. 'കാപ്പിററൽ' (മൂലസ്വത്ത്) എന്നു പേരായ ഒരു പുസ്തകം അയാൾ പരസ്യപ്പെടുത്തി. സകലലോകസംഭവങ്ങളും ധനത്തിൻെറ കൂടുതൽകുറവു കൊണ്ടു് ഉണ്ടായിട്ടുള്ളതാണെന്നും മററും പ്രതിപാദിച്ചു് ലോകചരിത്രം മുഴുക്കെ ധനപ്രാമാണ്യദൃഷ്ട്യാ മാററി എഴുതി. ധനം ഒന്നുപോലെ എല്ലായിടത്തും എല്ലാ-വക്കും ഒരുപോലെ നിരക്കുന്ന പക്ഷം, ലോകത്തിൽ ഉത്തമമായ ക്ഷേമം വരുമെന്നു് അയാൾ ഉപന്യ-സിച്ചു. മാക്ക്സിൻെറ ഈ ഗ്രന്ഥം റഷ്യയിൽ സ്ഥിതി-സമത്വവാദത്തിൻെറ വേദഗ്രന്ഥമായി തീൻ്നിരിക്കുന്നു. ആൾ കേമനും വിദ്വാനും സൂക്ഷ്മജ്ഞനുമായിരുന്നു. അയാളുടെ മതം ഇന്നു് ലോകമൊട്ടുക്കു് പരന്നിട്ടുണ്ടു്.

സ്ഥിതിസമത്വവാദപ്രകാരം ഒരുവനും സ്വന്ത-സമ്പാദ്യം പാടില്ലെന്നും, എല്ലാവരുടെ പ്രയത്നവും പൊതുക്ഷേമത്തിനു് വേണ്ടിയാകകൊണ്ടു് അതിൽ നിന്നു കിട്ടുന്ന ആദായം സമുദായത്തിനു് പൊതുവാ-ണെന്നും, സമുദായാംഗങ്ങളെ സംരക്ഷിക്കാനുള്ള ഭാരവും പൊതുവാണെന്നും ആകുന്നു. ഇങ്ങനെ റഷ്യയിൽ സ്കല സ്വത്തും പണ്ടാരവകയായിത്തീൻ്നു. എല്ലാ-വരും പണ്ടാരവകയ്ക്കു് വേല ചെയ്യണം. ഇതു് ഏറിയ കാലമായി സ്ഥിരീകൃതമായ സമുദായസ്ഥിതിയെ ആക-മാനം തകിടം മറിച്ചു. പണ്ടുള്ള കാലങ്ങളിൽ മാട്ടു-മന്തകളും ഗ്രാമസ്വത്തുക്കളും പൊതുവായിട്ടുണ്ടായിരുന്നു. എങ്കിലും, അന്നും സ്വയാജ്ജിതങ്ങളായുള്ള സ്വന്തസ്വ-ത്തില്ലാതിരുന്നില്ല. അനന്തരം സ്വത്തെല്ലാം സ്വകീയ-മായി. കരം മാത്രമേ പൊതുവായിരുന്നുള്ളു. കരം രാജാക്കന്മാർ സ്വമേധയായി പിരിക്കയും കണ്ടമാനം ചിലവഴിക്കയും ചെയ്തുതുടങ്ങിയപ്പോൾ, പ്രജകൾ അധി-കാരം ചെലുത്തിത്തുടങ്ങി. രാജാവിൻെറ സ്വേച്ഛാപ്ര-

ഭൂതത്തെ തടയാൻ പ്രജാപ്രാമാണ്യഭരണം ഏർപ്പെട്ടു. പിന്നെ പുതുവ്യവസായാഭിവൃദ്ധിയിൽ മററുള്ളവരുടെ പ്രയത്നഫലം മുതലാളികൾ കൈയ്ക്കലാക്കിവന്നപ്പോൾ, അതിന്ന് എതിരായി തൊഴിലാളികൾ പിണങ്ങി സമത്വവാദം പുറപ്പെടുവിച്ചു. സമത്വവാദത്തിൻെറ പരിണാമം, ആർക്കും സ്വത്തില്ലെന്നുള്ള സ്ഥിതിസമത്വത്തിൽ കലാശിച്ചു. തേടിയതൊന്നു്, കിട്ടിയതു മറെറാന്നു്. ചോറിന്നുപോയി കല്ല്കിട്ടി. പൊന്നിന്റെ മാററു കൂട്ടിക്കൂട്ടി പൊന്നില്ലാതായി. ഇങ്ങനെ ആയപ്പോൾ ജനങ്ങൾ കാര്യം പുനരാലോചനയ്ക്കെടുത്തു. സ്ഥിതിസമത്വവാദത്തിന്ന് പരിഹാരമായി സമഷ്ടിവാദം (Totalitarianism) പുറപ്പെട്ടു. അതിൻ പ്രകാരം സകലജനാധികാരം സർവ്വാധികാരി ആയ ഒരാളിൽ നിക്ഷിപ്തമായി. ഇരുപതാം നൂററാണ്ടിലാണു് ഇതു സംഭവിച്ചതു്. ഇററലിയിൽ, 'ഫാസിസം' എന്നും, ജർമ്മനിയിൽ 'നാസിസം' എന്നും, പറയുന്നതു് ഈ സമഷ്ടിവാദത്തിൻെറ വകഭേദങ്ങൾ തന്നെ ആകുന്നു. സർവ്വാധികാരി ആയ ആൾ പണ്ടത്തെ സ്വതന്ത്രചക്രവർത്തിയുടെ രണ്ടാമത്തെ അവതാരം തന്നെയാണു്. ഇങ്ങനെ പരിഷ്കാരം മൂത്തു് മൂത്തു് 'മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീ'യായി!.

അല്ലേ! പറഞ്ഞു് പറഞ്ഞു് നാം പത്തൊമ്പതാം ശതകംവിട്ടു് അടുത്തതിലേക്കു് അറിയാതെ കടന്നുപോയല്ലോ. നമുക്കു് പിന്നാക്കം പോകാം. വ്യവസായാഭിവൃദ്ധി നിമിത്തം ലോകഗതി ഭിന്നപഥത്തിലേക്കു് പാഞ്ഞുതുടങ്ങിയതു പോലെ, നവീനശാസ്ത്രാഭിവൃദ്ധി മനുഷ്യസമുദായത്തെ പുതുവഴികളിലേക്കു് തിരിച്ചുവിട്ടു. പത്തൊമ്പതാം ശതകത്തിൻെറ മദ്ധ്യത്തിൽ ഡാർവിൻ എന്ന ജന്തുശാസ്ത്രജ്ഞൻ പരിണാമവാദംകൊണ്ടു് സൃഷ്ടിയെ വ്യാഖ്യാനിച്ചു. ഭാരതഖണ്ഡ-

ത്തിൽ പണ്ടു് സാംഖ്യന്മാർ പരിണാമവാദത്തെ ഉപന്യസിച്ചിട്ടുണ്ടു്. അവർ സിദ്ധാന്തപദ്ധതിയെ ആണു് ആശ്രയിച്ചതു്. ഡാർവിൻ പ്രായോഗികപരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയ അനുമാനപദ്ധതിയിലാണു് പ്രതിപാദിച്ചതു്. ചെടികളും ജന്തുക്കളും ജീവനസമരത്തിൽ വിശേഷഗുണങ്ങൾ സിദ്ധിച്ചു്, തദനുസരണങ്ങളായ കായികവിന്യാസങ്ങൾ കൈക്കൊണ്ടു്, ക്രമേണ ലഘുജീവികളായിരുന്നവ വിഷമജീവികളായി പരിണമിക്കുന്നുണ്ടെന്നു് ദൃഷ്ടാന്തപൂർവ്വം അയാൾ വെളിവാക്കി. ഈ പരിണാമവാദം, പുരാണഗ്രന്ഥങ്ങളിലും ബൈബിൾ മുതലായ വൈദികഗ്രന്ഥങ്ങളിലും ഉപപാദിച്ചിട്ടുള്ള സൃഷ്ടികഥയിൽ അവിശ്വാസം ജനിപ്പിച്ചു. വൈദികവർഗ്ഗങ്ങളും ആസ്തികവർഗ്ഗങ്ങളും ഈ പുതുമതത്തെ വെറുത്തു. സൃഷ്ടിസ്ഥിതിസംഹാരങ്ങളെപ്പററി അതുവരെ ഉണ്ടായിരുന്ന മൂഢവിശ്വാസങ്ങളും അന്ധമായ ഭയവും ഭക്തിയും പുതുശാസ്ത്രസിദ്ധാന്തങ്ങൾ ഭഞ്ജിച്ചപ്പോൾ, മനുഷ്യരുടെ ജീവിതത്തിനും ബുദ്ധിക്കും ഒരു പുതുവെളിച്ചം ഉളവായി. അതിന്റെ പ്രകാശത്തിൽ ആകാംക്ഷകൾ ഉദിച്ചു. എല്ലാ സംഗതിക്കും കാര്യകാരണങ്ങൾ കണ്ടുപിടിക്കാൻ ആരംഭിച്ചു. മനുഷ്യർ യുക്തിവാദക്കാരായി. (Rationalists)

ഈ യുക്തിവാദത്തിന്റെ തത്ത്വം മറെറാന്നുമല്ല. ലോകത്തിൽ ഒന്നും യദൃച്ഛാസംഭവമല്ല; എല്ലാം കാര്യകാരണബന്ധംകൊണ്ടു് സന്നദ്ധമാണു്; കാരണങ്ങളെ കാണാൻ കഴിയാത്തതുകൊണ്ടു് ദിവ്യത്വം കല്പിക്കുന്നതു് മൗഢ്യമാണു്; കാരണങ്ങളെ അറിയാൻ സർവ്വഥാ പ്രയത്നിക്കണം; എന്നാകുന്നു. യുക്തിവാദികൾ നവീനശാസ്ത്രരീത്യാ ചെയ്തുവന്ന പരീക്ഷണങ്ങളെക്കൊണ്ടു് പണ്ടുള്ളവർ അത്ഭുതങ്ങളായി കരുതി വന്നിരുന്ന പ്രകൃതിശക്തികളുടെ പ്രവർത്തനത്തിന്റെ പോക്കും മട്ടും

കണ്ടുപിടിച്ച്, റെയിൽവേ, ഇലക്ട്രിസിററി, ടെലിഗ്രാഫ്, ടെലിഫോൺ, ഫോണാഗ്രാഫ് മുതലായവയെക്കൊണ്ട് മനുഷ്യസമുദായത്തിൻെറ ജീവിതരീതികളെ പ്രതിദിനം ഭേദിപ്പിച്ച് സുഖസൗകര്യങ്ങളെ സൃഷ്ടിച്ചപ്പോൾ, നവീനശാസ്ത്രങ്ങൾ സകലക്കും ആരാധനാപാത്രമായിത്തീൎന്നു. നവീനശാസ്ത്രജ്ഞന്മാരോടുള്ള ബഹുമതി വർദ്ധിച്ചു. മതത്തിനോടുള്ള പ്രതിപത്തി കുറഞ്ഞു. മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യം നേരിട്ടു. മതം മൂലയിൽ പതുങ്ങി. ശാസ്ത്രം സൎവ്വവിജയിയായി ഭേരി മുഴക്കി. യുക്തിവാദംകൊണ്ടു് അറിയാൻ പാടില്ലാത്ത സംഗതി ഇല്ലെന്ന് സാധാരണ മനുഷ്യർപോലും വാദിക്കാൻ തുടങ്ങി. മതവിശ്വാസം മയങ്ങി. ഇങ്ങനെ പത്തൊമ്പതുകൊല്ലത്തേക്കു് നിരീശ്വരവാദത്തിന് പ്രാബല്യം സിദ്ധിച്ചു. പത്തൊമ്പതാംശതകത്തിൻെറ ഉത്തരാൎദ്ധം ആയപ്പോഴേക്കു്, കേമന്മാരായ നവീനശസ്ത്രതത്വചിന്തകൎക്കു പോലും യുക്തിവാദങ്ങളുടെ അയഥാൎത്ഥത്വത്തിൽ ബോധം ഉദിച്ചു. ചില സംഗതികൾ യുക്തിക്കു് അധീനങ്ങളല്ലെന്ന് അവൎക്കു് മനസ്സിലായി. പ്രകൃതിശക്തികളുടെ അപാരതയും വിഷമതയും അവരെ സംഭ്രമിപ്പിച്ചു. ഭൂമികകളുടെ സാധുത്വത്തെ നിൎവ്വചിക്കാൻ അവർ അശക്തരായി. ജ്ഞാനസമുദ്രത്തിൻെറ ഒരു കോണിൽ മാത്രമേ ശാസ്ത്രതത്വങ്ങൾക്കു് സഞ്ചരിക്കാൻ സാധിച്ചിട്ടുള്ളു എന്നു് അവർ കണ്ടു. ബ്രഹ്മാണ്ഡത്തിൻെറ ഒരു മൂലയിൽ ഇഴയുന്ന മനുഷ്യന് അതിൻെറ വലിപ്പം നിൎണ്ണയിക്കാനോ, വിശേഷിച്ചും നിയന്ത്രിക്കാനോ, ശക്തി ഇല്ലെന്നു് അവൎക്കു് ഉറപ്പുവന്നു. അപ്പോൾ അവർ തല താഴ്ത്തി. അപ്രമേയപ്രഭാവമുള്ള ഈശ്വരശക്തിക്കു് അവർ കുമ്പിട്ടു. മുമ്പു് വമ്പു നടിച്ചതിനേപ്പററി

ലജ്ജിച്ചു. ശാസ്ത്രവും മതവും തമ്മിൽ വിരോധം തീൎന്നു. നാസ്തികത്വം നിലച്ചു.

പത്തൊമ്പതാം ശതകത്തെ വിശേഷിപ്പിക്കുന്ന മറെറാരു പ്രധാന സംഗതി ജനസാമാന്യത്തിന്നു് ഉണ്ടായ വിദ്യാഭ്യാസാഭിവൃദ്ധി ആകുന്നു. "ശൂദ്രമക്ഷരസംയുക്തം ദൂരതഃപരിവൎജ്ജയേൽ" എന്നുള്ള പണ്ടത്തെ നയം വൈദികരും ഭരണാധികാരികളും കൈക്കൊണ്ടിരുന്നിടത്തോളംകാലം ജനസാമാന്യം അന്ധവിശ്വാസത്തിൽ മുഴുത്തിരുന്നു. അക്ഷരാഭ്യാസം ഉണ്ടായാൽ അസംതൃപ്തിയും അനനുസരണവും ദുസ്സ്വാതന്ത്ര്യവും മുഴുക്കുമെന്നായിരുന്നു മേലാവിലുള്ളവരുടെ സിദ്ധാന്തം. കലി കയറുന്നതു് വിദ്യാലയങ്ങളിൽ കൂടിയാണെന്നു് എൻ്റെ വലിയ കാരണവർ ഒരിക്കൽ പറഞ്ഞതായി എനിക്കു് ഓൎമ്മയുണ്ടു്. ദുരാചാരവും, ദുഷ്കൎമ്മവും, തോന്ന്യാസവും, നിരീശ്വരത്വവും അവിടെയാണു് ഉത്ഭവിക്കുന്നതെന്നായിരുന്നു ആ വൃദ്ധൻ്റെ വിശ്വാസം. പുതിയ വ്യവസായാഭിവൃദ്ധിയുടെ ഫലമായി, സാൎവ്വജനീനമായ വിദ്യാഭ്യാസം ഭരണതന്ത്രകൂടത്തിൻ്റെ ആണിക്കല്ലായി തീൎന്നു. മൂഢനായ വേലക്കാരനും പഠിച്ച തൊഴിലാളിയും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമായി.

എഴുത്തും വായനയും പരന്നപ്പോൾ ലോകജ്ഞാനം സമ്പാദിക്കാനുള്ള കൗതുകം വൎദ്ധിച്ചു. വൎത്തമാനപത്രങ്ങൾ ധാരാളം വായിച്ചുതുടങ്ങി. അതിനതിന്നു് പത്രങ്ങളുടെ പ്രചാരം ധാരാളമായി. അവയിൽനിന്നു് ഓരോ സംഗതികളെപ്പററി ജനങ്ങൾക്കു് അഭിപ്രായങ്ങൾ ഉദിച്ചു. മനുഷ്യരെ സംഘടിപ്പിക്കാനും കലഹിപ്പിക്കാനും പത്രങ്ങൾക്കു് ശക്തി ഉണ്ടായി. രാജ്യഭരണകൂടത്തിൽ പത്രം ഒരു മുഖ്യസ്ഥാനം പിടിച്ചു. നല്ല നല്ല കവികളും ഗദ്യപദ്യങ്ങളായ കൃതികളെക്കൊണ്ടു് ജനങ്ങളെ ആനന്ദിപ്പിച്ചു. തത്വചിന്തകന്മാരും ശാ-

സ്രഷ്ടാക്കന്മാരും കലാവിദഗ്ദ്ധന്മാരും ഉണ്ടായി. എല്ലാമാതിരി തൊഴിലുകളിലും വൈദഗ്ദ്ധ്യം സമ്പാദിച്ചവർ സമുദായത്തെ അലംകരിച്ചു. വിദ്യാഭ്യാസവർദ്ധന കൊണ്ടു് ഉണ്ടായ ഫലം ഇത്രമാത്രമെന്നു് പറയാൻ പ്രയാസമാണു്. ജനസമുദായത്തെ ഇന്നുള്ള നിലയിൽ വരുത്താൻ അതു് ഒരു മഹോപായമായിത്തീൎന്നു എന്നതിനു് സംശയമില്ല.

മേൽപറഞ്ഞ വിശേഷങ്ങളെല്ലാം പത്തൊമ്പതാംശതകത്തിൽ ലോകത്തിൽ എവിടെയും ഉണ്ടായി എന്നു് തെററിദ്ധരിക്കരുതു്. യൂറോപ്പിലും അമേരിക്കയിൽ ഐക്യനാട്ടുകളിലും, ഏഷ്യയിൽ കഷ്ടിച്ചു് ജപ്പാനിലും മാത്രമാണു് അത്ഭുതപൂൎവ്വമായ മാററങ്ങൾ സംഭവിച്ചതു്. സത്യത്തിൽ പത്തൊമ്പതാംശതകത്തെ 'യൂറോപ്യൻകാലം' എന്നാണു് പറയേണ്ടതു്. പുരാതന പരിഷ്കൃതകേന്ദ്രമായിരുന്ന ഏഷ്യയിൽ ജ്വലിച്ചിരുന്ന ജ്ഞാനാഗ്നി ശക്തിയററു് കനലായി മിക്കവാറും ചാമ്പലായിക്കഴിഞ്ഞിരുന്നു. പ്രേരണാശക്തി അതിനു് നശിച്ചു. വാൎദ്ധക്യം നിമിത്തം പരാപേക്ഷയിൽ കാലക്ഷേപം ചെയ്യാനുള്ള ദശയിൽ എത്തിയിരുന്നു. യൂറോപ്പാകട്ടെ, വിശിഷ്യ അതിന്റെ പശ്ചിമഭാഗത്തു്, പുതുജീവൻ ഏററു് കുതിച്ചു മുന്നോട്ടു ചാടി, പുതുസൃഷ്ടിവൈദഗ്ദ്ധ്യത്തെ പ്രകടിപ്പിച്ചു. അധികാരബലംകൊണ്ടും സേനാബലംകൊണ്ടും, ഉത്സാഹബലംകൊണ്ടും യൂറോപ്യർ മുന്നണിയെ പ്രാപിച്ചു. ലണ്ടൻ, പാരിസ്സ്, ബർലിൻ, ന്യൂയാൎക്ക് എന്ന വൻനഗരങ്ങൾ, കെട്ടിടങ്ങളുടെ നിലകൾ ഉയൎന്ന ക്രമത്തിനു്, അളകാപുരിയും, അമരാവതിയും ആയി ചമഞ്ഞു. നവീനശാസ്ത്രസൃഷ്ടങ്ങളായ സുഖസൗകൎയ്യസമ്പാദനസാധനങ്ങളെക്കൊണ്ടു് പരിപുഷ്ടങ്ങളായി, അവിടെ ധനികജനങ്ങൾ സ്വൎഗ്ഗസുഖം അനുഭവിച്ചു.

സാധനങ്ങളുടെ ധാരാളത്തവും, സുഖാനുഭോഗത്തിനുള്ള സൗകര്യവും, സാമാന്യേന ഉണ്ടായിരുന്ന സമാധാനപരിപാലനവും കൊണ്ടു് പരിഷ്കൃതജീവിതസരിത്തു് തടസ്സം നേരിടാതെ സാവധാനം ഒഴുകി.

പത്തൊമ്പതാംശതകത്തിന്റെ അപരാഹ്നമായപ്പോഴും, പുറമേ കണ്ടിരുന്ന ഈ ശാന്തപ്രവാഹത്തിനു് കീഴിൽ അടി ഒഴുക്കു് വിഷമമായിരുന്നു എന്നു് സാധാരണർ ആരും അത്ര ശ്രദ്ധിച്ചിരുന്നില്ല. വെളിമേ കണ്ടതു് തിളക്കമെല്ലാ, അടിയിൽ ഇളക്കമുണ്ടായിരുന്നു എന്നു് മുങ്ങിനോക്കിയവക്കു് മാത്രം അറിയാമായിരുന്നു. സാമ്രാജ്യവും മുതലാളിത്തവും, പൊലിപ്പവും വലിപ്പവും, പിന്നീടു് ഉണ്ടായ കലഹങ്ങൾക്കും ശണ്ഠകൾക്കും ബീജാവാപം ചെയ്തു: വണ്ണവും പൊണ്ണവും, ഓജസ്സും തേജസ്സും, ശരീരത്തിനു മാത്രമായിരുന്നു; ഉള്ളിൽ പുണ്ണുണ്ടായിരുന്നതു് ചുരുക്കം പേർ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. ൧൯൧൪-ൽ മുതലാളിപരിഷ്കാരം മഹാസമരത്തിൽ കലാശിച്ചപ്പോൾ മാത്രമേ എല്ലാവരും കണ്ണു തുറന്നു് നോക്കിയുള്ളൂ.

# അറുപത്തിഎട്ടാം അദ്ധ്യായം

## ബ്രിട്ടീഷ്കാരുടെ സാമ്രാജ്യസ്ഥാപനം.

കഴിഞ്ഞ രണ്ടു് അദ്ധ്യായങ്ങളിൽ പത്തൊമ്പതാം നൂററാണ്ടിൻെറ മുഖ്യലക്ഷണങ്ങളെ കുറഞ്ഞൊന്നു് വിവരിച്ചുവല്ലോ. അനേകസംഭവങ്ങളുടെ സമ്മേളനം നിമിത്തമാണു് ആ അവസ്ഥകൾ പരിണമിച്ചതു്. എത്രയോ ഊററുകളും കൈവഴികളും ചേൎന്നിട്ടല്ലോ വലുതായ പുഴ ഒഴുകുന്നതു്. അതുപോലെ തന്നെയാണു് ജീവിതവാഹിനിയുടെഗതിയും. ആ സംഗതികളെ നമുക്കു് അല്പം വിസ്തരിച്ചുനോക്കാം. ഭാരതഭൂമിയിൽ മററുള്ള യൂറോപ്യൻ രാജ്യക്കാരെ ഉന്തിയരശാക്കി ബ്രിട്ടീഷ്കാർ അരശാളാൻ തുടങ്ങിയ കഥയാണല്ലോ മുമ്പിലത്തെ ഭാഗത്തിൽ നാം പറഞ്ഞുനിറുത്തിയതു്. അല്പകാലത്തേക്കു് മഹാരാഷ്ട്രരും, മൈസൂരിൽ ടിപ്പുസുൽത്താനും, പഞ്ചാബിൽ സിക്കുകാരും, ബ്രിട്ടിഷ്കാരുടെ പരമാധിപത്യത്തെ അല്പം തടഞ്ഞുനിറുത്തിയിരുന്നു. അധികം കാലം ആ തടസ്സം അവൎക്കു് താങ്ങിക്കൊണ്ടുപോകാൻ സാധിച്ചില്ല. ബ്രിട്ടീഷ്കാൎക്കു് സേനാബലവും പുതിയ ആയുധസാമഗ്രികളും ഉറച്ച കെട്ടുപാടും ഉണ്ടായിരുന്നതിനു് പുറമേ, എന്തു വന്നാലും താങ്ങാൻ നല്ലൊരു നാവികബലവും കരസ്ഥമായിരുന്നു. കരയിൽ തോററാലും കടലിൽ അവരെ ജയിക്കാൻ ആരുമില്ലായിരുന്നു. നേരേ മറിച്ചു്, വിസ്തൃതിയിൽ റഷ്യ ഒഴിച്ചുള്ള യൂറോപ്പു് മഹാഖണ്ഡത്തോളം വലിപ്പമുള്ള ഇൻഡ്യാ മഹാരാജ്യത്തു് ഒത്തൊരുമ എന്നുള്ളതു് പുരാണകാലം തൊട്ടു് പോലും കേട്ടുകേൾവിയില്ല. വേഷംകൊണ്ടും ആചാരംകൊണ്ടും ഭാഷകൊണ്ടും ഭിന്നിച്ച

ജനങ്ങളാൽ അധ്യുഷിതയായ ഭാരതഭൂമി അനേകം ചെറുസംസ്ഥാനങ്ങളായി സ്വതന്ത്രരാജാക്കളാൽ ഭരിക്കപ്പെട്ടിരുന്നു. മൌര്യന്മാരുടെയും, ഗുപ്തന്മാരുടെയും, ഒടുവിൽ മുകിലന്മാരുടെയും ആധിപത്യകാലത്തു് മിക്കവാറും ഏകസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും, ആ സമ്രാട്ടുകളാരും ഇൻഡ്യയിൽ സ്വരാഷ്ട്രബോധോപജ്ഞമായ ഐകമത്യത്തെ ഉൽപാദിപ്പിച്ചില്ല. അതുകൊണ്ടു് വേർതിരിഞ്ഞും തമ്മിൽ കലഹിച്ചും ഇരുന്ന സംസ്ഥാനങ്ങളെ കീഴടക്കാൻ ബ്രിട്ടീഷ്കാൎക്കു് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. അല്പബലങ്ങളായ രാജ്യങ്ങൾക്കു് ഒരിക്കൽ തോൽവി പററിയാൽ നിശ്ശേഷനാശമാണു് ഫലം. ഓരോന്നായി പിടിച്ചതിൽ കലഹങ്ങൾ പലതും ബ്രിട്ടീഷ്കാൎക്കു് നേരിടാതിരുന്നില്ല. മൈസൂറിൽ ഹൈദരാലിയുമായി പൊരുതിയതിൽ അവൎക്കു് ജയം സിദ്ധിച്ചില്ലെങ്കിലും, അയാളുടെ മകൻ ടിപ്പുസുൽത്താൻെറ കാലത്തു് രണ്ടു യുദ്ധം നടത്തി, ഒടുവിൽ ൧൭൯൯-ൽ ശ്രീരംഗപട്ടണം പിടിച്ചു് അയാളെ തോല്പിച്ചു്, രാജ്യം സ്വാധീനമാക്കി. ടിപ്പു യുദ്ധത്തിൽ വീൎയ്യസ്വൎഗ്ഗം പ്രാപിച്ചു. അതുപോലെ മഹാരാഷ്ട്രന്മാരോടും ബ്രിട്ടീഷ്കാർ പോർ ചെയ്തു. അവിടെ പീഷ്വായും, ഗ്വാളിയറിലെ സിൻഡ്യരാജാവും, ഇൻഡോറിലെ ഹോൾക്കാർ രാജാവും പ്രബലന്മാരായിരുന്നു. പക്ഷേ, ൧൭൯൪-ൽ തന്ത്രജ്ഞനായിരുന്ന മാധാജി സിൻഡ്യയും, ൧൮൦൦ ൽ പീഷ്വായുടെ മന്ത്രിസത്തമൻ നാനാഫ്ഡ്നാവിസ്സും മരിച്ചതോടുകൂടി, മഹാരാഷ്ട്രന്മാരുടെ ഓജസ്സ് കുറഞ്ഞുപോയി. എങ്കിലും, അവർ ബ്രിട്ടീഷ്കാരോടു് പൊരുതിക്കൊണ്ടിരുന്നു. ഒടുവിൽ ബ്രിട്ടീഷ്കാർ ൧൮൧൮-ൽ മഹാരാഷ്ട്രപ്രമാണികളെ ഓരോരുത്തരെ പ്രത്യേകം പ്രത്യേകം തോല്പിച്ചു് കീഴടക്കി.

ഒരാൾ നശിക്കുന്നതു് മറ്റൊരാൾ നോക്കിനിന്നതല്ലാതെ സഹായിച്ചില്ല. സിൻഡ്യയും ഹോൾക്കാറും ബ്രിട്ടീഷ്കാരുടെ മേൽക്കോയ്മയെ കൈക്കൊണ്ടു് ശരണം പ്രാപിച്ചു. ബറോഡാവിലെ ഗൈക്കവാർ രാജാവു് മുമ്പുതന്നെ അവരുമായി സഖ്യംചെയ്തു് കീഴടങ്ങി. മഹാരാഷ്ട്രചരിത്രത്തിൽ ഇൻഡോറിലെ രാജ്ഞിയായി ൧൭൬൫—൯൫ വരെ മുപ്പതു കൊല്ലം യശസ്കരമായി രാജ്യഭാരം നടത്തിയ അഹല്യാബായിയുടെ പേർ ഇന്നും മദ്ധ്യേൻഡ്യയിൽ പ്രസിദ്ധമാണു്. മുപ്പതു വയസ്സിൽ തന്നെ വിധവയായിത്തീൎന്ന ആ മഹതി, മററുള്ള സംസ്ഥാനങ്ങൾ വിപ്ലവങ്ങളും കലാപങ്ങളും കൊണ്ടു് ദന്തുരങ്ങളായിരുന്ന കാലത്തു്, നിസ്സഹായയായി സ്വരാജ്യത്തിൽ ജനങ്ങൾക്കു് ക്ഷേമവും സമാധാനവും പുലൎത്തി, മുപ്പതു കൊല്ലം ജനങ്ങളെ പരിപാലിച്ചു. കേവലം ഗ്രാമഭൂമിയായിരുന്ന ഇൻഡോറിനെ ഒരു ഉത്തമ സംസ്ഥാനമാക്കി വളൎത്തി. പ്രജകളുടെ സങ്കടങ്ങളെ സ്വയമേ കേട്ടു് തീരുമാനിച്ചു. കുററമാണോ ആ മഹാനുഭാവയെ മഹാലക്ഷ്മിയുടെ അവതാരമായി ആ നാട്ടുകാർ ഇന്നും കൊണ്ടാടുന്നതു്.

ഇൻഡ്യയുടെ വടക്കേ അതിൎത്തിയിൽ ഹിമവൽസാനുക്കളിൽ സ്ഥിതിചെയ്യുന്ന നേപാളരാജ്യവുമായി ബ്രിട്ടീഷ്കാർ ഇടപെടാതെ ഇരുന്നില്ല. പൎവ്വതപംക്തികളുടെ ബാധ അതിയായി ഉണ്ടായിരുന്നിട്ടും, അവർ കടന്നു് കയറി അവിടം പിടിക്കാൻ ൧൮൧൪ മുതൽ രണ്ടു വൎഷം യുദ്ധം ചെയ്തു. ധീരരായ ഗൂർഖാസൈന്യം അവരെ തോല്പിച്ചു് ഓടിച്ചു. അതിന്നു് ഇരുപത്തിരണ്ടു വൎഷം മുമ്പിലായിരുന്നു ചീനന്മാർ അവരെ ജയിച്ചു് നേപാളരാജാവിനെ കരദനാക്കിയതു്. അതുകൊണ്ടു് നേപാളം ചീനാസമ്രാട്ടിന്റെ മേൽക്കോയ്മയെ സമ്മതിച്ചു. ബ്രിട്ടീഷ്കാൎക്കു് അതു്

കിട്ടിയില്ല. എങ്കിലും, അവർ ഒരു രാജദൂതനെ അവിടെ പാൎപ്പിച്ചിട്ടുണ്ട്. ആ നാട്ടുകാരായ ഗ്രൂർഖാക്കളെ പ്രത്യേകമായി ധാരാളം ബ്രിട്ടീഷ് പട്ടാളത്തിൽ ചേൎത്തും നേപാളത്തെ അവർ പാട്ടിലാക്കി പിടിച്ചിട്ടുണ്ട്.

കിഴക്ക് ബൎമ്മയുമായി പിന്നത്തെ വഴക്ക്. ബൎമ്മാക്കാർ ആസാം വരെ രാജ്യത്തെ വിസ്തൃതമാക്കിയപ്പോൾ ബ്രിട്ടീഷ്കാൎക്ക് വഴക്കിന്ന് കാരണം കിട്ടി. ആദ്യത്തെ യുദ്ധം ൧൮൨൪—൨൬ വരെ ആയിരുന്നു. അതിൽ ആസ്സാം ബ്രിട്ടീഷ് സംസ്ഥാനമായി. രണ്ടാമത്തെ യുദ്ധം ൧൮൫൨-ൽ ആയിരുന്നു. അതിൽ ബൎമ്മയുടെ തെക്കേ ഭാഗം ബ്രിട്ടീഷാക്കി. അപ്പോൾ വടക്കൻ ബൎമ്മയ്ക്കും അതിൻെറ തലസ്ഥാനമായ മാൻഡലേക്ക് സമീപമുള്ള ആവായും സമുദ്രസംബന്ധമില്ലാതായി. ൧൮൮൫-ൽ മൂന്നാമത്തെ ബൎമ്മായുദ്ധം ആരംഭിച്ചു. അതോടുകൂടി ബൎമ്മ മുഴുക്കെ ബ്രിട്ടീഷ്കാർ പിടിച്ചു. ബൎമ്മ ചീനയ്ക്ക് കപ്പം കൊടുത്തു വന്നതു് ബ്രിട്ടീഷ്കാർ ആദ്യം കൊടുത്തു. ചീനയിൽ സ്വാസ്ഥ്യം ഇല്ലാതിരുന്നതിനാൽ ചീനന്മാർ ബൎമ്മയെ യുദ്ധത്തിൽ സഹായിച്ചില്ലത്രേ. ക്രമേണ ചീനയ്ക്കുള്ള കപ്പം ബ്രിട്ടീഷ്കാർ നിറുത്തി.

വടക്കൻ ഇൻഡ്യയിൽ പഞ്ചാബ്സംസ്ഥാനം രഞ്ജിററ്സിംഗിൻെറ (രണജിത്സിംഹൻെറ) ആധിപത്യത്തിൽ സ്വതന്ത്രമായിരുന്നു. അമൃതസരസ്സിൽ തലസ്ഥാനം ഉറപ്പിച്ചു്, ആ വീരൻ പഞ്ചാബും കാശ്മീരവും സ്വാധീനമാക്കി വാണു. ൧൮൩൯-ൽ അദ്ദേഹം മരിച്ചതു് മുതൽ സിക്ക്സംസ്ഥാനം ഉലഞ്ഞു. മുകില ചക്രവൎത്തികൾക്ക് പോലും കീഴടക്കാൻ സാധിക്കാതിരുന്ന സിക്കുകാരുമായി ബ്രിട്ടീഷ്കാർ എതിരിട്ടു. രണ്ടു് യുദ്ധം നടന്നു. ആദ്യം ൧൮൪൫—ലും, രണ്ടാമതു് ൧൮൪൮-ലും. രണ്ടാമത്തെ യുദ്ധത്തിൽ ചിലിയൻവാല-

യിൽ വെച്ച് ബ്രിട്ടീഷ്കാരെ സിക്കുകാർ തോല്പിച്ചു. എങ്കിലും ഒടുവിൽ ബ്രിട്ടീഷ്കാർ തന്നെ ജയിച്ചു. പഞ്ചാബ് മുഴുക്കെ ബ്രിട്ടീഷ്സംസ്ഥാനമാക്കി. ജമ്മുവിലെ രാജാവായിരുന്ന ഗുലാബ്സിംഗ് എഴുപത്തിഅഞ്ചുലക്ഷം ഉറുപ്പായ്ക്ക് കാശ്മീരരാജ്യം ബ്രിട്ടീഷ്കാർക്ക് വിലക്ക് കൊടുത്തു. അതുമുതൽ കാശ്മീരം ബ്രിട്ടീഷ് സംരക്ഷണയിൽ ഒരു നാട്ടുരാജ്യമായി. ഗുലാബ്സിങ്ങിന്റെ വംശജൻ ഇന്നും മഹാരാജാവായിരിക്കുന്നു.

പഞ്ചാബിന്ന് വടക്കുപടിഞ്ഞാറായിട്ടാണ് അഫ്ഘനസ്ഥാനം (പണ്ടത്തെ ഗാന്ധാരരാജ്യം). റഷ്യൻചക്രവത്തിയുടെ മദ്ധ്യേഷ്യഭാഗത്തേക്കുള്ള പ്രവേശം ബ്രിട്ടീഷ്കാരെ പത്തൊമ്പതാം ശതകം മുഴുക്കെ ഭയപ്പെടുത്തിയിരുന്നു. ആ വഴി റഷ്യർ ഇൻഡ്യയിൽ കടന്നെങ്കിലോ എന്നായിരുന്നു പേടി. ഇൻഡ്യയുടേയും റഷ്യൻ മദ്ധ്യേഷ്യയുടേയും മദ്ധ്യേ കിടക്കുന്ന രാജ്യമാണ് അഫ്ഘനസ്ഥാനം. പഞ്ചാബ് സിക്കുസംസ്ഥാനമെന്ന നിലയിൽ സ്വതന്ത്രമായിരുന്നപ്പോൾ, അത് ഒരു തടസ്സമായിരുന്നു. അതും ബ്രിട്ടീഷായപ്പോൾ, അഫ്ഘനസ്ഥാനം റഷ്യരോട് ചേന്നാൽ, അവർ ഇൻഡ്യയുടെ പടിവാതലിൽ എത്തുമെന്നായി. ആ കാരണം വെച്ച്, സിക്കുകാരെ കൂട്ടുപിടിച്ച്, അഫ്ഘനസ്ഥാനത്തിന്റെ തലസ്ഥാനനഗരമായ കാബൂളിൽ ബ്രിട്ടീഷ്കാർ ആക്രമണം നടത്തി. അഫ്ഘാൻ പട്ടാണികൾക്ക് ബ്രിട്ടീഷ്കാരോടൊപ്പം യുദ്ധസാമത്ഥ്യമോ സാമഗ്രികളോ ഇല്ലാതിരുന്നെങ്കിലും, വീട്ടിൽ കയറി കൊള്ള തുടങ്ങിയപ്പോൾ, പാദാഹതമായ സപ്പത്തെപ്പോലെ, തലയെടുത്തു കൊത്തി. രാജ്യത്തിൻെറ വിഷമതലതാപവും പട്ടാണികളുടെ ശൌയ്യവും കൊണ്ട് ബ്രിട്ടീഷ്പട്ടാളം, കടന്നൽക്കൂടിൽ കയറിയപോലെ,

വലഞ്ഞു. വളരെ ആൾ നാശത്തോടുകൂടി അവർ പിൻതിരിച്ചു. കുറെ കഴിഞ്ഞതിൻെറ ശേഷം പകരം വീട്ടാൻ ബ്രിട്ടീഷ്കാർ പിന്നെയും കാബൂൾ നഗരത്തെ ആക്രമിച്ച് അവിടുത്തെ വിശേഷപ്പെട്ട ചന്തസ്ഥലം ചുട്ടുകരിച്ചു. എങ്കിലും, എന്നും പട്ടാളം കൊണ്ടല്ലാതെ അവിടം രക്ഷിക്കാൻ സാദ്ധ്യമല്ലെന്ന് കണ്ടു്, അഫ്ഘനസ്ഥാനത്തു് നിന്നു് ബ്രിട്ടീഷ്കാർ പിൻവലിഞ്ഞു. പിന്നെ ൧൮൭൮ ൽ അമീർ (അഫ്ഘനസ്ഥാനരാജാവിൻെറ സ്ഥാനപ്പേർ) റഷ്യയുമായി സഖ്യം ചെയ്തതു് ബ്രിട്ടീഷ്കാൎക്കു് വേവലാധിക്കു് കാരണമായി. ആദിയേ ബ്രിട്ടീഷ്കാർ അഫ്ഘനസ്ഥാനവുമായി യുദ്ധം ആരംഭിച്ചു. പഠാണിപ്പട ബ്രിട്ടീഷ് ദൂതനെയും സംഘത്തെയും വെട്ടിക്കൊന്നു്, അവരുടെ സേനയെ തോല്പിച്ചു. വൈരനിൎയ്യാതനത്തിനു് വേണ്ടി രണ്ടാമതും ബ്രിട്ടീഷ്കാർ അഫ്ഘനസ്ഥാനത്തെ ആക്രമിച്ചു. അതിലും തോററു. അനന്തരം അമീറുമായി സമാധാന ഉടമ്പടി ചെയ്തു. ആണ്ടുതോറും ഒരു വലുതായ സംഖ്യ ഉപദയായി കൊടുക്കാമെന്നും, ബ്രിട്ടീഷ്കാരുടെ അറിവുകൂടാതെ അമീർ മററു രാജ്യക്കാരുമായി ഇടപെടരുതെന്നും ഉറപ്പ് ചെയ്തു. ൧൯൧൯-ൽ പിന്നെയും ഒരു അഫ്ഘാൻ യുദ്ധം ഉണ്ടായി. അതിൽ ആ രാജ്യത്തിനു് പൂൎണ്ണസ്വാതന്ത്ര്യം ലഭിച്ചു. അതു് ഈയിടെ നടന്ന സംഗതിയാണു്.

൧൮൪൩-ൽ സിൻഡിൽ ബഹളമുണ്ടായി. ആ രാജ്യത്തെ ബ്രിട്ടീഷ്കാർ കീഴടക്കി. സർ. ചാറൽസ് നേപ്പിയർ ആയിരുന്നു അതിനു് കാൎയ്യക്കാരൻ. അതിൽ അയാൾക്കു് ഏകദേശം ഏഴ് ലക്ഷം രൂപാ പ്രതിഫലം കിട്ടി പോലും! ഔഡിൽ (അയോദ്ധ്യ) ഭരിച്ചിരുന്ന നഭാവു് പണ്ടു് മുകിലചക്രവൎത്തികളുടെ ആൾപ്പേരായി-

രുന്നു. അയാൾ തോന്ന്യാസമായി ജനങ്ങളെ ക്ലേശിപ്പിച്ചു. ദുർഭരണം സഹിക്കവെയ്യാതെ ആയപ്പോൾ, ജനങ്ങൾ കൊമ്പഞ്ഞിക്കാരുടെ സഹായം അപേക്ഷിച്ചു. കൊമ്പഞ്ഞിപട്ടാളം ഫവ്വദന്നു-ൽ ആ രാജ്യത്തെ കീഴടക്കി ബ്രിട്ടീഷ് സംസ്ഥാനത്തോടു ചേൎത്തു. ഇങ്ങനെ പല ചെറിയ യുദ്ധങ്ങളും ചെയ്തു് ബ്രിട്ടീഷുകാർ ഇൻഡ്യാമഹാരാജ്യത്തിലുള്ള സംസ്ഥാനങ്ങളെ മിക്കവാറും സ്വാധീനമാക്കിയ കഥകളെല്ലാം വിസ്തരിച്ച് ചരിത്രപുസ്തകങ്ങളിൽനിന്നു് ഗ്രഹിക്കാനുള്ളതാണു്.

വാസ്തവം ആലോചിച്ചാൽ, ഭാരതഭൂമിയെ ക്ഷേമനിലയിൽ സംരക്ഷിച്ചിരുന്ന പുരാതന കെട്ടുപാടുകളും നടപടികളും കാലാനുസരണമായി ഭേദഗതി വരാതെ പഴകിപ്പോയിരുന്ന കാലത്തായിരുന്നു ബ്രിട്ടീഷ്കാരുടെ ആഗമനം. ജന്മികുടിയാന്മാർ തമ്മിലുള്ള ബന്ധം ശിഥിലമായി; പ്രഭുക്കന്മാൎക്ക് ഉണ്ടായിരുന്ന ആത്മസ്വാധീനം കുറഞ്ഞു; രാജാക്കന്മാർ പ്രജാക്ഷേമത്തേക്കാൾ സ്വസുഖത്തിൽ തല്പരരായി; അവൎക്ക് ഉണ്ടായിരുന്ന ശൗൎയ്യം പോയി; മുകിലചക്രവൎത്തികളെ ആശ്രയിച്ചും, ഉപജീവിച്ചും, അവരുടെ ആഡംബരങ്ങളിൽ ഭ്രമിച്ചും, യഥാകഥഞ്ചിൽ കാലയാപനം ചെയ്തുവന്നു; തങ്ങളിൽ മത്സരവും അസൂയയും കൊണ്ടുള്ള ആഭ്യന്തരകലഹം നിമിത്തം ശേഷിച്ചിരുന്ന ശക്തി പോലും ക്ഷയിച്ചു; മേൽഗതിക്കുള്ള മോഹം നിലച്ചു. ഇങ്ങനെ ക്ഷീണന്മാരായി ഭാരതീയർ വാണിരുന്ന അവസരത്തിൽ, ഉത്പതിഷ്ണുക്കളും, ഉത്സാഹശീലന്മാരും, കാലാനുസരണം പരിഷ്കാരം സിദ്ധിച്ചവരുമായ ആഗന്തുകരുമായുണ്ടായ സംഘട്ടനത്തിൽ എന്തു് വരുമെന്നു് പ്രശ്നം പറയാൻ ഒട്ടും പ്രയാസമില്ലല്ലോ. ബ്രിട്ടീഷുകാൎക്ക് പൊട്ടക്കലത്തെ തവിട്ടുപൊടിയാക്കാൻ സാഹസമൊട്ടും വേണ്ടിവന്നില്ല. ഇടിഞ്ഞു് പൊളിഞ്ഞു് കിട-

ക്കുന്ന ജീർണ്ണഗൃഹത്തെ വെട്ടിനിരത്താൻ എളുപ്പമാണ-ല്ലോ. എങ്കിലും, അവർ പഴയതു ചിലതെല്ലാം അവി-ടവിടെ താങ്ങി നിറുത്താൻ പ്രയത്നിക്കാതിരുന്നില്ല. പുത്തനായി പണിഞ്ഞ എടുപ്പിനു് പഴയ അംശങ്ങൾ എന്നും അഭംഗി വരുത്തി എന്നു് പിന്നീടു് അവൎക്കു് തന്നെ ബോധപ്പെട്ടു.

രാജയക്ഷ്മാവുകൊണ്ടു ക്ഷീണമായ ദേഹം എത്ര പോഷകസാധനങ്ങൾ ചെലുത്തിയാലും ഉണങ്ങി വരു-മെന്നു സംശയമില്ല. കരിഞ്ഞുപോയ വൃക്ഷത്തെ വികസിപ്പിക്കാൻ ആൎക്കു് കഴിയും? ആ ബോധമില്ലാതെ വിദേശീയരെ ഓടിച്ചു് പുരാതന മഹിമയെ സമ്പാ-ദിക്കാൻ ഭാരതീയർ ൧൮൫൭-ൽ വൻതോതിൽ ഒരു ലഹള ഉണ്ടാക്കി. 'ശിപായിലഹള' എന്നാണു് അതിനു പേർ സിദ്ധിച്ചിരിക്കുന്നതു്. എത്രത്തോളം ധനം ഉണ്ടാക്കാമെന്നായിരുന്നു കമ്പനിക്കാരുടെ നോട്ടം. അവരും ഉദ്യോഗസ്ഥന്മാരും കൂടി ജനങ്ങളുടെ ചോര വാങ്ങി. ദാരിദ്ര്യം വൎദ്ധിച്ചു. ബ്രിട്ടീഷ് ഇൻഡ്യയിലെ പട്ടാളം പോലും ഒരുമാതിരി പട്ടിണിക്കൂട്ടമായി ആ-ജ്ഞാലംഘനങ്ങൾ ചെയ്തുതുടങ്ങി. പഴയ പ്രഭുക്കന്മാൎക്കും പാരമ്പൎയ്യത്തിൽ വളൎന്ന രാജാക്കന്മാൎക്കും വിദേശീയ-രുടെ ആധിപത്യം നീരസമായിരുന്നു. അതുകൊണ്ടു് ഗോപ്യമായി പല എതിർസംഘങ്ങൾ മുളച്ചു. മദ്ധ്യേൻ-ഡ്യയിലും സംയുക്തസംസ്ഥാനങ്ങളിലുമാണു് കൂട സംഘങ്ങൾ അധികം വളൎന്നതു്. ഭാരതീയരുടെ ജീവി-തരീതികളും നടപടികളും നല്ലപോലെ ധരിച്ചിട്ടില്ലാ-തിരുന്ന ബ്രിട്ടീഷ്കാരും അവരുടെ ഗവൎമ്മെൻറും ഈ സംഗതികളൊന്നും ആദ്യം അറിഞ്ഞില്ല. എല്ലാ സ്ഥ-ലത്തും ഒരേ സമയത്തു് കലാപങ്ങൾ തുടങ്ങണമെന്നു് ചെയ്തിരുന്ന നിശ്ചയത്തിനു് വിപരീതമായി, ൧൮൫൭ മേ മാസം ൧൦-ാംനു- മീറട്ടിലുള്ള ഇൻഡ്യൻ പട്ടാളം

ആജ്ഞാലംഘനം ആരംഭിച്ചു. അപ്രാപ്തകാലമായ ഈ പ്രക്ഷോഭം, കൂടസംഘപ്രമാണികളുടെ ഒരുക്കങ്ങളെ തെററിച്ചതു കൂടാതെ, ഗവമ്മെന്റിനു് മുന്നറിവു കിട്ടി കരുതലിനു് അവസരം നൽകയും ചെയ്തു. എങ്കിലും, ഐക്യസംസ്ഥാനങ്ങളിലും, ദില്ലിയിലും, മദ്ധ്യേൻഡ്യ-യിലും, ബീഹാറിലും ബഹളം പരന്നു. ഇതു് കേവലം പട്ടാളങ്ങളുടെ ആജ്ഞാലംഘനം മാത്രമല്ല, ഗവമ്മെ-ന്റിനെ ഓടിക്കാനുള്ള ജനക്ഷോഭമാണെന്നു് അപ്പോൾ ബ്രിട്ടീഷുകാക്കു് ബോധപ്പെട്ടു. മുകില ചക്രവത്തികളുടെ വംശ്യജനായി സ്ഥവിരനായി ഒന്നിനും കൊള്ളരുതാത്ത കവിയായിരുന്ന ബഹദൂർഷായെ വിപ്ലവകാരികൾ ചക്രവത്തിയാക്കി, ബ്രിട്ടീഷ്കാരുമായി സമരം ആരം-ഭിച്ചു. ഭാരതഭൂമിക്കു് സ്വാതന്ത്ര്യം നേടാനുള്ള മഹോ-ദ്യമമാണെന്നു് പരസ്യം ചെയ്തപ്പോൾ, ബ്രിട്ടീഷ്കാരെ വെറുത്ത അനേകം ആളുകൾ പ്രഭുക്കളുടെ ഉത്സാഹത്തിൽ വിപ്ലവകാരികളോടു് ചേന്നു. തൊട്ടുതീററി ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കാനാണു് ബ്രിട്ടീഷ്കാരുടെ ദുരുദ്ദേശ-മെന്നു് പല അപഖ്യാതികളും ജനസാമാന്യത്തിൽ പരത്തി. അതുകൊണ്ടു് ഹിന്ദുക്കളും മുഹമ്മദീയരും ഒന്നുചേന്നു് ബ്രിട്ടീഷ്കാരെ എതിത്തു. ഇൻഡ്യ കൈ-വിട്ടുപോയക്കമോ എന്നു് അല്പകാലത്തേക്കു് ബ്രിട്ടീ-ഷ്കാക്കു് ഭയം തോന്നി. എങ്കിലും, അവരുടെ നയം കൊണ്ടു് ഹൈദരബാദിലെ നൈസാം, ഗ്വാളിയറിലെ സിൻഡ്യ, മുതലായ വമ്പരായ നാട്ടുരാജാക്കളും, സിക്കു-കാരും, ഗൂർഖാക്കാരും ബ്രിട്ടീഷു് പക്ഷത്തിൽ അണി നിരന്നു. അതിനോടുകൂടി ലഹളക്കാരുടെ ഉദ്യമം തുലഞ്ഞു. എങ്കിലും, അവർ അനവധി വെള്ളക്കാ-രായ ആണുങ്ങളെയും പെണ്ണുങ്ങളെയും കാൺപൂരിൽ വെച്ചു വെട്ടിക്കൊന്നു. ലക്നൗവിൽ നടന്ന ഉപ-രോധവും ദില്ലിയിൽവെച്ചുണ്ടായ മഹാകലഹവും

ബ്രിട്ടീഷ്കാരുടെ ധൈര്യത്തെയും സഹനശക്തിയെയും വേണ്ടുവോളം വെളിവാക്കി. ഔട്രാം എന്നും ഹാവ-ലാക്ക് എന്നും പേരായ സേനാധിപന്മാർ പ്രദർശി-പ്പിച്ച സാഹസം അന്യാദൃശമായിരുന്നു. പിന്നെ ഏറെ താമസം വേണ്ടിവന്നില്ല ശിപായിലഹള അട-ങ്ങാൻ. വെള്ളക്കാരെ ദ്രോഹിച്ചതിൽ ഇരട്ടി നാട്ടുകാർ സങ്കടം അനുഭവിക്കേണ്ടിവന്നു. അനവധി പേരെ വലിയ തോക്കിൻെറ മുമ്പിൽവെച്ചു വെള്ളക്കാർ ചുട്ടു. ചാലമരങ്ങളിൽ വളരെ പേരെ തൂക്കി. നീൽ എന്നു പേരായ ഒരു സേനാനായകൻ അലഹബാദിൽ നിന്നു കാൺപൂർവരെ വഴിയിൽ കണ്ടവരെ എല്ലാം കൊന്നു് വൃക്ഷങ്ങളിൽ തൂക്കി. അനവധി ഗ്രാമങ്ങൾ നാശം അണഞ്ഞു. പീഷ്വായുടെ വംശ്യജനായ നാനാസാ-ഹിബ്ബ് എന്ന ആൾ ചതിച്ചു് ഇംഗ്ലീഷ് പുരുഷന്മാ-രെയും സ്ത്രീകളെയും വധിച്ച നിമിത്തമാണു് ഇത്ര-മാത്രം വൈരനിര്യാതനം ഉണ്ടായതു്. ജാൻസിരാ-ജ്ഞിയായിരുന്ന ലക്ഷ്മീബായി ബ്രിട്ടീഷുകാരോടു ധീര-യായി പൊരുതി വീരസ്വർഗ്ഗം പ്രാപിച്ച കഥ ശത്രു-ക്കളെ പോലും അത്ഭുതപരതന്ത്രരാക്കി.

ഒരു വൻതരത്തിലുള്ള ലഹള നടക്കുമ്പോൾ ഇരുകൂട്ടരും പല അതിക്രമങ്ങളും നടത്തുന്നതു് ഒട്ടും അസാധാരണമല്ല. ഏതു് യുദ്ധത്തിലും അതു് ഇല്ലാ-തെവരില്ല. അതിനു് ആരേയും കുററം പറഞ്ഞിട്ടു് ആവശ്യമില്ല. കണ്ണും മൂക്കുമില്ലാതെ പ്രവർത്തിക്കു-മ്പോൾ ആരും എന്തും ചെയ്യും. പക്ഷെ,മുകില വംശജനായ ബഹദൂർഷായേയും അയാളുടെ രണ്ടു് പുത്രന്മാരെയും, ദില്ലിയിലേക്കു് കൊണ്ടുപോകുന്ന വഴി, ഹഡ്സൻ എന്ന ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥൻ വെടി-വെച്ചു് കൊന്നതു് കഠിനമായിപ്പോയി. അതോടുകൂടി ബേബറുടെയും അൿബറുടെയും വംശം അവസാനിച്ചു.

ശിപായിലഹള കഴിഞ്ഞതോടുകൂടി ഈസ്റ്റിൻഡ്യാ കമ്പനിയുടെ രാജ്യഭാരവും അവസാനിച്ചു. ബ്രിട്ടീഷ് ഗവമ്മെൻറ് നേരിട്ട് ഇൻഡ്യാഭരണം ഏററു. അന്ന് ഇംഗ്ലണ്ടിലെ രാജ്ഞിയായിരുന്ന വിക്ടോറിയ ചക്രവത്തിനി 'കൈസറിഹിൻഡു്' എന്ന സ്ഥാനപ്പേർ സ്വീകരിച്ചു. ഗവർണർ ജനറാൾ 'വൈസ്റായി'യായി ചമഞ്ഞു.

---

# അറുപത്തിഒമ്പതാം അദ്ധ്യായം

---

## ബ്രിട്ടീഷ്കാരുടെ ഇൻഡ്യാഭരണം.

ഇൻഡ്യ ബ്രിട്ടിഷുകാക്ക് സ്വാധീനമായ ശേഷം അവർ ഏപ്പെടുത്തിയ ഭരണരീതികളെയും ബ്രിട്ടിഷ് ഭരണസംബന്ധമായി നടന്ന അനവധി കാര്യങ്ങളെയും വിവരിക്കുന്ന പല ചരിത്രപുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെ പകത്തുകയോ ക്രോഡീകരിക്കയോ ചെയ്യേണ്ട ആവശ്യം ഇവിടെ ഇല്ല. പ്രത്യുത, അതുകൊണ്ട് ലോകാഭിവൃദ്ധിക്ക് ഉണ്ടായ ഗുണദോഷങ്ങളെ ചിന്തിക്കുന്നതാണ് നമ്മുടെ കൃത്യം. എത്ര ഗവണ്ണർ ജനറാളന്മാർ ഭരിച്ചു, ഓരോരുത്തരുടെ കാലത്ത് എന്തെല്ലാം സംഭവങ്ങൾ നടന്നു, എന്തെല്ലാം നിയമങ്ങളുണ്ടായി എന്നും മററുമുള്ള സംഗതികളെ സാധാരണ ഇൻഡ്യാചരിത്രപുസ്തകങ്ങൾ വിവരിക്കുന്നുണ്ട്. പുരാണകാലം മുതൽ പരിഷ്കൃതി സമ്പാദിച്ചും, ഏറിയ കാലം സമകാലീനങ്ങളായ നാട്ടുകളിൽ വെച്ച് പ്രാധാന്യം ലഭിച്ചും, ജ്ഞാനദീപത്തെ മറുദേശങ്ങളിൽ പ്രകാശിപ്പിച്ചും വമ്പത്തം നേടിയിരുന്ന ഭാരതഭൂമി, ഏറിയ നാൾ മുഹമ്മദീയരുടെ ഭരണത്തിൽ അടിപെട്ടു എങ്കിലും,

അന്നും വൈദുഷ്യത്തിലും കലാകുശലതയിലും ശ്രീമത്വ-ത്തിലും പരിഷ്കൃതസംസ്കാരങ്ങളിലും വാട്ടം തട്ടാതെ വളൎന്നു വരവേ, യൂറോപ്യന്മാർ പലരും ലക്ഷ്മീരംഗമാ-ണെന്നു് പേരു കേട്ട ആ മഹാരാജ്യത്തെ സന്ദർശിച്ചു്, അവിടെ കിട്ടുന്ന വിഭവങ്ങളെ വാങ്ങിക്കൊണ്ടുപോയി വ്യാപാരം ചെയ്തു് ധനം സമ്പാദിക്കാൻ പുറപ്പെട്ട കൂട്ടരിൽ ഒടുവിൽ വന്നു് ചേൎന്നവരാണു് ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാകമ്പനിക്കാർ. അവർ വ്യാപാരികളുടെ നില വിട്ടു് ഭരണാധികാരികളായപ്പോഴും, കച്ചോട-നോട്ടം അവരെ വെടിഞ്ഞില്ല. ആദികാലത്തു് മുഹമ്മ-ദീയരും ഇൻഡ്യയിൽ നിന്നു് ധാരാളം കൊള്ളയിട്ടു് കൊണ്ടുപോയി; എങ്കിലും, കുറെ കഴിഞ്ഞപ്പോൾ അവർ ഇൻഡ്യയെ സ്വരാജ്യമാക്കി ഭരിച്ചതുകൊണ്ടു്, ധനം മറുനാട്ടിലേക്കു് പോയില്ല. കമ്പനിക്കാർ കൊള്ളയൊന്നും ചെയ്തില്ല; എങ്കിലും, അവർ വ്യാപാരവ്യാജേന കൊണ്ടു-പോയ സ്വത്തിനു് കണക്കില്ല. സാധാരണമായി ക-ച്ചോടത്തിൽ പോക്കും വരവും ഉണ്ടായിരിക്കും. ഇവരുടെ കച്ചോടത്തിൽ പോക്കല്ലാതെ വരവില്ലായിരുന്നു. പ്ലാസ്സിയുദ്ധം കഴിഞ്ഞു് കമ്പനിക്കാർ നാട്ടിൽ നാഥ-ന്മാരായിത്തീൎന്ന ശേഷവും, ധനം ഇംഗ്ലണ്ടിലേക്കു് പോ-യതല്ലാതെ ഇൻഡ്യയിൽ തിരിച്ചു് വന്നില്ല. ഈ ധനം ഇംഗ്ലണ്ടിലെ വ്യവസായത്തെ വൎദ്ധിപ്പിച്ചു. ആദികാ-ലത്തു് ഇൻഡ്യയിലെ വിലയേറിയ സാമാനങ്ങൾ അല്പ ക്രയത്തിനു് വാങ്ങി യൂറോപ്പിൽ കൊണ്ടുപോയി നൂറി-രട്ടി വിലക്കു് വിററു് ലാഭം നേടിവന്നു. യന്ത്രശാലാ-വ്യവസായം ബ്രിട്ടനിൽ വൎദ്ധിച്ചപ്പോൾ, അസംസ്കൃത-സാധനങ്ങളെ അല്പവില കൊടുത്തു ശേഖരിക്കാനും, അവയെക്കൊണ്ടു് ഇംഗ്ലണ്ടിൽ നിൎമ്മിച്ചുവന്ന അന-വധി സാമാനങ്ങളെ നല്ല വിലയ്ക്കു് വിററഴിച്ചു് ലാഭം നേടാനും, ഉള്ള രംഗമായിത്തീൎന്നു ഭാരതഭൂമി. ഇങ്ങനെ

കച്ചോടക്കാരായിരുന്നപ്പോഴും ഭരണകർത്താക്കളായപ്പോഴും, ബ്രിട്ടണ് ലാഭവും ഇൻഡ്യക്ക് നഷ്ടവും ഉണ്ടായി. ധനനിയമങ്ങളെ ആദ്യമായി ഉപപാദിച്ച് ആ ശാസ്ത്രത്തിന്ന് ഇംഗ്ലണ്ടിൽ പിതൃസ്ഥാനംവഹിച്ച ആദംസ്മിത്ത് എന്ന പണ്ഡിതൻ പോലും ഈ സംഗതിയെ അക്കാലത്ത് കുറിച്ചിട്ടുണ്ട്. ധനവിഷയമായി ഇൻഡ്യക്കും ഇംഗ്ലണ്ടിനും തമ്മിലുള്ള പൊരുത്തക്കുറവ്, ശിപായിലഹള കഴിഞ്ഞു് അധിഭർത്തൃത്വം കമ്പനിയിൽനിന്ന് വിടുർത്തി ബ്രിട്ടീഷ് ഗവമ്മെൻറ് നേരിട്ട് ഏററതിന്റെ ശേഷവും, തുടരുക തന്നെ ചെയ്തു.

ഒരു കാലത്ത് ഇൻഡ്യയിൽ കൃഷിക്കുടാതെ പല നല്ല കൈത്തൊഴിലുകളും ധാരാളമായി നടന്നുവന്നു. ഇൻഡ്യയിൽ നെയ്ത തുണിത്തരങ്ങൾ ഏഷ്യയിലും യൂറോപ്പിലും ഉണ്ടായിരുന്ന കമ്പോളങ്ങളിൽ വളരെ പ്രിയപ്പെട്ടു് വിററഴിഞ്ഞുവന്നു. അതുപോലെ, വാളുകൾ, കത്തികൾ, ലോഹപാത്രങ്ങൾ, കണ്ണാടികൾ, മുതലായി അനേകം വേലത്തരങ്ങൾ വിരുതരായ പണിക്കാർ ഉണ്ടാക്കിവന്നവയെ, അഹമഹമികയോടെ വിദേശീയർ വാങ്ങി വന്നതിനാൽ, ഇൻഡ്യക്ക് ധനപുഷ്ടി വന്നിരുന്നു. നാലായിരം കൊല്ലം പഴക്കമുള്ള മിസ്രാദേശത്തുള്ള ശവങ്ങളെ ഇൻഡ്യൻ മൽമൽതുണി കൊണ്ടു് പൊതിഞ്ഞിരുന്നതു് ഇന്നു വെളിവായിരിക്കുന്നു! മഹമ്മദീയർ ആക്രമിച്ച് ഭാരതീയരെ കീഴ്പ്പെടുത്തിയിരുന്ന കാലത്തും, തൊഴിലാളികളുടെ കൗശലത്തിന്ന് ഹാനി തട്ടിയിരുന്നില്ല. നേരേ മറിച്ച്, അക്കബർ മുതലായ ചക്രവത്തികൾ അവരുടെ മേനിപ്പണികളെ പ്രോത്സാഹിപ്പിച്ചു. അതുകൊണ്ടാണല്ലോ, യൂറോപ്യന്മാർ ആദ്യം വന്നുകേറിയ കാലത്ത് നാട്ടുസാമാനങ്ങളുടെ ഗുണവും ഭംഗിയും കണ്ടു് ഭ്രമിച്ച്, തുണിത്തരങ്ങളും, പട്ടുകളും, കസവുസാമാനങ്ങളും,

ന്നിരാളങ്ങളും, കംബളങ്ങളും മററും വാങ്ങി യൂറോപ്പിൽ കൊണ്ടുപോകാൻ ഇടവന്നതു്. തുണിനെയ്ത്തിലായിരുന്നു ഭാരതീയരുടെ പ്രത്യേക സാമർത്ഥ്യം. പഞ്ഞിയും, പട്ടും, രോമവും കൊണ്ടു് ഉണ്ടാക്കിയ സാമാനങ്ങൾ അസമാനങ്ങളായിരുന്നു. ഓരോ ഗ്രാമത്തിലും അനേകം തറികൾ ഇട്ടു വേല ചെയ്തുവന്നു. സ്ത്രീകളായിരുന്നു വേലക്കാർ അധികം. നെയ്ത്തു് പ്രധാനമായ ഒരു ഗ്രാമീണകൈത്തൊഴിലായിരുന്നു. യൂറോപ്പ്, ചീന, ജപ്പാൻ, ബർമ്മ, അറേബ്യ, പർസ്യ, ആഫ്രിക്ക എന്നീ ദേശങ്ങളിലെല്ലാം ഇൻഡ്യൻ തുണിച്ചരക്കുകൾ പരന്നു. ബങ്കാളത്തു് ഉണ്ടാക്കിവന്ന സാമാനങ്ങൾ കണ്ടു് ബ്രിട്ടീഷുകാർ മയങ്ങിപ്പോയി. പ്ലാസിയുദ്ധം നടന്ന കാലത്തു് സേനാനായകനായിരുന്ന ക്ലൈവു്, മൂർഷിദബാദു് നഗരത്തിന്റെ വിഭവം കണ്ടിട്ടു് ലണ്ടൻപട്ടണത്തെപ്പോലും ജയിക്കത്തക്കതാണെന്നു് പറഞ്ഞിരുന്നു. ഡാക്കായിലുണ്ടാക്കിവന്ന മസ്ലീൻ തുണിക്കു് സമാനം ഒരിടത്തും ഉണ്ടായിട്ടില്ല.

അക്കാലത്തു് കൃഷീവലവൃത്തി പ്രധാനമായിരുന്നെങ്കിലും, കൈത്തൊഴിലുകൾ നല്ല ആദായമാർഗ്ഗമായിരുന്നു. പാരമ്പര്യക്രമത്തിനു് സിദ്ധിച്ച വാസന നിമിത്തം പണിത്തരങ്ങളുടെ ഭംഗിയും ഉറപ്പും കൂടിവന്നു. ഗ്രാമവാസികൾ കൃഷിക്കാരും, നഗരവാസികൾ തൊഴിലാളികളുമായി. പട്ടണങ്ങളിൽ തൊഴിലാളികൾ സംഘങ്ങളായി ചേർന്നു് ഒരു മാതിരി വൻതരം വ്യവസായശാലകൾ ഉത്ഭവിച്ചവയിൽ പലർക്കും ജോലി കിട്ടി. കുടിയാനവന്മാരും വ്യവസായികളും ഗ്രാമങ്ങളെയും പട്ടണങ്ങളെയും സുഭിക്ഷങ്ങളാക്കി. ധനം വർദ്ധിച്ചു. മുതലാളികൾ തൊഴിലാളകൾക്കു് വേണ്ടുന്ന അസംസ്കൃത സാധനങ്ങളെ ശേഖരിച്ചു കൊടുത്തു് ധനവാന്മാരായി. ആദികാലത്തു് ഈ തൊഴിലിളികളെ

ബ്രിട്ടീഷ് കമ്പനിക്കാർ സഹായിച്ചു. എന്തെന്നാൽ അവർ ഉണ്ടാക്കിക്കൊടുത്ത സാധനങ്ങൾക്ക് യൂറോപ്പിൽ നല്ല വില കിട്ടി. അപ്പോൾ ഇൻഡ്യക്കും യൂറോപ്പിനും ഒന്നുപോലെ ഗുണം സിദ്ധിച്ചു.

യന്ത്രവേല ഇംഗ്ലണ്ടിൽ ഏർപ്പെട്ടപ്പോൾ മട്ടു് മാറി. അവിടെ ധാരാളം സാധനങ്ങൾ ഉണ്ടായിത്തുടങ്ങി. ഇൻഡ്യൻ സാമാനങ്ങൾ വന്നുചേർന്നാൽ, അത്ര എളുപ്പം അവയെ വിററഴിക്കാൻ തരമില്ലെന്നു് കണ്ടു്, ഇംഗ്ലണ്ടിലെ മുതലാളിമാർ ഗവമ്മെന്റിനോടു് ശുപാശ്ചെയ്തു്, ഇംഗ്ലണ്ടിൽ ഇറക്കുമതി ചെയ്യുന്ന സാമാനങ്ങൾക്കു് ചുങ്കം ഏർപ്പെടുത്തി. എന്നുമാത്രമല്ല, ചില ഇൻഡ്യൻ ചരക്കുകൾ ഇംഗ്ലണ്ടിൽ ഇറക്കുമതി ചെയ്തുകൂടാ എന്നും ചട്ടമുണ്ടാക്കി. നേരേ മറിച്ചു്, ഇംഗ്ലീഷ് സാമാനങ്ങൾ ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്നതിനു് യാതൊരു ചുങ്കവും ഇല്ലായിരുന്നു. ഇതു കൊണ്ടും ഇൻഡ്യൻ വ്യവസായത്തിനു് വലിയ ഹാനി പററുകയില്ലായിരുന്നു. ഇംഗ്ലണ്ടിൽ ഒഴിച്ചുള്ള നാട്ടുകളിൽ കൊണ്ടുപോയി ഇൻഡ്യൻ സാമാനങ്ങളെ വിററഴിക്കാമായിരുന്നു. അതിനും നിവ്വാഹമില്ലാതെ, ഇൻഡ്യൻ തൊഴിലാളികളും വേലക്കാരും കമ്പനിശാലകളിൽ പണി എടുക്കണമെന്നു നിർബ്ബന്ധിക്കയും, ഇൻഡ്യൻ ചരക്കുകൾ ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേക്കു് നാട്ടിനുള്ളിൽപോലും കൊണ്ടുപോകുന്നതിനു് തീരുവ തീക്കണമെന്നു ചട്ടം ഉണ്ടാക്കയും ചെയ്തു. അപ്പോൾ ഇൻഡ്യൻ കൈത്തൊഴിലുകൾ നശിക്കയല്ലാതെ നിവ്വാഹമില്ലല്ലോ. യന്ത്രവേലകൾകൊണ്ടു് ഇംഗ്ലണ്ടിൽ തുണിത്തരങ്ങൾ ഉണ്ടാക്കിത്തുടങ്ങിട്ടുപോലും, ഇൻഡ്യൻ ചരക്കുകൾ ഇംഗ്ലണ്ടിൽ ലാഭത്തിനു് വിററുവന്നതുകൊണ്ടു്, ഇൻഡ്യൻ വ്യവസായം അന്നു് എത്രത്തോളം വദ്ധിച്ചിരുന്നു എന്നു്

ഊഹിക്കാം. അതിനെ തട്ടക്കാൻ ന്തറഹിന്ന് എൺപതു വീതം ചുങ്കം ഏൎപ്പെട്ടത്തേണ്ടി വന്നു! ഇംഗ്ലണ്ടിൽ ഏൎപ്പെട്ടതു പോലെ അന്ന് ഇൻഡ്ധ്യയിലും യന്ത്രവേല സ്ഥാപിച്ചിരുന്നെങ്കിൽ, ഇൻഡ്ധ്യ നല്ലൊരു വ്യവസായാഭിവൃദ്ധമായ രാജ്യമാകുമായിരുന്നു. അപ്പോൾ ബ്രിട്ടീഷ് മുതലാളികൾക്ക് ഒരിക്കലും മത്സരിക്കാൻ സാധ്യമല്ലാതെ വരുമായിരുന്നു. അതു് ഉണ്ടായില്ല.

ഇൻഡ്ധ്യയിൽ ആദ്യമായി നശിച്ച പ്രധാന വ്യവസായം നെയ്ത്തായിരുന്നു. ലോഹവേല, കപ്പൽപ്പണി, സ്ഫടികവേല, കടലാസുവേല ഇങ്ങനെ ഓരോന്നായി ക്രമേണ ക്ഷയിച്ചു. അതിനതിന്ന് ബ്രിട്ടീഷ് സാമാനങ്ങൾ തുറമുഖങ്ങളിൽക്കൂടി ഉൾനാട്ടിലേക്ക് കടന്നു. രാജപാതകളും, എടറോഡുകളും തീൎന്നു; തീവണ്ടി നടപ്പായപ്പോൾ അവയുടെ ആവേശം കണക്കില്ലാതെ വൎദ്ധിച്ചു.

നാട്ടിലെ കൈത്തൊഴിലുകൾ പോയതുതന്നെ വലുതായ നഷ്ടമായി. അതിലേറെ ഭയാനകമായിത്തീൎന്ന മറെറാരു സംഗതി അതിൽനിന്ന് ഉത്ഭവിച്ചു. തൊഴിലാളികൾക്ക് വേല ഇല്ലാതെ ആയപ്പോൾ അവരുടെ സ്ഥിതി എന്തായി? ആഹാരസമ്പാദനത്തിന്ന് മാൎഗ്ഗാന്തരം തേടാതെ തരമില്ലെന്നായി. യൂറോപ്യൻ രാജ്യങ്ങളിൽ യന്ത്രവേല നടപ്പായപ്പോൾ, അവിടെയും തൊഴിലാളികൾക്ക് ഈ നിരാലംബാവസ്ഥ നേരിട്ടു. പക്ഷേ, അചിരേണ അവൎക്ക് യന്ത്രശാലകളിൽ വേല കിട്ടി. ഇൻഡ്ധ്യൻ തൊഴിലാളികൾക്ക് അതിന്ന വഴിയില്ലാതെ ആയപ്പോൾ, തിരിയെ കൃഷിക്ക് ഇറങ്ങാനല്ലാതെ തരമില്ലെന്നായി. കൃഷിയോ? ആൾപ്പെരുപ്പംകൊണ്ടും വിളഭൂമിയുടെ ദൗൎല്ലഭ്യം കൊണ്ടും വരുത്തരെ വെറുത്തു. ഈ വേലയില്ലാത്തൊഴിലാളികൾ തിണ്ടാടി പട്ടിണികിടന്ന് അനേകം

എണ്ണം കാലഗതിയെ പ്രാപിച്ചിരിക്കണം. തൊഴിലാളികളുടെ കഷ്ടത അനിവാര്യമാണെന്നും, നെയ്ത്തുകാരുടെയും ചാലിയന്മാരുടെയും അനവധി പ്രേതം മൈതാനപ്രദേശങ്ങളിൽ കിടന്നു ദ്രവിക്കുന്നു എന്നും ഗവർണർ ജനറാൾപോലും നവമ്പർ—ൽ അന്നത്തെ കമ്പനി ഡയറക്ടന്മാർക്കു് റിപ്പോർട്ടു ചെയ്തിരുന്നു!

എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ജനങ്ങൾ ഗ്രാമങ്ങളിൽനിന്നു് പട്ടണങ്ങളിലേക്കു് കുടിയേറുകയാണു് പതിവു്. ഇൻഡ്യയിൽ വ്യവസായനാശം നിമിത്തം പട്ടണങ്ങളിൽനിന്നു് ഗ്രാമങ്ങളിലേക്കു് ആളുകൾ പാഞ്ഞു് കയറി തുടങ്ങി. അവിടെ കൃഷിസ്ഥലങ്ങൾ പങ്കിട്ടു്, യഥാകഥഞ്ചിൽ ജനങ്ങൾ ഉപജീവിക്കാൻ തുടങ്ങി. കൃഷി അല്ലാതെ വേറെ തൊഴിൽ ഇല്ലാതായി. അതിൽനിന്നു് കിട്ടുന്നതുകൊണ്ടു് പകുതി വയർ നിറയ്ക്കാൻ കഴിയുകയില്ല. പോരാത്തതിനു്, കൃഷിക്കു് മുതൽ ഉണ്ടിയൽകാരരോട്ടു് കടം വാങ്ങണം. അവർ മൂക്കററം പലിശ ചാർത്തി, ഉണ്ടായിരുന്ന ഭൂമിയെ പോലും പണയത്തിലാക്കി. ഇതാണു് ഇൻഡ്യാക്കാരുടെ ദാരിദ്ര്യത്തിനു് നിദാനം. ജനപ്പെരുക്കംകൊണ്ടാണു് ദാരിദ്ര്യം വന്നതു് എന്നൊരു വാദമുണ്ടു്. ഇൻഡ്യയിൽ ജനസംഖ്യ വർദ്ധിക്കുന്നുണ്ടു്, ശരിതന്നെ. അതു് മററു് രാജ്യങ്ങളിലുമുണ്ടു്. അവിടെ എങ്ങും ദാരിദ്ര്യം ഇല്ലാതെ, ഇൻഡ്യയിൽ മാത്രം അതു വരാനുള്ള മുഖ്യകാരണം, കൃഷിയല്ലാതെ മറെറാരു തൊഴിലും ഇല്ലെന്നുള്ളതാകുന്നു. വ്യത്യന്തരങ്ങളും തൊഴിലുകളും വർദ്ധിച്ചെങ്കിൽ മാത്രമേ ദാരിദ്ര്യപരിഹാരം ഇൻഡ്യക്കു് സിദ്ധിക്കയുള്ളു.

ബ്രിട്ടീഷ്കാരുടെ ആധിപത്യം ആരംഭിച്ച കാലത്തു്, ഇൻഡ്യയിൽ ഗ്രാമപഞ്ചായത്തുകൾ പ്രാബല്യത്തിൽ ഇരുന്നു. ഈ പഞ്ചായത്തുകൾ ചെറിയ ചെറിയ സ്വയംഭരണ കേന്ദ്രങ്ങളായിരുന്നു. ഗ്രാമങ്ങ-

ളിലുള്ള സകല കാൎയ്യങ്ങളിലും പഞ്ചായത്തുകാരുടെ അധികാരം അനിഷേധ്യമായിരുന്നു. ഇതരസഹായം കൂടാതെ അവർ കാലക്ഷേപം നടത്തി. സ്വസന്തുഷ്ട-മായ ഗ്രാമജീവിതം നല്ലതുതന്നെ; എങ്കിലും, അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ മററുള്ളവരുമായുള്ള സമ്പൎക്കം ഒഴിച്ചു കൂടാവതല്ല. എന്നുമാത്രമല്ല, അന്യരുമായി ഇടപെട്ടെങ്കിലല്ലാതെ, സ്വാൎത്ഥപരമായ വർഗീയത്വം ഒഴിഞ്ഞു് പോകയില്ല. ഗ്രാമീണന്മാർ അപരിഷ്കൃതരും അന്ധവിശ്വാസികളുമായിത്തീരുന്നതു് ഇതരസംസൎഗ്ഗം ഇല്ലാത്തതുകൊണ്ടാകുന്നു. ഗ്രാമങ്ങൾ തമ്മിൽ ബന്ധ-മില്ലാതെ വരുന്നതിനു് ഗതാഗതമാൎഗ്ഗങ്ങളുടെ ചുരു-ക്കവും പണ്ടു് പ്രധാനകാരണമായിട്ടുണ്ടു്. നദികളും തോടുകളുമായിരുന്നു മുൻകാലത്തുള്ള പെരുവഴികൾ. അതാണു് മുമ്പുള്ള കാലങ്ങളിൽ പട്ടണങ്ങളും, കുടി-പാൎപ്പുകളും പുഴക്കരകളിൽ ഉണ്ടായി വന്നതു്. ബ്രിട്ടീ-ഷ്കാരുടെ ആദിഭരണകാലത്തു് അധികം റോഡുകൾ ഉണ്ടായില്ല. പിന്നെ അസംസ്കൃത സാധനങ്ങളെ ശേഖരപ്പെടുത്തുന്നതിനും, പട്ടാളങ്ങളെ സഞ്ചരിപ്പിക്കു-ന്നതിനുമായി, രാജപാതകളും, ബോംബേ, കൽക്കട്ടെ, മദ്രാസ്, കറാച്ചി മുതലായ തുറമുഖപട്ടണങ്ങളും ഉണ്ടായി. ഈ പട്ടണങ്ങളിൽകൂടിയാണു് ഇൻഡ്യയിൽ നിന്നു് കിട്ടിയ ചരക്കുകളെ സ്വന്തനാട്ടിൽ വെള്ളക്കാർ അയച്ചതും, ബ്രിട്ടീഷ് സാമാനങ്ങളെ ഇഡ്യയിൽകൊ-ണ്ടുവന്നിറക്കിയതും. ഈ പട്ടണങ്ങൾ വ്യാപാരകേന്ദ്ര-ങ്ങളായിത്തീൎന്നതല്ലാതെ, ലിവർപൂൾ, മാഞ്ചസ്റ്റർ, ഷെഫ്ഫീൽഡ്, ബൎമ്മിങ്ങാം മുതലായ ഇംഗ്ലീഷു് പട്ട-ണങ്ങളെ പോലെ വ്യവസായാഭിവൃദ്ധികൊണ്ടു് ഉദി-ച്ചവയല്ല. ക്രമേണ സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങ-ളായും, സാമാനസംഭരണത്തിനുള്ള കമ്പോളങ്ങളായും ഉൾനാടുകളിൽ പല പട്ടണങ്ങളും ഉണ്ടായി. അവയെ

ആദ്യം രാജപാതകളെക്കൊണ്ടും, പ്രവൃദ്ധ മുതൽ തീവണ്ടിപ്പാതകളിട്ടും സംഘടിപ്പിച്ചു.

ഗതാഗതമാർഗ്ഗങ്ങൾ അധികരിച്ചപ്പോൾ ഗ്രാമപഞ്ചായത്തുകൾ ക്രമേണ ക്ഷയിച്ചു. വേർതിരിഞ്ഞ ജീവിതം അവക്ക് പോയി. മററുള്ളവരുടെ സുഖദുഃഖങ്ങൾ തങ്ങളെയും ബാധിച്ചു. ഒരു ദിക്കിലെ ക്ഷാമം മററു ഗ്രാമങ്ങളിലും തട്ടി. ഒരിടത്തെ വിലവ്യത്യാസം അടുത്ത ഗ്രാമങ്ങളിൽ വ്യാപിച്ചു. മറുനാട്ടുകളിലെ വിലകൾ തന്നാട്ടുകാർ ഗൗനിക്കാതെ തരമില്ലെന്നു വന്നു. അമേരിക്കയിലും യൂറോപ്പിലുമുള്ള ധാന്യവില ഇൻഡ്യയെ ബാധിച്ചു. ഒരു ഗ്രാമത്തിൽ കൃഷിചെയ്തുണ്ടാക്കിയ ഭക്ഷണസാധനങ്ങൾ ആ ഗ്രാമക്കാക്ക് പണ്ട് ഉതകിയതിനു പകരം, ലോകമാസകലമുള്ള കമ്പോളച്ചരക്കുകളായി. അതുകൊണ്ട് എന്തു വന്നു? മറുനാട്ടിലെ സാധനനിർമ്മാണവും വിതരണവും അനുസരിച്ച് വിലയ്ക്കു കുറവും കൂടുതലും വരുമെന്നായി. ചെഴിപ്പും, ദാരിദ്ര്യവും ഒരു ദിക്കിൽ തങ്ങിയില്ല. ഇങ്ങനെ വരുമ്പോൾ ക്ഷാമം വരാൻ പ്രയാസമാണെന്നല്ലേ നമുക്ക് തോന്നുക? ഒരു ദിക്കിൽ അല്ലെങ്കിൽ മറെറാരു ദിക്കിൽ വിളയുമല്ലൊ. അങ്ങനെയല്ല സംഭവിച്ചതു്. ക്ഷാമം അധികപ്പെട്ടുകയാണ് ഉണ്ടായതു്. എന്താണെന്നു പറയാം. ഭക്ഷണസാധനങ്ങൾ ചെഴിച്ചിരിക്കുമ്പോഴും ക്ഷാമം ഉണ്ടാകുന്നതിന്ന് കാരണം, അവയെ വാങ്ങാനുള്ള ധനമില്ലാത്തതാകുന്നു. പണ്ട് കൃഷിപ്പിഴകൾകൊണ്ടു് ക്ഷാമം നേരിടുമ്പോൾ മറുദേശങ്ങളിൽ നിന്നു് ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവരാൻ മാർഗ്ഗമില്ലാതിരുന്നു; ഇന്നു് മാർഗ്ഗങ്ങളുണ്ടായപ്പോൾ അവയെ വാങ്ങാൻ കാശില്ലെന്നായി. അതുകൊണ്ടു്, ഇപ്പൊഴുള്ള ക്ഷാമങ്ങൾ സാധനദുർഭിക്ഷം കൊണ്ടല്ല, ധനക്കുറവു

കൊണ്ടു് ഉണ്ടാകുന്നവയാകുന്നു. പണ്ടു് കൃഷി പിഴച്ചാൽ കൈത്തൊഴിൽകൊണ്ടു് ധനം നേടിവന്നു. അതില്ലാതായപ്പോൾ അരി വാങ്ങാൻ കാശില്ലാതായി. ഇക്കഴിഞ്ഞ അഞ്ചാറുകൊല്ലമായി കുടിയാനവന്മാർ അനുഭവിക്കുന്ന ദരിദ്രാവസ്ഥയുടെ മൂലം ഇതാകുന്നു.

കൃഷികൊണ്ടുമാത്രം ആദായം ഉണ്ടാക്കി കാലക്ഷേപം ചെയ്യുന്നവരുടെ സങ്കടങ്ങളാണു മുമ്പിൽ വിവരിച്ചതു്. ഭൂസ്വത്തുഭരണത്തിന്റെ സമ്പ്രദായഭേദംകൊണ്ടു് ഈ സങ്കടങ്ങൾ ഒന്നുകൂടി വൎദ്ധിക്കാമെന്നുള്ള സംഗതികൂടി ഇവിടെ പ്രസ്താവ്യമാണു്. ബ്രിട്ടീഷു്കാർ ഏൎപ്പെടുത്തിയ ഭൂഭരണരീതികൊണ്ടു് കൃഷീവലന്മാർ ഒന്നാകെ ചിരട്ട എടുത്തു. പണ്ടേക്കാലത്തു് ഭൂമി ധാരാളവും ആൾ ചുരുക്കവും ആയിരുന്നു. അന്നു് രാജ്യത്തിലെ ഭൂമി പണ്ടാരവകയായി ഗണിച്ചു് കൃഷിക്കാരനോടു നേരിട്ടു് സൎക്കാർ ഷഷ്ഠാംശം കരമായി പിരിച്ചുവന്നു. അതുപോയി, ഇറയിലി ഏൎപ്പാടു നടപ്പായപ്പോൾ, ദേശാധിപന്മാരായ പ്രഭുക്കൾ കുടിയാന്മാരുടെ കരംപിരിവുകാരായിത്തീൎന്നു. അന്നും കുടിയാനവനു് ആറിലൊന്നോ എട്ടിലൊന്നോ പ്രഭുവിനു കൊടുത്താൽ, വസ്തു സ്വന്തമായി അനുഭവിക്കാമായിരുന്നു. ദേശാധിപന്മാർ രാജാവിനു് കപ്പം കൊടുത്തുവന്നു. ബ്രിട്ടീഷ് കമ്പനിക്കാർ കച്ചോടക്കാരുടെ നില വിട്ടു്, രാജ്യഭരണത്തിൽ കൈകടത്തിത്തുടങ്ങിയതു്, ഡില്ലിപാഷായുടെ കരംപിരിവുകാരായിട്ടാണു്. അൿബർചക്രവൎത്തിയുടെ കാലത്തു് പ്രസിദ്ധനായ രാജാതോഡർമൽ കണ്ടെഴുത്തു് നടത്തിയപ്പോൾ, കുടിയാനവന്മാർ വിളവിൽ മൂന്നിലൊരു ഭാഗം സൎക്കാരിനു് കൊടുക്കണമെന്നും, അതു സാധനമായോ കാശായോ കുടിയാന്മാരുടെ ശക്തിപോലെ കൊടുക്കാമെന്നും നിശ്ചയിച്ചു. ഒരു ഗ്രാമത്തിലെ കരം

മുഴക്കെ പഞ്ചായത്തുകാർ വസൂൽ ചെയ്തുകൊടുക്കാനും ഏർപ്പാടുണ്ടായിരുന്നു. മുകിലസാമ്രാജ്യത്തിൻെറ ശക്തി ക്ഷയിച്ചപ്പോറം, കേന്ദ്രഗവൺമെൻറിനു് കരം പിരിക്കാൻ പ്രയാസമായി. അപ്പോറം കുത്തകയ്ക്കു് കരംപിരിവു-കാരെ ഏർപ്പെടുത്തി. ആക്കൂട്ടത്തിലാണു് ബ്രിട്ടീഷ് കമ്പനി ബങ്കാറം സംസ്ഥാനത്തിലെ കരംപിരിവുകു-ത്തക, അതായതു "ദിവാണി" അവകാശം, ൧൭൬൫-ൽ മുകിലചക്രവത്തിയോടു് വാങ്ങിയതു്. അന്നു മുതൽ കമ്പനി മുകിലചക്രവത്തിയുടെ ദിവാൻ ആയി. ഇതു കേവലം ഒരു ഛലം മാത്രം. സത്യത്തിൽ അതിനു് എട്ടുകൊല്ലം മുമ്പു് പ്ലാസ്സിയുദ്ധം ജയിച്ചപ്പോറംതന്നെ ചക്രവത്തിയുടെ ആധിപത്യം അസ്തമിച്ചു് കമ്പനി ബംഗാളിലെ നാഥരായിക്കഴിഞ്ഞു.

കമ്പനിക്കാർ കുത്തകയായി കരം പിരിച്ചപ്പോറം അവർ എന്തു് ചെയ്തു? കീഴ്ക്കുത്തകക്കാരെ ഏർപ്പെടുത്തി. ഈ കീഴ്ക്കുത്തകക്കാർ ജമീദാരന്മാരും താലൂ-ക്ക്ദാരന്മാരുമായി ചമഞ്ഞു. കുത്തക ഏർപ്പാടിൻെറ പ്രധാന ദൂഷ്യം, മത്സരംകൊണ്ടു് കൂടുതൽ തുകയ്ക്കു് ലേലം പിടിക്കുന്നവർ കീഴിലുള്ളവരെ ഞെരുക്കി എത്രയും കൂടുതലായ ലാഭം നേടാമോ അത്രയും അവ-രോടു് ഈടാക്കുന്നതാകുന്നു. കമ്പനിക്കാർ കൂടുതൽ ലാഭത്തിനു് കീഴ്ക്കുത്തക കൊടുത്തു. കീഴ്കുത്തക ഏററ ജമീദാർ ഇടലാഭം കൂടുതൽ കിട്ടത്തക്കവണ്ണം കുടിയാനു് കൊടുത്തു. ഇങ്ങനെ ഓരോ പതനത്തിലും പാട്ടസംഖ്യ വദ്ധിച്ചുവന്നു. ഒടുവിൽ നഷ്ടമെല്ലാം സഹിക്കേണ്ടിവന്നതു് പാവപ്പെട്ട കൃഷിക്കാരനായി. രാപ്പകൽ കലപ്പ എടുത്തു് കൃഷി ചെയ്യുന്നവനു് കിട്ടുന്ന അംശം അല്പം; ഒന്നും ചെയ്യാതെ എടനില്ക്കുന്നവക്കു് സിംഹഭാഗം. ഈ ജമീദാർ ഏർപ്പാടു് പ്രധാനമായി

ബംഗാളിലും, ബിഹാറിലും, ഐക്യസംസ്ഥാനങ്ങളിലുമാണു് കാണുന്നതു്. മററുള്ള സംസ്ഥാനങ്ങളിലും ആ പേരുള്ളവർ ഉണ്ടെങ്കിലും അവർ ഇടനിലക്കാരല്ല, ഉടമസ്ഥന്മാരാണു്. പഞ്ചാബിലുള്ള ജമീദാരന്മാരും കേരളദേശത്തുള്ള ജന്മികളും പ്രഭുക്കളാണെങ്കിലും, കുടിയാന്മാർ കരം സക്കാരിനു് നേരിട്ടാണു് കൊടുക്കുന്നതു്; പ്രഭുക്കൾ ഇടനില നിന്നല്ല.

കമ്പനിക്കാർ 'ദിവാണി' വാങ്ങി നാലു കൊല്ലം കഴിയും മുമ്പെ, ൧൭൭൦-ൽ ബംഗാളിൽ ഭയങ്കരമായ ക്ഷാമം ഉണ്ടായി. എന്നിട്ടും കരംപിരിവിനു് കുറവുണ്ടായില്ല. ലക്ഷണക്കണക്കിനു് ബംഗാളത്തെ ജനങ്ങൾ പട്ടിണി കിടന്നു് ചത്തു. ഇങ്ങനെ നിർദ്ദാക്ഷിണ്യമായി ഇരുപതു് കൊല്ലം കമ്പനിക്കാരുടെ കരം പിരിവു കഴിഞ്ഞപ്പോൾ, അന്നത്തെ ഗവർണർ ജനറാളായിരുന്ന കറൺവാലീസു് പ്രഭുവിനു് ബംഗാൾ കുടിയാന്മാരുടെ കഷ്ടസ്ഥിതി ബോധപ്പെട്ടു. ഇംഗ്ലണ്ടിൽ അദ്ദേഹം ഒരു വലിയ ജന്മിപ്രഭു ആയിരുന്നു. അതുപോലെ, ഇൻഡ്യയിലും കരം പിരിക്കുന്ന കുത്തകക്കാർ എന്നുള്ള നില വിട്ടു്, ജമീദാരന്മാരെ ജന്മിപ്രഭുക്കളാക്കി. കുടിയാന്മാരുടെ രക്ഷാകത്തൃത്വത്തിനു് അവക്കു് സ്വാതന്ത്ര്യം കൊടുത്താൽ നാട്ടുകാരെ രക്ഷിക്കുമെന്നു് കരുതി,അപ്രകാരം ബ്രിട്ടീഷ് ഗവമ്മെന്റുമായി അദ്ദേഹം എഴുത്തുകുത്തു് നടത്തി തീരുമാനിച്ചു. അതിൻപ്രകാരം ജമീദാരന്മാർ ഒരു സ്ഥിരസംഖ്യ സക്കാരിൽ കിസ്തി അടച്ചാൽ മതി എന്നു് കൂടി നിശ്ചയം ചെയ്തു. ൧൭൯൩-ൽ നടത്തിയ ഈ നിശ്ചയത്തിനാണു് "സ്ഥിരക്കണ്ടെഴുത്തു്" എന്ന പേർ സിദ്ധിച്ചതു്. ബംഗാളും ബിഹാറും സംസ്ഥാനങ്ങളെ മാത്രമേ ഈ സ്ഥിരക്കണ്ടെഴുത്തു് ബന്ധിച്ചുള്ളു. ഈ സ്ഥിരക്കണ്ടെഴുത്തിൻപ്രകാരം ജമീദാരന്മാരായ, പ്രഭുക്കന്മാർ

ബ്രിട്ടീഷ്കാരുടെ വിശ്വാമിത്രസൃഷ്ടികളായിത്തീൎന്നു. സ്ഥിരക്കണ്ടെഴുത്തുകൊണ്ട് ഉദ്ദേശിച്ചിരുന്ന ഗുണം കിട്ടിയില്ലെന്നു മാത്രമല്ല, കീശന്മാൎക്കു (കുടിയാന്മാർ) സങ്കടം ഇരട്ടിക്കയും ചെയ്തു. പ്രഭുക്കന്മാൎക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ, അവർ എന്തു് പിരിച്ചാലും ചോദ്യമില്ലെന്നായി. ഈ ദോഷവും, സൎക്കാരിലേക്ക് മുപ്പതു വൎഷത്തിലൊരിക്കൽ കണ്ടെഴുത്തു് പുതുപ്പിച്ചു് കിട്ടുന്ന കൂടുതൽ കരത്തിൻെറ നഷ്ടവും കണ്ടിട്ടു്, സ്ഥിരക്കണ്ടെഴുത്തു് മറുസംസ്ഥാനങ്ങളിൽ ബ്രിട്ടീഷ്കാർ ഏൎപ്പെടുത്തിയില്ല. കുടിയാന്മാരോടു് നേരിട്ടുതന്നെ കരം പിരിച്ചു. കരം പിരിവിൽ ബ്രിട്ടീഷ്കാർ വളരെ കണിശക്കാരാണു്. കുടിശ്ശിക വന്നാൽ ഉടനെ നടവടി നടത്തി ഈടാക്കും. അല്ലെങ്കിൽ വസ്തു ഒഴിപ്പിക്കും. കളക്ടറന്മാൎക്കുള്ള മുഖ്യജോലി കിസ്തി വസൂൽ ചെയ്കയാണു്. സാധു കുടിയാന്മാൎക്കു് നികുതി താങ്ങാൻ ശേഷിയില്ലാതെ കഷ്ടപ്പാടും ദാരിദ്ര്യവും ധാരാളമുണ്ടായി.

ബങ്കാളിൽ നീലം, ആസാം മുതലായ ദേശങ്ങളിൽ കാപ്പിയും തേയിലയും, നീലഗിരി മുതലായ കുന്നുകളിൽ കൎപ്പൂരമരം, ഏലമലകളിൽ ഏലം, സമീപകാലത്തു് റബ്ബർ, മുതലായി പല വൻതരം തോട്ടകൃഷികൾ യൂറോപ്യൻ കമ്പനിക്കാർ നടത്തി വരുന്നതു് നമുക്കു് സുപരിചിതമാണല്ലോ. ആദ്യം ബങ്കാളത്തു് നീലഅമരിക്കൃഷി വളരെ ആദായകരമായിരുന്നു. അതിനു് ഇംഗ്ലീഷു് മുതലാളികൾ, വൻതോട്ടങ്ങൾ ആരംഭിച്ചു് അനേകം കൂലിവേലക്കാരെ നാട്ടുകാരിൽ നിന്നു് ശേഖരിച്ചു് അവിടെ പാൎപ്പിച്ചു. കങ്കാണികൾ അനവധി പേരെ ഇങ്ങനെ പിടിച്ചുകൊണ്ടുപോയി തോട്ടവേലക്കു് ഏൎപ്പെടുത്തിവന്നു. വേലക്കാൎക്കു് മുമ്പേരായി അല്പം എന്തെങ്കിലും കൊടുത്തു്, അവരെക്കൊണ്ടു് ഇത്രകാലം വേല ചെയ്തുകൊള്ളാമെന്നു്

കൈച്ചീട്ടു് എഴുതി വയ്പിച്ചു. ഇങ്ങനെ ഉടമ്പെട്ട വേലക്കാർ വാസ്തവത്തിൽ തോട്ടക്കാരുടെ അടിമകളായിത്തീൎന്നു. അവൎക്കു് മററു വേലയ്ക്കു് പൊയ്ക്കൂടായിരുന്നു. നീലത്തോട്ടക്കാർ ഇങ്ങനെ നിൎബന്ധിച്ചതിൽ പല വഴക്കുകളും അന്നു് ബങ്കാളത്തു നടന്നു. അവയിലെല്ലാം ദോഷപ്പെട്ടതു് വേലക്കാരാണു്. മുള്ളു ചെന്നു് ഇലയിൽ വീണാലും ഇല ചെന്നു മുള്ളിൽ വീണാലും ഇലക്കു് തന്നെ കേടു് പററുമല്ലോ.

ഭൂഭരണത്തിന്റെ കക്കശതകൊണ്ടും, ജന്മിപ്രഭുക്കന്മാരുടെ ദുരാഗ്രഹംകൊണ്ടും, കരം പിരിവിലുള്ള കണിശ നടവടികൾകൊണ്ടും, ഉണ്ടിയൽ കടക്കാരുടെ മൂക്കററമുള്ള പലിശകൾ കൊണ്ടും, ഇവയിൽ എല്ലാററിനും മീതേ, കാലാവസ്ഥാഭേദം കൊണ്ടും, ഇൻഡ്യയിൽ വല്യതായ ക്ഷാമങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ടു്. ഉത്തരേൻഡ്യയിൽ ൧൮൭൭—ൽ ഉണ്ടായ ക്ഷാമത്തിൽ നൂററിനു് എട്ടര വീതം ജനങ്ങൾ ചത്തു. പതിനഞ്ചു കൊല്ലം കഴിഞ്ഞു് ൧൮൯൬—ൽ ഇൻഡ്യ ഒട്ടുക്കു് (വടക്കും മദ്ധ്യത്തും തെക്കും) വല്യതായ ക്ഷാമമുണ്ടായി. അന്നു് പത്തു ലക്ഷം ആളുകൾ നശിച്ചു. ഇരുപതു കൊല്ലം കഴിഞ്ഞു്, ൧൮൯൯—ൽ ഉണ്ടായ മഹാക്ഷാമംകൊണ്ടു് വടക്കൻ ഇൻഡ്യ മുഴുക്കെ അടിപെട്ടുപോയി. ൧൯൦൦—മാണ്ടു് പിന്നെയും ക്ഷാമബാധയുണ്ടായി. വടക്കൻ പ്രദേശങ്ങളെ അപേക്ഷിച്ചു് കേരളം സ്വൎഗ്ഗം തന്നെയാണു്. പരശുരാമക്ഷേത്രത്തിൽ വെള്ളവും പുല്ലും എങ്കിലും ഇല്ലാതെ ഒരു കാലത്തും വന്നിട്ടില്ല. പരദേശങ്ങളിൽ ക്ഷാമം വന്നാൽ ജലപാനമില്ല. അതിന്റെ കഷ്ടത നമുക്കു് ഊഹ്യമല്ല.

# ഏഴപതാം അദ്ധ്യായം

## ബ്രിട്ടീഷ് ഭരണഗുണവും കാൺഗ്രസ്സിൻ്റെ ഉത്ഭവവും.

ബ്രിട്ടീഷുകാരുടെ ഭരണത്തിൽ ഇൻഡ്ധ്യക്കു പല കഷ്ടതകളും നേരിട്ടിട്ടുള്ളതു് അവരുടെ കുററമല്ല; നയത്തിൻെറ ഫലമാകുന്നു. നാട്ടുകാരും അവയ്ക്കു് ഉത്തരവാദികളാകുന്നു. വ്യാപാരികളായി വന്നുചേരുന്ന ഏതു് കൂട്ടരും, ആധിപത്യം സിദ്ധിക്കുമ്പോൾ, ലാഭദൃഷ്ടി വെച്ചല്ലാതെ പ്രവത്തിക്കയില്ലെന്നുള്ളതു് സ്വഭാവസിദ്ധമാണു്. അതിനു് നാട്ടുകാർ സ്വാത്ഥലാഭത്തിനു് വേണ്ടി മത്സരിച്ചു് വളംവെച്ചു കൊടുത്താൽ, ആഭ്യന്തരമത്സരത്തെ ഭരണകത്താക്കൾ പ്രയോജനപ്പെടുത്താത്തവർ ആരും ഉണ്ടാവില്ല. അവനവൻെറ പല്ലിട കുത്തി കാണിച്ചിട്ടു് മററുള്ളവരെ ദൂഷ്യം പറയുന്നതു് നീചമായ ഭീരുത്വത്തിൻെറ ലക്ഷണമാകുന്നു. തങ്ങളിൽ തല്ലി തല കീറുമ്പോൾ, ബലവാനായ മദ്ധ്യസ്ഥൻ വന്നു് പരസ്പരസ്പദ്ധികളെ കീഴടക്കുന്നതു്, ആരുടെ കുററമാണു് എന്നു് ആലോചിക്കണം. ഇൻഡ്ധ്യയിലെ ജനങ്ങളുടെ സ്വരച്ചേച്ചക്കേടുകൊണ്ടാണു് അവർ കീഴടങ്ങേണ്ടതായി വന്നിട്ടുള്ളതു്. അതിനു് മററാരെയും കുററപ്പെടുത്തീട്ടു് ആവശ്യമില്ല.

സത്യത്തിൽ ബ്രിട്ടിഷു് ഭരണംകൊണ്ടു് ഭാരതഭൂമിക്കു് വളരെ ഗുണം സിദ്ധിച്ചിട്ടുണ്ടു്. ഒന്നാമതു്, സമാധാനപരിപാലനം. അതിനു് മുമ്പു് ഏതു കാലത്തും സൗന്ദൎയ്യപ്പിണക്കം രാജ്യങ്ങൾ തമ്മിലും ജനങ്ങൾ തമ്മിലും ധാരാളമായി ഉണ്ടായിരുന്നു. ഏതൊരുവനും സ്വത്തു് സുരക്ഷിതമായിരുന്നില്ല. ഉള്ളതു

വെച്ച് ഇതരബാധ കൂടാതെ സ്വൈരമായി കാല-യാപനം ചെയ്വാൻ പ്രയാസമായിരുന്നു. ബ്രിട്ടീഷ്-കാർ മദ്ധ്യസ്ഥനില പൂണ്ടു് ആ വക ആഭ്യന്തരമായ അസ്വാസ്ഥ്യത്തെ അകററി സാമാധാനജീവിതത്തെ പരിപാലിച്ചു. രണ്ടാമതു്, ന്യായം നടത്തൽ. മുമ്പുള്ള കാലങ്ങളിൽ നിയമശാസനങ്ങളുടെ ദൌർ-ല്ലഭ്യംകൊണ്ടും, പതിവുകളും ആചാരങ്ങളും സമയം പോലെയും അധികാരികളുടെ ന്യായബോധം പോ-ലെയും ഭിന്നങ്ങളായി വന്നിരുന്നതുകൊണ്ടും, എളി-യവക്കും വലിയവക്കും തമ്മിൽ ശിക്ഷാരീതികൾ-ക്കുള്ള വ്യത്യാസങ്ങൾ കൊണ്ടും മററും, എല്ലാവക്കും നിഷ്പക്ഷപാതമായ ഞായം കിട്ടാൻ പ്രയാസമായി-രുന്നു. ആ നില മാറി ബ്രിട്ടീഷ്കാരുടെ ആധിപത്യം ഉറച്ചപ്പോൾ. മൂന്നാമതു്, സാവ്ജനീനമായ നവീന-ജ്ഞാനോദയം. ഭാരതഭൂമി പണ്ടുപണ്ടേ വിദ്വാന്മാ-രുടെ ജന്മഭൂമി ആയിരുന്നെങ്കിലും, ജ്ഞാനസമ്പത്തു് പൊതുവായിരുന്നില്ല. സ്മൃതികാരന്മാർപോലും "ശൂദ്ര-മക്ഷരസംയുക്തം ദൂരതഃ പരിവർജയേൽ" എന്നുംമററും അനുശാസിച്ചിരുന്നു. ഏതായാലും, ഉയന്ന ജാതികളിൽ നിലീനമായിരുന്നു വിദ്യാവ്യവസായം. ദ്രാവിഡ-ദേശങ്ങളിൽ ആര്യമതാനുപ്രവേശത്തിനു് മുമ്പിൽ ജാതിവിഭാഗം കൊണ്ടുള്ള ഉച്ചനീചഭാവം പററാതെ ഏതു തരക്കാരിലും വൈദുഷ്യം കുടികൊണ്ടിരുന്നിരി-ക്കാൻ ഇടയുണ്ടെങ്കിലും, അവിടങ്ങളിലും അക്ഷര-സമ്പന്നന്മാർ ചുരുക്കമായിരുന്നു. ബ്രിട്ടീഷ്കാർ ആദ്യം നാട്ടുഭാഷയെക്കാൾ മുമ്പെ ഇംഗ്ലീഷ് ഭാഷയെ അഭ്യ-സിപ്പിക്കാൻ തുടങ്ങി; അതും, പക്ഷേ, അവരുടെ ആവശ്യത്തിനു് വേണ്ടുന്ന രായസക്കാരേയും കീഴുദ്യോ-ഗസ്ഥന്മാരേയും സൃഷ്ടിക്കുന്നതിനുള്ള ഉപായമായിട്ടാ-യിരുന്നു. എന്നെല്ലാം ഇരുന്നാലും, നവീനവിദ്യാഭ്യാസ-

ത്തിന്ന് പടിവാതിൽ തുറന്നുകാണിച്ചതു് അവരാണു് എന്നുള്ളതു് തീരെ വിസ്മരിക്കാവതല്ല. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുററം എന്ന മട്ടിൽ, നന്മ ചെയ്തിട്ടുള്ളതിലുള്ള ദൂഷ്യം മാത്രം കണ്ടു്, അവർ ഏറ്റെപ്പെ- ടുത്തിയ സർവ്വകലാശാലകളും പള്ളിക്കൂടങ്ങളും തൊഴി- ലില്ലാക്കൂട്ടരെ സൃഷ്ടിക്കാനായി തീർത്തതാണെന്നു് ആക്ഷേപിക്കുന്നതു് കൃതഘ്നതയാകുന്നു. നാലാമതു്, വർത്തമാനമായ ലോകവിജ്ഞാനം. പണ്ടുള്ളകാലത്തും ഭാരതീയർ അന്നു് പരിഷ്കൃതങ്ങളായി ഗണിച്ചിരുന്ന ദേശാന്തരങ്ങളിൽ സഞ്ചരിക്കാതെയും അവിടങ്ങളിലെ സ്ഥിതിഗതികളെ ഗ്രഹിക്കാതെയും ഇരുന്നിട്ടില്ല. എങ്കിലും, സ്വന്തസംസ്കാരത്തിൽ അവക്കു് പ്രത്യേകം പക്ഷപാതം ഉണ്ടായിരുന്നതുകൊണ്ടു ദേശീയദുരഭി- മാനം (provincialism) മുഴുത്തിരുന്നു. ബ്രിട്ടീഷു്കാ- രുടെ ആവേശത്തിൽ സഞ്ചാരസൌകൎയ്യാഭിവൃദ്ധി- കൊണ്ടു് അന്യനാട്ടിലെ പരിഷ്കാരങ്ങളും നടവടി- കളും അറിവായതു കൂടാതെ, അവിടങ്ങളിലെ ജ്ഞാനാ- ഭിവൃദ്ധിയും കർമ്മകുശലതയും ഉപകരണബാഹുല്യവും വൈദഗ്ദ്ധ്യവും ഭാരതീയരെ വിസ്മയിപ്പിക്കുകയും, അവ- യോടു്കിടപിടിക്കാൻ അവക്കു് ആഗ്രഹം ഉദിപ്പിക്കയും ചെയ്തു. പ്രത്യേകിച്ചു്, പ്രായോഗികശാസ്ത്രപദ്ധതി- കളിലും, ശസ്ത്രക്രിയ, ആരോഗ്യരക്ഷ, ചികിത്സ, മുത- ലായ വിഷയങ്ങളിലും, സംഭ്രയോത്ഥാനസംരഭങ്ങ- ളിലും ധനവിനിമയപദ്ധതികളിലും ഇൻഡ്യയിലെ ജനങ്ങൾക്കു് പ്രത്യേകം അഭിരുചി വന്നതു് ബ്രിട്ടീഷു്- കാരുടെ വരവിനു ശേഷമാകുന്നു. ഗവേഷണത്തിന്നു് പുതുവഴികൾ തുറന്നുവിട്ടതും ബ്രിട്ടീഷു്കാരാണു്. ചരിത്രം പുരാണമായ വിട്ടു്, യുക്തിയുക്തമായ കഥന- രീതിയെ ആശ്രയിച്ചു. ഹിന്ദുക്കളുടെ പുരാതന ശാസ്ത്രങ്ങൾതന്നെ നവീനദൃഷ്ട്യാ വിശകലനം ചെയ്തു

തുടങ്ങി. ചുരുക്കത്തിൽ, ഉള്ളതുകൊണ്ടു് തൃപ്തിപ്പെട്ടിരുന്ന അവസ്ഥ പോയി; ആകാംക്ഷകൾ ചെയ്യാനുള്ള ആഗ്രഹം ജനിച്ചു. ഉറങ്ങി കിടന്നതെല്ലാം ഉണൎന്നു. എല്ലാത്തിനും ഒരു പുതുജീവൻ വീണു.

ഇങ്ങനെ അനവധി ഗുണങ്ങൾ ഇനിയും പറയാം. എങ്കിലും, ഒരു സംഗതികൂടി പ്രധാനമായി വിവരിക്കാനുണ്ടു്. പുതുതായ ഒരു രാഷ്ട്രീയബോധം വെള്ളക്കാരുടെ ആഗമനംകൊണ്ടു് ഇൻഡ്യക്കു് സിദ്ധിച്ചതാണെന്നു് തൎക്കമില്ല. ഹിമവൽസേതുപൎയ്യന്തം ഒരു മഹാഭൂഖണ്ഡത്തിനൊപ്പം വലിപ്പമുള്ള ഇൻഡ്യാമഹാരാജ്യം ഒന്നാണെന്നുള്ള ബോധം ഇംഗ്ലീഷ്കാർ ജനിപ്പിച്ചതാണു്. ഭാരതമാതാവെന്നു് ഇന്നത്തെ പുത്തൻ കൂറവുകാർ സാഭിമാനം ഉദ്ഘോഷിച്ചു കൊണ്ടാടുന്ന ജ്ഞാനം അദൃതനമാണെന്നു് സമ്മതിച്ചേ തീരു. പൗരാണികസംസ്കാരംകൊണ്ടും, മതവിശ്വാസംകൊണ്ടും, സൎവ്വോപരി സംസ്കൃതഭാഷാധിഷ്ഠിതങ്ങളായുള്ള ജ്ഞാനകൎമ്മങ്ങളുടെ സൎവ്വാന്തൎയ്യാമിത്വം കൊണ്ടും ഇൻഡ്യയിലെ ജനസമുദായങ്ങൾക്കു് ഏതാണ്ടു് ഐകരൂപ്യം ഉണ്ടായിരുന്നെങ്കിലും, ഭാഷകൊണ്ടും, വേഷംകൊണ്ടും, ജാതികൊണ്ടും, വൎഗ്ഗംകൊണ്ടും, ആചാരംകൊണ്ടും, ഭരണംകൊണ്ടും, ഭിന്നങ്ങളായ സംസ്ഥാനങ്ങളും രാജ്യങ്ങളും ദേശങ്ങളും അന്യോന്യം മത്സരികളായി കഴിഞ്ഞുകൂടിയതല്ലാതെ, ഒരു കാലത്തും, വലിയ സാമ്രാജ്യങ്ങൾ പുലൎന്ന കാലത്തും, ഏകശാസനയിൽ അടിസ്ഥാനപ്പെട്ട സോദരത്വബോധം ഇൻഡ്യക്കു് ഉണ്ടായിരുന്നില്ല. ബങ്കാളിയും പഞ്ചാബിയും കാശ്മീരിയും ഗുജ്ജരിയും മഹാരാഷ്ട്രനും കൎണ്ണാടകനും തെലുങ്കനും ദ്രാവിഡനും കേരളനും രജപുത്രും എല്ലാവരും, ഹിന്ദുക്കൾ എന്നുള്ള പൊതുസംജ്ഞയിൽ അന്തൎഭൂതരായിരുന്നതു് ഔപചാരികമായിട്ടല്ലാതെ,

കാര്യത്തിൽ വേർതിരിഞ്ഞ വർഗ്ഗങ്ങളായിട്ടാണ് ഉപജീവിച്ചിരുന്നതു്. അതതു നാട്ടു് അവരവരുടെ എന്നല്ലാതെ, പൊതുവായി അവർ ഭാരതഭൂസന്താനങ്ങളാണെന്നു് ആരും ഗണിച്ചിരുന്നില്ല. ഭാരതഭൂമി ഒട്ടുക്കു് ഒന്നായി ഭരിച്ചു തുടങ്ങിയതു് ബ്രിട്ടീഷു്കാരാണു്. അന്നു മുതൽ മാത്രമേ രാഷ്ട്രബോധം ഉദിച്ചുള്ളു.

ഈ ഗുണദോഷചിന്തനയിൽ നിന്നു് വിരമിക്കുന്നതിനു് മുമ്പിൽ, ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ടു്. ബ്രിട്ടീഷു്കാരുടെ സാമാനങ്ങൾ വന്നുകയറി ഇൻഡ്യൻ കൈത്തൊഴിലുകൾ ക്ഷീണഗതിയെ പ്രാപിച്ച വിവരം മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇൻഡ്യയിൽ ഇരുമ്പും കൽക്കരിയും ഇല്ലാതല്ല; വേലക്കാരും ധാരാളം കൂലി കുറഞ്ഞുകിട്ടും; അപ്പോൾ യന്ത്രശാലാവ്യവസായം കൊണ്ടു് അഭിവൃദ്ധി നേടിയ ബ്രിട്ടീഷ്കാർ, ആ വ്യവസായത്തെ ഇൻഡ്യയിലും ഏർപ്പെടുത്തിയിരുന്നെങ്കിൽ, ഭാരതീയർക്കും അഭിവൃദ്ധി കരസ്ഥമാകുമായിരുന്നു: അങ്ങനെ ചെയ്യാതിരുന്നതു് ബ്രിട്ടീഷു്കാരുടെ സ്വാത്ഥതകൊണ്ടാണു് എന്നു് ഒരു വാദമുണ്ടു്. അതിൽ ഒരു സംഗതി നല്ലപോലെ ആലോചിക്കണം. യൂറോപ്പിലെയും ഇൻഡ്യയിലെയും ജനങ്ങൾ തമ്മിൽ വിദ്യാഭ്യാസത്തിൻെറയും പാരമ്പര്യത്തിന്റെയും വ്യത്യാസങ്ങൾ വളരെയുണ്ടു്. ഇൻഡ്യയിൽ കൃഷികൊണ്ടുള്ള ഉപജീവനം സർവ്വസാധാരണമാണു്. യൂറോപ്പിലാകട്ടെ, കൃഷി സ്ഥലങ്ങളുടെ ചുരുക്കത്താൽ, പണ്ടേ തന്നെ മററു വ്യാപാരങ്ങളിൽ അവിടെയുള്ളവർ ശീലിച്ചിട്ടുള്ളവരാണു്. യന്ത്രനിർമ്മാണം അതിനു് ഒരു സഹായമായി തീന്നതേ ഉള്ളൂ. കൃഷിയിൽ പോലും പുതുസമ്പ്രദായങ്ങളെ കാണിച്ചു കൊടുത്തിട്ടും, അവയെ സ്വീകരിക്കാൻ ഇൻഡ്യയിലെ കൃഷീവലന്മാർ വിപ്രതിപത്തി കാണിക്കുന്നുണ്ടെന്നു് നമുക്കു് നല്ലതുപോലെ

അറിയാം. അതുപോലെ, കമ്പിത്തപാലും റയിൽ-വണ്ടിയും ആദ്യമായി ഏൎപ്പെടുത്തിയപ്പോൾ, അന്ധവിശ്വാസം നിമിത്തം എന്തെല്ലാം അപരാധങ്ങൾ ഉണ്ടാക്കിത്തീൎത്തു എന്നു കണക്കില്ല. അപ്രകാരം മാമൂലിൽ പ്രതിഷ്ഠിതമായ ഒരു ജനസമുദായത്തെ നവീനരീതികളിൽ പരിചയിപ്പിക്കണമെങ്കിൽ എത്ര സാഹസം വേണമെന്നു് ഊഹിക്കണം. വിദ്യാഭ്യാസപ്രചാരംകൊണ്ടു മാത്രമേ പുതുജ്ഞാനം വളൎത്താൻ സാധിക്കു. അതാണു് വെള്ളക്കാർ പുതുവിദ്യാഭ്യാസത്തെ പരത്താൻ ആദ്യമായി ഉദ്യമിച്ചതു്. അതു ഉണ്ടായിവന്നപ്പോൾ യന്ത്രശാലകൾ കാലക്രമത്തിൽ ഉണ്ടായിവരികയും ചെയ്തു. അസംസ്കൃതസാധനങ്ങൾ ഉണ്ടായതുകൊണ്ടു മാത്രം പുതുവ്യവസായങ്ങൾ ഉദിക്കയില്ല. അതിനു് വേണ്ടുന്ന പരിശീലനവും ജ്ഞാനവും മുതലും ഉണ്ടാവണം. വ്യവസായംകൊണ്ടല്ലാതെ ക്ഷേമമുണ്ടാകയില്ലെന്നു് ഇക്കാലത്തു് മാത്രമാണല്ലോ ഇൻഡ്യൻ ജനസമുദായത്തിനു് ബോധം വന്നതു്.

മറെറാരു സംഗതി പറയാനുള്ളതു്, ബ്രിട്ടീഷ് ഭരണാധികാരികൾ നാട്ടുരാജാക്കളെയും പ്രഭുക്കളെയും ജമീദാരന്മാരെയും നിലനിറുത്തി സ്വാജ്ഞാവശംവദരായി കൂട്ടുപിടിച്ചു് പ്രജാധികാരവൎദ്ധന യൂറോപ്യൻ-രാജ്യങ്ങളിലെ പോലെ ഇൻഡ്യയിലും വരാതിരിക്കാൻ മാൎഗ്ഗരോധംചെയ്തു എന്നു് ഒരു അപരാധം ഉൽപതിഷ്ണുക്കൾ ഇന്നു് പറഞ്ഞുവരുന്നതാകുന്നു. ഇതിലും വിപ്രതിപത്തിക്കു് ധാരാളം അവകാശമുണ്ടു്. ഇംഗ്ലീഷുകാർ സ്വന്തരാജ്യത്തിൽപോലും രാജാവിനെയും പ്രഭുക്കളെയും ഭൂസ്വാമികളെയും വെറുത്തിട്ടില്ല. പാർല്ലിമെന്റിന്റെ അധികാരം ഏറിയ നാൾകൊണ്ടു ക്രമേണ കൂടി വന്നു് ജനാധിപത്യത്തിനു് അവിടെ പ്രാമാണ്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും, സമുദായത്തിന്റെ പൂൎവ്വികമായ

കെട്ടുപാടിനെ ഉല്ലംഘിച്ചിട്ടില്ല. അതുകൊണ്ട് ഇംഗ്ലണ്ടിലെ രാജ്യഭരണത്തിനു് വാട്ടം തട്ടാതെ ഇന്നും നിലനില്ക്കുന്നു. നേരേമറിച്ച്, വിപ്ലവങ്ങൾ ഉണ്ടായ ഫ്രാൻസ്, ജമ്മനി, റഷ്യ മുതലായ മററു യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ഭരണക്രമം ക്ഷണേ ക്ഷണേ ഭിന്നമായിത്തീന്നിരിക്കുന്നു. ആ മാതിരി അസ്ഥിരത ഉണ്ടാക്കിതീക്കാതെ അതിന്റെ പുരാതനസംസ്കാരത്തെ കാലാനുസരണം ഭേദിപ്പിച്ചും, എന്നാൽ വിപരീതമില്ലാതെ യോജിപ്പിച്ചും, തുടച്ചയായി നിലനിറുത്തി കൊണ്ടുപോകുന്ന നയം സത്യത്തിൽ പ്രശംസനീയമാകുന്നു. കാള പെററാൽ കയറെടുക്കുന്ന കൂട്ടരല്ല ബ്രിട്ടീഷുകാർ. പാരമ്പയ്യവും പഴമയും അവക്ക് സ്വതസ്സിദ്ധമാണു്. ഇൻഡ്യയിൽ പുരാണകാലം മുതൽ എത്രയോ സഹസ്രവഷങ്ങളായിട്ട് രാജാക്കളുടെ ഭരണം ഏപ്പെട്ടിരിക്കുന്നതാകുന്നു. എത്ര പരിഷ്കാരം മുഴുത്ത സംസ്ഥാനത്തും രാജാവെന്നും പ്രജയെന്നും, പ്രഭുവെന്നും സാധാരണനെന്നും, എജമാനനെന്നും ഭൃത്യനെന്നുമുള്ള നിലവിട്ടുപോയിട്ടില്ല. അതിനെ ഒന്നോടെ തകടം മറിക്കാൻ പുറപ്പെടുന്നതു് നാശകരമാകുന്നു എന്നു് അവാചീനങ്ങളായ ഭരണസംപ്രദായങ്ങളുടെ ഫലംകൊണ്ടു് പ്രത്യക്ഷമാവുന്നുണ്ടു്. സമഷ്ടിവാദം മൂത്തിട്ടുള്ള ഭരണരീതികൾ നടപ്പായിട്ടുള്ള രാജ്യങ്ങളിൽ പാരമ്പയ്യമോ പരിചയമോ കൂടാതെ, ഇന്നലെ പെയ്ത മഴക്കു് ഉണ്ടായ തകരയെ പോലെ, തിളങ്ങുന്ന മേധാവികളുടെ ഇച്ഛാമാത്രസൃഷ്ടമായ തന്ത്രംകൊണ്ടു കൂത്താടുന്നതിനെക്കാൾ, എത്രയോ ശാന്തവും സ്ഥിരവും ക്ഷേമകരവുമായ പരിപാലനമാണു് ഇൻഡ്യയിലുള്ളതെന്നു് ഗാഢമായി വിചിന്തനംചെയ്യണം. എന്നും ഒന്നുപോലുള്ളതിൽ ഉത്സാഹപ്രിയന്മാക്കു് വെറപ്പുതോന്നാം. പുതുമ ഏവനെയും ആവജ്ജനം ചെയ്യുമായിരിക്കാം. എങ്കിലും,

ച്ചുവരുണ്ടെങ്കിലേ ചിത്രം എഴുതാവൂ. ചിലതു് സ്ഥിരമായുണ്ടെങ്കിലല്ലാതെ പുതുമയ്ക്കു് കൗതുകമില്ല.

ഇനിയും ഒരു ആക്ഷേപം ബ്രിട്ടീഷ് ഭരണത്തിനു് പുതുകക്ഷിക്കാർ പറഞ്ഞുവരുന്നുണ്ടു്. അതു് എന്തെന്നാൽ, ഹിന്ദുക്കളുടെയും മുസ്ലിമിങ്ങളുടെയും മതങ്ങളെ താങ്ങി, അവയ്ക്കു് കാലാനുസൃതമായി ഉണ്ടാകാമായിരുന്ന പുരോഗതിയെ തടഞ്ഞു എന്നാകുന്നു. ബ്രിട്ടീഷു്കാർ വിമതസ്ഥരായിരുന്നതുകൊണ്ടു് മതകാര്യങ്ങളിൽ കൈകടത്താതെ ഇൻഡ്യയിലെ ജനങ്ങളെ താന്താങ്ങളുടെ വിശ്വാസമനുസരിച്ചു് അനുഷ്ഠാനങ്ങൾ നടത്തുന്നതിനു് രക്ഷ ഏകി. ശരിതന്നെ. അല്ലാതെ മഹമ്മദീയരുടെ ഭരണകാലത്തു് നടന്ന പോലെ നിർബന്ധപൂവ്വം മതപരിവത്തനത്തിനു് അവർ ഉദ്യമിച്ചില്ല. കൃസ്ത്യൻ പാതിരിമാർ പോലും, ടിപ്പുവിനെയും മററും പോലെ, ഖഡ്ഗപാണികളായിട്ടല്ല മാഗ്ഗത്തിൽ ചേത്തിട്ടുള്ളതു്. പ്രഭാഷണങ്ങളെക്കൊണ്ടും പ്രലോഭനങ്ങളെക്കൊണ്ടും ജനങ്ങളെ വശീകരിക്ക മാത്രമാണു് ചെയ്തിട്ടുള്ളതു്. അതു് ഒരു കുററമോ? ഹിന്ദുമതത്തിനു് പ്രവണതയുണ്ടെന്നു ചരിത്രം നമ്മെ ബോധിപ്പിക്കുന്നു. സ്മൃതികളും ധമ്മശാസ്ത്രങ്ങളും ഏതു വിധവും വ്യാഖ്യാനിക്കാൻ വശപ്പെടുന്നു. രാജാറാം മോഹൻ റായിയും കൂട്ടരും തീക്ഷ്ണമായ ക്ഷോഭം നടത്തിയതിൻെറ ഫലമായിട്ടാണു് ഉടന്തടിച്ചാട്ടം (സതി) ശിക്ഷാഹമാക്കിയതെന്നു് പറയാറുണ്ടു്. അതിനു് എത്രയോമുമ്പു് മഹാരാഷ്ട്രന്മാർ ആ ഏപ്പാടിനെ നിഷിദ്ധമാക്കിയിരുന്നു. കാലത്തിന്റെ വ്യത്യാസവും പൊതുജനാഭിപ്രായവും അനുസരിച്ചു്, ഓരോ കാലത്തും ഹിന്ദുക്കൾതന്നെ [illegible]ത്തിവന്ന ഭേദഗതികൾമൂലം, അവ[illegible] ചരിഞ്ഞും വളഞ്ഞും ഒട[illegible]ന്നുണ്ടു്.

165323
38251
MUL
165323

ബുദ്ധമതാവേശത്തിൽ ഹിന്ദുമതാചാരങ്ങൾക്കു് ഏറിയ മാററങ്ങൾ നേരിട്ടു. മഹമ്മദീയരുടെ ഭരണത്തിൽ പല സങ്കരങ്ങളും വന്നു. ക്രൂസ്ത്യാനികളുടെ ആവിർഭാവത്തിൽ പിന്നെയും പല ഭേദങ്ങളുണ്ടായി. റാംമോഹൻറായിയുടെ ആദ്യവസാനത്തിലുണ്ടായ ബ്രഹ്മസമാജം, അനന്തരം വന്ന ദയാനന്ദസരസ്വതിയുടെ ആര്യസമാജം, രാമകൃഷ്ണപരമഹംസൻെറ സേവാശ്രമം, തിയാസഫി, എന്നിങ്ങനെ പല മതപരിഷ്കരണപരിശ്രമങ്ങൾക്കും ഇൻഡ്യ ആതിഥ്യം നൽകി. ഇന്നിതാ! ഗാന്ധി സത്യഗ്രഹഗീത ഉപദേശിക്കുന്നു. ഇങ്ങനെ അപ്പോഴപ്പോൾ ഓരോ മഹാന്മാർ കൊട്ടുന്ന താളമനുസരിച്ചു് ആടിയാലും, സത്തീത്വത്തെ ത്യജിക്കാതെ ഏവക്കും ആത്മസംതൃപ്തി നൽകുന്ന ഹിന്ദുമതപുരന്ധ്രിയെ ആദരിച്ച ബ്രിട്ടീഷു്കാർ അഭിവന്ദനീയരല്ലേ?

ഈ ഗുണദോഷചിന്തയിൽ നാം ഏറെ കിടന്നു് കളിച്ചു. അതിൽനിന്നു് വിരമിച്ചു്, പ്രകൃതത്തിലേക്കു് കടക്കാം. ഏറിയ കാലത്തെ മഹമ്മദീയഭരണത്തിൽ അറബിയും പർസ്യനും അവയുടെ തത്ഭവങ്ങളായ ഉറുദുവും ഹിന്ദുസ്ഥാനിയും ഭാഷകൾക്കു് തെന്നിന്ധ്യയിലൊഴിച്ചു് മററു സംസ്ഥാനങ്ങളിൽ നാട്ടുഭാഷകളായി പ്രചാരം സിദ്ധിച്ചു. ഇംഗ്ലീഷു്കാരുടെ ആധിപത്യം വന്നപ്പോൾ, അവരുടെ ഭാഷ അത്യാവശ്യമായി. ആദ്യം അപൂർവ്വമായി ബങ്കാളത്തു് ചില പള്ളിക്കൂടങ്ങൾ ഉണ്ടായി. അവിടെയാണു് ഇംഗ്ലീഷിനു് അധികം പ്രചാരം ആദ്യമുണ്ടായതു്. അതുകൊണ്ടു് കമ്പനിക്കാരുടെ കീഴിലുള്ള ഗുമസ്ഥന്മാർ മിക്കപേരും ആദികാലത്തു് ബംഗാളികളായിരുന്നു. ൧൮൫൭—ൽ കൽക്കട്ടയിലും ബാംബെയിലും മദ്രാസിലും സർവ്വകലാശാലകൾ ഏപ്പെട്ടു. അന്നു മുതൽ ഇംഗ്ലീഷു് വിദ്യാഭ്യാസത്തിനു് പ്രചാരം ധാരാളമായി. ഉയന്ന പരീക്ഷകൾ

ജയിച്ച ഇൻഡ്യക്കാർ സക്കാർ ജോലികളിൽ കയറി. വിദ്യാഭ്യാസസമ്പ്രദായം മിക്കവാറും സാഹിത്യപരമായിരുന്നു. മുസ്ലീമിങ്ങൾ പുതിയ വിദ്യാഭ്യാസത്തിൽ പ്രതിപത്തി ഇല്ലാത്തവരായിരിക്കയാൽ, അവർ പിന്നാക്കം തള്ളിപ്പോയി. അതുപോലെ, സ്ത്രീകളും ഏറിയകാലം സ്കൂളിൽ പോകാതെ വീട്ടിലിരുന്നു. പഴയ എഴുത്തുപള്ളിക്കൂടങ്ങളും ആശാന്മാരും ക്രമേണ ക്ഷയിച്ചു. മഹമ്മദീയർ മദ്രസകളിൽ അറബിമാത്രം പഠിച്ചുവന്നു. നാട്ടുപാഠശാലകളും ഗ്രാമങ്ങളിൽ ഏറെക്കുറെ നടന്നുവന്നു. നാട്ടുഭാഷകളിൽ ജനങ്ങൾക്കു് ഒരു മാതിരി അവജ്ഞ ഉണ്ടായി. അല്പമെങ്കിലും ഇംഗ്ലീഷ്ഭാഷ സംസാരിക്കാറാകുന്നവൻ ആ ഭാഷയിൽ സംസാരിക്കാൻതുടങ്ങി. അതു ഒരു ഗൗരവമായി ആളുകൾ കണക്കാക്കി. നാട്ടുഭാഷകളിൽ പ്രതിപത്തി എത്രയോനാൾ കഴിഞ്ഞതിനു് ശേഷം ഇപ്പോഴാണു് ജനങ്ങൾക്കുണ്ടായി തുടങ്ങിയതു്. ഇന്നും ഇംഗ്ലിഷു് കലത്താതെ നാട്ടുഭാഷ സംസാരിക്കാനുള്ള വശത ചുരുക്കം പേക്കു് മാത്രമേ കാണുന്നുള്ളു.

ബ്രിട്ടീഷ്കാർ ചെയ്തിട്ടുള്ള മറെറാരു പ്രധാനഗുണം നീതിന്യായഭരണമാകുന്നു. ഉദ്യോഗസ്ഥന്മാർ, വിശേഷിച്ചും മേൽഭരണക്കാർ, ഏറിയക്രമം ഒരു കാലത്തു് യൂറോപ്യന്മാർ തന്നെ ആയിരുന്നെങ്കിലും, നാട്ടുപണ്ഡിതന്മാരെ കൂടി അവർ അതിൽ പരിശീലിപ്പിക്കാതിരുന്നില്ല. സുപ്രീം കോടതികളെ ഇംഗ്ലണ്ടിലെ ന്യായകോടതികൾക്കുള്ള അധികാരങ്ങളോടുകൂടി സൃഷ്ടിച്ചു. ജില്ലാക്കോടതികളും മുൻസിഫ് കോടതികളും സ്ഥാപിച്ചു. കേമന്മാരായ യൂറോപ്യൻ പ്രാഡ്വിവാകന്മാരെക്കൊണ്ടു് ചട്ടങ്ങളെ സൂത്രീകരിച്ചു. മക്കാളിപ്രഭു നിമ്മിച്ച ശിക്ഷാനിയമം (പീനൽ കോഡ്) എത്രമാത്രം സാരവത്താണെന്നു്, അതിനു് ഇത്രനാൾ

കഴിഞ്ഞിട്ടും ഭേദഗതി ചുരുക്കമായിട്ടു മാത്രമേ വന്നിട്ടുള്ളൂ എന്നതുകൊണ്ടു് ഊഹിക്കാം. തെളിവു ശാസ്ത്രം ക്രോഡീകരിച്ചിട്ടുള്ളതു് ഇന്നു് ഇൻഡ്യയിൽ മാത്രമാണു്. ഇംഗ്ലണ്ടിൽ പോലും അതു് നടപ്പുകളുടെ വ്യാഖ്യാനരൂപത്തിൽ സ്ഥിതി ചെയ്യുന്നതേ ഉള്ളൂ. ഇൻഡ്യയിൽ അനവധി നിയമങ്ങൾ 'കോഡു' കളാക്കീട്ടുണ്ടു്. ഹിന്ദുലാ ഇപ്പോഴും സ്മൃതികളുടെ സാരാർത്ഥങ്ങൾ ഗ്രഹിച്ചു് മെയിൻസായ്പ് എഴുതിട്ടുള്ള വിവരണത്തിൽ സംഗ്രഹീതമായിരിക്കുന്നു. അതു് റഗുലേഷൻ ആയിട്ടോ കോഡു് ആയിട്ടോ നിർമ്മിച്ചിട്ടില്ല. എങ്കിലും അവകാശക്രമങ്ങൾ മുതലായവയ്ക്കു് റഗുലേഷൻ പലതും ഉണ്ടായിട്ടുണ്ടു്. ഇംഗ്ലീഷുകാരുടെ ആധിപത്യത്തിനു് മുമ്പിൽ നീതിന്യായങ്ങൾ ജലപ്രായമായി അപ്പോഴപ്പോൾ കണ്ടതുപോലെ നടന്നതു് വിട്ടു്, സ്ഥിരമായതു് പ്രജാക്ഷേമത്തിനു് അത്യന്തം ഉതകി.

ഇൻഡ്യയുടെ മൂന്നിൽ ഒരു ഭാഗം നാട്ടുരാജ്യങ്ങളാണു്; രണ്ടു ഭാഗം ബ്രിട്ടീഷ് ഇൻഡ്യ ആകുന്നു. നാട്ടുരാജ്യങ്ങളെ അതതു് രാജാക്കന്മാർ ഭരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയെ വെള്ളക്കാർ നേരിട്ടു് ഭരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയെ പല സംസ്ഥാനങ്ങളാക്കി, ഓരോന്നും ഗവർണർ, ലഫ്റ്റനൻറു് ഗവർണർ, കമ്മീഷണർ എന്നിങ്ങനെ പേരുള്ള രാജപുരുഷന്മാരുടെ കീഴിൽ അനവധി ഉദ്യോഗസ്ഥന്മാർ ഭരിക്കുന്നു. മേലുദ്യോഗക്കാർ മിക്കപേരും വെള്ളക്കാരാകുന്നു. 'ഇൻഡ്യൻ സിവിൽസർവ്വീസു'' എന്ന പരീക്ഷാബിരുദധാരികളായ മേലുദ്യോഗസ്ഥന്മാരെ ബ്രിട്ടീഷുകാർ പുതുതായി സൃഷ്ടിച്ചു. ഐ. സി. എസ്സ്. കാർ എന്നു് ചുരുക്കപ്പേർകൊണ്ടു് നിർദ്ദിഷ്ടരായ ഈ മേലുദ്യോഗസ്ഥന്മാർ പ്രത്യേകം പരിശീലനം സിദ്ധി-

ച്ചവരാകുന്നു. ആദ്യം അവർ മിക്കപേരും വെള്ളക്കാർ തന്നെ ആയിരുന്നു. ഇപ്പോൾ പകുതിയോളം നാട്ടുകാരായി. അവർ പ്രായേണ ശേഷിയും ശേമുഷിയും ഉള്ള വരാകുന്നു. ഇവരാണു് ഇൻഡ്യാഭരണശരീരത്തിൻെറ നട്ടെല്ലായി ഗണിക്കപ്പെടുന്നവർ. തന്നിമിത്തം ഒരു വക ദുരഭിമാനം അവരിൽ വന്നുചേൎന്നിട്ടുണ്ടെന്നു് ഒരു പരാതിയുണ്ടു്. ഏതായാലും, അവരുടെ ഹാർദ്ദമായ ഒത്താശകൊണ്ടാണു് രാജ്യപരിപാലനം കുഴപ്പം കൂടാതെ നടക്കുന്നതു് എന്നുള്ളതിനു് തൎക്കമില്ല. ഇന്നു് കാൺഗ്രസ്സ് മന്ത്രിമാർ ഭരണാധികാരികളായിരിക്കുന്ന ദേശവിഭാഗങ്ങളിലും, ഐ. സി. എസ്. ഉദ്യോഗസ്ഥന്മാരുടെ സാഹായ്യം അനപേക്ഷണീയമാകുന്നു.

ഇൻഡ്യയുടെ സമാധാനരക്ഷണത്തിനു് മുഖ്യനിദാനം കാൎയ്യശേഷിയുള്ള പട്ടാളമാകുന്നു. അതിൽ ബ്രിട്ടീഷുകാർ അനവധി പണം ചിലവഴിച്ചു് നിഷ്കൎഷിച്ചിട്ടുള്ളവരാണു്. മേലുദ്യോഗസ്ഥന്മാർ മിക്കപേരും വെള്ളക്കാർ തന്നെ. ഭടന്മാർ മുക്കാലും നാട്ടുജനങ്ങളാകുന്നു. വെള്ളഭടന്മാരെ 'സോൾജരുകൾ' എന്നും, നാട്ടുഭടന്മാരെ 'ശിപായികൾ' എന്നും വേർതിരിച്ചിരിക്കുന്നു. വെള്ളപട്ടാളത്തിനു് നാട്ടുപട്ടാളത്തെക്കാൾ ചിലവു വളരെ കൂടുതലാകുന്നു. പട്ടാളച്ചിലവിൻെറ ആധിക്യത്തെപ്പററിയും നാട്ടുകാരെതന്നെ മേലുദ്യോഗസ്ഥന്മാരാക്കിയാൽ ചിലവു വളരെ കുറയുമെന്നും വഴക്കുകൾ തുടങ്ങീട്ടു് കാലം കുറെ ആയി. ക്രമേണ നാട്ടുകാരെയും കമ്മീഷൻ (നീട്ടു) ഉദ്യോഗസ്ഥന്മാരായി നിയമിച്ചുവരുന്നുണ്ടു്. പോലീസ്സ് സൈന്യത്തിൽ ധാരാളം നാട്ടുകാർ നിയമിതരായിട്ടുണ്ടു്.

ഇൻഡ്യയിൽ പാശ്ചാത്യവിദ്യാഭ്യാസം പ്രചരിച്ചു കഴിഞ്ഞപ്പോൾ, ജനങ്ങളുടെ ജീവിതരീതികൾക്കും ആവശ്യങ്ങൾക്കും ഒട്ടേറെ ഭേദങ്ങൾ വന്നുചേൎന്നു. നാട്ടു-

സാമാനങ്ങളെ കൊണ്ടു് തൃപ്തിപ്പെടാതെ വിദേശസാമാനങ്ങളിൽ ഭ്രമം മുഴുത്തു. പ്രധാനമായി വസ്ത്രങ്ങളിലാണു് ഭേദഗതി അധികമായതു്. ലങ്കാഷയറിലും ഗ്ലാസ്ഗോവിലും ഉണ്ടാക്കിവന്ന മൽമൽ തുണിക്കു് ഇൻഡ്യയിൽ നല്ല പിരിവുണ്ടായി. ഇൻഡ്യയിലുണ്ടായ പഞ്ഞി ഇംഗ്ലണ്ടിൽ കൊണ്ടുപോയി, തുണികൾ നെയ്തു് വന്നതിനു് പകരം, നാട്ടുകാരുടെ ഉത്സാഹത്തിൽ ൧൮൮൦-ാമാണ്ടിനിപ്പുറം ബാംബയിലും അഹമ്മദബാദിലും കാൺപൂരിലും മററും നെയ്ത്തു് യന്ത്രങ്ങൾ സ്ഥാപിതങ്ങളായി. ഇംഗ്ലണ്ടിൽനിന്നു് ഉണ്ടാക്കിവരുന്ന തുണിയെക്കാൾ ലാഭത്തിൽ ചരക്കുകൾ കൊടുക്കാൻ സാധിക്കുമെന്നു് കണ്ടപ്പോൾ, അതിനു് ഒരു ഉൾനാട്ടുനികുതി ഏപ്പെടുത്തപ്പെട്ടു. അതിനെപ്പററി വലിയ തക്കങ്ങൾ നാട്ടുകാർ പുറപ്പെടുവിച്ചു. ഈയിടെ മാത്രമാണു് അതു്, ഏററിയ കാലത്തെ വാഗ്വാദം കഴിഞ്ഞു്, നിറുത്തലാക്കിയതു്.

ഖനികളിൽനിന്നു് ഇരുമ്പു് മുതലായ ലോഹങ്ങൾ കുഴിച്ചെടുക്കുന്ന വ്യവസായം അചിരേണ ഉദിച്ചു. കുബേരന്മാരായ താതാകമ്പനിക്കാരുടെ ഉത്സാഹത്തിൽ ഇരുമ്പുവേല വലിയ തോതിൽ ഏപ്പെട്ടു. ആദ്യകാലത്തു് വെള്ളക്കാരുടെ മുതൽ കൊണ്ടു സ്ഥാപിച്ച വൻതോട്ടകൃഷികളെ നാട്ടുകാർ ക്രമേണ കൈവശമാക്കി. ഇങ്ങനെ കേവലം കൃഷികവൃത്തികൊണ്ടു മാത്രം കാലക്ഷേപം നടത്തി വന്ന ഭാരതീയരുടെ ഇടയിൽ പുതിയ വ്യവസായങ്ങൾ ഏപ്പെട്ടു. അപ്പോൾ മുമ്പു് തൊഴിലില്ലാതെ വലഞ്ഞു് കിടന്ന അനവധി പേർ വ്യവസായശാലകളിൽ വേലക്കാരായി. പട്ടണങ്ങളിലാണു് വൻതരത്തിലുള്ള വ്യവസായശാലകൾ ഏപ്പെട്ടതു്. അവിടെ ജനബാഹുല്യം വർദ്ധിച്ചപ്പോൾ സാമാനങ്ങൾക്കു് വിലക്കൂടി. ജീവനത്തിനുള്ള ചിലവുക്കൂടി.

കൂലി എന്നിട്ടും കുറഞ്ഞിരുന്നതേ ഉള്ളൂ. തന്നിമിത്തം വേലക്കാൎക്ക് കഴിഞ്ഞുകൂടാൻ പ്രയാസം നേരിട്ടു. യൂറോപ്യൻ രാജ്യങ്ങളിൽ ഉണ്ടായ പോലെ യന്ത്രശാലാപ്രവൎത്തകന്മാരും വേലക്കാരും തമ്മിൽ വടംവലിത്തം തുടങ്ങി. പണിമുടക്കങ്ങളും ബഹളങ്ങളും ഉണ്ടായി. പരിഹാരമാൎഗ്ഗങ്ങൾ പലതും അൎവ്വാചീനകാലത്തു് ഉണ്ടായി തുടങ്ങീട്ടുണ്ടു്.

വ്യവസായശാലകളുടെ ചുരുക്കവും ഓരോന്നിലും ആവശ്യത്തിലധികം വേലക്കാരും വന്നുചേൎന്നപ്പോൾ, പിന്നെയും തൊഴിലില്ലായ്മ അധികരിച്ചതു് നിമിത്തം, ഇൻഡ്യയിലെ ജനങ്ങൾ അനവധി പേർ മറുനാട്ടുകളിലേക്ക് തിരിച്ചു. തെന്നാഫ്രിക്കയിലും, ഫ്ിജിയിലും, മൊറീഷ്യസ്സിലും, സിലോണിലും, ജാവായിലും, മലയായിലും, ചിങ്ങപൂരിലും, എന്നു വേണ്ട, പല ദേശങ്ങളിലും ഇൻഡ്യന്മാർ കൂട്ടം കൂട്ടമായി കുടിയേറി. 'മലയിൽ ചെന്നാലും മാന്തോണി' എന്ന മട്ടിൽ, മറുനാട്ടിൽ പോയിട്ടും, അവൎക്കുള്ള കഷ്ടതയ്ക്കു് കുറവുണ്ടായില്ല. അവിടെയും അവർ അടിമകളുടെ ജീവിതം തന്നെ നയിക്കേണ്ടിവന്നു.

ഇംഗ്ലീഷു്കാരുടെ ഭരണം ഇൻഡ്യക്ക് ഒരു കായകല്പചികിത്സയായി. വാൎദ്ധക്യവും ആലസ്യവും പോയി ഇൻഡ്യയ്ക്കു് പുതുയൌവനം വന്നു. രാഷ്ട്രീയമായ ഐക്യബോധവും വൎഗ്ഗീയതത്വവും സിദ്ധമായി. പാശ്ചാത്യവിദ്യാഭ്യാസത്തിൽ അഭിരുചി വീണു. മതവിഷയത്തിലുണ്ടായ ഏകീകരണപരിശ്രമങ്ങളാണു് റാംമോഹൻറായി ൧൮൨൮-ൽ തുടങ്ങിയ ബ്രഹ്മസമാജവും, ദയാനന്ദസരസ്വതി ൧൮൭൫-ൽ ഏൎപ്പെടുത്തിയ ആൎയ്യസമാജവും. ഒന്നു് ബംഗാളത്തും, മററതു് ബാംബക്ക് സമീപം കാത്തിയവാറിലും ഉത്ഭവിച്ചതാണു്. ബ്രഹ്മസമാജത്തിൽ ആദ്യമായി ചേൎന്ന കേമന്മാരാണു്

മഹാകവി രവീന്ദ്രനാഥന്റെ അച്ഛൻ ദേവേന്ദ്രനാഥടാഗോറും കേശവചന്ദ്രസേനനും. പിന്നീട്ട് ഉദിച്ച മഹാനാണ് രാമകൃഷ്ണപരമഹംസൻ. അദ്ദേഹത്തിന്റെ ശിഷ്യൻ വിവേകാനന്ദൻ, സ്വാശ്രമങ്ങളുടെ പ്രാധാന്യത്തെ വദ്ധിപ്പിച്ചതു കൂടാതെ, രാഷ്ട്രീയമായ ഐക്യബോധത്തെ ഉത്തേജിപ്പിച്ചു. ഇവരുടെ പ്രവചനപ്രയത്നങ്ങളെക്കൊണ്ട് സാമുദായികപരിഷ്കാരികളായി മൂന്നു തരക്കാർ ഉണ്ടായി. (ഹ) രാജ്യത്തോടും വർഗ്ഗത്തോടും മതത്തോടും പ്രതിപത്തിക്കു് ഒരു കുറവില്ലാതെയും, എന്നാൽ അവയെ നശിപ്പിക്കാതെ പാശ്ചാത്യജ്ഞാനംകൊണ്ട് കാലാനുസരണം തേച്ചുമിനുക്കി ശുദ്ധീകരിക്കണമെന്നും വിശ്വസിക്കുന്ന കൂട്ടർ. ഭണ്ഡാരകർ, ചന്ദ്രവക്കർ മുതലായവർ ഈ അഭിപ്രായക്കാരായിരുന്നു. (വ) ഇംഗ്ലീഷ്കാരുടെ വിദ്യാഭ്യാസത്തിൽ ഭ്രമിച്ച് അവരുടെ മട്ടും മാതിരിയും അനുകരിച്ച് അവരെ പോലെ ആകണമെന്ന് മോഹിച്ച കൂട്ടർ. അവക്ക് ഇംഗ്ലീഷുകാരെ നാട്ടിൽനിന്നു് തുരത്തണമെന്ന് പക്ഷമില്ലെങ്കിലും, ഇംഗ്ലണ്ടിലെപ്പോലുള്ള ഭരണസമ്പ്രദായം ഏൎപ്പെടുത്തി മേലുദ്യോഗങ്ങളെല്ലാം മിക്കവാറും കൈവശപ്പെടുത്തണമെന്ന് മോഹമുണ്ടായി. (ന) പഴമയിൽ നിഷ്ണാതരായി ആചാരാദികളിൽ നിഷ്ഠ പൂണ്ട് തദനുസരണം ഇതരബാധ കൂടാതെ ഉപജീവിക്കണമെന്ന് ആഗ്രഹിക്കുന്നവർ. ആദ്യം പറഞ്ഞ കൂട്ടർ, ശതസംഖ്യാമിതരും, രണ്ടാമത്തവർ, സഹസ്രസംഖ്യാകരും ഒടുവിൽ പറഞ്ഞവർ, ലക്ഷക്കണക്കിനും ഉണ്ടായിരുന്നു.

ഹിന്ദുക്കളായിരുന്നു പരിഷ്കാരികളിൽ മിക്കപേരും. മഹമ്മദീയർ ആദ്യം ആതിൽ പങ്കുകൊണ്ടില്ല. അവർ പിന്നാക്കം നിന്നതേ ഉള്ളൂ. അതിന്ന് ഒരു കാരണമുണ്ട്. പുതുവിദ്യാഭ്യാസം ഹിന്ദുക്കളുടെ ഇടയിലാണ്

നടപ്പായതു്. ഉദ്യോഗസ്ഥന്മാരായി കയറിയവരും അവരായിരുന്നു. വ്യവസായങ്ങൾ ഏൎപ്പെട്ടപ്പോൾ മുതലാളികളായും പ്രമാണികളായും തീൎന്നതും അവ-രായിരുന്നു. ഭൂസ്വത്തുകാർ മിക്കപേരും ഹിന്ദുക്കൾ. പണവ്യാപാരികളായിരുന്ന ബന്യന്മാരും ഹിന്ദുക്കളാ-യിരുന്നു. വക്കീൽ, ഡാക്ടർ, കച്ചോടക്കാരൻ, വ്യാപാരി എന്നുള്ള മേത്തരം തൊഴിലുകളിൽ ഹിന്ദുക്കളാണു് മുന്നിട്ടു നിന്നതു്. അതുകൊണ്ടു്, ഏതു് തുറയിലും ഹിന്ദുക്കൾ മുന്നിട്ടു് വന്നു; മുസ്ലിമിങ്ങൾ അടിഞ്ഞു കിടന്നു. എന്നാൽ മുമ്പു് സാമ്രാജ്യാധിപതികളായിരു-ന്നവരുടെ വൎഗ്ഗത്തിലുള്ളവാരാണെന്നുള്ള ദുരഭിമാനം മുസൽമന്മാരിൽ നിലനിൽക്കുകയും ചെയ്തു. ഇതാണു് ഹിന്ദുമുസ്ലീം തക്കത്തിനുള്ള സൂക്ഷ്മ കാരണം.

ഹിന്ദുക്കൾ സമുദായത്തിൻെറ മേൽപടിയിൽ കടന്നപ്പോൾ, അവൎക്കു് സൎക്കാരുദ്യോഗങ്ങൾ കൂടുത-ലായി കിട്ടണമെന്നുള്ള ആഗ്രഹം വൎദ്ധിച്ചു. മേത്തരം ഉദ്യോഗങ്ങൾ യൂറോപ്യന്മാർ വഹിച്ചു വന്നതിനാൽ, വഴക്കായി. ഇതാണു് ഹിന്ദുക്കളും യൂറോപ്യന്മാരുമായി ശണ്ഠക്കുള്ള വൎഗ്ഗീയബോധം മുതലിക്കാൻ കാരണ-മായതു്. ബങ്കാളത്താണു് ഇതു് ആരംഭിച്ചതു്. ബങ്കിംചന്ദ്രചാററർജി 'ആനന്ദമാതാ' എന്നു് പേരായ ഒരു കഥ പരസ്യപ്പെടുത്തി. അതു് വൎഗ്ഗീയസംരംഭ-ത്തിനു് വളം വെച്ചുകൊടുത്തു. അതിലാണു് സുപ്ര-സിദ്ധമായ "വന്ദേ മാതരം" ഗാനം പരസ്യപ്പെട്ടതു്. ൧൮൮൫-ൽ നാട്ടുകാരുടെ അവകാശങ്ങളെ പററി വ്യവ-ഹരിക്കുന്നതിനു് 'ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ്" എന്ന പേരിൽ ഒരു സമാജം കൂടി. അതു് ആദ്യകാ-ലത്തു് മിതവാദികളുടെ സമാജമായിരുന്നു. ഇംഗ്ലീ-ഷു്കാരുടെ ആധിപത്യത്തെ അതു് സമ്മതിച്ചു. നാട്ടു-കാരുടെ അവകാശങ്ങളെ സൎക്കാർ ഗൌനിക്കണമെന്നു്

മാത്രമേ അതിന്നു് ഉദ്ദേശ്യമുണ്ടായിരുന്നുള്ളൂ. സക്കാർ ഉദ്യോഗസ്ഥന്മാർ അതിൽ അന്നു് അംഗങ്ങളായിരുന്നു. ഇംഗ്ലീഷു് വിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നു സാമാജികന്മാർ. സക്കാരുദ്യോഗങ്ങളിൽ നാട്ടുകാരെ കൂടുതലായി നിയമിക്കണമെന്നു മാത്രമായിരുന്നു അവരുടെ ആഗ്രഹം. ജനസാമാന്യത്തിന്നു അതിൽ സ്ഥാനമില്ലായിരുന്നു. ഡബ്ള്യു സി-ബാണർജി ആയിരുന്നു ആദ്യത്തെ പ്രസിഡൻറു്. ദാദാഭായി നവറോജി, സുരേന്ദ്രനാഥബാനർജി, ബൃദ്രുഡിൻടയാബ്ജി, ഫിറോസ്ഷാമേത്ത, മുതലായി പല കേമന്മാരായ നാട്ടുപ്രമാണികൾ ക്രമേണ പ്രസിഡൻറു്സ്ഥാനം വഹിച്ചു. 'സ്വരാജ്യം' എന്നുള്ള വാദം ആദ്യം പുറപ്പെടുവിച്ചതു് 'വൃദ്ധപിതാമഹൻ' എന്ന പേർ പെററ നൗറോജി ആകുന്നു. ആ പഴയ കൂട്ടത്തിൽ ഉണ്ടായിരുന്നവരിൽ മദൻ മോഹൻ മാളവ്യ മാത്രം ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്.

ആണ്ടുതോറും കാൺഗ്രസ്സ് സംഘം കൂടുകയും പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും നടത്തുകയും ചെയ്തു ക്രമത്തിന്നു് അതിൻെറ ശക്തി വർദ്ധമാനമായിത്തീന്നു. അധികം പേരും ഹിന്ദുക്കളായിരുന്നു. ചുരുക്കം ചില മഹമ്മദീയ പ്രമാണികൾ ആധിപത്യം വഹിച്ചിരുന്നെങ്കിലും, മുസ്ലീം സമുദായം പൊതുവെ കാൺഗ്രസ്സിൽ പങ്കുകൊണ്ടില്ല. അവരിൽ പ്രാമാണികനായിരുന്ന സർ സയ്യദ്അഹമ്മദ്ഖാൻ, മുസ്ലിമിങ്ങളുടെ വിദ്യാഭ്യാസത്തിലുള്ള കുറവിനേയും തന്നിമിത്തമുണ്ടായ അധഃപതനത്തെയും പരിഹരിക്കാനായി, ആലിഗാറിൽ ഒരു മുസ്ലിം കാളേജ് സ്ഥാപിച്ചു. മുസ്ലിമിങ്ങൾ വിദ്യാഭ്യാസാഭിവൃദ്ധിക്കു് സവ്പ്രയത്നങ്ങൾ ചെയ്കയല്ലാതെ രാഷ്ട്രീയകാര്യങ്ങളിൽ ഏപ്പെടരുതെന്നും അതുകൊണ്ടു് കാൺഗ്രസ്സിൻെറ പ്രവത്തനങ്ങളിൽ പങ്കു-

കൊള്ളേണ്ട ആവശ്യമില്ലെന്നും അയാൾ അവരെ ഗുണദോഷിച്ചു.

രാഷ്ട്രീയജ്ഞാനം വർദ്ധിച്ചതോടുകൂടി കാൺഗ്രസ്സും വളൎന്നു. പല സംസ്ഥാനങ്ങളിലുമുള്ള അഭ്യസ്തവിദ്യരായ നാട്ടുകാൎക്ക് ഒന്നിച്ച് ചേരാനും തദ്വാരാ അടുപ്പം വരാനും, കാൺഗ്രസ്സ് ഒരു നല്ല കളരിയായി. പൗരസ്ത്യജനങ്ങൾക്ക് പാശ്ചാത്യജനങ്ങളോട് നേരിടാൻ ശക്തിയില്ലെന്ന് ശിപായിലഹളക്കിപ്പുറം ഉണ്ടായിരുന്ന ദൃഢബോധത്തിനു്, ജപ്പാന്റെ റഷ്യരോടുള്ള വിജയം ഉടവ് തട്ടിച്ചു. അന്നു് മുതൽ ഇൻഡ്യക്ക് സ്വരാജ്യം നേടണമെന്നുള്ള മോഹം ഉദിച്ചു. ബങ്കാളത്തും മഹാരാഷ്ട്രദേശത്തുമാണ് ഈ മോഹം ബലമായി പ്രത്യക്ഷപ്പെട്ടത്. ബങ്കാളം സംസ്ഥാനത്തെ വൈസ്രായി കർസൺപ്രഭു രണ്ടായി പിരിച്ചതിൽ ഉണ്ടായ വൈരാഗ്യത്തിൽ 'സ്വദേശി' ബഹളം മുളച്ചു. ആ ബഹളത്തിൽ അരവിന്ദഘോഷ്, ബാലഗംഗാധരതിലകൻ, മുതലായ പല പ്രമുഖന്മാരും ശിക്ഷിക്കപ്പെട്ടു. കാൺഗ്രസ്സ് തന്നെ രണ്ടു് കക്ഷിയായി പിരിഞ്ഞു. ഒരു കക്ഷി ബ്രിട്ടീഷ് ഗവൎമ്മെന്റിനോടുള്ള വിരോധം പ്രത്യക്ഷമായി പ്രസ്താവിച്ചു. എതിർകക്ഷി ഗവൎമ്മെന്റിനോട് വൈരാഗ്യം കൂടാതെ, സ്വദേശിസാമാനങ്ങളെ മാത്രമേ ഉപയോഗിക്കാവൂ എന്നു് ഉപദേശിച്ചു. ഒരു കക്ഷിയിൽ തിലകനും, മറേറതിൽ ഗോപാലകൃഷ്ണഗോഖലേയും, പ്രമാണികളായിരുന്നു. ഗവൎമ്മെന്റും കാൺഗ്രസ്സും തമ്മിൽ പിണങ്ങി. പ്രമുഖന്മാരിൽ പലരെയും സർക്കാർ ശിക്ഷിച്ചു. തിലകനും, ലാലാരജപുത്തു്റായിയും, മററു് അനവധി പ്രമാണികളും തടവുകാരാക്കപ്പെട്ടു. ഈ മർദ്ദനനയം ദോഷപ്രദമാണെന്നു് ബോധപ്പെട്ടു്, ബ്രിട്ടീഷ് ഗവൎമ്മെന്റ് ഒരു പുതിയ ഭരണപരിഷ്കാരത്തെ ൧൯൦൯-ൽ നടപ്പി-

ലാക്കി. ഇതിനു 'മാർല്ലിമിന്റോ' പരിഷ്കാരം എന്നാണു് പേർ. അതിൽ മിതവാദികൾ ഗവമ്മെന്റിനെ അനുകൂലിച്ചു. ഉത്പതിഷ്ണുക്കൾ എതിർത്തുനിന്നു. ൧൯൧൧-ൽ ബംഗാൾ വിഭജനത്തെ ബ്രിട്ടീഷ് ഗവമ്മെൻറു റദ്ദു ചെയ്തു. ആ ആണ്ടിൽ തന്നെ തലസ്ഥാനം കല്ക്കട്ടയിൽനിന്നു് ദില്ലിയിലേക്കു മാററി. ശീമയിൽഅന്നു് രാജാവായിരുന്ന ജാജ്ജ് അഞ്ചാമൻ ഇദംപ്രഥമമായി ഇൻഡ്യയിൽ വന്നു് ചക്രവത്തിസ്ഥാനാഭിഷേകം ദില്ലിയിൽ വെച്ചു നടത്തി. ഈ പുതിയ പരിഷ്കാരങ്ങൾ നിമിത്തം രാഷ്ട്രീയന്തരിക്ഷം ഏതാണ്ടു് തെളിഞ്ഞു. ഈ അവസ്ഥയിലായിരുന്നു യൂറോപ്യൻ മഹാസമരം ൧൯൧൪-ൽ ആരംഭിച്ചതു്.

നാം കഥ പറഞ്ഞു് പത്തൊമ്പതാം ശതവർഷം വിട്ടു് ഇരുപതിലേക്കു് കടന്നുപോയി. ഇരുപതാംനൂററാണ്ടിൽ ഇൻഡ്യക്കു് ഉണ്ടായ ഭേദഗതികളെ ഇനി ഒരു അദ്ധ്യായത്തിൽ പറയാം. കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിന്നു് മഹായുദ്ധം വരെ ഭാരതഭൂമിയിലുണ്ടായ മാററങ്ങളുടെ ഒരു സാമാന്യജ്ഞാനം വായനക്കാർ ഗ്രഹിച്ചിരിക്കുമെന്നു് വിശ്വസിക്കുന്നു. സംഗതികളെ വിസ്തരിച്ചു് മനസ്സിലാക്കാൻ ചരിത്രപുസ്തകങ്ങൾ വായിക്കണം. നവീനചരിത്രം ബഹുമുഖവും വിപുലവും ആകുന്നു. അതിനെ ക്രോഡീകരിച്ചാൽ പോലും ഗ്രന്ഥവിസ്തരം ചില്ലറയാവില്ല.

# എഴുപത്തിഒന്നാം അദ്ധ്യായം

## ചീനയുടെ താഴ്ച.

നമ്മുടെ അയൽക്കാരായ ചീനന്മാരുടെ നാട്ടിൽ സൗഖ്യം തന്നെയോ എന്ന് അന്വേഷിക്കേണ്ട ചുമതല നമുക്ക് ഉണ്ടല്ലൊ. അവിടെ ഇൻഡ്യയിൽ ഉണ്ടായപോലെ, രാജ്യമൊട്ടുക്ക് ഭിന്നിച്ച് വിദേശീയരുടെ ആധിപത്യം സ്ഥാപിതമായില്ല. എങ്കിലും, കേന്ദ്രഭരണകൂടത്തിൻെറ അശക്തി നിമിത്തം ആഭ്യന്തരകലഹങ്ങൾ ഉണ്ടായി, വിദേശീയക്ക് ആനുകൂല്യങ്ങൾ ധാരാളമായി കിട്ടാൻ ഇടയായി. മാഞ്ചുരാജവംശജന്മാക്ക് ആദികാലത്ത് ഉണ്ടായിരുന്ന പൗരുഷം എത്രമാത്രമായിരുന്നു എന്ന്, ൧൭൯൩-ൽ ശീമരാജാവായിരുന്ന ജാർജ്ജ് മൂന്നാമൻെറ പേക്ക് ചീനാചക്രവർത്തിയായിരുന്ന ചീൻസുങ് അയച്ച മറുപടി കത്തുകൊണ്ടു് തന്നെ സ്പഷ്ടമാവും. ഈ എഴുത്തിൻെറ വിവരം മുമ്പിൽ ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അക്കാലം യൂറോപ്പിൽ പരന്ത്രീസ്സ് വിപ്ലവം മൂലവും, പിന്നീട് നെപ്പോളിയൻ ബോണപ്പാർട്ടിൻെറ ജയഭേരികളെക്കൊണ്ടും യാതൊരു രാജ്യക്കാക്കും സ്വാസ്ഥ്യം ഇല്ലാതിരുന്നതിനാൽ, അവരുടെ ദൃഷ്ടി ദേശാന്തരസംഭവങ്ങളിലേക്ക് പതിഞ്ഞില്ല. ആ കോലാഹലം ൧൮൧൫-ാമാണ്ടോടുകൂടി ശമിച്ചു. രണ്ടു് വർഷം കഴിഞ്ഞപ്പോൾ, ഇംഗ്ലീഷ്കാർ ചീനയുമായുള്ള കച്ചോടം ഉറപ്പിക്കുന്നതിന്ന് ഒരു ദൂതു് അയച്ചു. ആമർസ്റ്റ് പ്രഭുവായിരുന്നു ആ ദൂതസംഘത്തിൽ പ്രമാണി. ചീനാചക്രവത്തിയെ സാഷ്ടാംഗം കുമ്പിട്ടല്ലാതെ മുഖം കാണിക്കുന്നതിന്ന്

അനുവദിക്കാൻ പാടില്ലാതിരുന്നു. ഈ സാഷ്ടാംഗനമസ്കാരത്തിന്ന് ചീനഭാഷയിൽ "കൌട്ടൊ" എന്നാണ് പേർ. 'കൌട്ടൌ' ചെയ്യാൻ പ്രഭുവിന്ന് കുറച്ചിലായിരുന്നു. അതുകൊണ്ട് അയാൾ ദൌത്യം നടത്താതെ തിരിച്ചുപോയി. എങ്കിലും ചീനയുമായുള്ള കറപ്പ് കച്ചോടം വർദ്ധിച്ചുതന്നെ വന്നു. ക്രിസ്ത്വബ്ദം പതിനഞ്ചാം ശതകത്തിൽ ഇൻഡ്യയിൽ നിന്നാണ് ആദ്യം കറപ്പ് ചീനത്ത് കയറിയതു്. ഭാരതീയർ ചീനക്ക് അനവധി നന്മ നൽകീട്ടുണ്ടായിട്ടുള്ള മഹിമക്ക് കണ്ണുപെടാനോ എന്ന് തോന്നുമാറ്, ഈ മഹാവിഷസാധനവും അവിടെ കൊണ്ടുപോയി കൊടുത്തു. പാലാഴി അമൃതത്തെ മാത്രമല്ല കാളകൂടത്തെയും പണ്ടു തന്നില്ലേ? ഹിന്ദുക്കളുടെ ആധിപത്യകാലത്ത് ചുരുക്കമായി നടന്നുവന്ന കറപ്പ് കച്ചോടം, ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനി കുത്തകപിടിച്ച് നടത്തിത്തുടങ്ങിയപ്പോൾ, വളരെ വർദ്ധിച്ചു. ചീനത്തുകാർ നല്ല കറപ്പുതീററിക്കാരായി. അതിൻെറ പുക വലിച്ചാൽ മലമ്പനി നശിക്കും പോൽ! കറപ്പുതീററി അമിതമായി വദ്ധിച്ച് ജനങ്ങൾ നിശ്ചേഷ്ടരായി നിദ്രാലുക്കളായിക്കണ്ടും, നാട്ടിലേ ധനം മറുനാട്ടിലേക്ക് അനവധി പോകുന്നതു വലിയ നഷ്ടമാണെന്ന് ഉറച്ചും, ചീനാസക്കാർ ൧൮൦൦-ൽ വിളംബരപ്രകാരം കറപ്പ് ഇറക്കുമതിയെ നിരോധിച്ചു. അമിതമായ ലാഭം നേടിവന്നിരുന്ന വിദേശീയവണിക്കുകൾ, ചീനയിലെ ഉദ്യോഗസ്ഥന്മാൎക്ക് കൈക്കാണം നൽകി, വ്യാജമായി ധാരാളം കറപ്പ് നാട്ടിൽ കൊണ്ടിറക്കി. സക്കാർ പലവിധമായി പരിശ്രമിച്ചിട്ടും വ്യാജച്ചരക്ക് നാട്ടിൽ വദ്ധിച്ചു വന്നതേയുള്ളൂ. ൧൮൩൩-ൽ കമ്പനിക്ക് കൊടുത്തിരുന്ന കുത്തക നിറുത്തി, ഏതു ബ്രിട്ടീഷ് വ്യാപാരിക്കും കറപ്പ് കച്ചോടം നടത്താമെന്ന് ബ്രിട്ടീഷ് ഗവമ്മെൻറ്

തീരുമാനിച്ചപ്പോൾ, ആ വ്യാപാരം പെട്ടെന്ന് ശതഗുണമായി വർദ്ധിച്ചു. നിർവ്വാഹമില്ലെന്നു കണ്ടു് ചീനാസർക്കാർ ഊർജ്ജിതമായ നിരോധന ഏർപ്പാട്ട് ആരംഭിച്ചു. അതിന് യുക്തനായ മേലുദ്യോഗസ്ഥനായി, ലിൻഡ്സി എന്ന ആൾ നിയമിക്കപ്പെട്ടു. ആൾ നല്ല ശൂരനും കറാൽക്കാരനുമായിരുന്നു. കറപ്പ് വ്യാപാരത്തിന് കേന്ദ്രമായിരുന്ന കന്റൺ നഗരത്തിൽ ചെന്നു് അവിടെ കള്ളക്കച്ചോടത്തിന് ശേഖരിച്ച് വെച്ചിരുന്ന കറപ്പാസകലം ബലാൽ പിടിച്ചു. ആകെ ഇരുപതിനായിരം പെട്ടി കറപ്പ് കിട്ടിയതെല്ലാം അയാൾ നശിപ്പിച്ചു. എന്നു മാത്രമല്ല, കറപ്പ്കൊണ്ടു് വന്നിട്ടില്ലെന്ന് സത്യവാങ്മൂലം കപ്പിത്താൻ എഴുതിവെച്ചിട്ടല്ലാതെ യാതൊരു കപ്പലും തുറമുഖത്തു് അടുത്തുകൂടാ എന്നും കർശനമായി ചട്ടംകെട്ടി. കല്പനയ്ക്കു് വിപരീതമായി അടുക്കുന്ന കപ്പലുകളും സാമാനങ്ങളും സർക്കാർ കണ്ടുകെട്ടുന്നതാണെന്നും ശാസിച്ചു.

കാര്യം വെടിപ്പായി നടത്തി. അതിൻെറ ഫലം ബ്രിട്ടനുമായി മുതലിച്ച് യുദ്ധമായിരുന്നു. ലിൻഡ്സി നശിപ്പിച്ച കറപ്പ് മുക്കാലും ബ്രിട്ടീഷ് കച്ചോടക്കാരുടേതായിരുന്നു. അതാണ് ബ്രിട്ടീഷ്കാർ യുദ്ധം ആരംഭിച്ചതു്. ഈ യുദ്ധത്തിന് "കറപ്പുയുദ്ധം" എന്നാണ് പേർ. അവർ പടക്കപ്പലുകളെക്കൊണ്ടു് ചീനത്തെ തുറമുഖങ്ങളെ നിരോധനം ചെയ്തു. ചീനന്മാർ തോററു. ൧൮൪൨—ൽ നാൻകിന്നിൽവെച്ച് സമാധാന ഉടമ്പടി അവർ ഒപ്പിട്ടു. അതിൻപ്രകാരം അഞ്ചു് തുറമുഖങ്ങൾ, കാന്റൺ, ഷാങ്ഹൈ, ആമായി, നിങ്ങ്പോ, ഫൂചൗ, വിദേശീയരുടെ വ്യാപാരത്തിന് തുറന്നു കൊടുക്കപ്പെട്ടു. ഈ തുറമുഖങ്ങളെ 'ഉടമ്പടി തുറമുഖങ്ങൾ' എന്ന് അന്ന് മുതൽ വിളിച്ചു

തുടങ്ങി. അവയെ കൂടാതെ ബ്രിട്ടീഷ്കാർ കാന്റൺ തുറമുഖത്തിനു സമീപം ഹാങ്കാങ് എന്ന ദ്വീപ-ത്തെയും കൈക്കലാക്കി. നശിപ്പിച്ച കറുപ്പിന്റെ നഷ്ടമായി വലുതായ സംഖ്യ ചീനയോട്ട് ഈടാക്കി. ഇങ്ങനെ ഇംഗ്ലീഷ്കാർ ജയിച്ചു്, ചീനയെ കറുപ്പ് കൂട്ടതലായി തീററിച്ചു. അന്ന് ശീമയിൽ വാണിരുന്ന വിക്ടോറിയാ മഹാരാജ്ഞിക്ക് ചീനാചക്രവത്തി വളരെ ആവലാധി പറഞ്ഞു് വണക്കമായി ഒരു എഴുത്ത് അയച്ചതിൽ, ബലാല്ക്കാരമായി ചീനത്തുകാരെ കറുപ്പ് തീററിക്കുന്നതിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ പററി വിവരിച്ചു പറഞ്ഞിരുന്നു. അതിന് ഒരു മറുപടി പോലും കിട്ടിയില്ല. അമ്പതു്കൊല്ലം മുമ്പിലായിരുന്നു ചീനാചക്രവത്തിയായിരുന്ന ചീൻലുങ് ഇംഗ്ലീഷ് രാജാവിനു ധൃഷ്ടമായ ഒരു കത്തു് അയച്ചതു്. അര-ശതവഷംകൊണ്ട് കാലം എത്ര മറിഞ്ഞുപോയി!

അന്ന് മുതൽ ചീനയുടെ അധഃപതനം തുടങ്ങി. പാശ്ചാത്യശക്തികൾ ചീനയിൽ കൈകേറി. അവരുടെ കല്ലോടത്തിനു ചീന ഇടം നൽകി. ക്രിസ്ത്യൻ പാ-തിരിമാരും വന്നു കയറി. ഈ പാതിമാർ മൂലമായി-ട്ടാണു് പിന്നീട് ചീനയ്ക്കു് ഉണ്ടായ കഷ്ടതകൾ മിക്കതും. അവർ തോന്ന്യാസമായ നടപടികൾ തുടങ്ങി. ചീന-യിലെ കോടതികൾക്ക് യൂറോപ്യരെ വിസ്തരിക്കാൻ പാടില്ലായിരുന്നു. അന്യദേശീയരെ അവരവരുടെ ന്യായകോടതികൾ മാത്രമേ വിസ്തരിക്കാവൂ, എന്നുള്ള വിശേഷനിയമം ഇന്നും അനുഷ്ഠിച്ചു വരുന്നുണ്ടത്രേ! യൂറോപ്യൻ പാതിരിമാർ മാത്രമല്ല, അവർ മതത്തിൽ ചേത്ത നാട്ടുക്രിസ്ത്യാനികളും, ഈ വിശേഷാവകാശം വേണമെന്ന് വാദിച്ചതിനെ യൂറോപ്യന്മാർ അനുക്ക-ലിച്ചു. അതിൽവെച്ചു് ഗ്രാമങ്ങൾ തങ്ങളിൽ കലഹം തുടങ്ങി. കലഹം മൂത്തു് കലശലായപ്പോൾ ഗ്രാമക്കാർ

പാതിരിയെ ഉപദ്രവിക്കയും, ചിലപ്പോൾ കൊല്ലുകയും ചെയ്തു. അതിനതിന് യൂറോപ്യൻ സാമ്രാജ്യക്കാർ ചീനയെ പഴിച്ചു് കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ സമ്പാദിച്ചു.

മതത്തിൽ ചേൎന്ന ക്രൂസ്ത്യാനികളിൽ ഒരുവനായ ഹുങ്ങ്സിൻ ചവാൻ എന്ന ഭ്രാന്തൻ കാരണമാണ് ൧൮൫൦—ൽ വലുതായ കലാപങ്ങൾ ചീനത്തുണ്ടായതു്. 'തായിപ്പിങ്ങ് ലഹളകൾ' എന്നാണ് അവയ്ക്കു് പേർ. 'ബിംബാരാധകരെ കൊല്ലുവിൻ' എന്നുള്ള പോർ-വിളിയോടു് കൂടി നാടൊട്ടുക്ക് അയാൾ പേ പിടിച്ചു് ഓടി നടന്നു് ബഹളമുണ്ടാക്കി. രണ്ടു കോടി ജനങ്ങ-ളോളം ചത്തു. അനവധി സ്വത്തു് നശിച്ചു. ചീനയുടെ വിഭവം പകുതി പോയി. ഒരു വ്യാഴവട്ടം വേണ്ടിവന്നു ആ നഷ്ടങ്ങൾ തീരാൻ. അഹോ! പാതിരിമാർ മൂല-മുണ്ടായ ആപത്തു് എന്തുമാത്രം! ആദ്യം അനുകൂലി-കളായിരുന്നെങ്കിലും, ഒടുവിൽ ഈ ഭ്രാന്തനെ അവർ നിരസിച്ചു. അതു് മുമ്പായിരുന്നെങ്കിൽ, എത്രമാത്രം പാപം പരിഹൃതമാകുമായിരുന്നു!

ഇത്ര നിസ്സാരനായ മനുഷ്യൻ തുടങ്ങിയ ബഹളം ഇത്ര വർദ്ധിച്ചു് ഒരു മഹാരാജ്യത്തിൽ നിസ്സീമമായ നാശം വരുത്താൻ ഇടവന്നതു് എങ്ങിനെ എന്നു് നിങ്ങൾ അത്ഭുതപ്പെട്ടുമായിരിക്കാം. വേനൽ മൂത്തു് വനം ഉണങ്ങി കിടക്കുമ്പോൾ, ഒരു പൊരി പോരായോ വലുതായ ദാവാഗ്നി കൊളുത്താൻ? ചീനയുടെ നില അപ്രകാരമായിരുന്നു. പുരാതന കെട്ടുപാടെല്ലാം അയഞ്ഞു; വലുതായ നികുതിഭാരംകൊണ്ടു് ജനങ്ങൾ വലഞ്ഞു; സൎക്കാരിനോടുള്ള വിരോധം അവരുടെ ഹൃദയങ്ങളിൽ പുകഞ്ഞു. മാഞ്ചുചക്രവൎത്തികളുടെ ഭരണത്തിന് എതിരായി പല ഗൂഢസമാജങ്ങൾ ഉത്ഭവിച്ചു. വിദേശവ്യാപാരവും കറപ്പുതീററിയും

ജനങ്ങളുടെ സത്വത്തെ ക്ഷയിപ്പിച്ചു. ധനം കുറഞ്ഞു. യന്ത്രനിർമ്മിതസാധനങ്ങളെകൊണ്ടു് വിദേശീയർ കമ്പോളങ്ങളെ നിറച്ചു. നാട്ടുതൊഴിലുകൾ നിലച്ചു. ജനങ്ങളുടെ ദാരിദ്ര്യം വർദ്ധിച്ചു. ഈ കാരണങ്ങളെ കൊണ്ടാണു്, അല്പങ്ങളായി തുടങ്ങിയ തായിപ്പിങ്ങ് ലഹളകൾ വർദ്ധിച്ചു് നാടൊക്കെ നശിപ്പിച്ചതു്. അതുകൊണ്ടാണു് പാശ്ചാത്യരാജ്യക്കാർ ചീനത്തു് ആധിപത്യസ്ഥാനക്കാരായി ചമഞ്ഞതു്. ആ രാജ്യക്കാർക്കു് തമ്മിൽതന്നെ സൗന്ദര്യപ്പിണക്കം ഇല്ലാതിരുന്നെങ്കിൽ, ഇൻഡ്യയെ പോലെ ചീനയും അവരുടെ കീഴ്പ്പെടമാകുമായിരുന്നു. പാശ്ചാത്യരുടെ പരസ്പരസ്പർദ്ധയാണു് ചീനയെ രക്ഷിച്ചതു്.

വിദേശീയരുടെ പ്രവേശം വാസ്തവത്തിൽ ചീനയ്ക്കു് വിരോധമായിരുന്നു. തന്റെ കിടക്കയുടെ അടുക്കൽ കിടന്നു് മറ്റൊരാളെ കൂർക്കം വലിക്കാൻ അനുവദിക്കയില്ലെന്നു് ചീനാചക്രവർത്തി നേരംപോക്കു് പറഞ്ഞതുകൊണ്ടു് വിദേശീയർ അകലുമോ? സഹനശക്തി ചീനന്മാർക്കു് അസാധാരണമായി ഉണ്ടായിരുന്നു. അതു പോരല്ലോ ശത്രുക്കളെ ഓടിക്കാൻ. ധൈര്യവും വീര്യവും ശേഷിയും വേണം. നാൻകിൻ ഉടമ്പടി മൂലം ബ്രിട്ടണു് സൂചി കടത്താൻ പഴുതു കിട്ടി. അതിൽ അവർ തുമ്പ കടത്തി. സുഫലങ്ങൾ അവർ കൈക്കലാക്കി. ഫ്രാൻസും അമേരിക്കൻ ഐക്യസംസ്ഥാനങ്ങളും ചീനയുമായി കച്ചോടഉടമ്പടികൾ ചെയ്തു. നിർബന്ധപൂർവ്വമായിട്ടാണു് ചീന അവയെ സമ്മതിച്ചതു്. കിട്ടുന്ന ക്രമത്തിനു് കൂടുതൽ നേടാനുള്ള ആഗ്രഹം വിദേശികൾക്കു് വർദ്ധിച്ചു. തായിപ്പിങ്ങ് ലഹളങ്ങളിൽ കിടന്നു് വലയുന്ന ചീനന്മാരെ കൊമ്പുകുത്തിക്കാൻ നല്ല അവസരം അവർക്കു് കിട്ടി. ഫവ്വദന്ന—ൽ ഒരു ചീനക്കപ്പൽ ബ്രിട്ടീഷ് കൊടി പറത്തി കടൽക്കൊള്ള നട-

ത്തിയതിന്ന്, കാന്റണ്ണിലെ ചീനാരാജപുരുഷൻ കപ്പൽ പിടിച്ച് ബന്ദവസ്സിൽ വെച്ചു. ബ്രിട്ടീഷ് കോടിയേ ആക്ഷേപിച്ചു എന്നുള്ള വ്യാജേന ഇംഗ്ലീഷ്കാർ ചീനയോട്ട് പോർവിളി തുടങ്ങി. ഇംഗ്ലണ്ടിൽനിന്ന് പട്ടാളങ്ങളെ വരുത്തി. പക്ഷേ, അപ്പോഠം ഇൻഡ്യ-യിൽ ശിപായിലഹള തുടങ്ങുകയാൽ, പട്ടാളങ്ങളെ അഃങ്ങോട്ടു് അയച്ചു. ആ ബഹളം ശമിച്ചപ്പോഠം, ൧൮൫൭-ൽ ചീനയുമായി രണ്ടാമത്തും യുദ്ധം ആരം-ഭിച്ചു. പരന്തരീസ്സുകാക്കും ഒരു പാതിരി ഉണ്ടായിരുന്നു. ചീനയിൽ എവിടെയോ അവരുടെ ഒരു പാതിരി വധിക്കപ്പെട്ടു പോൽ! അതുകൊണ്ടു് ഫ്രഞ്ചുകാരും ഇംഗ്ലീഷ്കാരോടു ചേൎന്ന് ചീനയെ ആക്രമിച്ചു. അമേ-രിക്കൻ ഐക്യനാട്ടുകാർ അവരോട്ടു് ചേരാൻ വിസ-മ്മതിച്ചു. എങ്കിലും, കിട്ടുന്നതിൽ പങ്കു പററാൻ അവർ മടിച്ചില്ല. ആ യുദ്ധത്തിൽ പിന്നെയും ചില കൂടുതൽ തുറമുഖങ്ങഠം വിദേശവ്യാപാരത്തിന്ന് തുറന്നു കൊടു-ക്കപ്പെട്ടു. അതുകൊണ്ടു് മാത്രം ആ യുദ്ധത്തിൻെറ കഥ കഴിഞ്ഞില്ല. യുദ്ധത്തിന്ന് ധനാശി പാടുന്നതു് സാധാരണ ഇരുകക്ഷികളും ചേൎന്ന് ഒപ്പിടുന്ന ഉടമ്പടി കൊണ്ടാണല്ലോ. ആ ഉടമ്പടി ചീനരാജധാനിയായ പെക്കിൻ നഗരത്തിൽ വെച്ച് ഒപ്പ് വെക്കാൻ ഏപ്പാ-ടുചെയ്തു. അക്കാലത്തു് തായിപ്പിങ്ങ് ലഹളക്കാർ പെ-ക്കിൻ നഗരത്തെ പിടിക്കാൻ പുറപ്പെട്ടതു് അറിഞ്ഞു്, ചീനപ്പട്ടാളം പീക്കോ നദിക്കരകളെ പീരങ്കികൊണ്ടു് സുരക്ഷിതങ്ങളാക്കിയിരുന്നു. അതിനാൽ എല്ലാവരും ബോട്ടുവഴി വരരുതെന്നും, കരവഴി വന്നുചേരണമെന്നും മുൻകൂട്ടി അറിവും കൊടുത്തിരുന്നു. റഷ്യർ കരവഴി വന്നു. അമേരിക്കരും അതു് സമ്മതിച്ചു. ഫ്രഞ്ച്കാരും ബ്രിട്ടീഷ്കാരും ബോട്ടുവഴിതന്നെ വരുമെന്നു് ശഠി-ച്ചു. അവർ വന്ന വഴിയിൽ ചീനഭടന്മാർ ശത്രുക്കഠം

എന്നു് കരുതി വെടിവെച്ചു് അവരെ പിന്തിരിച്ചു. ഈ ധിക്കാരത്തിനു് പകരം വീടാൻ കൂടുതൽ സന്നാഹത്തോടെ അവർ പെക്കിൻ നഗരത്തിൽ കയറി നല്ല നല്ല പുരാതന മന്ദിരങ്ങളെ ചുട്ടു പൊടിച്ചു! അക്കൂട്ടത്തിൽ ചിൻലുങ്ങ് ചക്രവത്തി കേമമായി പണിയിച്ചിരുന്ന വസന്തമന്ദിരവും ഭസ്മമാക്കി. അവിടെ അനർഘങ്ങളായ പുരാണലോഹപ്രതിമകൾ, മൺപാത്രങ്ങൾ, ചിത്രങ്ങൾ, ഗ്രന്ഥങ്ങൾ, മുതലായ അനവധി കൗതുകസാധനങ്ങൾ ശേഖരിച്ചിരുന്നതെല്ലാം ചാമ്പലായി. കാട്ടുജാതിക്കുണ്ടോ ചാട്ടും പൂട്ടും? പട്ടാളക്കാക്കു് അറിയാമോ ഈ പുരാണവസ്തുക്കളുടെ മാഹാത്മ്യം? സഹസ്രവർഷങ്ങളായി ചീനത്തുണ്ടായിരുന്ന പരിഷ്കാരസ്മാരകങ്ങൾ, പരിഷ്കാരപ്രൗഢരായ രണ്ടു യൂറോപ്യൻ രാജ്യക്കാരുടെ ഭടന്മാർ, നഷ്ടങ്ങളാക്കിയ മഹാപാപം അപരിഹാൎയ്യമായിത്തീൻ! സമാധാനസൂചകമായ പതാകയുടെ ഭഞ്ജനത്തിനുള്ള നിഷ്ക്രയം ആയിരുന്നത്രെ ഈ മഹാപാതകം! ചീനപ്പട്ടാളക്കാർ അറിവില്ലാതെ ചെയ്ത കുററത്തിനു് ലോകാത്ഭുതങ്ങളായ സാധനങ്ങൾ നശിച്ചു! പരസഹിഷ്ണുതയെ കുട്ടികൾക്കു് ഉപദേശിക്കുന്ന പരിഷ്കാരികൾ, യുദ്ധത്തിൽ മനുഷ്യത്വം വിട്ടു്, ജന്തുധൎമ്മത്തെ അനുഷ്ഠിക്കുന്നതു് പുത്തരിയല്ല. സ്വജാതികളായവർ തമ്മിൽ പിണങ്ങുമ്പോൾ പോലും രാക്ഷസപ്രവൃത്തികൾ കാണിക്കുമെന്നുള്ളവർ, മററു വർഗ്ഗക്കാരുമായുള്ള കലഹത്തിൽ അതിക്രമങ്ങൾ നടത്തുന്നതു് ആശ്ചൎയ്യമാണോ? അതാണു് വെള്ളക്കാർ ഏഷ്യരെയും ആഫ്രിക്കരെയും പെടുത്തുന്ന പാടിനെല്ലാം സൂക്ഷ്മം. ഒരു കക്ഷിക്കു് സാമ്രാജ്യപ്രാബല്യമുണ്ടെന്നുകൂടി വരുമ്പോൾ, വൈൎയ്യനിൎയ്യാതനത്തിനു് മൂച്ചു കൂടും. യന്ത്രങ്ങളെകൊണ്ടുള്ള വ്യവസായം പരിപുഷ്ടമായപ്പോൾ, ധനംകൊണ്ടും അധികാരംകൊണ്ടും

വെള്ളക്കാർ എന്തെന്നില്ലാതെ പൊങ്ങി. മററുള്ളവർ അല്പന്മാരാണെന്നുള്ള നിസ്സാരബുദ്ധി അവരിൽ ഉദിച്ചു. വെള്ളക്കാരും നാട്ടുകാരും തമ്മിൽ ഇണക്കമില്ലാതെ കാണുന്നതിനു് അതാണു് നിദാനം. പത്തൊമ്പതാം ശതകത്തിൽ ആ അകല്ച്ച മുഴച്ച് നിന്നതു് ക്രമേണ ഇന്നു ഭേദപ്പെട്ടു വരുന്നുണ്ടു്. നമ്മുടെ ഇടയിലും ഈ ദോഷം ധാരാളമുണ്ടെന്നു് സമ്മതിച്ചേ തീരൂ. സാധുക്കളായ വേലക്കാരെ നാം എങ്ങനെ ഗണിക്കുന്നു എന്നു് ആലോചിച്ചാൽ മതി. തീണ്ടാപ്പാട്ടു് ദൂരത്തല്ലാതെ അവരെ നിറുത്തുന്നുണ്ടോ? നായ്ക്കു് കൊടുക്കുന്നതിനൊപ്പമല്ലേ നാം അവക്കു് കൊടുക്കുന്നതു്. മനുഷ്യത്വം പോലും കല്പിക്കാതെ അല്ലേ അവരോടുള്ള നമ്മുടെ നടവടി? കൊടുത്താൽ കിട്ടുമെന്നുള്ള പാഠം യൂറോപ്യർ നമ്മെ പഠിപ്പിക്കുന്നു.

പെക്കിൻനഗരം നശിപ്പിച്ചതിനു മേൽ, ബ്രിട്ടീഷ്കാരും പരന്തരീസ്സുകാരും ചീനയുമായുള്ള പഴയ ഉടമ്പടികളെ പുതുക്കി, പിന്നെയും പുതിയ അവകാശങ്ങളെ വെള്ളക്കാർ കരസ്ഥമാക്കി. ഷാങ്ങ്ഹൈയിൽ ഉണ്ടായിരുന്ന ചുങ്കത്തുറ ചീനന്മാർ നടത്തിവന്നതു് മാററി യൂറോപ്യൻ ഉദ്യോഗസ്ഥന്മാർ മുഖാന്തരം സംഘടിപ്പിക്കപ്പെട്ടു. ഇതിനു് 'സാമ്രാജ്യസാമുദ്രിക ചുങ്കത്തുറ' എന്നു് പേരുമിട്ടു. ഇങ്ങനെ ഇംഗ്ലണ്ടും ഫ്രാൻസും ഭയപ്പെടുത്തി പല പുതുതായ ആനുകൂല്യങ്ങളും സമ്പാദിച്ചു വരവേ, റഷ്യർ സാമോപായം കൊണ്ടു് ശാന്തോദധിതീരംവരെയുള്ള ഭൂമിയും വ്ളാഡിവോസ്റ്റാക്കു് എന്ന തുറമുഖവും ചീനരോടു് വാങ്ങി, വടക്കുപടിഞ്ഞാറു് ഭാഗം സ്വാധീനമാക്കി. മുറവീഫ് എന്നു പേരായ സമത്ഥനായ ഒരു റഷ്യൻ യുവാവിന്റെ മിടുക്കു് കൊണ്ടാണു് റഷ്യർ ഈ ലാഭം നേടിയതു്. മൂന്നു് വഷത്തെ യുദ്ധംകൊണ്ടു് ബ്രിട്ടണും

ഫ്രാൻസും നേടിയതിൽ എത്രയോ കൂടുതലായ ഗുണം റഷ്യർ ശാന്തമായി സമ്പാദിച്ചു. ക്രിമിയൻ യുദ്ധത്തിൽ പററിയ നഷ്ടത്തെ റഷ്യർ ചീനത്തു് തീർത്തു.

ഇങ്ങനെ തായിപ്പിങ്ങ് ലഹളകൾ കൊണ്ടും, വിദേശിയാക്രമണം കൊണ്ടും ചീന ഏററവും വലഞ്ഞു ക്ഷീണിച്ചിരിക്കുമ്പോൾ, സൂസി എന്നു പേർ പെററ വിധവയായ മഹാരാജ്ഞി ശിശുവായ മകനു് വേണ്ടി സാമ്രാജ്യഭരണം കയ്യേററു. ഇരുപത്തി ആറു വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഈ അമ്മസംരാജ്ഞി, ബഹുശക്തിമതിയായി നാല്പത്തി ഏഴുകൊല്ലം ചീനയെ ഭരിച്ചു. സ്വയമേ ഓജസ്സുണ്ടായിരുന്ന ചക്രവർത്തിനി സമാനഗുണമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചതിൽ ഊർജ്ജിതം ഇരട്ടിച്ചു. ൧൮൬൪—മാണ്ടു് മുതൽ ചീനയുടെ ശനിദശ ഏതാണ്ടു് നീങ്ങി തുടങ്ങി. ൧൮൭൦-ൽ ചീനയിലെ മന്ത്രിസത്തമനായി പേരുകേട്ട ലീ ഹുങ്ങ്-ചാങ്ങിന്റെ നേതൃത്വത്തിൽ ഏറിയ കാലമായി രാജ്യത്തെ ക്ഷീണിപ്പിച്ച തായിപ്പിങ്ങ്ബഹളം ശമിതമായി. ക്ഷണേന തുർക്കിസ്ഥാനത്തു് യാക്കൂബ്ബ് ബെഗ് എന്ന മുസ്ലിം പ്രമാണി അവിടത്തെ മഹമ്മദീയ വർഗ്ഗങ്ങളെക്കൊണ്ടു് ചീനയ്ക്കു്വിപരിതമായി കലാപം ഉണ്ടാക്കി. തുർക്കിസ്ഥാനം ചീനാസാമ്രാജ്യത്തിൻേറ മദ്ധ്യേഷ്യാഭാഗമായിരുന്നു. അവിടെ അധികവും മേത്തന്മാരായിരുന്ന ജനങ്ങൾ. അവർ ചീനന്മാരായ ഉദ്യോഗസ്ഥന്മാരെ പുറത്തിറക്കി. ആ തക്കം നോക്കി, റഷ്യ ഇടയ്ക്കു് ചാടി അവിടം കൈക്കലാക്കി. ചീനർ അതു് സമ്മതിച്ചില്ല. സോസുങ്ങ്താങ്ങ് എന്ന ചീന സേനാനായകൻ യാക്കൂബ് ബെഗ്ഗിനെ തോല്പിച്ചു്, റഷ്യരെ അവിടെനിന്നും ഓടിച്ചു. അതുപോലെ, മദ്ധ്യേഷ്യയിൽ കാഷ്ഗാർ, തുർഫാൻ, യാർഖണ്ഡം മുതലായി പല

ദേശങ്ങളിലും ഉത്ഭവിച്ച ലഹളങ്ങളെ ചീനന്മാർ അടക്കി. ഈ വിജയങ്ങൾ നിമിത്തം ചീനയ്ക്കു് ഒരു പുതു ജീവൻ വീണു.

അമേരിക്കൻ ഐക്യനാട്ടുകാർ ബർല്ലിംഗേം എന്ന വിദ്വാൻെറ നേതൃത്വത്തിൽ ചീനയിലേക്കു് ഒരു ദൂതസംഘത്തെ അയച്ചു. ഈ ബർല്ലിംഗേം ചീനയുടെ ബന്ധുവായിരുന്നു. അതുകൊണ്ടു് അമേരിക്കയ്ക്കു് പുതുതായ ചില ആനുകൂല്യങ്ങൾ ചീന ചെയ്തുകൊടുത്തു. ചീനയും അമേരിക്കയുമായി ഒരു പുതു ഉടമ്പടി ൧൮൬൮-ൽ ഒപ്പിട്ടു. അതിൽ ചീനത്തുനിന്നു് വേലക്കാരെ അമേരിക്കയിൽ കൊണ്ടുപൊയ്ക്കൊള്ളാൻ ചീനാഗവമ്മെൻറു് സമ്മതിച്ചു. അക്കാലത്തു് അമേരിക്കൻ ഐക്യനാട്ടുകളിലെ പടിഞ്ഞാറേ അററത്തു് ശാന്തമഹാസമുദ്രക്കരയിൽ ഉണ്ടായിരുന്ന സംസ്ഥാനങ്ങളെ നന്നാക്കി ഉർവ്വരയാക്കിത്തീർക്കാൻ വേലക്കാർ ധാരാളം അമേരിക്കക്കു് ആവശ്യമുണ്ടായിരുന്നു. അതാണു് അവർ അനേകം ചീനരെ അവിടെ കൊണ്ടുപോയതു്. നല്ല വേലക്കാരാണു് ചീനന്മാർ. കൂലിയും അല്പം മതി. ചീനന്മാർ ധാരാളം അവിടെ ചെന്നെത്തിയപ്പോൾ നാട്ടുകാർ ക്ഷോഭിച്ചു. അതുനിമിത്തം അവർ ഗവമ്മെൻറുമായി പിണങ്ങി. ഈ വിരോധം നിമിത്തം അമേരിക്കർ ചീനന്മാരുടെ കുടിയേററത്തെ തടുത്തു. ഇതു് ചീനയ്ക്കു് രസിച്ചില്ല. ചീനത്തുകാർ അമേരിക്കൻ സാമാനങ്ങളെ ചീനത്തു കടത്തിക്കൂടെന്നു് നിരോധിച്ചു. ഇതുസംബന്ധിച്ചുണ്ടായ കുഴപ്പങ്ങൾ ഇരുപതാം ശതവർഷത്തിലാണു് നടന്നതു്.

മദ്ധ്യേഷ്യയിലെ കുഴപ്പങ്ങൾ ഒരുവിധം ഒതുങ്ങിയപ്പോൾ, ചീനയുടെ മറെറാരു സാമന്തദേശമായിരുന്ന അന്നാമിൽ ലഹള തുടങ്ങി. കുറെക്കാലമായിട്ടു് പരന്ത്രീസ്സുകാർ അവിടം പിടിക്കാൻ കണ്ണുവെച്ചിരിക്ക-

യായിരുന്നു. അതുകൊണ്ടു ചീന അവരുമായി യുദ്ധം ചെയ്യേണ്ടിവന്നു. അതിൽ ചീന ജയിച്ചു. ഫ്രാൻസിൻെറ ഭീഷണി പററിയില്ല. ൧൮൮൫-ൽ രാജി ഉടമ്പടി ഉണ്ടായി. അതിൽ ചീനയ്ക്കു് ഗുണം കിട്ടി. പക്ഷേ, ആ ഗുണം ക്ഷണികമായിരുന്നു.

---

# എഴുപത്തിരണ്ടാം അദ്ധ്യായം

---

## ജപ്പാൻെറ ഉയർച്ച്.

അതിനിടെ കൊച്ചുജപ്പാൻ മുതിൎന്നു് തള്ളയെ തല്ലാൻ തുടങ്ങി. മക്കൾ പ്രാപ്തിയാകുമ്പോൾ മാതാപിതാക്കളോട്ടു് മല്ലിടുന്നതു് പണ്ടേ കണ്ടുവരുന്ന നടപടിയാണു്. പൗരാണികകാലത്തുതന്നെ ഭാരതയുദ്ധം സംഭവിച്ചതു് അപ്രകാരമാണല്ലോ. ചരിത്രകാലങ്ങളിലും, മാസിഡോണിയ ഗ്രീസ്സിനെ അഭിഭവിച്ചതും, ഹ്യൂഗനോസ്സുകൾ ഫ്രാൻസിനെ ദ്രോഹിച്ചതും, പ്രഷ്യ ജൎമ്മനിയിൽ കയറിയതും, മററും നമുക്കു് അറിയാമല്ലോ. അതുപോലെ, ജപ്പാനും ചീനയോട്ടു് കലഹിക്കാൻ തുടങ്ങിയ കഥ പറയുന്നതിനു മുമ്പിൽ, അതിൻെറ വളൎച്ചയെപ്പററി അല്പം പ്രസ്താവിക്കാനുണ്ടു്.

൧൬൩൯-ാമാണ്ടു മുതൽ ഇരുന്നൂറു കൊല്ലത്തിനു് മേൽ ജപ്പാൻ ഇതരസമ്പൎക്കം കൂടാതെ സന്യസിച്ചിരുന്ന കഥ അമ്പതാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇതിനിടെ യൂറോപ്പിലും ഏഷ്യയിലും അമേരിക്കയിലും ആഫ്രിക്കയിൽ പോലും വലിയ വലിയ സംഭവങ്ങൾ നടന്നിട്ടുള്ളതിൻെറ കഥ ഒന്നും ജപ്പാൻ അറിയുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. അവിടത്തെ

ഘടികാരം പതിനേഴാം ശതവഷത്തിൽ നിന്നുപോയി. എങ്കിലും കാലം ഓടിക്കൊണ്ടുതന്നെ ഇരുന്നു. ജപ്പാനിൽ പഴയ ഇറയിലി ഏൎപ്പാട്ട് തുടന്നു. ജന്മികൾ പ്രമാണികളായി അധികാരം വഹിച്ചു. ചക്രവത്തി കേവലം ഒരു ബിംബം. അധികാരമെല്ലാം ഷോഗുണന്മാർ വഹിച്ചു. ഷോഗുണന്മാർ ഒരു വലിയ വഗ്ഗത്തിൻെറ കാരണവന്മാരായിരുന്നു. അവരെ കൂടാതെ, ഭാരതഖണ്ഡത്തിലെ ക്ഷത്രിയരെ പോലെ, അവിടെ സാമുറായികൾ എന്നൊരു കൂട്ടരുണ്ടായിരുന്നു. ഷോഗുണന്മാരും സാമുറായികളും ആയിരുന്നു ജപ്പാനിലെ ഭരണാധികാരികൾ. അവർ പലപ്പോഴും പരസ്പരം കലഹിച്ചുകൊണ്ടുമിരുന്നു.

എങ്കിലും ജപ്പാൻ സമാധാനത്തോടെ പാത്തു. ദായിമ്യോക്കളുടെ ആഭ്യന്തരബഹളങ്ങൾകൊണ്ടുക്ഷീണമേററിരുന്ന രാജ്യം, ദീർഘമായ സമാധാനകാലത്തു ലഭിച്ച വിശ്രമം കൊണ്ട്, നഷ്ടപരിഹാരം വരുത്തി. ജനങ്ങൾ ശാന്തചിത്തരായി കൈത്തൊഴിലും സാഹിത്യവും കലയും വദ്ധിപ്പിച്ചു. കൃസ്തുമതം ബഹിഷ്കൃതമായി. ബുദ്ധമതം പുനരുജ്ജീവിച്ചു. അതിനോടു കൂടി ജപ്പാനിൽ പ്രത്യേകമായി പിത്രാരാധനാപരമായ ഷിന്റോ മതവും പ്രചരിച്ചു. കൺഫ്യൂഷ്യസ്സിൻെറ ധമ്മശാസ്ത്രസിദ്ധാന്തങ്ങളെ പ്രഭുക്കളും രാജാക്കളും നിഷ്ഠയോടെ അനുവത്തിച്ചു. ചുരുക്കത്തിൽ, യൂറോപ്പിൽ മധ്യകാലത്ത് ഉണ്ടായിരുന്ന അവസ്ഥയിലായിരുന്നു അന്ന് ജപ്പാൻ.

വീട്ടിൽ ആരെയും കാണാതെ കഴിഞ്ഞുകൂടുന്നവക്കും കാലം ചില ഭേദഗതികൾ വരുത്താതിരിക്കുന്നില്ല. വിദേശീയസമ്പക്കം വെറുത്ത് വാതിൽ അടച്ചിരുന്ന ജപ്പാനും അതുപോലെ ഉള്ളിൽതന്നെ ചില മാററങ്ങൾ വരാതെ ഇരുന്നില്ല. സാവധാനത്തിലാണ് അവ

വന്നുചേൎന്നതു് എന്നേയുള്ളൂ. ഈറയിലി ഏൎപ്പാട്ടു് പഴകുന്തോറും മേലാവിലുള്ളവരും കീഴിലുള്ളവരും തമ്മിൽ പൊരുത്തമില്ലാതെ വരുന്നതു് എവിടെയും പ്രത്യക്ഷമാകുന്നു. ജപ്പാനിലും അതു വരാതിരുന്നില്ല. മേലാവിലുള്ളവരുടെ കുബേരത്വവും കീഴിലുള്ളവരുടെ ദാരിദ്ര്യവും സമുദായത്തിൻെറ കെട്ടുപാടിനെ അയച്ചു. അതിൽനിന്നു മുളച്ച അസന്തുഷ്ടിക്കു് പാത്രമായിത്തീൎന്നവർ രാജാധികാരം വഹിച്ചിരുന്ന ഷോഗുണന്മാരാണു്. അവരാണു് ഈ കഷ്ടതയ്ക്കു് കാരണഭൂതന്മാർ എന്നുള്ള വിശ്വാസം പരന്നു. അതുമാത്രമല്ല, ഷിന്റോമതപ്രകാരം സാക്ഷാൽ സൂൎയ്യവംശജനായ ചക്രവൎത്തി അല്ലാതെ ആരാധ്യപുരുഷൻ മററാരും ആകാൻ പാടില്ല എന്നൊരു ദൃഢബോധം പ്രജകളിൽ ആവിർഭവിച്ചു. രാജഭക്തിമൂലമായി ജപ്പാനിൽ രാഷ്ട്രീയബോധം ഉദിച്ചു.

പല വിദേശശക്തികളും ജപ്പാനിൽ വന്നു് വാതിൽതുറപ്പാട്ടു് പാടിനോക്കി. ജപ്പാൻ വാതിൽ തുറന്നില്ല. ഒടുവിൽ അമേരിക്കൻ പ്രസിഡൻറു് എഴുത്തും കൊടുത്തു് ഒരു നൗകാസംഘത്തെ അയച്ചു. അവരുടെ നാട്ടിൽ ശാന്തസമുദ്രതീരത്തു് ഉണ്ടായിരുന്ന കാലിഫോർണിയ മുതലായ സംസ്ഥാനങ്ങളെ നന്നാക്കി, സാൻഫ്രാൻസിസ്കോവിൽ അമേരിക്കർ നല്ലൊരു തുറമുഖം ഏൎപ്പെടുത്തിയിരുന്നു. അവിടെനിന്നു വ്യാപാരം നടത്തുന്നതിന്നു് ജപ്പാൻെറ ആനുകൂല്യം അത്യാവശ്യമായിത്തീൎന്നു. അതാണു് അവർ അവിടേക്കു് ദൂതു് അയച്ചതു്. ആദ്യമായി ജപ്പാനിലുള്ളവർ ആവിക്കപ്പൽ കണ്ടതു് അമേരിക്കരുടേതായിരുന്നു. ഒരു കൊല്ലത്തെ പ്രയത്നഫലമായി ജപ്പാനിൽ രണ്ടു തുറമുഖങ്ങളിൽ ആ കപ്പലുകൾ അടുത്തുകൊള്ളാൻ ഷോഗുണൻ അനുവദിച്ചു. അതു് അറിഞ്ഞപ്പോൾ ബ്രിട്ടീഷുകാരും ലന്തക്കാരും റഷ്യരും പുറപ്പെട്ടു് ജപ്പാനുമായി ഉടമ്പടികൾ

ചെയ്തു. ഇങ്ങനെ ഇരുനൂററിപതിമൂന്നു കൊല്ലം വാതിൽ അടച്ച് ഇരുന്ന ജപ്പാൻ വിദേശീയക്ക് കതകു തുറന്നു കൊടുത്തു.

ഏഴുനൂറുകൊല്ലമായി ചക്രവത്തിഃവഷം ചമഞ്ഞു് രാജാധികാരം നടത്തിവന്ന ഷോഗുണന്മാരോടുള്ള ജനങ്ങളുടെ വെറുപ്പ് വിദേശീയപ്രവേശാനുവാദംനിമിത്തം മുഴുത്തു. അന്യരാജ്യക്കാരുമായി ഷോഗുണൻ സഖ്യം ചെയ്തതു് രസിക്കാതെ ജനങ്ങൾ അവരെ ഹിംസിച്ചതുമൂലം പല കലാപങ്ങളും ഉത്ഭവിച്ചു. ഇനി കിടന്നു പൊറുക്കാൻ തരമില്ലെന്നായപ്പോൾ, ൧൮൬൭-ൽ ഷോഗുണൻ സ്ഥാനം രാജിവെച്ചു. സാക്ഷാൽ ചക്രവത്തിതന്നെ സ്വസ്ഥാനം ഏററു.

പതിന്നാല് വയസ്സു മാത്രം പ്രായമായിരുന്ന മുത്സുഹിതോ, ൧൮൬൭-മുതൽ ൧൯൧൨-വരെ നാല്പത്തിഅഞ്ചു വഷം, രാജ്യഭാരം വഹിച്ചു. അക്കാലത്തിന്, ജപ്പാൻഭാഷയിൽ 'മീജി' എന്നുവെച്ചാൽ പരിഷ്കൃതഭരണകാലം, എന്നുള്ള സംജ്ഞ ലഭിച്ചു. അക്കാലത്താണു് ജപ്പാൻ പാശ്ചാത്യരുടെ വിദ്യയും നയവും വ്യവസായവും പഠിച്ച്, പെട്ടെന്നു് തല ഉയത്തി, അവരോടൊപ്പം ഒരു മഹാശക്തിയായിത്തീന്നതു്. ഇത്ര എളുപ്പം വലിപ്പം നേടിയ ഒരു രാജ്യം ചരിത്രത്തിൽ കേട്ടിട്ടില്ല. ഒരു തലമുറകൊണ്ടാണു് ജപ്പാൻ യൂറോപ്യൻ രാജ്യങ്ങൾക്കൊപ്പം വ്യവസായാഭിവൃദ്ധിയിലും സാമ്രാജ്യശക്തിയിലും പരാക്രമത്തിലും, എന്നു വേണ്ട, വേഷത്തിൽ പോലും വെള്ളക്കാരോട്ടു് സാമ്യം സമ്പാദിച്ചതു്. ഇന്ദ്രജാലക്കാരൻ കാണിക്കുമ്പോലെ, ഇന്നലെ വിത്തു വിതച്ചതു് ഇന്നു് ഫലവത്തായി. മറുനാട്ടിൽ നിന്നു് വിദഗ്ദ്ധരെ വരുത്തി പഠിച്ചും, നാട്ടുകാരെ വിദേശങ്ങളിൽ അയച്ചു പഠിപ്പിച്ചും, തൊഴിലുകളിൽ ഗുരുക്കന്മാരെ ജാപ്പുകൾ അതിശയിച്ചു. കപ്പ-

ലുകൾ പണിയിച്ചു് ഭൂലോകമൊട്ടുക്കു് ജപ്പാൻ സഞ്ചരിച്ചു. പട്ടാളങ്ങളെ പുതുയുദ്ധച്ചട്ടങ്ങളിൽ പരിശീലിപ്പിച്ചു. പുറമെയുള്ള വേഷവും ജീവിതവും പരിഷ്കാരവും ഉത്സാഹവും സമ്പ്രദായവും എല്ലാം യൂറോപ്യൻമട്ട തന്നെ ആയിരുന്നു എങ്കിലും, അതെല്ലാം കേവലം പുറംപൂച്ചായിരുന്നു. പണ്ടുപണ്ടേ നിലനില്ക്കുന്ന നാലുകെട്ടും അറപ്പുരയും എത്രതന്നെ യൂറോപ്യൻസമ്പ്രദായത്തിലുള്ള സാമാനങ്ങളും അലങ്കാരങ്ങളും കൊണ്ടു് മോടി പിടിപ്പിച്ചാലും, ഇംഗ്ലീഷ്ഗൃഹം പോലെ ആകുമോ? അതുപോലെ, പുരാതനമായ ഇറയിലി ബന്ധത്തിൽ ഉൾപ്പെട്ടിരിക്കുന്ന സമുദായത്തിൽ പാശ്ചാത്യരുടെ സമത്വനിഷ്ഠമായ സമുദാചാരംകൊണ്ടുവന്നു് ഒട്ടിച്ചാൽ ഏച്ചുകെട്ടിയതു് മുഴച്ചുതന്നെ നിൽക്കുമെന്നു് സിദ്ധമാണു്. "കാകഃ കാകഃ പികഃ പികഃ"

എത്രയോ കാലം പേരു പോലും കേൾക്കാതെ കിടന്ന ജപ്പാൻ എങ്ങനെ പെട്ടെന്നു് പരിഷ്കൃതസമുദായത്തിൻെറ മുന്നണിയിൽവന്നെത്തി എന്നു് നിങ്ങൾ അത്ഭുതപ്പെട്ടുമായിരിക്കാം. അതിനു് പല കാരണങ്ങളുമുണ്ടു്. ചീനയുടെ കേവലം വാലു പോലെ കിടന്ന ജപ്പാൻ, ചീനയെക്കാൾ വിസ്തൃതിയിൽ തുലോം കുറവുള്ള രാജ്യമായിരുന്നു അതുകൊണ്ടു് ഭരിക്കാൻ വളരെ എളുപ്പം വന്നു. ആനയെ പോലെ വലിപ്പമുള്ള ചീന അനങ്ങണമെങ്കിൽ വളരെ പ്രയത്നം വേണം. ജപ്പാൻ കുതിരയെ പോലെയോ കുരങ്ങിനെ പോലെയോ ഓടാനും ചാടാനും സന്നദ്ധമായിരുന്നു. ഭാരതഭൂമിയിലേ പോലെ എത്രയോ പുരാണകാലം മുതൽ നിലനിന്നുവരുന്നതാണു് ചീനയിലെ സംസ്കാരം; ജപ്പാനിൽ ഇന്നലെ അവിടെനിന്നു പകർത്തിയ പരിഷ്കാരമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു്, വിഴപ്പു മുണ്ടു മാറും പോലെ, ഒന്നിനു് പകരം മറെറാന്നു്

സ്വീകരിക്കാൻ ജപ്പാനു് ഒരു വിഷമവും ഇല്ലായിരുന്നു. ചീനയുടെ പരിണാഹംകൊണ്ടു്, ഇൻഡ്യയിലെ പോലെ, അവിടെ പല മഹാസാംസ്ഥാനങ്ങളും, പല വർഗ്ഗങ്ങളിലുള്ള ജനങ്ങളും, പല മാതിരി പാരമ്പര്യങ്ങളും ഉണ്ടായിരുന്നു. ജപ്പാനു് അതൊന്നുമില്ലായിരുന്നു. രാജ്യം ചെറുതു്; ഉള്ളതു് പരിമിതം; ആളുകൾ അസങ്കീർണ്ണം; ചീന ഒരു മഹാഭൂഖണ്ഡത്തിന്റെ ഭാഗം; ചുററും പ്രബലന്മാരായ രാജ്യക്കാരുടെ അധിവാസം; വടക്കും പടിഞ്ഞാറും മഹാൻ റഷ്യ; തെക്കുപടിഞ്ഞാറു് പ്രബലന്മാരായ ബ്രിട്ടീഷു്കാർ; തെക്കു് പരന്തരീസ്സുകാർ; ജപ്പാനോ സമുദ്രമേഖലയായ ദ്വീപങ്ങൾ; ആരും വന്നു് അടുക്കാനില്ല; ഒററയ്ക്കു് നില്ക്കാം. ഇങ്ങനെ പല സൗകര്യങ്ങളും ജപ്പാനു് ഉണ്ടായിരുന്നു. അതുകൊണ്ടു് പുതുവേഷം കെട്ടാൻ മററാരുടേയും മുഖം നോക്കീട്ടു് ആവശ്യമില്ലായിരുന്നു.

ജപ്പാനിൽ ഉണ്ടായിരുന്ന പ്രഭുകുടുംബങ്ങളിലെ കാരണവന്മാരാണു് (Elder statesmen) സ്വരാജ്യത്തിനു് ഈ മാററവും വലിപ്പവും വരുത്തിയതു്. വിദേശീയരുമായുള്ള വഴക്കുകളിൽ പിണഞ്ഞ തോൽവി സ്വരാജ്യത്തിന്റെ അശക്തതയെയും നിരാശ്രയതയെയും പ്രത്യക്ഷമാക്കി. പരാജയംകൊണ്ടു ക്ഷീണബുദ്ധികളാകുന്നതിനു പ്രകരം, ഈ മൂപ്പിന്നന്മാൎക്കു് വീറു് ഒന്നുകൂടി വർദ്ധിക്കയാണു് ചെയ്തതു്. 'എന്നാൽ ഇനി കണ്ടിട്ടു് കാൎയ്യം' എന്നുറച്ചു്, ചക്രവർത്തിയുടെ പേരും പറഞ്ഞു്, കല്പനക്കനുസരണം ആദ്യം രാജധാനിയെ ക്യോട്ടോവിൽനിന്നു് സീഡോവിലേക്കു് മാററി. ഈ സീഡോവിനു് തന്നെയാണു് തോക്യോ എന്നു് പേർ കല്പിച്ചിരിക്കുന്നതു്. രണ്ടു് വിഭാഗങ്ങളോടു കൂടിയ പാർല്ലിമെന്റു്സഭയെ സൃഷ്ടിച്ചു. ചട്ടങ്ങൾ, വിദ്യാഭ്യാസമുറകൾ, തൊഴിലുകൾ, വ്യാപാരങ്ങൾ എന്നുവേണ്ട,

എല്ലാ വിഷയത്തിലും പുതിയ ഏൎപ്പാടുകൾ ചെയ്തു. പട്ടാളങ്ങളെ പുതുക്കി. നാവികസേനയെ സൃഷ്ടിച്ചു. മറുനാട്ടിൽനിന്നു് വിദഗ്ദ്ധരെ വരുത്തി യന്ത്രശാലാവ്യവസായം ആരംഭിച്ചു. മിടുക്കരായ നാട്ടുകാരെ അന്യരാജ്യങ്ങളിൽ അയച്ചു് പുതുവിദ്യയും തൊഴിലുകളും അഭ്യസിപ്പിച്ചു. ഇൻഡ്യാക്കാരായ നാം ചെയ്യുമ്പോലെ, സാഹിത്യം പഠിച്ചു വലിയ ബിരുദങ്ങൾ സമ്പാദിക്കാനും ബാരിസ്റ്റരും വക്കീലുമാവാനുമുള്ള പഠിത്തമല്ല ജാപ്പുകൾ യൂറോപ്പിലും അമേരിക്കയിലും ചെന്നു് പഠിച്ചതു്. നവീനശാസ്ത്രജ്ഞന്മാരും വ്യവസായികളും വ്യാപാരികളുമാകാനുള്ള വിദ്യയാണു് അവർ സമ്പാദിച്ചതു്. പാർല്ലിമെന്റു് ഉണ്ടായിരുന്നിട്ടും, ചക്രവൎത്തിയുടെ കല്പനയാണെന്നു് പറഞ്ഞെങ്കിലല്ലാതെ ഈ പരിഷ്ക്കാരങ്ങൾക്കൊന്നും ജനങ്ങൾ വശപ്പെട്ടുകയില്ലായിരുന്നു. വൃദ്ധരെ കല്പന എന്നു് പറഞ്ഞു് സമ്മതിപ്പിച്ചു; ഉൽപതിഷ്ണുക്കളെ, പഴമതീരെ വിട്ടുപോയാൽ രാജ്യം വെള്ളത്തിലായി പോകുമെന്നു് ഭയപ്പെടുത്തി, കുതിച്ചുചാടാതെ ലഗാൻ പിടിച്ചു് നിറുത്തി. ഇതെല്ലാം മൂപ്പിന്നന്മാരായ തന്ത്രജ്ഞന്മാരുടെ സാമൎത്ഥ്യംകൊണ്ടു് നടന്നതാണു്.

ഇങ്ങനെ ജപ്പാൻ അതിവേഗത്തിൽ പരിഷ്ക്കാരസോപാനപരമ്പരയിൽ കൂടി കുതിച്ചു് ചാടി ഉച്ചസ്ഥാനത്തു് നില കൊണ്ടു; എങ്കിലും യൂറോപ്യന്മാരുടെ പുതുമാനസികവിലാസം അവൎക്കു് ഉണ്ടായില്ല. പട്ടാളവും കപ്പലും യന്ത്രവും തൊഴിലും കൊണ്ടു് നവീനവ്യവസായാഭിവൃദ്ധി വന്ന വെള്ളക്കാരുടെ ബാഹ്യാഡംബരങ്ങളെല്ലാം അണിഞ്ഞിരുന്ന ജപ്പാൻ, സാമുദായികസമത്വത്തേയോ ആചാരപരിഷ്ക്കാരത്തേയോ കൈക്കൊണ്ടില്ല. ആ സംഗതികളിൽ ആന്തരമായി പണ്ടത്തെ പ്രാമാണികത്വം നിലനിന്നു. അതിനോടു്

കൂടി ചക്രവത്തിയെ ദൈവതുല്യന സങ്കല്പിച്ചിട്ടുള്ള ആരാധനം പൌരാണികതത്വത്തെ ദൃഢീകരിച്ചു. യൂറോപ്പിൽ രാജാവു് ദിവ്യപുരുഷനാണെന്നുള്ള ബോധം അസ്തമിച്ചിട്ടു് നാളേറെ കഴിഞ്ഞു. ജപ്പാൻകാരുടെ സ്വരാജ്യസ്നേഹവും രാഷ്ട്രീയമായ ഐകമത്യവും ചക്രവത്തിയോടുള്ള ഭക്തിയിൽ സ്ഥിരപ്രതിഷ്ഠിതമാകുന്നു. ആ ഒരു കെട്ടുപാടുകൊണ്ടു് ജപ്പാൻ ചീനയെക്കാൾ തുലോം മുന്നിട്ടുവന്നു.

ചീനയുടെ ക്ഷീണഗതി ജപ്പാന്റെ ഔദ്ധത്യത്തിനു് മൂച്ച് കൂട്ടി. ജപ്പാൻെറ വാൾ തേക്കാനുള്ള ചാണയായിത്തീന്നു ചീന. യൂറോപ്യൻരാജ്യക്കാരുടെ ശിക്ഷയിൽ പഠിച്ച അഹമ്മതിയും രാജ്യലോഭവും ശിഷ്യൻ ഒരു മാററു കൂട്ടി പ്രയോഗിച്ചു. ഒന്നേ ഉണ്ടായിരുന്നുള്ളു ജപ്പാനു് ക്ലേശം; കക്ഷത്തിലുള്ള പുരാതനപ്രാമാണികബോധം പോകയുമരുതു്, ഉത്തരത്തിലിരിക്കുന്ന നവീനവ്യവസായാഭിവൃദ്ധി കിട്ടുകയും വേണം. അപ്പോൾ എന്തു വന്നു? ധനത്തിൻെറ പോരായ്മ. മുതൽ വദ്ധിപ്പിക്കാൻ കരങ്ങൾ കൂട്ടിയപ്പോൾ ജനങ്ങൾ പ്രക്ഷുബ്ധരായി. അതിനു് എന്തുള്ളു പരിഹാരം? പ്രജകളുടെ മനോഗതിയെ അന്യഥാ പ്രവത്തിപ്പിക്കണം. യുദ്ധത്തിൽ നേടുന്ന യശസ്സമ്പാദനത്തോളം ആത്മാഭിമാനം മുഴുത്ത ജനങ്ങൾക്കു് പ്രലോഭനം മറെറാന്നുമില്ല. അതിലേക്കുള്ള പുറപ്പാടായി ജപ്പാൻ. മറെറാരു തരത്തിലും കൂടുതലായ സ്ഥാനം ജപ്പാനു് ആവശ്യമുണ്ടായിരുന്നു. അവിടത്തെ ജനങ്ങൾ പെരുകി. ചെറിയ ദ്വീപുകളായ രാജ്യത്തിൽ വിസ്തൃതിക്കു് യാതൊരു മാർഗ്ഗവുമില്ല. ആളുകൾക്കു് പാക്കാൻ ഇടം വേണം. അതു കൂടാതെ, പുത്തനായിട്ടു് സ്ഥാപിച്ചിട്ടുള്ള മഹായന്ത്രങ്ങളെ പോററാൻ ധാരാളം അസംസ്കൃതപദാത്ഥങ്ങൾ വേണം. ൦കാരവട്ടമുള്ള

ജപ്പാന്ന് അവ കിട്ടുമോ? ഇങ്ങനെ രണ്ടുകൊണ്ടും കൂടുതൽ ദേശങ്ങളെ സമ്പാദിക്കാനുള്ള ആവശ്യം ജപ്പാന്ന് നേരിട്ടു.

അയൽക്കാരായ സാധുക്കളെ നശിപ്പിക്കാനാണല്ലോ ദുരാഗ്രഹികളുടെ ആദ്യത്തെ ഉദ്യമം. ജപ്പാൻ-കടൽ അക്കര കടന്നാൽ ചെറിയ കൊറിയാസംസ്ഥാനമായി. മീൻപിടിത്തത്തിനായി പോയിരുന്ന ചില മുക്കവരുടെ ചാളത്തടികൾ പിടിച്ചു് അവരെ കൊന്നു എന്നൊരു വഴക്കു് ജപ്പാൻ തുടങ്ങി. ചീന അതിന്നു് നഷ്ടപരിഹാരം ചെയ്യണം, അല്ലെങ്കിൽ യുദ്ധം തുടങ്ങണം, എന്നു് ഭീഷണികാണിച്ചു. അപ്പോൾ ചീന അന്നാമിൽ പരന്തിരീസ്സ്കാരുമായി യുദ്ധത്തിലേപ്പെട്ടിരുന്ന സമയമായിരുന്നതുകൊണ്ടു്, ജപ്പാന്റെ ഭീഷണിക്കു് വശപ്പെട്ടു. ആദ്യത്തെ ജയംകൊണ്ടു് ഉത്സാഹഭരിതരായി, ജപ്പാൻ പിന്നെയും ചില തുഛവഴക്കുകൾ ഉണ്ടാക്കി, കൊറിയയെ ആക്രമിച്ചു. കുറെ ഏറെ ധനം സമ്പാദിക്കയും, അവിടത്തെ തുറമുഖങ്ങൾ ജപ്പാൻകാരുടെ കച്ചോടത്തിന്നു് തുറന്നു വാങ്ങുകയും ചെയ്തു. അതുകൊണ്ടു് അവർ തൃപ്തിപ്പെട്ടില്ല. കൊറിയ ചീനാസാമ്രാജ്യത്തിന്റെ കീഴ്പെട്ടായിരുന്നതു കൊണ്ടു് കൊറിയന്മാർ ചീനയോടു് സഹായത്തിന്നു് അപേക്ഷിച്ചു. ചീനയ്ക്കു് അതുകൊടുക്കാൻ ശേഷിയുണ്ടായില്ല. നേരേ മറിച്ചു് ജപ്പാൻകാരോടു് സന്ധിചെയ്യാൻ ചീന കൊറിയയോടു് ഉപദേശിച്ചു. പോരാതെ, ജപ്പാൻ മുതിന്നു് വരാതിരിക്കാൻ പാശ്ചാത്യശക്തികളുമായി നേരിട്ടു് സൌജന്യങ്ങൾ കൊടുക്കാൻ ചട്ടം കെട്ടി. ഇങ്ങനെ ൧൮൮൨-ൽ കൊറിയ സകലമാനപേൎക്കും കച്ചോടത്തിന്നു് തുറന്നു് കൊടുക്കപ്പെട്ടു. ജപ്പാൻ വിട്ടില്ല. ചീനയുടെ ക്ഷീണാവസ്ഥ കണ്ടു്, ജപ്പാൻ കൊറിയയിൽ ചീനയോടൊപ്പം മേൽക്കോയ്മ സമ്പാദിച്ചു.

കൊറിയയ്ക്കു് അപ്പോൾ രണ്ടു് നാഥന്മാരായി. അവർ തമ്മിൽ കലഹം സിദ്ധമാണു്. കലഹം ഉണ്ടാക്കണമെന്നു തന്നെയായിരുന്നു ജപ്പാൻെറ മോഹവും. അപ്രകാരം ൧൮൯൪—ൽ ചീനയും ജപ്പാനും തമ്മിൽ യുദ്ധം തുടങ്ങി.

ഈ യുദ്ധത്തിൻെറ പര്യവസാനം മുമ്പിക്കൂട്ടിത്തന്നെ പ്രശ്നം പറയാമായിരുന്നു. ജപ്പാനു് നവീനസമരായുധങ്ങളെല്ലാം സന്നദ്ധങ്ങളായിരുന്നു. പാവം, ചീനയ്ക്കു് പഴയ വെടിയായുധങ്ങളെക്കൊണ്ടു് എതിർത്തുനില്ക്കാൻ കഴിയുമോ? പെട്ടെന്നു് ഒരു വഷത്തിനുള്ളിൽ ചീന തോററു്, ജപ്പാനുമായി സമാധാനഉടമ്പടി ചെയ്തു. അതിൻപ്രകാരം കൊറിയ സ്വതന്ത്രരാജ്യം ആക്കപ്പെട്ടു; ചീനയിൽ പാശ്ചാത്യരാജ്യക്കാരെപ്പോലെ കച്ചോടം ചെയ്തുകൊള്ളാൻ ജപ്പാനു് അനുമതി ലഭിച്ചു; മഞ്ചൂറിയാ സംസ്ഥാനത്തുള്ള ലയോട്ടാങ്ങ് ഉപദ്വീപും, ആത്ത്ർ തുറമുഖവും, ഫാർമോസാ മുതലായ ചില ദ്വീപങ്ങളും, ജപ്പാൻകാൎക്കു് ചീന വിട്ടുകൊടുത്തു.

ജപ്പാൻെറ വിജയവും അഭിവൃദ്ധിയും പാശ്ചാത്യശക്തികൾക്കു് തീരെ രസിച്ചില്ല. ചീന തോററുപോകുമെന്നു് കണ്ടപ്പോൾ തന്നെ, രാജ്യത്തിൻെറ ഒരംശവും ജപ്പാൻകാൎക്കു് വിട്ടുകൊടുത്തുപോകരുതെന്നു് അവർ ചീനയോടു് അനുശാസിച്ചിരുന്നു. എന്നിട്ടും, ലയോട്ടാങ്ങ് ഉപദ്വീപവും ആത്ത്ർ തുറമുഖവും ജപ്പാൻകാർ പിടിച്ചുപറിച്ചു. ഉടനേ കേമന്മാരായ റഷ്യയും ജൎമ്മനിയും ഫ്രാൻസും ഒന്നിച്ചു് ജപ്പാൻെറ നേരേ തിരിഞ്ഞു. ആ മൂന്നു മഹാശക്തികളും ഒന്നിച്ചു് വന്നാൽ താങ്ങാൻ ശേഷി ഇല്ലെന്നു് കണ്ടു്, ജപ്പാൻ രോഷാകുലതയോടെ ആ സ്ഥലങ്ങൾ വിട്ടുകൊടുക്കേണ്ടതായി വന്നു. ഈ വൈരം ജപ്പാൻ ഉള്ളിൽ കരുതിവെച്ചു് തക്കം പാൎത്തിരുന്നു.

പൌരസ്ത്യനാട്ടിൽ ജപ്പാൻ ഒരു മഹാശക്തിയാണെന്നു് പാശ്ചാത്യൎക്കു് ബോധം വന്നു. കഴുകൻ മൃതശരീരത്തെ എങ്ങനെയോ, അതുപോലെ ഫ്രാൻസും, ഇംഗ്ലണ്ടും, റഷ്യയും, ജൎമ്മനിയും, ചീനയുടെ മഹാകായത്തെ കൊത്തിപ്പറിച്ചു് ആമിഷം സമ്പാദിച്ചു. ഷാന്റങ്ങ് ഉപദ്വീപിൽ രണ്ടു പാതിരിമാരെ കൊന്നു എന്നുള്ള അപരാധത്തിനു് ജൎമ്മനി അവിടം കൈക്കലാക്കി. അതു കണ്ടപ്പോൾ, റഷ്യ ആൎത്തർതുറമുഖം പിടിച്ചു. മൂന്നുകൊല്ലം മുമ്പാണു് ജപ്പാന്റെ പക്കൽ നിന്നു് അവിടം വിട്ടുവിച്ചതു്. റഷ്യ നല്ലൊരു തുറമുഖം കൈക്കലാക്കിയതു കണ്ടു്, എതിരായി ഇംഗ്ലീഷുകാർ വൈഹൈവൈ എന്ന തുറമുഖം സ്വാധീനപ്പെടുത്തി. ഫ്രാൻസുകാർ അന്നാമിൽ ഭൂമിയും തുറമുഖവും സമ്പാദിച്ചു. റഷ്യ വടക്കൻ മഞ്ചൂരിയയിൽകൂടി സൈബീരിയൻ തീവണ്ടിപ്പാത പണിയാൻ അനുവാദം വാങ്ങി. ഇങ്ങനെ പാശ്ചാത്യശക്തികൾ നിർല്ലജ്ജം ചീനയെ കൊള്ളയിട്ടു. ലളിതാരൂപത്തിൽ വന്ന പൂതനയുടെ വേഷത്തെ അവർ വിഡംബനംചെയ്തു.

നൌകാബലചകിതരാക്കിയ ചീനരോടു് പാശ്ചാത്യർ പദേപദേ ഭൂമിയും വ്യാപാരകേന്ദ്രങ്ങളും സൗജന്യമായി വാങ്ങിയതു കൂടാതെ, റയിൽവണ്ടികൾ ഇടുന്നതിനും ഖനികൾ കുഴിച്ചു് ലോഹാദിദ്രവ്യങ്ങളെ ശേഖരിക്കുന്നതിനും അനുവാദം വാങ്ങിവന്നു. ഓരോ ദേശങ്ങളിലും ഓരോ കൂട്ടർ ആധിപത്യം ഉറപ്പിച്ചു. അധീനത്വവും, സ്വന്തമാക്കുന്ന സംയോജനവും തമ്മിൽ താരതമ്യം അല്പമാത്രമാകുന്നു. ദേശത്തിൻെറ സ്വാമിത്വം മുഴുക്കെ പിടിക്കുന്നതിനു് സംയോജനമെന്നു് പറയുന്നു; അതിൽ അല്പം കുറഞ്ഞ സ്വാമിത്വത്തിനു് സംരക്ഷകത്വമെന്നു് പേർ. അതിലും ഒരു മാററു

താണ സ്വാമിത്വത്തിന് ആധീന്യമെന്നു പേർ. ഇത്ര-മാത്രമേ ഭേദമുള്ളു. പണ്ടത്തെ നയം ശത്രുരാജ്യങ്ങളെ സ്വരാജ്യത്തോട് സംയോജിപ്പിക്കയായിരുന്നു. അ-പ്പോഴം അതിന്റെ ഭരണം മുഴുക്കെ ഏൽക്കണം. സംരക്ഷകത്വവും ആധീന്യവുമായാൽ അത്രയും ഭാര-മില്ല; ഫലം കിട്ടും താനും. അതിനാൽ രാജ്യതന്ത്ര-ത്തിലെ നവീനനയം സംരക്ഷകത്വമോ ആധീന്യമോ സമ്പാദിക്കുന്നതാകുന്നു.

പാശ്ചാത്യർ ചീനയെ പങ്കിട്ട് എടുക്കുന്നതു് കണ്ടപ്പോഴം, ജപ്പാൻ വിഷാദിച്ചു. ചീനയോടുള്ള അനുതാപംകൊണ്ടല്ല, സ്വാൎത്ഥലാഭത്തിനു് വേണ്ടി ചീനയെ ക്ഷീണബലയാക്കിയതു്, മററുള്ളവക്കു തക്കം കൊടുക്കയായിരുന്നല്ലോ എന്നുള്ള സങ്കടം ജപ്പാനു് അനല്പമുണ്ടായിരുന്നു. ദൈവാധീനംകൊണ്ടു് അമേരി-ക്കർ ഇടക്കു് വന്നു ചാടി. അവക്കു് ശാന്തസമുദ്രത്തിൽ കൂടി സ്വരാജ്യവ്യാപാരം വദ്ധിപ്പിക്കണമെന്നു് മോ-ഹമുണ്ടായിരുന്നു. അവിടം യൂറോപ്യന്മാർ പങ്കിട്ടെടുക്കു-ന്നപക്ഷം, അതു സാദ്ധ്യമാകയില്ലെന്നു് കാണുകയാൽ, ആധീന്യമെന്നുള്ള നയത്തിനു് അമേരിക്കർ അനനു-കൂലികളായിത്തീൎന്നു. ആ നയം ഉപേക്ഷിക്കണമെന്നും, എല്ലാവക്കും എല്ലാസ്ഥലത്തും ഒന്നുപോലെ കച്ചോടം ചെയ്യാനുള്ള സ്വാതന്ത്ര്യം വേണമെന്നും അവർ നിർ-ബന്ധിച്ചു. യൂറോപ്യന്മാർ അതു സമ്മതിച്ചു. ഇങ്ങനെ ചീന സവ്വരാജ്യക്കാക്കും 'തുറന്ന കമ്പോളം' ആയി-ത്തീൎന്നു.

വിദേശീയരാജ്യക്കാർ എല്ലാവരും ഇങ്ങനെ ചീനയെ തുറന്ന കമ്പോളമാക്കിയപ്പോഴം, ചീന സ്വാ-ത്മാഭിമാനം സംരക്ഷിക്കണമെന്നു് ഉദ്ദേശിച്ചു് ഭരണ-പരിഷ്കാരങ്ങളും വരുത്താൻ ഉറച്ചു. അതിനു് ശേഷി-യുള്ള ഒരാളും വിധവാചക്രവൎത്തിനിയായ സൂസിമാത്ര-

മേയുള്ളു എന്നു് ചീനന്മാർ കണ്ടു. ധീരയായ ആ വിധവാരാജ്ഞി ഏതാനും വൎഷമായി ഭരണം വെടിഞ്ഞു് സ്വസ്ഥയായി കാലയാപനം ചെയ്കയായിരുന്നു. ജനങ്ങളുടെ സംരംഭം ആ ധീരയുടെ ഒത്താശയോടുകൂടി തുടങ്ങിയതാണെന്നു് ശങ്കിച്ചു്, ചക്രവൎത്തി സൂസിയെ പാറാവിൽ ആക്കാൻ ശ്രമിച്ചു. ആ ധീരവൃദ്ധ, വിവരം അറിഞ്ഞു്, ചക്രവൎത്തിയെ സ്ഥാനഭ്രഷ്ടനാക്കി സൎവ്വാധികാരം സ്വീകരിച്ചു. ജപ്പാൻ ചെയ്തപോലെ, ആദ്യമായി പുതിയ ഒരു സേനയെ സന്നാഹം ചെയ്വാൻ തുടങ്ങി. 'ഐഹോചാൻ' എന്നുവെച്ചാൽ 'ധൎമ്മമല്ലന്മാർ' എന്നു് പേരോടുകൂടി ഒരു നവീനയോധസംഘത്തെ സൃഷ്ടിച്ചു. ഇതിനെ യൂറോപ്യന്മാർ പിഴച്ചു് തൎജ്ജമ ചെയ്തു 'ബാക്സർ പട്ടാളം' എന്നു് പേർ കൊടുത്തു. ബാക്സർ എന്ന ഇംഗ്ലീഷ് വാക്കിനു് ഗുസ്തിക്കാർ എന്നാണൎത്ഥം. വിദേശീയർ ചീനയിൽ ചെയ്തുവന്ന ആക്രമങ്ങൾക്കും അക്രമങ്ങൾക്കും സ്വരാജ്യസ്നേഹികളായിരുന്ന ചീനന്മാരുടെ പ്രതിഷേധരൂപമായിരുന്നു ഈ ബാക്സർ പട്ടാളം. വിദേശീയരുടെ കയ്യേററങ്ങളിൽനിന്നു് സ്വരാജ്യത്തെ പ്രാണൻ ഉപേക്ഷിച്ചും രക്ഷിക്കുന്നതിനു് ഒരുമ്പെട്ട ഒരു ചാവർ സൈന്യമായിരുന്നു ബാക്സർ സേന. മിഷണറിമാരോടായിരുന്നു അവൎക്കു് പ്രത്യേകവൈരം. എന്തെന്നാൽ അവരാണു് സകല ദോഷവും നാട്ടിൽ വരുത്തിയതെന്നു് അവർ വിശ്വസിച്ചു. മറുനാട്ടുകാർ ക്ഷോഭിച്ചു് കലഹങ്ങൾ തുടങ്ങി. ഒരു ഇംഗ്ലീഷ് പാതിരി ഹതനായി. യൂറോപ്യന്മാരും നാട്ടുകൃസ്ത്യാനികളും പലരും കൊല്ലപ്പെട്ടു. മറുരാജ്യക്കാർ പടക്കപ്പലുകളെ കൊണ്ടുവന്നു് അണിനിരത്തി. പീക്കിനിൽ പാൎത്തിരുന്ന ജൎമ്മൻ ദൂതൻ വധിക്കപ്പെട്ടു. പീക്കിൻ നഗരത്തെ ശത്രുക്കൾ ഉപരോധിച്ചു. ബാക്സർ ബഹളം നാടൊട്ടുക്കു് പടൎന്നു പിടിച്ചു. ചക്രവൎത്തിനി

അവരെ ഉള്ളോടെ സഹായിച്ചു. എങ്കിലും പരസ്യമായി അവരുടെ പക്ഷം ചേൎന്നില്ല. അതിനാൽ അവർ കേവലം അക്രമികളാണെന്നു് വിദേശീയർ ശഠിച്ചു. സത്യം അവൎക്കും അറിയാമായിരുന്നു. അവരുടെ ഇൻസ്പെക്ടർ ജനറാളായി ഏറിയ കാലം ചീനയിൽ പാൎത്തിരുന്ന സർ റാബേട്ട് ഹാർട്ട് എന്ന ആൾ അതു് സമ്മതിച്ചു് എഴുതിയിരുന്നു. മിഷണറിമാരുടെ കുററമാണു് ചീനയെ വികടിപ്പിച്ചതെന്നും, ബാക്സർ സംരംഭം ചീനയുടെ ന്യായമായ സ്വാത്മാഭിമാനപ്രകടനമാണെന്നും അയാൾ സമ്മതിച്ചിട്ടുണ്ടു്.

പശുപ്രായമായിരുന്ന ചീന തിരിഞ്ഞുകുത്താൻ തുടങ്ങിയപ്പോൾ, പീക്കിൻ നഗരത്തിൽ അകപ്പെട്ടിരുന്ന സ്വജനങ്ങളെ രക്ഷിക്കാൻ വേണ്ടി യൂറോപ്യൻ ശക്തികൾ പട്ടാളങ്ങളെ ശേഖരിച്ചയച്ചു. അവർ ഹൂണന്മാരെപ്പോലെ ചുണ കാട്ടണമെന്നു് ജർമ്മൻകൈസർ ആജ്ഞാപിച്ചുവത്രേ! അന്നു് മുതൽ ജർമ്മൻകാരെ 'ഹൂണന്മാർ' എന്നു് വിളിച്ചുതുടങ്ങി. ആജ്ഞകിട്ടാതെതന്നെ സാഹസങ്ങൾ പ്രവൎത്തിക്കാൻ സന്നദ്ധയായിരുന്ന ഹൂണസേന, പിന്നീടു കാണിച്ച അതിക്രമങ്ങൾക്കു് കയ്യുംകണക്കുമില്ല. ആ മഹാരാക്ഷസന്മാരുടെ പിടിയിൽ പെടുന്നതിനേക്കാൾ ആത്മഹത്യ വരമായി കരുതി അനേകം സ്ത്രീകൾ കുത്തിച്ചത്തു. ചെല്ലുന്നിടത്തെല്ലാം കൊള്ളിവെച്ചും കൊള്ളയിട്ടും പാതിവ്രത്യം ഭഞ്ജിച്ചും വെള്ളപ്പട്ടാളം പുരോഗമനം ചെയ്തു്, പീക്കിൻ നഗരത്തിലെത്തി, സ്വജാതിക്കാരെ വിട്ടുവിച്ചു. പിന്നീടു് അവിടെ നടന്ന അതിക്രമം അനിൎവാച്യമാകുന്നു. എന്തെല്ലാം നശിപ്പിച്ചു എന്നുള്ളതിനു് കണക്കില്ല. പട്ടണമാസകലം ഭസ്മമാക്കി. വീടുതോറും കയറി കൊള്ളയിട്ടു. പാതിരിമാരാണു് ഈ ഘോരകൃത്യങ്ങളിൽ പ്രാമാണ്യം വഹിച്ചതത്രേ!

൧൯൦൧-ൽ പീക്കിൻ ഉടമ്പടിയിൽ ചീനയെ കൊണ്ടു് ഒപ്പു് വെയ്പിച്ചു. അതിൻപ്രകാരം ചീനയുടെ സകല പല്ലും വെള്ളക്കാർ പിടുങ്ങി. പ്രധാന നഗരമായ പീക്കിനിൽ ഒരു വിദേശിയപട്ടാളം സ്ഥിരമായി പാളയം അടിക്കണമെന്നും, അവർ തീവണ്ടിപാതയെ കാത്തുകൊള്ളണമെന്നും, ചീനയിലെ പ്രധാന കോട്ട കൊത്തളങ്ങളെല്ലാം പൊളിക്കണമെന്നും, വിദേശീയക്കു് വിപരീതമായുള്ള സംഘങ്ങളിൽ ആരെങ്കിലും ചേർന്നിരുന്നാൽ അവരെ കൊല്ലണമെന്നും, അനവധി കച്ചോടാവകാശങ്ങൾ കൊടുക്കണമെന്നും, ബാക്സർ ബഹളത്തിലെ നേതാക്കളെ രാജദ്രോഹകുററത്തിനു് ഉടനെ തൂക്കിൽ ഇടണമെന്നും, എന്നുവേണ്ട, സകലവിധമായുള്ള എളിമയെ വെളിവാക്കത്തക്കവണ്ണം എഴുതി ഉണ്ടാക്കിയ ഉടമ്പടിയിൽ ചീന ഒപ്പിട്ടു് തല കുമ്പിട്ടു.

ഇങ്ങനെ ചീനയിൽ കുഴപ്പം മുഴുത്തിരുന്ന കാലത്തു് റഷ്യ വെറുതെ ഇരുന്നില്ല. മീശയിൽ തീ പററുമ്പോൾ പുകല വാട്ടുന്ന കണക്കിനു്, ചീന ബാക്സർ ബഹളത്തിൽ നാണക്കേട്ടു് പാററിക്കിടക്കുന്ന അവസരം നോക്കി, സൈബീരിയൻ റയിൽവേ സംരക്ഷിക്കാനെന്നുള്ള വ്യാജേന, റഷ്യ മഞ്ചൂറിയയിൽ അനവധി പട്ടാളങ്ങളെ കയററി പാർപ്പിച്ചു്, ആ സംസ്ഥാനം മുഴുക്കെ വ്യാപിച്ചു. ഇത്ര വലുതായ രാജ്യവിഭാഗത്തെ കരസ്ഥമാക്കിയതു്, മററു് യൂറോപ്യൻ രാജ്യക്കാൎക്കു് രസിച്ചില്ല. അവർ വഴക്കു് തുടങ്ങിയപ്പോൾ, സംസ്ഥാനത്തിന്റെ രാജാധിപത്യം ചീനയ്ക്കുള്ളതു് നിഷേധിച്ചിട്ടില്ലെന്നും, സൈബീരിയൻ റയിൽവേ രക്ഷിക്കാൻ വേണ്ടി പട്ടാളം ഇട്ടതാണെന്നും, അതിനു് ദോഷം വരില്ലെന്നു് കണ്ടാലുടനെ സേനയെ പിൻവലിച്ചു് കൊള്ളാമെന്നും റഷ്യർ അവരെ പറഞ്ഞു്

സമാധാനപ്പെടുത്തി. സമാധാനഉടമ്പടി തീൎന്നുകഴിഞ്ഞശേഷവും, റഷ്യൻസേന മഞ്ചൂരിയ തൊട്ട് കൊറിയവരെ പരന്നുകിടന്നു.

ജപ്പാനായിരുന്നു അതിൽ അതിയായ കോപം ഉണ്ടായതു്. ആൎത്തർ തുറമുഖം പിടിച്ചുപറിച്ച വൈരം ജാപ്പുകളുടെ ഹൃദയത്തിൽ നീറിക്കിടന്നിരുന്നു. റഷ്യരുടെ മുഖത്തു കരിതേപ്പിക്കണമെന്നുറച്ച്, ജപ്പാൻ സമരസന്നാഹങ്ങളെ കൂട്ടിത്തുടങ്ങി. ഒന്നായിരുന്നു ജപ്പാനു് ഭയം. യൂറോപ്പിലെ മൂന്ന് വൻശക്തികളും ഒന്നിച്ച് ചേൎന്നിരുന്നാൽ, അവർ അജയ്യരായിരുന്നു. അവരെ ഭിന്നിപ്പിക്കാൻ മിത്രഭേദതന്ത്രം ജപ്പാൻ എടുത്തു. റഷ്യർ മദ്ധ്യേഷ്യയിൽ പിടിച്ചു കയറുന്നതുകൊണ്ടു് വിരോധവും ഭയവും ബ്രിട്ടീഷുകാൎക്കു് ഉണ്ടെന്നു് ജപ്പാൻ കണ്ടു. ആ സംഗതിയിൽ ബ്രിട്ടീഷുകാൎക്കു് ജപ്പാനോടു് പൊരുത്തമുണ്ടെന്നു് കരുതി, അതിനെ തടുക്കാൻ, ൧൯൦൨-ൽ ബ്രിട്ടീഷ്കാരും ജപ്പാനും തമ്മിൽ സഖ്യം ചെയ്തു. അപ്പോൾ ജപ്പാൻ ധൈര്യം അവലംബിച്ച് മഞ്ചൂരിയയിൽ നിന്നു് പട്ടാളങ്ങളെ പിൻവലിക്കണമെന്നു് റഷ്യരോടു് നിൎബന്ധിച്ചു. മഹാശക്തികളിൽവെച്ച് പ്രഥമസ്ഥാനം വഹിച്ച റഷ്യ, ജപ്പാന്റെ നിൎബന്ധത്തെ പുല്ലു പോലെ ധിക്കരിച്ചു. അതിൽ വെച്ച് ൧൯൦൪-ൽ റഷ്യയും ജപ്പാനുമായി യുദ്ധം ആരംഭിച്ചു.

ജപ്പാൻ മുമ്പേതന്നെ സകലതും സന്നദ്ധമാക്കിയിരുന്നു. റഷ്യ യുദ്ധത്തിനു് യാതൊരു ഒരുക്കങ്ങളും ചെയ്തിരുന്നില്ല. എന്നുതന്നെയല്ല, ജപ്പാനു് തിണ്ണമിടുക്കു് ഉണ്ടായിരുന്നു. യുദ്ധാങ്കണത്തിനു് എത്രയോ ദൂരെ വൎത്തിക്കുന്നതുകൊണ്ടു് റഷ്യയ്ക്കു കോപ്പുകൾ കൂട്ടിക്കൊണ്ടുവരാൻവളരെ അമാന്തം വേണ്ടിവന്നു. കരയിലും വെള്ളത്തിലും ജപ്പാൻ റഷ്യരെ തോല്പിച്ചു. മുമ്പേതന്നെ

ലാക്കാക്കിയിരുന്ന ആത്ഥർ തുറമുഖത്തെ പീരങ്കികൊണ്ട് ചുട്ടുപൊടിച്ച് ജപ്പാൻ തിരികെ പിടിച്ചു. കണക്കില്ലാത്ത റഷ്യരെ കൊന്നു. വടക്കൻ ബാൽട്ടിക്ക് സമുദ്രത്തിൽ ഒരു വലുതായ നാവികബലം ചേർത്ത് റഷ്യർ യൂറോപ്പ് ഭൂഖണ്ഡം ചുററി ഇൻഡ്യാമഹോദധി മുഴുക്കെ കടന്ന് ജപ്പാൻകടലിൽ കൊണ്ടുവന്നു. യാത്രാദൈർഘ്യംകൊണ്ടും, തന്നിമിത്തം അനേകം ക്ലേശങ്ങൾ അനുഭവിച്ചതുകൊണ്ടും, വളരെ ക്ഷീണിച്ചു വന്നുചേർന്ന ഈ മഹാനൗകാസന്നാഹത്തെ, ചുണയും ചൊടിയും വീര്യവുമുള്ള ജപ്പാൻകാരുടെ പടക്കപ്പലുകൾ എതിരിട്ട് പൊടിന്നിനെ പപ്പടകം പോലെ പൊടിച്ചു. കപ്പിത്താനോടുകൂടി അനവധി റഷ്യൻകപ്പൽ മുക്കി. മഹാവീരനായിരുന്ന നെപ്പോളിയനെപ്പോലും പിൻതിരിപ്പിച്ച മഹാശക്തിയായിരുന്ന റഷ്യ, ഇന്നലെ മുളച്ചുവന്ന കൊച്ചുജപ്പാനോട്, തോററുപോയി എന്നുള്ള ശ്രുതി ലോകം ഒട്ടുക്കുള്ള മഹാരാജ്യങ്ങളെ അത്ഭുതപരതന്ത്രങ്ങളാക്കി. അന്ന് മുതൽ ജപ്പാന് യൂറോപ്യൻ മഹാശക്തികളുടെ പന്തിയിൽ സ്ഥാനം ലഭിച്ചു.

ഇങ്ങനെ വരാൻ എന്തു കാരണം? രാജ്യത്തിന്റെ വലിപ്പംകൊണ്ടോ, ആൾപെരുക്കംകൊണ്ടോ, കായബലംകൊണ്ടോ, സൈന്യസന്നാഹംകൊണ്ടോ, ആയുധസാമഗ്രികൊണ്ടോ, എന്തുകൊണ്ടു നോക്കിയാലും, റഷ്യർ ഊതിയാൽ പറന്നുപോകാനുള്ളവരായിരുന്നു ജാപ്പുകൾ. പിന്നെ എന്തുകൊണ്ടാണ് റഷ്യ തോററതു്? ലങ്കേശ്വരനായി, മഹാവീര്യബലശാലിയായി, വരബലംകൊണ്ടും അപ്രധൃഷ്യനായി, രാക്ഷസപുംഗവനായിരുന്ന ദശമുഖനോടൊപ്പം റഷ്യാസാമ്രാജ്യത്തിൽ ഏകഛത്രാധിപത്യം വഹിച്ചിരുന്ന സാർ, വാനരബലസഹായം മാത്രം ഉണ്ടായിരുന്ന മാനുഷകീടമായ രാമനെ പോലെ അല്പകായരായ ജപ്പാൻ-

കാരോട്ട് തോററുനശിച്ചതു്, പാപപുണ്യങ്ങളുടെ പ്ര-
ഭാവംകൊണ്ടാണെന്നു് ധമ്മശാസ്ത്രദൃഷ്ട്യാ ഉപപാദ-
നീയമാകുന്നു. എത്രയോ വഷശതങ്ങളായി റഷ്യാ-
ചക്രവത്തികറം അതിവിപുലമായ മഹാരാജ്യത്തിലുള്ള
ശലഭസംഖ്യരായ പ്രജകളെ, പണ്ടങ്ങളെ പോലെ,
അഥവാ, പണ്ടാരങ്ങളെ പോലെ, കഠിനമായി ദ്രോ-
ഹിച്ചും, മനുഷ്യോചിതങ്ങളായ വികാരങ്ങറം അവക്കും
ഉണ്ടെന്നുള്ള വിചാരലേശം കൂടാതെ ധിക്കരിച്ചും,
സ്വസുഖമാത്രദൃഷ്ടികളായി, മഹാപ്രഭുക്കളുടെ സാഹ-
ചര്യവും സ്തുതിപാഠവും കൊണ്ടു് സന്തൃപ്തരായി കാല-
ക്ഷേപം ചെയ്തുവന്നതിൽ, ഗ്രാമീണരായ പ്രജാസഹ-
സ്രങ്ങളുടെ അന്തരംഗത്തിൽ കാലുഷ്യബീജം അങ്കുരിച്ചു്
പ്രതിദിനം വളന്നു് വന്നിരുന്നു. സമരങ്ങറം ഉണ്ടാ-
വുന്ന അവസരങ്ങളിൽ അവയ്ക്കു് വേണ്ടുന്ന സാധന-
ങ്ങളെല്ലാം കൃഷിവലന്മാരായ സാധുജനങ്ങളിൽനിന്നു്
പിരിച്ചുവന്നതു കൂടാതെ, പോർക്കളങ്ങളിൽ ചെന്നു്
ചാവാൻ തുനിഞ്ഞിറങ്ങുന്നതിനു് അസംഖ്യം ആളു-
കളെ അവർ നല്കുകയും ചെയ്യേണ്ടിവന്നു. ഈ വിധം
നിരന്തരമായി ഉണ്ടായ താപം സഹിക്കവെയ്യാതെ,
൧൯൦൫-ാമാണ്ടു് ജനുവരിമാസം ൨൨-ാനു- അനേകാ-
യിരം സാധുഗ്രാമീണജനങ്ങറം കൂട്ടംകൂടി ചക്രവത്തി-
യോടു് സങ്കടം ഉണത്തിക്കാൻ കൊട്ടാരത്തിൽ ചെന്നു.
ചക്രവത്തിയാകട്ടെ,അവരുടെ സങ്കടം കേറക്കുന്ന-
തിനു് പകരം, വലിയതോക്കിൻെറ വായിൽ അന-
വധി പേരെ ചുട്ടു. ഹിമപാതംകൊണ്ടു് ധവളമായി-
രുന്ന രാജാങ്കണം മരിച്ചവരുടെ രക്തംകൊണ്ടു് കല്മാ-
ഷിതമായി. ഈ മഹാപാപങ്ങളുടെ പര്യവസാനം
സ്വവംശനിശ്ശേഷനാശമായിത്തീരുന്നതിനു്, പിന്നീട്
ഒരു വ്യാഴവട്ടത്തിനു് മേൽ വേണ്ടിവന്നില്ല എന്നു്
വഴിയേ കാണാം.

ജപ്പാനും റഷ്യയും തമ്മിലുണ്ടായ സമരം ൧൯൦൫ സെപ്റ്റംബർ മാസത്തിൽ നടന്ന പോർട്സ്മത്ത് ഉടമ്പടിയോടു കൂടി അവസാനിച്ചു. അമേരിക്കൻ ഐക്യനാട്ടിലാണ് പോർട്സ്മത്ത് നഗരം. അവിടെ ഇരുകക്ഷികളെയും പ്രസിഡന്റ് ക്ഷണിച്ച് വരുത്തി ഉടമ്പടയിൽ ഒപ്പിടുവിച്ചു. ആ ഉടമ്പടിപ്രകാരം ലയോട്ടാങ്ദേശവും ആർത്തർ തുറമുഖവും ജപ്പാനു് തിരിച്ചുകിട്ടി. അതു കൂടാതെ, മഞ്ചൂരിയയിൽ റഷ്യർ പണിചെയ്യിച്ചിരുന്ന റയിൽവേയും, സഘാലിയൻ ദ്വീപിന്റെ പകുതിയും റഷ്യർ ജപ്പാനു് കൊടുക്കേണ്ടിവന്നു. കൊറിയയിലുള്ള മേൽക്കോയ്മയും റഷ്യർ ഉപേക്ഷിച്ചു.

ജപ്പാൻ ജയഭേരി മുഴക്കി; പാശ്ചാത്യമഹാശക്തികൾക്കൊപ്പം പൌരസ്ത്യശക്തിയായി തെളിഞ്ഞു. ജപ്പാന്റെ വിജയത്തോടുകൂടി പൌരസ്ത്യരിൽ ഒരു പുതിയ രാഷ്ട്രീയബോധം പരന്നു. യൂറോപ്പിലെ രാഷ്ട്രീയബോധത്തിനും പൌരസ്ത്യരുടേതിനും തമ്മിൽ ഒരു ഭേദമുണ്ടായിരുന്നതു് മറെറാന്നുമല്ല; യൂറോപ്യരുടെ രീതികളും സമ്പ്രദായങ്ങളും അനുകരിച്ചാൽ, ഏഷ്യ യൂറോപ്യന്മാരുടെ പിടിയിൽനിന്നു് വിട്ടു് ഏഷ്യക്കാൎക്കുതന്നെ സ്വാധീനമാകുമെന്നുള്ള ബോധമാണു് പൌരസ്ത്യരാഷ്ട്രീയബോധത്തിന്റെ സ്വരൂപം എന്നുള്ളതാകുന്നു.

ജപ്പാന്റെ അഭ്യുദയം കൊറിയയുടെ അധഃപതനത്തിനുള്ള പൂർവരംഗമായിരുന്നു. കൊറിയയും മഞ്ചൂരിയയും സ്വാധീനമാക്കണമെന്നു് ജപ്പാൻ മുമ്പുതന്നെ കണ്ണു് വെച്ചിരുന്നതാണു്. യൂറോപ്യന്മാരുടെ തന്ത്രത്തിൽ ശിഷ്യപ്പെട്ടിരുന്ന ജപ്പാൻ, പതുക്കെ പതുക്കെ കൊറിയയുടെ ജീവനാശം വരുത്തിത്തുടങ്ങിയപ്പോഴും, ചീനയുടെ രാജാധികാരം നശിപ്പിക്കണമെന്നു് മോഹം

ഇല്ലെന്നു് പരസ്യമായി പറഞ്ഞുകൊണ്ടിരുന്നു. കൊലചെയ്യുമ്പോഴും ജീവിതസംരക്ഷണധർമ്മം ഉപദേശിക്കുന്നതു് രാജ്യലോഭികളുടെ പ്രകൃതിയാണു്. ചീനയോടും റഷ്യയോടുമുള്ള യുദ്ധം മിക്കതും കൊറിയയിലും മഞ്ചൂരിയയിലുമാണു് നടന്നതു്, അവയിൽ ജയം സിദ്ധിച്ചുകഴിഞ്ഞപ്പോൾ, മുമ്പിൽ മറയ്ക്കുള്ളിൽ വെച്ചു നടത്തിവന്നതു് പരസ്യമായി ചെയ്യാമെന്നു് ജപ്പാനു് ധൈര്യംവന്നു. ജപ്പാന്റെ ആജ്ഞ അനുസരിക്കാതെ ഇരുന്നതിനു്, ചീനായുദ്ധത്തിനു് മുമ്പുതന്നെ, ൧൮൯൫-ൽ ജപ്പാൻകാർ കൊറിയയുടെ തലസ്ഥാനമായ സിയോളിൽ ഉള്ള കൊട്ടാരത്തിൽ കയറി രാജ്ഞിയെ ബലാൽക്കാരമായി പാറാവിലാക്കിയിരുന്നു. ൧൯൦൫-ൽ റഷ്യൻയുദ്ധം കഴിഞ്ഞയുടനെ, ജപ്പാന്റെ മേൽക്കോയ്മയെ കൊറിയൻ രാജാവിനെ നിർബന്ധിച്ചു് സമ്മതിപ്പിച്ചു. അഞ്ചു വഷം കഴിഞ്ഞപ്പോൾ, രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി, കൊറിയയെ ജപ്പാൻ സാമ്രാജ്യത്തോടു് ചേർത്തു. ഇങ്ങനെ മൂവായിരം കൊല്ലം സ്വതന്ത്ര രാജ്യമായിരുന്ന കൊറിയ അസ്തമിച്ചു. കൊറിയന്മാർ ധീരന്മാരായിരുന്നു. അവിടത്തെ പെണ്ണുങ്ങൾ പോലും യുദ്ധവിശാരദകളായിരുന്നു. എന്തു ഫലം? നവീനബലിഷ്ഠസാമ്രാജ്യശക്തിയോടു് എതിക്കാൻ അവക്കു് കഴിയുമോ?

൧൯൦൧-ൽ പീക്കിൻ ഉടമ്പടി കഴിഞ്ഞപ്പോൾ, പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്താതെ സാമ്രാജ്യത്തെ ഭരിക്കാൻ സാധിക്കയില്ലെന്നു് ചീന കണ്ടു. വിധവാരാജ്ഞിക്കും ആ അഭിപ്രായം ശരിയാണെന്നു് തോന്നി. ജപ്പാന്റെ ഉയച്ചയും റഷ്യൻ കയ്യേററവും ആ അഭിപ്രായത്തെ ഒന്നു കൂടി ഉറപ്പിച്ചു. വിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിച്ചു. പലരേയും യൂറോപ്പിലും അമേരിക്കയിലും അയച്ചു പഠിപ്പിച്ചു. നവീനശാസ്ത്ര-

ങ്ങൾ പാഠവിഷയങ്ങളാക്കി. ഉദ്യോഗസ്ഥന്മാരെ (മന്ദാരികളെ) നിയമിക്കുന്നതിന് പണ്ടുപണ്ടേ, ഹാൻവംശക്കാരുടെ കാലം മുതൽ, ഏൎപ്പെട്ടിരുന്ന പരീക്ഷാരീതി മാററി. ഭാരതീയരെ പോലെ മതാചാരനൈഷ്ഠ്യമോ, ജാപ്പുകളെ പോലെ രാജദേവഭക്തിയോ ചീനൎക്ക് ഇല്ലായിരുന്നു. എങ്കിലും പഴമയിൽ പ്രതിപത്തി ഉണ്ടായിരുന്നു. നവീനകാലഗതിക്ക് അനുസരിച്ച് രീതികളെ മാററാതിരുന്നതിനാൽ, അവർ അടിഞ്ഞുപോയി. ഇപ്പോഴാണ് അവർ ഉണൎന്നതു്; യുഗം മാറി എന്നു് മനസ്സിലാക്കിയതു്. കിഴവിയായ വിധവാരാജ്ഞി പോലും പുതിയ ഭരണസമ്പ്രദായം ഏൎപ്പെടുത്താമെന്നു് സമ്മതിച്ചു്, പരിഷ്കൃതയൂറോപ്യൻരാജ്യങ്ങളിലെ ഭരണരീതികൾ കണ്ടു പഠിക്കാൻ വിദ്വാന്മാരെ അയച്ചു.

ഇങ്ങനെ ഇരിക്കുമ്പോൾ, ഫ്വൻർ-ാമാണ്ടു്, ഡാക്ടർ സുന്ന്യാത്തു് സെൻ എന്നൊരു ചീനപ്രമാണി "ചീനപരിഷ്കരണസമാജം" എന്നൊരു സംഘം സ്ഥാപിച്ചു. യൂറോപ്യൻ രാജ്യക്കാർ അധൎമ്മമായി ചീനയിൽ വളരെ ആനുകൂല്യങ്ങൾ സമ്പാദിച്ച് കയ്യേറുന്നതിനെ പ്രതിഷേധിച്ച് ഉണ്ടായ സംഘമായിരുന്നു അതു്. നാട്ടിലെ യുവജനങ്ങൾ അസംഖ്യം ചേൎന്നതിനാൽ ആ സംഘം അഭിവൃദ്ധമായി. ഫൻഫഫ-ൽ അതിൻെറ പേർ മാററി, 'നോമിന്താങ്ങ്' എന്നുവെച്ചാൽ 'രാഷ്ട്രീയജനസംഘം' എന്നാക്കി. ചീനയിൽ ജനാധിപത്യഭരണം ഏൎപ്പെടുത്തണം എന്നായിരുന്നു അതിൻെറ ഉദ്ദേശ്യം. മാഞ്ചുക്കളായിരുന്നു ചീനാചക്രവൎത്തികൾ. അവർ ചീനരല്ല, എന്നുമാത്രമല്ല, ചക്രവൎത്തിയെ ഈശ്വരനാണെന്നു് ചീനർ ഒരിക്കലും വിശ്വസിച്ചിട്ടുമില്ല. പുതിയ ഭരണസമ്പ്രദായം ഏൎപ്പെടുത്താമെന്നു് വിധവാരാജ്ഞി സമ്മതിച്ചിട്ടു്, ഏറെ താമ-

സീയാർത്ത അവർ മരിച്ചു. അടുത്ത ദിവസം ചക്രവർത്തിയും മരിച്ചു. ഒരു കുഞ്ഞു് ചക്രവർത്തി ആയി. ആ തരം കണ്ടു്, ൧൯൧൧-ൽ ചീനയെ ഒരു റിപ്പബ്ളിക്കായി പ്രഖ്യാപനം ചെയ്തു്, ഡാക്ടർ സൂന്ന്യാത്തു്സെൻ അതിലെ പ്രസിഡൻറുമായി.

സെന്നിനു് എതിരിട്ടു് നിൽക്കാൻ ഒരാൾ മാത്രമേ ശേഷിയുള്ളവനായി ചീനത്തു് ഉണ്ടായിരുന്നുള്ളു. മാഞ്ചു-രാജകുടുംബത്തെ സ്നേഹിച്ചിരുന്ന യുവാൻഷിക്കായി എന്ന ആൾ, ഒരു പ്രവിശ്യസംസ്ഥാനത്തിലെ വൈ-സ്രായി ആയിരുന്നു. ആൾ വീരനും നല്ല കള്ളനുമായി-രുന്നു. വയസ്സായി എങ്കിലും, ഉത്തമസേനയുടെ നായ-കത്വം വഹിച്ചിരുന്നു. മാഞ്ചുചക്രവർത്തികൾക്കു് മുഷിച്ചിൽ തോന്നി, അയാളെ വേലയിൽ നിന്നു് പിരിച്ചുവിട്ടു. ആ തക്കത്തിലാണു് ചീനയുടെ തെക്കും മദ്ധ്യവും ഭാഗങ്ങളിൽ വിപ്ലവകാരികൾ ബഹ-ളങ്ങൾകൂട്ടി, ൧൯൧൨-ാമാണ്ടു് ജാനുവരി ൧-ാംനു-നാൻകിൻ പട്ടണം തലസ്ഥാനമാക്കി, ജനസമുദായരാ-ജ്യഭാരം ഏറ്റെടുത്തിയിരിക്കുന്നതായി വിളംബരം പ്ര-സിദ്ധപ്പെടുത്തു്. എപ്പോൾ ഇടപെട്ടാൽ തനിക്കു് ഗുണം നേടാമെന്നു് തക്കം നോക്കി യുവാൻ ഇരിക്കുമ്പോൾ, അയാളെ റീജൻറു് തിരിച്ചു് വിളിച്ചു. ഒരാളെ വേല-യിൽനിന്നു് നീക്കുന്നതിനു ഉപചാരമായി ചീനന്മാർ പറയുന്നതു് അയാൾക്കു്കാലിനു സുഖമില്ലെന്നാണത്രേ! തിരികെ വരുമ്പോൾ കാലിനു് സുഖമാകും! അപ്പോൾ ഇടപ്പെടുന്നതു് ഗുണപ്പെടുകയില്ലെന്നും, മാഞ്ചുക്കൾ സ്വമനസ്സാലെ രാജസ്ഥാനം ഒഴിയുന്നതാണു് ഉത്തമ-മെന്നും യുവാൻ ഗുണദോഷിച്ചു. നിസ്സഹായത നിമിത്തം, ൧൯൧൨ ഫെബ്രുവരി ൧൨-ാംനു വിളം-ബരപ്രകാരം മാഞ്ചുരാജവംശം രാജിവെച്ചു. ഇരുനൂററി അമ്പതു് കൊല്ലം മുമ്പു് സിംഹസമാനം അലറി വന്ന

വംശക്കാർ, പാമ്പിന്റെ പൃച്ഛം പോലെ നിശ്ശബ്ദമായി രന്ധ്രത്തിൽ കയറി മറഞ്ഞു. അന്ന് റിപ്പബ്ളിക്കൻ തലസ്ഥാനമായ നാൻകിനിൽ വെച്ച് സൂന്ന്യാത്ത്-സെൻ, രാജാക്കന്മാരുടെ ശവകുടീരങ്ങൾക്ക് ബലിദാനം ചെയ്തിട്ട് ഇങ്ങനെ പറഞ്ഞു:—'പൗരസ്ത്യ്യഷ്യയിൽ ഇദംപ്രഥമമായി പ്രജാഭരണം നാം ഇന്നു മുതലിക്കയാണ്. യതാനുക്രലമായിരിക്കും അതിന്റെ ഗുണവും ദോഷവും. എന്നാൽ നമ്മ വിജയപര്യവസായി ആവുമെന്നുള്ളതു് നിസ്തർക്കമാകുന്നു. വിജയസിദ്ധിക്ക് ഇത്രയും കാലതാമസം വേണ്ടിവന്നു എന്ന് നാം എന്തിന് ശോചിക്കണം"

സെന്നിന്റെ വിജയലക്ഷ്മി ക്ഷണികയായിരുന്നു. ലക്ഷ്മീദേവി ചഞ്ചലയാണെന്ന് പണ്ടേ പ്രസിദ്ധമല്ലെ? മാഞ്ചുക്കൾ ഒഴിഞ്ഞുപോയി എങ്കിലും, യുവാൻ പ്രതിക്രലിയായി നിന്നു. ചീനയുടെ വടക്കൻ ദേശങ്ങൾ അയാളുടെ ചൊല്പടിയിൽ ആയിരുന്നു. പ്രജാഭരണം തെക്കരാണ് സ്ഥാപിച്ചതു്. ആഭ്യന്തരകലഹം ഒഴിക്കാൻ വേണ്ടി സെൻ രാജിവെച്ച് യുവാനെ പ്രസിഡന്റാക്കി. യുവാൻ റിപ്പബ്ളിക്കനെല്ല; രാജപക്ഷീയനാണ്. അയാൾ സർവ്വാധികാരത്തെ മോഹിച്ചു. പ്രജാധിപത്യത്തെ നശിപ്പിക്കാൻ മറുനാട്ടുകാരോട്ട് അയാൾ അനവധി കടം കൊണ്ടു. പാർല്ലിമെൻറിനെ പിരിച്ചു വിട്ടു. നോമിന്താങ്ങ് എന്ന രാഷ്ട്രീയജനസംഘത്തെ നശിപ്പിച്ചു. ഇതു് കലഹത്തിന് കാരണമായി. ചീന രണ്ടായി പിരിഞ്ഞു. തെക്കർ ഡാക്ടർ സെന്നിനെ പ്രമാണിയാക്കി ഗവമ്മെൻറ് സ്ഥാപിച്ചു. അപ്പോഴാണ് യൂറോപ്യൻ മഹാസമരം ആരംഭിച്ചതു്. യുവാൻ ചക്രവത്തിയാകാൻ തുഴഞ്ഞു. ഫലിച്ചില്ല. അചിരേണ അയാൾ കാലഗതിയെ പ്രാപിച്ചു. ഇതായിരുന്നു ഇരുപതാം നൂററാണ്ടിൻെറ ആദ്യം ചീനയിലെ അവസ്ഥ.

# എഴുപത്തിമൂന്നാം അദ്ധ്യായം

## മലേഷ്യയും ഇൻഡോനേഷ്യയും.

അവരവരുടെ നാട്ടു വിട്ട് യൂറോപ്പിലോ അമേരിക്കയിലോ ഉല്ലസിക്കാൻ നടക്കുന്നതാണ് ഇക്കാലത്തെ പതിവ്. എങ്കിലും നാം ഇത്ര വളരെ കാതം സഞ്ചരിക്കാൻ തുടങ്ങുന്നതിനു മുമ്പിൽ ഏഷ്യയിലെ സ്ഥിതിഗതികളെ കണ്ടു മനസ്സിലാക്കാൻ ഉദ്യമിച്ച് ഭാരതഖണ്ഡത്തിലെയും ചീനത്തിലെയും ജപ്പാനിലെയും അവസ്ഥകളെ മനസ്സിലാക്കി. അടുത്തുള്ള മലേഷ്യ എന്നും ഇൻഡോനേഷ്യ എന്നും പേർ പറയാവുള്ള നാട്ടുകളിലെ കഥ കൂടി അല്പം നോക്കാം. ഈ അന്തരീപദേശങ്ങൾ നാം ദർശിച്ചിട്ട് നാളേറെ കഴിഞ്ഞു. നാല്പത്തിഎട്ടാം അദ്ധ്യായത്തിൽ അവയെപ്പററി പറഞ്ഞിട്ടുള്ളതു് ഓർമ്മിക്കണം.

ഭൂപടം എടുത്തു നോക്കുക. ഏഷ്യയുടെ തെക്കുകിഴക്കായി ഫ്രഞ്ച്ഇൻഡോചീന എന്നുള്ള സംജ്ഞ വഹിക്കുന്ന ഉപദ്വീപം കാണാം. അതിൽ ബർമ്മയും സയാമും ഉൾപ്പെടുന്നു. ആ രണ്ടു രാജ്യങ്ങളുടെ മദ്ധ്യേ നാക്കു നീട്ടിയ പോലെ മലയാ ഉപദ്വീപം കീഴോട്ടു വരുന്തോറും വീതി കൂടി കിടക്കുന്നു. അതിന്റെ തെക്കെ മുനമ്പിൽ സിംഗപ്പൂർ തുറമുഖനഗരം സ്ഥിതിചെയ്യുന്നു. മലയ മുതൽ ആസ്ത്രേലിയാദ്വീപ് വരെ ചെറുതും വലുതുമായി അനവധി ദ്വീപുകൾ കാണാം. ഒരു കാലത്തു് രാമസേതു പോലെ ഏഷ്യയെയും ആസ്ത്രേലിയയെയും തമ്മിൽ ചേർത്തിരുന്ന ഒരു വലിയ ചിറയുടെ അവശിഷ്ടങ്ങളായിരിക്കാം ഈ ദ്വീപങ്ങൾ. ഈ ദ്വീപ-

സമൂഹത്തിന്ന് ഈസ്റ്റിൻഡീസ് എന്നാണ് വെള്ളക്കാർ പേരിട്ടിരിക്കുന്നതു്. അവയുടെ വടക്കുഭാഗമായി ഫിലിപ്പൈൻ ദ്വീപുകൾ വർത്തിക്കുന്നു. ഈ ദേശങ്ങൾ ഇപ്പോൾ ആരുടെ വകയാണെന്നു് ചായങ്ങളുടെ നിറംകൊണ്ടു പടത്തിൽ മനസ്സിലാക്കാം. ബൎമ്മയും മലയയും ബ്രിട്ടീഷുകാരുടെ, ഇൻഡോചീന പരന്തിരീസ്സുകാരുടെ, ഇടയ്ക്കു കിടക്കുന്ന സ്യാം സ്വാതന്ത്ര്യം, ഈസ്റ്റിൻഡീസിൽ ഉൾപ്പെട്ട സുമാത്ര, ജാവ, ബോർണിയോവിൽ ഏറിയ ക്രമം, സെലിബിസ്, മൊളക്കാസ് ഈ ദ്വീപങ്ങളെല്ലാം ലന്തക്കാരുടെ, ഫിലിപ്പൈൻ ദ്വീപുകൾ അമേരിക്കരുടെ, ഇങ്ങനെയാണ് ഇന്നത്തെ നില.

പണ്ടൊരു കാലത്തു് (രണ്ടായിരം കൊല്ലം മുമ്പ്) ഭാരതീയർ ഈ പ്രദേശങ്ങളിൽ പോയി കുടിപാർത്തു് രാജ്യങ്ങളും സാമ്രാജ്യങ്ങളുമാക്കി സമൃദ്ധങ്ങളാക്കിയിരുന്ന കഥ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അവിടെ ഒന്നാംതരം പട്ടണങ്ങളും കമ്പോളങ്ങളും മന്ദിരങ്ങളും കച്ചോടവും പരിഷ്കാരവും അവർ ഉണ്ടാക്കിയിരുന്നു. അവിടുത്തെ വൈഭവങ്ങളുടെ പ്രശസ്തി കേട്ടു്, സുഗന്ധസാധനങ്ങളെ ശേഖരിക്കാനായി ആദ്യമായി പറങ്കികളും, പിറകെ ബ്രിട്ടീഷുകാരും, ലന്തക്കാരും കമ്പനിചേൎന്നു് വന്നതും, ഫിലിപ്പൈൻ ദ്വീപുകളെ സ്പാനിയാർഡുകൾ പിടിച്ചതും ആ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ബ്രിട്ടീഷുകാരും ലന്തക്കാരും ഒന്നിച്ചുചേൎന്നു് ആദ്യം വന്ന പറങ്കികളെ അടിച്ചോടിച്ചു. പറങ്കികൾ നൂററിരുപത്തഞ്ചു് കൊല്ലത്തോളം ഭരിച്ചിരുന്നു. പക്ഷേ, ജനങ്ങൾ അവരെ വെറുത്തു. അതു കണ്ടിട്ടാണു് ബ്രിട്ടീഷുകാരും ലന്തക്കാരും അവരെ തുരത്തിയതു്. അവരും പറങ്കികളുടെ നയം തന്നെ തുടൎന്നു. കഴിവുള്ളിടത്തോളം ജനങ്ങളുടെ വിഭവങ്ങളെ പിടുങ്ങുക, യൂറോപ്പിലെ വ്യാപാരത്തിന്ന് വേണ്ടുന്ന സാധനങ്ങളെ എല്ലാം

ശേഖരിക്ക, എന്നുള്ളതുതന്നെയാണ് അവരും ചെയ്തതു്. ആ ക്രൂരർ ഇരുപേരും തങ്ങളിൽ പിണങ്ങാൻ അധികനാൾ വേണ്ടിവന്നില്ല. ഒരിക്കൽ ൧൬൨൩-ൽ ഈസ്റ്റിൻഡ്യാകമ്പനിയിൽ വേലക്കാരായിരുന്ന ഇംഗ്ലീഷ്കാരെ ഒന്നൊഴിയാതെ മുളക്കാസ്സിലുള്ള അംബോയിനാവിലെ ലന്തഗവർണർ വാറണ്ടിൽ പിടിപ്പിച്ചു് കൊന്നു. അതിനു കാരണം അവർ ലന്തഗവമ്മെന്റിനു് വിപരീതമായി ഉപജാപങ്ങൾ നടത്തിഎന്നായിരുന്നു. ഇതിനു് "അംബോയിനാ ക്രൂരകൊലപാതകം"എന്നു പേരും വീണു. ബ്രിട്ടീഷ്കാരും ലന്തക്കാരും തമ്മിലുള്ള മത്സരം ഏറെ നാൾ നിന്നില്ല. എന്തെന്നാൽ ബ്രിട്ടീഷ്കാൎക്കു് ഇൻഡ്യയിൽ ധാരാളം ജോലി ഉണ്ടായിരുന്നു. അതുകൊണ്ടു് അവർ പിൻവാങ്ങി. ഈസ്റ്റിൻഡ്യാദ്വീപങ്ങളെല്ലാം ലന്തക്കാൎക്കു കിട്ടി. ഫിലിപ്പൈൻ ദ്വീപുകൾ മാത്രം സ്പാനിഷ്കാരുടെ ഭരണത്തിൽ ഇരുന്നു.

ലന്തക്കമ്പെനിക്കാർ ജനങ്ങളെ ഉപദ്രവിക്കുന്നതിലും ധനം പിടിച്ചുപറിക്കുന്നതിലും ഒട്ടും മോശക്കാരായിരുന്നില്ല. പക്ഷേ, അവരുടെ ഉദ്യോഗസ്ഥന്മാർ മിക്കപേരും അശക്തരായിരുന്നു. അവരുടെ അതിക്രമങ്ങൾ അസഹ്യമായി, ഒടുവിൽ ൧൭൯൮-ൽ ലന്തഗവമ്മെൻറുകാർ നേരിട്ടു് ഈ ദ്വീപിന്റെ ഭരണമേററു. അന്നു് ലന്തരാജ്യം നെപ്പോളിയൻെറ യുദ്ധങ്ങളിൽ അകപ്പെട്ടു. അന്തപരാജ്യം പറങ്കിസാമ്രാജ്യത്തിൽ ഉൾപ്പെട്ടു. അപ്പോൾ അഞ്ചു കൊല്ലത്തേക്കു് ബ്രിട്ടീഷ്കാർ ഈ ദ്വീപങ്ങളുടെ ഭരണമേററു. അവർ ഇൻഡ്യയിലെ പോലെ പല ഗുണകരങ്ങളായ ഭരണപരിഷ്കാരങ്ങൾ ഏൎപ്പെടുത്തി. അക്കാലത്തു് ജാവായിലെ ഗവൎണ്ണരായി അയച്ചിരുന്ന താമസ് സ്റ്റാംഫോഡ്റാഫിൾസ് എന്ന ആൾ ലന്തക്കാരായ ഉദ്യോഗ-

സ്ഥന്മാരുടെ നീചത്വത്തെയും ദ്രോഹങ്ങളെയും ചതികളെയും കൈക്കൂലികളെയും പററി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെലിബീസ് ദ്വീപിൽനിന്ന് അനവധി ആളുകളെ അടിമകളായി ജാവായിൽ പിടിച്ചുകൊണ്ടു പോയിട്ടുള്ള വിവരങ്ങളും അയാൾ പ്രസ്താവിച്ചിട്ടുണ്ട്.

നെപ്പാളിയൻെറ യുദ്ധം അവസാനിച്ചപ്പോൾ ബ്രിട്ടീഷ്കാർ ഈ ദ്വീപങ്ങളെ തിരികെ ലന്തഗവമ്മെൻറിന് വിട്ടുകൊടുത്തു. ആ ഗവമ്മെൻറിൻെറ നേരിട്ടുള്ള ഭരണവും തീരെ തൃപ്തികരമായിരുന്നില്ല. ബങ്കാളിലെ തോട്ടക്കാർ നീലഅമരികൃഷിക്ക് കാണിച്ച ചടങ്ങുകൾതന്നെ ലന്തഗവമ്മെൻറും ഈ ദ്വീപങ്ങളിൽ അനുഷ്ഠിച്ചു. യൂറോപ്പിൽ അവക്ക് വേണ്ടിയിരുന്ന സാധനങ്ങളെല്ലാം, അതായതു തേയില, കാപ്പി, പഞ്ചസാര, നീലം എന്നുള്ളവയെല്ലാം, ജാവായിലെ കൃഷിക്കാർ ഉണ്ടാക്കി കൊടുക്കണം. അതിൽനിന്നു കിട്ടുന്ന ആദായം തുഛം. കൃഷിക്കാർ സ്വന്തവേല ഒന്നും ചെയ്തുകൂടാ. കുത്തകക്കാർ മുഖാന്തരമാണ് ഈ കൃഷികളെല്ലാം നടത്തിവന്നതു്. അതുകൊണ്ട് സക്കാർ കുത്തകക്കാരും പണക്കാരായി. കൃഷീവലന്മാർ വലഞ്ഞു. പത്തൊമ്പതാം ശതകത്തിൻെറ മദ്ധ്യത്തിൽ വലുതായ ക്ഷാമം ഉണ്ടായതിൽ അസംഖ്യം പേർ ചത്തു. അപ്പോഴാണ് സക്കാർ കണ്ണു തുറന്നതു്. പിന്നെ പല സൗജന്യങ്ങളും ചെയ്തു. എങ്കിലും, ഫൻഫസ്സ-ൽ പോലും പിടിവേല നിലച്ചിട്ടില്ലായിരുന്നു. പത്തൊമ്പതാംശതാബ്ദത്തിൻെറ ഉത്തരാദ്ധത്തിൽ പള്ളിക്കൂടങ്ങൾ ഏപ്പെടുത്തുകയും, മററു പരിഷ്ക്കാരങ്ങളും ലന്തക്കാർ അവിടെ നടത്തുകയും ചെയ്തു. ക്രമേണ ഒരുവിധം പഠിപ്പുള്ള ഒരു കൂട്ടം ഇടത്തരക്കാർ അവിടെ മുതിന്ന് സ്വാതന്ത്ര്യലാഭത്തിന് പ്രയത്നം തുടങ്ങി. അധികാരമൊന്നുമില്ലാത്ത പ്രജാസഭകളെയും മററും സക്കാർ

സ്ഥാപിച്ചു. ൧൯൨൬-ൽ അവിടെ ചില വിപ്ലവങ്ങൾ ഉണ്ടായവയെ സക്കാർ ബലാൽക്കാരംകൊണ്ടു് ശമിപ്പിച്ചു. എങ്കിലും, ജാവായിലെ ജനങ്ങൾ ഇന്നും അസ്വസ്ഥരായിത്തന്നെ ഇരിക്കുന്നു. ഇപ്പോൾ ലന്തക്കാരുടെ വിമാനം ഹാലണ്ടിൽനിന്നു് ആഴ്ചതോറും ജാവായിൽ ബാബേറിയ എന്ന സ്ഥലത്തു് പറന്നുവരുന്ന നടപ്പായിട്ടുണ്ടു്.

ഈ ദ്വീപങ്ങളിൽനിന്നു് നമുക്കു് ബമ്മയിലേക്കു് കടക്കാം. അവിടത്തെക്കുറിച്ചു് ഏറെ ഒന്നും പറയാനില്ല. ബമ്മ ദക്ഷിണോത്തരഭാഗങ്ങളായി രണ്ടായി പിരിഞ്ഞിരുന്നു. ചില കാലങ്ങളിൽ, ശേഷിയുള്ള രാജാവു് വരുന്ന കാലത്തു്, രണ്ടും യോജിക്കയും, സയാമിനെ കൂടി കൈക്കലാക്കാൻ ശ്രമിക്കയും ചെയ്യാതിരുന്നില്ല. പത്തൊമ്പതാംശതകത്തിൻെറ ആദിയിൽ ബമ്മാക്കാർ ആസാമിൽ ആക്രമണംനടത്തി,ആ രാജ്യം പിടിച്ചു. അപ്പോൾ ഇംഗ്ലീഷു്കാരുമായി യുദ്ധം നേരിട്ടു. ൧൮൨൪-ൽ ആദ്യത്തെ ബമ്മായുദ്ധത്തിൽ ആസ്സാമിനെ ബ്രിട്ടീഷുകാർ സ്വാധീനപ്പെടുത്തി. ബമ്മാപ്പട്ടാളം സാരമില്ലാത്തതാണെന്നു് അവർ അന്നു് കണ്ടു. ചില്ലറ വഴക്കുകൾ ഉണ്ടാക്കി, പിന്നെ രണ്ടു യുദ്ധങ്ങൾ കൂടി ബ്രിട്ടീഷുകാർ നടത്തി. ൧൮൮൫-ൽ ബമ്മ മുഴുക്കെ ബ്രിട്ടീഷ്സംസ്ഥാനമാക്കി ഇൻഡ്യയോടു ചേത്തു. ഇതാ ഇപ്പോൾ, ൧൯൩൫-ലെ ഇൻഡ്യാ ആക്ടു് പ്രകാരം, ബമ്മ ഇൻഡ്യയിൽനിന്നു് വേർപെട്ടു. ഇൻഡ്യാക്കാരും ബമ്മന്മാരും അടുത്ത ബന്ധുക്കളാകുന്നു. അവർ തമ്മിലുള്ള എടപാടു് ഏറിയ നാളായി നടക്കുന്നതാണു്. ബമ്മയുടെ അഭിവൃദ്ധി മിക്കതും ഇൻഡ്യാക്കാരെക്കൊണ്ടാണു് ഉണ്ടായിട്ടുള്ളതു്. രണ്ടു കൂട്ടരും കൈകോത്തു പിടിച്ചാണു് വളന്നതു്. എങ്കിലും ഇപ്പോൾ ബമ്മന്മാക്കു് ഇൻഡ്യരെ നാട്ടിൽനിന്നു് തുരത്തണമെന്നാണു്

മോഹം. അവരെ കണ്ടുകൂടാ. റംഗൂണിലും മാൻഡ-ലേയിലും ഇന്നും തമ്മിൽതല്ലും കൊലപാതകങ്ങളും നടക്കുന്നു. ബ്രിട്ടീഷ്കാർ സമാധാനപരിപാലനത്തിനു പല വഴിയും നോക്കുന്നുണ്ട്. അനവധി ഇൻഡ്യന്മാർ ബർമ്മ വിട്ട് ഇൻഡ്യയിൽ തിരികെ വന്നു കുടിയേറുന്നു. ഉപകാരത്തിനു് പ്രതികാരമാണു് ഫലം.

ബർമ്മയ്ക്കു് തെക്കായി മലയാ ഉപദ്വീപ് സ്ഥിതി-ചെയ്യുന്നു. പത്തൊമ്പതാം ശതാബ്ദത്തിന്റെ ആദി-യിൽ ബ്രിട്ടീഷ്കാർ സിംഗപ്പൂർ തുറമുഖം കൈവശ-മാക്കി അവിടെ നല്ലൊരു നാവികസേനയുടെ താവ-ളം ഉറപ്പിക്കാൻ തുടങ്ങി. ക്രമേണ ഉൾപ്രദേശങ്ങളിൽ വ്യാപിച്ചു. സയാമിന്റെ മേൽക്കോയ്മസ്ഥാനത്തെ ഇല്ലാതാക്കി. പത്തൊമ്പതാം ശതാബ്ദത്തിന്റെ ഒടു-വിലായപ്പോൾ എല്ലാം ബ്രിട്ടീഷായി, "സംയുക്തമല-യാസംസ്ഥാനങ്ങൾ" എന്ന പേരിൽ സംരക്ഷിതരാജ്യ-മാക്കി.

സയാമിനു് ചുററും വിദേശീയരാജ്യക്കാരുടെ സ്ഥലങ്ങളായിത്തീർന്നു. തെക്കും പടിഞ്ഞാറും ബ്രിട്ടീഷ്-കാരുടെ വക ബർമ്മയും മലയയും, കിഴക്കു് പരന്തിരീ-സ്സുകാരുടെ ആധിപത്യമുണ്ടായിരുന്ന അന്നാമും, പരന്തി-രീസ്സുകാരുടെ വക ഇൻഡോചീനയും. അന്നാം ചീന-യുടെ കീഴുടായിരുന്നെങ്കിലും, ചീനന്മാരുടെ യാതൊരു സഹായവും അന്നാമിൻ കിട്ടിയില്ല. അതുകൊണ്ടു് പരന്തിരീസ്സുകാർ ഇൻഡോചീനയോടു് അന്നാമിനെയും കാംബോഡിയയെയും ചേർത്തു. പണ്ടു് കാംബോഡിയയി-ലാണു് ആങ്കോരസാമ്രാജ്യം വളർന്നിരുന്നതു്. അന്നു് അവിടം സയാമിന്റെ മേൽക്കോയ്മ കൈക്കൊണ്ടിരുന്നു. സയാമുമായി യുദ്ധംചെയ്യുമെന്നു് ഭയപ്പെട്ടതിയാണു് കാംബോഡിയയെ പരന്തിരീസ്സുകാർ പിടിച്ചതു്. മിഷ-ണറിമാർമൂലമാണു് ഈ രാജ്യങ്ങളിലെല്ലാം പരന്തിരീ-

സ്സുകാർ പ്രവേശിക്കാൻ ഇടയായതു്. അവരാണല്ലോ എല്ലാ യൂറോപ്യന്മാക്കും രാജ്യം നേടാൻ വരുന്ന ആദി-കിങ്കരന്മാർ. അവരിൽ ഒരാളെ കൊന്നു എന്നുള്ള കാരണം വെച്ചുകൊണ്ടാണു്, പരന്തിരീസ്സുകാർ കയ്യേ-റ്റം തുടങ്ങിയതു്. ൧൮൫൮ൽ അവർ ഒരു സേനയെ അയച്ചു് ഡെയിഗാൺ തുറമുഖം സമ്പാദിച്ചു. അവിടം മുതൽ അന്നാം മുഴുക്കെ പിടിച്ചു കയറി.

പടിഞ്ഞാറും ബമ്മയിലും ബ്രിട്ടീഷ്കാരും കിഴക്കു് ഇൻഡോചീനയിൽ പരന്തിരീസ്സുകാരുമായി നടുക്കു് കിടക്കകൊണ്ടു് സയാം പരന്മാരിൽനിന്നു് സുരക്ഷിത-മായിരുന്നു. അയൽക്കാർ പരസ്പരമത്സരികളായിരു-ന്നതിനാലാണു് രക്ഷ കിട്ടിയതു്. എന്നുതന്നെയല്ല, സയാമിൽ ക്ഷേമകരമായ ഭരണവും ഏറ്റിയകാലമായി നടന്നുവരികയാൽ സമാധാനഭംഗത്തിനു് നിദാനമു-ണ്ടായിരുന്നില്ല. ബമ്മയിലും ഇൻഡോചീനയിലുമുള്ള കലാപങ്ങളെല്ലാം അടക്കി, ബ്രിട്ടീഷ്കാരും പരന്തിരീ-സ്സുകാരും സയാമിന്റെ അതിൎത്തിയിൽ എത്തിയപ്പോൾ, പത്തൊമ്പതാം ശതകത്തിന്റെ ഒടുവായി. അക്കാല-മായപ്പോൾ രാജ്യങ്ങളെ പിടിച്ചു് വെക്കുന്ന നടപ്പു് ആക്കും ഇഷ്ടമില്ലാതായിക്കഴിഞ്ഞു. പൗരസ്ത്യജനങ്ങ-ളിൽ രാഷ്ട്രീയബോധം ഉദിച്ചു്, മറുനാട്ടുകാരുടെ ആധി-പത്യത്തോടു് എതുപ്പു് തുടങ്ങി. കാംബോദിയെ സംബ-ന്ധിച്ചു് സയാമും ഫ്രാൻസും തമ്മിൽ പിണങ്ങാൻ ഭാവിച്ചു. സയാം അതു് വിട്ടുകൊടുത്തു് സമാധാന-പ്പെട്ടു. സയാമും ബമ്മയും തമ്മിലുള്ള ഇടയിൽ ഒരു പവ്വതപംക്തി കിടന്നതു്, ബ്രിട്ടീഷുകാരുടെ അതിക്രമ-ങ്ങളെ നിരോധിച്ചു.

ഒരു കാലത്തു് ബമ്മയിലെ നാടുവാഴികൾ സയാ-മിനെ പിടിച്ചടക്കിയിരുന്നു. ഒടുവിലത്തെ അവരുടെ ആക്രമണം ൧൭൬൭-ലായിരുന്നു. അന്നു് സയാമിന്റെ

തലസ്ഥാനമായിരുന്ന (അയുത്ത്യ) അയോദ്ധ്യാനഗരത്തെ ബർമ്മാരാജാവ് നശിപ്പിച്ചു. ക്ഷണേന സയാമീസ്സുകാർ ബർമ്മാക്കാരെ തുരത്തി. ൧൭൮൨-ൽ രാമൻ എന്നു പേരായ രാജാവിനെ സ്ഥാനാഭിഷേകം ചെയ്തു. ആ രാമരാജവംശം പിന്നീട് ഇക്കാലം വരെ രാജ്യഭാരം ചെയ്തു. ഒടുവിലത്തെ രാജാവായിരുന്ന പ്രജാധിപോകൻ, രാജ്യത്തിലെ വിപ്ലവംനിമിത്തം സ്ഥാനം ഒഴിഞ്ഞു്, ഇന്നു് ഇംഗ്ലണ്ടിൽ പോയി പാർക്കുന്നു. സയാമിലെ പേരുകൾ ഭാരതീയങ്ങളാണെന്നുള്ളതുകൊണ്ടു തന്നെ ആ രാജ്യവും ഭാരതഖണ്ഡവും തമ്മിൽ എത്രത്തോളം ഒരു കാലത്തു് അടുപ്പമുണ്ടായിരുന്നു എന്നു് ഊഹിക്കാമല്ലൊ.

ഇംഗ്ലണ്ടും ഫ്രാൻസും പല വിധേന സയാമിനെ കുത്തിനോക്കാതിരുന്നില്ല. നല്ല വാക്കും സൗജന്യവും കൊണ്ടു സയാം അവരെ ശാന്തപ്പെടുത്തി. അവരുടെ കച്ചോടത്തിനു് തുറമുഖങ്ങൾ തുറന്നുകൊടുത്തു. അവരുമായി കച്ചോടഉടമ്പടികൾ ചെയ്തു. നാട്ടിൽ ഭരണപരിഷ്കാരങ്ങൾ ഏർപ്പെടുത്തി. പുത്തനായി ബാങ്കാക്കിൽ തലസ്ഥാനനഗരമുണ്ടാക്കി. ഇംഗ്ലണ്ടിനും ഫ്രാൻസിനും പല സ്ഥലങ്ങൾ കൊടുത്തു. കിട്ടിയതുകൊണ്ടു് തൃപ്തിപ്പെടാതെ, ൧൮൯൬-ൽ സയാമിന്റെ കാര്യത്തിൽ വെച്ചു് അവർ തമ്മിൽ യുദ്ധം വന്നുപോയതാണു്. ഒടുവിൽ പുതിയ 'അധീനപ്രദേശം' തിരിച്ചു്, തമ്മിൽ നിരന്നു്, കിഴക്കൻഭാഗം പരന്ത്രീസ്സുകാരുടെ ആധീന്യമെന്നും, പടിഞ്ഞാറു് ഭാഗം ബ്രിട്ടീഷ്കാരുടെ ആധീന്യമെന്നും തീർച്ചയാക്കി. സയാമിനെ ആരും പിടിച്ചു് സ്വാധീനമാക്കിക്കൂടെന്നും അവർ ഉറപ്പിച്ചു. ഏഷ്യയുടെ തെക്കുകിഴക്കൻഭാഗത്തു് സയാം മാത്രമേ സ്വതന്ത്രരാജ്യമായി ഇന്നു് സ്ഥിതിചെയ്യുന്നുള്ളു.

സയാമിൽ ഇക്കാലംവരെ രാജാവു് സ്വതന്ത്രനായി രാജ്യം ഭരിച്ചു വന്നു. അല്പകാലം മുമ്പായി ജനക്ഷോഭമുണ്ടാകയാൽ ഒരുമാതിരി പാർല്ലിമെൻറു് സഭ ഏറ്റപ്പെട്ടു. രാജാവു് മനസ്സാലെ സ്വാധികാരങ്ങളെ സഭയ്ക്കു് ചിലതെല്ലാം വിട്ടുകൊടുത്തു. അതിൽ ജനങ്ങൾ തൃപ്തിപ്പെട്ടിരുന്നു. ഈയിടെ പിന്നെയും ക്ഷോഭങ്ങൾ ഉണ്ടായി. രാജാധികാരം മുഴക്കെ സഭക്കു് വേണമെന്നും, രാജാവു് കേവലം സ്ഥാനം മാത്രം കൊണ്ടു തൃപ്തിപ്പെട്ടിരിക്കണമെന്നും ബഹളം കൂട്ടി. അതിൽ മുഷിഞ്ഞു് രാജാവു് സ്ഥാനം ഒഴിഞ്ഞു് ഇംഗ്ലണ്ടിൽ പോയി പാക്കുന്നു. ജനങ്ങൾ തിരിച്ചു വിളിച്ചിട്ടും അദ്ദേഹം വരുന്നില്ല. സയാമിൻെറ പേർ ഇന്നു തായിലാൻഡ് എന്നു മാററിയിരിക്കുന്നു.

ഏഷ്യാമഹാഖണ്ഡത്തിന്റെ കിഴക്കൻ പ്രദേശത്തു ഫിലിപ്പൈൻ ദ്വീപങ്ങൾ മാത്രമേ പ്രധാനമായി ഗണിക്കാനുള്ളു. 'അവയെ കൂടാതെ അനവധി ചെറുദ്വീപുകൾ ആ പ്രദേശത്തു് ഉണ്ടു്. അവയ്ക്കു് എല്ലാംകൂടി ആസ്ത്രേലിയ, ന്യൂസിലണ്ടു്, എന്നിങ്ങനെയുള്ള വലിയ ദ്വീപങ്ങളുമെല്ലാം ചേർത്തു്, 'ഓഷ്യാനിയാ' എന്നൊരു പുതുമഹാഭൂഖണ്ഡമായി ഭൂവിവരണപണ്ഡിതന്മാർ കല്പിച്ചിട്ടുണ്ടു്. മാല പോലെ ഇപ്പോൾ വിട്ടുവിട്ടു കിടക്കുന്ന സഹസ്രസംഖ്യാകങ്ങളായ ദ്വീപങ്ങൾ, ഒരുകാലത്തു് ഒന്നിച്ചു് ഏഷ്യയും ആഫ്രിക്കയും യൂറോപ്പും പോലെ മഹാഖണ്ഡമായി മറുപുറത്തുള്ള അമേരിക്കഖണ്ഡത്തെ തൊട്ടിരുന്നതാവാം എന്നു് ശാസ്ത്രീയദൃഷ്ട്യാ ഊഹിക്കാൻ വഴിയുണ്ടു്. ആ സംഗതിയെ ഉപന്യസിക്കാനൊ, ഈ ചെറുദ്വീപങ്ങളുടെ വംശാവലി നോക്കാനോ, അല്ല നമ്മുടെ ഉദ്യമം. പാശ്ചാത്യരുടെ സാമ്രാജ്യസംരംഭം പുരാതന പൗരസ്ത്യദേശങ്ങളെയും അവിടുത്തെ പൂർവ്വസംസ്കാരങ്ങളെയും ബാധിച്ചിട്ടുണ്ടായ

ഫലങ്ങളെയാണു് നാം സൂക്ഷിച്ചു് ധരിക്കേണ്ടതു്. ഭാരതഭൂമി പാശ്ചാത്യസാമ്രാജ്യത്തോടു് ഇടപെട്ടപ്പോൾ ഉണ്ടായ ഫലം ഒന്നു്; ചീനയ്ക്കുണ്ടായ ഫലം മററൊരു-വിധം; ഈസ്റ്റിൻഡീസിലും ഇൻഡോചീനയിലും സയാമിലും ബമ്മയിലും വേറെ ഒരു മാതിരി. അതു-പോലെ, ഫിലിപ്പൈൻ ദ്വീപങ്ങളിലും ഒരു വിശേ-ഷഫലം ഉണ്ടായി. അതാണു് അവിടം നമുക്കു് നോക്കി മനസ്സിലാക്കാനുള്ളതു്.

അമേരിക്കൻ ഐക്യനാട്ടുകാർ യൂറോപ്യൻരാജ്യ-ക്കാരെ പോലെ സാമ്രാജ്യശക്തി വളത്താൻ തുനിഞ്ഞ-വരല്ല. 'നേരേ മറിച്ചു്, ചീനയിൽ അവരുടെ ഇടപാ-ടുകൊണ്ടാണു് ആ രാജ്യത്തെ യൂറോപ്യന്മാർ പകിടാ-ഞ്ഞതെന്നു് മുൻഅദ്ധ്യായത്തിൽ നാം പറഞ്ഞിട്ടുണ്ട-ല്ലോ. അമേരിക്കക്കു് കൂടുതൽ രാജ്യം ആവശ്യമി-ല്ലായിരുന്നു. ഉള്ളതു് തന്നെ ധാരാളം മതിയായിരുന്നു. അവിടം മുഴുക്കെ വ്യാപിച്ചു് നന്നാക്കാനുള്ള ആൾ-പെരുക്കവും ഇല്ലായിരുന്നു. യൂറോപ്പിലാകട്ടെ, സൂചി കുത്താൻ സ്ഥലമില്ലാത്തവിധം, ചെറിയചെറിയ രാജ്യ-ങ്ങൾ ജനനിബിഡങ്ങളായിരിക്കുന്നു. ആൾപെരുക്ക-മനുസരിച്ചു് കുടിപാക്കാൻ അവിടെ സ്ഥലമില്ലായി-രുന്നു. പോരാത്തതിനു്, യന്ത്രനിമ്മിതസാധനങ്ങൾ കോടിക്കണക്കിനു് പെരുകിയതെല്ലാം വിററഴിക്കാൻ സ്ഥലങ്ങൾ ആവശ്യമായിരുന്നു. അതുകൊണ്ടാണു് യൂറോപ്യന്മാർ ദേശാന്തരങ്ങളെ തേടി പുറപ്പെട്ടു്, അവിടങ്ങൾ സ്വാധീനപ്പെടുത്താൻ ഉദ്യമിച്ചതു്. അതലാന്തികമഹോദധിതീരം തൊട്ടു് പടിഞ്ഞാറോട്ടു് ശാന്തമഹോദധിതീരംവരെ വിസ്തൃതമായി കിടന്ന ഐക്യനാട്ടുകളെ തീവണ്ടി മുതലായ ഗതാഗതസൗക-ര്യങ്ങളെ കൊണ്ടു് അമേരിക്കർ വികാസപ്പെടുത്തിയതു കൂടാതെ, തൊഴിലിൻെറ അഭിവൃദ്ധി നിമിത്തം ഏററ-

വും ധനപുഷ്ടങ്ങളും ആക്കിത്തീർത്തു. ചീനത്തുനിന്ന് വേലക്കാരെ കൊണ്ടുപോയ കഥ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ.

പിന്നെ ഫ്‌ലിപ്പൈൻ ദ്വീപങ്ങൾ അമേരിക്കരുടെ അധിവാസഭൂമിയായി തീൎന്നതെങ്ങനെ എന്നാലോചിക്കുമ്പോൾ, സാമ്രാജ്യസംരംഭത്തിന്റെ മറെറാരു മുഖം നമുക്ക് പ്രത്യക്ഷീഭവിക്കുന്നു. അമേരിക്കരുടെ സാമ്രാജ്യോദ്യമം പുറമെ വെളിപ്പെടുന്നതല്ല. ബ്രിട്ടൻ ഇൻഡ്യയെ സ്വന്തരാജ്യമാക്കിയ പോലെ, അവർ ഒരു രാജ്യത്തെയും പിടിച്ച് ചേൎത്തിട്ടില്ല. യൂറോപ്യന്മാർ കീഴടക്കിയ രാജ്യങ്ങളിൽനിന്ന് പ്രത്യക്ഷമായി ലാഭം നേടി; അമേരിക്കർ എല്ലാ രാജ്യങ്ങളിലെയും ധനത്തെ പരോക്ഷമായി സ്വാധീനപ്പെടുത്തി. ജിവൻ കൈക്കലാക്കിയാൽ, കായം പിടിക്കണമെന്നില്ലല്ലൊ. യുദ്ധവും വേണ്ട, ജീവനാശവും വേണ്ട, രാഷ്ട്രീയവിരോധവും വേണ്ട. സകലതിനും ജീവനാഡിയായ ധനത്തെ സ്വാധീനപ്പെടുത്തിയാൽ മതിയല്ലൊ. ഇതിന് സാമ്പത്തികസാമ്രാജ്യനയം (Economic Imperialism) എന്നാണ് പേർ. ഈ നയം അനുസരിച്ച് കരസ്ഥമാകുന്ന രാജ്യങ്ങളെ, ഭൂപടപുസ്തകങ്ങളിൽ നോക്കിയാൽ, യൂറോപ്യന്മാർ പിടിച്ചിട്ടുള്ള രാജ്യങ്ങളെ പോലെ, ചായങ്ങളിട്ട് പ്രത്യേകിച്ച് കാണാൻ കഴിയുകയില്ല. ഓരോന്നിലും ഉൾക്കടന്ന് നോക്കുമ്പോൾ, ഈ സാമ്പത്തികസാമ്രാജ്യശക്തിയുടെ പിടിപാടിൽ പെട്ട് കറങ്ങുന്നതു കാണാം. ഒരു നാടിൻെറ ശക്തി മുഴുക്കെ അവിടുത്തെ ധനസ്ഥിതിയിലാണ് കുടികൊള്ളുന്നതു്. അതു സ്വാധീനമായാൽ, ആ നാട്ട് കൈവശപ്പെട്ട ഫലം സിദ്ധിക്കുന്നു. ബാങ്കുകളും വലിയ വ്യാപാരങ്ങളും ആണല്ലോ ധനത്തിൻെറ കേന്ദ്രങ്ങൾ. അവയെ വശീകരിച്ച് കഴിയുമ്പോൾ, ഒരു നാട്ടിലെ നാഥത്വം സിദ്ധിക്കുന്നു.

രണത്തെ കൈക്കലാക്കയോ, ജനങ്ങളെ കീഴ്പ്പെട്ടുത്തുകയോ ഒന്നും വേണ്ട. ഇപ്രകാരം അപ്രത്യക്ഷമായ ലോകസാമ്രാജ്യത്തെ ആദ്യമായി സ്ഥാപിച്ചതു് അമേരിക്കരാകുന്നു. പ്രത്യക്ഷസാമ്രാജ്യത്തെക്കാൾ ഈ പരോക്ഷസാമ്രാജ്യം കുറേക്കൂടി സ്ഥിരതരവും ഭയങ്കരവുമാകുന്നു.

ഫ്ിലിപ്പൈൻ ദ്വീപുകളിൽ ഈ പരോക്ഷസാമ്രാജ്യം കൂടാതെ പ്രത്യക്ഷസാമ്രാജ്യവും അമേരിക്കർ ഇന്നു വഹിക്കുന്നു. അതിന്നു് ഒരു കാരണമുണ്ടു്. പടിഞ്ഞാറൻതിരങ്ങളിലുള്ള അവരുടെ സംസ്ഥാനങ്ങൾ അഭിവൃദ്ധങ്ങളായപ്പോൾ അവിടത്തുകാർക്കു ബഹിർഗ്ഗമനമാർഗ്ഗം ശാന്തമഹോദധിയിൽ കൂടിയായി. അവിടെ ജപ്പാൻ മുതിന്നു് സാമ്രാജ്യം നേടിത്തുടങ്ങിയപ്പോൾ, കാലക്രമത്തിന്നു് അവർ അമേരിക്കരുടെ പ്രതിദ്വന്ദ്വികളായി തീരാൻ എളുപ്പമുണ്ടു്. നാവികസേനകളെ കൊണ്ടു് ജപ്പാൻ അമേരിക്കരുടെ സ്വതന്ത്രമായ ഗതാഗതമാർഗ്ഗത്തെ തടഞ്ഞേക്കാം. അപ്രകാരം ചെയ്യാതിരിക്കുന്നതിന്നു് തടസ്ഥമായി ഒരു സ്ഥാനം ലഭിക്കണമെന്നു് അമേരിക്കക്കു് മോഹമുണ്ടായി. യൂറോപ്യൻ ശക്തികളെല്ലാവരും ശാന്തസമുദ്രത്തിൽ മർമ്മസ്ഥാനങ്ങൾ ഉറപ്പിച്ചിട്ടുള്ളതും അമേരിക്കരെ പ്രോത്സാഹിപ്പിക്കാതിരുന്നില്ല. അതുകൊണ്ടാണു് അവർ ഫ്ിലിപ്പൈൻ ദ്വീപങ്ങളെ പ്രത്യക്ഷമായി തന്നെ കൈവശപ്പെട്ടുത്തിയതു്.

നമുക്കു് ഫ്ിലിപ്പൈൻ ദ്വീപുകളോടു് പ്രതിപത്തിക്കു് ഒരു വിശേഷ കാരണമുണ്ടു്. ഇന്നത്തെ അവിടത്തെ സംസ്കാരം സ്പാനിഷും അമേരിക്കനും കൂടികലന്ന കൂട്ടുകറിയാണെങ്കിലും, ഫ്ിലിപ്പിനോക്കളുടെ പുരാതന സംസ്കാരം മുഴുക്കെ ഭാരതീയമാകുന്നു. സുമാത്രാ, ജാവാ എന്ന ദ്വീപങ്ങൾ വഴി ഇൻഡ്യൻ ആര്യപരിഷ്കാരം കടന്നു് ഫ്ിലിപ്പൈനിലെ സാമുദായിക-

മായും രാഷ്ട്രീയമായും വൈദികവുമായുമുള്ള ജീവിതരീതികളെ വികസിപ്പിച്ചു. ആ നാട്ടിലെ ഭാഷയിൽ അനവധി ഗീർവ്വാണവാണികൾ ചേർന്നിട്ടുണ്ട്. പുരാണങ്ങളും ഐതിഹ്യങ്ങളും കഥകളും എല്ലാം ഭാരതീയങ്ങളാകുന്നു. വേഷഭൂഷകളിൽപോലും ഭാരതീയാനുകരണം കാണാം. മുന്നൂറ് കൊല്ലം സ്പാനിയാർഡുകൾ ഭരിച്ചതിനാൽ, പഴയ ആര്യസംസ്കാരലാഞ്ഛനകൾ മിക്കവാറും ഇന്നു നശിച്ചുപോയിട്ടുണ്ട്.

ഫദിനാറ-ലാണ് സ്പെയിൻരാജക്കാർ ഈ ദ്വീപങ്ങളെ അധിവസിച്ചതു്. ഏഷ്യയിൽ യൂറോപ്യന്മാർ സ്ഥാനംപിടിക്കാൻ ഇവരാണ് മുതലിച്ചതു്. പിന്നീടു വന്ന പറങ്കികളെയും ബ്രിട്ടീഷ്കാരെയും ലന്തക്കാരെയും പോലെ ധനസമ്പാദനമല്ലായിരുന്നു സ്പാനിഷ്കാരുടെ ഉദ്ദേശ്യം, ക്രിസ്തുമതത്തെ പ്രചരിപ്പിക്കണമെന്നായിരുന്നു. പാതിരിമാരും ക്രൈസ്തവപുരോഹിതരുമായിരുന്നു ഇവരുടെ മിക്ക ഉദ്യോഗസ്ഥന്മാരും. 'മിഷനറിസാമ്രാജ്യം' എന്ന പേർപോലും വിളിച്ചുവന്നു. നാട്ടുകാരെ ബലാൽക്കാരമായി മതത്തിൽ ചേർത്തതിൽ കലഹങ്ങളും കലാപങ്ങളുമുണ്ടായി. ജനക്ഷേമത്തെ സ്പാനിഷ്കാർ തീരെ ഗൗനിച്ചില്ല. കരം മൂക്കററം ചുമത്തി. കച്ചോടത്തിനു് വന്ന ചീനന്മാരെ ക്രൈസ്തവാനികളാവാൻ വിസമ്മതിച്ചതിനു് കൊന്നു. ബ്രിട്ടീഷും ലന്തക്കാരുമായുള്ള വ്യാപാരികളെ പോലും നാട്ടിൽ കടക്കാൻ അനുവദിച്ചില്ല. അവർ ക്രൈസ്തവാനികളായിരുന്നെങ്കിലും, പ്രൊട്ടസ്റ്റാന്റ് വർഗ്ഗക്കാരായിരുന്നു. റോമൻ കത്തോലിക്കർക്ക് പ്രൊട്ടസ്റ്റൻറുകാരെ കണ്ടുകൂടാ.

സ്പാനിഷ്കാരുടെ ദ്രോഹങ്ങൾ നിമിത്തം ഫിലിപ്പൈൻദ്വീപുകളിലുള്ളവർ വളരെ കഷ്ടപ്പെട്ടു. പത്തൊമ്പതാം ശതവർഷമായപ്പോൾ, പല ദ്വീപുക-

ളിലെ ആളുകളും ഒന്നിച്ചു് സംഘംചേർന്നു. വ്യാപാരങ്ങൾ മറുനാട്ടുകാർ നടത്തിവന്നതു് നിമിത്തം, അവരുമായുള്ള സമ്പർക്കം ഏറി. അതിൽവെച്ചു കൊള്ളാവുന്ന ഒരുതരം പഠിപ്പുള്ള ഇടത്തരക്കാർ ഉദിച്ചു. ഫിലിപ്പിനാകളും സ്പാനിഷ്കാരും തമ്മിൽ വിവാഹബന്ധങ്ങളുണ്ടായതിൽ അനവധി സന്താനങ്ങൾ ജനിച്ചു. അവർ സ്പെയിൻരാജ്യത്തെ ഒരുമാതിരി മാതൃഭൂമിയായിത്തന്നെ ഗണിച്ചു. സ്പാനിഷ്സംസ്കാരം അവരുടെ ഇടയിൽ പരന്നു. ചെറുപ്പക്കാർക്കു് ഒരു രാഷ്ട്രീയബോധം ഉണ്ടായി. സ്പെയിനിന്റെ ആധിപത്യം നീക്കണമെന്നു് അവർക്കു് ആദ്യം ഉദ്ദേശ്യമില്ലായിരുന്നു. എങ്കിലും സ്വയംഭരണം കിട്ടണമെന്നു് മോഹമുണ്ടായിരുന്നു. രാഷ്ട്രീയസംഘങ്ങൾ അവിടവിടെ കൂടി. 'ഫിലിപ്പിനോയുവസംഘം' എന്നൊരു സംഘം ഉണ്ടായതിൽ ഡാക്ടർ ജോസ് റിസാൾ എന്ന ആൾ പ്രാമാണ്യം വഹിച്ചു. ആ സംഘത്തെ ഗവൺമെന്റ് ബലാൽക്കാരമായി നിരോധിച്ചു. റിസാളിനെയും മററു പ്രമാണികളെയും ൧൮൯൬-ൽ രാജദ്രോഹകുററത്തിനു് കൊലശിക്ഷ വിധിച്ചു് വധിച്ചു. ക്രുനിമ്മേൽ കുരുവായിത്തീർന്നു ഈ കൊലപാതകം. ആദ്യം അല്പമായി ആരംഭിക്കുന്ന രാഷ്ട്രീയസംരംഭങ്ങളെ നിർദാക്ഷിണ്യം ബലം പ്രയോഗിച്ചു് അടക്കുംതോറും ഇരട്ടി വളർന്നു് വരുമെന്നു് അനുഭവസിദ്ധമാണല്ലോ. രക്തബീജവർഗ്ഗമാണു് രാഷ്ട്രീയസംരംഭം. യുവജനസംഘപ്രമാണികളെ കൊലചെയ്തുകഴിഞ്ഞപ്പോൾ പരസ്യമായി കലാപങ്ങൾ തുടങ്ങി. സ്വാതന്ത്ര്യവിളംബരം വിപ്ലവനേതാക്കൾ പ്രസിദ്ധപ്പെടുത്തി. ഒരു കൊല്ലം വളരെ ബഹളങ്ങൾ നടന്നു. അവയെ ശമിപ്പിക്കാൻ സ്പാനിഷ്ഗവൺമെന്റിനു് സാധിച്ചില്ല. സാരതരങ്ങളായ ഭരണപരിഷ്കാരങ്ങൾ നടത്താമെന്നു് ഗവൺമെന്റ്

വാഗ്ദാനം ചെയ്തതിൽ അല്പം അടങ്ങി. പിന്നീടും സ്പാനിഷ് ഗവമ്മെന്റ് ഒന്നും ചെയ്യായ്കയാൽ, ൧൮൯൭-ൽ ലഹളകൾ തുടങ്ങി.

അതിനിടെ, സ്പെയിനും അമേരിക്കയുമായി യുദ്ധം ആരംഭിച്ചു. ൧൮൯൮ ഏപ്രിൽ മാസത്തിൽ അമേരിക്കർ ജനപ്രതിനിധിഭരണതല്പരരാണെന്നുള്ളതുകൊണ്ട്, വേണ്ട സഹായം ചെയ്യുമെന്ന് കരുതി ഫിലിപ്പൈൻവിപ്ലവകാരികൾ അമേരിക്കരെ സഹായിച്ചു. സ്വാതന്ത്ര്യപ്രഖ്യാപനം പിന്നെയും അവർ ചെയ്തു. ൧൮൯൮ സെപ്റ്റംബർ മാസത്തിൽ ഒരു കാൺഗ്രസ്സ് കൂടി ഭരണസമ്പ്രദായം നിശ്ചയിച്ചു. അമേരിക്കൻ യുദ്ധത്തിൽ സ്പെയിൻ തോററു. സമാധാന ഉടമ്പടിപ്രകാരം ഫിലിപ്പൈൻ ദ്വീപങ്ങളെ അമേരിക്കക്ക് വിട്ടുകൊടുത്തു. അമേരിക്കർ ആ ദ്വീപങ്ങളെ കൈവശപ്പെടുത്താൻ തുടങ്ങി. അപ്പോൾ ഫിലിപ്പിനോക്കാർ തൎക്കം പുറപ്പെടുവിച്ചു. ദ്വീപങ്ങളിൽ സ്പെയിൻകാൎക്ക് യാതൊരു അവകാശവും ഇല്ലെന്നായിരുന്നു അവരുടെ തൎക്കം. അതു് അമേരിക്കർ കൂട്ടാക്കിയില്ല. സ്പെയിനിനെക്കാൾ തുലോം ബലം കൂടുന്ന അമേരിക്കരോട് എതിരിടുവാൻ അവൎക്ക് ശക്തിയില്ലായിരുന്നു. എങ്കിലും, മൂന്നു കൊല്ലം അവർ എതിൎത്തുനിന്നു. അമേരിക്കർ ക്രമേണ ലഹളങ്ങളെ നിശ്ശേഷം നശിപ്പിച്ചു. അവിടെ വിദ്യാഭ്യാസസംബന്ധമായും മററും പല പരിഷ്കാരങ്ങൾ നടപ്പിലാക്കി. സ്വാതന്ത്ര്യം കിട്ടണമെന്നുള്ള ആവലാധി പിന്നെയും തുടരുകയാൽ, ൧൯൧൬-ൽ 'ജോൺസ്ബിൽ' എന്ന പേരായ ഒരു നിയമം അമേരിക്കർ കാൺഗ്രസ്സിൽ പാസ്സാക്കി. അതിൻപ്രകാരം ഫിലിപ്പൈൻ നിയമസഭയ്ക്കു പല അധികാരങ്ങളും കൊടുത്തു. എങ്കിലും, അമേരിക്കൻഗവൎണ്ണർ ജനറാളിനു് സർവ്വാധികാരം ഉണ്ടായിരുന്നു.

സ്വാതന്ത്ര്യവാദം പിന്നെയും തുടന്നു. ജോൺസ് ബില്ലിൻ പ്രകാരം പരിനിഷ്ഠിതമായ ഗവമ്മെൻറ് ഏളപ്പെട്ടു കഴിഞ്ഞാൽ അമേരിക്കർ രാജാധികാരം മുഴക്കെ ഫ്ലിലിപ്പൈനിനു് കൊടുക്കാൻ ആലോചിക്കുന്നതാണെന്നു് പ്രസ്താവിച്ചിരുന്നു. പിന്നീടു് പത്തു വഷത്തിനകം സ്വാതന്ത്ര്യം നൽകാമെന്നു് അമേരിക്കൻ കാൺഗ്രസ്സുകാർ ഒരു നിശ്ചയംചെയ്തു. അതനുസരിച്ചു്, അചിരേണ ഫ്ലിലിപ്പൈൻ ദ്വീപങ്ങൾക്കു് സ്വതന്ത്രഭരണം ലഭിക്കാനിടയുണ്ടു്. ഇന്നു നടക്കുന്ന ജമ്മൻ മഹായുദ്ധം നിമിത്തം വരാവുന്ന നയവ്യത്യാസങ്ങൾ കണ്ടുതന്നെ അറിയണം.

---

# എഴുപത്തിനാലാം അദ്ധ്യായം

---

## മദ്ധ്യേഷ്യയും പശ്ചിമേഷ്യയും.

നമുക്കു് ഇനി മദ്ധ്യേഷ്യയിലേക്കും പശ്ചിമേഷ്യയിലേക്കും കടക്കാം. ഒരു കാലത്തു് യൂറോപ്പു്, ആഫ്രിക്ക, ഏഷ്യ ഈ മൂന്നു് മഹാഭൂഖണ്ഡങ്ങൾ സംഗമിച്ചുവന്ന സ്ഥലങ്ങളാണു് അവിടെ ഉള്ളതു്. അവയെ ദർശിക്കുമ്പോൾ പുരാതനസ്മരണകൾ നമുക്കു് വരാതിരിക്കയില്ല. ഈയിടെ സിന്ധുദേശത്തു് മോഹൻജദാരോവിലും ഹരപ്പാവിലും കുഴിച്ചു് കണ്ടെടുത്തിട്ടുള്ള സാധനങ്ങൾ അയ്യായിരം കൊല്ലം മുമ്പുള്ള സെമററിക്കു് പരിഷ്കാരത്തിൻെറ അല്പങ്ങളായ ലക്ഷ്യങ്ങളാണെന്നു് മുമ്പു് ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

ഈ സെമിററിക്ക് വൎഗ്ഗക്കാരുടെ മൂലസ്ഥാനം പശ്ചിമേഷ്യയിലായിരുന്നു. അവിടെനിന്നു് അവർ ഈജിപ്റ്ററിലും (മിസ്രദേശം) മെസപ്പൊട്ടേമിയയിലും ഭാരതഭൂമിയിലും ചീനയിലും പരന്നു. അക്കാലത്തു് ചെമ്പായിരുന്നു പ്രധാനം. 'ശിലാഘട്ടം' പോയി, 'താമ്രഘട്ടം' പ്രചരിച്ചു. ഈജിപ്റ്ററിൽ മേരുസങ്കാശങ്ങളായ എടുപ്പുകളും, ഗിസേയിലുള്ള "സ്ഫീൻക്സ്" എന്ന മഹാബിംബവുമുണ്ടായ കാലം കഴിഞ്ഞിട്ടു്, ബി. സി. ൨൦൦൦-ത്തിനും പിന്നീടുമായി പല ബിംബങ്ങളും ചിത്രങ്ങളും തീബന്മാരുടെ കാലത്തു് ഉണ്ടായി, ഏററിയ പരിഷ്കാരങ്ങൾ ഈജിപ്റ്ററിൽ ഉളവായി. ഈയിടെ കുഴിച്ചുകണ്ടെത്തിയ തുതൻഖാമന്റെ ശവകുടീരം അക്കാലത്തുള്ളതാണു്.

മെസപ്പൊട്ടേമിയയിൽ സുമേർ എന്നും അക്കാദ് എന്നുമുള്ള സ്ഥലങ്ങളിൽ കാൽഡിയന്മാർ എന്ന വൎഗ്ഗക്കാർ സംസ്ഥാനങ്ങളെ പോഷിപ്പിച്ചു. മോഹൻജദാരോവിൽ കണ്ടുകിട്ടിയ പദാൎത്ഥങ്ങൾ ഉണ്ടായ കാലത്തു്, കാൽഡിയന്മാർ ഊർ എന്ന പ്രസിദ്ധനഗരമുണ്ടാക്കി, അവിടെ അതിവിശേഷതരങ്ങളായ സാധനങ്ങളെ നിൎമ്മിച്ചു്, കലാഭിവൃദ്ധിയെ പ്രദൎശിപ്പിച്ചിരുന്നു. ഊർ നഗരം എഴുനൂറു് കൊല്ലം കഴിഞ്ഞു് നശിച്ചപ്പോൾ, മറെറാരു സെമിററിക്ക് വൎഗ്ഗക്കാരായ ബാബിലോണിയന്മാർ, സിരിയാവിൽനിന്നു് വന്നു്, സാമ്രാജ്യം സ്ഥാപിച്ചു. ക്രൂസ്തീയബൈബിൾഗ്രന്ഥത്തിൽ ഇവരുടെ കഥ പ്രസ്താവിച്ചിട്ടുണ്ടു്. അന്നു് ഉണ്ടായ പ്രളയകഥ അതിൽ വായിച്ചു മനസ്സിലാക്കാം. സാഹിത്യം, സംഗീതം, ചിത്രമെഴുത്തു്, കൊത്തുവേല മുതലായ പല കലാവിദ്യകളിൽ പ്രാവീണ്യം സമ്പാദിച്ചു്, പുരാണകഥകൾ എഴുതിയിട്ടിട്ടുള്ള ബാബിലോണിയന്മാർ ക്ഷയിച്ചതിന്റെ ശേഷം, ബി.സി. ൧൦൦൧-ാം

ആണ്ടോടുകൂടി മററൊരു സെമിററിക്ക് വർഗ്ഗക്കാരായ അസ്സിരിയന്മാർ മുതിൎന്നു. അവർ നിനവേ എന്ന സ്ഥലത്തു് തലസ്ഥാനം ഉറപ്പിച്ചു് സാമ്രാജ്യം നേടി. അവർ രാക്ഷസബീജന്മാരായിരുന്നു. ഹിംസ്രമൃഗങ്ങളെപോലെ ക്രൂരന്മാരായിരുന്നെങ്കിലും, പരിഷ്കാരഹീനന്മാരല്ലായിരുന്നു. ബലം ഒന്നുകൊണ്ടാണു് അവർ സാമ്രാജ്യം സ്ഥാപിച്ചതു്. എങ്കിലും, ഒന്നാംതരം ഒരു ഗ്രന്ഥസഞ്ചയം നിനവേയിൽ ഉണ്ടാക്കി. താലപത്രംകൊണ്ടോ, കടലാസുകൊണ്ടോ, ആയിരുന്നു അവരുടെ ഗ്രന്ഥങ്ങൾ എന്നു് തെററിദ്ധരിക്കരുതു്. ചെളിപ്പലകകളിലായിരുന്നു എഴുത്തുകളെല്ലാം. അവയിൽ അനവധി എണ്ണം ശേഖരിച്ചു് ഇന്നു് ശീമയിൽ കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിട്ടുണ്ടു്. രാജാക്കന്മാർ അന്നു് ചെയ്തിട്ടുള്ള കഠോരകൃത്യങ്ങളെ വായിച്ചാൽ നടുങ്ങിപ്പോകും.

ഭാരതഭൂമിയിൽ സെമററിക്ക് വൎഗ്ഗക്കാർ വന്നു് മോഹൻ ജദാരോവിൽ കാണുന്ന പരിഷ്കാരങ്ങൾ നടത്തീട്ടു് ഏറിയ കാലം കഴിഞ്ഞാണു്, ആൎയ്യന്മാർ വന്നുചേൎന്നതു്. അവർ മററുള്ള കൂട്ടൎക്കൊപ്പം, ബിംബങ്ങളെകൊണ്ടോ എഴുത്തുകളെകൊണ്ടോ സ്മാരകങ്ങൾ നിൎമ്മിച്ചില്ല. അവരുടെ സ്മാരകം വേദഗാനങ്ങളാകുന്നു. അതിൽനിന്നു് അവരുടെ പുരാതനമാഹാത്മ്യത്തെ ഗണിക്കാൻ പ്രയാസമില്ല. ബുദ്ധകാലത്തിനു് ശേഷമേ ഭാരതീയാൎയ്യന്മാർ ബിംബങ്ങളും പ്രതിമകളും ഉണ്ടാക്കിത്തുടങ്ങിയുള്ളു. ഭോപാളിനു് സമീപമുള്ള സാഞ്ചിവിഹാരത്തിൻെറ ഗോപുരവാതിലുകളിൽ കാണുന്ന കൊത്തുപണികൾക്കു് മുമ്പുള്ള കൊത്തുവേലയുടെ ലക്ഷ്യങ്ങൾ ഒന്നും ഇതുവരെ ഇൻഡ്യയിൽ കണ്ടുകിട്ടീട്ടില്ല. ബിംബാരാധനം ഭാരതഭൂമിയിൽ ഏൎപ്പെട്ടതുതന്നെ ബുദ്ധമതപ്രചാരാനന്തരമാണെന്നു് ഊഹിക്കാൻ

വഴിയുണ്ടു്. അതിനു് മുമ്പു് പ്രകൃതിവിലാസങ്ങളെ ദേവതോപന കല്പിച്ചു്, ഭാരതീയാൎയ്യർ ആരാധിച്ചുവന്നു. അഗ്നി, വരുണൻ (ജലം), മരുത്തുകൾ (വായു), ആകാശം, പൃഥിവി എന്നുള്ള ഭൂതശക്തികളെയും, തദ്ഭൂതങ്ങളായ ഗിരികൾ, നദികൾ, വനങ്ങൾ, കാവുകൾ, വൃക്ഷങ്ങൾ, പത്രങ്ങൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ജീവികൾ, എന്നുള്ളവയെ ഈശ്വരസൃഷ്ടികളായും ആദരിച്ചുതല്ലാതെ, ദൈവത്തെ മാനുഷരൂപം കല്പിച്ചു് ആരാധിക്കാൻ തുടങ്ങിയതു് ബുദ്ധമതാക്രമണത്തിനു ശേഷമേ കാണുന്നുള്ളു. വേദങ്ങളിൽ, വിശിഷ്യ യജുസ്സിൽ, മൂൎത്തിരൂപങ്ങളെ പറഞ്ഞിട്ടുണ്ടു്. രുദ്രമന്ത്രങ്ങളിൽ അതു് സ്പഷ്ടമായി കാണാം. എന്നാൽ അവയ്ക്കു് സ്ഥാനങ്ങൾ കല്പിച്ചിരുന്നതല്ലാതെ അന്നു് ബിംബങ്ങളെകൊണ്ടു് ചിത്രീകരിച്ചിരുന്നോ എന്നു സംശയമാണു്. ഇന്നു് കാണുന്നതുപോലെ ഉള്ള ആലയങ്ങളും ക്ഷേത്രങ്ങളും താന്ത്രികരുടെ സൃഷ്ടികളാകുന്നു എന്നു വിചാരിക്കാൻ ന്യായമുണ്ടു്. ക്ഷേത്രങ്ങൾക്കു് 'പ്രാസാദങ്ങൾ' എന്നായിരുന്നു പണ്ടത്തെ സംജ്ഞ. "പ്രസാദോ ദേവഭൂഭുജാം" എന്നു് അമരത്തിൽ കാൺക. ക്ഷേത്രം എന്നുള്ള സംജ്ഞ താന്ത്രികർ സൃഷ്ടിച്ചതാകുന്നു.

ബുദ്ധൻ ബിംബാരാധനത്തെ ഉപദേശിച്ചില്ല. എന്നല്ല, അതിനു് വിരോധിയായിരുന്നു. തനിക്കു് ദിവ്യത്വം അദ്ദേഹം കല്പിച്ചില്ല. തന്നെ ആരാധിക്കണമെന്നു് ഉദ്ദേശിച്ചില്ല. സാധുക്കളെ രക്ഷിക്കാനും, ദുരിതങ്ങളെ അകററാനും, പരസങ്കടങ്ങളെ തീൎക്കാനും, പരോപകാരം ചെയ്യാനും, ശരിയായ ധൎമ്മത്തെ ഉപദേശിക്കാനും ആകുന്നു താൻ തുനിഞ്ഞിറങ്ങിയിരിക്കുന്നതെന്നു് ബുദ്ധൻ പ്രഥമപ്രസംഗത്തിൽതന്നെ തുറന്നു് പറഞ്ഞിട്ടുണ്ടു്. ധൎമ്മമാൎഗ്ഗോപദേഷ്ടാവായി പുറപ്പെട്ട അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾ, തത്വഗ്രഹണമു-

ധരായി, സമാധി അണഞ്ഞ പരമഗുരുവിന്റെ രൂപം വെച്ച് ആരാധിക്കയും, സൂക്ഷ്മം അറിയാതെ ബാഹ്യതന്ത്രങ്ങളെ അനുഷ്ഠിക്കയും ചെയ്തതിലാണ് ബുദ്ധബിംബങ്ങളും ആരാധനാതന്ത്രങ്ങളും ഉദിച്ചതു്. * പിന്നീട് ഗ്രീക്കുകാരുടെ ആവേശം ഗാന്ധാരത്തും സിന്ധുതീരങ്ങളിലും വന്നപ്പോൾ, ബിംബാരാധകരായ അവരുടെ പരിഷ്കാരം ഭാരതീയരിൽ സംക്രമിച്ചു. പ്രകൃതിശക്തികളെ ദിവ്യരൂപങ്ങളിൽ പകർത്തത്തക്ക കലാകൗശലവും ലാവണ്യബോധവും കലർന്ന ഗ്രീക്കുകാരുടെ സംസർഗ്ഗം ഭാരതീയബിംബസൃഷ്ടിയെ അസാമാന്യമായി പ്രോത്സാഹിപ്പിച്ചു. പ്രാചീനപാരസീകമനോധർമ്മവും അചിരേണ ഹിന്ദുകലയെ പോഷിപ്പിച്ചു. ഹിന്ദുപുരാണങ്ങളും ബുദ്ധഗാഥകളും വിചിത്രതമങ്ങളും നിരവധികങ്ങളുമായുള്ള വിഷയങ്ങളെയും രൂപങ്ങളെയും വാസനാവിശിഷ്ടരായ കലാവിദഗ്ദ്ധന്മാർക്കു് കൗശലപ്രകടനത്തിനുള്ള യുക്തങ്ങളായ ഉപാധികളെ നൽകി. ആന്ധ്രദേശത്തു് അമരാവതിയിലും, ബാംബെക്കു് സമീപം എലിഫന്റായിലും, എല്ലോറായിലും, അജന്താവിലും മററും ഇന്നു് അവശേഷിച്ചു കാണുന്ന മഹനീയങ്ങളായ ചിത്രലേഖങ്ങളും ബിംബങ്ങളും അന്നത്തെ കലാകുശലതയുടെ സാക്ഷ്യം വഹിക്കുന്നു. അതിനു് മുമ്പ് ഭാരതീയാർയ്യന്മാർക്കു് ആരാധനാതന്ത്രങ്ങൾ ഇല്ലായി-

---

* നോട്ട്:--ബുദ്ധൻ ധ്യാനിരൂപങ്ങളെ ശിഷ്യന്മാർക്കു പ്രത്യേകമായി കാണിച്ചു് കൊടുത്തതായി ഗുഹ്യസമാജതന്ത്രത്തിൽ കാണുന്നു. അക്ഷോഭ്യൻ, വൈരോചനൻ രത്നകേതു, അമിതാഭൻ, അമോഘവജ്രൻ എന്നുള്ള ബോധിസത്വരൂപങ്ങളും അവയുടെ സ്ത്രീരൂപങ്ങളായ ദേവരതി, മോഹരതി, ഈർഷ്യാരതി, രാഗരതി, വജ്രരതി എന്നുള്ള ശക്തികളും, യമാന്തകൻ, പ്രജ്ഞാന്തകൻ, പത്മാന്തകൻ, വിഘ്നാന്തകൻ എന്നുള്ള ദ്വാരപാലന്മാരും, അവരുടെ സിദ്ധിതന്ത്രങ്ങളും, ബുദ്ധൻ ഉപദേശിച്ചതായി ആ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ഇതാണ് വജ്രയാനതന്ത്രരഹസ്യം എന്നു് ജ്ഞാനസിദ്ധി പറയുന്നു.

രുന്നു എന്നു് തെററിദ്ധരിക്കരുതു്. ബ്രഹ്മാപ്പണരൂപ-മായ ആഹുതി ആയിരുന്നു അവരുടെ പൂജാസമ്പ്രദായം. ബലിഹോമതപ്പണങ്ങളായിരുന്നു ആര്യ്യരെയും അനാര്യ്യ-രെയും തമ്മിൽ വേർതിരിച്ചതു്. ക്ഷേത്രങ്ങളും പ്രതി-ഷ്ഠകളും തദ്വിഷയകങ്ങളായ പൂജാതന്ത്രങ്ങളും ആദി-പുരാണങ്ങളിൽ നാം കാണുന്നില്ല എന്നുള്ള സംഗതി പ്രത്യേകം ഗൌനിക്കേണ്ടതാകുന്നു. ഇന്നു് കാണുന്ന ക്ഷേത്രങ്ങൾ ബൌദ്ധരുടെ ചതുശ്ശാലകളെയും വിഹാര-ങ്ങളെയും സ്തൂപങ്ങളെയും അനുകരിക്കുന്നുണ്ടെന്നുള്ള-തും ഗണനീയമാണു്. സെമിററിക്ക് വർഗ്ഗങ്ങളെ ആര്യ്യ മര്യ്യാദയിൽ ഉൾപ്പെടുത്തിയപ്പോൾ, അവരുടെ ആരാ-ധനാസമ്പ്രദായങ്ങളും ഏറെക്കുറെ ആര്യ്യതന്ത്രങ്ങളിൽ സംക്രമിക്കാതിരുന്നില്ല. ഈ സംഗതികളെ ക്രൂലംക-ഷമായി ചിന്തിക്കാനുള്ള അവസരം ഇവിടെ ഇല്ല. ചിന്താശീലന്മാക്ക് ഇതു് ഒരു ഉപരിചിന്തനത്തിനു് ഫലപ്രദമായ വിഷയമാണെന്നു് നിർദ്ദേശിക്കാൻ വേണ്ടി ഇത്രയും പ്രസ്താവിച്ചതാണു്.

ഹൈന്ദവസംസ്കാരം ഏഷ്യാഖണ്ഡം ഒട്ടുക്ക് ഒരു കാലത്തു് വ്യാപിച്ചിരുന്നു. സിരിയാ മുതലായ ദൂരദേശ-ങ്ങളിൽ പോലും അതിനു് ലക്ഷ്യങ്ങൾ ഇന്നു് കണ്ടു കിട്ടീട്ടുണ്ട്. കിഴക്കൻ ദ്വീപങ്ങളിലും അതു് ബാധിച്ചി-രുന്ന സംഗതി മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു സമുദായത്തിൻെറ ജീവനെയാണു് കലകൾ പ്രതി-ഫലിപ്പിക്കുന്നതു്. ഇൻഡ്യൻ കലകൾ സെമററിക്ക് വർഗ്ഗങ്ങളിലുൾപ്പെട്ട അറബികളുടെ പ്രതാപകാലം വരെ സജീവങ്ങളായിരുന്നു. മുസ്ലിം സംഘട്ടനത്തിൽ അതിൻ്റെ പ്രാണൻ പോയി, അനുകരണത്തിലും അല-ങ്കാരത്തിലും കലാശിച്ചു. ക്രമേണ അറബിക്കും പർസ്യനും അതിനെ ബാധിച്ചു്, ഒരു പുതിയ സം-സ്കാരത്തെ ഉളവാക്കി. ആ പുതിയ സംസ്കാരത്തിൻെറ

ഉത്തമോദാഹരണമാകുന്നു ആഗ്രായിലെ താജ്മഹാൾ. യൂറോപ്യനും ഇൻഡ്യനും പർസ്യനും കലകൾ ഒന്നുചേന്ന് വൈരസ്യം കൂടാതെ വിലസുന്ന ആ അത്ഭുതമന്ദിരം ലോകാസേചനകമായി ഇന്നും വിളങ്ങുന്നു. പർസ്യൻകല ഭാരതദേവിയുടെ ഗർഭത്തിൽ വന്ന് പിറന്ന സന്താനമാണ് താജ് എന്ന് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു.

പ്രസക്താനുപ്രസക്ത്യാ നാം കാട്ടു കയറിപ്പോയി. മദ്ധ്യേഷ്യയും പശ്ചിമേഷ്യയും മൂന്ന് മഹാഭൂഖണ്ഡങ്ങളുടെ സമാഗമനസ്ഥലങ്ങളായിരുന്നു എന്നാണല്ലോ നാം പറഞ്ഞു തുടങ്ങിയതു്. മദ്ധ്യേഷ്യയിൽ നിന്ന് ഓരോ കാലത്ത് പല വർഗ്ഗക്കാരും കിഴക്കും പടിഞ്ഞാറും കടന്ന്, ഇൻഡ്യയിലും ചീനയിലും യൂറോപ്പിലും വ്യാപിച്ചിട്ടുണ്ടെന്നും മുമ്പ് നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ. തുരുഷ്കരും ആ വർഗ്ഗങ്ങളിൽ ഒന്നായിരുന്നു. പശ്ചിമേഷ്യക്കാർ അധികവും യൂറോപ്പിലേക്കാണ് കടന്നതു്. ബുദ്ധമതം ചിന്നേഷ്യ വരെ കടന്നെത്തിയ പോലെ, ക്രിസ്തുമതം ചിന്നേഷ്യയിൽ നിന്ന് ഇൻഡ്യയിലേക്ക് കടന്നു. എന്നാൽ ഇസ്ലാംമതം പുറപ്പെട്ടപ്പോഴാണ്, ഇൻഡ്യക്ക് ഏറെക്കുറെ ഭേദഗതികൾ വന്നതു്. മഹമ്മദീയസംസ്കാരവും ഭാരതസംസ്കാരവും കൂടികലന്നിട്ട് ഇൻഡ്യയിൽ ഒരു പുതിയ സങ്കരം ഉണ്ടായതിന് ഭംഗം വന്നതു്, ബ്രിട്ടീഷ്കാരുടെ അധിവാസത്തോടു കൂടിയാണ്. അപ്പോൾ രണ്ടിൻെറയും ജീവൻ പോയി. കേവലം ഭൗതികപരമായ യൂറോപ്യൻ മാനസികചിന്താപഥത്തിൽ കുടുങ്ങി, ഇസ്ലാമും ഭാരതീയവും കൂടി ചേൻഉണ്ടായ സംസ്കാരം ശിഥിലമായി, മുത്തുപോഴിഞ്ഞ ചിപ്പിപോലെ, ചമഞ്ഞു.

മദ്ധ്യേഷ്യയിലും പശ്ചിമേഷ്യയിലും പ്രതാപം ഉണ്ടായിരുന്നകാലം മഹമ്മദീയരുടെ ജൈത്രയാത്ര നടന്ന

തോട്ടക്കൂടിയാകുന്നു. ബാഗ്ദാദിൽ വലുതായ അറബി സാമ്രാജ്യം ഉണ്ടായതിനെ സെൽജൂക്ക് തുർക്കികളാണ് ആദ്യമായി ഉലച്ചത്. പിന്നീട് മംഗോളിയർ, ചെങ്കിസ്ഖാൻെറ പടയോട്ടത്തിൽ കയറിവന്നു്, നിശ്ശേഷം നശിപ്പിച്ചു. ഖീവാ എന്ന സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നതാണ് പാരസീകസാമ്രാജ്യം. ഖീവാ സാമ്രാജ്യത്തിന് ഖ്വാരസം സാമ്രാജ്യം എന്നും പേർ പറയാറുണ്ട്. അതിനെ മംഗോളിയർ ആദ്യവും, പിന്നീട് ടാമർലേയിനും നശിപ്പിച്ചു. അക്കാലത്ത് പശ്ചിമേഷ്യയിൽ മറെറാരു തുർക്കിവർഗ്ഗം, അതായതു ഓട്ടോമാൻ തുർക്കികൾ, മുതിന്നു. അവർ പർഷ്യക്ക് പടിഞ്ഞാറ് ഭാഗം, ഈജിപ്റ്റ്, യൂറോപ്പിൻെറ തെക്കപടിഞ്ഞാറു് ഭാഗം, ഈ പ്രദേശങ്ങളെ കൈവശപ്പെടുത്തി. യൂറോപ്പിൻെറ മററു ഭാഗങ്ങളെയും ആക്രമിക്കാൻ തുടങ്ങി. അന്ധകാരകാലം മുഴുത്തിരുന്ന യൂറോപ്പിലെ ജനങ്ങൾ ഈ ഓട്ടോമാൻ തുർക്കികളെ യമഭടരായി ഗണിച്ചു.

ഇത്ര ഭയാനകന്മാരായിരുന്ന ഓട്ടോമാൻ തുർക്കികൾ ഏഷ്യയുടെ പശ്ചിമഭാഗങ്ങളും യൂറോപ്പിൻെറ കിഴക്കൻ നാടുകളും ഭരിച്ചു. അതിന് മുമ്പ് ഏറിയ കാലം യൂറോപ്പും ഏഷ്യയും തമ്മിൽ ഇടപാടിന് പെരുവഴി ആയി തീന്നിരുന്ന ആ പ്രദേശം മുഴുക്കെ അടച്ച് പാത്ത ഈ തുർക്കികൾ, കച്ചോടത്തിന് പ്രതിബന്ധമായിത്തീന്നു. അപ്പോൾ മറുവഴി കണ്ടുപിടിക്കപ്പെട്ടു. കടൽവഴി കപ്പലുകൾ പുറപ്പെട്ടു. മുമ്പ് ഒട്ടകങ്ങളിൽ സാത്ഥവാഹന്മാർ കൂട്ടം കൂട്ടമായി കരവഴി വന്നു് വ്യാപാരം നടത്തിവന്നതിനു പകരം, ഓടങ്ങളും കപ്പലുകളും ആ സാധനങ്ങളെ വഹിച്ചു. യൂറോപ്പിൽനിന്നു് ഏഷ്യയിലേക്ക് വന്നെത്താൻ, ആദ്യം വാസ്കോഡിഗാമ കണ്ടുപിടിച്ച ഗുഡ് ഹോപ്പ് മുനമ്പു

വഴി ദീർഘകാലസഞ്ചാരംകൊണ്ടു് സാധിച്ചുവന്നു. പത്തൊമ്പതാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിൽ സൂവസ്തോടു് വെട്ടിത്തുറന്നപ്പോൾ, സഞ്ചാരം വളരെ എളുപ്പമായി. ഇങ്ങനെ കച്ചോടപ്പെരുവഴി മാററിവീണതോടു കൂടി പശ്ചിമേഷ്യയുടെ പ്രാധാന്യം നിശ്ശേഷം നശിച്ചു. ഓട്ടോമാൻ സാമ്രാജ്യത്തിൻെറ മഹിമ കുറഞ്ഞു. പണ്ടു് യൂറോപ്പിൻെറ യമഭടത്വം വഹിച്ചിരുന്ന തുക്കി യൂറോപ്പിലെ 'ആതുരജന'മായിത്തീൎന്നു. ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ നിശ്ശേഷനാശം വന്ന തുക്കിരാജ്യം, ഉമിനീററിൽ നിന്നു് ഉളവായ അഗ്നിയെ പോലെ, പിന്നെയും സജീവമായി, ധീരമായി, സ്വാത്മനിഷ്ഠമായി വളൎന്നു വന്നിരിക്കുന്നതു്, ലോകത്തിൽ ഒരു അത്ഭുതസംഭവമാകുന്നു.

ഇരുപതാം ശതവൎഷമായപ്പോൾ, ഇതാ പിന്നെയും ഒരു മാററം നാം കാണുന്നു. കരവഴിയും കടൽവഴിയും തമ്മിലുള്ള പിണക്കത്തിൽ, ആദ്യം കരവഴിയും പിന്നീടു് കടൽവഴിയും ജയിച്ചു. ഇപ്പോൾ മോട്ടാർ വാഹനങ്ങളും വിമാനങ്ങളും വന്നപ്പോൾ, പിന്നെയും കരവഴിക്കു് പ്രാധാന്യം വന്നിരിക്കുന്നു. കാടുകയറിക്കിടന്നിരുന്ന പണ്ടത്തെ സാൎത്ഥവാഹകന്മാരുടെ മാൎഗ്ഗങ്ങൾ ആദിയെ തെളിഞ്ഞു തുടങ്ങിയിരിക്കുന്നു!

# എഴുപത്തിഅഞ്ചാം അദ്ധ്യായം

## പർസ്യ (പാരസീകം).

ഒരു പുരാതന ദുർഗ്ഗത്തിനുള്ളിൽ കയറി അവിടം മുഴുക്കെ സന്ദർശിക്കണമെങ്കിൽ അനവധി ഇടനാഴികളും ഊടുവഴികളും തളങ്ങളും അകങ്ങളും പല പ്രാവശ്യം കയറി ഇറങ്ങണം. അതുപോലെയാണ് ചരിത്രത്തിലും പല സ്ഥലങ്ങളും പല തവണ നമുക്ക് സഞ്ചരിക്കേണ്ടി വരുന്നത്. പറഞ്ഞത് തന്നെ പിന്നെയും ഉരുവിടേണ്ടി വരുന്നതിൽ വായനക്കാർക്ക് മുഷിവു തോന്നിയേക്കാം. എങ്കിലും, അപ്രകാരം ചെയ്യുകിൽമാത്രമേ പുത്തനായുള്ള സംഗതികളെ സൂക്ഷ്മമായി കാണാൻ സാധിക്കൂ.

നമുക്ക് ഇനി കാണാനുള്ളത് ഏഷ്യയിൽ പർസ്യയാകുന്നു. പർസ്യയെപ്പററി പറയുമ്പോൾ ആദ്യമായി നമ്മുടെ മനസ്സിൽ തോന്നുന്നത് അവിടെയുള്ള കലാവൈചിത്ര്യമാകുന്നു. പാരസീകകല പണ്ടേ പ്രസിദ്ധമാണ്. രണ്ടായിരത്തിലധികം കൊല്ലം മുമ്പിൽതന്നെ അതിന് വൈപുല്യം സിദ്ധമായിക്കഴിഞ്ഞിരുന്നു. അസ്സിരിയന്മാരുടെ കാലം തൊട്ട് അതു വളർന്നു. രാജാക്കന്മാരും വംശങ്ങളും ഭരണരീതികളും മതവും എല്ലാം മാറിമാറി വന്നിട്ടും, കലയുടെ വളർച്ചയ്ക്ക് യാതൊരു പ്രതിബന്ധവും വന്നില്ല. വരുത്തരുടെ സമ്പർക്കം പല ഭേദങ്ങളും ഉണ്ടാക്കാതെ ഇരുന്നില്ല; എങ്കിലും, പണ്ടത്തെ അടിസ്ഥാനം ഇളകില്ല.

നിനവേയിൽ അസ്സീരിയൻ സാമ്രാജ്യം പുലന്ന കഥ മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. പർസ്യ ആ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. ക്രിസ്തുവിന് അഞ്ഞൂറ് അറുനൂറു കൊല്ലം മുമ്പായി ആര്യവർഗ്ഗത്തിൽ ഉൾപ്പെട്ട ഐരാണി-

കൾ നിനവെപിടിച്ചു് അസ്സിരിയൻ സാമ്രാജ്യത്തെ നശിപ്പിച്ചു. പിന്നീടു് ഈ ഐരാണികൾ സ്വന്തമായി ഒരു സാമ്രാജ്യം സ്ഥാപിച്ചു. അതു് സിന്ധുനദീതീരം തൊട്ടു് ഈജിപ്റ്റ്വരെ വിസ്തൃതമായിരുന്നു. പുരാണ-കാലത്തു് ഉണ്ടായ മഹാസാമ്രാജ്യങ്ങളിൽ ഒന്നായിരുന്നു അതു്. ഗ്രീക്കുകാർ അവിടത്തെ അധിപന്മാരെ 'മഹാ-രാജാ' എന്ന ബിരുദംകൊണ്ടു് ആദരിച്ചിരുന്നു. സൈറസ്, ഡറയസ്, ക്സർക്സീസ് എന്ന 'മഹാരാജാ'ക്കളുടെ പേരു-കൾ നാം മുമ്പു് പറഞ്ഞിട്ടുണ്ടു്. ഡറയസ്സും ക്സർക്സീസും ഗ്രീസ്സ് പിടിക്കാൻ പുറപ്പെട്ടു് തോററുപോയ കഥയും നാം പ്രസ്താവിച്ചിട്ടുണ്ടു്. അവരുടെ വംശത്തിന്നു് ആക്കി-മനീട്ട്വംശം എന്നായിരുന്നു പേർ. ഇരുന്നൂററി ഇരു-പതു് വർഷം ആ വംശക്കാർ സാമ്രാജ്യം ഭരിച്ചു. പിന്നീടു് 'മഹാൻ' എന്ന ബിരുദം നേടിയ അലക്സാണ്ടർ, മാസി-ഡോണിയയിൽ നിന്നു വന്നു്, അവരെ നശിപ്പിച്ചു.

അസ്സിരിയന്മാരുടെയും ബാബിലോണിയന്മാരുടെയും ഭരണാനന്തരം പാരസീകർ ഭരണകർത്താക്കളായപ്പോൾ, രാജ്യത്തിൽ സുഭിക്ഷവും ക്ഷേമവും വളർന്നു. മതനൈഷ്ഠ്യം പാരസീകൎക്കു് ഇല്ലായിരുന്നു. സൎവ്വധൎമ്മസഹിഷ്ണുതയായി-രുന്നു അവരുടെ നയം. മഹാസാമ്രാജ്യമൊട്ടുക്കു് നല്ല വെട്ടു-വഴികൾ വെട്ടിച്ചു് സഞ്ചാരസൗകൎയ്യം നൽകി. ഭാരതീയരു-ടെ അടുത്ത ബന്ധുക്കളായിരുന്നു പാരസീകർ. രഘുമഹാ-രാജാവു്, "പാരസീകാൻ തതോ ജേതും പ്രതസ്ഥേ സ്ഥല-വർത്മനാ," കരമാൎഗ്ഗമായി ദിഗ്വിജയയാത്ര ചെയ്തിട്ടുള്ള-തായി കാളിദാസകവി പറഞ്ഞിരിക്കുന്നു. വേദമതത്തി-നോടു് ഏററിയ സാമ്യമുള്ളതാകുന്നു സോറോ ആസ്റ്ററുടെ മതം. രണ്ടും സമകാലീനമായി ഒരേ മൂലത്തിൽ നിന്നുവ-ളൎന്നതാണെന്നു് ഊഹിക്കാൻ ന്യായമുണ്ടു്. അഗ്നിയാണു്

ഇരുകൂട്ടരുടെയും ആദിദൈവം. ആക്കിമനീദ്ദ് വംശ-രാജാക്കന്മാർ ഒന്നാംതരം കെട്ടിടങ്ങൾ പണികഴിപ്പി-ച്ചിട്ടുണ്ട്. തലസ്ഥാനനഗരമായിരുന്ന പെർസിപ്പോലീസ്സിൽ വലിയ രാജമന്ദിരങ്ങളും ദേവാലയങ്ങളും അ-വർ തീർപ്പിച്ചിരുന്നതിൻെറ അവശിഷ്ടങ്ങൾ ഇന്നും ദർശനീയങ്ങളാണ്. നെടുങ്കൻ സ്തൂപനാവലികളാൽ അല-ങ്കൃതങ്ങളായ മഹാശാലകൾ ഭാരതീയമൌര്യതച്ച-പണിത്തരങ്ങളുടെ സമ്പർക്കത്തെ വ്യഞ്ജിപ്പിക്കുന്നു.

അലക്സാണ്ടർ ആക്കിമനീദ്ദ്വംശത്തെ നശിപ്പിച്ച്, കുറെക്കാലം ഗ്രീക്ക് ഭരണം പർസ്യയിൽ സ്ഥാപിച്ചു. അലക്സാണ്ടരുടെ പിൽക്കാലം, അദ്ദേഹത്തിൻെറ സേനാധിപൻ സെല്യൂക്കസ്സും അയാളുടെ വംശക്കാരും കുറെനാൾ വാണു. അപ്പോഴും ഗ്രീക്ക് പരിഷ്കാരം അവിടെ നടപ്പായിരുന്നു. അക്കാലത്താണ് ഗാന്ധാര-നാട്ടിൽ കുശാനന്മാർ മുതിർന്നതും, കാശിവരെ അവരുടെ സാമ്രാജ്യം വർദ്ധിപ്പിച്ചതും. അലക്സാണ്ടരുടെ പിൽക്കാലം അഞ്ഞൂറ് കൊല്ലത്തോളം ഗ്രീക്കുകാരുടെ ആധിപത്യം പാരസീകത്തും സമീപപ്രദേശങ്ങളിലും വളർന്നിരുന്നു. തന്നിമിത്തം കലകൾ വർദ്ധിച്ചു. ഗ്രീക്കുകാർ പാർസിമതത്തെ ദ്രോഹിച്ചില്ല.

ക്രിസ്ത്വബ്ദം മൂന്നാം ശതകത്തിൽ പാരസീകത്ത് സ്വ-രാജ്യകക്ഷികൾ മുതിർന്ന്, സ്വദേശീയരായ ശാസനീദ-വംശക്കാരെ രാജസ്ഥാനത്ത് അഭിഷേകം ചെയ്തു. പഴയ ആക്കിമനീദ്ദ്വംശക്കാരുടെ പാരമ്പര്യം കൈക്കൊണ്ട്, പുതുവംശക്കാർ വിദേശീയരെ വെറുത്തു. പുറവും അവർക്ക് ബലത്ത ശത്രുക്കളുണ്ടായിരുന്നു. ഒരു വശത്ത് റോമാസാ-മ്രാജ്യവും ബൈസാൻെറൻസാമ്രാജ്യവും, മറുവശത്ത്, അതായത് കിഴക്ക്, വലുതായ തുരുഷ്കപ്പടയും. ഇങ്ങനെ ശത്രുപരിവൃതരായിരുന്നിട്ടും, പാരസീകർ നാനൂറ് കൊ-

ല്ലത്തിനു് മേൽ, ഇസ്ലാമിന്റെ ആക്രമണംവരെ, ഒരു വിധം ക്ഷേമമായി കഴിച്ചുകൂട്ടി. അക്കാലത്തു് വൈദികന്മാരായിരുന്നു പ്രാമാണികർ. അവർ വൈദികവും ലൗകികവുമായ സകല കാര്യങ്ങളും നിർവ്വഹിച്ചു. അന്യരുടെ ആവേശത്തെ അവർ സഹിച്ചില്ല. അക്കാലത്താണു് പാർസിവേദപുസ്തകമായ 'സെൻദ്‌അവസ്ത' സമഗ്രമായി നിബദ്ധമായതു്.

ഇൻഡ്യയിൽ ഗുപ്തസാമ്രാജ്യം മഹിമയേററു് വിളങ്ങിവന്നിരുന്ന കാലത്തായിരുന്നു, ശാസനീദവംശക്കാർ പാരസീകത്തു് പുലർന്നതു്. രണ്ടു ദിക്കിലും സാഹിത്യവും ചിത്രകലയും ശില്പവും നവീനമോടികളേററു് മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. കാളിദാസമഹാകവിയുടെ കാലം അപ്പോളായിരുന്നു. ഇൻഡ്യയും പർസ്യയും തമ്മിൽ കലാവിഷയത്തിൽ ധാരാളമായി സമ്മേളനമുണ്ടായിരുന്നു. അന്നത്തെ ചിത്രങ്ങളും കൊത്തുപണികളും ചിലതെല്ലാം നമുക്കു് കിട്ടീട്ടുള്ളവയെ നോക്കുമ്പോൾ അജാന്താചുവർചിത്രങ്ങളുടെ ഭംഗിയും ജീവനും ഓജസ്സും കാണാം.

ബൈസാന്റൈൻസാമ്രാജ്യവുമായി അനവരതം ഉണ്ടായിരുന്ന കലഹങ്ങളിൽ ക്ഷീണബലരായ ശാസനീദവംശ്യരെ, പുതുമതമേററു് ഉത്സാഹഭരിതരായിരുന്ന ചുണയുള്ള അറബികൾക്കു് തോല്പിക്കാൻ തീരെ പ്രയാസം വേണ്ടിവന്നില്ല. സാക്ഷാൽ മഹമ്മദ്നബിയുടെ നിര്യാണാനന്തരം പത്തു് വഷംകഴിയും മുമ്പിൽ, പർസ്യ ഖാലീഫ്‌ിന്റെ കീഴിലായി. പുതുമതസുധാപാനത്താൽ നവയൗവനക്കൊഴുപ്പേറി, ഏതു് സാഹസത്തിനും കച്ചകെട്ടിയ ഉദ്ധതരായ അറബിവർഗ്ഗക്കാർ, മദ്ധ്യേഷ്യയും ഉത്തരാഫ്രിക്കയും ഒട്ടകക്കു് പട്ടാളങ്ങളെയും സപമതത്തെയും ഒന്നിച്ചു് നയിച്ചു്, സിറിയാ, മെസപ്പൊട്ടേമിയ, ഈജിപ്തു് എന്നീ പ്രദേശങ്ങളിൽ ആസകലം നവീനസാ-

മ്രാജ്യവും സംസ്കാരവും പരത്തി. അറബിഭാഷയായി അവിടങ്ങളിലെ നാട്ടുഭാഷ. അവിടെയുള്ള ജനങ്ങൾപോലും മുഴുക്കെ അറബിവർഗ്ഗീയഗുണങ്ങളേററു. ബാഗ്ദാദ്, ദമാസ്കസ്, കൈറോ, എന്നീ നഗരങ്ങൾ അറബിപരിഷ്കാരകേന്ദ്രസ്ഥാനങ്ങളായി. അനവധി ഒന്നാന്തരം പുതുമന്ദിരങ്ങൾ അവിടങ്ങളിൽ ഉത്ഭവിച്ചു. എത്രയോ ശതവർഷക്കാലം കഴിഞ്ഞിട്ടു് ഇന്നു് പോലും, ആ പ്രദേശങ്ങളെല്ലാം ദൂരെ ദൂരെ സ്ഥിതിചെയ്യുന്നെങ്കിലും സഹോദരത്വബുദ്ധിയോടെ അറബിരാജ്യങ്ങളായി വിലസുന്നു!

പർസ്യയിൽ മാത്രം ജനങ്ങളെ അറബികളാക്കാൻ സാധിച്ചില്ല. അതിനു് കാരണം, അറബിയും പർസ്യനും രണ്ടു ജാതി വിത്തിൽനിന്നു് മുളച്ചവരാകകൊണ്ടാകുന്നു. അറബിവർഗ്ഗം സെമിററിക്കും, പർസ്യൻ ആര്യനുമാകയാൽ, തമ്മിൽ ചേരാൻ പ്രയാസം. വേഷവും ഭാഷയും വൃത്തിയും പാരമ്പര്യവുമെല്ലാം രണ്ടും രണ്ടാണു്. അതിനാൽ സിറിയയിലെയും ഈജിപ്തിലെയും ജനങ്ങളെ അറബികളാക്കിയ പോലെ, പാരസീകരെ ആക്കാൻ സാധിച്ചില്ല. ഇൻഡ്യയിലും ഏറിയ കാലം മുസ്ലിം ആധിപത്യം ഉണ്ടായിട്ടും, ഹിന്ദുക്കളെ അറബികളാക്കാൻ കഴിഞ്ഞില്ല. രണ്ടിടത്തും ആര്യസംസ്കാരത്തിനു് ഇസ്ലാമിന്റെ സമ്പർക്കത്തിൽ ചില പരിവർത്തനങ്ങൾ ഉണ്ടാകാതിരുന്നില്ല. അറബികളുടെ പുതുജീവൻ അതിനെ പൊലിപ്പിച്ചു. മതത്തിലും, ആചാരങ്ങളിലും, കലകളിലും, ശില്പങ്ങളിലും നവജീവൻ പ്രതിഫലിച്ചു. ഭാരതഭൂമിയിൽ ആര്യമതത്തെ ഇസ്ലാമിനു് നിശ്ശേഷം ഉന്മൂലനം ചെയ്യാൻ കഴിഞ്ഞില്ല. പാരസീകത്താകട്ടേ, അതു് സാധിച്ചു. സോറോ ആസ്റ്ററുടെ മതം ദേശാന്തരഗമനം ചെയ്തു്, ഒടുവിൽ ഇൻഡ്യയിൽ വന്നു് അഭയം നേടി. പർസ്യയിലെ ജനങ്ങൾ ഇസ്ലാംമതം സ്വീകരിച്ചു. പക്ഷേ, അതിൽ പാരസീക-

പാരമ്പര്യം സ്പർശിക്കാതിരുന്നില്ല. ഇസ്ലാമികർ രണ്ടു കക്ഷികളായി, ഷിയാക്കളെന്നും സുന്നികളെന്നും, പിരിഞ്ഞു. പർസ്യയിൽ ഷിയാപ്രസ്ഥാനവും, മററുള്ള ഇസ്ലാം രാജ്യങ്ങളിൽ സുന്നിപ്രസ്ഥാനവും നടപ്പായി.

പാരസീകത്തു് സ്ഥാനമുറപ്പിച്ച അറബികർ പർസ്യൻ കലാജടിലമായ ജീവിതത്തിൽ മയങ്ങി. അവർ സ്വദേശസിദ്ധമായ ലഘുജീവിതം വിട്ടു്, പാരസീകസുഖാനുഭോഗത്തിൽ മുഴുകി. സാധുഗൃഹങ്ങളിൽ പോലും പാരസീകവിലാസം പുഷ്കലമായി വിലസി. സൈകതഭൂമീപതിയായിരുന്ന അറബി ഖാലീഫിൻെറ രാജധാനി അമരാവതി പോലെ സമുല്ലസിച്ചു. അക്കാലത്തു് ഉണ്ടായിരുന്ന തലസ്ഥാനനഗരങ്ങളിൽവെച്ചു് ബാഗ്ദാദ്നഗരം ആഭാടത്തിൽ പ്രഥമസ്ഥാനം വഹിച്ചു. ആ നഗരത്തിനു് വടക്കു്, ടൈഗ്രീസ്സ്നദിയുടെ കരയിലുള്ള സമാറാവിൽ, ഗംഭീരമായ ജോനകപ്പള്ളിയും കൊട്ടാരവും പണിഞ്ഞിരുന്നവയുടെ അവശിഷ്ടങ്ങൾ ഇന്നു് കാണ്മാനുണ്ടു്. പള്ളിയിൽ വലിയ തളങ്ങളും വിസ്തൃതങ്ങളായ അങ്കണങ്ങളും ധാരായന്ത്രങ്ങളും ഉണ്ടായിരുന്നു. നാലുകെട്ടുഭാഷയിലായിരുന്നു കൊട്ടാരം. അതിൻെറ ഒരു വശത്തിനു് തന്നെ ഒരു കിലോമീററർ, അതായതു നൂറവ്വം ജാതി അടി, നീളമുണ്ടായിരുന്നു.

ക്രിസ്ത്വബ്ദം ഒമ്പതാം ശതകത്തിൽ ബാഗ്ദാദിലെ ഖാലിഫിന്റെ സാമ്രാജ്യം ഉടഞ്ഞു്, പല സംസ്ഥാനങ്ങളായി പിരിഞ്ഞു. പർസ്യ അന്നു് തൊട്ടു് സ്വതന്ത്ര്യരാജ്യമായി. അതിനു് കിഴക്കു് തുർക്കികർ പല രാജ്യങ്ങളും പിടിച്ചു്, ക്രമേണ പർസ്യയേയും കീഴടക്കി. പതിനൊന്നാം ശതകത്തിൽ ഘസ്നിയിലെ മഹമ്മത്തു് എന്ന പ്രസിദ്ധനായകൻ പർസ്യയിൽ ഒരു സംസ്ഥാനം സൃഷ്ടിച്ചു. പിന്നീടു് അയാൾ ഇൻഡ്യയെ ആക്രമിച്ചു. അപ്പോൾ മഹമ്മത്തിൻെറ സംസ്ഥാനത്തെ ജൂക്കു് തുർക്കികർ ആക്രമിച്ചു് കൈവശ-

മാക്കി. ഈ സെൽജ്ജൂക്ക് തുർക്കികളാണു് യൂറോപ്പിൽനിന്നു് വന്ന പുണ്യസമരക്കാരോടു് പൊരുതിയതു്. അവരുടെ ആധിപത്യം പർസ്യയിൽ ഒന്നര ശതവർഷം നിന്നു. പന്ത്രണ്ടാം ശതകത്തിന്റെ ഒടുവോടു് കൂടി, മറെറാരു തുരുഷ്ക്കവർഗ്ഗം സെൻജ്ജൂക്കകോരെ പർസ്യയിൽനിന്നു് ഓടിച്ചു്, പുത്തനായി ഖീവാസംസ്ഥാനം സ്ഥാപിച്ചു. ഈ സംസ്ഥാനം അല്പകാലം മാത്രമേ നിലനിന്നുള്ളു. മംഗോളിയയിലെ മഹാവീരനായിരുന്ന ചെങ്കിസ്ഖാൻ, സ്വദൂതനെ ഖീവായിലെ ഷാരാജാവു് നിന്ദിച്ചതിൽ കോപിച്ചു്, രാജ്യം മുഴുക്കെ നശിപ്പിച്ചു് പിടിച്ചു.

ഇങ്ങനെ അനവധി തുരുഷ്ക്കവർഗ്ഗങ്ങളും, ഒടുവിൽ മംഗോളിയരും, ഓരോ കാലത്തു് പർസ്യയുടെ ശാസനാധികാരികളായി തീർന്നിട്ടും, അവിടെ ദൃഢമൂലമായിരുന്ന കലാപുഷ്ക്കലമായ ആര്യസംസ്കാരത്തെ അവർക്കാർക്കും ഉന്മൂലനാശംചെയ്യാൻ കഴിഞ്ഞില്ല. ബൊക്കാറ മുതൽ ഈറാക്ക് വരെയുള്ള പ്രദേശം മുഴുക്കെ അറബിക്ക് ചേർന്ന പർസ്യൻ പരിഷ്കൃതിക്ക് വശംഗതമായി. പർസ്യയിൽ നിന്നു് ചിന്നേഷ്യക്ക് കടന്ന തുർക്കികൾ, അവിടെ സ്വന്തം പരിഷ്കൃതി പരത്തി. പർസ്യയിൽ അവർക്ക് അതു് സാധിച്ചില്ല. തുരുഷ്ക്കരാജാക്കന്മാരുടെ കാലത്തും പർസ്യയിൽ പഴയ ഐരാണിക സംസ്കാരംതന്നെ പുലന്നു. കലാവിദ്യകളും സാഹിത്യവും വളന്നു. സുൽത്താൻ മഹാമത്തു് ഘസ്സിയുടെ കാലത്താണു് ഫിർദ്ദൂസി എന്ന പ്രസിദ്ധ കവി 'ഷാനാമാ' എന്നു് പേരായ പർസ്യൻ പുരാണം രചിച്ചതു്. ഈ ഷാനാമാവിൽ ഇസ്ലാം മതത്തിനു മുമ്പുള്ള കഥകളാണു് വിവരിച്ചിരിക്കുന്നതു്. കഥാനായകൻ റസ്റ്റം എന്ന വീരനാകുന്നു. ഈ ഷാനാമാവിലെ പുരാണകഥകളാണു് പാരസീകചിത്രകലക്കുള്ള

സന്ദർഭങ്ങളും വിഷയങ്ങളും നൽകീട്ടുള്ളത്. ഫ്ര്രിർദ്ദൂസി എ. ഡി-൯൩൨-മുതൽ ൧൦൨൧-വരെ ജീവിച്ചിരുന്നു. തദനന്തരം ഉണ്ടായ മഹാകവിയാണ് ഓമാർഖയ്യാം. പർസ്യയിൽ നിഷാപൂരിൽ ജനിച്ച ആ മഹാൻ ഒരു ജ്യോത്സ്യനുമായിരുന്നു. എല്ലാ പരിഷ്കൃതഭാഷകളിലും അയാളുടെ കവിത തർജ്ജമ ചെയ്തിട്ടുണ്ട്. പിന്നീടുണ്ടായി, പർസ്യയിലെ പ്രസിദ്ധനായ ഷായിക്ക് സാദി എന്ന മഹാകവി. അദ്ദേഹത്തിൻെറ 'ഗുലിസ്താൻ' എന്നും 'ബൃസ്താൻ'എന്നും ഉള്ള കാവ്യങ്ങളാണ് ഇന്നും 'മക്തബ്ബ'-കളിൽ (അറബിപാഠശാലകൾ) വിദ്യാർത്ഥികൾ കാണാപ്പാഠം ചൊല്ലി പഠിക്കാറുള്ളത്. പത്താം ശതവർഷത്തിൽ ബൊക്കാറാവിൽ പ്രസിദ്ധ അറബിതത്വജ്ഞാനിയായിരുന്ന അവിസെന്നാ എന്ന പേരുള്ള ഇബിൻസിനാ എന്ന വിദ്വാൻ ജനിച്ചത്. ഇരുന്നൂറു കൊല്ലം കഴിഞ്ഞപ്പോൾ, ബാൽഖിൽ, ജലാലുദ്ദീൻ രൂമീ എന്ന മഹാകവി ജനിച്ചു. അയാളുടെ അന്യാപദേശകവിതകൾ പാടി ഐറാണിഫക്കീരികൾ (Dervishes) ഇന്നും നൃത്തം ചെയ്യാറുണ്ട്. ഇങ്ങനെ അനേകം നല്ല സാഹിത്യകാരന്മാർ പർസ്യയിൽ അപ്പോഴപ്പോൾ ഉണ്ടായി, പാരസീകകലാദീപത്തെ ഉജ്ജ്വലിപ്പിച്ച്, മദ്ധ്യേഷ്യയിൽ ട്രാൻസാക്സിയാനാപ്രദേശം വരെ പ്രകാശിപ്പിച്ചു. അക്കാലത്ത് ഒന്നാന്തരം ചിത്രലേഖങ്ങളും ശില്പങ്ങളും ധാരാളം ഉണ്ടായി, അറബി ചേർന്ന പർസ്യൻസംസ്കാരത്തിന് മാഹാത്മ്യം സിദ്ധിച്ചു.

ഇവ്വണ്ണം ശോഭനമായിരുന്ന പാരസീകദേശം, പതിമ്മൂന്നാം ശതകത്തിൽ, അതായത് ൧൨൨൦-ാമാണ്ടിടക്ക്, മംഗോളിയൻ ചെങ്ങിസ്ഖാൻെറ ചക്രവാതമേററ്, നാശമണഞ്ഞു. ഖീവായും ഐറാനും ദേശങ്ങൾ മാത്രമല്ല, മദ്ധ്യേഷ്യാപ്രദേശമാസകലം മംഗോൾ മഹാവാത്യ അടിച്ചുകയറി, അനേകവർഷശതങ്ങൾകൊണ്ട് സംഭൃത-

മായിരുന്ന മഹാസംസ്കാരമാസകലം തുത്തുവാരി നിർജ്ജീവമാക്കി നശിച്ചു. ആ മഹോത്പാതത്തിന് ഇപ്പുറം മദ്ധ്യേഷ്യാഭൂഭാഗങ്ങൾക്ക് പുനർജ്ജീവൻ വീണിട്ടില്ല.

ചെങ്ങിസ്ഖാൻെറ മരണാനന്തരം അയാളുടെ മഹാസാമ്രാജ്യം ഉലഞ്ഞു് വിഭക്തമായി. പർസ്യയും അതിന് ചുററുമുള്ള ദേശവും ഹുലഗുവിൻെറ ഭാഗത്തിൽ കിട്ടി. ഈ ഹുലഗുവാണ് ബാഗ്ദാദ്സാമ്രാജ്യത്തെ തുലച്ചതു്. പിന്നീട് അയാൾ ശാന്തനായി ഇൽഖാൻ എന്നൊരു വംശത്തെ സ്ഥാപിച്ചു. ഈ ഇൽഖാന്മാർ കുറെക്കാലം മംഗോളിയൻമതത്തെ—അതായതു് ആകാശദൈവമതത്തെ—അനുഷ്ഠിച്ചു. പിന്നെ ഇസ്ലാംമതത്തിൽ ചേൎന്നു. മഹാഖാനും കൂട്ടരും ചീനയിലുള്ള സോദരരും ബുദ്ധമതസ്ഥരായി. ഇരുവർഗ്ഗക്കാരും തമ്മിൽ കൂട്ടുകെട്ടിന് കുറവില്ലായിരുന്നുതാനും. തങ്ങളിൽ വിവാഹബന്ധങ്ങൾ പോലും ഉണ്ടായിരുന്നു. മതവിഷയത്തിൽ മംഗോളിയൎക്ക് വിമതാസഹിഷ്ണുത ഒട്ടുമില്ലായിരുന്നു എന്ന് അതുകൊണ്ടുതന്നെ മനസ്സിലാക്കാം. ചീനയുമായുണ്ടായ ബന്ധത്തിൽ പർസ്യയിൽ ചീനാസംസ്കാരവും കലൎന്നു. ഇങ്ങനെ മൂന്ന് സംസ്കാരങ്ങൾ, അറബി, പർസ്യൻ, ചീനം, ഒന്നിച്ച് ചേൎന്നു എങ്കിലും, പാരസീകസംസ്കാരം തന്നെ എല്ലാത്തിലും മുഴച്ചു നിന്നു.

ഇൽഖാൻവംശം ഏറെ നാൾ നിന്നില്ല. ട്രാൻസോക്സിയാനാദേശത്തുള്ള സമരഖണ്ഡത്തിൽനിന്ന് ടൈമൂർ എന്ന വീരരാക്ഷസൻ അചിരേണ പുറപ്പെട്ടു് സകലതും പൂപ്പുടവാരി എങ്കിലും, ആ മൈരാവണനു് ചില ഗുണങ്ങളുണ്ടായിരുന്നു. വിദ്വാന്മാരെയും കലാകുശലന്മാരെയും അയാൾ പ്രോത്സാഹിപ്പിച്ചു. ആ വിഷയങ്ങളിൽ അയാൾക്ക് നല്ല വാസനയുണ്ടായിരുന്നു. ഇൻഡ്യയിൽവന്ന് കയറി ദില്ലിയെ നശിപ്പിച്ചപ്പോൾ, അവിടെ കണ്ട വിചിത്രപദാൎത്ഥങ്ങളെല്ലാം കൊള്ളയിട്ടു് കൊണ്ടുപോയി

സ്വരാജധാനിയെ അലങ്കരിക്കയാണു് ചെയ്തതു്. അതു-പോലെ, ഷിറാസ്സിലും, ബാഗ്ദാദിലും, ദമാസ്കസ്സിലുംഉണ്ടാ-യിരുന്നവയെയും അവിടെകൊണ്ടുപോയി സൂക്ഷിച്ചു. സമരഖണ്ഡത്തിൽ അയാളുടെ ശവകുടീരം കാണേണ്ടതാ-ണു്. അതിൻെറ വലിപ്പവും, ഗാംഭീര്യവും, വേലത്തരവും, ആഭോഗവും കണ്ടാൽ അയാളുടെ വീര്യത്തിൻെറയും പ്രതാ-പത്തിൻെറയും ഓജസ്സിൻെറയും മതിപ്പു് നമുക്കു തോന്നാ-തിരിക്കയില്ല.

ടൈമൂറിൻെറ മരണാനന്തരം അയാളുടെ വലുതായ സാമ്രാജ്യം ശിഥിലമായി. ട്രാൻസാക്സിയാനയും പർഷ്യയും അയാളുടെ പിൻവാഴ്ചക്കാർക്കു് ലഭിച്ചു. മഹാരാക്ഷസ-നായിരുന്ന പിതാവിനു് ഉണ്ടായ മകൻ ഷാരുഖ്, എത്ര സാധുവും ദയാലുവും ആയിരുന്നു എന്നു് കണക്കില്ല. പി-താവിനും പുത്രനും തമ്മിലുള്ള ഗുണഭേദം പലപ്പോഴും നാം ലോകത്തിൽ കാണാറുള്ളതാണു്. അതിമേധാവി-യായ അച്ഛനു് മഹാമൂഢനായ പുത്രൻ ഉണ്ടാകുന്നു; സം-ഗീതശിരോമണിയായ അച്ഛനു് പാട്ടു് തൊട്ടുതെറിച്ചിട്ടി-ല്ലാത്ത മകൻ ജനിക്കുന്നു; അതിദുഷ്ടനായ പിതാവിനു് പരമസാത്വികനായ പുത്രൻ പിറക്കുന്നു. ഇതു് ഒരു അ-ത്ഭുതമാണു്. ടൈമൂറിൻെറ പുത്രൻ മാത്രമല്ല, പിന്നീ-ടുള്ള ടൈമൂർവംശ്യരും ഗുണവാന്മാരായിരുന്നു. അവർ ന്തുറു്കൊല്ലം ഐറാനും (പർഷ്യ), ബോഖാറാവും, ഹീറ-ത്തും ദേശങ്ങൾ ക്ഷേമമായി ഭരിച്ചു. ടൈമൂറിൻെറ മക-നാണു് ഹീറത്തിൽ വലുതായ ഒരു ഗ്രന്ഥപ്പുര ഉണ്ടാക്കി-യതു്. അനവധി പണ്ഡിതന്മാർ അവിടെ വന്നു് ഗ്രന്ഥ-പാരായണം ചെയ്തുവന്നു. ടൈമൂർ വംശക്കാരുടെ കാലത്തു് പർഷ്യൻ സാഹിത്യവും കലകളും പുതുപ്രസ്ഥാനങ്ങളെ അവലംബിച്ചു. "ടൈമൂറിഡ്പ്രസ്ഥാനം" എന്നു് അ-തിനു് പേരും സിദ്ധിച്ചു. ഹാഫീസ് എന്ന മഹാകവി പതിന്നാലാം ശതകത്തിൻെറ മദ്ധ്യത്തിൽ ഉണ്ടായി.

അയാളുടെ കവിതകൾക്ക് വളരെ പ്രചാരം ഹിന്ദുസ്ഥാനത്തു പോലും സിദ്ധിച്ചു. ബിസാദ് എന്ന കേമനായ ചിത്രകാരൻ ടൈമൂറിഡ് പ്രസ്ഥാനത്തെ പുലർത്തി. തുർക്കിസാഹിത്യവും അവിടെ പ്രവൃദ്ധമായി. അക്കാലത്താണ് ഇററലിയിലും സാഹിത്യത്തിന് പുനരുദ്ധാരണമുണ്ടായത്.

ടൈമൂർ വർഗ്ഗക്കാർ സത്യത്തിൽ തുരുഷ്കരായിരുന്നു. അവർ പാരസീകസംസ്കാരത്തിന് അടിപെട്ടു. എങ്കിലും, സാക്ഷാൽ പാരസീകർ അവരെ അകററി, സ്വദേശസംസ്കാരത്തെ ശുദ്ധീകരിക്കാൻ ഉദ്യുക്തരായിരുന്നു. ക്രമേണ അവരെ കിഴക്കോട്ട് ഓടിച്ച് ട്രാൻസാക്സിയാനയ്ക്ക് പുറമാക്കി. പതിനാറാം ശതവർഷാരംഭത്തിൽ പാരസീകർ, ടൈമൂർവംശ്യരെ ഓടിച്ച്, സ്വദേശികളായ സഫ്‌വിവംശക്കാരെ രാജാക്കളാക്കി. ഈ വംശത്തിൽ രണ്ടാമത്തെ രാജാവായിരുന്ന തമസ്പ്ഷാ ഒന്നാമനാണ്, ഷെർഖാൻെറ ആക്രമണത്തിൽ നാട്ട് വിട്ടോടിയ ഹുമയൂൺ മുകിലചക്രവർത്തിക്ക്, അഭയം നൽകിയത്.

സഫ്‌വിവംശക്കാർ ൧൫൦൨ മുതൽ ൧൭൨൨ വരെ പർസ്യയെ ഭരിച്ചു. ഭാരതഖണ്ഡത്തിൽ അക്കാലത്താണ് മുകിലസാമ്രാജ്യം വളർന്നതു. അബ്ബാസ്ഷാ ആയിരുന്നു സഫ്‌വിവംശത്തിലെ പ്രസിദ്ധ പാർത്ഥിവൻ. അദ്ദേഹം ജിഹാംഗീരുടെയും അക്ബരുടെയും സമകാലീനനായിരുന്നു. ടൈമൂർ വംശത്തിലെ ഒരു സാമന്തരാജാവായിരുന്നതുകൊണ്ടാണ് ബേബർക്ക് പാണ്ഡിത്യം സിദ്ധിച്ചതു്. അനവധി സാമന്തരാജാക്കളുമായി പിണങ്ങേണ്ടി വന്നതു നിമിത്തമാണ്, ബേബർ അവിടെനിന്ന് പുറപ്പെട്ട്, കാബൂൾ പിടിച്ച്, സ്വസ്ഥാനം ഉറപ്പിച്ചിട്ട്, ഹിന്ദുസ്ഥാനത്ത് കയറി മുകിലരാജവംശക്രൂടസ്ഥനായി

തീൎന്നതു്. അക്കാലത്തും അതിന്നു മുമ്പും അപ്ഘനസ്ഥാനം (പണ്ടത്തെ ഗാന്ധാരരാജ്യം) ഭാരതഭൂമിയുടെ ഒരു ഭാഗമായിരുന്നു.

അബ്ബാസ്ഷായുടെ കാലത്തു് പാരസീകകലകൾ ശുക്രദശ അനുഭവിച്ചു. അയാൾ ഇസ്പഹാനിൽ ഒന്നാന്തരം ഒരു പട്ടണം സൃഷ്ടിച്ചു. ആ പട്ടണത്തിലെ പരിഷ്ക്കാരങ്ങളും കെട്ടിടങ്ങളും യൂറോപ്യന്മാൎക്കുപോലും രമണീയങ്ങളായി തോന്നി. അവിടത്തെ സംവിധാനങ്ങൾ സൌന്ദൎയ്യകലയുടെ മൂൎത്തികളായിരുന്നു. കൊത്തുപണികളും, തണ്ണിച്ചായങ്ങളിലുള്ള വലിയ ചുവർചിത്രങ്ങളും, ചെറു പ്രതിമകളും, ഒന്നാന്തരം കമ്പിളങ്ങളും, രൂപങ്ങൾകൊണ്ടു് അലങ്കരിച്ച മൺപാത്രങ്ങളും, വിചിത്രതരങ്ങളായ തറയോടുകളും, ലോഹക്കമ്പികൾ ഉള്ളിൽ കടത്തി ചിത്രങ്ങൾ കാണിക്കുന്ന കഫ്ട്ഗാരി വേലകളും, അക്കാലത്തു് ധാരാളമുണ്ടായി. സാഹിത്യകലയ്ക്കും വളരെ പോഷണം സിദ്ധിച്ചു. ഒരു സംഗതി മനസ്സിലാക്കണം. കലകൾക്കു് രാജ്യങ്ങളെ പോലെ അതിൎത്തി ഇല്ല. എവിടെ അവയ്ക്കു് അനുകൂലങ്ങളായ പരിതഃസ്ഥിതികൾ ഉണ്ടാവുന്നോ, അവിടെ അവ വൎദ്ധിക്കുന്നു. ഒരു ദേശത്തു നിന്നു് മറെറാരു ദേശത്തെ പ്രാപിക്കാൻ അവയ്ക്കു് അധികാരപത്രം വാങ്ങേണ്ടതില്ല. ഇററലിയിലുണ്ടായ കലാവൈഭവം പാരസീകനാട്ടിലേതിനോടു് സഖ്യംചെയ്തു; പൎസ്യാവിലെ കലാസംസ്കാരം തുൎക്കിയിലും ഭാരതഭൂമിയിലും സംക്രമിച്ചു. പൎസ്യൻ ഭാഷ ഹിന്ദുസ്ഥാനത്തിൽ ഇന്നു് ഇംഗ്ലീഷുഭാഷ വഹിക്കുന്ന പ്രാധാന്യത്തെ നേടി. മുകില ചക്രവൎത്തികളുടെ കാലത്തു് രാജഭാഷ പൎസ്യനായിരുന്നു. യൂറോപ്പിൽ ഫ്രഞ്ചുഭാഷയുടെ സ്ഥാനവും സൌകൎയ്യവും, ഏഷ്യയിൽ പൎസ്യൻ ഭാഷക്കു് സിദ്ധിച്ചു. പൎസ്യൻ ശില്പം പലരും പകൎത്തി. കിഴക്കു് ആഗ്രായിലുള്ള താജ്-മഹാൾ മുതലായ അനവധി മന്ദിരങ്ങളും, പടിഞ്ഞാറു്

ഇസ്താംബൂളിലുള്ള (കാൺസ്റ്റാൻറിനോപ്പിൾ) കെട്ടിടങ്ങളും പർസ്യൻ ശില്പകലയെ പ്രതിബിംബിപ്പിക്കുന്നു.

എത്രതന്നെ സാഹിത്യവും കലകളും വളർന്നാലും, പരിഷ്കാരവും സംസ്കാരവും വർദ്ധിച്ചാലും, അതെല്ലാം സമുദായത്തിൻെറ മേൽത്തട്ടിലുള്ള ഏതാനും പേരെ അല്ലാതെ, സാധുക്കളും കീഴ്പണിഞ്ഞു് വർത്തിക്കുന്നവരുമായ സാധാരണരെ ബാധിക്കയില്ല. അവർ എന്നും എവിടെയും കഷ്ടസ്ഥിതി അനുഭവിക്കതന്നെയാണു് ചെയ്യുന്നതു്. അപ്രകാരമുള്ള ജനങ്ങളായിരിക്കും നൂററിൽ തൊണ്ണൂററി അഞ്ചും. പരിഷ്കൃതരാജ്യമെന്നും സുഭിക്ഷ രാജ്യമെന്നും മററും പറഞ്ഞുവരാവുള്ള പുകഴ്ച, മേത്തരക്കാരെമാത്രം ഉദ്ദേശിച്ചാകുന്നു എന്നു് ഓർമ്മിക്കണം. പാരസീകത്തും അപ്രകാരംതന്നെ ആയിരുന്നു. പരിഷ്കാരവും സംസ്കാരവും സുഖാനുഭോഗവും കലാവൈദഗ്ദ്ധ്യവും എല്ലാം ഏതാനും പേരുടെ അട്ടിഃപ്പേറായിരുന്നു. ജനസാമാന്യം നിത്യവൃത്തിക്കു് പോലും അരിഷ്ടിച്ച് കഴിഞ്ഞു. ചീനയിലും, ഇൻഡ്യയിലും, യൂറോപ്പിലും, അമേരിക്കയിലും, എല്ലായിടത്തും ഇതുതന്നെ കഥ. മേത്തരക്കാർ ഉല്ലസിച്ചിരിക്കവേ, കീഴ്ത്തരക്കാർ ചോററിനു് മുറയിട്ടും. പർസ്യാവിലെ ഭരണസമ്പ്രദായം പണ്ടത്തെ ഏകശാസനതന്നെയായിരുന്നു. ശേഷിമാന്മാരും ഗുണവാന്മാരുമായ രാജാക്കൾ വരുമ്പോൾ ജനങ്ങൾക്കു് ഏതാണ്ടൊരു പൊറുതി കിട്ടും. പിന്നെയും 'പഴയ കുരുടീ കതകു തുറ' എന്നാവും.

ഇൻഡ്യയിൽ മുകിലസാമ്രാജ്യാവസാനഘട്ടമായപ്പോൾ, ഫൈദ—ൽ പർസ്യയിൽ സഫ്വിവംശം നിലച്ചു. ജനങ്ങൾക്കു് സ്വശക്തിബോധം മുളച്ചു. ഏതു് രാജ്യചരിത്രം നോക്കിയാലും, ആദ്യം സ്വാധികാര പ്രമത്തത, അനന്തരം ജനങ്ങൾക്കു് അസന്തൃപ്തി, പിന്നെ ക്ഷോഭം, ഒടുവിൽ പ്രജാധിപത്യം, എന്നിങ്ങനെ ഭരണ

രീതി മാറി വരുന്നതു കാണാം. ജനങ്ങൾക്കു് സ്വശക്തിബോധം വന്നപ്പോൾ അസന്തൃപ്തിയും ക്ഷോഭങ്ങളും ആരംഭിച്ചു. സഫ്‌വി രാജാക്കളുടെ കീഴിലിരുന്ന അഫ്ഘാൻകാർ പിണങ്ങി സ്വതന്ത്രരായതു കൂടാതെ, അധിഭർത്താവിൻെറ രാജധാനി ആയിരുന്ന ഇസ്പഹാൻനഗരം പിടിച്ചു് ഷാരാജാവിനെ ഓടിക്കയും ചെയ്തു. ഇങ്ങനെയാണു് സഫ്‌വി വംശം പോയതു്. അധികം താമസം വേണ്ടിവന്നില്ല, പാരസീകപ്രമാണിയായ നാദിർഷാ, അഫ്ഘാനികളെ ഓടിക്കാൻ. നാദിർഷാ പർസ്യായിലെ രാജാവായി. അയാൾ ഇൻഡ്യയെ ആക്രമിച്ചതും, കിഴവൻ മുകിലചക്രവത്തിയെ തോല്പിച്ചതും, ദില്ലി കൊള്ളയിട്ടതും, പൗരരെ കൂട്ടമായി വെട്ടിക്കൊന്നതും, മയിൽ സിംഹാസനവും കണക്കില്ലാത്ത ധനവും കൊണ്ടുപോയതും, മുമ്പു് ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്.

പതിനെട്ടാം ശതവർഷം മുഴുക്കെ പർസ്യാവിൽ ബഹളങ്ങളും വഴക്കുകളും ദുഷ്ടരാജാക്കളുടെ തോന്ന്യാസങ്ങളും കഷ്ടതകളും മുഴുത്തിരുന്നു. പത്തൊമ്പതാം ശതവർഷമായപ്പോൾ യൂറോപ്യൻ രാജ്യക്കാരുടെ ആക്രമണം തുടങ്ങി. വടക്കുനിന്നു് റഷ്യരും, തെക്കുനിന്നു് പർസ്യൻ ഉൾക്കടൽവഴി ബ്രിട്ടീഷ്കാരും, പർസ്യയെ ഞെരുക്കി. ഇൻഡ്യ പർസ്യയ്ക്കു സമീപമാണു്. ഇൻഡ്യക്കു് കരവഴി വരാനുള്ള രാജപാത പർസ്യയിൽ കൂടിയാണു്. കടൽവഴിയുടെ മർമ്മസ്ഥാനത്താണു് പർസ്യയുടെ നില. ബ്രിട്ടീഷ്കാർക്കു് ഇൻഡ്യ കൈവിട്ടുപോകാതെയിരിക്കാൻ അതിലേക്കു് അടുക്കാനുള്ള മാർഗ്ഗങ്ങളെ എല്ലാം കൈവശപ്പെടുത്തുകയായിരുന്നു നയം. വിശിഷ്യ, റഷ്യർ ഇൻഡ്യയെ റാഞ്ചാൻ തക്കം നോക്കിയിരിക്കുകയായിരുന്നു. അവരെ ഒരു കാലത്തും അടുപ്പിച്ചുകൂടാ. റഷ്യർ സാധുക്കളായ പർസ്യരെ ഭീഷണികാണിച്ചു് പാട്ടിലാക്കിവെച്ചിരുന്നു. ബ്രിട്ടീഷ്കാരെ ഭയപ്പെട്ടിട്ടാണു് റഷ്യർ

പർസ്യയെ സാമന്തരാജ്യമാക്കാഞ്ഞതു്. റഷ്യരും പർസ്യരും യുദ്ധം ചെയ്തു്, റഷ്യർ വേണ്ടതെല്ലാം പർസ്യരോടു് പിടുങ്ങി. ബ്രിട്ടീഷ്കാരും പർസ്യരും പിണങ്ങി. ബ്രിട്ടീഷ്കാരും വേണ്ടതെല്ലാം പററിച്ചു. പർസ്യയിൽ ധാരാളം പെട്രോൾ കണ്ടുകിട്ടിയപ്പോൾ, ഇംഗ്ലീഷ്കാർ അറുപതു കൊല്ലത്തേക്കു് കുത്തക പിടിച്ച കഥ ഇരുപതാം നൂററാണ്ടിലാണു്. അതു പിന്നെ പറയാം.

യൂറോപ്യൻ സാമ്രാജ്യശക്തിക്കു് ഷാരാജാവു് അധീനനായിത്തീർന്നക്രമത്തിനു് നാട്ടുകാരിൽ സ്വരാഷ്ട്രബോധം വളൎന്നു. സ്വരാഷ്ട്രീയർ ഷായുടെ സ്വയാധികാരത്തെയും വിദേശീയരുടെ ആക്രമണത്തെയും ഒന്നുപോലെ വെറുത്തു. ജപ്പാൻ റഷ്യയെ തോല്പിച്ചപ്പോൾ, ഏഷ്യയിലെ ഒരു ചെറുരാജ്യം യൂറോപ്പിലെ മഹാശക്തിയെ ജയിച്ച ഉത്സാഹം, പാരസീകരാഷ്ട്രീയകക്ഷിക്കാരെ ഒന്നുകൂടി ഉത്തേജിപ്പിച്ചു. റഷ്യയിൽ പിന്നീടുണ്ടായ ബഹളവും അതിനു് വളം വെച്ചുകൊടുത്തു. ഒടുവിൽ, നിർബന്ധം സഹിക്കവയ്യാതെ, ൧൯൦൬-ൽ 'മജ്‌ലിസ്' എന്നുപേരായ ഒരു പ്രജാസഭ (National assembly) അനുവദിച്ചുകൊടുത്തു. എങ്കിലും, ഷാ രാജാവു് സ്വാധികാരം നടത്തിക്കൊണ്ടുതന്നെയിരുന്നു. പ്രജാധിപത്യം വൎദ്ധിച്ചാൽ പർസ്യയിലെ പിടി വിട്ടുപോയേക്കുമെന്നു് ശങ്കിച്ചു്, റഷ്യരും ബ്രിട്ടീഷ്കാരും ഷാ രാജാവിനെ താങ്ങിനിന്നു. ഒരിക്കൽ ഷായും മജ്‌ലിസ്സും തമ്മിൽ ശണ്ഠ മൂത്തു്, ഷാരാജാവു് പട്ടാളങ്ങളെക്കൊണ്ടു് മജ്‌ലിസ്സിനെ ആസ്കന്ദനം ചെയ്തു. റഷ്യൻ പട്ടാളം വന്നു് ഷായെ രക്ഷിച്ചില്ലെങ്കിൽ, ജനങ്ങൾ രാജാവിനെ അന്നു പറത്തുമായിരുന്നു.

ഷാരാജാവിനു് ഒരിടത്തും രക്ഷ ഇല്ലാതായി. നാട്ടിൽ ജനങ്ങളുടെ വിരോധം; റഷ്യരും ഇംഗ്ലീഷ്കാരും സകലതും പിടിച്ചുപറിക്കാൻ തുനിഞ്ഞു്, അവരവരുടെ പട്ടാളങ്ങളോടുകൂടി എത്തിയിരിക്കുന്നു; ഖജനാവിലോ പണ-

മില്ല; ജനങ്ങളോ കഷ്ടപ്പെടുന്നു. മജ്‌ലിസ്സ്‌സഭ പല വഴിയും നോക്കി, നിർവാഹം കാണാതെ, അമേരിക്കയിൽനിന്നു് മാർഗ്ഗൻഷൂസ്റ്റർ എന്ന ധനശാസ്ത്രകാര്യസ്ഥനെ വരുത്തി. അയാളും പഠിച്ചപണിയെല്ലാം നോക്കി. റഷ്യരുടെയും ബ്രിട്ടീഷ്‌കാരുടെയും നിർബന്ധങ്ങളെ തടുക്കാൻ അയാൾക്കും ശേഷി ഉണ്ടായില്ല. പർസ്യ സ്വതന്ത്രരാജ്യമെന്നനിലയിൽ നിന്നു് അസ്തമിച്ചു്, റഷ്യരുടെയും ബ്രിട്ടീഷ്‌കാരുടെയും 'ആധിപത്യ'ത്തിൽ പങ്കിട്ടുപോകുമെന്ന നിലയിലായി. അപ്പോഴാണു ൧൯൧൪-ൽ യൂറോപ്യൻ മഹാസമരം ആരംഭിച്ചതു്. പർസ്യ ഇരുകക്ഷിയിലും ചേരാതെ മദ്ധ്യസ്ഥനില കൈക്കൊണ്ടു. അതുകൊണ്ടു് യാതൊരു ഫലവുമുണ്ടായില്ല. മഹായുദ്ധത്തിൽ ഇംഗ്ലണ്ടും റഷ്യയും ബന്ധുക്കളായി ഒന്നു ചേർന്നിരുന്നു. തുർക്കി ശത്രുകക്ഷിയിലായിരുന്നു. ചുറവും ഇംഗ്ലീഷ്‌കാരും റഷ്യരും ആയിന്നതുകൊണ്ടു്, അവർ ഇഷ്ടംപോലെ കയറി യുദ്ധങ്ങൾ നടത്തി. ൧൯൧൮-ൽ ഇംഗ്ലീഷ്‌കക്ഷികൾ ജയിച്ചതോടു് കൂടി അവർ പർസ്യയിൽ മുഴുകെ വ്യാപിച്ചു്, ഇൻഡ്യയെപ്പോലെ ആ രാജ്യവും കീഴിലാക്കിക്കളയാം എന്നു് ഉദ്യമിച്ചു. അപ്പോൾ മദ്ധ്യാർണ്ണവതീരം മുതൽ ഇൻഡ്യയുടെ അററം വരെ ഒരേ ബ്രിട്ടീഷ്‌സംസ്ഥാനമാകുമായിരുന്നു. പക്ഷേ, അതു ഫലിച്ചില്ല. റഷ്യ പിരിഞ്ഞു പോയി, സോവിയററായി; തുർക്കി കെമൽപാഷായുടെ നേതൃത്വത്തിൽ പിന്നെയും തല പൊക്കി. ഇങ്ങനെ പർസ്യ സ്വതന്ത്രവേഷം അഴിക്കാതെ നിന്നു. രാഷ്ട്രീയകക്ഷികൾ, റിസാഖാൻ എന്ന യോദ്ധാവിനെ തിരഞ്ഞെടുത്തു്, ഷാവാക്കി. പഴയ ഷായെ രാജസ്ഥാനത്തുനിന്നു് നീക്കി. പുതിയ ഷാ 'റിസാഷാപഹ്ലവി' എന്ന സ്ഥാനം കൈക്കൊണ്ടു. ഇതെല്ലാം ഇരുപതാം ശതവർഷത്തിൽ, ൧൯൨൫-ൽ, നടന്നതാണു്.

# എഴുപത്തിആറാം അദ്ധ്യായം

## യൂറോപ്പിലെ അസ്വാസ്ഥ്യങ്ങൾ.

കഴിഞ്ഞ തവണ നാം യൂറോപ്പിനെ സന്ദൎശിച്ചപ്പോൾ പുരാതനരാജാധികാരവും നവീനപ്രജാധികാരവും തമ്മിൽ പിണങ്ങുന്നതും, നവീനശാസ്ത്രാഭിവൃദ്ധി നിമിത്തം മഹായന്ത്രങ്ങളുണ്ടായി തൊഴിലുകളെയും സഞ്ചാരസൗകര്യങ്ങളെയും വാൎത്താവിതരണസംവിധാനങ്ങളെയും പൂൎവ്വസ്ഥിതിയിൽനിന്നു് രാവും പകലും പോലെ ഭേദിപ്പിക്കുന്നതും കണ്ടു. ആ ഭേദത്തിൽ നിന്നു് വ്യവസായാഭിവൃദ്ധിയും വിദ്യാഭ്യാസപ്രചാരവും വന്നു് വൎത്തമാനപ്പത്രങ്ങൾ ഉണ്ടായതും, ധനം വൎദ്ധിച്ചു് മുതലാളികളും അഭ്യസ്തവിദ്യരുമായി ഒരു നവീനസമുദായമുണ്ടായതും നമുക്കു പ്രത്യക്ഷമായി. ജീവിതരീതി ലഘുതയെ വെടിഞ്ഞു് പണക്കാരുടെ വിഭവസമൃദ്ധിയെ പ്രാപിച്ചതു നാം കണ്ടു. മഹായന്ത്രശാലകൾ നിൎമ്മിക്കുന്ന കണക്കില്ലാത്ത ഉപഭോഗസാധനങ്ങൾ ധനവാന്മാരെ പോഷിപ്പിച്ചതല്ലാതെ, സാധുക്കളായ വേലക്കാരെ അടിമപ്പെടുത്തുകയാണു് ചെയ്തതെന്നു് അവരുടെ ആവലാധികൾ കൊണ്ടു് വെളിപ്പെട്ടു. അചിരേണ മുതലാളികളും തൊഴിലാളികളും തങ്ങളിൽപിണക്കം തുടങ്ങിയതും, മഹായന്ത്രപ്രവൃത്തിക്കു് വേണ്ടുന്ന അസംസ്കൃതസാധനങ്ങളെ ശേഖരിക്കാനും ആവിയന്ത്രങ്ങൾ സൃഷ്ടിക്കുന്ന അനവധി പദാൎത്ഥങ്ങളെ വിററഴിക്കാനും ആയി എല്ലാ യൂറോപ്യൻ രാജ്യക്കാരും അഹമഹമികയോടെ ദേശാന്തരപര്യടനം തുടങ്ങി സാമ്രാജ്യത്തിനു് വേണ്ടി മത്സരികളായിത്തീൎന്നതും, നമുക്കു് ഗോചരമായി. ക്രമേണ മുതലാളിത്തവും തൊഴിലാളി-

ത്വവും, സാമ്രാജ്യത്വവും രാഷ്ട്രീയത്വവും, രാഷ്ട്രാന്തര-സമ്പക്ക്വും, സമത്വവാദവും, സ്ഥിതിസമത്വവും സമഷ്ടിവാദവും, എന്നു വേണ്ട, പല മാതിരി നവീന സംരംഭങ്ങളാകുന്ന അസ്ത്രപ്രത്യസ്ത്രങ്ങളെകൊണ്ടു് ജന-സമുദായം പൊരുതുന്നതും, അവയുടെ സമവായ-മാണു് ഇന്നത്തെ പാശ്ചാത്യപരിഷ്കാരത്തിന്റെ മുഖ്യ-ലക്ഷണമെന്നതും നമുക്കു് മനസ്സിലായി.

യൂറോപ്പിന്റെ പാശ്ചാത്യദേശങ്ങളിലാണു് മററുള്ള ഇടങ്ങളിലെക്കാൾ പുതുപരിഷ്കാരം പ്രവൃദ്ധമായി പരന്നതു്. അവയുടെ മുന്നണിയിൽ ഇംഗ്ലണ്ടു് വിള-ങ്ങി. നെപ്പോളിയൻ ബോണപ്പാർട്ടിനെ പിടിച്ചട-ക്കിയ കാലത്തു്, ചക്രവത്തികളും രാജാക്കളും നാട്ടിൽ ഇപ്രകാരം ഒരു പ്രളയം വരുമെന്നു് തീരെ ശങ്കിച്ചിരു-ന്നില്ല. പരന്തിരീസ്സുവിപ്ലവരൂപമായി ഉണ്ടായ വൻ വെടിക്കെട്ടു് പൊട്ടി പുകയായി പോയി എന്നു് അവർ ആശ്വസിച്ചിരുന്നു. മേലാലെങ്കിലും ആ മാതിരി കമ്പ-ക്കോട്ടകൾ കെട്ടി ഉയത്താതിരിക്കാൻ അവർ പുണ്യസ-ഖ്യങ്ങൾ ചെയ്തു് രാജാക്കന്മാരുടെ ദേവാധികാരത്തെ ഉറപ്പിച്ചു. അനിയന്ത്രിതസ്വാരാജ്യവും മതവിശ്വാ-സവും തമ്മിൽ കൈകോത്തു് നടമാടിയ റഷ്യയിൽ വ്യവസായത്തിന്റെ ലാഞ്ഛന പോലും കടന്നിരുന്നില്ല. അങ്ങനെ അല്ലായിരുന്നു പടിഞ്ഞാറൻ നാട്ടുകളിൽ. ഇംഗ്ലണ്ടിൽ രാജശക്തി പാർല്ലിമെന്റിനാൽ നിയന്ത്രി-തമായിരുന്നു. പക്ഷേ, ഈ പാർല്ലിമെൻറു് ഏതാനും ധനികരുടെ പാവയായിരുന്നു. യൂറോപ്പിലുള്ള രാജ്യ-ക്കാർ തമ്മിൽ മറെറന്തെല്ലാം ഭേദമുണ്ടായിരുന്നെങ്കി-ലും, ജനസാമാന്യത്തോടും അവർ ക്ഷോഭിച്ചു് വരാവുന്ന വിപ്ലവത്തോടും ഉണ്ടായിരുന്ന ഭയം എല്ലാവക്കും സ-മാനമായിരുന്നു. ജനസാമാന്യത്തിനു് സ്വശക്തിബോ-

ധം വരാതിരിക്കാനുള്ള ഉപായങ്ങളെല്ലാം അവർ നോക്കിവന്നു. എങ്കിലും പാത്രത്തിൽ വെള്ളം തിളച്ചു മറിയുമ്പോൾ അടപ്പിട്ട് അടച്ചാൽ നിൽക്കുമോ? അതു് പൊട്ടിത്തെറിക്കും. എന്നപോലെ, ൧൮൩൦-ൽ യൂറോപ്പാസകലം കലാപതുന്ദിലമായിത്തീർന്നു. ൧൮൧൫-ലെ വിയന്നാ ഉടമ്പടിപ്രകാരം രാജ്യങ്ങളെ പങ്കിട്ടതിൽ, പല വർഗ്ഗക്കാരായ ജനങ്ങളെ ചേർച്ച് കൂടാതെ അങ്ങുമിങ്ങുമായി പിരിച്ചു് വിട്ടതും, ഫ്രാൻസിൽ ബൂർബൺ രാജവംശക്കാരെ അക്രമം സഹിക്കവയ്യാതെ, ജനങ്ങൾ ബഹിഷ്കരിച്ചതും കലാപങ്ങൾ പൊട്ടാൻ ആത്യന്തികകാരണങ്ങളായിത്തീർന്നു.

യുദ്ധങ്ങളും കലാപങ്ങളും പണ്ടും ഉണ്ടായിട്ടുള്ളവയാണു്. പക്ഷേ, പണ്ടുള്ളവയ്ക്കും ഇന്നുള്ളവയ്ക്കും തമ്മിൽ ആനയും ആടുംപോലെ വ്യത്യാസമുണ്ടു്. എല്ലാത്തിനും മൂലകാരണം സാമ്പത്തികമാണെന്നു് ചിലർ വ്യാഖ്യാനിക്കുമായിരിക്കാം. എങ്കിലും പണ്ടുള്ളവയ്ക്കു് അതു് ദൂരമായ നിദാനംമാത്രമായിരുന്നു. യശസ്സും അഭിമാനവും വീര്യവും പ്രതാപവും പ്രമാണമായി ഗണിച്ചുവന്ന കാലത്തു്, രാജ്യലോഭവും ധനലാഭവും നിസ്സാരങ്ങളായിരുന്നു. രാമരാവണയുദ്ധത്തിലൊ മഹാഭാരതയുദ്ധത്തിലോ രാജ്യലോഭമല്ല പ്രധാന കാരണം; മാനധനസംരക്ഷണമായിരുന്നു. പിന്നീടു് പൂർവ്വകാലത്തു് ഉണ്ടായ സമരങ്ങൾക്കു് മിക്കതിനും അവകാശതർക്കങ്ങളോ മതകലഹങ്ങളോ ആയിരുന്നു കാരണം. അലക്സാണ്ടരുടെയും ജൂലിയസ് സീസരുടെയും ദിഗ്വിജയകോലാഹലങ്ങൾ സാർവ്വഭൗമതപസമ്പാദനത്തിനുള്ള ഉദ്യമങ്ങളായിരുന്നു. അശോകൻെറ ദിഗ്വിജയം മതപ്രചരണത്തിനായിരുന്നു. മദ്ധ്യേഷ്യയിൽ നിന്നു പുറപ്പെട്ട മംഗോൾപടയോട്ടം പുതുവസതിസമ്പാദനത്തി-

നായിരുന്നു. അറബിപ്പടയുടെ പോരാട്ടം ഇസ്ലാംമതസ്ഥാപനത്തിന്നായിരുന്നു. ഇങ്ങനെ പൌരാണികകാലത്തും മധ്യകാലത്തും ഉണ്ടായ സമരസംരംഭങ്ങൾ മിക്കതും കേവലം ധനസമ്പാദനത്തെ ഉദ്ദേശിച്ചല്ലായിരുന്നു. ഇപ്പോഴാകട്ടെ, അതു് ഒന്നുമാത്രമാണു് കലഹകാരണം.

രാജ്യാവകാശവഴക്കും മതവഴക്കും പണ്ടുണ്ടായിരുന്നപോലെ ഇന്നു് ഇല്ലെങ്കിലും, രാഷ്ട്രീയകലഹത്തിന്നു് യാതൊരു വാട്ടവും തട്ടീട്ടില്ല. ഒരു വർഗ്ഗക്കാർ മറെറാരു വർഗ്ഗത്തെ പാട്ടിലാക്കുന്നതു് ഇക്കാലത്തു് എവിടെയും കാണാം. സമ്പത്സമ്പാദനമാണു് അതിനുള്ള പ്രേരകം. രാജ്യാവകാശത്തക്കം നിമിത്തം മുമ്പുള്ള കാലങ്ങളിൽ വളരെ കലാപങ്ങൾ ഉണ്ടായിരുന്നപ്പോൾ, സമുദായത്തിന്റെ മേൽത്തട്ടിലുള്ളവർ തങ്ങളിൽ പിണങ്ങിവന്നതല്ലാതെ, ജനസാമാന്യത്തെ ആ കലഹങ്ങൾ ബാധിച്ചിരുന്നില്ല. രാമരാജ്യമായാലും രാവണരാജ്യമായാലും പ്രജകൾക്കു് ഉണ്ടായിരുന്ന നിലയ്ക്കു് ഏറെ ഭേദമൊന്നും വന്നിരുന്നില്ല. രാജാവു് ആരായാലും രാജാവു് തന്നെ; പ്രജകൾ പ്രജകൾ തന്നെ. രാജാവിന്റെ ഗുണദോഷങ്ങൾ കൊണ്ടു് പ്രജകൾക്കു് സുഖദുഃഖങ്ങൾക്കു് അല്പാല്പം കൂടുതൽ കുറവുണ്ടായിരുന്നിരിക്കാം. അല്ലാതെ കോവിലകവഴക്കുകൾ കുടിലുകളെ ബാധിച്ചിരുന്നില്ല.

രാഷ്ട്രീയവിപ്ലവങ്ങൾ വന്നപ്പോൾ ആ മട്ടു് മാറി. ഒരു ജാതിക്കാരെ മറുജാതിക്കാരും, സ്വദേശീയരെ വിദേശീയരും, ഏഷ്യാക്കാരെ യൂറോപ്യരും, ഹിന്ദുക്കളെ മഹമ്മദീയരും, ഇൻഡ്യാക്കാരെ വെള്ളക്കാരും, ഭരിക്കാൻ തുടങ്ങിയപ്പോൾ, സമുദായത്തിന്നു് ആകമാനം ഒരു ഭേദം നേരിട്ടു. ഒരു രാജ്യത്തിനുള്ള വിഭവം മറുരാജ്യത്തെ പോഷിപ്പിക്കുന്നതിനായിത്തീരുമ്പോൾ

വലിയ മാററങ്ങൾ സംഭവിക്കുന്നു. അധികാരം മാത്രമല്ല, സമ്പത്തും കീഴ്പ്പെട്ട രാജ്യത്തിന് നഷ്ടമാകയാൽ, ജനസമുദായത്തിൽ കലക്കം ഉണ്ടാകുന്നു. അതു നിമിത്തം ഉണ്ടാവുന്ന കലാപം രണ്ടു് പ്രകാരത്തിൽ വരാം; ഒന്നു്, വിദേശീയാധികാരത്തെ നീക്കി സ്വദേശഭരണം സ്ഥാപിക്കാനുള്ള രാഷ്ട്രീയവിപ്ലവം; മററതു്, മേലധികാരികളുടെ ദുസ്സ്വാതന്ത്ര്യത്തെ നശിപ്പിച്ചു് ജനസാമാന്യത്തിൻെറ സ്വശക്തിയെ സ്ഥാപിക്കാനുള്ള സാമുദായികവിപ്ലവം. ആദ്യത്തേതു് സമുദായനേതാക്കളെ മാത്രം ബാധിക്കുന്നതും, മറേറതു് എല്ലാ നിലയിലുമുള്ളവരെ സ്പർശിക്കുന്നതുമാകുന്നു. ഇംഗ്ലണ്ടിലുണ്ടായ വിപ്ലവം ആദ്യത്തെ മാതിരി ആയിരുന്നു. പാർല്ലിമെൻറിനുള്ള അധികാരം വർദ്ധിച്ചു എങ്കിലും, സമുദായനേതൃത്വം വഹിച്ചിരുന്ന ധനികവർഗ്ഗങ്ങളെ മാത്രമേ അതു് സ്പർശിച്ചുള്ളൂ. അങ്ങനെയല്ലായിരുന്നു പരന്തിരീസ്സ് വിപ്ലവം. അതു് മേലും കീഴുമുള്ളവരെ ആകമാനം ബാധിച്ചു.

രാഷ്ട്രീയവിപ്ലവത്തെക്കാൾ സാമുദായികവിപ്ലവത്തിന് സർവ്വാന്തര്യാമിത്വം കൂടുതലുണ്ടെന്നു് വരികിലും, പരിണാമത്തിൽ സമുദായത്തിൻെറ മേൽപ്പാടിൽ നിൽക്കുന്നവർക്കാണു് അതുകൊണ്ടു ഗുണം അധികം സിദ്ധിക്കുന്നതു്. സാമാന്യജനങ്ങൾക്കു് വിപ്ലവത്തിൻെറ യഥാർത്ഥസ്വരൂപജ്ഞാനം ഉണ്ടാവാൻ പ്രയാസമാണു്. താൽകാലികനില അസഹ്യമാകുമ്പോൾ, അതിനു് ഒരു ഭേദം വരുത്തണമെന്നു് ഒരു അവ്യക്തബോധമുണ്ടാകാമെന്നുള്ളതൊഴികെ, സാധാരണജനങ്ങൾ ഗതാനുഗതികരായ പ്രമാണികളെ അനുവർത്തിക്ക മാത്രമേ ചെയ്യുന്നുള്ളൂ. നൂററിനു് തൊണ്ണൂററി ഒമ്പതു് പേരും ആട്ടിൻപററം പോലെ നേതാക്കളുടെ പിന്നാലെ

പായുന്നു. കാഷ്പികബഫളങ്ങളും, തൊഴിലാളിക്കൂട്ടങ്ങളും, ഗ്രാമീണകലഹങ്ങളും ഇങ്ങനെയാണു് ഉണ്ടാകുന്നതു്. ഇളക്കിവിടാൻ ചില പ്രമാണികൾ ഉണ്ടാവും. അവരുടെ വാക്കു് കേട്ടു് ചാടിപുറപ്പെട്ട അജ്ഞരായ ഗ്രാമീണർ, കണ്ണിൽകണ്ടതെല്ലാം അടിച്ചുടയ്ക്കുകയും, കണ്ടവരെ എല്ലാം കല്ലു് പറക്കി എറിയുകയും, കോമരങ്ങളെപോലെ തുള്ളിച്ചാടുകയും, അട്ടഹസിക്കയും ചെയ്യുന്നു. അവക്കു് കണ്ണും മൂക്കും അപ്പോൾ ഇല്ല. എന്തു കായ്യത്തിനു വേണ്ടിയാണു് ഇങ്ങനെ ചെയ്യുന്നതു്, അതുകൊണ്ടു് കായ്യലാഭമുണ്ടോ, എന്നൊന്നുമേ അവക്കു് ചിന്തയില്ല. ഇങ്ങനെ പല നാട്ടുകളിലും ക്ഷോഭങ്ങൾ ഉണ്ടാകാറുണ്ടു്. അവ ക്ഷണികങ്ങളാകുന്നു. മർദ്ദനംകൊണ്ടും സാന്ത്വനംകൊണ്ടും അവ ശാന്തങ്ങളാവും. എങ്കിലും പയ്യവസാനത്തിൽ അവ സമുദായത്തിനു് ചില നവീനശക്തികളെ നൽകാതിരിക്കുന്നില്ല.

പൂവ്വകാലങ്ങളിൽ രാഷ്ട്രീയവിപ്ലവങ്ങളും സാമുദായികവിപ്ലവങ്ങളുംഉണ്ടാകുന്നതും പരക്കുന്നതും സാവധാനമായിരുന്നു. ഇന്നു് അങ്ങനെ അല്ല. സഞ്ചാരത്തിനും വാത്താവിതരണത്തിനും സൗകയ്യങ്ങൾ സുലഭങ്ങളായതു കൂടാതെ, നവീനവിദ്യാഭ്യാസവും വ്യവസായവും വർദ്ധിച്ച ക്രമത്തിനു്, ജനങ്ങൾക്കു് സംഘം ചേരാനും പത്രപ്രചരണമാഗ്ഗമായി അഭിപ്രായപ്രകടനത്തിനും ഏറെ സന്ദർഭങ്ങൾ സിദ്ധിച്ചിരിക്കകൊണ്ടു്, കലാപങ്ങൾ ഉണ്ടാകാൻ വളരെ എളുപ്പം ഉണ്ടു്. എന്നുമാത്രമല്ല, ഏവനും ധനം സമ്പാദിച്ചു് പ്രമാണിയായിത്തീരാൻ ഒരു പ്രയാസവുമില്ല. കക്ഷിവഴക്കും, ജാതിവഴക്കും, ഉദ്യോഗവഴക്കും മുഴത്തു്, തങ്ങളിൽ തല്ലിക്കാൻ ഏവനും കഴിയും. സത്യത്തിനും മാനത്തിനുമുള്ള മാററു കുറഞ്ഞു്, പൊന്നിനു് മാത്രമായി

ളുന്നു മറ്റെല്ലാം. ഏതു് വിധമായാലും കാശു സമ്പാദിച്ചാൽ കേമനായി. പ്രഭുത്വവും വിഭുത്വവുമെല്ലാം അതിൽ ഒന്നിൽ അധിഷ്ഠിതമായിരിക്കുന്നു. ജീവനം മത്സരംകൊണ്ടു മാത്രമാണു് കഴിയുന്നതു്. സ്വാൎത്ഥം സാമ്രാജ്യപദവിയെ പ്രാപിച്ചിരിക്കുന്നു. എന്നാൽ ഈ സ്വാൎത്ഥലോലുപന്മാർ ഒരു കാൎയ്യം വിസ്മരിക്കുന്നു. മത്സരികളെ കൂട്ടുപിടിച്ചു് നയമായി കൂടെ കൊണ്ടുപോകുന്നതാണു് സ്വാൎത്ഥസമ്പാദനത്തിനും, കിട്ടിയതിനെ കളയാതെ വെച്ചുകൊണ്ടിരിക്കുന്നതിനും ഉത്തമമായ മാൎഗ്ഗമെന്നു് അവർ മറന്നു കളയുന്നു. സമുദായത്തെ ഉയൎത്തിയെങ്കിൽ മാത്രമേ, അതിലുള്ള വ്യക്തികൾക്കും ഉയൎച്ച വരികയുള്ളു എന്നുള്ള തത്വം സൂക്ഷ്മം ആലോചിക്കുന്നവൎക്കു് അറിയാം. അധികാരവും മേന്മയും കിട്ടിയവർ, തങ്ങൾക്കു് മാത്രമേ അവ പാടുള്ളു എന്നു് മുക്കടമുഷ്ടി പിടിക്കുന്തോറും, അവ നഴുകി തുടങ്ങുന്നു. നിലവിൽ ഇരിക്കുന്ന സ്ഥിതി മാറിയാൽ കുടികെട്ടുപോകുമെന്നു് യാഥാസ്ഥിതികന്മാർ ജനസാമാന്യത്തെ ബോധിപ്പിക്കുന്നു. അതിനു് വൈദികമായും ലൌകികമായുമുള്ള കാരണങ്ങളെ ഉപന്യസിച്ചും, വിദ്യാഭ്യാസത്തെ ആ വഴിക്കു നയിച്ചും, ബലം നൽകുന്നു. ക്രമേണ അതു് സ്ഥിരമാണെന്നുള്ള ബോധം സമുദായത്തെ ബാധിച്ചു്, തന്നിമിത്തം നേരിടുന്ന ബുദ്ധിമുട്ടുകളെ ശിരോലിഖിതമെന്നു് ഉറച്ചു്, എല്ലാവരുംസഹിക്കുന്നു. ഏതു് സമുദായത്തിലും ഇങ്ങനെയാണു കാണുന്നതു്. എന്തെങ്കിലും ഭേദഗതി ചെയ്വാൻ തുടങ്ങുന്നവരോടു് ഏറിയകൂറും വിരോധികളായിത്തീരുന്നു. മനുഷ്യർ പ്രകൃത്യാ അത്വസരാകുന്നു. വലിയവനും എളിയവനും ഒന്നുപോലെ സ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നു. ഇരിപ്പിടത്തിൽനിന്നു മാറാൻ പറയുന്നതു് അവർ

ദുസ്സഹമായി കരുതുന്നു. കുടിലായാലും കൊട്ടാരമായാലും ഉള്ളതു് മതി എന്നു് തൃപ്തിപ്പെടുന്നു.

പക്ഷേ, കാലം അവക്കു് വേണ്ടി നിൽക്കുന്നില്ല. അലസന്മാരെ അതു് തട്ടി ഉണത്തുന്നു. സഞ്ചരിക്കുന്ന ഒരു വലിയ ആൾക്കൂട്ടത്തിൽ ഒരുവനും ഒരിടത്തു് നില്ക്കാൻ സാധിക്കുന്നില്ല. അതിൻെറ പോക്കിനു് നടന്നില്ലെങ്കിൽ, മററുള്ളവർ ഉന്തിത്തള്ളും. അല്ലാതെ തടഞ്ഞു നിന്നാൽ, തള്ളിയിട്ടു് തലയിൽ കയറും. അതുപോലെ തന്നെയാണു് സമുദായഗതിയിലും. അഭിപ്രായങ്ങൾ സ്ഥിരങ്ങളായിരുന്നാലും, സംഗതികൾ മുന്നോട്ടു് ഗമിക്കുന്നു. കുറെ കഴിയുമ്പോൾ അവ തമ്മിൽ വളരെ അകലുന്നു. ഇട കൂടുന്തോറും ശൈഥില്യം അധികമായി മാറ്റപ്പെടുന്നു. അപ്പോഴാണു് സാമുദായികവിപ്ലവങ്ങളുണ്ടാകുന്നതു്. വിപ്ലവം ഉണ്ടാകുമ്പോൾ യഥാസ്ഥിതികരുടെ ചായം വെളുത്തുപോകുന്നു. അവർ സുരക്ഷിതമായി വെച്ചിരുന്ന മറ നീങ്ങി ഉൾക്കള്ളികൾ ജനങ്ങൾ കാണുന്നു. പാതവിട്ട റയിൽവണ്ടിപോലെ, അവർ കണ്ടമാനം പാഞ്ഞു് തുടങ്ങുന്നു. പിന്നെ ഉണ്ടാകുന്ന ആപത്തുകൾ എന്തെല്ലാമെന്നു് ആക്കും തിട്ടമില്ല. ഇങ്ങനെയാണു് വിപ്ലവകാലങ്ങളിൽ അതിക്രമങ്ങൾ നടക്കുന്നതു്. നേരേ മറിച്ചു്, സുസ്ഥിരപാതയിൽക്കൂടിയല്ലാതെ എവിടെയും കൂടി പോകുന്ന മോട്ടാർ വാഹനങ്ങൾക്കു് റയിലിലെ അപകടങ്ങൾപോലെ ഭയാനകങ്ങളായ ആപത്തുകൾ ചുരുക്കമേ വരികയുള്ളൂ. കാലാനുസരണം ജനങ്ങളെ പുതുവഴികളിൽ സഞ്ചരിപ്പിച്ചു് പഴക്കിയാൽ, സമുദായത്തിൽ വിപ്ലവങ്ങൾ പെട്ടെന്നു് ഉണ്ടാകയില്ല; അനുസ്യൂതമായ പരിവത്തനം ഉണ്ടാകയും ചെയ്യും. അതാണു് ബുദ്ധിമൽകൃത്യം.

രാഷ്ട്രീയമായും സാമുദായികമായുമുള്ള വിപ്ലവങ്ങളെപ്പററി ഇത്രത്തോളം വിവരിച്ചതു് പത്തൊമ്പതാം

ററാണ്ടിൻെറ പൂർവാദ്ധത്തിൽ യൂറോപ്പിൽ നടന്ന കലാപങ്ങളുടെ സ്വരൂപബോധം ഉണ്ടാവാനാകുന്നു. അവ മിക്കതും രാഷ്ട്രീയബഹളങ്ങളായിരുന്നു. വ്യവസായകലാപം വന്നിരുന്ന സ്ഥലങ്ങളിൽ, അവ സാമുദായികവിപ്ലവങ്ങളായി പരിണമിച്ചു. ക്രിസ്ത്വബ്ദം ൧൮൪൮-ാമാണ്ടു് യൂറോപ്പിൽ ഒരു വിപ്ലവകാലമായിരുന്നു. അന്നു് പോളണ്ടിലും, ബോഹിമിയയിലും, ഹംഗേറിയിലും, ഇററലിയിലും പല ബഹളങ്ങളുണ്ടായി. മിക്കതും ഒരു വർഗ്ഗക്കാരെ മറെറാരു വർഗ്ഗം കീഴടക്കിയതുനിമിത്തം ഉണ്ടായതാണു്. പോളണ്ടു പ്രഷ്യയോടും, ബോഹിമിയ ആസ്ത്രിയയോടും പിണങ്ങി. ആ പിണക്കങ്ങൾ അടക്കപ്പെട്ടു. എങ്കിലും ഹംഗേറിയും ആസ്ത്രിയയും തമ്മിലുള്ള പിണക്കവും, ഇററലിയും ആസ്ത്രിയയും തമ്മിലുള്ളതും അനന്തരഫലങ്ങളെ ജനിപ്പിക്കാതിരുന്നില്ല.

ആസ്ത്രിയയും ഹംഗേറിയും തമ്മിലുള്ള കലഹത്തിൽ, ഹംഗേറിയുടെ പ്രമാണിയായി നിന്നതു് ലോജോസ് കേസ്സൂത്ത് എന്ന സ്വരാജ്യസ്നേഹിയായിരുന്നു. രണ്ടു് വർഷം കലഹം നടന്നു. തൽക്കാലം ഫലമൊന്നും സിദ്ധിച്ചില്ല. അനന്തരം ഡീക്ക് എന്ന മറെറാരു പ്രധാനി മാർഗ്ഗാന്തരേണ ഉദ്ദിഷ്ടകാര്യം സാധിച്ചു. ഇന്നു് ഗാന്ധി ഉപദേശിക്കുന്ന സഹനസമരം ആയിരുന്നു ഉപായമായി അയാൾ സ്വീകരിച്ചതു്. അതു ഫലിച്ചു. ൧൮൬൭-ൽ ഹംഗേറിക്കു് സ്വാതന്ത്ര്യം ലഭിച്ചു. പിന്നീടു് ആസ്ത്രിയയും ഹംഗേറിയും സഖ്യം ചെയ്തു്, ഫ്രാൻസിസ് ജോസഫ് ചക്രവർത്തി ഇരുരാജ്യത്തിനും രാജാവായി വാണു. (Duel monarchy). ഡീക്കിൻെറ സഹനസമരപദ്ധതിയെ പിന്നീടു് ഐറിഷ്കാർ സ്വാതന്ത്ര്യം നേടാൻ അനുവർത്തിച്ചു.

ഗാന്ധിയും അതുതന്നെയാണു് ഇൻഡ്യയിൽ നടത്തുന്നതു്. എന്നാൽ രണ്ടിനും പ്രകാരഭേദം പലതുമുണ്ടു്.

ജമ്മനിയിലും അക്കാലത്തു് പല കലഹങ്ങളും ഉണ്ടായവ അത്ര സാരങ്ങളായില്ല. ഭരണപരിഷ്കാരവാഗ്ദാനങ്ങളെ കൊണ്ടു് അവ അടങ്ങി. ഫ്രാൻസിൽ അങ്ങനെ അല്ല, ഒരു വലിയ മാററം ഉണ്ടായി. ൧൮൩൦-ൽ ബൂർബൺ വംശ്യരെ അടിച്ചോടിച്ച ശേഷം, ലൂയി-ഫ്ിലിപ്പി പ്രജാധികാരനിയന്ത്രിതനായ രാജാവായി വാണിരുന്നു. ൧൮൪൮-ൽ അയാളെ രാജി വെയ്പിച്ചു് പിന്നെയും അവിടെ പ്രജായത്തഭരണം ഏപ്പെട്ടു. ഇതിനു് രണ്ടാം റിപ്പബ്ളിക് എന്നു് പേർ പറഞ്ഞു വരുന്നു. ആദ്യത്തേതു് മഹാവിപ്ലവം കഴിഞ്ഞുണ്ടായതാണല്ലോ. രണ്ടാം റിപ്പബ്ളിക്കിനു് ഉണ്ടായ കുഴപ്പങ്ങളുടെ തക്കം നോക്കി, പ്രസിദ്ധനായ നെപ്പോളിയന്റെ മരുമകനായിരുന്ന ലൂയി നെപ്പോളിയൻ, ജനസ്വാതന്ത്ര്യപക്ഷപാതിയായി ചമഞ്ഞു്, പ്രസിഡന്റായി ജനങ്ങളാൽ നിയമിക്കപ്പെട്ടു. അധികാരം കൈക്കലാക്കാനുള്ള സൂത്രമായിരുന്നു അതു്. അതു് സ്ഥിരപ്പെട്ടു കഴിഞ്ഞപ്പോൾ അയാൾ സേനയെ വശപ്പെടുത്തി, ൧൮൫൧-ൽ പാരീസ് പൗരരോടു് അടർ ചെയ്തു് അസ്സംബ്ളിയെ ഭയപ്പെടുത്തി, ചക്രവത്തിസ്ഥാനം പിടിച്ചുപറിച്ചു ൧൮൫൨-ൽ മൂന്നാമത്തെ നെപ്പോളിയനെന്നു ഭാവിച്ചു് ഞെളിഞ്ഞിരുന്നു. അയാളുടെ അനന്തരചരിത്രം കുറെ പറയാനുണ്ടു്. അതു് ഇനി ഒരു അദ്ധ്യായത്തിൽ പറയാം.

ഇംഗ്ലണ്ടിൽ ൧൮൪൮-ൽ കലാപങ്ങളായിട്ടു് ഒന്നും വളന്നില്ലെങ്കിലും, പല ബഹളങ്ങളും അക്കാലത്തു് നടക്കാതിരുന്നില്ല. ൧൮൩൨-ൽ പാർല്ലിമെന്റിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള സമ്മതിദാനാവകാശം സംബന്ധിച്ചു് ഉണ്ടായിരുന്ന അക്രമങ്ങളെയും

നിയമസംകോചത്തെയും ഭേദപ്പെടുത്താൻ ഒരു പുതിയ കരടുനിയമം (Reform Bill) പാർല്ലിമെന്റിൽ അവതരിപ്പിക്കപ്പെട്ടു. അതിൽ വലിയ വാദങ്ങൾക്കൊന്നും വക ഇല്ലായിരുന്നു. കുറെക്കൂടി വോട്ടവകാശികൾ വർദ്ധിക്കയും, കൂടുതലായി ധനികജനങ്ങൾക്ക് അംഗങ്ങളായിരിക്കാൻ അവസരം ലഭിക്കയും മാത്രമേ ആ ബില്ല മൂലം ഫലം വരികയുണ്ടായുള്ളൂ; എങ്കിലും, യാഥാസ്ഥിതികർ എല്ലാം കൂടി കെട്ടുപോകുമെന്ന് ബഹളം കൂട്ടി. മററ് ജനങ്ങൾ എതിർത്തു. എന്തിന്! ആഭ്യന്തരകലഹമുണ്ടാകുമെന്ന് കണ്ടപ്പോൾ, ബിൽ അനുവദിച്ചു; ബഹളവും ശമിച്ചു. ഇംഗ്ലണ്ടിലെ ഭരണ തന്ത്രത്തിന് ഒരു വലിയ ഗുണമുണ്ട്; മുട്ടിവരുമ്പോൾ വളഞ്ഞു കൊടുക്കും. നമ്മുടെ ഹിന്ദുമതം പോലെ അതിന് നല്ല പ്രവണത ഉണ്ട്. വേണ്ടുന്ന അവസരത്തിൽ ഔചിത്യം ഉള്ളതു കൊണ്ടാണ് ഇംഗ്ലണ്ടിലെ ഭരണ തന്ത്രവും നമ്മുടെ ഹിന്ദുമതവും ഉടയാതെയും ഒടിയാതെയും ചാഞ്ഞും വളഞ്ഞും നിലനിൽക്കുന്നതു്.

൧൮൪൦-ന് സമീപിച്ച് മറെറാരു ബഹളം ഇംഗ്ലണ്ടിൽ ഉണ്ടായി. ചാർട്ടിസ്റ്റ് ബഹളം എന്നാണ് അതിന് പേർ. ൧൮൩൮-ലാണ് അതിന്റെ ഉത്ഭവം. അടുത്ത ആണ്ടിൽ പത്തു് ലക്ഷം ജനങ്ങൾ ഒപ്പിട്ട് ഒരു വൻഹർജി പാർല്ലിമെന്റിന് കിട്ടി. അതിൽ പൊതുജനാവകാശങ്ങൾ അഞ്ചാറെണ്ണം വേണമെന്ന് കുറിച്ചിരുന്നു. പാർല്ലിമെന്റുകാർ ഹർജി തള്ളി. ൧൮൪൨-ൽ പിന്നെയും അതുപോലെ ഒരു ഹർജി എഴുതി, നേരിട്ട് കൊടുക്കാനായി ജനങ്ങൾ കൂട്ടം കൂടി പാർല്ലിമെന്റ് മന്ദിരത്തിലേക്ക് പുറപ്പെട്ടു. പട്ടാളക്കാർ അവരെ പിരിച്ചു വിട്ടു. പിന്നീട് അവർ തങ്ങളിൽ തർക്കമുണ്ടായി, ആ ബഹളം ശമിച്ചു. വേലക്കാരുടെ ഇടയിലും അക്കാലത്തു് പല ബഹളങ്ങളും ഉണ്ടായവയെ

എല്ലാം ചില പുതിയ നിയമങ്ങൾ ഉണ്ടാക്കി അടക്കി. തൊഴിലാളിച്ചട്ടങ്ങൾ (Labour Laws) അപ്പോഴാണു് ഉണ്ടാകാൻ തുടങ്ങിയതു്.

൧൮൪൮-ൽ ഇററലിയിൽ ഉണ്ടായ ബഹളങ്ങളും അനന്തരഫലങ്ങളും പ്രത്യേകം ഒരു അദ്ധ്യായംകൊണ്ടു് പറയേണ്ടതുണ്ടു്. അതിനാൽ ഈ അദ്ധ്യായം ഇവിടെ നില്ക്കട്ടെ.

---

## എഴുപത്തിഏഴാം അദ്ധ്യായം

### ഇററലിയുടെ സ്വാതന്ത്ര്യവും ജർമ്മനിയുടെ അഭിവൃദ്ധിയും.

രണ്ടു യൂറോപ്യൻ ശക്തികളുടെ ആവിർഭാവത്തെപ്പററിയാണു് ഈ അദ്ധ്യായത്തിൽ നാം പ്രസ്താവിക്കാൻ തുടങ്ങുന്നതു്. ഒന്നു് ഇററലി, മറേറതു് ജർമ്മനി. രണ്ടും ഇന്നു് കേമന്മാരായ രണ്ടു് സർവ്വാധികാരികളുടെ—മുസ്സോളിനിയും ഹിററ്ലരും—നേതൃത്വത്തിൽ തല പൊക്കി നിൽക്കുന്നു. ‘ഐകമത്യം മഹാജയം’ എന്ന ചൊല്ലിനു് രണ്ടു രാജ്യങ്ങളും ഉത്തമോദാഹരണങ്ങളാകുന്നു.

നെപ്പോളിയൻെറ കാലത്തിനു് മുമ്പു് ഇററലി ചെറുചെറു സംസ്ഥാനങ്ങളായി പിരിഞ്ഞിരുന്നു. നെപ്പോളിയൻ ഇററലി രാജ്യം ജയിച്ചപ്പോൾ, അവയെ ഒന്നായി ഭരിച്ചു. അയാളുടെ കാലം കഴിഞ്ഞപ്പോൾ, പിന്നെയും അവ പിരിഞ്ഞു. ആ തരം കണ്ടു്, നെപ്പോളിയനുമായുള്ള സമരത്തിൽ ജയിച്ച കക്ഷികൾ, ൧൮൧൫-ലെ വിയന്നാ സമിതിയിലെ നിശ്ചയപ്പ-

കാരം, ഇററലിയെ പങ്കു വെച്ചു. വെനീസ്സും ചുററുമുള്ള സ്ഥലങ്ങളും ആസ്ത്രിയാക്കാർ എടുത്തു. പല ആസ്ത്രിയൻ രാജകുമാരന്മാൎക്കും നല്ല പങ്കുകൾ കിട്ടി. മാർപാപ്പ റോമാനഗരവും ചുററുമുള്ള ദേശങ്ങളും കൈക്കലാക്കി. നേപ്പിൾസ്സും അതിൻെറ ദക്ഷിണഭാഗങ്ങളും ചേൎന്ന്, സിസിലി സംസ്ഥാനങ്ങളാക്കി, ഒരു ബൂർബൺ രാജാവ് ഭരിച്ചു. വടക്കുപടിഞ്ഞാറ് പീഡ്മണ്ടും സാർഡിനിയാവും കൂടി ഒരു രാജാവിൻെറ സംസ്ഥാനമായി. പീഡ്മണ്ടിലെ രാജാവൊഴിച്ച് മററുള്ള ചെറു സംസ്ഥാനാധിപന്മാരെല്ലാം പണ്ടേപ്പോലെ ജനങ്ങളെ ഉപദ്രവിച്ചുതന്നെ ഭരണം നടത്തിവന്നു.

അക്കാലത്ത് ഗ്യൂസപ്പി മസ്സീനി എന്ന് ഒരു സ്വദേശാഭിമാനിയായ യുവാവ് മുതിൎന്നു. അയാൾ ൧൮൦൫-ൽ ജിനോവായിൽ പിറന്നു. നിയമങ്ങൾ പഠിച്ചു. ഇററലിയെ ഒരു രാഷ്ട്രമാക്കണമെന്നുള്ള മോഹം ജനിച്ച്, 'ജിയോവാനി ഇററാലിയ' എന്നുവെച്ചാൽ, 'ഇററാലിയൻ യുവസംഘം' എന്നൊരു ഗൂഢസമാജത്തെ ഏൎപ്പെടുത്തി. ആ സംഘത്തിൻെറ ഉദ്ദേശ്യം, ഇററലിയിൽ ഉണ്ടായിരുന്ന ചെറു സംസ്ഥാനങ്ങളെ എല്ലാം ഒന്നിച്ച് ചേൎത്ത് ഒരു 'റിപ്പബ്ളിക്', അതായത്, പ്രജാപ്രതിനിധിസംഭൃതരാജ്യം, ആക്കണം എന്നായിരുന്നു. ഈ ഗൂഢസംഘനേതാവെന്നനിലയിൽ, മസ്സീനി ബഹിഷ്കൃതനായി. പുറമേ പാൎത്ത കാലത്തും ഉദ്ദേശ്യസാദ്ധ്യത്തിനുള്ള പ്രയത്നങ്ങൾ അയാൾ തുടൎന്നു. അയാൾ അനവധി ഗ്രന്ഥങ്ങൾ എഴുതി. അവയിൽ പ്രധാനം 'മനുഷ്യകൃത്യങ്ങൾ' എന്നുള്ളതാകുന്നു. അതു പല ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ട്. സ്വരാഷ്ട്രബോധത്തെ ഉത്തേജിപ്പിക്കുന്ന അയാളുടെ കവനങ്ങൾ സൎവ്വത്ര വിദിതങ്ങളായി. ഇററലിയുടെ ഉത്തരദേശങ്ങളിൽ ൧൮൨൧-ൽ ബഹളങ്ങൾ മുഴുത്ത തരം കണ്ട്,

അയാൾ മറുനാട്ടിൽ നിന്നു് തിരിച്ചു് റോമാനഗരത്തിൽ വന്നു. ജനങ്ങളുടെ സഹായത്തോടുകൂടി മാപ്പാപ്പയെ ഓടിച്ചു്, അവിടെ പ്രജാഭരണത്തെ പ്രഖ്യാപനം ചെയ്തു. പ്രജാധികാരികളായി മൂന്നു പേരെ നിശ്ചയിച്ചതിൽ മസ്സീനി ഒരാളായിരുന്നു. ഈ ത്രിമൂർത്തിഭരണത്തിനു് വിരോധികളായിരുന്നു ചുററും. ഒരു വശത്തു് ആസ്ത്രിയന്മാർ, മറുപുറത്തു് നിയോപ്പാളിററന്മാർ; അവക്കു് പുറമേ മാപ്പാപ്പയെ തിരിച്ചു് പ്രതിഷ്ഠിക്കാൻ പുറപ്പെട്ട ഫ്രെ്റഞ്ചുകാർ. ധീരന്മാരായ പൗരപ്പടയാളികളുടെ സഹായത്തോടെ റിപ്പബ്ളിക്കർ ആസ്ത്രിയരുടെയും നിയോപാളിററന്മാരുടേയും പടകളെ തോല്പിക്കയും, ഫ്ര്ഞ്ചുകാരെ തടഞ്ഞു് നിറുത്തുകയും ചെയ്തു. എങ്കിലും, ഫ്രഞ്ചുകാർ റിപ്പബ്ളിക്കരെ മടക്കി, മാപ്പാപ്പയെ തിരികെ സ്ഥാനത്തു് ഇരുത്തി ഉറപ്പിച്ചു. റോമാറിപ്പബ്ളിക്കരുടെ അന്നത്തെ സേനാനായകൻ ഗാരിബാൾഡി എന്ന വീരപുരുഷനായിരുന്നു.

പ്രഥമ പരിശ്രമം ഇപ്രകാരം വിഫലമായിപ്പോയതിനെ കൂട്ടാക്കാതെ, മസ്സീനിയും ഗാരിബാൾഡിയും ഉപായാന്തരം ആരംഭിച്ചു. രണ്ടു പ്രമാണികളുടെയും പ്രകൃതി രണ്ടു വിധമായിരുന്നു. ഒരാൾ ചിന്താശീലനും ഉചിതജ്ഞനും, മറേറ ആൾ മേധാവിയായ യോധാവും ചെറുസേനാസന്നാഹത്തിൻെറ ഒളിയമ്പുസമരം (guerilla) കൊണ്ടു് ശത്രുവിനെ വശംകെടുത്തുന്ന യുദ്ധക്രമത്തിൽ വിദഗ്ദ്ധനുമായിരുന്നു. എന്നാൽ ഇരുപേരും ഇററലി രാജ്യത്തെ കൂറോടെ സ്നേഹിക്കുന്നവരും രാജ്യൈക്യസിദ്ധിയിൽ അതികാംക്ഷയുള്ളവരുമായിരുന്നു. അതിനുവേണ്ടിയുള്ള പരിശ്രമത്തിൽ സഹായിയായി, മൂന്നാമതു് ഒരു വിദ്വാൻ ഇടക്കു് വന്നു ചാടി; പീഡ്മണ്ടു സംസ്ഥാനത്തിലെ രാജാവായിരുന്ന വിക്ടർ ഇമ്മാനുവല്ലിൻെറ പ്രധാന മന്ത്രിയായിരുന്ന കാവൂർ,

അയാളുടെ ഉദ്ദേശം പക്ഷേ സ്വരാജാവിനെ ഇററലിയുടെ സർവ്വാധിപതിയാക്കണമെന്നായിരുന്നു. അതിന്ന് മററുള്ള ചെറുസംസ്ഥാനങ്ങളിലെ രാജാക്കന്മാരെ കീഴടക്കണം. മസ്സീനിയും ഗാരിബാൾഡിയും ഇററലിയുടെ ഏകീകരണത്തിന്ന് ഉദ്യുക്തരായിരുന്നതു് തനിക്കും സഹായമാണെന്നു് കണ്ടു്, കാവൂർ അവരോടു ചേൎന്നു. അയാൾ ഫ്രഞ്ചുകാരുമായി കൂടസഖ്യം ചെയ്തു. ൧൮൫൯-ൽ മൂന്നാം നെപ്പോളിയൻ രാജാവായിരിക്കുമ്പോൾ, ഫ്രഞ്ചുകാർ ആസ്ത്രിയരുമായുള്ള യുദ്ധം തുടങ്ങി. ആസ്ത്രിയാക്കാർ ഇററലിയിലെ ഒരു ഭാഗം കൈവശമാക്കിയതു നിമിത്തം ഇററലിക്കും ശത്രുക്കളായിരുന്നു. ആ യുദ്ധത്തിൽ ആസ്ത്രിയർ തോററു. ആ തരം നോക്കി, ഗാരിബാൾഡി നേപ്പിൾസിലെയും സിസിലിയിലെയും രാജാക്കന്മാരോടു് എതിൎത്തു. അയാളുടെ പ്രസിദ്ധപ്പെട്ട ചെങ്കുപ്പായക്കാൎക്കു് ആയുധോപകരണങ്ങളോ യുദ്ധച്ചട്ടങ്ങളിൽ പരിശീലനമോ ഉണ്ടായിരുന്നില്ല. ധൈൎയ്യവും സാഹസികതയും ദൃഢനിശ്ചയവും മാത്രമായിരുന്നു അവരുടെ പരമായുധങ്ങൾ. അതുകൊണ്ടു് മാത്രം പ്രതിപദം അവർ വിജയം നേടി. മഹാവീരനെന്നു് ഗാരിബാൾഡിക്കു് പുകളും പരന്നു. എത്ര സന്നദ്ധമായ ശത്രുമഹാസേനയും അയാളുടെ പേർ കേട്ടു് പിന്തിരിഞ്ഞു് ഓടി. ഗാരിബാൾഡിയും സംശപ്തകസഹസ്രവും സിസിലിയിൽ കാലൂന്നി, തെന്നിററലിയിൽ പ്രവേശിച്ചു. പോകുന്ന ദിക്കിലെല്ലാം പൗരജാനപദന്മാർ അയാളുടെ വശത്തുള്ള പട്ടാളക്കാരായി ചേൎന്നു. ഉച്ചൈസ്തരം അയാൾ ഇങ്ങനെ ഉൽഘോഷിച്ചു:—

വരുവിൻ വരുവിൻ ജനങ്ങളെല്ലാം
തരുവേൻ നല്ല പരാക്രമഞ്ച പോരും;
കരുത്തും മടിയാൻ വീടമന്നാൽ
പുരുഭീരുതപമതെന്നു ലോകരെല്ലാം.

ഒന്നുകിൽ ജയിക്കും അല്ലെങ്കിൽ ചാവും എന്നു് തുനിഞ്ഞു് പുറപ്പെട്ടുന്നവർക്കു് വിജയം കരസ്ഥമാകുന്നു. ഗാരിബാൾഡിയുടെ പോർവിളി ഇററലിയിലെ ജനങ്ങളിൽ സ്വരാഷ്ട്രബോധം ഉദിപ്പിച്ചു. ലക്ഷക്കണക്കിനു് വഞ്ചിപ്പാട്ടും പാടി ആളുകൾ വന്നു ചേർന്നു.

സ്വർഗ്ഗമേറിസുഖിക്കുന്ന വർഗ്ഗങ്ങളാം പിതൃക്കളും
നിർമ്മിച്ചു ഖഡ്ഗമേന്തിസ്വർഗ്ഗം നവംനമുക്കേകൊൻ;
വന്നീടുവിൻ യുവാക്കളെ! കൊന്നീടുവിൻ ശത്രുക്കളെ
ഇന്നീ നാട്ടിൻമനക്കാമ്പിൽ ഊന്നിടുന്ന മാതൃസ്നേഹം
മിന്നീടട്ടെ ചെന്തീ പോലെ; ചേർന്നീടുവിൻ പടയായി;
വാണീടട്ടെ മാററാരെല്ലാം; മന്നിലുള്ള മന്നോരെല്ലാം
മാനിക്കട്ടേ ഇററലിയെ! വന്നീടട്ടെ പരം സൗഖ്യം.

ഇങ്ങനെ ആയിരുന്നു ആർപ്പുവിളി. ഗാരിബാൾഡിയുടെ വിജയത്തെ കാവൂർ സ്വാഭിപ്രായപൂരണത്തിനു് ഉപായമാക്കി. ൧൮൬൧-ൽ എജമാനനായ വിക്ടർ ഇമ്മാനുവേലിനെ ഇററലിയിലെ രാജാവായി അയാൾ അഭിഷേകം ചെയ്തു. അപ്പോഴും റോമാനഗരം ഫ്രഞ്ചുകാരുടേയും, വെനീസ്നഗരം ആസ്റ്റ്റിയന്മാരുടെയും കീഴിലായിരുന്നു. പത്തു് കൊല്ലത്തിനുള്ളിൽ അവയും ഇററലി രാഷ്ട്രത്തോട്ടു് ചേർന്നു; റോമാനഗരം രാജ്യത്തിൻെറ തലസ്ഥാനവുമായി. ഇങ്ങനെ ഇററലിരാജ്യം ഏകശാസനയിലായി. എങ്കിലും മസ്സീനിക്കു തൃപ്തിയായില്ല. രാജാവിന്റെ വാഴ്ചയല്ല, പ്രജകളുടെ വാഴ്ചയാണു് അയാൾ മോഹിച്ചിരുന്നതു്. അതു് സാധിച്ചില്ല. പക്ഷേ, ഇററലിയിൽ നിന്നു് വിദേശിയർ ഒഴിഞ്ഞു്, അതു് ഏകരാഷ്ട്രമായി. ബ്രിട്ടീഷുകാർ ഗാരിബാൾഡിക്കു് ഉററ സഹായം നൽകി എന്നുള്ളതു് പ്രസ്താവ്യമത്രേ. ഇററലി ഒരു പ്രത്യേക രാഷ്ട്രമായിത്തീന്നതിനെപ്പററി പുകഴ്ത്തി ഇംഗ്ലീഷിൽ പല കവികളും കാവ്യങ്ങൾ രചിച്ചിട്ടുണ്ടു്.

മറെറാരു രാഷ്ട്രം പ്രബലമായി ഉദിച്ചതു് ജമ്മനിയാകുന്നു. മതംകൊണ്ടും ഭാഷകൊണ്ടും മററും ഒപ്പമായിരുന്നെങ്കിലും, ചില്ലറ സംസ്ഥാനങ്ങളും ഇലക്ടറന്മാരുടെ ഇടവകകളുമായിട്ടാണു് പണ്ടുപണ്ടേ ജമ്മനി വത്തിച്ചിരുന്നതു്. ഏറിയ കാലം ആസ്ത്രിയയിലെ ഹാപ്സ്ബഗ്ഗ് രാജാക്കന്മാർ ജമ്മനിയുടെ മേൽകോയ്മ വഹിച്ചിരുന്നു. പ്രഷ്യക്കു് പ്രാബല്യം വന്നപ്പോൾ ആസ്ത്രിയരുമായി ഇടഞ്ഞു. ഇക്കഥയെല്ലാം മുമ്പുള്ള അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടു്. നെപ്പോളിയൻ വന്നു് കയറി ആസ്ത്രിയരെയും പ്രഷ്യരെയും ഒപ്പം കീഴടക്കി. അയാളുടെ ഏററം മൂലം ഉണ്ടായ ഭൂകമ്പംകൊണ്ടു് നിദ്രാണമായിരുന്ന ജമ്മനി ആകപ്പാടെ കുലുങ്ങി. എങ്കിലും അതിനു് ഒരു പുതു രാഷ്ട്രീയജീവൻ വീണു. അതിൻെറ ശക്തിമൂലമാണു് നെപ്പോളിയനെ തന്നെ തോല്പിക്കാൻ ജമ്മന്മാക്കു കെല്പു കിട്ടിയതു്. നെപ്പോളിയന്റെ ആഘാതം വാസ്തവത്തിൽ ജമ്മനിക്കും ഇററലിക്കും ദോഷത്തെക്കാൾ ഗുണത്തെയാണു് ഉണ്ടാക്കിയതെന്നു് പറയാം. അയാൾ സ്വപ്നേപി ചിന്തിക്കാത്ത ഫലം, അതായതു സ്വാതന്ത്ര്യബോധവും രാഷ്ട്രബോധവും, ആ രാജ്യങ്ങൾക്കു കിട്ടി. ജമ്മനിക്കു് സിദ്ധിച്ച ആ ഗുണങ്ങളെ തത്ത്വവിജ്ഞാനിയും ദേശഭക്തനുമായ ഫിഷ്ടി വദ്ധിപ്പിച്ചു.

നെപ്പോളിയന്റെ അസ്തമയാനന്തരം പത്തമ്പതുകൊല്ലം ജമ്മനി ഒരു 'ഫെഡറേഷൻ', എന്നുവെച്ചാൽ ചെറുസംസ്ഥാനങ്ങളുടെ സംയുക്തസംഘം, ആയി. ചിലപ്പോൾ ആസ്ത്രിയരുടെയും ചിലപ്പോൾ പ്രഷ്യരുടെയും ആധിപത്യത്തിൽ മാറി മാറി ജമ്മനി വത്തിച്ചു. അക്കാലത്തു് സ്ഥിരാധികാരം ആക്കുമാക്കും ഇല്ലായ്കയാൽ, തോന്ന്യാസങ്ങളും മർദ്ദനങ്ങളും ഉണ്ടായി. ഫ്രഞ്ചുവിപ്ലവം ലും ഫ്രവ്രർവ്വ-ലും ജനക്ഷോഭങ്ങളും കലാപങ്ങളും മൂത്തിന്നു. സേനാബലംകൊണ്ടും ഭരണപരി-

ഷ്കാരലോഭനങ്ങളെകൊണ്ടും അവയെ ശമിപ്പിച്ചു. അചിരേണ ഇംഗ്ലണ്ടിലെ പോലെ ജർമ്മനിയിലും വ്യവസായശാലകളുണ്ടായി. ഇരുമ്പും കല്ക്കരിയും അവിടെ ധാരാളമുണ്ടായിരുന്നതിനാൽ തൊഴിലും തൊഴിലാളികളും വർദ്ധിച്ചു. വിദ്വാന്മാരും ശാസ്ത്രജ്ഞന്മാരും വിജ്ഞാനികളും ജർമ്മനിയിൽ വേണ്ടുവോളമുണ്ടായിരുന്നു. അതിനാൽ അഭിവൃദ്ധിക്ക് അനുകൂലമായ അന്തരിക്ഷം അവിടെ വിലസി.

കാലത്തിന് അനുസരിച്ച മനുഷ്യരും ഉണ്ടാവുമല്ലോ. ൧൮൧൫ ഏപ്രിൽ ൧-ാനു- ഓട്ടോ വാൺ ബിസ്മാക്ക്, എൽബ് നദീതീരത്തിൽ ഒരു ഗ്രാമത്തിൽ ജനിച്ചു. അയാൾ ഒരു പുരാതന മാന്യപ്രഷ്യൻ-കുടുംബത്തിലെ സന്താനമായിരുന്നു. നല്ലൊരു ഗുസ്തിക്കാരനായി വളന്നു. വിദ്യാഭ്യാസം കഴിഞ്ഞശേഷം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടു. പല വിദേശരാജധാനികളിലും അയാൾ ദൗത്യം വഹിച്ചു. ൧൮൫൧-ൽ ഉണ്ടായ ഉടമ്പടിയിൽ പങ്കു കൊണ്ടു. ൧൮൬൨-ൽ പ്രഷ്യാസംസ്ഥാനത്തിലെ മന്ത്രിയായി. അന്നു മുതൽ അയാൾ സ്വഭാവസിദ്ധമായ പുരുഷത്വം കാണിച്ചുതുടങ്ങി. ഏതു സംഗതിയിലും അയാളുടെ പൗരുഷേയം വ്യക്തമായി. "മഹാകാര്യങ്ങൾ പ്രവചനംകൊണ്ടും സഭകളുടെ തീരുമാനംകൊണ്ടുമല്ല, കരവാളവും രക്തവുംകൊണ്ടാണ് സാധിക്കുന്നതു്", എന്നു് പരസ്യമായി പ്രസ്താവിച്ചതു മുതൽ അയാളെ 'കരവാളരക്തനരസിംഹ'മായി എല്ലാവരും ഗണിച്ചു. വീരപുരുഷനായ ബിസ്മാക്ക് പ്രജാസഭകളെയും പ്രജാഭരണതന്ത്രങ്ങളെയും തൃണവൽകരിച്ചു്, സ്വമേധയായി സകല അധികാരങ്ങളും നടത്തി. ശേഷിയും, ദൃഢനിശ്ചയവും, പുരുഷകാരവും, നിർദ്ദാക്ഷിണ്യവും, ധൈര്യവും പൂണ്ട ആ മനുഷ്യന്റെ മുമ്പിൽ സകലരും

ഈൗയ്യൽ പോലെ വിറച്ചു. സുഗ്രീവാജ്ഞ നടത്തിയ അയാൾ, ജമ്മനിരാജ്യത്തിൻെറ ഏകീകരണത്തിനുള്ള പ്രയത്നം തുടങ്ങി. പണ്ഡിതന്മാരും കവികളും ശാസ്ത്ര-ജ്ഞന്മാരുമെല്ലാം സൃഗാലസമം മൂലയിൽ പതുങ്ങി. സിംഹവിക്രമനായ ബിസ്മാക്ക്, 'കരവാളരക്ത'പ്രച-ണ്ഡമായ സേനാസന്നഹനത്തിനു് ഒരുമ്പെട്ടു. അജയ്യ-യായ സേനയുടെ ആവിർഭാവത്തിൽ യൂറോപ്പിലെ മററു രാജ്യക്കാർ ശങ്കിതരായി ചമഞ്ഞു. ജമ്മനിയുടെ മുഷ്ക്കേറിയ വളച്ച് അതിൻെറ പ്രാമുഖ്യത്തെ സ്ഥിരീക-രിച്ചു. "ജമ്മനിയാണു ബിസ്മാക്ക്, ബിസ്മാക്കാണു് ജമ്മനി' എന്നു് എല്ലാവരും സമ്മതിച്ചു. ജമ്മനി യൂറോപ്പിൽ ഒരു 'മഹാശക്തി' ആയി. രാജ്യാന്തരങ്ങ-ളുമായുള്ള ഇടപാടുകളിലെല്ലാം അഗ്രഗണ്യത ലഭിക്ക-യാൽ ഞെളിഞ്ഞ ജമ്മനി ബിസ്മാക്കിൻെറ ദുസ്സ്വാ-തന്ത്ര്യങ്ങളെ ദാക്ഷിണ്യപൂർവം സഹിച്ചു.

ഇന്നതു് ചെയ്യണം, ഇന്ന കടവിൽ അടുപ്പി-ക്കണം; എന്നു് നല്ലപോലെ ഉറച്ചുകൊണ്ടായിരുന്നു ബിസ്മാക്ക് ഭരണം ആരംഭിച്ചതു്. അതിനു് എള്ളി-ടക്കു് മാററം അയാൾ വരുത്തിയില്ല. ജമ്മനിയെയും, തട്ടാരാ സ്വതന്ത്രമായ പ്രഷ്യയെയും, യൂറോപ്പിൻെറ മുന്നണിയിൽ കൊണ്ടുവന്നു്, അക്കാലത്തു് മൂന്നാം നെപ്പോളിയൻെറ ആധിപത്യത്തിൽ പ്രാമാണ്യം വഹിച്ചിരുന്ന ഫ്രാൻസിനെയും, പണ്ടേതന്നെ മേൽ-ക്കോയ്മ ഭരിച്ചു കൊമ്പത്തിരുന്ന ആസ്ത്രിയയെയും തല താഴ്ത്തിച്ച്, അധിഭർത്തൃത്വം സ്വരാജ്യത്തിനു് നേട-ണമെന്നായിരുന്നു ബിസ്മാക്കിൻെറ ദൃഢനിശ്ചയം. പഴ-യ സമ്പ്രദായത്തിലുള്ള രാജതന്ത്രത്തിൻെറ സാഫല്യ-തക്കു് ബിസ്മാക്കിൻെറ വിജയം ഉത്തമനിദർശ്ശന-മാകുന്നു.

സേനാവ്യൂഹത്തെ ബിസ്മാക്ക് ഇരുചെവിയറി-യാതെ സന്നദ്ധമാക്കി. അക്കാലത്തു് മൂന്നാം നെപ്പോ-ളിയൻ ആസ്ത്രിയയെ തോല്പിച്ചതും, ഗാരിബാൾഡി ഇററലിക്കു് സ്വാതന്ത്ര്യം നേടിയതും, ബിസ്മാക്കിൻെറ ഉദ്ദേശ്യത്തെ ഒന്നുകൂടി ഉറപ്പിച്ചു. റഷ്യയിലെ സാർ-ചക്രവത്തി, കീഴ്‌രാജ്യമായിരുന്ന പോളണ്ടു് പിണങ്ങി-യതിനാൽ, യുദ്ധത്തിൽ ഏറ്റപ്പെട്ടിരുന്നു. അതിന്നു് സഹായിക്കാമെന്നും, വേണ്ടിവന്നാൽ പോളണ്ടിൻെറ ജനങ്ങളെ വെടിവെച്ചു ചുട്ടുകളയാമെന്നും, ബിസ്മാക്ക് റഷ്യാചക്രവത്തിയെ ധരിപ്പിച്ചു്, അദ്ദേഹത്തിൻെറ സഖ്യം നേടി. പിന്നീടു് ആസ്ത്രിയയുമായി കൂട്ടുകൂടി, ഡെൻമാക്കു് രാജ്യത്തെ ആക്രമിച്ചു് തോല്പിച്ചു. ഏറെ താമസിയാതെ സഹായികളായിരുന്ന ആസ്ത്രിയരെ തിരിഞ്ഞുകുത്തി. അതിന്നു് ഫ്രാൻസിനെയും ഇററലി-യേയും സഖ്യം പിടിച്ചു. ൧൮൬൬-ൽ ആസ്ത്രിയ പ്രഷ്യക്കു് കീഴടങ്ങി. ജമ്മനിക്കു് പ്രാമുഖ്യം സിദ്ധ-മായപ്പോൾ, മഹാമനസ്കത ഭാവിച്ചു് ആസ്ത്രിയയെ ബഹുമാനിച്ചു. ശത്രുക്കളെ അകററിയതിൻെറ ശേഷം, പ്രഷ്യയുടെ നേതൃത്വത്തിൽ ഉത്തരജമ്മൻസംയുക്ത സംസ്ഥാനത്തെ സൃഷ്ടിച്ചു. അവിടെ ബിസ്മാക്ക് 'ചാൻ-സല്ലർ'സ്ഥാനം വഹിച്ചു. ഈ പുതുഭരണനയം അഞ്ചു് മണിക്കൂർ കൊണ്ടാണത്രെ അയാൾ സ്ഥാപി-ച്ചതു്. ഇക്കാലത്തു് അഞ്ചു വഷംകൊണ്ടു് അതു സാധിക്കുന്നില്ല! മഹായുദ്ധാനന്തരം ൧൯൧൮-ൽ റിപ്പ-ബ്ളിക് ആയതു വരെ, ജമ്മനിയിലെ ഭരണം ബി-സ്മാക്കു് സ്ഥാപിച്ച രീതിയിൽതന്നെ നടന്നു.

ഒന്നാമത്തെ ഉദ്ദേശ്യം, അതായതു, ജമ്മനിയെ യൂറോപ്പിൽ പ്രമാണി ആക്കുക എന്നുള്ളതു്, ബിസ്മാക്ക ഇങ്ങനെ സാധിച്ചു. ഇനി ഫ്രാൻസിൻെറ അഹംഭാവം ശമിപ്പിക്കയാണു വേണ്ടതെന്നു് അയാൾ ഉറച്ചു. ജമ്മൻ

ജനങ്ങളെ യോജിപ്പിച്ചും, എന്നാൽ മററു രാജ്യങ്ങൾക്ക് ദുശ്ശങ്കകൾക്ക് അവകാശം കൊടുക്കാതെയും അയാൾ ശ്രദ്ധമായി ഒരുക്കങ്ങൾ ചെയ്തു. യുദ്ധത്തിൽ തോല്പിച്ച ആസ്റ്റ്റിയയെ ഏററവും സൗജന്യമായി ഭാവിച്ചതിൽ ആസ്റ്റ്റിയന്മാൎക്ക് ഉണ്ടായിരുന്ന വൈരസ്യം അസ്തപ്രായമായി. ഫ്രഞ്ചുകാരുടെ പുരാണശത്രുക്കളായിരുന്ന ഇംഗ്ലീഷുകാരെ സ്വാധീനപ്പെടുത്താൻ ബിസ്മാൎക്കിന്ന് തീരെ പ്രയാസം വേണ്ടിവന്നില്ല. വിശേഷിച്ചും, നെപ്പോളിയൻ മൂന്നാമന്റെ ദുരാഗ്രഹങ്ങളെപ്പററി ഇംഗ്ലീഷുകാൎക്ക് ദുശ്ശങ്കകളും അക്കാലത്തു് ജനിച്ചിരുന്നു. സകലതും സന്നദ്ധമാക്കിയതിന്റെ ശേഷം, നെപ്പോളിയനെ കുത്തിപ്പൊക്കി. ആ ഏഭ്യൻ ഇളകി പുറപ്പെട്ടു്, ജൎമ്മനിയുടെ തലസ്ഥാനം പൊടുന്നനെ പിടിച്ചുളയാം എന്നു് മോഹിച്ചു. ആതതായി ആയി വന്ന ശത്രുവിനെ ആത്മരക്ഷക്ക് വേണ്ടി തടുക്കുന്നതു് ധൎമ്മമാണെന്നുള്ള ഭാവേന, ബിസ്മാൎക്ക് ബലിഷ്ഠമായ പട്ടാളത്തെ ഫ്രാൻസിന്റെ വടക്കു കിഴക്കെ അതൃത്തിയിൽ കൂടി കടത്തി, പോർ നടത്തി, ഫ്രാൻസിന്റെ സേനയെ പപ്പടം പോലെ പൊടിച്ചു. സിഡാൻ എന്ന സ്ഥലത്തു് വെച്ചുണ്ടായ യുദ്ധത്തിൽ നെപ്പോളിയനും പട്ടാളവും ജൎമ്മന്മാരുടെ തടവുകാരായി. ഇങ്ങനെ ൧൮൭൦-ൽ ഫ്രാൻസിലെ രണ്ടാമത്തെ സാമ്രാജ്യം അവസാനിച്ചു. ദുരാഗ്രഹികൾ ഉള്ള കഞ്ഞിയിൽ പാററ ഇടുന്ന കൂട്ടരാണല്ലോ. എന്തെല്ലാം പ്രലോഭനങ്ങൾ കാണിച്ചു് അവർ ജനമനം മയക്കിയാലും, ഒടുവിൽ സത്യം വെളിപ്പെടാതിരിക്കയില്ല.

നെപ്പോളിയൻ ബന്ധനസ്ഥനായപ്പോൾ, പാരീസ്സിൽ പിന്നെയും രാഷ്ട്രീയരക്ഷണ (National Defence) സമിതി ഭരണാധികാരം ഏററു് ജൎമ്മൻകാരോടു് സമാധാനം യാചിച്ചു. ജൎമ്മനിയാകട്ടെ, ഫ്രാൻസിന്നു്

മാനഹാനി വരത്തക്കവണ്ണമുള്ള ഉടമ്പടികൾ ആവശ്യ-പ്പെട്ടകയാൽ, ഫ്രഞ്ചുകാർ ആളും കോപ്പും കൂടാതെ യുദ്ധം തുടൻ. പാരീസ് പട്ടണം വളഞ്ഞു്, ജമ്മനി ഫ്രാൻസിനെ കീഴടക്കി. ഗത്യന്തരമില്ലാതെ ജമ്മനി ആവശ്യപ്പെട്ടതെല്ലാം അവർ സമ്മതിച്ചു. യുദ്ധത്തിനു് നഷ്ടപരിഹാരമായി ഊക്കൻ തുക കെട്ടി വയ്പിച്ചതു പോരാതെ, അൽസേസ് എന്നും ലൊറൈൻ എന്നുമുള്ള സംസ്ഥാനങ്ങളും ജമ്മന്മാർ കൈക്കലാക്കി, ഫ്രാൻസിൻെറ തേജോവധം കഴിച്ചു. അതും പോരാതെ, പ്രസിദ്ധനായിരുന്ന ലൂയി പതിന്നാലാമൻെറ വാർസെയിത്സ് കൊട്ടാരത്തിൽ വെച്ചു് ഫ്വബ്രൈ ജനുവരിയിൽ പ്രഷ്യൻ രാജാവിനെ സംയുക്തജമ്മനിരാജ്യത്തിൻെറ 'കൈസർ', എന്നുവെച്ചാൽ സാമ്രാട്ട്, ആയി പ്രഖ്യാപനവും ചെയ്തു. ജമ്മനിയിലെയും മററു് രാജ്യങ്ങളിലെയും രാജാക്കൾ അവിടെ വന്നു കൈസരെ കുമ്പിട്ടു. ഹോഹൻസോളേൺ എന്ന പ്രഷ്യൻ രാജവംശം ലോകത്തിലെ മഹാശക്തികളിൽ പ്രഥമഗണനീയമായിത്തീൻ. ബിസ്മാക്കിൻെറ ഈ ചാണക്യസൂത്രം തല്ക്കാലം നല്ലപോലെ ഫലിച്ചു; എങ്കിലും, അമ്പതു കൊല്ലം കഴിയും മുമ്പിൽ, ലോകത്തെ മഹാപ്രളയത്തിൽ ചാടിക്കയും, ജമ്മനിക്കു് തല കുമ്പിടേണ്ടി വരികയും ചെയ്തു എന്നുള്ളതു്, നിയതിയുടെ അലംഘനീയതയെ വെളിവാക്കുന്നു.

പൂച്ചക്കു് ഉത്സാഹം, എലിക്കു് പ്രാണവേദന. ജമ്മൻകാർ കൂത്താടുമ്പോൾ, ഫ്രഞ്ചുകാർ അമ്പരന്നു. ശരിയായ ഉറപ്പുള്ള കേന്ദ്രഭരണം പോലുമില്ലാതെ അവർ കഷ്ടപ്പെട്ടു. പ്രജാസഭയിലുള്ളവർ ഏറിയക്രമം രാജപക്ഷീയരായിരുന്നതിനാൽ, അവർ രാജാവിനെ തിരിച്ചു് വരുത്താൻ ഉപജാപങ്ങൾ നടത്തിവന്നു. രാജാവു് വന്നാൽ പിന്നെയും പഴയപടി തോന്ന്യാസ-

മാവും. രാജപക്ഷീയരും ജനപക്ഷീയരും തമ്മിൽ അടിപിടിയായി. അപ്പോൾ പാരീസ്സിലെ 'നഗരസഭ' (Commune) ഭരണാധികാരം കൈക്കൊണ്ടു. ഫവ്വരി- ലാണു് ഇങ്ങനെ നടന്നതു്. ഏതാനും മാസം മാത്ര- മേ ഈ നഗരസഭാഭരണം നടന്നുള്ളു. എങ്കിലും ഇന്നു് റഷ്യയിൽ ഏപ്പെട്ടിരിക്കുന്ന 'സോവിയററു്' ഭരണ സമ്പ്രദായത്തിനു് വഴി കാണിച്ചതു് ഈ നഗരസഭാ ഭരണമാകുന്നു. സാമാന്യജനങ്ങൾ തന്നെ ഭരണക- ർത്തൃത്വം വഹിച്ചതു്, പ്രഭുക്കൾക്കും മുതലാളികൾക്കും ഒട്ടും ഇഷ്ടമായില്ല. അതിനാൽ അവർ എതിരായി പാരീസ് നഗരത്തെ ഉപരോധം ചെയ്തു. വാർസെ- യിൽസിലെ ഉടമ്പടി കഴിഞ്ഞപ്പോൾ, തടവുകാരായി- രുന്ന ഫ്രഞ്ചുകാരെ ജർമ്മൻകാർ വിട്ടുകൊടുത്തു. അവരും പ്രഭുകക്ഷിയിൽ ചേർന്നു. അതുകൊണ്ടു് ജനങ്ങളുടെ രാജ്യഭാരം ഫവ്വരി മേ മാസത്തിൽ നിലച്ചു. എന്നു തന്നെയല്ല, ജനകക്ഷിക്കാരിൽ മുപ്പതിനായിരം പേരെ രാജപക്ഷീയർ നഗരവീഥികളിൽ വെച്ചു് വെട്ടി- ക്കൊന്നു. ഈ അതിക്രമം നിമിത്തം സാമാന്യജന- ങ്ങൾക്കു് പ്രഭുത്വത്തോടും മുതലാളിത്തത്തോടും വെറുപ്പു് ഉണ്ടായി. 'കമ്മ്യൂണിസം' എന്ന പേ- രിൽ ഇന്നു് സുപ്രസിദ്ധമായിരിക്കുന്ന സമഷ്ടിവാദം ഉത്ഭവിക്കയും കമ്യൂണിസ്ററുകൾ എല്ലാ രാജ്യങ്ങളിലും ഗവർമ്മെൻറുകാരുടെ വിരോധികളായിത്തീരുകയും ചെയ്തു. സ്വതന്ത്രരാജാധികാരത്തിൻെറ നേർവിപ- രീതമാണു് 'കമ്യൂണിസം'. കമ്യൂണിസം തന്നെയാണു് 'സോവിയററു്ഭരണം'. സോവിയററു്ഭരണം റഷ്യ- യിൽ ഇന്നു പുലരുന്നു. മററു യൂറോപ്യൻ രാജ്യക്കാ- രെല്ലാം അതുകൊണ്ടു് റഷ്യയെ വെറുക്കുന്നു. അക്കഥ പിന്നെ പറയാം.

കമ്യൂൺഭരണം,അതായതു നഗരസഭാഭരണം,പാ്രീസ്സിൽ തുലഞ്ഞു; എങ്കിലും, രാജപക്ഷീയക്ക് തിരികെ രാജാവിൻെറ ഭരണം സ്ഥാപിക്കാൻ സാധിച്ചില്ല. ജനപ്രതിനിധിഭരണത്തിൽ ഫ്രഞ്ചുകാർ പ്രതിപത്തി ഉള്ളവരായിരുന്നതിനാൽ, ൧൮൭൫ ജനുവരിയിൽ മൂന്നാമത്തും റിപ്പബ്ളിക് ഭരണം ഏൎപ്പെട്ടു. അതാണ് ഇന്നും നിൽക്കുന്നതു്. *ജനപ്രതിനിധികൾ മിക്കതും മുതലാളികളാകുന്നു. അതുകൊണ്ടു് ഫ്രഞ്ചു് റിപ്പബ്ളിക് ഒരു വക മുതലാളിഗവൎമ്മെൻറു തന്നെ എന്നു വേണം പറയാൻ.

ക്രമേണ ഫ്രഞ്ചുകാർ ജൎമ്മനി ചെയ്ത ദ്രോഹങ്ങളിൽനിന്നും കഷ്ടനഷ്ടങ്ങളിൽനിന്നും രക്ഷപ്പെട്ടു. എങ്കിലും, സിഡാൻയുദ്ധം നിമിത്തം ഉണ്ടായ കുറച്ചിൽ ഫ്രഞ്ചുകാരുടെ മനസ്സിൽ എരിഞ്ഞുകൊണ്ടിരുന്നു. വിഭവസമൃദ്ധമായ അൽസേസ്, ലൊറൈൻ, എന്നു് രണ്ടു് സംസ്ഥാനങ്ങൾ പോയതും അവരുടെ കണ്ണിൽ കൂടി ചോര ഒലിപ്പിച്ചു. ൧൯൧൮-ൽ മഹായുദ്ധാനന്തരം ജൎമ്മനിയെ കൊമ്പു കുത്തിച്ചു്, ആ സംസ്ഥാനങ്ങളെ തിരിച്ചെടുത്തപ്പോൾ മാത്രമേ, ഫ്രഞ്ചുകാരുടെ മാനഹാനി തീൎന്നു് മനസ്സിലുണ്ടായിരുന്ന പുണ്ണു് ആറിയുള്ളു.

ബിസ്മാൎക്കാകട്ടെ, കരവാളരക്തപ്രചണ്ഡമായ സ്വനയത്തെ ജൎമ്മൻ ചാൻസല്ലറായി (പ്രധാനമന്ത്രി) ഇരുന്നു് ഏറിയ നാൾ നടത്തി, രാജാധിപത്യത്തെ സൎവ്വമാന്യമാക്കി, പ്രജകളുടെ അധികാരത്തെ തുലച്ചു. അയസ്സ്ഹൃദയനായ മന്ത്രിപ്രമുഖൻ ജനാധികാരത്തെ തുണീകരിച്ചു എങ്കിലും, ജൎമ്മനിയിലുണ്ടായ വ്യവസായാഭിവൃദ്ധി തൊഴിലാളികളെ പുരോഗമിപ്പിച്ചു.

---

* ഇപ്പോൾ നടക്കുന്ന ജൎമ്മൻ യുദ്ധത്തിൽ ഫ്രാൻസ് ജൎമ്മനിക്കു കീഴടങ്ങി മൂന്നാം റിപ്പബ്ളിക്കും നിലച്ചു.

നാൾക്കുനാൾ പ്രാബല്യം നേടിവന്ന ഈ തൊഴിലാളിവൎഗ്ഗത്തെ അഭിമുഖീകരിക്കാതെ നിവൃത്തിയില്ലെന്നു് നൃസിംഹരൂപനായ മന്ത്രിക്കു് പോലും തോന്നി. അയാൾ എന്തു ചെയ്യു? അവർ കയറി ഒപ്പത്തിനു് വന്നിരിക്കാൻ ഒരുമ്പെടുന്നതിനു് മുമ്പിൽ, അനഭ്യൎത്ഥിതങ്ങളായ അൎത്ഥങ്ങളെയും കാമങ്ങളെയും നല്കി അവരെ തൃപ്തിപ്പെടുത്തി. മല്ലിട്ടു കയറാൻ വരുന്നവനെ, മുമ്പിട്ടു് തന്നെ അങ്ങോട്ടു് ചെന്നു് ക്ഷണിച്ചു് വേണ്ടതു കൊടുക്കുന്ന നയം ബുദ്ധിമാന്മാർ അനുഷ്ഠിച്ചാൽ, കലാപങ്ങൾ കൂടാതെ ശാന്തമായി കാൎയ്യങ്ങൾ നടക്കും. അല്ലെങ്കിൽ വഴക്കു് മൂത്തു് കലഹങ്ങളും വിപ്ലവങ്ങളും നേരിടുന്നു. അതിനൊന്നും ഇട കൊടുക്കാതെ തൊഴിലാളികൾക്കു് ഗുണകരങ്ങളായ നിയമങ്ങളെയും, ഭീമകളെയും, കൂലിച്ചട്ടങ്ങളെയും, വാർദ്ധക്യത്തിലുള്ള അടുത്തൂണുകളെയും, ആതുരരക്ഷാമാൎഗ്ഗങ്ങളെയും മററും ബിസ്മാൎക്കു് മുൻകൂറായി സൃഷ്ടിച്ചു. അതുകൊണ്ടു് കലാപങ്ങൾ ഒന്നും ഉണ്ടായില്ല.

എങ്കിലും, സമതാവാദത്തിനു പ്രാബല്യം ജൎമ്മനിയിൽ വൎദ്ധിക്കാതിരുന്നില്ല. തൊഴിലാളിസംഘങ്ങൾ അവിടത്തെപ്പോലെ ബലിഷ്ഠങ്ങളായി മററൊരു നാട്ടിലും ഉണ്ടായിട്ടില്ല. സമതാവാദപ്രമാണികളായ ഫെർഡിനാൻഡ് ലാസ്സെല്ലി, വിൽഹെല്മ് ലൈബ്നക്ത്, കാറൽ, കാറൽ മാൿസ് എന്നുള്ളവരെല്ലാം ജൎമ്മനിയിൽ ഉണ്ടായവരാണു്. തൊഴിലാളിസംഘങ്ങൾ ചേൎന്നു് ജാനപദസമതാവാദസംഘം (Socialist Democratic Party) എന്നൊരു സമിതി അവിടെ തുടങ്ങിയതു് ബിസ്മാൎക്കിനു് തീരെ രസിച്ചില്ല. ചക്രവൎത്തിയെ കൊല്ലാൻ ഗൂഢാലോചന നടത്തി എന്നു് ആ സംഘക്കാരുടെ മേൽ ഒരു

കുററം ചുമത്തി, സമിതിയെ അയാാം നശിപ്പിച്ചു. ഫ്രഞ്ചുകാർ വൈരനിർയ്യാതനത്തിനു പുറപ്പെടാതിരിക്കയില്ലെന്നു് ശങ്കിച്ചു്, ബിസ്മാർക്ക് ആസ്ത്രിയയോടും ഇററലിയോടും സഖ്യം ചെയ്തു. ഇതിനു് ത്രികക്ഷിസഖ്യം (Triple Alliance) എന്നായിരുന്നു പേർ.

ഇങ്ങനെ എല്ലാം ഉറപ്പിച്ചിരിക്കുമ്പോൾ, ൧൮൮൮-ൽ വില്യം രണ്ടാമൻ എന്ന യുവാവു് ജർമ്മൻ ചക്രവർത്തിയായി. അച്ഛനെ പോലെയോ അപ്പൂപ്പനെ പോലെയോ അല്ലായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതി. വിക്ടോറിയാ ശ്രീമഹാരാജ്ഞിയുടെ മൂത്ത മകളുടെ മകനായ ഈ രാജകുമാരനു് ദാംഭികത്വം ചില്ലറയല്ലായിരുന്നു. സ്ഥാനംകൊണ്ടും ഔജ്ജിത്യം കൊണ്ടും തനിക്കൊപ്പം ഒരാളില്ലെന്നുള്ള ഒരു അഹംഭാവം പൂണ്ടു്, ധീരവൃദ്ധമന്ത്രിസത്തമനായിരുന്ന ബിസ്മാർക്കുമായി പിണങ്ങി, മന്ത്രിസ്ഥാനം രാജിവെയ്പിച്ചു് അയാളെ വീട്ടിൽ അയച്ചു. രാജാവു് എന്നും മററും അയാൾക്കു സ്ഥാനമാനങ്ങളെല്ലാം കൊടുത്തു. എങ്കിലും നൃസിംഹതുല്യനായിരുന്ന ആ മന്ത്രിസത്തമൻ ഒരു സ്നേഹിതനോടു് ഇങ്ങനെ പറയുകയുണ്ടായി:- "രാജസ്ഥാനത്തോടു് ഏറിയ ഭക്തിയും ക്രമം സമ്പാദിച്ചുകൊണ്ടാണു് ഞാൻ ഉദ്യോഗം ആരംഭിച്ചതു്; കഷ്ടം! ആ സ്വത്തെല്ലാം അഴിഞ്ഞുപോയി. മൂന്നു് രാജാക്കളെ നഗ്നരായി ഞാൻ കണ്ടു. ആ കാഴ്ച എനിക്കു് ഒട്ടും രസിച്ചില്ല." ഈ വൃദ്ധൻ ൮൩- വയസ്സു വരെ ജീവിച്ചിരുന്നു്, ൧൮൯൮-ൽ മരിച്ചു. കൈസർ അയാളെ വേലയിൽനിന്നു് നീക്കി എങ്കിലും, അയാൾ ജീവിച്ചിരുന്ന കാലത്തും പിന്നീടും അയാളുടെ നയം തന്നെയാണു് ജർമ്മനി നടത്തിവന്നതു്. എപ്പോഴെങ്കിൽ ആ നയം വിട്ടു് പ്രവർത്തിച്ചോ, അപ്പോൾ

ജർമ്മനിക്കു് നാശം നേരിട്ടു. മഹായുദ്ധാനന്തരം ജർമ്മനി ഒരു റിപ്പബ്ളിക്കായിരിക്കുന്നു. ജനായത്ത-ഭരണം എന്നുള്ള പേർ മാത്രം; ഭരിക്കുന്നതോ? ഹിററ്-ലരും അയാളുടെ 'കറുത്ത കുപ്പായ'ക്കാരും. ബിസ്മാർക്കു് ചത്തിട്ടും അയാളുടെ പിശാചു് ജർമ്മനിയിൽ നിഴലി-ട്ടിട്ടുണ്ടു്. 'കരവാളരക്തചണ്ഡ'ത്വം തന്നെയാണു് ഇന്നും ജർമ്മനിയുടെ ഭരണനയം.

---

# എഴുപത്തിഎട്ടാം അദ്ധ്യായം

---

## ലാവണ്യകലാഭിവൃദ്ധി.

സാമുദായികമായും വ്യാവസായികമായും രാഷ്ട്രീയ-മായും പത്തൊമ്പതാം ശതകത്തിൽ പരിഷ്കൃതലോക-ത്തിനു് ഉണ്ടായ അവസ്ഥാന്തരങ്ങളെ കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ഏതാണ്ടു് നിർദ്ദേശിച്ചു. സം-ഗീതം, സാഹിത്യം, ചിത്രകല, ശില്പം എന്നുള്ളവ ജന സമുദായത്തിൻെറ പുരോഗമനത്തെ വാസ്തവത്തിൽ പ്രതിഫലിപ്പിക്കുന്നു. ഒന്നു് സമുദായത്തിന്റെ ബാഹ്യ-ശരീരമാണെങ്കിൽ, മറേറതു് അതിൻെറ ആത്മാവാ-കുന്നു. രണ്ടും ഒന്നുചേർന്നിരുന്നെങ്കിലല്ലാതെ സമുദാ-യത്തിനു് ജീവൻ ഉണ്ടായിരിക്കയില്ല. അതിനാൽ ഈ അദ്ധ്യായത്തിൽ ഈ ലാവണ്യകലകൾക്കു് ഉണ്ടായ വൃദ്ധിക്ഷയങ്ങളെപ്പററി അല്പം ചിന്തിക്കാം. മഹത്തായ ഈ വിഷയത്തെ വേണ്ടുംവണ്ണം വിവരിക്കാൻ മേധാ-വിത്വവും സൂക്ഷ്മജ്ഞാനവും വിവേകവും ധാരാളം വേണം. അതു് നമുക്കില്ലെന്നു് സമ്മതിക്കാതെ തരമില്ല. ഒരു മഹാഗ്രന്ഥംകൊണ്ടു് പറയേണ്ടുന്ന

സംഗതികളെ ചുരുക്കിപ്പറയാൻ തുനിയുന്നതും സാഹസമാണു്. വിദ്വാന്മാക്കു് സരസമായ ഗവേഷണത്തിനു് ആകർഷണീയമായ ഒരു വൻതുറയുണ്ടെന്നു് നിർദ്ദേശിക്കാൻ മാത്രമാണു് ഇവിടെ അല്പം പ്രസ്താവിക്കുന്നതു്.

മുമ്പുള്ള കാലങ്ങളിൽ ഈ കലകൾക്കു് ഉണ്ടായിട്ടുള്ള പരിണാമങ്ങളെയും പ്രോത്സാഹനങ്ങളെയും അവിടവിടെ സൂചിപ്പിച്ചിട്ടുണ്ടു്. വേദകാലം മുതൽ ഭാരതഭൂമിയിൽ ഉണ്ടായിട്ടുള്ള സാഹിത്യസംരംഭങ്ങൾ കുറഞ്ഞോന്നു് അല്ലായിരുന്നു എന്നു് ഗൈർവാണീചരിത്രം സാക്ഷീകരിക്കുന്നു. പ്രകൃതിവിലാസങ്ങൾ മാനുഷഹൃദയത്തിൽ ഉദ്ദീപിപ്പിക്കുന്ന ഭാവങ്ങളെ ചിത്രീകരിക്കുന്നതിനു് സാഹിത്യം ഒരു ഉത്തമോപായമായിരുന്നു എന്നുള്ളതു് വേദമന്ത്രങ്ങളും ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും കാവ്യങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്. ചിന്താശീലരായ മേധാവികൾ അവയിൽ നിന്നു തന്നെ ലോകതത്ത്വങ്ങളെയും ധർമ്മാധർമ്മവിവേകത്തെയും ഗ്രഹിച്ചു് ലോകോപകാരാർത്ഥം സ്മൃതികളായും പുരാണങ്ങളായും ശാസ്ത്രങ്ങളായും തന്ത്രങ്ങളായും നമുക്കു് തന്നിട്ടുള്ള അനർഘമായ സ്വത്തിനു് അവസാനമില്ല. വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്ന സാഹിത്യം ഓരോ കാലത്തു് ഗൈർവാണിയിൽ ഉണ്ടായിട്ടുള്ളതിന്റെ വൈപുല്യം എത്രയുണ്ടെന്നു് ഇതുവരെയും ആരും കണ്ടിട്ടില്ല. വൈദികം ലൗകികം, മതം, ശാസ്ത്രം, വിജ്ഞാനം, വിനോദം, ഷഡ്ദർശനങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, തർക്കം, വ്യാകരണം, മീമാംസ, ഗണിതം, വേദാന്തം, ശില്പം, സംഗീതം, നാട്യം, എന്നിങ്ങനെ ഓരോ തുറകളിലും നോക്കിയാൽ ലക്ഷക്കണക്കിനു് ഗ്രന്ഥങ്ങൾ വിദ്വാ-

ന്മാർ രചിച്ചിട്ടുണ്ട് എന്നും, അവയിൽ പലതും ഇന്ന് നഷ്ടമായിട്ടുണ്ടെന്നും നമുക്ക് അറിയാം. വൈദിക കാലത്ത് ഉണ്ടായതിൽ ഒട്ടും കുറവല്ല ബുദ്ധമതാവിർഭാവത്തിനു ശേഷം ഉണ്ടായ ഗ്രന്ഥങ്ങൾ. വാസ്തവത്തിൽ ബൗദ്ധഗ്രന്ഥങ്ങളുടെ വൈവിധ്യവും വൈപുല്യവും അതിനു മുമ്പുണ്ടായിരുന്ന സാഹിത്യസംരംഭങ്ങളെ അതിക്രമിച്ചിരുന്നു എന്നു വേണം പറയാൻ. ചരിത്രം, ശാസ്ത്രം, ശില്പം, തന്ത്രം, രസവാദം, ജാലവിദ്യ, വൈദ്യം, രാജനീതി, ധർമ്മം എന്നുള്ള ലോകോപകാരങ്ങളായ വിഷയങ്ങളിൽ ഉണ്ടായ ബൌദ്ധഗ്രന്ഥങ്ങൾക്കു കണക്കില്ല. ബൗദ്ധസമുദായത്തിന്റെ ഉച്ചൈസ്തരയായ അഭിവൃദ്ധിയെ അവ ദ്യോതിപ്പിക്കുന്നു. ഗൈർവ്വാണിയിലുണ്ടാക്കിയവയിൽ ഒട്ടും കുറവല്ല പാലിഭാഷയിൽ അവർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ. പാലി സംസ്കൃതത്തിന്റെ ഒരു പ്രാകൃതഭാഷയാണ്. സംസ്കൃതത്തിൽ നിന്നു പല ദേശീയഭാഷകളും നടപ്പായി. ബംഗാളി, പഞ്ചാബി, കാശ്മീരി, ഗുജ്ജരി, മഹാരാഷ്ട്രി എന്നിങ്ങനെ ഉണ്ടായ പ്രാകൃതദേശീയഭാഷകൾ, ആദ്യം സംഭാഷണദശയിൽ ഇരുന്നതു വിട്ട്, ഗ്രാമീണജനങ്ങൾക്ക് രസിക്കാനുള്ള കവനങ്ങൾക്ക് ഉതകുന്ന ഭാഷകളായതു്, ബുദ്ധാവേശത്തിനു പിന്നീടാകുന്നു. ദേശീയഭാഷകൾക്കു പ്രചാരം കൂടിയ ക്രമത്തിനു ഗൈർവ്വാണി പണ്ഡിതഭാഷയായി ഒതുങ്ങി. രാജാക്കന്മാരുടെയും വിദ്വാന്മാരുടെയും സദസ്സുകളെ മഹാകവികൾ അലങ്കരിച്ചു. ഭാസൻ, കാളിദാസൻ, ഭവഭൂതി, മാഘൻ, മുരാരി, ശ്രീഹർഷൻ, ഭാരവി, ഭട്ടബാണൻ എന്നിങ്ങനെ അസംഖ്യം കവികേസരികൾ ചെയ്തിട്ടുള്ള കാവ്യതല്ലജങ്ങൾ ഇന്നും ലോകപ്രകാശകങ്ങളായ വാടാവിളക്കുകളായി വിളങ്ങുന്നു. എങ്കിലും ക്രമേണ സംസ്കൃതത്തിനു വ്യവ-

സ്ഥകളും നിയമങ്ങളും ഉറച്ചു്, വ്യാവഹാരിതപവും വ്യാപ്തിയും ചുരുങ്ങി. കുറെ കഴിഞ്ഞപ്പോൾ അതിനെ മൃതഭാഷയെന്നു പോലും പറയാൻ തുടങ്ങി! സംസ്കൃതത്തിലല്ലായിരുന്നു ആരുടെയും സംസാരം. പ്രാകൃതഭാഷകൾ ആ സ്ഥാനം കൈക്കലാക്കി. ദേശീയഭാഷകൾക്കു് പ്രചാരം വർദ്ധിച്ചു. അപ്രകാരം വർദ്ധിച്ചുവന്ന ബംഗാളിലെ വംഗഭാഷക്കു് പൊലിപ്പും സിദ്ധിച്ചു. സംസ്കൃതഭാഷയുടെ പ്രചാരക്കുറവിനു് മഹമ്മദീയാക്രമണവും സാരമായ കാരണമായി. മുസ്ലിമിങ്ങൾ അവരുടെ അറബിയും പർസ്യനും ഭാഷകളെ പ്രചരിപ്പിച്ചപ്പോൾ, അതും സംസ്കൃതവും ചേർന്നു് കൂട്ടകറിയായിട്ടുള്ള ഉറദു, ഹിന്ദി, ഹിന്ദുസ്ഥാനി എന്നിങ്ങനെ പല ഭാഷകളും നടപ്പായി. അവയിലും അനേകം കവനങ്ങൾ ഉണ്ടായി.

ഇൻഡ്യയുടെ ഉത്തര ദേശങ്ങളിൽ ഗൈർവാണിക്കുണ്ടായിരുന്ന സ്ഥാനം ദക്ഷിണദേശങ്ങളിൽ ദ്രാവിഡഭാഷ വഹിച്ചു. ദ്രാവിഡത്തിൻെറ തായിഭാഷ തമിഴ് ആകുന്നു. തെലുങ്കു്, കർണ്ണാടകം, മലയാളം എന്നുള്ളവ ദ്രാവിഡത്തിൻെറ ഉപഭാഷകളാകുന്നു. തമിഴിലുള്ള കവനങ്ങൾ സംസ്കൃതകവനങ്ങളെക്കാൾ ഒട്ടും കുറഞ്ഞവയല്ല. ദക്ഷിണഭാരതത്തിലെ പുരാതന സംസ്കാരസ്ഥിതി കാണിക്കാൻ തമിഴ് കവനങ്ങളോടൊപ്പം സംസ്കൃതകവനങ്ങൾക്കു് കെല്പുണ്ടോ എന്നു് ശങ്ക തോന്നാവുന്നതാകുന്നു.

യൂറോപ്യന്മാരുടെ ആക്രമണത്തോടു് കൂടി സംസ്കൃതത്തിനും ദ്രാവിഡത്തിനും ഒന്നുപോലെ ഉടവു തട്ടി. ദേശീയഭാഷകൾ പോലും ക്ഷീണിച്ചു. ഇംഗ്ലീഷ് ഭാഷയുടെ പുതുമയും പ്രയോജനവും ഭാരതീയരെ മയക്കി. പത്തൊമ്പതാം ശതകത്തിൽ ഇംഗ്ലീഷ്

ഭാഷയുടെ പ്രചാരം വൎദ്ധിച്ചു. എങ്കിലും, നാട്ടുഭാഷ തന്നെയായിരുന്നു സാധാരണ ജനങ്ങളുടെ സംഭാഷണഭാഷ. ക്രമേണ സ്വദേശസ്നേഹികളുടെ ഉത്സാഹത്തിൽ ഓരോ നാട്ടിലുമുള്ള ഭാഷകൾക്കു് പ്രോത്സാഹനമുണ്ടായി. അന്നു് മുതൽ ദേശീയഭാഷകൾക്കു് നല്ല കാലം ഉദിച്ചു. ബംഗാളിഭാഷയാണു് ആദ്യമായി പ്രാബല്യം നേടിയതു്. അതിൽ പല ഉത്തമ കവനങ്ങളുണ്ടായി. ഇന്നു് രവീന്ദ്രനാഥടാഗോർ ലോകമാന്യനായ കവിയായി പേരെടുത്തിരിക്കുന്നു. മററു നാട്ടുഭാഷകളും ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു. നമ്മുടെ കേരളത്തിൽ, ആദ്യം തമിഴിനെയും പിന്നെ സംസ്കൃതത്തെയും ആശ്രയിച്ചു വളൎന്ന മലയാളഭാഷ, കേവലം അനുകരണപദ്ധതിയെ വിട്ടു് സ്വതന്ത്രപ്രസ്ഥാനങ്ങളെ അവലംബിക്കാൻ തുടങ്ങി കാണുന്നതു് ചാരിതാൎത്ഥ്യജനകമാകുന്നു.

ഏഷ്യയിലെ മററുള്ള വൻരാജ്യങ്ങളിലും സാഹിത്യം അപ്പോഴപ്പോൾ വളൎന്നു വന്നതു് അവിടവിടെ സൂചിപ്പിച്ചിട്ടുണ്ടു്. ചീനത്തു് ഒരു കാലത്തു് അതിനു് വളരെ അഭിവൃദ്ധിവന്നതു് മിക്കതും ഭാരതീയരുടെ, വിശിഷ്യ ബുദ്ധമതത്തിൻെറ, ആവേശം കൊണ്ടായിരുന്നു. പത്തൊമ്പതാം ശതകത്തിൽ അവിടെയും ജപ്പാനിലും പാശ്ചാത്യരുടെ സംസൎഗ്ഗം നിമിത്തം, അവരെ അനുകരിച്ചു് സാഹിത്യം നൂതനമാൎഗ്ഗങ്ങളിൽ പ്രവൎത്തിച്ചു. വിശാലമായ പാരസീകസാഹിത്യമാകട്ടെ, ക്രമേണ അറബി പദ്ധതികളെ കൂടുതലായി അവലംബിച്ചു. അറബിക്കഥകൾ പണ്ടേ പ്രസിദ്ധങ്ങളാണല്ലോ. പാശ്ചാത്യരുടെ പ്രസ്ഥാനങ്ങൾ മററുള്ളവരോടൊപ്പം അവരെ ഇനിയും ബാധിച്ചിട്ടില്ലെന്നു് തന്നെ പറയാം.

ഏഷ്യയിലെക്കാൾ യൂറോപ്പിലാണ് സാഹിത്യം പത്തൊമ്പതാം ശതകത്തിൽ ഏററവും അഭിവൃദ്ധിയെ പ്രാപിച്ചതു്. ഇംഗ്ലണ്ടിൽ ആഡം സ്മിത്തും മാൽത്തുസ്സും ആരംഭിച്ച സാമുദായികശാസ്ത്രചിന്തകൾ, ജർമ്മനിയിൽ ഷോപ്പനാർ, നീഷി, ഹെഗൽ, മുതലായ കേമന്മാരുടെ തത്ത്വാന്വേഷണങ്ങൾക്കു് പൂർവ്വപീഠികയായിത്തീർന്നതും മററും വിവരിക്കാൻ പ്രത്യേകം ഗ്രന്ഥം എഴുതിയെങ്കിലേ മതിയാവു. അതുപോലെ, ബൈറൺെറ "പരിഹാസവിജല്പിത"ബഹുലമായ കവനങ്ങൾ പത്തൊമ്പതാം നൂററാണ്ടിലുണ്ടായ കാവ്യങ്ങളെ ഉത്തേജിപ്പിച്ചതും, ഗീഥി എന്ന മഹാകവിയെ ജർമ്മനിയിലെ ജനങ്ങൾ 'സരസ്വതീകണ്ഠാഭരണ'മായി ആദരിക്കയാൽ, അദ്ദേഹം നിർദ്ദേശിച്ച പദ്ധതികളിൽ അവിടെ സാഹിത്യം വളർന്നതും വിസ്തരിക്കാൻ സുസാധമല്ല.

സംസ്കൃതകവനങ്ങൾക്കു് ഭാരതഭൂമിയിൽ നിർദ്ദിഷ്ടസങ്കേതങ്ങളും പന്ഥാക്കളും മഹാകവിപാരമ്പര്യക്രമത്തിനു് ഏർപ്പെട്ടിരിക്കുന്നതു പോലെ, യൂറോപ്യൻ കവനങ്ങൾക്കും ഗ്രീക്കിൽ നിന്നും ലത്തീനിൽ നിന്നും പല സങ്കേതങ്ങൾ ഏപ്പെട്ടിരുന്നവയെ ധിക്കരിച്ചു് സ്വതന്ത്രകവനങ്ങൾ ഉണ്ടാവാൻ തുടങ്ങിയതു് പത്തൊമ്പതാം ശതകത്തിലാകുന്നു. ബ്രിട്ടണിലാണ് ആ മാതിരി കാവ്യങ്ങൾ നടാടെ പുറപ്പെട്ടതു്. കഥാരൂപമായും നിത്യനിദാനലോകവ്യാപരങ്ങളെ വാഗ്വാദരീതിയിൽ പ്രതിപാദിക്കുന്നവയായും മററുമുള്ള പദ്യകവനങ്ങളെ ഷെല്ലി, കീററ്സ്, വർഡ്സ്വത്തു് എന്നുള്ള കവികൾ രചിച്ചു. പ്രകൃതിവിലാസങ്ങളെ പ്രതിപാദിക്കാൻ വർഡ്സ്വത്തു് കവിക്കു് ഒരു പ്രത്യേക വാസന ഉണ്ടായിരുന്നു. പ്രകൃതിയിലെ

ലാവണ്യത്തെ പ്രമാണമാക്കി ശാസ്ത്രീയഗമകങ്ങളെ ലളിതമധുരങ്ങളായ പദ്യഗാനങ്ങളെക്കൊണ്ടു് പ്രതിപാദിക്കാനുള്ള വാസന ഷെല്ലി എന്ന മഹാകവിക്കുണ്ടായിരുന്നപോലെ ആക്കുമില്ലായിരുന്നു. ഗഹനതയിൽ കുറവാണെങ്കിലും തേനോലുന്ന ലഘുപദസംഘടനകൊണ്ടു മനോഹരങ്ങളായ പദ്യങ്ങളെഴുതി വിക്ടോറിയാ മഹാരാജ്ഞിയെ ആനന്ദിപ്പിച്ച ടെനിസൺ എന്ന മഹാകവിവയ്യന്റെ യശസ്സു് ഇന്നും വിട്ടുപോയിട്ടില്ല. ഇംഗ്ലണ്ടിലെ ആദിരാജാവായിരുന്ന ആർതറുടെ കഥ പുരാണരീതിയിൽ സരസമായി നിമ്മിച്ച ടെനിസനു് പ്രഭുസ്ഥാനവും രാജകവിസ്ഥാനവും സിദ്ധിച്ചു. ടെനിസന്റെ പരിപന്ഥിയായി അമേരിക്കയിൽ ഉണ്ടായ കവി ലാങ്ഫെല്ലോ ആകുന്നു.

ഗദ്യകവനങ്ങളും നവീനപ്രസ്ഥാനങ്ങളെ പ്രകാശിപ്പിച്ചു. പഴയ മാതിരിയുള്ള കഠിനവാക്കുകളും ദൂരാന്വയങ്ങളും മുഴച്ചുനിന്ന നെടുങ്കൻ വാക്യങ്ങളോടുകൂടിയ ഗദ്യകവനങ്ങളും വിട്ടു്, കഥകളും ഉപാഖ്യാനങ്ങളും കവികൾ ലളിതഭാഷയിൽ എഴുതിത്തുടങ്ങി. 'നാവൽ' എന്നു് പേർ പറയുന്ന കഥാപുസ്തകങ്ങൾക്കു് വഴി കാണിച്ചുകൊടുത്ത ഫീൽഡിങ്ങ്, സ്റ്റേർണി, സ്കാട്ട്, മുതലായവരെ തുടൎന്നു ജെയിൻ ആസ്റ്റൻ, ചാറൽസ് ഡിക്കൻസ്, താക്കറേ, ജാർജ്ജ മെരിഡിത്തു്, മുതലായി പല വിദ്വാന്മാരും പുറപ്പെട്ടു. സർ വാൾട്ടർ സ്കാട്ട് സ്വദേശമായ സ്കാട്ട്ലണ്ടിലെ പുരാതന വീരചരിതങ്ങളെ അടിസ്ഥാനമാക്കി കഥകൾ ചമച്ചു. പുരാണങ്ങളെ ആശ്രയിക്കാതെ സമുദായ നടപടികളെ പ്രതിബിംബിപ്പിക്കുന്ന നാവലുകളാണു ജനങ്ങളെ കുറെക്കൂടി രസിപ്പിച്ചതു്. കേവലം കഥാകഥനം മാത്രമല്ലായിരുന്നു നാവലുകൾ നിവ്വഹിച്ചതു്. വാസ്തവത്തിലുള്ളവരോ സങ്കല്പനിമ്മിതരോ ആയ പാത്രങ്ങളുടെ സംഭാഷണങ്ങളും പ്രവൃത്തികളും കൊണ്ടു് ധമ്മതത്വ-

ങ്ങളെ പ്രതിപാദിച്ച് വായനക്കാരുടെ മനസ്സിനെ ആഹ്ലാദിപ്പിക്കയും ജ്ഞാനപൂർണ്ണമാക്കയും ചെയ്യുന്നതായിരുന്നു അവയുടെ മുഖ്യോദ്ദേശ്യം. സാമുദായിക മാലിന്യങ്ങളെ അകററുന്നതും ഈ കഥകളെക്കൊണ്ടു് നിവ്വഹിച്ചു വന്നു. ചുരുക്കത്തിൽ, നാടകങ്ങളും പ്രഹസനങ്ങളും രംഗത്തിൽ ആടി സാധിപ്പിച്ചു വന്ന ഗുണങ്ങൾ നാവലുകൾ വായിച്ച് സാധിക്കാറായി. നമ്മുടെ കുഞ്ചൻനമ്പ്യാരും തുള്ളക്കഥകൾകൊണ്ടു് ഈ പ്രയോജനം സാധിപ്പിച്ചുവല്ലോ. ദീർഘകഥകൾ പോയി ചെറുകഥാ പ്രസ്ഥാനം ഏർപ്പെട്ടപ്പോൾ ആ കഥകൾക്ക് ശക്തി ഒന്നിരട്ടിച്ചു. ആദികാലത്തുണ്ടായ നാവലുകൾ രസസമ്പൂർണ്ണങ്ങളായ കാവ്യതല്ലജങ്ങളായിരുന്നു. അവയ്ക്ക് ചിരസ്ഥായിയായ വിലയും ഉണ്ടായിരുന്നു. അവ ഇന്നും വായിച്ചു രസിക്കാവുന്നവയാകുന്നു. ഇപ്പോഴത്തെ നാവലുകൾ വത്തമാനപ്പത്രങ്ങൾക്കൊപ്പം കണ്ണോടിച്ചു കളയാനുള്ളവയായിത്തീന്നിരിക്കുന്നു. ക്ഷണികമായ രസത്തെ ഉത്തേജിപ്പിക്ക മാത്രമാണു് അവ നിവ്വഹിക്കുന്നതു്.

നാവലുകളും ചെറുകഥകളും കൂടാതെ ഗൌരവമേറിയ കാര്യങ്ങളെപ്പററി അനേകം ഗ്രന്ഥങ്ങൾ ഉണ്ടായി. ചരിത്രം, ശാസ്ത്രം, നിരൂപണം, മതം, ശില്പം എന്നിങ്ങനെ പല വിഷയങ്ങളിലും കവനങ്ങൾ പുറപ്പെട്ടു. കാർലൈലിൻെറ പരന്തിരീസ്സ് വിപ്ലവം, മക്കാളിയുടെ ഇംഗ്ലണ്ടു് ചരിത്രം എന്നിങ്ങനെ അനവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു.

ജമ്മനിയിൽ ഗീഥി, ഷില്ലർ, ഹൈനി, കാന്റ്, ഹെഗൽ, മാക്ക്സ്, എന്നിവരുടെ പേർ സ്മരണീയമാണു്. ജമ്മൻ ഭാഷയിലെ നവീന സാഹിത്യത്തിൻെറ ജനകന്മാരാണു് അവർ. അതുപോലെ, ഫ്രാൻസിൽ ബാൽസാക്ക്, സോളി, മപാർട്ട്, വിക്ടർഹ്യൂഗോ,

ഫ്ളാബർട്ടു്, എന്ന പല മഹാകവികളുടെയും പേരുകൾ പറയാം. നാർവേയിൽ ബിജോർസൺ, റഷ്യയിൽ ഗോഗോൾ, ഡൊസ്റ്റീവിസ്കി, ടർഗ്ഗനീവു്, ടാൾസ്റ്റായി, ഷേഹാഫ് എന്നിങ്ങനെ പല കേമൻ കവികളുണ്ടായി.

ദൃശ്യകാവ്യങ്ങൾക്കും വളരെ ഭേദം വന്നു. പത്തൊമ്പതാം ശതകം വരെ ഉണ്ടായ നാടകങ്ങൾ ക്ലപ്തപഥങ്ങളെ, അനുവർത്തിച്ചു. കഥകൾ പുരാണങ്ങളോ നവീനങ്ങളോ വാസ്തവസംഭവങ്ങളോ സങ്കല്പനിർമ്മിതങ്ങളോ ആയാലും, പാത്രസൃഷ്ടിയിലും രംഗവിധാനത്തിലും സംഭാഷണചാതുര്യത്തിലും കഥാഗ്രംഥനത്തിലും ചില ചടങ്ങുകൾ അവിചലിതങ്ങളായി അനുഷ്ഠിച്ചുവന്നു. ഭാരതീയ നാടകങ്ങളിൽ പ്രസ്താവന തുടങ്ങി ഭരതവാക്യം വരെ ഒരു കെട്ടുപാട്ടു് അനുസ്യൂതമായി കാണുന്നതുപോലെ, പാശ്ചാത്യനാടകങ്ങളിലും ഗ്രീക്കു നാടകങ്ങളുടെ പാരമ്പര്യത്തിൽനിന്നു് ലഭിച്ച സങ്കേതങ്ങൾ ഏർപ്പെട്ടിരുന്നു. കാലദേശസംഭവങ്ങളുടെ പൊരുത്തം അവയിൽ പ്രത്യേകം ദീക്ഷിച്ചിരുന്നു. ഷേക്സ്പീയരുടെ നാടകങ്ങളിൽ അതിനു് പല വ്യതിയാനങ്ങൾ ഉണ്ടാകാതിരുന്നില്ല. എങ്കിലും സാമാന്യേന സമുദായസ്ഥിരതയെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണു് നാടകങ്ങൾ നിർമ്മിച്ചുവന്നതു്. നടവടികളും ബോധങ്ങളും വിശ്വാസങ്ങളും ഹിതാഹിതങ്ങളും സ്ഥാനമാനങ്ങളും സങ്കേതങ്ങളും സമുദായത്തിൽ പൊതുസമ്മതം സിദ്ധിച്ചിരിക്കുന്ന അവസ്ഥയെ കൈക്കൊണ്ടു് രചിച്ചിരുന്ന നാടകങ്ങൾ, പത്തൊമ്പതാം ശതകത്തിലുണ്ടായ സാമുദായിക വിപ്ലവങ്ങൾമൂലം അരോചകങ്ങളായി തീർന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ശാകുന്തളമോ, ഉത്തരരാമചരിതമോ, നാഗാനന്ദമോ ഇന്നു് ചാക്യാർ കൂടിയാട്ടം ആടിക്കണ്ടാൽ സാധാരണ

ജനങ്ങൾക്കു് എന്തെങ്കിലും രസമുണ്ടാകുമോ എന്നു് ആലോചിച്ചു നോക്കുക. അതുപോലെ, കഥകളിയെ ഉത്തമ ആട്ടമായി പൂജിക്കുന്നവർ അനവധി പേർ ഇല്ലേ? പണ്ഡിതന്മാർക്കു് രസിക്കുന്ന സ്ഥിരസങ്കേതപരിപാടി അല്ല നാടോടിജനങ്ങൾക്കു് രുചിക്കുന്നതു്. എല്ലാവർക്കും ക്ഷണത്തിൽ കേട്ടും കണ്ടും രസിക്കത്തക്ക രംഗപ്രയോഗങ്ങൾ കലർന്ന നാടകങ്ങൾ പത്തൊമ്പതാം ശതകത്തിൽ ഉളവായി. 'നാടകാന്തം കവിത്വം' എന്നുള്ള ന്യായം വിട്ടു്, ദൃശ്യകാവ്യങ്ങൾ ക്ഷുദ്രസംഗതികളെയും അടിസ്ഥാനമാക്കി ലഘുതയെ പ്രാപിച്ചു. നാടകങ്ങൾ കേവലം പ്രഹസനങ്ങളായി. നോവലുകൾക്കു് വന്ന ലാഘവം നാടകങ്ങൾക്കും വന്നുചേർന്നു. ഇംഗ്ലണ്ടിലും ഫ്രാൻസിലുമാണു് ഈ അധഃപതനം അധികം ഉണ്ടായതു്. ഈ നീചാവസ്ഥയെപ്പററി വിദ്വാന്മാർ ശോചിച്ചു്, പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ നാർവേക്കാരനായ ഇബ്സൻ എന്ന മഹാകവിയും, ഇംഗ്ലണ്ടിൽ ബാരിയും, ബെർണാഡ്ഷായും, ജർമ്മനിയിൽ ഹൗപ്റ്റ്മാനും, സൂദർമാനും നാടകകലയെ കുഴിയിൽനിന്നു് കയററി ഒരു പുതുശക്തി നല്കി.

അമേരിക്കയിലുള്ള സാഹിത്യസംരംഭം നവീനമാകുന്നു. ആദ്യം ഇംഗ്ലീഷിനെയും ഫ്രഞ്ചിനെയും അനുകരിച്ചു് ബാസ്റ്റൺ നഗരത്തിൽ പല ഗ്രന്ഥങ്ങളും ഉണ്ടായി. എന്നാൽ അമേരിക്കൻ ചൊവ ധാരാളമായി അനുകരണങ്ങളിൽ വരാതിരുന്നില്ല. കാർലൈലിനെ ഭ്രമിച്ച ഇമർസൺ ഒരു പുതുപന്ഥാവിനെ തെളിക്കാതിരുന്നില്ല. നേരെമറിച്ചു്, ലാങ്ഫെല്ലോ എന്ന കവി ഇംഗ്ലീഷ്കാവ്യങ്ങളുടെ ശരിപ്പകർപ്പിൽ അമേരിക്കൻ വിഷയങ്ങളെപ്പററി കവനം ചെയ്തു. എഡ്ഗാർ അല്ലൻപോ എന്ന കവി ഇംഗ്ലീഷിനെക്കാൾ മററു് യൂറോപ്യൻ മാതൃകകളെ സ്വീകരിച്ചു. ഥാത്താറൻ എന്ന കവിയാകട്ടെ

ട്ട്യൂട്ടാണിക് പാരമ്പര്യത്തെ വ്യഞ്ജിപ്പിച്ചു. ഹൗവൽസ് എന്ന നോവൽകഥാകാരൻ ഫ്രഞ്ചുകാരെ ഭ്രമിച്ചു. ഹെൻട്രിജെമ്സ് ആകട്ടെ, അമേരിക്കൻ മട്ടിൽ യൂറോപ്യൻകഥകളെഴുതി. അമേരിക്കയുടെ തനിഗ്ഗുണത്തെ പ്രത്യക്ഷമാക്കിയതു മാൿട്വൈൻ എന്ന ഫലിതകവിയാകുന്നു. പത്തൊമ്പതാം ശതകത്തിന്റെ ഒടുവായപ്പോഴേക്ക് അമേരിക്കയിൽ പുതുപുതായി അനവധി ഗ്രന്ഥങ്ങൾ സകല വിഷയങ്ങളെപ്പററിയും ഉണ്ടായിത്തുടങ്ങി. ഇന്ന് അമേരിക്കയിൽ ഉള്ളിടത്തോളം സാഹിത്യസംരംഭം യൂറോപ്പിലോ ഏഷ്യയിലോ ഇല്ലെന്ന് തന്നെ പറയാം. ഏതു് സംഗതിയിലും നവീനവിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങൾ വേണമെങ്കിൽ അമേരിക്കയിൽനിന്ന് വരുത്തണം എന്നായി തീൎന്നിട്ടുണ്ടു്.

സരസ്വതിയുടെ ഒരു സ്തനത്തെപ്പററി പറഞ്ഞു. സംഗീതമായ മററെ സ്തനത്തെക്കുറിച്ചും കുറഞ്ഞൊന്നു പ്രസ്താവിക്കാം. നാദബ്രഹ്മത്തിൽനിന്ന് ഉത്ഭവിച്ച് സൎവലോകവ്യാപ്തമായി പരിലസിക്കുന്ന അനന്തസംഗീതം വിശേഷജ്ഞനായ മനുഷ്യനിൽ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു. ജനനാൽ പ്രകൃതി മനുഷ്യഹൃദയത്തിൽ ഉദിക്കുന്ന നാദബ്രഹ്മം ഗാനരൂപേണ വിനിൎഗ്ഗമിക്കുന്നതു് പണ്ഡിതപാമരന്മാൎക്ക് ഒരുപോലെ ആനന്ദത്തെ പ്രദാനംചെയ്യുന്നു. നാദം ശബ്ദസ്വരൂപമായി ഉണ്ടാകുന്ന രണരണിക സംഗീതത്തിനും സാഹിത്യത്തിനും സമാനമാണെങ്കിലും, ഒന്ന് 'ആപാദമധുരവും' മറേറതു് 'ആലോചനാമൃതവു്'മാകുന്നു എന്നുള്ള ഭേദമുണ്ടു്. കേട്ടമാത്രയിൽ ആനന്ദമുളവാക്കാൻ സംഗീതത്തിനുള്ള ശക്തി അന്യാദൃശം തന്നെ. സംഗീതസാഹിത്യങ്ങളുടെ സാമരസ്യം സാമഗാനങ്ങളിൽ വിനിൎഗ്ഗമിച്ചതു മുതൽക്കു് ഭാരതീയരിൽ സംഗീതത്തിനുണ്ടായ സംസ്കാരം അന്യാ-

ദ്ദശമായിരുന്നു. പ്രായോഗികപദ്ധതിയെ അനുവർത്തിച്ചിരുന്ന സംഗീതത്തെ ശാസ്ത്രമാക്കി സൃഷ്ടിച്ച മഹാന്മാരുടെ മേധാവിത്വത്തെ അസദൃശമായി ഗണിക്കാനല്ലാതെ നിവ്വാഹമില്ല. സപ്തസ്വരങ്ങളെക്കൊണ്ടും അവയുടെ ഇടസ്വരങ്ങളെകൊണ്ടും ത്രികാലങ്ങളിലും താരമന്ദ്രഭേദങ്ങളിലും ആരോഹണാവരോഹണങ്ങളിലും കാണിക്കുന്ന വിന്യാസങ്ങൾ അസംഖ്യം രാഗങ്ങളെ സൃഷ്ടിച്ച്, ജനമനസ്സിൽ ഉണ്ടാക്കുന്ന വികാരങ്ങളെ വണ്ണിക്കാൻ ശേഷനു പോലും ശേഷിയില്ല.

സംഗീതകലയുടെ സൂക്ഷ്മരൂപം ഒന്നുതന്നെയാണെങ്കിലും, ബാഹ്യഘടനയിൽ പൗരസ്ത്യപാശ്ചാത്യഭേദമുണ്ടെന്നു് പ്രത്യക്ഷമാണു്. പ്രത്യക്ഷാനുഭവപ്രാമാണ്യത്തെ പാശ്ചാത്യരും, പരോക്ഷാനുഭവപ്രാമാണ്യത്തെ പൗരസ്ത്യരും സാധനമാക്കി പ്രവത്തിക്കുന്ന രണ്ടു പദ്ധതികൾ തമ്മിൽ വ്യത്യാസം വരാതിരിക്കാൻ നിവ്വാഹമില്ലല്ലോ. പൗരസ്ത്യൎക്കു് ശ്രുതിലയവും, പാശ്ചാത്യൎക്കു് സ്വരസംയോഗവും അടിസ്ഥാനമാക്കിയാണു് സംഗീതം പ്രവത്തിക്കുന്നതു്. പൗരസ്ത്യസംഗീതം രാഗങ്ങളെകൊണ്ടും താളമേളങ്ങളെക്കൊണ്ടും ആരോഹണാവരോഹണങ്ങളെകൊണ്ടും ഉച്ചനീചമധ്യമനാദങ്ങളെകൊണ്ടും സംഘടിതമാകുന്നു. പാശ്ചാത്യസംഗീതം വിഭിന്നസ്വരങ്ങളുടെ നാദങ്ങളെ അടുക്കായി ചേത്തു് ഏകതാളത്തിൽ ദ്രുതവിളംബിതഭേദങ്ങളെക്കൊണ്ടു സാമരസ്യമുളവാക്കുന്നതാകുന്നു. പൗരസ്ത്യസംഗീതം ഹൃദയാന്തവത്തികളായ വികാരങ്ങളുടെ ബാഹ്യരൂപവും, പാശ്ചാത്യസംഗീതം ബഹിവ്വത്തികളായ ശ്രാവ്യശബ്ദങ്ങളുടെ അനുകരണവുമാകുന്നു. അതിനാൽ ഒന്നിനു് ശ്രുതിക്കനുസരണങ്ങളായ സ്വരങ്ങൾ അല്ലാതെ വരുന്നതല്ല-; മറേറതിനു് ഭിന്നശ്രുതികളിലുള്ള സ്വരങ്ങളും ഒന്നിച്ചുചേരുന്നു. അതുകൊണ്ടാണു് പാശ്ചാത്യസംഗീതം പൗരസ്ത്യൎക്കു് അപസ്വരപൂണ്ണമായി തോന്നിക്കുന്നതു്.

• സംഗീതം ആദ്യം കണ്ഠത്തിൽ നിന്നു് പുറപ്പെട്ടതോ ബാഹ്യപദാൎത്ഥങ്ങളുടെ സംഘട്ടനത്തിൽ നിന്നു് ജനിച്ച നാദത്തിൽനിന്നുണ്ടായതോ എന്നു് ആശങ്കയ്ക്കു് വകയുണ്ടു്. കണ്ഠോപജ്ഞമായാലും ബാഹ്യോപജ്ഞമായാലും സംഗീതബോധം അന്തർമ്മുഖമാണെന്നുള്ളതിൽ സംശയമില്ല. വായ്പാട്ടാണു് ആദ്യം പാടിത്തുടങ്ങിയതു് എന്നുള്ളതിനും തൎക്കമില്ല. പക്ഷികളുടെ കൂജിതങ്ങളെയും, ജന്തുക്കളുടെ ശബ്ദങ്ങളെയും, വൃക്ഷലതാദികളിലും മുളങ്കുഴലുകളിലും ഗിരികന്ദരങ്ങളിലും കൂടി കാററടിക്കുമ്പോൾ ഉണ്ടാവുന്നവയും നിർഝരിണികളും നദികളും വീഴുമ്പോഴും ഒലിക്കുമ്പോഴും ഉണ്ടാവുന്നവയും സമുദ്രവീചീചലനങ്ങളിലും വാത്യാവേഗങ്ങളിലും ഭൂകമ്പങ്ങളിലും ഉണ്ടാവുന്നവയും ആയി കേൾക്കുന്ന ശബ്ദങ്ങളെയും, അനുകരിച്ചു് സൌമ്യമായും രൌദ്രമായുമുള്ള ധ്വാനങ്ങൾ മനുഷ്യൻ കണ്ഠത്തിൽ നിന്നു് പുറപ്പെടുവിച്ചതിൽ നിന്നാണു് സംഗീതവാഹിനി ഒഴുകിത്തുടങ്ങിയതു് എന്നുള്ളതിനു്, അപരിഷ്കൃതവന്യജാതിക്കാരുടെ ഇടയിൽ ഇന്നും നടപ്പുള്ള പാട്ടുകളെകൊണ്ടു് ഊഹിക്കാം. ഗ്രാമീണസമുദായങ്ങളിൽ ഇപ്പോഴും ആ വക പാട്ടു് രൂപാന്തരപ്പെട്ടു്, പുള്ളുവൻപാട്ടും, തോററംപാട്ടും, മാരമ്പാട്ടും, മററുമായി കേൾക്കാവുന്നതാണു്. ഈ മാതിരി ജാനപദഗാനങ്ങളിൽനിന്നു് ക്രമേണ സോപാനദേശീയരീതികൾ ഉണ്ടായി ഭാരതഭൂമിയെ ആനന്ദിപ്പിച്ച കഥ വിസ്തരിക്കേണ്ട ആവശ്യമില്ല. ഉത്തരേൻഡ്യയിൽ സോപാനഗാനത്തിനും ദക്ഷിണേൻഡ്യയിൽ ദേശീയ കൎണ്ണാടകഗാനത്തിനും പ്രചാരം സിദ്ധിച്ചു. ഹിന്ദുസ്ഥാനിയുടെ സമ്പൎക്കത്തിൽ ഔത്തരാഹർ പർസ്യൻ സംസ്കാരത്തെ സ്വീകരിച്ചു് ഗാനങ്ങളെ രചിക്കയും ദീർഘാലാപങ്ങളോടു് പാടുകയും ചെയ്യുന്നു. ദാക്ഷിണാത്യന്മാർ ഗാനകലയെ പല വിന്യാസങ്ങൾകൊണ്ടു പൊലിപ്പിച്ചു.

ഔത്തരാഹന്മാരുടെ പാട്ടിന് പൗരുഷം കൂടുമെങ്കിൽ ദാക്ഷിണാത്യന്മാരുടേതിന് ലാവണ്യം കൂടും. ഗാനകലക്ക് ഭാരതഭൂമിയിൽ ഉണ്ടായിട്ടുള്ള പരിപുഷ്ടിക്ക് സമാനമായി മററുള്ള ഏഷ്യാരാജ്യങ്ങളിൽ ഉണ്ടായിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ. ശ്യാമാശാസ്ത്രികഠം ദീക്ഷിതർ, ത്യാഗർ, സ്വാതിതിരുനാഠം, തായിമാനവർ, പുരന്ദരദാസ്സ്, എന്നിങ്ങനെ കേമന്മാരായ സംഗീതകൃത്തുകഠം ദക്ഷിണദേശത്തെ അലങ്കരിച്ചതുപോലെ ജയദേവപ്രഭൃതികഠം ഉത്തരദേശത്തും ഗായകശിരോമണികളായി ഉണ്ടായിട്ടുണ്ട്.

കണ്ഠപ്രവൃത്തമായ ഗാനത്തിനെ അനുകരിച്ചും സഹായിച്ചും വാദ്യപ്രവൃത്തമായ ഗാനവും ധാരാളം ഉണ്ടായി. "തതം വീണാദികം വാദ്യം, ആനദ്ധം മുരജാദികം, വംശാദികന്തു സുഷിരം, കാംസ്യം താളാദികം ഘനം." എന്നിങ്ങനെ നാലു മാതിരി വാദ്യവിശേഷങ്ങഠം ഉളവായി. അവയിൽ പ്രാവീണ്യം സമ്പാദിച്ചവരും കുറഞ്ഞോന്നല്ല. വീണ, നാഗസ്വരം, മുരളി, മൃദംഗം, ഏടക്ക, മദ്ദളം, കൈമണി മുതലായ സുകുമാരവാദ്യവിശേഷങ്ങളും, ചെണ്ട, തിമില, കൊമ്പ്, കുഴൽ, ചേങ്ങല, ഢക്കാ, ഭേരി മുതലായ വീരവാദ്യവിശേഷങ്ങളും പണ്ടേ ഭാരതഭൂമിയിൽ നടപ്പായിട്ടുണ്ട്. ഫ്ിഡിൽ, സിതാർ, സ്വരവിത്ത്, ജലതരംഗം, പിയാനോ, ഹാർമ്മോണിയം, തബ്‌ളാ എന്നുള്ള പല നവീന വാദ്യങ്ങഠം മഹമ്മദീയരുടെയും യൂറോപ്യന്മാരുടെയും ആഗമനാനന്തരം നമുക്ക് സിദ്ധിച്ചിട്ടുള്ളവയാകുന്നു. ഗീതകവനങ്ങളും ക്രമേണ അവരുടെ മട്ടുകളെ ആശ്രയിച്ചു വരുന്നുണ്ട്.

യൂറോപ്പിലും സംഗീതകലയ്ക്ക് പത്തൊമ്പതാം ശതകത്തിൽ അഭിവൃദ്ധി ഉണ്ടായി. പതിനെട്ടാം ശതകത്തിൽ മോസാട്ടും, ബീതോവനും തുഞ്ചോണിക്ക് പററിച്ച സംഗീതകലയെ, വീബവും, മെൻഡൽസാഹനും, ഷൂബർട്ടും, ഷൂമാനും, ഫ്രാങ്കും വളരെ പൊലിപ്പിച്ചു.

ക്കുവാദ്യങ്ങൾ കൊണ്ടല്ല 'ഓപ്പിറ' എന്ന സംഘസംഗീതവും പിയാനോഫോർട്ട് എന്ന വാദ്യവിശേഷങ്ങളും രാജസദസ്സുകളെ വിട്ട് ജനസാമാന്യത്തിന്റെ ഇടയിൽ ധാരാളമായി പ്രചരിക്കാൻ തുടങ്ങി. ഹാൻഡലും ബാക്കും വൈദികഗാനകർത്താക്കളുടെ കുലക്രൂടസ്ഥരായിരുന്നു. അവരുടെ മട്ട് വിട്ടിട്ട് പുതുകവനങ്ങൾ യോഗ്യന്മാർ സൃഷ്ടിച്ചു. ചൊപ്പിൻ, ലിസ്റ്റ്, ജൊയാക്കിം, ബ്രാംസ് എന്ന പ്രസിദ്ധഗായകന്മാർ നവീനവിഷയങ്ങളെ അധികരിച്ച് ഗാനങ്ങളെ രചിച്ചു. ജർമ്മനി, ആസ്ത്രിയ, റഷ്യ എന്നുള്ള മദ്ധ്യയൂറോപ്യൻരാജ്യങ്ങളിലാണ് ഗാനകലയ്ക്ക് വൈപുല്യം സിദ്ധിച്ചത്. അമേരിക്കയിൽ സംഗീതകലയ്ക്ക് പ്രത്യേകം ഗുണമൊന്നും ഉണ്ടായില്ല. യൂറോപ്യൻ മാതൃകകളെ അമേരിക്കർ അനുവർത്തിച്ചു.

സംഗീതം ആദ്യം ദേവാരാധനത്തിന് കൈങ്കര്യം വഹിച്ചു. തദനന്തരം ഉത്സവാദികളിൽ ക്രീഡാട്ടങ്ങൾക്കും നൃത്തങ്ങൾക്കും അത് ഉപയോഗപ്പെട്ടു. സംഗീതത്തിനുള്ള കാലമാനവും രസാനുഭവവും നാട്യത്തിനെ ഉത്തേജിപ്പിച്ചു. സംഗീതം നാട്യത്തിന്റെ മാതാവോ, നാട്യം സംഗീതത്തിന്റെ മാതാവോ എന്നുള്ളത്, അണ്ടിമൂത്തതോ മാവ് മൂത്തതോ എന്ന ചോദിക്കുന്നതിന് സമാനമാണ്. ഏതായാലും, ഏത് രാജ്യത്തും രണ്ടിന്റെയും സാഹചര്യം രണ്ടിനെയും പൊലിപ്പിച്ചു. കാട്ടുജാതികളിൽപോലും രണ്ടിന്റെയും സാമരസ്യം പ്രത്യക്ഷമാകുന്നു. അമേരിക്കൻ നാട്ടിൽ എന്തെങ്കിലും ഒരു പ്രത്യേകത ഉണ്ടെന്ന് പറയണമെങ്കിൽ, അതു നീഗ്രോ ജാതിക്കാരുടെ സംഗീതനാട്യങ്ങളെ പരിഷ്കൃതങ്ങളാക്കി എന്നുള്ളതാകുന്നു. ഭാരതഭൂമിയിൽ നടരാജൻ എന്ന സങ്കല്പം പൗരാണികകാലത്തു തന്നെ ജനിച്ചു. കേരളത്തിലെ കഥകളി തൌര്യത്രികത്തിന്റെ തികഞ്ഞ ദൃഷ്ടാന്തമാകുന്നു.

ഇന്ന് ഗ്രാമഫോണും റേഡിയോവും സംഗീതത്തെ നാടോടിയാക്കി പരത്തിയിരിക്കുന്നു. സംഗീതനാടകങ്ങളും ടാക്കി സിനിമയും കാട്ടുന്ന ഗോഷ്ടികൾ കണ്ട് രസിക്കുന്ന ഇടയച്ചെറുക്കന്മാർ പോലും നാടകസിനിമാപാട്ടുകൾ പാടിക്കൊണ്ട് മാട്ടുകളെ വിരട്ടുന്നു. സ്വദേശിഗാനങ്ങൾ കൊച്ചുപൈതങ്ങൾ 'കീജെ' വിളിയോടുകൂടി ഉത്സാഹമായി പാടുന്നുണ്ട്. നാട്യകലയ്ക്കും ഈയിടയ്ക്ക് ഒരു പ്രബോധം സിദ്ധിച്ചിട്ടുണ്ട്.

ചിത്രകലയുടെ ചരിത്രം ഇനി ചിന്തിക്കാം. ഭാരതഭൂമിയെ സംബന്ധിച്ചിടത്തോളം, മദ്ധ്യേൻഡ്യാ ഭാഗത്തുള്ള റായിഗ്രഹസംസ്ഥാനത്ത് സിംഹപുരത്തുള്ള ചില ഗുഹകളിൽ കണ്ടുകിട്ടീട്ടുള്ള ചെങ്കൽചായചിത്രങ്ങളിൽ കൂടുതലായി പഴക്കമുള്ളത് ഒന്നും വെളിപ്പെട്ടിട്ടില്ല. നായാട്ടുചിത്രങ്ങളാണ് അവ. ശ്രീഗജ (Sirguja) സംസ്ഥാനത്തുള്ള രാമഗ്രഹക്കുന്നിൽ യോഗിമാരഗുഹയിൽ ഉള്ള ഭിത്തികളിൽ ചില ചിത്രങ്ങൾ കാണ്മാനുണ്ട്. അവ ഏതാണ്ട് ക്രിസ്തുവർഷാരംഭത്തിലുള്ളവയാണെന്ന് വിശ്വസിക്കപ്പെടുന്നു. അവയിൽ ജന്തുക്കളുടെയും മനുഷ്യരുടെയും കെട്ടിടങ്ങളുടെയും രൂപങ്ങൾ കാണുന്നുണ്ട്. ചിത്രകല ബൗദ്ധകാലത്തും അതിനു മുമ്പും ഉണ്ടായിരിക്കണം. പാറകളിലും ഗുഹകളിലും എഴുതിയിരുന്ന ആ വക ചിത്രങ്ങൾ കാലാവസ്ഥാഭേദങ്ങളെക്കൊണ്ട് നശിച്ചുപോയിരിക്കാം. യോഗിമാരഗുഹയിൽ കണ്ടുകിട്ടീട്ടുള്ള ചിത്രങ്ങളുടെ ഗുണം നോക്കിയാൽ, അതിന് എത്രയോ മുമ്പ് തന്നെ ആ കലയ്ക്ക് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്ന് വെളിവാകുന്നു. ചിത്രകലയെപ്പററിയുള്ള ഗ്രന്ഥങ്ങളും അതിന് സാക്ഷ്യം വഹിക്കുന്നുണ്ട്. ചിത്രകലയെപ്പററി ഒരു ഐതിഹ്യമുള്ളതും ഇവിടെ പ്രസ്താവിക്കാം. ഒരു ബ്രാഹ്മണന്റെ പുത്രൻ മരിച്ചുപോകയാൽ, അയാൾ

ബ്രഹ്മാവിനെ ഭജിച്ച് പ്രത്യക്ഷമാക്കി, മകനെ തിരികെ കിട്ടണമെന്ന് വരം ചോദിച്ചു. യമധർമ്മരാജാവ് വിട്ടു കൊടുക്കായ്കകയാൽ, മകന്റെ ചിത്രം വരച്ച്, ബ്രഹ്മാവ് അതിന് ജീവൻ കൊടുത്തു. ഈ കഥയിൽനിന്ന് ഊഹിക്കേണ്ടതു് എന്തെന്നാൽ, ഛായയെഴുത്താണ് ചിത്രകലയിൽ ആദ്യമായി ഉണ്ടായതു് എന്നാകുന്നു. രാജാക്കന്മാർ പ്രിയതമകളുടെ ഛായകൾ കണ്ടു് രസിക്കുന്നതായും, ചിത്രകർമ്മം രാജസ്ത്രീകളുടെ ഒരു വിനോദമായിരുന്നതായും നമ്മുടെ നാടകങ്ങളിലും കാവ്യങ്ങളിലും പ്രസ്താവിച്ചു കാണുന്നുണ്ടു്. ഉഷാപരിണയത്തിൽ ചിത്രലേഖ അനിരുദ്ധന്റെ പടം വരച്ചതായി പറഞ്ഞിട്ടുള്ളതു നോക്കുക. ഉത്തരരാമചരിതത്തിലും ചിത്രകഥയുണ്ടു്.

ആദികാലത്തു് ചിത്രലേഖം രാജമന്ദിരങ്ങളെ അലങ്കരിച്ചിരുന്നതു വിട്ടു്, ബുദ്ധമതത്തിന്റെ പ്രചാരത്തോടു് കൂടി മതവിഷയങ്ങളിൽ സംക്രമിച്ചു്, ഭിത്തിയിൽ ചിത്രങ്ങൾ എഴുതാൻ ആരംഭിച്ചു. ബൗദ്ധചിത്രങ്ങൾ മിക്കവയും ഭിത്തിചിത്രങ്ങളാകുന്നു (fresco). എന്നാൽ അതിനു മുമ്പ് ചിത്രഗൃഹങ്ങൾ ഉണ്ടായിരുന്നതായി രാമായണത്തിലും മററും കാണുന്നുണ്ടു്. ബൗദ്ധന്മാരുടെ ചിത്രകലാചരിത്രത്തെ മൂന്നു് ഘട്ടങ്ങളായി താരാനാഥൻ വിവരിച്ചിരിക്കുന്നു. (ക) ബുദ്ധമുനിയുടെ സിദ്ധിക്കു് മുമ്പുള്ളതു് ദേവന്മാരുടെ കൗശലമായും, (ഖ) പിന്നീടു് അശോകചക്രവത്തിയുടെ കാലം വരെയുള്ളതു് യക്ഷന്മാരുടെ വിദ്യയായും, (ഗ) തദനന്തരം നാഗാർജ്ജുനന്റെ കാലംവരെയുള്ളതു് നാഗന്മാരുടെ പണിയായും, അയാൾ പ്രസ്താവിക്കുന്നു. ചിത്രകർമ്മത്തിന്റെ ഗുണവിപാകങ്ങളെ അനുസരിച്ചു് ചെയ്തിട്ടുള്ള ഈ വിഭാഗം അതിന്റെ പുരാതനത്വത്തെയും പാരമ്പര്യത്തെയും ദ്യോതിപ്പിക്കുന്നു. ശില്പവിദ്യയും ചിത്രകർമ്മവും വിശ്വകർമ്മാവിൽ നിന്നു് ഉണ്ടായതെന്നാണ് ഐതിഹ്യം.

ചിത്രകൎമ്മത്തിൻെറ ഷഡംഗങ്ങളെപ്പററി വാത്സ്യാ-യന കാമസൂത്രത്തിൽ പറഞ്ഞിട്ടുണ്ട്. ക്രിസ്ത്വബ്ദം മൂന്നാം-ശതകത്തിലാണ് വാത്സ്യായനൻെറ കാലം. അതിന് മുമ്പുള്ള വിദ്വാന്മാർ പറഞ്ഞിട്ടുള്ളതിനെ ക്രോഡീകരി-ച്ചാണ് വാത്സ്യായനൻ എഴുതിയിട്ടുള്ളത്. (൧) രൂപ-ഭേദം, അതായത് സ്വരൂപജ്ഞാനം, (൨) പ്രമാണം, അതായത് ശരിയായ അളവുകളെക്കൊണ്ടു് ആകൃതി വരുത്തുവാനുള്ള അറിവ്, (൩) ഭാവം, അതായത് മനോ-ഭാവങ്ങളെയും വികാരങ്ങളെയും ഛായയിൽ വരുത്താനുള്ള കൗശലം, (൪) ലാവണ്യയോജനം. കലയുടെ ഭംഗിയും മോഹനത്വവും (grace) വരുത്തുന്ന വിദ്യ; (൫) സാദൃശ്യം, അതായത് പ്രതിഛായ വരുത്തുക, (൬) വൎണ്ണികാഭംഗി, അതായത് ചായങ്ങൾ കലൎത്തി എഴുതാനുള്ള സാമൎത്ഥ്യം; ഇവയാണ് ചിത്രകൎമ്മത്തിലുള്ള ഷഡംഗങ്ങൾ. രൂപ-ഭേദത്തിൽ പ്രകൃതിപദാൎത്ഥങ്ങളുടെ സ്വരൂപജ്ഞാനം കൂടാതെ ഭേദകാഴ്ചയും വസ്തുനിൎമ്മാണവുമുൾപ്പെടുന്നു. ചുരുങ്ങിയ തോതുകൊണ്ടു യഥാൎത്ഥസ്വരൂപത്തെ തോ-ന്നിപ്പിക്കാനുള്ള വിജ്ഞാനമാണ് പ്രമാണമെന്ന് പറഞ്ഞിരിക്കുന്നത്. യഥാദൎശനപ്രമാണമെന്നാണ് (perspective) അതിന് പേർ. ഷഡംഗവിവൃതി-കൊണ്ടുതന്നെ ചിത്രകലക്ക് എത്രമാത്രം മാഹാത്മ്യം പുരാണകാലത്തു് ഭാരതഭൂമിയിൽ സിദ്ധിച്ചിരിക്കുന്നു എന്ന് വ്യക്തമാകുന്നു. ചീനന്മാരും ഷഡംഗങ്ങളെ എ. ഡി. ആറാംശതകത്തിൽ വിവരിച്ചിട്ടുണ്ട്. ഭാരത-ഭൂമിയിൽ നിന്ന് അതു് അവൎക്ക് കിട്ടിയതാണെന്ന് തൎക്കമില്ല. ബുദ്ധാവിർഭാവത്തിന് മുമ്പ് തന്നെ ചിത്ര-വിദ്യ ഇൻഡ്യയിൽ ഉണ്ടായിരുന്നു എന്നുള്ളതിന് ചിത്ര-ലക്ഷണം എന്ന ഗ്രന്ഥം സാക്ഷിയാകുന്നു. അതിൽ ദേവ-ന്മാരുടെ ബിംബങ്ങൾ ഉണ്ടാക്കാനും പത്മങ്ങൾ ഇടാനും

മററുമുള്ള സംപ്രദായങ്ങൾ വിവരിച്ചിട്ടുണ്ടു്. പിന്നീട്ടു് ഗുപ്തന്മാരുടെ കാലത്തു് ഉണ്ടായ ശില്പശാസ്ത്രങ്ങൾ ഈ പഴയ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി വന്നു.

ഏ. ഡി. ൫൦ മുതൽ ൭൦൦ വരെ ഏതാണ്ടു് ഏഴു് വഷശതങ്ങൾ ഭാരതഭൂമിയിൽ ബുദ്ധകാലം ആയിരുന്നു. അന്നായിരുന്നു ചിത്രകലയുടേയും ശില്പത്തിൻേറയും സുവ-ണ്ണകാലം. ബുദ്ധമതം പ്രകഷേണ പ്രകടനപരമായിരുന്നു. ചിത്രങ്ങളെക്കൊണ്ടും രൂപങ്ങളെക്കൊണ്ടും ജനങ്ങളുടെ ഉള്ളിൽ ബോധം വരുത്തി മതത്തെ പരത്തുന്ന വിദ്യ ബുദ്ധമതത്തിനു് പ്രത്യേകമായിരുന്നു. നേപാളത്തും ടിബററിലും കാണുന്ന പള്ളിക്കൊടിക്കൂറകൾ (തങ്ക എന്നാണു് ആ നാട്ടിലെ പേർ) പണ്ടത്തെ ബുദ്ധമത പ്രചരണസമ്പ്രദായത്തെ ലക്ഷീകരിക്കുന്നു. ബുദ്ധസന്യാസികൾ തന്നെ മിക്കവരും പടം വരയ്ക്കാൻ മിടുക്കരായിരുന്നു. ചിത്രരൂപേണ ബുദ്ധമതം ലങ്ക, ചീന, സയാം, ബമ്മ, നേപാളം, ഖോടാൻ, തിബററു്, ജപ്പാൻ എന്നീ രാജ്യങ്ങളിൽ പരന്നു. ബൗദ്ധചിത്രകല അഭിവൃദ്ധിയെ പ്രാപിച്ചു് ഗുഹാഭിത്തിചിത്രങ്ങളുണ്ടായി. ഹൈദരബാ-ദ്ദു്സംസ്ഥാനത്തിൽ ചേന്ന അജാന്താഗുഹകളിലും, സിലോണിൽ സിഗിരിയാവിലും, ഗ്വാളിയർസംസ്ഥാനത്തുള്ള ബാഗ് എന്ന സ്ഥലത്തും ഈ പടങ്ങൾ ഇന്നു് കാണ്മാൻ ഉണ്ടു്. അവയെ വിസ്തരിച്ചു വണ്ണിക്കാൻ ഇവിടെ സാധ്യമല്ല. പല കാലങ്ങളിലായി എഴുതീട്ടുള്ള ഈ പടങ്ങളിൽ ഗ്രീക്കു്കാരുടെ അനുകരണം കൂടി കലന്നിട്ടുണ്ടെന്നു് സ്പഷ്ടമാവുന്നുണ്ടു്. ദേവന്മാരുടെയും സിദ്ധന്മാരുടെയും ശിരസ്സിനു് ഒരു പ്രഭാമണ്ഡലമുണ്ടാക്കാൻ ഗ്രീക്കുകാരുടെ വിദ്യയിൽ നിന്നു് പഠിച്ചതാണു്. അവ്വാചീനകാലങ്ങളിൽ എഴുതീട്ടുള്ള ചിത്രങ്ങളിൽ പാരസീകസംസ്കാരവും

വെളിപ്പെടുന്നുണ്ടു്. ബുദ്ധകഥകളെ ചിത്രരൂപേണ വെളിപ്പെടുത്തുന്ന വിദ്യ പ്രത്യേകിച്ചു് ഗണനീയമാകുന്നു. ഓരോന്നിലും നല്ല ഓജസ്സും തേജസ്സും കാണ്മാനുണ്ടു്. രാമായണകഥ മുഴുക്കെ വിളക്കുമാടത്തിന്റെ അടച്ചുപലകകളിൽ കൊത്തീട്ടുള്ളതു് തിരുവിതാംകൂർസംസ്ഥാനത്തു് കൽക്കുളം രാമസ്വാമിക്ഷേത്രത്തിൽ ഞാൻ കണ്ടു രസിച്ചിട്ടുണ്ടു്. പുലകേശി രണ്ടാമൻ പാരസീകരാജാവായിരുന്ന ഖുസ്രൂവിന്റെ ദൂതനെ സൽക്കരിക്കുന്ന ചിത്രം വളരെ രസികനാണു്. പ്രത്യക്ഷപ്രാമാണ്യം വിട്ടു് ചിത്രങ്ങൾ തന്ത്രപ്രമാണങ്ങളായപ്പോൾ, കലയുടെ ജീവസ്സ് കുറഞ്ഞു തുടങ്ങി. സാങ്കേതികവ്യവസ്ഥകളിൽ അകപ്പെട്ടു് കലയുടെ ജീവൻ പോയി. ഏ. ഡി. മൂന്നാം ശതകമായപ്പോൾ ബൗദ്ധചിത്രകലയ്ക്കു് ഹീനത വന്നു. പിന്നെ മഗധരാജ്യത്തുണ്ടായ ബിംബിസാരൻ മദ്ധ്യദേശത്തും, രാജപുത്താണാവിലുണ്ടായ ശൃംഗധരൻ പശ്ചിമദേശത്തും, വംഗദേശത്തുണ്ടായ ധീമാൻ പൂർവ്വദേശത്തും, ചിത്രകലയെ പോഷിപ്പിച്ചു. ഇങ്ങനെ പൂർവ്വപശ്ചിമമദ്ധ്യദേശീയങ്ങളായ മൂന്നു് സമ്പ്രദായങ്ങൾ ഉണ്ടായി. കാശ്മീരത്തും നേപാളത്തും ബർമ്മാവിലും തെന്നിൻഡ്യയിലും കാണുന്ന ചിത്രകലകൾ മുൻപറഞ്ഞ മൂന്നു മാതിരികളുടെ അനുകരണങ്ങളാണെന്നു് താരാനാഥൻ അഭിപ്രായപ്പെടുന്നു.

അജാന്താചിത്രങ്ങളിൽ ഏററവും അർവ്വാചീനമായ പടം ഏതാണ്ടു് ഏ. ഡി. ൬൫൦-ാമാണ്ടിടയ്ക്കു് ഉണ്ടായതിന്റെ ശേഷം, പതിനാറാം ശതകത്തിൽ അക്ബർ ചക്രവർത്തിയുടെ കാലം വരെ ചിത്രകലയ്ക്കുണ്ടായ ചരിത്രം അന്ധകാരദന്തുരമായിരിക്കുന്നു. അക്കാലത്തു് ബുദ്ധമതം ഭാരതഭൂമിയിൽ ക്ഷീണദശയെ പ്രാപിച്ചു. ബ്രാഹ്മണമതം പുനരുദ്ധരിച്ചു. മഹമ്മദീയരും വന്നുകയറി. ബ്രാഹ്മണമതം ചിത്രകലയെക്കാൾ ശില്പകലയെ പ്രോത്സാഹിപ്പിച്ചു.

പുരാതനമഹാക്ഷേത്രങ്ങളിൽ കാണുന്ന ബിംബങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നു. എലിഫന്റാ, എല്ലോറ, ജാവായിൽ ബോറോബുദൂർ, എന്ന സ്ഥലങ്ങളിലുള്ള ബിംബങ്ങൾ കൊത്തുപണിയുടെ ഉത്തമോദാഹരണങ്ങളാകുന്നു. അനവധി ബിംബങ്ങൾ അക്കാലത്തുണ്ടായി. ചിത്രവിദ്യ പോയി, ശില്പവിദ്യ വർദ്ധിക്കാൻ പല കാരണങ്ങളും പറയുന്ന കൂട്ടത്തിൽ മദ്ധ്യേഷ്യാസംസ്കാരം പകന്നതാണെന്നുള്ള സംഗതി പ്രധാനമായി ഗണിച്ചിരിക്കുന്നു.

അനന്തരം മുകിലാവേശത്തോടുകൂടി പാരസീകകല ഭാരതഭൂമിയിൽ സ്ഥാനം പിടിച്ചു. എ. ഡി. ൧൫൦൦ മുതൽ രണ്ടര ശതവർഷകാലം മുകിലൻചിത്രകല പ്രാമാണ്യം വഹിച്ചു. മദ്ധ്യേഷ്യയിൽ ഉദിച്ച ആ കല പർസ്യാവിൽ പൊലിച്ചു. അതുകൊണ്ട് മുകിലൻചിത്രകലയ്ക്ക് ഇൻഡോ പർസ്യൻ ചിത്രകല എന്ന് പേർ പറഞ്ഞുവരുന്നു. പതിനഞ്ചാം ശതവർഷത്തിൽ ബിസാദ് എന്ന ചിത്രകാരനായിരുന്നു ആ കലയുടെ കൂടസ്ഥപുരുഷൻ. അയാളെ പൗരസ്ത്യറാഫേൽ എന്ന് വിളിക്കാറുണ്ട്. ബിസാദിന്റെ സമ്പ്രദായത്തെയാണ് അക്ബർ ഇൻഡ്യയിൽ പകർത്തിയതു്. മുകിലൻചിത്രകല ഭാരതഭൂമിക്ക് ആദ്യം വിദേശീയ ആയിരുന്നെങ്കിലും, ക്രമേണ സ്വദേശിയും പരദേശിയും ഒന്നിച്ചിണങ്ങി. വാസവൻ, ദാസപന്തൻ, കേശുദാസൻ, എന്ന ഹിന്ദുചിത്രകാരന്മാർ ഇൻഡോപർസ്യൻചിത്രങ്ങളെ അക്ബറുടെ പ്രോത്സാഹനത്തിൽ എഴുതി. ഛായകൾ എഴുതുന്നതിലാണ് മുകിലചിത്രകാരന്മാക്ക് വൈഭവം സിദ്ധിച്ചിരുന്നതു്. അതിലും നായാട്ടുചിത്രങ്ങൾ വരയ്ക്കുന്നതിൽ അവക്ക് നല്ല പ്രാവീണ്യമുണ്ടായിരുന്നു. പ്രത്യക്ഷസാക്ഷാൽക്കാരമാണ് മുകിലകലയുടെ മർമ്മം; പരോക്ഷാനുഭവമല്ല. ചെറുതോതിലുള്ള ചിത്രങ്ങൾ (miniature painting) എഴുതാനുള്ള വിദ്യ മുകിലന്മാരാണ് ഏർപ്പെടുത്തിയതു്.

പുസ്തകങ്ങളിൽ ആവക ചിത്രങ്ങൾ കാണാം. ഷാജിഹാന്റെ കാലത്തു് നല്ല ചായം പിടിപ്പിക്കുന്നതിലും അലങ്കാരങ്ങൾ ചെയ്യുന്നതിലും സാമൎത്ഥ്യം ഉളവായി. ആ ചക്രവൎത്തി ചിത്രലേഖനത്തെക്കാൾ ശില്പകലയെ അത്യന്തം പോഷിപ്പിച്ചു. അറംഗസീബിന്റെ പിൻകാലം യൂറോപ്യൻ ചിത്രകല ഭാരതഭൂമിയിൽ വന്നുചേൎന്നു. പത്തൊമ്പതാം ശതകത്തിൽ ഭാരതചിത്രകല യൂറോപ്യൻ മട്ടിനെ അനുകരിച്ചു. തെന്നിൻഡ്യയിൽ മധുരയിലും തഞ്ചാവൂരും നായിക്കന്മാർ ഇൻഡോപേർസ്യൻ സമ്പ്രദായത്തിലുള്ള ചിത്രങ്ങൾ ധാരാളം എഴുതീട്ടുണ്ടു്. തിരുവിതാംകൂറിലും സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്തു് ആ മാതിരി ചിത്രങ്ങൾ എഴുതിച്ചിട്ടുള്ളതായി കാണുന്നു. പുരാതന ഭിത്തിചിത്രങ്ങൾ പത്മനാഭപുരം മുതലായ പല രാജസദനങ്ങളിലും ക്ഷേത്രങ്ങളിലും കാണുന്നുണ്ടു്.

മുകിലചക്രവൎത്തികൾ ഇൻഡോപേർസ്യൻ ചിത്രകലയെ പ്രോത്സാഹിപ്പിച്ചുവന്ന കാലത്തു്, സാക്ഷാൽ ഭാരതീയചിത്രകല രാജപുത്താനാവിലും ഹിമവത്സാനുപ്രദേശത്തും പുലൎന്നു. എ. ഡി. ഏഴാം ശതകത്തിന്റെ അവസാനത്തോടു് കൂടി ബൌദ്ധചിത്രകല ക്ഷീണദശയെ പ്രാപിച്ച ശേഷം, ഒമ്പതാം ശതകത്തിൽ പുരാതന ഗുൎജ്ജരരാജാക്കളുടെ സന്താനപരമ്പരയിലുണ്ടായ രജപുത്തുകൾ മുതിന്നതു വരെ ഭാരതീയചിത്രകല മങ്ങിക്കിടന്നു. ബുദ്ധമതം പോയി ബ്രാഹ്മണമതം പുനരുദ്ധരിച്ച കാലമായിരുന്നതിനാൽ, സാമുദായികസ്ഥിതിക്കും ആചാരങ്ങൾക്കും നടവടികൾക്കും വളരെ വ്യത്യാസങ്ങൾ നേരിട്ടു. പുരാണങ്ങളിലുള്ള പ്രേമം വൎദ്ധിച്ചപ്പോൾ അതിലെ കഥകളെ രംഗത്തിൽ നടിച്ചു കാണാനുള്ള കൌതുകം വൎദ്ധിച്ചു. വേഷങ്ങൾ കെട്ടുന്നതിലും, ഉത്സവാദി വിശേ-

ങ്ങൾ ഘോഷിക്കുന്നതിലും ഉത്സാഹം ഉളവായി. ഭംഗിയേറിയ പല പടങ്ങുകൾ ദേവാരാധനത്തിൽ ഏർപ്പെട്ടു. ബുദ്ധന്മാരെ പോലെ പടങ്ങൾകൊണ്ടു മാത്രം മതപ്രചോദനം പോരെന്നു് തോന്നി, സാക്ഷാൽ ബിംബങ്ങളെ തന്നെ ഹിന്ദുക്കൾ കൊത്തിയുണ്ടാക്കിത്തുടങ്ങി. ശൈവമായും വൈഷ്ണവമായുമുള്ള അനവധി വിഗ്രഹങ്ങളും അവയെ പ്രതിഷ്ഠിക്കാനുള്ള ക്ഷേത്രങ്ങളും അക്കാലത്തു് ഉണ്ടായി. ഹിന്ദുമതത്തിൽ ബിംബാരാധനം ഇക്കാലത്താണു് പ്രചരിച്ചതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ദേവനെ പ്രത്യക്ഷത്തിൽ കാണുന്നതിനു് ചിത്രങ്ങളേക്കാൾ ബിംബങ്ങൾ കൂടുതൽ ഉപയോഗപ്പെട്ടു. ദേവസാന്നിദ്ധ്യത്തിനു് ഉതകുന്നതിനായി ആലയങ്ങൾ വിചിത്രതരങ്ങളായി പണിഞ്ഞതവയിൽ അനേകം കൊത്തുപണികൾ ഭംഗിയായി ചെയ്തിരുന്നു. ഇങ്ങനെ ശില്പം ചിത്രകലയെ ഏതാണ്ടു് തടഞ്ഞു് നിറുത്തിയിരുന്ന കാലത്തു്, രജപുത്തുകൾ പുരാതന ബൗദ്ധഭിത്തിച്ചിത്രപ്പണിയെ നടത്തിവന്നിരുന്നു എന്നുള്ള സംഗതി, ജയപൂർ, ബിക്കാനിയർ, ജോട്പൂർ, ഉദയപൂർ മുതലായ രാജഗൃഹങ്ങളിൽ കാണുന്ന ചിത്രങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. അവ പഴയ അജന്താചിത്രങ്ങളുടെ സന്താനങ്ങളാകുന്നു. രജപുത്തുകാരുടെ ചിത്രകലയ്ക്കു് 'രാജസ്ഥാനിരീതി' എന്നാണു് പേർ. 'ജയപൂർമട്ടു്' എന്നും പറയാറുണ്ടു്. ജയപൂരിലാണു് അതിൻെറ ഉത്ഭവം. എട്ടാം ശതകത്തിൽ മഹമ്മദ്കാസിം സിൻഡ്‌രാജ്യം ജയിച്ച കാലത്തു്, ജയപൂരിൽനിന്നു് ഒരുകൂട്ടം ചിത്രമെഴുത്തുകാർ ചെന്നു്, അദ്ദേഹത്തിൻെറയും കീഴുദ്യോഗസ്ഥന്മാരുടെയും പടങ്ങൾ എഴുതാൻ അപേക്ഷിച്ചതായി ഐതിഹ്യം ഉണ്ടു്. ജയപൂരിൽനിന്നു 'രാജസ്ഥാനിചിത്രകല' ദില്ലി, ആഗ്ര, ലാഹോർ മുതലായ

സ്ഥലങ്ങളിലേക്ക് പരന്നു. ഹിന്ദുക്കളോട് ബദ്ധവിരോധി ആയിരുന്ന അറംഗസീബ് ചക്രവർത്തി അവരെ ഓടിച്ചു. കാന്ദിശീകരായ ചിത്രകാരന്മാർ ദക്ഷിണദേശത്തുള്ള ഹൈദരബാദിലും, വംഗസംസ്ഥാനത്തും, പാട്നാ, ലക്നൗ എന്നീ സ്ഥലങ്ങളിലും അഭയം പ്രാപിച്ചു. അവിടങ്ങളിൽ ജയപൂർമട്ടിലുള്ള ചിത്രകല പരന്നു.

അതുപോലെ ഒരു കൂട്ടർ ഹിമവത്സാനുവിലുള്ള കംഗ്രാദേശത്തു് ചെന്നുപാറി. മഹാദ്രിസമ്പർക്കത്തിൽ അവർ ഒരു പ്രത്യേകമട്ട് സൃഷ്ടിച്ചു, അതിനു് 'പഹരീരീതി' എന്നാണു് പേർ; അതായതു്, പർവ്വതരീതി എന്നർത്ഥം. നരപുരം, ബഷോലി, ഛംബ, ജമ്മു, കാശ്മീരം എന്നുള്ള ഗിരിസംസ്ഥാനങ്ങളിൽ ആ മട്ട് പരന്നു. 'കാടോഛ'രാജാക്കന്മാരുടെ, വിശേഷിച്ച് പതിനെട്ടാം ശതകത്തിൽ വാണ സംസാരചന്ദ്രരാജാവിന്റെ, കാലത്തായിരുന്നു പഹരീരീതിയിലുള്ള ചിത്രകലയുടെ ശുക്രദശ. അംഗലാവണ്യം, അലങ്കാരഭംഗി, ചായക്കൊഴുപ്പ് എന്നുള്ള വിഷയങ്ങളിൽ ഈ മട്ടിലുള്ള ചിത്രങ്ങൾക്കു് വൈശിഷ്ട്യമുണ്ടു്. പൗരാണികകഥകളുടെയും ദേവന്മാരുടെയും പടങ്ങൾ എഴുതുന്നതിൽ പഹരീമട്ടുകാർക്ക് ഒരു പ്രത്യേക വാസനയുള്ളതായി കാണുന്നു. മഹാരാജാ റംജിറവ്സിംഗ് (ഫവ്വംന—നൻ) ഈ മാതിരി ചിത്രമെഴുത്തുകാരെ പ്രോത്സാഹിപ്പിച്ചിരുന്നു. പത്തൊമ്പതാം ശതകത്തോടെ ആ മാതിരി ചിത്രമെഴുത്ത് മോശമായിത്തുടങ്ങി. ഫൻ൦ഭ-ൽ ഉണ്ടായ ധർമ്മശാലാഭൂകമ്പത്തോടെ കംഗ്രാദേശവും അവിടെ ഉണ്ടായ ചിത്രകലയും നാമാവശേഷമായി.

പതിനെട്ടാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ മുകിലസാമ്രാജ്യം ക്ഷയിച്ചതോടു കൂടി, തദുപജ്ഞമായ ചിത്രകർമ്മവും അസ്തപ്രായമായി. മഹമ്മദീയകുടുംബങ്ങളിൽ ചിലർ ഇന്നും അതിനെ പരിപാലിക്കുന്നുണ്ടു്.

പതിനൊമ്പതാം ശതകത്തിൻെറ ആദിയിൽ ലക്നോവിൽ ഒരു കൂട്ടം ചിത്രങ്ങൾ എഴുതാൻ തുടങ്ങി. അവ പഴയ മാതിരിയിൽ യൂറോപ്യൻ മട്ടു കലത്തിയവയാകുന്നു. ഛായ എഴുത്താകുന്നു പ്രധാനം. അവയ്ക്കു് ഓജസ്സു കുറവാകുന്നു. രാജസ്ഥാനി മട്ടിലുള്ള ചിത്രങ്ങൾ പഞ്ചാബിലും, ലാഹോറിലും,അമൃതസരസ്സിലും പ്രിയപ്പെട്ടിരുന്നു. കാപൂർസിംഗ് എന്ന ചിത്രകാരൻ നല്ല പടങ്ങൾ എഴുതീട്ടുള്ളതായി കാണുന്നു.

ഇക്കാലത്തു് ബംഗാളിൽ ഒരു കൂട്ടം ചിത്രകാരന്മാർ ഒരു പുതിയ മട്ടു് ആരംഭിച്ചു. പാട്നാവിലാണു് അതിൻെറ ഉത്ഭവം. ഏതാണ്ടു് യൂറോപ്യൻസമ്പ്രദായം ചേർന്ന ഈവക നാട്ടുചിത്രങ്ങളെ ഈസ്റ്റിൻഡ്യാകമ്പനിക്കാർ പ്രോത്സാഹിപ്പിച്ചു.

ദക്ഷിണേൻഡ്യയിൽ പതിനാറാം ശതവർഷം മുതൽ തന്നെ പർസ്യൻ മട്ടിലുള്ള ചിത്രങ്ങൾ എഴുതിത്തുടങ്ങി. ഔത്തരാഹന്മാർ കൊണ്ടുവന്ന ആ ചിത്രകല ചരിത്രസംബന്ധമായ സംഗതികളെ പരാമർശിച്ചു. ഇതിലും തെക്കു്, തഞ്ചാവൂർ മട്ടെന്നും, മൈസൂർ(കർണ്ണാടകം) മട്ടെന്നും രണ്ടായി പിരിഞ്ഞു. ആദ്യത്തേതു് പതിനെട്ടാം ശതകത്തിൽ ശരഭോജി രാജാവിൻെറ കാലത്തു് പ്രാബല്യത്തെ പ്രാപിച്ചു. സിവാജിയുടെ വാഴ്ചക്കാലത്തു് (൧൮൩൨—൫൫) പതിനെട്ടു് കുടുംബക്കാർ ഈ ചിത്രകലയെ പരിശീലിച്ചിരുന്നു. മരത്തിലും ദന്തത്തിലും ചിത്രങ്ങൾ വരക്കുന്നതിൽ അവർ വിരുതരായിരുന്നു. തുണിയിലും അവർ ചിത്രങ്ങൾ എഴുതീട്ടുണ്ടു്. തഞ്ചാവൂരും തിരുവിതാംകോട്ടും പുതുക്കോട്ടയിലുമുള്ള കൊട്ടാരങ്ങളിൽ അവയെ ഇന്നും കാണാം. സിവാജി ഒടുവിലത്തെ തഞ്ചാവൂർരാജാവായിരുന്നു. അദ്ദേഹത്തിൻെറ പിൽക്കാലം തൊഴിലില്ലാതെ ഈ ചിത്രകാരന്മാർ ചിലർ തട്ടാൻ-

പണിക്കാരായി. ചിലർ വർണ്ണക്കടലാസ് പറിച്ചിട്ടുള്ള ചിത്രങ്ങൾ എഴുതി ചന്തയിൽ വിററുവന്നു. ആ മാതിരി പടങ്ങൾ ഇന്നും കമ്പോളങ്ങളിൽ വില്പനയ്ക്കു വരുന്നുണ്ട്.

മൈസൂർചിത്രകല കൃഷ്ണരാജഉടയാരുടെ കാലത്തു് പുഷ്ടിയെ നേടി. മൈസൂർ രാജഗൃഹത്തിൽ ആ മാതിരി ചിത്രങ്ങൾ കാണാം. ആ ചിത്രകാരന്മാർ ദന്തത്തിലും മററും ചിത്രപ്പണി ചെയ്തിട്ടുണ്ട്. ഹവ്വന്നവ്വ-ൽ കൃഷ്ണ-രാജാവു് മരിച്ചതോടുകൂടി ആ കലയ്ക്കു് ഉടവു് തട്ടി.

ഇങ്ങനെ ഭാരതഭൂമിയിൽ ചിത്രകല ഹീനദശയെ പ്രാപിച്ചതിലുണ്ടായ സങ്കടം നിമിത്തം, സ്വദേശസ്നേ-ഹത്തിൽ അഗ്രേസരരായ ബങ്കാളികൾ പുരാതനകലാ-വിദ്യയെ പുനരുദ്ധരിക്കാൻ പ്രയത്നം തുടങ്ങി. അതിനു് മുമ്പിട്ടു് നിന്നതു് അവനീന്ദ്രനാഥടാഗ്രർ ആകുന്നു. അദ്ദേ-ഹത്തെ തുടന്നു് ഇന്നു് മഹാകവി രവീന്ദ്രനാഥടാഗ്രർ ബങ്കാളി ചിത്രകലയെ വിശ്വഭാരതിയിൽ പുലത്തുന്നു. ഈ പുതുകല പഴയതിൻെറ "ഈയ്യടിച്ചാൻകാപ്പി"കളല്ല. കല്പനാവൈഭവം അതിൽ വിളങ്ങുന്നുണ്ട്. പുരാണങ്ങ-ളിൽ നിന്നും മഹാകാവ്യങ്ങളിൽനിന്നും സ്വീകരിച്ചിട്ടുള്ള പാത്രങ്ങളാണു് ബങ്കാൾചിത്രങ്ങളുടെ വിഷയം. എന്നാൽ അവയുടെ ബാഹ്യരൂപത്തിലല്ല ആന്തരാത്ഥത്തിലാണു് ചിത്രകാരനു് കൂടുതൽ ദൃഷ്ടി പതിഞ്ഞിരിക്കുന്നതു്. ഹിമവൽപവ്വതത്തിൽ പാക്കുന്ന പ്രൊഫസ്സർ നിക്കാ-ളാസ്റോറിക്ക് എന്ന കലാതത്ത്വമമ്മജ്ഞൻ നവീനമായ ഒരു പ്രവത്തരീതി ചിത്രകലയെ തുടങ്ങീട്ടുണ്ട്. മിസ്റ്റിക്ക് കവിത പോലെ, അന്യാപദേശരൂപത്തിലാണു് ആ രീതിയിലുള്ള ചിത്രങ്ങൾക്കുള്ള രാമണീയകം.

ഇൻഡ്യയുടെ തെക്കേ അററത്തുള്ള തിരുവിതാംകൂർ സംസ്ഥാനത്തും ഒരു പുതുചിത്രകലാപ്രസ്ഥാനത്തെ രാജാ-രവിവമ്മ നല്കീട്ടുണ്ട്. അതിന്റെ പ്രകൃതിലാവണ്യം ബംഗാ-

ളിപ്രസ്ഥാനത്തെ അതിശയിച്ച് നിൽക്കുന്നു. പുരാണകഥ-കളും ദേവന്മാരുടെ ചിത്രങ്ങളും കൂടാതെ ഛായാപടങ്ങളും രാജാരവിവർമ്മ നിർമ്മിച്ചിട്ടുണ്ട്. അവയിൽ ആകൃതിക്കും പ്രകൃതിക്കുമുള്ള അംഗാംഗീഭാവവും ഉന്മേഷജനകമായ ഓജസ്സും ജീവനും കൂട്ടത്തിലുണ്ട്.

ഭാരതഭൂമിയിലെ ചിത്രകലയെ പററി ഇത്രയും വിവ-രിക്കാൻ ഇടയായതു്, ആ വിഷയത്തെ പററി നാട്ടുകാർക്ക് അഭിരുചി ജനിപ്പിക്കാൻ വേണ്ടിയാകുന്നു,എന്നു മാത്രമല്ല, അതിനെപ്പററിയുള്ള കഥ ജനസാമാന്യത്തിനു് ഇതുവരെ അജ്ഞാതമായിത്തന്നെ ഇരിക്കുന്നു എന്നുള്ളതുകൊണ്ടും ആകുന്നു. ഇനി യൂറോപ്യൻ ചിത്രകലയെപ്പററി അല്പം പ്രസ്താവിച്ചു്, ഈ അതിദീർഘമായ അദ്ധ്യായത്തെ പൂരി-പ്പിക്കാം.

പത്തൊമ്പതാം ശതവർഷത്തിൻെറ ആദിമഘട്ട-ത്തിൽ വ്യവസായാഭിവൃദ്ധികൊണ്ടും വ്യാപാരപ്പൊലിപ്പും കൊണ്ടും നൂതനധനികപ്രഭുക്കന്മാരുണ്ടായി. അവർക്ക് പുരാതനസ്ഥാനികളായ പ്രഭുക്കളോടൊപ്പം ചമയാനുള്ള ആഗ്രഹം മുഴുത്ത ക്രമത്തിനു്, കലകൾക്ക് ഒരു നവീന പദ്ധതി ഏൎപ്പെട്ടു. എന്നുതന്നെയല്ല, ആവിക്കപ്പൽ തീ-വണ്ടി മുതലായ നൂതനോപകരണങ്ങളുടെ ആവിർഭാവ-വും ചിത്രകലയെ ബാധിക്കാതിരുന്നില്ല. ചിത്രകാരന്മാർ പുത്തൻകൂററുകാർക്ക് രസിക്കത്തക്ക പടങ്ങൾ എഴുതേണ്ട-തായി വന്നു. എന്തെന്നാൽ അവരായിരുന്നു പണക്കാർ. അവരുടെ സഹായംകൊണ്ടല്ലാതെ കലാനിപുണന്മാർക്ക് കാലക്ഷേപം ചെയ്യാൻ നിർവാഹമില്ലായിരുന്നു. പ്രസിദ്ധ ചിത്രകാരന്മാരായിരുന്ന സ്പാനിയാർഡ് ഗോയാ, ഇംഗ്ലീ-ഷ് കാഴ്ചകളെഴുതാൻ സമർത്ഥരായ കാൺസ്റ്റബിൾ ടർണർ, ഡേവിഡ്, ഇംഗ്രീസ് എന്നുള്ളവർ ചിത്രകർമ്മത്തിൽ അധിതീയരായിരുന്നു. അവർ സാമ്രാജ്യോപജ്ഞമായി സജീവമായ ചിത്രകലയെ പ്രദർശിപ്പിച്ചു. എങ്കിലും

നവീനസാമ്പത്തികപ്രഭുത്വത്തെ പ്രാപിച്ച മുതലാളി വൎഗ്ഗത്തെ രസിപ്പിക്കത്തക്ക പടങ്ങളെ വരയ്ക്കാൻ വിരുതരായിരുന്നില്ല. അതിന് ഒരുകൂട്ടം നവീനചിത്രകാരന്മാർ ഉണ്ടായവരെ ബ്രിട്ടീഷ് റായൽ അക്കാഡമി എന്നും ഫ്രഞ്ച് സലാൺ എന്നും രണ്ടു കലാവിദ്യാസംഘങ്ങൾ പ്രോത്സാഹിപ്പിച്ചു. വൎഷാവൎഷം രണ്ടു് സംഘങ്ങളും പ്രദൎശനങ്ങൾ നടത്തി വന്നതിൽ, പലരും ചിത്രങ്ങൾ മത്സരിച്ച് എഴുതി അയക്കയാൽ ചിത്രകല വളരെ പൊലിച്ചു. രണ്ടു് സ്ഥലത്തും നടന്ന കലാസംഘപ്രദർശനം കാണാൻ ആണ്ടുതോറും പോയി വരുന്നതു്, മാന്യജനങ്ങളുടെ ഒരു ഉത്സാഹപൂൎവ്വമായ കൃത്യമായിത്തീൎന്നു. ഇങ്ങനെ സാമാന്യജനപ്രീതികരങ്ങളായ പടങ്ങൾ ധാരാളം ഉണ്ടായി വിററഴിഞ്ഞു വരവേ, പത്തൊമ്പതാം ശതകത്തിൻെറ ഉത്തരാൎദ്ധത്തിൽ റസ്കിൻ എന്നും വില്യം എന്നുമുള്ള രണ്ടു കലാമൎമ്മജ്ഞശിരോമണികൾ നാട്ടോടിപ്പടങ്ങളുടെ ഹീനതയെ പുച്ഛിച്ച്, മദ്ധ്യകാലഘട്ടത്തിൽ ഉണ്ടായിരുന്ന പ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രേരിപ്പിച്ചു. റംബ്രാൻഡിൻെറയും വെലാസ്ക്കേയുടെയും ചിത്രനിൎമ്മാണമാഹാത്മ്യത്തെപ്പററി മുമ്പിൽ ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. ആ കേമന്മാരെ അനുസരിച്ച് കോറോ എന്നും ഡീഗാസ് എന്നും മാനേ എന്നും റീബാ എന്നുമുള്ള പരന്ത്രീസ് ചിത്രകാരന്മാർ പടങ്ങൾ എഴുതി. അമേരിക്കയിൽ വിസ്റ്റ്ലർ എന്നയാളും അതേ പദ്ധതിയെ അനുകരിച്ചു. അവരുടെ ചിത്രങ്ങളിൽ സുജനസമുദായത്തിന് ഉചിതങ്ങളായ ക്ഌപ്ത സങ്കേതങ്ങളെ വ്യഞ്ജിപ്പിച്ചു വന്നതു് രസിക്കാതെ, ചുവർ നിറഞ്ഞു കാണത്തക്കവയും ഗ്രാമീണജനങ്ങൾക്ക രസിക്കത്തക്കവയുമായ പടങ്ങൾ ഉണ്ടായിത്തുടങ്ങി. ശില്പവിദ്യയിലും ആ മാതിരി ഒരു നീചത്വം വെളിവായി. അപ്പോൾ ചിത്രങ്ങൾ കേവലം

അലങ്കാരത്തിന് മാത്രം ഉപയുക്തങ്ങളായിത്തീർന്നു. ചെടികളുടേയും പുഷ്പങ്ങളുടേയും മററു രൂപങ്ങളുടേയും ഛായയുടെ യാഥാർത്ഥ്യത്തെ വകവയ്ക്കാതെ ആനന്ദം മാത്രം പ്രമാണമാക്കിയപ്പോൾ, ചിത്രകലക്ക് ലാഘവം തട്ടി. കണ്ണാടിയിൽ ഛായാപടം എടുക്കാമെന്ന് ഫോട്ടോഗ്രാഫി പ്രത്യക്ഷമാക്കിയത് ചിത്രകലയുടെ പ്രക്രിയാവൈശിഷ്ട്യത്തെ (technique) ഏതാണ്ട് കുറച്ചു. അപ്പോൾ ആ കലയ്ക്ക് ആസകലാൽ വാട്ടം തട്ടി വളച്ച് നിലച്ചു.

ശില്പത്തിലും യൂറോപ്പിൽ പത്തൊമ്പതാം ശതകത്തിൽ പുതുമ ഒന്നും ഉണ്ടായില്ല. മധ്യകാലം കഴിഞ്ഞിട്ടുണ്ടായ ഗാത്തിക്ക് കെട്ടിടങ്ങളും, ആൻ രാജ്ഞിയുടെ കാലത്തുണ്ടായ മന്ദിരങ്ങളുടെ അനുകരണങ്ങളും തുടന്നതേ ഉള്ളു. സ്കാട്ട്ലണ്ടിലെ ബാറൺപ്രഭുക്കളുടെ കോട്ടകെട്ടിയ അരമനകളുടെ മാതിരി കെട്ടിടങ്ങളും പണിഞ്ഞുവന്നു. പിന്നീട്ട റയിൽസ്റ്റേഷൻ, റയിൽപാലം, പാണ്ടികശാലകൾ, യന്ത്രശാലകൾ എന്നുള്ളവയുടെ പടങ്ങൾ ഉണ്ടായി. അവയ്ക്ക് ശില്പകലയുടെ ലാഞ്ഛന പോലും തട്ടിയിരുന്നില്ല. ലണ്ടൻ ടൗവ്വർപ്പാലം പോലെ ഇത്ര അഭംഗിയുള്ള ഒരു ശില്പം ഉണ്ടായിട്ടില്ലെന്നു പറയപ്പെടുന്നു. പബ്ളിക് കെട്ടിടങ്ങൾ പോലും വികലങ്ങളായപ്പോൾ, സാധാരണഗൃഹങ്ങളുടെ സ്ഥിതി പ്രത്യേകം പറയേണ്ടതില്ലല്ലോ. അവ കേവലം കടിലുകളെക്കാൾ നീചങ്ങളായിരുന്നു. ലാവണ്യം പോയി പ്രയോജനമായി പ്രമാണം.

അമേരിക്കർ ആദ്യം യൂറോപ്യൻ മാതൃകകളെ പകർത്തിവന്നു. പത്തൊമ്പതാം ശതകത്തിൻെറ ഒടുവോടുകൂടി അവർ ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചു. ഇരുമ്പിൻെറയും ഉരുക്കിൻെറയും സഹായത്താൽ ആകാശചുംബികളായ മന്ദിരങ്ങളെ അവർ പണിയാൻ തുടങ്ങി. വിദ്യുച്ഛ-

കതിയുടെ സഹായത്താൽ നാല്പതും നൂറും നിലകളുള്ള കെട്ടിടങ്ങളിൽ കയറാൻ ആരോഹണയന്ത്രങ്ങൾ (electric lifts) ഉണ്ടായി. റിച്ചാർഡ്സണും സ്റ്റാൻഫോഡ്വൈറവും ആണു് ഈ പുതുശില്പത്തെ പ്രവർത്തിപ്പിച്ചതു്. അമേരിക്കയിൽ നവംനവങ്ങളായുള്ള മാതൃകകൾ ശില്പത്തിലും മററു കലകളിലും ആവിർഭവിക്കുന്നുണ്ടു്. അവിടെ അതിനുള്ള ധനവും ഉത്സാഹവും ഉണ്ടു്.

## എഴുപത്തിഒൻപതാം അദ്ധ്യായം

### നവീനശാസ്ത്രോദയവും സ്വാതന്ത്ര്യബോധവും.

നവീനശാസ്ത്രാഭിവൃദ്ധിമൂലം പത്തൊൻപതാം ശതകത്തെ യന്ത്രയുഗം എന്നു് അഭിധാനം ചെയ്യാവുന്നതാണെന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലൊ. മുമ്പുള്ള കാലത്തു് മഹാകവികൾക്കും ഗായകശിരോമണികൾക്കും ചിത്രകർമ്മനിപുണന്മാക്കും സിദ്ധിച്ചുവന്ന ബഹുമതിസ്ഥാനം പത്തൊമ്പതാം ശതകത്തിൽ നവീനശാസ്ത്രവിദഗ്ദ്ധന്മാർ കവന്നു. വൈദികരുടെ വിരോധം ഹേതുവായിട്ടു് യൂറോപ്പിൽ മുമ്പുള്ള കാലത്തു് പുതുശാസ്ത്രപ്രവർത്തനം ജീവനെ പണയം വെയ്ക്കുന്ന തൊഴിലായിരുന്നു എന്നു്, ജിയോർദാനോ ബ്രൂണോവിനെ റോമിൽ വെച്ചു് ചുട്ടുകരിച്ചതും, ഭൂമി സൂര്യപ്രദക്ഷിണം ചെയ്യുന്ന ഗ്രഹങ്ങളിലൊന്നാണെന്നു് വാദിച്ച ഗലിലീയോവിനെ കൊല്ലാതെ കൊന്നതും കൊണ്ടു് നാം കണ്ടുവല്ലോ. മതത്തിനും ശാസ്ത്രത്തിനും തമ്മിലുള്ള വൈരുദ്ധ്യം, ഒന്നു് കേവലം വിശ്വാസപ്രമാണവും, മറേറതു് പ്രത്യക്ഷാനുമാനപ്രമാണവും ആക

നിമിത്തം ഉണ്ടായതാകുന്നു. പണ്ടുണ്ടായിരുന്ന വിദ്വാന്മാരും പല പ്രത്യക്ഷപരീക്ഷണങ്ങളും അനുമാനങ്ങളും ചെയ്തിട്ടുണ്ടു്. ഭാരതഭൂമിയിൽ ആയുർവേദത്തിലും ചരകത്തിലും കാണുന്ന ചികിത്സാസമ്പ്രദായങ്ങളും ശസ്ത്രക്രിയകളും അനവധി പരീക്ഷണങ്ങൾ കൂടാതെ സാധിക്കുന്നവയല്ല. ഗ്രീക്കുകാരും അപ്രകാരം ചെയ്തിട്ടുണ്ടു്. ചീനന്മാർ രണ്ടായിരത്തിഅഞ്ഞൂറു് കൊല്ലം മുമ്പുതന്നെ പരിണാമവാദവും, രക്തസഞ്ചാരസമ്പ്രദായവും, വേദന കൂടാതെ ശസ്ത്രക്രിയ ചെയ്യാനുള്ള വിദ്യയും മനസ്സിലാക്കിയിരുന്നുപോൽ. അറബികൾ രസവാദത്തിൽ അമൃതം കണ്ടുപിടിക്കാനുള്ള പല പ്രയോഗങ്ങളും നടത്തിവന്നു. നമ്മുടെ പുരാണത്തിൽ അമൃതമഥനകഥ അത്തരത്തിൽ ഉള്ളതായിരിക്കുമോ? ഇങ്ങനെ പല ജാതിക്കാരും പല കാലത്തും വളരെ പരിശ്രമം ചെയ്തു് പല വിശേഷങ്ങളും കണ്ടുപിടിച്ചിട്ടുണ്ടു്. എങ്കിലും അവ നമുക്കു് നഷ്ടപ്പെട്ടുപോയി. ഓരോ ഋഷികളും ആശ്രമങ്ങളുടെ ഏകാന്തതയിൽ തപം ചെയ്തു് പല മാതിരി സിദ്ധികൾ സമ്പാദിച്ചു് ഗുരുശിഷ്യപരമ്പരയാ ഉപദേശങ്ങൾ കൊടുത്തു വന്നു. യുക്തശിഷ്യാഭാവത്തിൽ അവ ലുപ്തങ്ങളായി. സിദ്ധർഷിശിഷ്യർ രചിച്ചിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങൾ പ്രയോഗപാരമ്പര്യാഭാവത്തിൽ നിരർത്ഥകങ്ങളായി. ജ്ഞാനത്തെ നിധി പോലെ ഒളിച്ചു് വെച്ചിരുന്ന കാലമായിരുന്നു അന്നു്. പിന്നീടു് വന്നവൎക്കു് നിധി എവിടെ ഇരിക്കുന്നു എന്നു് മഷിയിട്ടു നോക്കിയിട്ടും കണ്ടുകിട്ടുന്നില്ല. ജ്ഞാനഭണ്ഡാരമുണ്ടു്; താക്കോൽ കളഞ്ഞുപോയി. അതാണു് ഹിന്ദുക്കളുടെയും ബൌദ്ധരുടെയും ശാസ്ത്രഗ്രന്ഥങ്ങളുടെ ഇന്നത്തെ അവസ്ഥ. അവയിൽ അനേകം വിശേഷപ്രയോഗങ്ങൾ പറയുന്നുണ്ടു്. അവയെ പ്രയോഗിക്കാനുള്ള കൌശലവും വശതയും നശിച്ചു. അവയെതന്നെയാണു് നവീന പാശ്ചാത്യ മേ-

ധാവികൾ പുതുതായി പ്രയത്നം ചെയ്തു് കണ്ടുപിടിച്ചു് വരുന്നതു്. ഭാരതീയപുരാതനപ്രയോഗശാസ്ത്രഗ്രന്ഥങ്ങളെ ചവിത്ത ചർവ്വണം ചെയ്തു് എത്രയോ പുരുഷായുസ്സ് കള-ഞ്ഞതിനു് മേൽ ഏതാനും ചില ഗുപ്തികളുടെ സൂത്രപ്പൂട്ട് തുറന്നു് കാണാൻ ഇടയാകനിമിത്തമാണു്, ഇക്കഴിഞ്ഞ മഹാസമരത്തിൽ മോഹനാസ്ത്രം മുതലായ നവീനോപ-കരണങ്ങൾ ഉണ്ടാക്കിയതെന്നു് ഒരു ജർമ്മൻ ധ്വര എന്നോടു് പറഞ്ഞു. അതു് നേരോ പൊളിയോ ആയിരിക്കട്ടെ. ഒന്നു് പറയാം; ഭാരതീയരുടെ അസ്ത്രങ്ങളെന്നല്ല ശാസ്ത്രങ്ങളും മന്ത്രഗുപ്തങ്ങളാണു്. മന്ത്രം എന്നാൽ അക്ഷരക്കോപ്പല്ല, പ്രയോഗരഹസ്യമാണു്; അതു് ഗുരുമുഖത്തിൽ നിന്നല്ലാതെ സുഗ്രഹമല്ല. ശിഷ്യപരമ്പരാഭാവത്തിൽ മന്ത്രങ്ങൾ നിഷ്പ്ര-യോജനങ്ങളായി. അതാണു് പ്രയോഗങ്ങൾ ഫലവത്തുക-ളല്ലാതായതു്.

പാശ്ചാത്യർ ഒരു കാലത്തു് നമ്മേ പോലെ ശാസ്ത്ര-തത്ത്വപ്രയോഗങ്ങളെ രഹസ്യങ്ങളാക്കി വെച്ചിരുന്നു. വെ-നീസ്സിലെ സ്ഫടികനിർമ്മാണത്തിന്റെ കാരികകൾ (Formula) ഷെഫീൽഡിലെ ചാണയ്ക്കു് വെക്കുന്ന വിദ്യ, ചീനപ്പാത്ര-ങ്ങൾക്കുള്ള ചേവ്, എന്നുള്ള പല വിദ്യകളും ഇദാനീന്തന-ക്കു് നഷ്ടമായി. ഈ രഹസ്യങ്ങൾ കളഞ്ഞു് പോയ പോ-ലെ വരരുതെന്നു് കരുതി, പിന്നീടു് വന്ന ശാസ്ത്രജ്ഞർ സ്വപരിശ്രമലബ്ധങ്ങളായ തത്ത്വങ്ങളെ ലോകരക്ഷാർത്ഥം പരസ്യമാക്കി. പരസ്യമായി ശാസ്ത്രീയപദ്ധതി നടാടെ വെളിപ്പെടുത്തിയതു് ൧൬൪൨-മുതൽ ൧൭൨൭ വരെ ജീവി-ച്ചിരുന്ന ഐസക്ക് ന്യൂട്ടൺ എന്ന ഇംഗ്ലീഷ്കാരനാണു്. ആ മഹാൻ ആകർഷണശക്തിയുടെ ന്യായങ്ങളെ കണ്ടുപി-ടിച്ചു. പനമ്പഴം വീഴുന്നതും നവഗ്രഹങ്ങൾ സൂര്യനെ ചുററുന്നതും ഒരേ ആകർഷണശക്തികൊണ്ടാണെന്നും, അവയുടെ ന്യായങ്ങൾ എന്തെന്നും അദ്ദേഹം ഉപപാദിച്ചു്

ബദ്ധമതനായി. അന്നു മുതൽ ശാസ്ത്രീയചിന്ത വിദ്വാന്മാരുടെ പ്രയത്നമായി. ഇംഗ്ലണ്ടിലും ഫ്രാൻസിലും ജമ്മനിയിലും അമേരിക്കയിലും അനവധി ചിന്തകന്മാർ പല പരീക്ഷണങ്ങൾ ചെയ്ത് ശാസ്ത്രജ്ഞാനത്തെ വർദ്ധിപ്പിച്ചു. പതിനെട്ടാം ശതവർഷത്തിൽ യുക്തിവാദം മുഴുത്ത് സാമുദായികമായും രാഷ്ട്രീയമായും പല വിപ്ലവങ്ങൾ ഉണ്ടാക്കിയതു് നാം കണ്ടുകഴിഞ്ഞല്ലോ. നവീനശാസ്ത്രീയചിന്തകൾ യന്ത്രയുഗത്തെ സൃഷ്ടിച്ച് ലോകത്തിൽ ധനവും വ്യവസായവും സൌകയ്യവും വർദ്ധിപ്പിച്ച് അനുഭവത്തിൽ വരുത്തിയപ്പോൾ, ജനസാമാന്യത്തിന് നവീനശാസ്ത്രങ്ങളോടുള്ള പ്രതിപത്തി അസാമാന്യമായി വളൎന്ന്, മതത്തോടും വൈദികരോടും അനാദരവ് വരുത്തി.

ഈ അവിശ്വാസോദയത്തിന് സാക്ഷാൽകാരണമായതു് ചാറൽസ് ഡാവിൻ ഉപന്യസിച്ച പരിണാമവാദമാകുന്നു. ൧൮൫൯-ൽ "വ്യക്തികളുടെ ഉത്ഭവം" (Origin of Species) എന്ന പുസ്തകം ആ വിദ്വാൻ പരസ്യപ്പെടുത്തി. ലോകത്തിൽ കാണുന്ന വ്യക്തികളെ സൃഷ്ടികർത്താവ് ഓരോന്നിനേയും പ്രത്യേകമായി സൃഷ്ടിച്ചില്ലെന്നും, ഏകബീജത്തിൽനിന്ന് ജീവിതായോധനന്യായമനുസരിച്ച് പരിണമിച്ചവ ആണെന്നും അദ്ദേഹം അതിൽ ദൃഷ്ടാന്തപൂർവം പ്രതിപാദിച്ചു. ഏതാനും കൊല്ലം കഴിഞ്ഞു "മനുഷ്യാവതാരം" (Descent of Man) എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തി. ബൈബിൾ മുതലായ പുരാണങ്ങളിൽ ഉപന്യസിച്ചിരുന്ന സൃഷ്ടിചരിത്രത്തെ അതു് ആകമാനം തുലച്ചു. പുതുപുതുതായ ഉദ്ഭിദങ്ങളെയും ജന്തുക്കളെയും സൃഷ്ടിക്കാമെന്ന് കാണിച്ചു തുടങ്ങിയപ്പോൾ, മനുഷ്യരുടെ പഴയ വിശ്വാസങ്ങൾക്ക് ഉടവ് തട്ടി. നീലക്കൊട്ടുവേലിയുടെ വടക്കോട്ടു പോകുന്ന വേരു കിട്ടിയാൽ എല്ലാം പൊന്നാക്കാമെന്ന് നേരമ്പോക്കായി നമ്മുടെ ഇടയിൽ

പറയാറുള്ള പോലെ, ഇടയ്ക്കുള്ള വ്യക്തികളെ കണ്ടുപിടിച്ചാൽ ഒരു ബീജത്തിൽ നിന്നു് ലോകമാസകലം സൃഷ്ടിക്കാമെന്നു് ഒരു ഭ്രമം അക്കാലത്തു് ആളുകൾക്കു് ഉണ്ടായി. ജീവിതായോധനത്തിൽ വമ്പത്തമുള്ളതിനു് മാത്രമേ നിലനിൽക്കുവാൻ സാധിക്കയുള്ളൂ എന്നുള്ള ന്യായത്തെ അടിസ്ഥാനമാക്കി, രാജ്യതന്ത്രജ്ഞരായ വെള്ളക്കാർ കറുത്തമനുഷ്യരുടെ മേൽക്കോയ്മ ഭരിക്കാൻ അർഹരാണെന്നു് വാദിച്ചു. വിദ്വാനു് ഏതു് പുല്ലും അസ്ത്രമാകുമല്ലോ. ഈ ന്യായമനുസരിച്ചു് ചെങ്ങിസ്ഖാനും അററില്ലയും ഉത്തമപുരുഷന്മാരാണെന്നും, ഹിററരുടെയും മസ്സോലെനിയുടെയും ലെനിന്റെയും കെമൽ ആട്ടാട്ടക്കിന്റെയും മേന്മയാണു് വരം എന്നും വരണമല്ലോ! അഹോ! ശാസ്ത്രവാദത്തിന്റെ ത്കടം മറിച്ചിൽ! ഡാർവിന്റെ പരിണാമവാദത്തിനു് പല ആക്ഷേപങ്ങളും ഉണ്ടായി, എങ്കിലും, ലോകത്തിനു് ക്രമേണ അഭിവൃദ്ധി വരുന്നുണ്ടു് എന്നൊരു ബോധം സർവ്വസാധാരണമായി ഉദിച്ചു. യന്ത്രവ്യവസായാഭിവൃദ്ധിയും പുതിയ കണ്ടുപിടിത്തങ്ങളും ആ ബോധോല്പത്തിയെ സഹായിച്ചു. പഴയ കാലങ്ങളെ പുകഴ്ത്തുക വഴക്കമായിരുന്നതു പോയിട്ടു്, വർത്തമാനകാലത്തെ അഭിമാനിക്കാൻ തുടങ്ങിയപ്പോൾ, മനുഷ്യർക്കു് ഉത്സാഹം വർദ്ധിച്ചു. 'പണ്ടത്തെ രാമരാജ്യത്തിന്റെ മാഹാത്മ്യം എവിടെ വരുന്നു? ആദിയിലെ കൃതയുഗം വരട്ടെ', എന്നും മററും നമ്മുടെ ഇടയിൽ വർത്തമാനകാലത്തെ പുഛിക്കുന്നതു് ഇന്നും നടപ്പാണല്ലോ. കലി മൂക്കുമ്പോൾ നാശമാം ദൂഷിക്കാനല്ലാതെ തരമില്ലെന്നു് സമാധാനം പറയുന്നതു് എവിടെയും കേൾക്കാം. ഈ വിശ്വാസത്തിനു് അടിമപ്പെട്ടിരിക്കുന്നിടത്തോളം കാലം, മനുഷ്യനു് മുന്നോട്ടു വരാൻ പ്രയാസമാകുന്നു. പാശ്ചാത്യജനസമുദായങ്ങളിൽ ഈ ഇഴഞ്ഞ ബുദ്ധി മാറി, കൌതുകവും ഉത്സാഹവും വർദ്ധിച്ചു-

ളുകൊണ്ടാണ്, യൂറോപ്യർ മുന്നണിയെ പ്രാപിച്ചിരിക്കുന്നത് എന്ന് പറയപ്പെടുന്നു. ഈ അഭിപ്രായത്തിൽ യോജിക്കാൻ നിവാഹമില്ല. മിന്നുന്നതെല്ലാം പൊന്നല്ല എന്ന് ധരിക്കണം. യൂറോപ്യരുടെ അഭിവൃദ്ധി പ്രാകൃതമാണ്, പുറമ്പൂച്ചാണ്-ആന്തരമായി ആത്മീയമായ ഉയർച്ചയെ ആണ് പൌരസ്ത്യർ വില വെക്കുന്നത്. അതിൽ പാശ്ചാത്യർ പൌരസ്ത്യരെ ഇന്നും മറികടന്നിട്ടുണ്ടോ എന്ന് സംശയമാണ്. പുറമെ ഉള്ള ഉയർച്ച നാൾക്കുനാൾ പാശ്ചാത്യനാട്ടിൽ കൂടിവരുന്നുണ്ട്. പരിഷ്കാരങ്ങൾ പുത്തനായി ഉണ്ടാവുന്നു. ഇന്നു പുതുതായി ഉണ്ടാവുന്ന യന്ത്രം നാളത്തേയ്ക്ക് പഴകി മറെറാന്ന് ഉണ്ടാവുന്നു. റെയിൽവന്നു; മോട്ടാറായി; വിമാനമായി; ടെലിഗ്രാഫ്ായി; ടെലിഫോണായി; ആകാശവാണിയായി; ഫോണോഗ്രാഫായി; ഗ്രാമഫോണായി; റേഡിയോ ആയി; മൈക്രോഫോണായി; ടെലിവിഷനായി. ഇങ്ങനെ പ്രതിദിനം നവംനവങ്ങളായ യന്ത്രസൌകര്യങ്ങൾ ഉണ്ടായി വരുന്നതെല്ലാം നവീനപ്രായോഗികശാസ്ത്രത്തിൻെറ വിജയപതാകയെ ഉയർത്തുന്നുണ്ട്. വാസ്തവം നോക്കിയാൽ, ജീവസൃഷ്ടി ഒഴിച്ച് മററുള്ളതെല്ലാം മനുഷ്യന് സ്വാധീനമായി എന്നു പറയാം. അതുംകൂടി അറിഞ്ഞാൽ മനുഷ്യൻ സ്രഷ്ടതുല്യനായി. എന്നാൽ ഭൌതികവിഷയങ്ങളിൽ കാണുന്ന അഭിവൃദ്ധി പരമാത്ഥമല്ല. പ്രാകൃതശക്തികളെക്കാൾ എത്രയോ മഹത്താണ് ആത്മശക്തി. പണ്ടുള്ളവർ ആത്മശക്തിയെ വളത്തി. അവക്ക് കൃത്രിമയന്ത്രസാമഗ്രി വേണ്ടിവന്നില്ല. ഇന്നുള്ളവക്ക് യന്ത്രം കൂടാതെ ഒന്നും സാധ്യമല്ല. ആത്മീയമായ സംസ്കാരത്തിനും യാന്ത്രികമായ മാഹാത്മ്യത്തിനും തമ്മിൽ ഏതാണ് വരം?

പത്തൊമ്പതാം ശതകത്തിൽ പുത്തനായി ഉണ്ടായ മറെറാരു വിശേഷം, ഭരണവിഷയത്തിൽ ജനസാമാന്യ-

ത്തിന്നു് ഉദിച്ച സ്വാതന്ത്ര്യബോധമാകുന്നു. സ്വേച്ഛാപ്രഭു-ത്വത്തോടു് വിരക്തിയും പ്രജായത്തഭരണത്തോടു് പ്രതി-പത്തിയും അതിന്റെ ഫലങ്ങളാകുന്നു. വാൾട്ടയർ മുത-ലായ സ്വതന്ത്രചിന്തകരുടെ പ്രേരണയിൽ ഫ്രഞ്ചുരാജ്യത്തു് പതിനെട്ടാം ശതകത്തിൽ തന്നെ ജനസ്വാത-ന്ത്ര്യബോധം ഉദിച്ചു് രാഷ്ട്രീയവിപ്ലവങ്ങൾ ഉണ്ടായ കഥ മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. ജർമ്മനിയിൽ തത്വചിന്ത ആയിരുന്നു അക്കാലത്തു് വിദ്വാന്മാർ ചെയ്തുവന്നതു്. ഇം-ഗ്ലണ്ടിൽ വ്യവസായാഭിവൃദ്ധിമൂലം അന്യചിന്തകൾക്കൊ-ന്നും അവസരമില്ലായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ, ഇംഗ്ലണ്ടിൽ ആഡംസ്മിത്തു് എന്ന വിദ്വാൻ, "രാഷ്ട്രങ്ങ-ളുടെ ധനം' (Wealth of Nations) എന്നൊരു പുസ്തകം പരസ്യപ്പെടുത്തി. അർത്ഥശാസ്ത്രത്തെ (Politics) അല്ല, ധനനിരൂപണതത്വങ്ങളെ (Economics) ആണു് ആ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരുന്നതു്. ധനനിരൂപണ-ത്തിൽ മതസംബന്ധമായും ധർമ്മസംബന്ധമായും സാമു-ദായികസംബന്ധമായും ഉള്ള വിഷയങ്ങളെ കൂടി പരാമ-ർശിക്കാതെ നിവൃത്തിയില്ല. സമുദായത്തിന്റെയോ രാജ്യ-ത്തിന്റെയോ വരവുചിലവുകളെപ്പററിയും, സാധനനി-ർമ്മാണം, വിതരണം, കോള്ളകൾ, ലാഭനഷ്ടങ്ങൾ എന്നി-ങ്ങനെ ഉള്ള സംഗതികളെപ്പററിയും ശാസ്ത്രീയമായി നിർവ്വ-ചിക്കുമ്പോൾ, മനുഷ്യർക്കു് പരമ്പരയാ ഉണ്ടായിരുന്ന സ്ഥിരബോധങ്ങളെയും തെററിദ്ധാരണകളെയും അകറേറ-ണ്ടി വരുന്നു. ആഡംസ്മിത്തു് ആ വിഷയങ്ങളെ ശാസ്ത്രീയ-രീതിയിൽ പ്രതിപാദിച്ചു. വ്യാപാരങ്ങളെ അവയുടെ പ്രകൃതിസിദ്ധങ്ങളായ പദ്ധതികളിൽ നിന്നു് വ്യതിചലി-പ്പിക്കാൻ നിർബന്ധങ്ങളെ സൃഷ്ടിക്കാതെ സ്വതന്ത്രമായ പോക്കിനു് വിടുന്നതാണു് സമുദായത്തിന്നു് ക്ഷേമം എന്നു് അയാൾ സ്ഥാപിച്ചു. ഫ്രാൻസിൽ അന്നു് നടന്നു വന്ന സ്വാതന്ത്ര്യകലഹത്തോടു് ബന്ധമൊന്നും ഇല്ലായി-

രുന്നു എങ്കിലും, ആഡംസ്മിത്തിന്റെ പുസ്തകം ജനമനസ്സിനെ ഒരു നവീനസ്വാതന്ത്ര്യപ്രസ്ഥാനത്തിലേക്കു് തിരിച്ചുവിട്ടു. അതുവരെ വൈദികന്മാർ ജനങ്ങളെ പറഞ്ഞു് വിശ്വസിപ്പിച്ചുവന്നപോലെ, ഐഹികലോകം കേവലം പാപഭൂയിഷ്ഠമായ നരകമല്ലെന്നും, മനുഷ്യരുടെ കൃത്യം പാപക്ഷാളനവും സങ്കടപരിഹരണവും മാത്രമല്ലെന്നും, ക്ഷേമവും സുഖവും പാരത്രികം മാത്രമല്ല ഐഹികമായുമുണ്ടെന്നും, അതു് നേടാൻ പ്രയത്നം ചെയ്യുന്നതിനു് എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യം ഒരുപോലെ ഉണ്ടെന്നും, സാമാന്യബോധം ഉളവായി. വൈദികന്മാർക്കു് ഇതു് തീരെ രുചിച്ചില്ലെന്നു് പറയേണ്ടതില്ലല്ലോ.

ജനസ്വാതന്ത്ര്യത്തിന്റെ മൂലതത്ത്വം, എല്ലാ മനുഷ്യരും സമമാണു്, എന്നാണല്ലോ. അതു് ഒരു ദിക്കിലും ഒരിക്കലും വരാവുന്നതല്ല. കായംകൊണ്ടും ബുദ്ധികൊണ്ടും, അഭ്യാസംകൊണ്ടും, ആചാരംകൊണ്ടും, ധനംകൊണ്ടും ഒരുത്തൻ മറെറാരുത്തനോടൊപ്പം ഒരിക്കലും ആവുന്നതല്ല. പിന്നെ സമത്വം എന്തിൽ വരാം? സാമുദായികമായും രാഷ്ട്രീയമായുമുള്ള വ്യക്തിത്വത്തിൽ. അതിനെ വ്യഞ്ജിപ്പിക്കാനാണു് വോട്ടവകാശം സർവ്വസമാനമാക്കണമെന്നു് വാദിക്കുന്നതു്. ഇങ്ങനെ വരണാധികാരം സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഉത്തമചിഹ്നമായിത്തീർന്നു. അതുകൊണ്ടു് ഈ വരണാധികാരം എല്ലാ പ്രജകൾക്കും ഒരുപോലെ കിട്ടണമെന്നായിരുന്നു് പത്തൊമ്പതാം ശതകത്തിലെ ഒരു മുഖ്യവാദം. പ്രായപൂർത്തി വന്ന പുരുഷന്മാർക്കു് ആദ്യവും, പിന്നീടു് കുറെ ബഹളങ്ങൾ കഴിഞ്ഞ ശേഷം, സ്ത്രീകൾക്കും വോട്ടവകാശം സാമാന്യമായി സിദ്ധിച്ചു.

എന്നാൽ ഈ അവകാശസിദ്ധികൊണ്ടു് വാസ്തവമായ അധികാരമോ, സമത്വമോ, ദാരിദ്ര്യോന്മൂലനമോ ഉണ്ടായില്ലെന്നു് ക്രമേണ വ്യക്തമായി. രാഷ്ട്രീയമായ

അധികാരം ധനവാന്മാരായ മേലാവിലുള്ളവൎക്ക് മാത്രമേ ഉണ്ടായിരുന്നുള്ളു എന്നുള്ള ബോധം വന്നപ്പോൾ, സമത്വവാദം പുറപ്പെട്ടു. അതിന് നാൾ ഏറെ വേണ്ടിവന്നു. തൽക്കാലം വോട്ടവകാശത്തിനുള്ള പിടിയും വലിയും പത്തൊമ്പതാം ശതകത്തിൽ മുതിൎന്നു നിന്നു. പ്രജായത്തഭരണംകൊണ്ട് സൎവ്വസ്വാതന്ത്ര്യവും ഭൂരിജനക്ഷേമവും വരുമെന്നുള്ള വിശ്വാസം അന്ന് ജനസാമാന്യത്തിന് ഉണ്ടായിരുന്നു. രാജാക്കന്മാരുടെയും ചക്രവൎത്തികളുടെയും സ്വേച്ഛാഭരണം സഹിക്കവയ്യാതെ, അതിന് പ്രതിവിധിയായിട്ടാണ് പ്രജായത്തഭരണത്തിന് പ്രാബല്യം സിദ്ധിച്ചത്. അതിനാൽ അതിനോടുള്ള പ്രതിപത്തി കുറെ നാൾ നിലനിന്നു. ഫ്രാൻസിലും അമേരിക്കയിലും ഉണ്ടായ വിപ്ലവങ്ങളും, തദനന്തരം ഉണ്ടായ സ്വാതന്ത്ര്യപ്രഖ്യാപനങ്ങളും പ്രജായത്തഭരണത്തിന്റെ മാഹാത്മ്യത്തെ ഒന്ന് കൂടി ഉറപ്പിച്ചു. സങ്കരബഹുലമായ ഒരു ജനസമുദായത്തിൽ വ്യക്തികളുടെ ക്ഷേമവും സമുദായമൊട്ടുക്കുള്ള ക്ഷേമവും ഏകോപിച്ച് വരാൻ പ്രയാസമാണ്. എങ്കിലും സ്വാതന്ത്ര്യം എല്ലാവൎക്കും ഉണ്ടെന്നുള്ള ബോധംകൊണ്ട് ഒരുവിധം സമാധാനമുണ്ടായി.

യഥാസ്ഥിതികരായിരുന്ന ആംഗലേയർ ഫ്രാൻസിലും അമേരിക്കയിലും നടന്ന വിപ്ലവങ്ങൾ നിമിത്തം ചകിതരായിത്തീൎന്നു. ആ കോലാഹലം വന്ന് കയറി പ്രജകൾ സ്വാതന്ത്ര്യസമ്പാദനത്തിന് കലഹിക്കുമെന്നായിരുന്നു അവരുടെ ഭയം. അതുകൊണ്ട് ഭരണാധികാരികളും പ്രഭുജനങ്ങളും കുറെക്കൂടി സ്വാധികാരങ്ങളെ മുറുക്കെ പിടിച്ചു. എങ്കിലും അവിടെ അഭ്യസ്തവിദ്യരായ ജനങ്ങളിൽ മറുനാട്ടുകളിലെ പരിഷ്കാരഭ്രമം ബാധിക്കാതിരുന്നില്ല. താമസ് പെയിൻ എന്നൊരു വിദ്വാൻ 'മനുഷ്യന്റെ അവകാശങ്ങൾ' (The Rights of Man) എന്നൊരു പുസ്തകം പരസ്യപ്പെടുത്തി. അമേരിക്കയിൽ നടന്ന സ്വാത-

സ്സമരകാലത്തു് അവിടെ പാത്ത്രനേതൃത്വം വഹിച്ച അയാൾ, രാജാധികാരം ജനങ്ങളിൽ സംക്രമിപ്പിക്കണമെന്നു് വാദിച്ചതിൽ, ആശ്ചര്യം ഒട്ടുമില്ല. അയാളെ ബ്രിട്ടീഷ് ഗവമ്മെൻറ് നാടുകടത്തി. അയാൾ പാരീസ്സിൽ പോയി മറെറാരു പുസ്തകം എഴുതി (Age of Reason). അതിൽ മതവിശ്വാസങ്ങളെപ്പററി ആക്ഷേപിച്ചിരുന്നു. ആ പുസ്തകം പരസ്യപ്പെടുത്തിയ ഇംഗ്ലീഷ് അച്ചുക്കൂടക്കാരൻ ശിക്ഷിക്കപ്പെട്ടു.

യൂറോപ്പിൽ ജനപ്രാമാണ്യത്തിൻെറ ജനയിതാവു് ഫ്രഞ്ചുവിപ്ലവമാകുന്നു. യന്ത്രാധിഷ്ഠിതമായ വ്യവസായാഭിവൃദ്ധിയോടു് ചേന്നപ്പോൾ, അതിൻെറ ആന്തരമായ ധമ്മതത്വം പോയി, കേവലം ബാഹ്യമായ സ്വാതന്ത്ര്യത്തിൽ പരിണമിച്ചു്, പ്രജായത്തഭരണത്തിൻെറ ജീവൻ നശിച്ചു, സമാജങ്ങൾ കൂടാനും സ്വാഭിപ്രായപ്രകടനത്തിനും മററുമുള്ള സ്വാതന്ത്ര്യം മാത്രമായിത്തീന്നു. ഉൽപതിഷ്ണുക്കളെന്നു് നടിച്ചു നടക്കുന്നവർ പോലും ഏറെ നാൾ ശീലിച്ചിട്ടുള്ള വ്യവസ്ഥകളെ മറികടക്കാൻ കാണിക്കുന്ന അനാസ്ഥ എവിടെയും ഏതു് വിഷയത്തിലും പ്രത്യക്ഷീഭവിക്കുന്നതാണല്ലോ. ഉരലിന്മേൽ ഇരുന്നുകൊണ്ടു് കഥകളിക്കാർ സഞ്ചാരം നടിക്കുന്ന മട്ടിൽ, പരിഷ്കാരികൾ പഴയ വഴക്കളെ അനുഷ്ഠിച്ചുകൊണ്ടു്, മുന്നോട്ടു പോകുന്നു എന്നു ഭാവിക്കുന്നു. അതുകൊണ്ടു് ഉണ്ടായ ഫലം, പ്രജായത്തഭരണത്തിനു് കാലക്രമത്തിൽ പൃഥം നേരിട്ടതാകുന്നു. ഇരുപതാം ശതവഷമായപ്പോൾ അതിൻെറ വില തീരെ ഇടിഞ്ഞുപോയി എന്നു് വഴിയെ കാണാം.

യുക്തിവാദത്തിൽനിന്നാണു് സ്വാതന്ത്ര്യത്തിൻെറ ഉത്ഭവം. യുക്തിയും മതവിശ്വാസവും മോരും മുതിരയും പോലെ ചേരാത്തവയാണു്. സ്വാതന്ത്ര്യബോധവും നവീനശാസ്ത്രപ്രചാരവും ചേന്നപ്പോൾ ക്രിസ്തീയവേദമായ

ബൈബിളിന്റെ വിധികളിൽ വിപ്രതിപത്തി ജനിപ്പിച്ചു. അതിൽ വിവരിച്ചിരിക്കുന്നതെല്ലാം ഓരോ കാലത്തു് ഉണ്ടായിരുന്നവർ വിശ്വസിച്ചിരുന്ന ഉപാഖ്യാനങ്ങളെന്നല്ലാതെ, അതിനു വിധികർത്തൃത്വമില്ലെന്നു് വാദം തുടങ്ങി. ജീസസ്സ് ഒരു പുതുമതത്തെ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നു കൂടി അഭിപ്രായം ചിലർ പ്രസ്താവിച്ചു. ഏറിയ കാലമായി അനുഷ്ഠിച്ചുവന്ന മതത്തെപ്പററി അവിശ്വാസം ജനിച്ചപ്പോൾ, സാമുദായികസുസ്ഥിതിക്കു് ഒരു മതം കൂടാതെ കഴിയുകയില്ലെന്നു് കരുതി, അഗസ്റ്റേ കാങ് എന്ന ഫ്രഞ്ചു് തത്വജ്ഞാനി (ഫ്രൻവ്വ—ഫവ്വമ) സ്നേഹം, രക്ഷ, അഭ്യുദയം എന്ന ഗുണങ്ങളെ പ്രമാണമാക്കി സമുദായോന്നമനപരമായ ഒരു പുതുമതം സൃഷ്ടിച്ചു. അതിനു് "പാസിററിവിസം" എന്നാണു് ഇംഗ്ലീഷിൽ പേർ. സാഹോദര്യമതം എന്നാണു് താല്പര്യം. വിദ്വാന്മാരായ പലരും ആ മതം സ്വീകരിച്ചു. എന്നാൽ അതുകൊണ്ടല്ല അതിന്റെ മാഹാത്മ്യം വെളിവായതു്. അന്നു് മുതലാണു് സമുദായശാസ്ത്രം (Sociology) എന്ന ഒരു നവീനശാസ്ത്രപ്രസ്ഥാനം ഉണ്ടായതു് എന്നുള്ള സംഗതി കാങ്ങിന്റെ നവീനമതത്തിനു് സാഫല്യം വരുത്തി. സമുദായവും അതിന്റെ വളച്ച്യും സംസ്കാരവും ശാസ്ത്രീയചിന്തയ്ക്കു് വിഷയങ്ങളായി.

അക്കാലത്തു തന്നെ ഇംഗ്ലണ്ടിൽ ജാൺസ്റ്റൂവേർട്ടു് മിൽ എന്ന തത്വചിന്തകൻ സമുദായക്ഷേമത്തിനു് സ്വാതന്ത്ര്യം ഒഴിച്ചുകൂടാത്തതാണെന്നു് പ്രതിപാദിച്ചു. ധനനിരൂപണകൂടസ്ഥനായിരുന്ന ആഡംസ്മിത്തിന്റെ നിർദ്ദേശങ്ങളെ സാമുദായികതത്വങ്ങളോടു് യോജിപ്പിച്ചു്, ഏറിയകൂറിനുള്ള ക്ഷേമമാണു് സമുദായനീതി എന്നു് മിൽ സ്ഥാപിച്ചു. അയാൾക്കു് മുമ്പു ബെന്താം എന്ന വിദ്വാൻ ഈ സംഗതിയെ തന്നെ ഉപന്യസിച്ചി-

ട്ടുണ്ടായിരുന്നു. ഏറിയപേൎക്കും ക്ഷേമമമായിട്ടുള്ളതാകുന്നു ധൎമ്മം, അല്ലാത്തതു് അധൎമ്മം, എന്നായിരുന്നു ആ ചിന്തകന്മാരുടെ സിദ്ധാന്തം. അതനുസരിച്ചു് വേണം രാജ്യഭരണവ്യവസ്ഥ എന്നാണു് അവരുടെ മതം. ശരി; അപ്പോൾ ന്യൂനകക്ഷി അഗണ്യകോടിയിൽ വരുമല്ലോ. ഏതാനും പേരെ കുരുതി കൊടുത്തിട്ടു് ഏറെപ്പേർ സുഖമായിരിക്കുന്നതു് ധൎമ്മമാവുമോ? ഏതായാലും, പ്രജാഭരണതത്വം ഏറിയകക്ഷി സ്വാതന്ത്ര്യത്തിൽ പ്രതിഷ്ഠിതമായി. ജാൺസ്റ്റൂവേർട്ടു്മിൽ ഈ അഭിപ്രായത്തെ എതിൎത്തു്, വ്യക്തിസ്വാതന്ത്ര്യത്തെ ഒരിക്കലും അടക്കിക്കൂടാ എന്നു് ബലമായി വാദിച്ചു.

സ്വാതന്ത്ര്യം, സമത്വം, സമാവകാശം എന്നുള്ള മൂന്നു് ബീജമന്ത്രങ്ങൾ പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ യൂറോപ്പിലെ മുഖ്യരാജ്യങ്ങളിലുള്ളവർ ജപിക്കാൻ തുടങ്ങി. എന്നാൽ ഏട്ടിലുണ്ടായിരുന്ന സമത്വം കാൎയ്യത്തിൽ വരാൻ പ്രയാസമാണെന്നു് വന്നു. അപ്പോഴാണു് തൊഴിലാളിസംഘക്കാർ സമത്വവാദത്തെ (Socialism) ഉപന്യസിച്ചതു്. സ്വാൎത്ഥബുദ്ധി അതിലും വെളിപ്പെട്ടു. പ്രഭവിഷ്ണുക്കളായവൎക്കല്ലാതെ സഹിഷ്ണുക്കൾക്കു് സ്വാതന്ത്ര്യമോ സമത്വമോ പാടില്ലെന്നുള്ള നയം സമത്വവാദികൾക്കു് ചേൎന്നതല്ല. ഇററലിയിൽ മസ്സീനിയും, ഭാരതഭൂമിയിൽ വെള്ളക്കാരും, ജനസാമാന്യസ്വാതന്ത്ര്യത്തെ അമൎത്തിവെച്ചു് അധികാരത്തെ വളൎത്തുകയല്ലേ ചെയ്തതു്?

---

# എൺപതാം അദ്ധ്യായം

## സമത്വവാദങ്ങളുടെ പുറപ്പാട്.

പ്രജായത്തഭരണത്തിന്റെ മൂർദ്ധന്യസ്ഥിതി പത്തൊമ്പതാംശതകത്തിലായിരുന്നു. അതുകൊണ്ട് ജനസാമാന്യത്തിന് ക്ഷേമം വർദ്ധിക്കുമെന്നുള്ള മോഹം അത്രഫലപ്പെട്ടില്ലെന്ന് ഒടുവായപ്പോൾ മാത്രമേ ബോധപ്പെട്ടുള്ളു. വളരെ പ്രയത്നവും കലഹവും വേണ്ടിവന്നു പ്രജകൾക്ക് അധികാരം കിട്ടാൻ. ഒരു സ്ഥിരസമ്പ്രദായം മാററി മറെറാന്ന് സ്ഥാപിക്കുന്നതിനു വളരെ ക്ലേശമുണ്ടെന്ന് അനുഭവമുള്ളതാണല്ലൊ. നിർവ്വാഹമില്ലാതെ വരുമ്പോൾ മാത്രമേ അധികാരം മനുഷ്യൻ വിട്ടുകൊടുക്കയുള്ളു. ക്രമേണ ജനങ്ങളുടെ ആവലാധികൾ തീർക്കാൻ അധികാരവിനിമയം ഒരു ഉപായവുമായിത്തീർന്നു.

സമുദായത്തിന്റെ മേത്തട്ടുകാരിൽ മാത്രമേ അധികാരഭ്രമം ഉണ്ടായിരുന്നുള്ളു. കീഴിലുള്ളവർ കൃഷിയും വ്യവസായങ്ങളുംകൊണ്ട് തൃപ്തിപ്പെട്ടിരുന്നു. യന്ത്രയുഗാരംഭംതൊട്ട് വ്യവസായത്തിലായി ജനസാമാന്യത്തിന്റെ ദൃഷ്ടി. യന്ത്രശാലകളിലും കൽക്കരിഖനികളിലും നാട്ടിൻപുറങ്ങളിൽനിന്ന് അനവധി ആളുകൾ കൂട്ടം കൂടി. കൃഷിസ്ഥലങ്ങളുടെ പരിമിതികൊണ്ടും ആദായത്തിന്റെ കുറവുകൊണ്ടും പട്ടിണി കൂടാതെ കഴിക്കാനാണ് അസംഖ്യം വേലക്കാർ യന്ത്രശാലകളെ അഭയം പ്രാപിച്ചത്. അവിടത്തെ അവരുടെ ജീവിതം എത്രമാത്രം മോശപ്പെട്ടിരുന്നു എന്ന് കണക്കില്ല. രാപ്പകൽ വേല ചെയ്യണം; വിശ്രമം ചുരുക്കം; കിടക്കാനുള്ള കുടിലുകൾ നരകം തന്നെ; കൂലി തുച്ഛം; ആണുങ്ങളും പെണ്ണുങ്ങളും കുഞ്ഞുങ്ങളും

ആട്ടിൻപററങ്ങളെ പോലെ ഒന്നിച്ചു് വൃത്തികെട്ട സ്ഥലങ്ങളിൽ കിടന്നു കഴിച്ചുകൂട്ടണം; എന്നെല്ലാമിരുന്നിട്ടും, അവരുടെ സ്ഥിതി അല്പമെങ്കിലും, ഭേദപ്പെടുത്താൻ മുതലാളിമാൎക്കു് ഒരു ശ്രദ്ധയും ഉണ്ടായില്ല ശുചീകരണം പോലും ഇല്ലാതിരുന്നു.

ഇങ്ങനെ യന്ത്രശാലാവേലക്കാർ വേലയുടെ ആധിക്യം കൊണ്ടും ഉപജീവനത്തിനുള്ള ഞെരുക്കംകൊണ്ടും അനവധി ചത്തൊടുങ്ങി. നെപ്പോളിയന്റെ യുദ്ധം കഴിഞ്ഞു് യൂറോപ്പാസകലം ക്ഷാമബാധയിൽ അകപ്പെട്ടു. വേലക്കാരെയാണു് അതു് ഏററവും ബാധിച്ചതു്. അതിൽനിന്നു് രക്ഷ നേടുന്നതിനു്, അവർ സംഘങ്ങൾ ചേൎന്നു. പണ്ടുണ്ടായിരുന്ന ശ്രേണികളെപോലെയുള്ള സംഘങ്ങളല്ല, സ്വരക്ഷയ്ക്കുള്ള മാൎഗ്ഗങ്ങൾ തേടുന്നതിനുള്ള കൂട്ടങ്ങളായിരുന്നു അവ. ഫ്രാൻസിൽ വിപ്ലവമുണ്ടായതു് ഈ മാതിരി സംഘങ്ങൾ മൂലമാണെന്നു് ഭയപ്പെട്ടു്, ബ്രിട്ടീഷുകാർ സംഘങ്ങൾ കൂടിക്കൂടാ എന്നു് ചട്ടങ്ങൾ ഉണ്ടാക്കി. സമാധാനപരിപാലനവ്യാജേന ഉണ്ടാക്കിയ ഈ ചട്ടങ്ങൾ സങ്കടനിവാരണമാൎഗ്ഗങ്ങളെ അടച്ചപ്പോൾ, വേലക്കാർ ഗൂഢസംഘങ്ങളായി അൎദ്ധരാത്രിയിലും വിജനസ്ഥലങ്ങളിലും കൂടി ആലോചന തുടങ്ങി. സൎക്കാർ കണ്ടുപിടിച്ചു് പലരെയും ശിക്ഷിച്ചു. അതിനു് പകരം വേലക്കാർ യന്ത്രങ്ങളെ നശിപ്പിക്കയും മേസ്തിരിമാരെ കൊല്ലുകയും ചെയ്തു. ഇങ്ങനെ ബഹളം അധികമായപ്പോൾ, ൧൮൨൪-ൽ തൊഴിലാളിസംഘങ്ങളെപ്പററിയുള്ള കൎശനമായ നിയമത്തിനു് അല്പം ലാഘവം വരുത്തി. വിദഗ്ദ്ധതൊഴിലാളികളുടെ സംഘങ്ങൾ അനുവദിക്കപ്പെട്ടു. സാധാരണവേലക്കാൎക്കു് സംഘം ഒന്നുമില്ലായിരുന്നു. വേലമുടക്കം മാത്രമേ അവൎക്കു് ആയുധമായി ഉണ്ടായിരുന്നുള്ളു. പട്ടിണിക്കു് അതൊരു പ്രതിവിധി ആയില്ല.

ഇങ്ങനെ ഇരിക്കുമ്പോൾ, മാഞ്ചെസ്റ്റർ നഗരത്തിലെ യന്ത്രശാലാ ഉടമസ്ഥരിൽ മനുഷ്യസ്നേഹിയായ റാബർട്ട് ഓവൻ എന്ന ആൾ, വേലക്കാരുടെ നികൃഷ്ടാവസ്ഥയിൽ അനുകമ്പ തോന്നി, അയാളുടെ യന്ത്രശാലകളിലെ വേലക്കാർക്ക് പല സൌജന്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുത്തതു കൂടാതെ, പാർല്ലിമെൻറുകാരെ പ്രേരിപ്പിച്ച് ആദ്യമായി ൧൮൧൯—ൽ യന്ത്രശാലാനിയമം (Factory Act) അനുവദിപ്പിക്കയും ചെയ്തു. ആ നിയമപ്രകാരം ഒമ്പതു് വയസ്സിൽപ്രായം കുറഞ്ഞ കുട്ടികളെ ഒരു ദിവസം പന്ത്രണ്ടു് മണിക്കൂറിൽ കൂടുതലായി വേല എടുപ്പിച്ചുകൂടാ എന്നു് നിയമിതമായി! അതിനു് മുമ്പു് അവരെ എത്ര ദണ്ഡിപ്പിച്ചിരുന്നു എന്നു് അതുകൊണ്ടു് തന്നെ ഊഹിക്കാമല്ലോ. ഈ ഓവൻ വേലക്കാരുടെ ഗുണത്തിനു് പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തുകയും, അവർക്കു് യന്ത്രശാലയുടെ ലാഭത്തിൽ ഒരു പങ്കു് കൊടുക്കയും ചെയ്തു. ഇംഗ്ലണ്ടിലും അമേരിക്കയിലും ഉത്തമരീതിയിലുള്ള യന്ത്രശാലകൾ അയാൾ ഏർപ്പെടുത്തി. എങ്കിലും മററുള്ള മുതലാളിമാരും ഗവമ്മെൻറും അയാളെ അനുകൂലിച്ചില്ല. സമത്വവാദം (Socialism) എന്നുള്ള വാക്കു് ഓവൻ ആണു് ആദ്യമായി സൃഷ്ടിച്ചതു്.

മുതലാളിമാർ നാൾക്കുനാൾ പുലർന്നു. ധനം ധാരാളമായി വർദ്ധിച്ചു. അതിനൊത്തവണ്ണം വ്യവസായം വലിപ്പത്തിലും വ്യാപ്തിയിലും ഏറി. ഇംഗ്ലണ്ടിൽ മറുനാടുകളിൽ നിന്നു് കണക്കില്ലാതെ വന്ന ധനമെല്ലാം വ്യവസായങ്ങളിൽ വിനിയുക്തമായി. വേലക്കാർ പണിമുടക്കങ്ങളെക്കൊണ്ടു് കൂടുതൽ ആനുകൂല്യങ്ങൾ നേടാൻ ശ്രമിച്ചു. ആ പ്രയത്നം വിഫലമായപ്പോൾ, 'ചാർട്ടിസ്റ്റ്' ബഹളങ്ങൾ എന്നു് പേരായ കലശലുകൾ ഉണ്ടാക്കി. ആ ബഹളങ്ങൾ ൧൮൪൮-ൽ അമർത്തപ്പെട്ടു. അതുകൊണ്ടോ

ന്നും അസ്വാസ്ഥ്യങ്ങൾ നിലച്ചില്ല. ഇംഗ്ലണ്ടിലും ജർമ്മനി-യിലും ഫ്രാൻസിലും യോഗ്യന്മാർ പല മാതിരി പ്രതിവി-ധികൾ ചിന്തിച്ചു. സമത്വം, സമഷ്ടി, സാമുദായികഭര-ണം, എന്നിങ്ങനെ പല ആലോചനകളും, കാൎയ്യം മുഴുക്കെ ഗ്രഹിക്കാതെ, പലരും വാദിച്ചു. വ്യവസായങ്ങൾ എല്ലാം സൎക്കാർ ആക്കിയാൽ മുതലാളികൾ തോന്ന്യാസമായി ലാഭം എടുക്കയില്ലെന്നും, വേലക്കാരെ മുട്ടിച്ചു് പണി എടു-പ്പിക്കയില്ലെന്നും മററും അഭിപ്രായപ്പെട്ടു. ഏതെങ്കിലും മുതലാളികളുടെയും തൊഴിലാളികളുടെയും ഇടയിൽ ഒരു അസ്വാസ്ഥ്യം ഉണ്ടായിത്തീൎന്നു. വേലക്കാൎക്കു് കൂലി കൂട്ടി-ക്കിട്ടണമെന്നും, ആനുകൂല്യങ്ങൾ സിദ്ധിക്കണം എന്നും മാത്രമായിരുന്നു ആഗ്രഹം. പക്ഷേ, അതു് സമത്വവാ-ദത്തിനു് അധീനമാകാതെ ഇരുന്നില്ല ഫ്രാൻസിലും ജർമ്മനിയിലും ആയിരുന്നു ആ വാദം വിപ്ലവജനകമായി വളൎന്നതു്. ഇംഗ്ലണ്ടിൽ അത്രത്തോളം മൂത്തില്ല. അമേ-രിക്കയിൽ രാജ്യത്തിന്റെ വിസ്തൃതിയും വേലയുടെ സുലഭ്യവും നിമിത്തം സമത്വവാദത്തിനു് അധികം പ്രസക്തി ഇല്ലായിരുന്നു.

പത്തൊമ്പതാം ശതകം പകുതി ആയപ്പോഴേക്കു് വ്യവസായാഭിവൃദ്ധികൊണ്ടു് ഇംഗ്ലണ്ടിൽ ലക്ഷ്മീനൃത്തം ആടിത്തുടങ്ങി. ആ പെരിപ്പു് വേലക്കാരെയും ഏറെക്കുറെ സഹായിക്കാതിരുന്നില്ല. അവരുടെ ജീവിതരീതികൾ മുമ്പിലത്തെ മോശസ്ഥിതി വിട്ടു് ഭേദപ്പെട്ടു. സുഖവും വിപ്ലവവും പരസ്പരവിരോധികളാണു്. സുഖമുള്ള കാ-ലത്തു് കലാപങ്ങൾക്കു് ആൎക്കും മനസ്സു് വരികയില്ല. എങ്കിലും, മററു രാജ്യങ്ങളിലുണ്ടായ കോലാഹലങ്ങളുടെ തുവാനം ഇംഗ്ലണ്ടിലേക്കും അടിക്കാതിരുന്നില്ല. "ഫേ-ബിയൻ" മട്ടിൽ, അതായതു, താളത്തിലായിരുന്നു, അവി-ടത്തെ തൊഴിലാളികളുടെ വിപ്ലവഗതി. അവിടത്തെ

തൊഴിലാളിസംഘക്കാർ ബ്രിട്ടീഷ് ഉൽപതിഷ്ണുകക്ഷിക്കു (Liberal Party) സഹായികളായി നിന്നു.

ഇങ്ങനെ ഇംഗ്ലണ്ടു് ശാന്തമായിരിക്കുന്ന കാലത്തു്, യൂറോപ്പിന്റെ അക്കരെനാട്ടുകളിൽ കലാപപ്രബോധം (Anarchism) പ്രബലമായി പരന്നു. ഈ കലാപപ്രബോധം കേവലം മാത്സ്യന്യായമാണെന്നു് ഒരു തെററിദ്ധാരണ പലക്കുമുണ്ടു്. തോന്ന്യാസമായി നടക്കണമെന്നല്ല അതിന്റെ തത്വം; ബലവാൻകാര്യം ജയം എന്നുമല്ല അതിന്റെ പൊരുൾ. നിർബന്ധങ്ങൾ ഒന്നും കൂടാതെ ജനങ്ങൾ സ്വമനസ്സാലെ പരസ്പരം കലഹിക്കാതെയും ദ്രോഹിക്കാതെയും സുഖമായി കാലക്ഷേപം ചെയ്യുന്നതാണു് ഉത്തമഭരണം; എന്നാണു് കലാപമതക്കാരുടെ പരമോദ്ദേശ്യം. മനുഷ്യരുടെ സ്വഭാവസിദ്ധമായ പരോപകാരബുദ്ധിയും, ദയയും, ദാക്ഷിണ്യവും, നേരും കൊണ്ടു് എല്ലാവരും ഒരുപോലെ പരസ്പരബാധ കൂടാതെ ക്ഷേമമായി ജീവിതം നയിക്കുമെന്നാണു് അവരുടെ വിശ്വാസം. അതിനു് ഇതരപ്രേരണയൊ ശാസനയോ വേണ്ടെന്നു് അവർ പറയുന്നു. എന്നാൽ സ്വാത്ഥപരമായ ഈ ലോകത്തിൽ അങ്ങനെ ഒരു അവസ്ഥ ഏതു കാലത്തെങ്കിലും വരുമോ എന്നു് സംശയമാണു്. കലിയുഗത്തിൽ കൃതയുഗം വരാൻ സാധ്യമല്ലല്ലൊ. രാജാക്കന്മാരുടെ സ്വാധികാരപ്രമത്തതയ്ക്കും തോന്ന്യാസത്തിനും അതിരില്ലാതായപ്പോൾ, ജനങ്ങളുടെ ബോധം അങ്ങേ അററമുള്ള വിപരീതകക്ഷ്യയിൽ പററി, അനിയന്ത്രിതസ്വാതന്ത്ര്യത്തിൽ പ്രതിഷ്ഠിച്ച മതമാണു് കലാപമതം. അതിന്റെ ഏററവും താണപടിയാണു് സമത്വവാദം.

സംഘട്ടന കൂടാതെ യാതൊരു വ്യവസായവും നടക്കുന്നതല്ലല്ലൊ. സംഘട്ടന എന്നു് വെച്ചാൽ, മേലാവിലുള്ളവരെന്നും കിഴിലുള്ളവരെന്നും, എജമാനന്മാരെന്നും

ശിഷ്യന്മാരെന്നും അധികാരികളെന്നും വേലക്കാരെന്നും, മററുമുള്ള ഏൎപ്പാടുകളും കെട്ടുപാടുകളും കൂടാതെ, യാതൊരു കൂട്ടുവേലയും സാധ്യമല്ല എന്നാകുന്നു. കലാപമതമാകട്ടെ, യാതൊരു നിയന്ത്രണങ്ങളും പാടില്ലെന്നുള്ളതാകുന്നു. അതുകൊണ്ടു് വ്യവസായാഭിവൃദ്ധി വന്നിട്ടുള്ള ദേശങ്ങളിൽ കലാപമതത്തിനു് പ്രചാരം വരാൻ പ്രയാസമാകുന്നു. വ്യവസായം വൎദ്ധിച്ചിരുന്ന ഇംഗ്ലണ്ടിലും ജൎമ്മനിയിലുമല്ല, അതു് കുറഞ്ഞിരുന്ന തെക്കും കിഴക്കുമുള്ള യൂറോപ്യൻ രാജ്യങ്ങളിലാണു് കലാപമതക്കാർ അധികം ഉണ്ടായിരുന്നതു്. പീരി പ്രൂധോൺ എന്ന പരന്തിരീസ്സ്കാരൻ, മൈക്കൽ ബക്കൂനിൻ എന്ന റഷ്യൻ, പീററർ ക്രൊപ്പാട്ട്കിൻ എന്ന റഷ്യൻ രാജകുമാരൻ, എൻറിക്കോ മാലടെസ്റ്റാ എന്ന ഇററാലിയൻ, എന്നിവർ പ്രസിദ്ധ കലാപമതക്കാരായിരുന്നു. കലാപികൾ ക്രമേണ ഉത്തമലക്ഷ്യത്തെ വെടിഞ്ഞു്, കേവലം അക്രമങ്ങൾ നടത്താൻ തുടങ്ങിയപ്പോൾ, നിഷിദ്ധവൎഗ്ഗങ്ങളായി പരിണമിച്ചു. മൎയ്യാദക്കാരും ഗവൎമ്മെൻറുകളും അവരെ വെറുത്തു. യോഗ്യന്മാരെ നിഷ്കാരണം വെടിവെച്ചും ദ്രോഹിച്ചും കൊല്ലുന്ന ഘാതകന്മാരാണു് കലാപികൾ എന്നുള്ള ദുഷ്പേരു് എല്ലായിടത്തും പരന്നു. ആ വകക്കാർ ഇന്നു് ലോകബാഹ്യന്മാരാകുന്നു.

ഇക്കാലത്താണു് കാറൽമാർക്സ് എന്ന ജൎമ്മൻ യൂദൻ പ്രമാണി ആയിത്തീൎന്നതു്. അയാൾ ൧൮൧൮-ൽ ജനിച്ചു. ചരിത്രവും തത്വശാസ്ത്രവും നിയമഗ്രന്ഥങ്ങളും പഠിച്ചു. പുത്തനായി ഒരു വൎത്തമാനപത്രം പരസ്യപ്പെടുത്തിയ ഹേതുവാൽ ജൎമ്മൻ ഗവൎമ്മെൻറു് നാടുകടത്തി. സമത്വവാദവും കലാപവാദവും പഠിച്ചു് അതിൽ സക്തനായി. റാബട്ട് ഓവൻെറ അഭിപ്രായങ്ങളിൽ അയാൾ യോജിച്ചു. ലൂയിഫിലിപ്പിയുടെ കാലത്തു് പാരിസ്സിൽനിന്നു് ബഹിഷ്കൃതനായി, അയാൾ ലണ്ടനിൽ

ഏറെ നാശം വന്നു ഗ്രന്ഥപാരായണം ചെയ്തു പാത്തു. സമഷ്ടിവാദത്തിന്റെ പ്രഥമ പ്രഖ്യാപനം (Communist Manifesto) ൧൮൪൮-ൽ അയാശം പ്രസിദ്ധപ്പെടുത്തി. അക്കാലത്തു നടപ്പായിരുന്ന സ്വാതന്ത്ര്യസമത്വസാഹോദര്യസമ്പ്രദായത്തെ അയാശം ആക്ഷേപിച്ചു. "ലോകത്തിലുള്ള വേലക്കാരെ! നിങ്ങശം എല്ലാവരും ഒത്തൊരുമിക്കിൻ; ചങ്ങല അല്ലാതെ മറെറാന്നും നിങ്ങശംക്കു നഷ്ടമില്ല; ഒരു പുതുലോകം നിങ്ങശംക്കു സിദ്ധിക്കും;" എന്നായിരുന്നു പ്രഖ്യാപനത്തിന്റെ ധ്വനാശി അയാശം പാടിയതു്. ഈ വീരവാദത്തെ തുടന്നു പത്രങ്ങളിൽ എഴുതുകയും വാറോലകശം പ്രസിദ്ധപ്പെടുത്തുകയും ചെയ്തതിൽ, അനവധി സംഘങ്ങശം ചേന്നു പ്രവൃത്തി ആരംഭിച്ചു. യൂറോപ്പിൽ ഒരു മഹാകലാപം ഉണ്ടാകുമെന്നും, ആ തരം കണ്ടു വേലക്കാർ എല്ലാവരും ചേന്നു ആനുകൂല്യങ്ങശം നേടിക്കൊള്ളണമെന്നും അയാശം ഉപദേശിച്ചു. അഞ്ചു മഹാശക്തികളായിരുന്നു അന്നു ഉണ്ടായിരുന്നതു്; ഇംഗ്ലണ്ടു്, ഫ്രാൻസു്, ജമ്മനി, റഷ്യ, ഇററലി, അമേരിക്ക. ആറാമതു് ഒരു മഹാശക്തിയായി തൊഴിലാളികലാപം അചിരേണ ഉണ്ടാകുമെന്നും, മുതലാളികളെ അതു് ധ്വംസിക്കുമെന്നും അയാശം പ്രതീക്ഷിച്ചു. പിന്നെ അറുപതു് കൊല്ലം കഴിഞ്ഞു് മഹായുദ്ധം ഉണ്ടായതിനു് മേലാണു് അയാളുടെ മോഹം ഫലിച്ചതു്. ൧൮൭൧-ൽ പാരീസ്സിൽ ഉണ്ടായ 'കമ്യൂൺ' ബഹളം പുകഞ്ഞുപോയി. മാർക്സ് സമത്വവാദത്തെ ശാസ്ത്രീയരീത്യാ ഉപപാദിച്ചതു് കൂടാതെ, നടപ്പിൽ വരുത്താനുള്ള ഉപദേശങ്ങളും നൽകി. അതിൽ നിന്നും ഉണ്ടായ പാരിസ്സിലെ കമ്യൂൺ ബഹളം എരിഞ്ഞണഞ്ഞു. എങ്കിലും യൂറോപ്പിലുള്ള ഗവമ്മെൻറുകാരെല്ലാം ചകിതരായി, തൊഴിലാളിനിയമങ്ങളെ കടപ്പിച്ചു. മാർക്സ്, നല്ല കോളല്ല എന്നു് കരുതി, സവ്വരാജ്യതൊഴി-

ലാളിസംഘത്തിൻെറ തലസ്ഥാനം യൂറോപ്പിൽനിന്ന് അമേരിക്കയിലുള്ള ന്യൂയാക്കിലേക്ക് മാററി. അതുകൊണ്ടു് ഫലപ്പെട്ടില്ല. എന്തെന്നാൽ സംഘക്കാരെല്ലാം യൂറോപ്പിലും, തലസ്ഥാനം അമേരിക്കയിലുമായതു് കാര്യനിവ്ഹണത്തിന് ഉതകിയില്ല. ഇങ്ങനെ പ്രഥമസവ്വരാജ്യതൊഴിലാളിസംഘം (First International) അസ്തമിച്ചു.

മാർക്സിൻെറ സമത്വവാദം ജമ്മനിയിലും ആസ്ത്രിയയിലുമാണ് അധികമായി പ്രചരിച്ചിരുന്നതു്. അവിടെ അതിന് സമത്വോപജ്ഞപ്രജാപ്രഭുത്വം (Social Democracy) എന്നായിരുന്നു പേർ. ഇംഗ്ലണ്ടിൽ അതിന് വലിയ നടപ്പൊന്നും സിദ്ധിച്ചില്ല. വ്യവസായാഭിവൃദ്ധിമൂലമായ സമ്പത്തു് ധാരാളമുള്ള ദിക്കിൽ സമത്വവാദത്തിന് അധികം പ്രസക്തി ഇല്ല. അവിടെ നടപ്പായിരുന്ന സമത്വവാദത്തെ ഫേ്ബിയൻ സമാജക്കാരാണ് പ്രതിനിധീകരിച്ചതു്. ഫേ്ബിയൻ സമാജക്കാർ തൊഴിലാളികളല്ലായിരുന്നു. ഉല്പതിഷ്ണു (Liberal) കക്ഷിയിലെ അഭ്യസ്തവിദ്യരായിരുന്നു. ബർണാഡ്ഷാ, സിഡ്നിവെബ്ബ്, എന്ന പ്രസിദ്ധന്മാർ ഫേ്ബിയൻ സമാജക്കാരായിരുന്നു. അഭിവൃദ്ധി സാവധാനമായി ക്രമേണ വരേണ്ടതാകുന്നു എന്നായിരുന്നു അവരുടെ മതം.

പാരീസ്സിൽ കമ്മ്യൂൺ ഭരണം തുലഞ്ഞിട്ട് ഒരു പന്തീരാണ്ടു് കഴിഞ്ഞപ്പോൾ, ഒരു പുതുമാതിരി സമത്വവാദം ഉത്ഭവിച്ചു; അതിന് "സിൻഡിക്കലിസം" (Syndicalism) എന്ന് വെച്ചാൽ, സംഘീയസമത്വം എന്നായിരുന്നു പേർ. സമത്വവാദവും കലാപവാദവും ചേർന്ന് പിറന്ന സന്താനമായിരുന്നു അതു്. സമത്വവാദത്തിൻെറ മൂലതത്വം എന്തെന്നാൽ, സാധനനിമ്മാണത്തിനുള്ള ഉപകരണങ്ങൾ എല്ലാം, അതായതു് ഭൂമി, യന്ത്രശാല മുതലായതു്, ഒരു ആളിൻെറയൊ, കമ്പനി

യുടെയോ സംഘത്തിൻെറയോ, ഉടമസ്ഥതയിൽ പാടില്ല എന്നും, എല്ലാം പൊതുവായി സക്കാർവക ആയിരിക്കണം എന്നുമാകുന്നു. ഇങ്ങനെ പണ്ടാരവക ആകുന്നതിൽ ഏതെല്ലാം ഉൾപ്പെടുത്താമെന്നുള്ള വിഷയത്തിൽ അഭിപ്രായഭേദമുണ്ടായി. പണിആയുധങ്ങൾ, തയ്യൽയന്ത്രം, മുതലായ ഗൃഹോപകരണങ്ങൾ പണ്ടാരസ്വത്താക്കിക്കൂടാ എന്നൊരു കക്ഷി; അതല്ല, സ്വതന്ത്രമായി സമ്പാദ്യം ഉണ്ടാക്കാവുന്ന ഏതു് സാധനവും പണ്ടാരവക ആക്കണം എന്നു് മറെറാരു കക്ഷി. സിൻഡിക്കൽ കക്ഷിക്കാക്കു്, കലാപികളെ പോലെ, സക്കാരിനെ ഗണ്യമാക്കാതെ അതിൻെറ അധികാരത്തെ നിയന്ത്രിക്കണം എന്നായിരുന്നു ഉദ്ദേശ്യം. ഓരോ തൊഴിലും അതതിലെ വേലക്കാർ ചേന്നു സിൻഡിക്കേററു് (സംഘം) തന്നേ ഭരിക്കണം എന്നായിരുന്നു അഭിപ്രായം. ഓരോ സിൻഡിക്കേററും പ്രതിനിധികളെ തിരഞ്ഞെടുത്തു് ഒരു പൊതുസംഘം ഉണ്ടായിരിക്കണമെന്നും, അതിനു് പാർല്ലിമെൻറിൻെറ പൊതുവായ അധികാരം ഉണ്ടായിരിക്കണമെന്നും, എന്നാൽ ഈ പാർല്ലിമെൻറു് ഓരോ തൊഴിലിൻെറ ആഭ്യന്തരഭരണത്തിൽ കൈകടത്താൻ പാടില്ലെന്നും, ആയിരുന്നു അവരുടെ മതം. പൊതുവായ പണിമുടക്കം വരുത്തി സകല വ്യാപാരങ്ങളെയും വിഘ്നം വരുത്തുമ്പോൾ, മററുള്ളവർ സിൻഡിക്കേററുകാരെ അനുകൂലിക്കാതിരിക്കയില്ലെന്നു് അവർ വിശ്വസിച്ചു. അതുകൊണ്ടു് പണിമുടക്കം അവരുടെ ബ്രഹ്മാസ്ത്രമായിത്തീന്നു. സമത്വവാദക്കാർ ഈ സിൻഡിക്കലിസ്ററുകളുടെ അഭിപ്രായത്തെ നിരസിച്ചു. ൧൮൮൩—ൽ കാറൽമാർക്സ് മരിച്ചപ്പോൾ ഇംഗ്ലണ്ടിലും ജമ്മനിയിലും വ്യവസായവർദ്ധനയാന്ന മററു നാട്ടുകളിലും പ്രബലങ്ങളായ തൊഴിലാളിസംഘങ്ങൾക്കു് സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞു. ജമ്മനിയുടെയും അമേ-

ിക്കയുടെയും മത്സരം മൂത്തു്, ഇംഗ്ലണ്ടിലെ വ്യവസായങ്ങൾ ഒരു പടി താണു. വിഭവസമൃദ്ധിനിമിത്തം അമേരിക്ക ക്ഷണം മുന്നണിയിൽ എത്തി. ജമ്മനി വ്യവസായവർദ്ധനയും രാഷ്ട്രീയമായ ഏകശാസനയും ചേൻ്റ് ഒരു കൂട്ടുകറിമട്ടിലായിത്തീൎന്നു. ബിസ്മാക്കിൻെറ ആധിപത്യത്തിൽ അവിടെ തൊഴിലാളികൾക്ക് പല ഗുണങ്ങളും സിദ്ധിച്ചു. വ്യവസായാഭിവൃദ്ധി വന്നെങ്കിലല്ലാതെ ജമ്മനിക്ക് മാഹാത്മ്യം വരികയില്ലെന്നു് ആ മന്ത്രിപ്രവരനു് നല്ലബോധമുണ്ടായിരുന്നതിനാൽ, തൊഴിലാളികളെ അയാൾ പ്രോത്സാഹിപ്പിച്ചു. ഇംഗ്ലണ്ടിലും ഉൽപതിഷ്ണുകക്ഷിയുടെ ഒത്താശയാൽ വേലക്കാൎക്ക് കൂലി കൂട്ടുകയും വേലയ്ക്കുള്ള സമയം കുറയ്ക്കുകയും മററുമായ ആനുകൂല്യങ്ങൾ ലഭിച്ചു. പക്ഷേ, മററു നാട്ടുകാരുടെ മത്സരം ഹേതുവായിട്ടു് വ്യവസായങ്ങൾ ക്ഷീണിച്ചപ്പോൾ, കൂലി കുറഞ്ഞു. അപ്പോൾ തൊഴിലാളികളുടെ ഇടയിൽ ബഹളം പിന്നെയും മുളച്ചു.

ഇങ്ങനെ ൧൮൮൯—ൽ രണ്ടാമത്തും ഒരു സൎവ്വരാജ്യതൊഴിലാളി സംഘം ഉണ്ടായി. (Labour & Social International) അതിനു് 'ദ്വിതീയസംഘം' എന്നാണു് പേർ (Second International). അതിൽ മിടുക്കന്മാരും വിദ്വാന്മാരും പലരും ചേൻ്റു. തൊഴിലാളികളെ ഉയൎത്തുന്നതിനു് അവർ പ്രയത്നിക്കയും ചെയ്തു. പക്ഷേ, കുറെ കഴിഞ്ഞപ്പോൾ അവർ നേതാക്കളായി, നല്ല സമ്പാദ്യക്കാരും ഉദ്യോഗസ്ഥന്മാരുമായി. അപ്പോൾ അവരുടെ മട്ടു മാറി. വ്യവസായസംഘത്തെ ഉപേക്ഷിച്ചു് അവർ പാർല്ലിമെൻറിൽ അംഗങ്ങളും മന്ത്രിമാരും ആയി. ആ കൂട്ടത്തിലുള്ള ഒരാൾ ജമ്മനിയിൽ ചാൻസലറായി (പ്രധാനമന്ത്രി). ഫ്രാൻസിൽ മഹാകലാപി ആയിരുന്ന ബ്രിയാൻഡ് മന്ത്രിയായി. ഇംഗ്ലണ്ടിൽ റാംസേ മാക്-

ഡൊണൾഡ് പ്രധാനസചിവനായി. ഇററലിയിലെ ഇന്നത്തെ സർവ്വാധികാരിയായ മുസ്സോളിനിയും, പോളണ്ടിലെ സവ്വാധ്യക്ഷൻ പിൽസുഡ്സ്കിയും ഒരുകാലത്തു് സമത്വവാദികളായ തൊഴിലാളിസംഘക്കാരായിരുന്നു. ഈ സംഘക്കാർ യുദ്ധം പാടില്ലെന്നു് വാദിച്ചിരുന്നതു് വിട്ടു്, ൧൯൧൪-ൽ മഹാസമരം തുടങ്ങിയപ്പോൾ അതിൽ ചേൎന്നു. ഇങ്ങനെ പ്രമാണികൾ പലരും സംഘോദ്ദേശ്യങ്ങളെ ത്യജിച്ചു് വിപരീതമായി പ്രവൎത്തിക്കയാൽ, ദ്വിതീയസവ്വരാജ്യതൊഴിലാളിസംഘം ഭിന്നിച്ചു് ക്ഷയിച്ചു.

പിന്നെ മഹായുദ്ധം കഴിഞ്ഞതിനു് മേൽ ൧൯൧൯-ൽ ലെനിൻ മാസ്കോവിൽ ഒരു പുതിയ തൊഴിലാളിസംഘം സൃഷ്ടിച്ചു. അതിനു 'തൃതീയ സവ്വരാജ്യ തൊഴിലാളിസംഘം' (Third International) എന്നാണു പേർ. റഷ്യരുടെ ഏർപ്പാടു് രസിക്കാതെ ചിലർ ദ്വിതീയസംഘത്തെ പുനരുജ്ജീവിപ്പിച്ചു. ഇപ്പോൾ രണ്ടാം കക്ഷിക്കാരും മൂന്നാം കക്ഷിക്കാരും പ്രവൃത്തികൾ നടത്തുന്നുണ്ടു്.

ഈ സംഘങ്ങളുടെ എല്ലാം മൂലമന്ത്രം സമത്വവാദമാകുന്നു. അതിൻെറ തത്വത്തിൻെറ ചുരുക്കം മററൊന്നുമല്ല. സമുദായത്തിൻെറ നിലനില്പിനു് വേണ്ടുന്ന സാധനനിൎമ്മാണവിതരണങ്ങൾക്കു് സാമരസ്യം വരുത്തണമെങ്കിൽ, അവയ്ക്കുള്ള ഉപകരണങ്ങൾ പൊതുവായിരിക്കയല്ലാതെ പ്രത്യേകസ്വത്തായിക്കൂടാ എന്നാകുന്നു. സമുദായത്തിൻെറ സുസ്ഥിതി എന്നുള്ളതു്, കലഹങ്ങളും മത്സരങ്ങളും കൂടാതെ ഇരിക്കുക എന്നുള്ളതാണല്ലോ. കലഹങ്ങൾക്കും മത്സരങ്ങൾക്കും എല്ലാം കാരണം, ഒരാൾ മററൊരാളുടെ മേലാവാണെന്നു് വരുന്നതിൽ നിന്നാണല്ലോ ഉത്ഭവിക്കുന്നതു്. അങ്ങനെ മേലാവാണെന്നു-

ള്ളതു സ്വത്തുകൊണ്ടോ അധികാരംകൊണ്ടോ ഉണ്ടാ-വുന്നതാണ്. അവ രണ്ടും എല്ലാവക്കും സമമാകുമ്പോൾ മത്സരത്തിനും ശണ്ഠക്കും കാരണമില്ലല്ലോ. അതുകൊണ്ടു സകല സ്വത്തും, അതായത്ത് ഭൂമി, യന്ത്രശാല, ഖനികൾ, മുതലായവയും, വിതരണത്തിനുള്ള ഗതാഗതമാർഗ്ഗങ്ങളായ റയിൽവേ, കപ്പൽ, മുതലായവയും എല്ലാം പൊതുവായ സർക്കാർവകയാകുമ്പോൾ, എല്ലാവക്കും ഒന്നുപോലെ ആവും എന്നാണ് സമത്വവാദത്തിൻെറ പരമാത്ഥം.

ഈ സമത്വം സാധിക്കുന്നതെങ്ങനെ എന്നാണ് ചിന്തിക്കാനുള്ളതു്. അതിൽ അഭിപ്രായഭേദം ഉദിക്കുന്നു. ഒരു കക്ഷിക്കാർ പറയുന്നതു്, ബഹളങ്ങൾ കൂടാതെ സാവധാനത്തിൽ പ്രജാസഭകളുടെയും പാർല്ലിമെൻറ്റി-ൻെറയും മററും അധികാരങ്ങൾ ക്രമേണ വളത്തി സമത്വം വരുത്തണമെന്നാകുന്നു. ബ്രിട്ടീഷ് സംസ്ഥാനത്തുള്ള ഉത്പതിഷ്ണുക്കളായ ഫേബിയൻകക്ഷി എന്ന കൂട്ട-ക്കാർ ഈ അഭിപ്രായക്കാരാണ്. മഠററാരു കക്ഷിക്കു് പാർല്ലിമെൻറ്റിനെയും മററും കൂസലില്ല; വിപ്ലവംകൊണ്ടു് മാത്രമല്ലാതെ സമത്വം നേടാൻ സാധ്യമല്ലെന്നാണ് അവരുടെ മതം. രണ്ടാമതു പറഞ്ഞ കൂട്ടരാണ് മാർക്സിൻെറ അനുയായികൾ. അവരിലുമുണ്ടു് രണ്ടു തരക്കാർ. റഷ്യ-യിലെ രക്തബീജരായ ബോൾഷവിസ്റ്റു്കൾ ഒരു വക-ക്കാർ; ജമ്മനിയിലും ആസ്ത്രീയയിലുമുള്ള സമത്വോപജ്ഞ പ്രജാപ്രഭുത്വകക്ഷിക്കാർ. സോവിയററു്, നാസിസം, ഫ്ാസിസം; സമഷ്ടിവാദം, സർവ്വാധികാരിത്വം ഇവ എല്ലാം ഒരു തന്തയുടെ മക്കളാണ്.

# എൺപത്തിഒന്നാം അദ്ധ്യായം

## ഇംഗ്ലണ്ടിൽ വിക്ടോറിയാരാജ്ഞിയുടെ കാലം.

ഇംഗ്ലണ്ടിൽ ഭാഗ്യലക്ഷ്മി ഉച്ചസ്ഥാനത്തു് എത്തിയതു് പത്തൊമ്പതാം ശതവൎഷത്തിലാകുന്നു. വ്യവസായാഭിവൃദ്ധിമൂലം അതിൻെറ മുമ്പിലത്തെ ശതകം മുതൽ തുടങ്ങിയ വലിപ്പം, പത്തൊമ്പതാം ശതകത്തിൽ പുതുതായ യന്ത്രശാലകളുണ്ടായി പൊലിപ്പം വന്നു്, ലോകത്തിലെ തൊഴിൽ ശാലയായി തീൎന്നു ഇംഗ്ലണ്ടു്. ഏതു് നാട്ടുകാരും സാമാനങ്ങൾ അവിടെ വന്നു് വാങ്ങി. ധനപ്പെരുപ്പംകൊണ്ടു് രാജ്യം സുഭിക്ഷമായി. മററു യൂറോപ്യൻരാജ്യങ്ങളെല്ലാം കലഹങ്ങളും കലാപങ്ങളും കൊണ്ടു് കോലാഹലപ്പെട്ടിരിക്കുമ്പോൾ, ഇംഗ്ലണ്ടു് മലക്കൊപ്പം ഇളകാതെ സുഖമായി കഴിച്ചുകൂട്ടി. ക്ഷേമവും കലാപവും വിപരീതങ്ങളാണു്. ജനങ്ങൾക്കു് ഐശ്വൎയ്യവും സുഖവും ഉള്ളപ്പോൾ വിപ്ലവബുദ്ധി ജനിക്കയില്ല. അഥവാ ചിലപ്പോൾ അപൂൎവ്വമായി അസ്വാസ്ഥ്യങ്ങളുണ്ടായാൽ, കുറേ വോട്ടവകാശം കൂട്ടിക്കൊടുക്കയോ മറേറാ ചെയ്താൽ സമാധാനപ്പെടും. അങ്ങനെ ഇംഗ്ലണ്ടിൽ വലുതായ ക്ഷോഭങ്ങളുണ്ടാകാതെ കഴിഞ്ഞു.

നേരെ മറിച്ചു്, ഫ്രാൻസിൽ എന്നും കലാപം തന്നെ ആയിരുന്നു. ഇന്നു് പ്രജായത്തഭരണമാണെങ്കിൽ നാളെ സാമ്രാജ്യഭരണമായിരുന്നു അവിടെ. ക്ഷണേ ക്ഷണേ ഭിന്നങ്ങളായ വ്യവസ്ഥകൾ മൂലം അവിടെ എന്നും കലഹമായിരുന്നു. നടുകയും പിഴുകയും ചെയ്താൽ വൃക്ഷത്തിൻെറ വേരു് പിടിക്കുമോ? ഇററലിയിൽ പല

സ്വതന്ത്രദേശങ്ങൾ ഒന്നിച്ച് ചേർന്ന് ആ രാജ്യം ഏകശാസനയിൽ വരുത്തുന്ന ബഹളം നടന്നുകൊണ്ടിരുന്നു. ജർമ്മനിയും ഏകസാമ്രാജ്യമായിത്തീരുന്ന കോലാഹലത്തിൽ വ്യാപൃതമായിരുന്നു. ബൽജിയം, ഡന്മാർക്ക്, ഗ്രീസ്സ് എന്നീ ചെറുരാജ്യങ്ങളിലും ഒട്ടും സമാധാനമുണ്ടായിരുന്നില്ല. ഏററവും പുരാതന രാജവംശക്കാരായ ഹാപ്സ്ബർഗ്ഗ് ചക്രവത്തികളുടെ രാജ്യമായ ആസ്റ്റ്രിയയെ ഫ്രാൻസുകാരും, ഇററലിക്കാരും, പ്രഷ്യാക്കാരും പലവിധേന ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇൻഡ്യയിലെ പാദുഷായെപ്പോലെ റഷ്യൻ സാർ ചക്രവത്തി മഹത്തായ റഷ്യയെ സ്വേഛപ്പോലെ ഭരിച്ചുവന്നു. അവിടത്തെ ജനങ്ങൾ മുക്കാൽ പങ്കും നിരക്ഷരകുക്ഷികളായ ഗ്രാമീണരായിരുന്നതിനാൽ, അവരെ കേവലം കന്നുകാലികളെപ്പോലെയാണു് സർക്കാർ ഗണിച്ചു് വന്നതു്. ഇങ്ങനെ യൂറോപ്പിലെ രാജ്യങ്ങളെല്ലാം ഒരുവിധമല്ലെങ്കിൽ മറെറാരുവിധം ഹീനദശയെ പ്രാപിച്ചിരുന്നപ്പോൾ, ഇംഗ്ലണ്ട് ഐശ്വര്യംകൊണ്ടും, വ്യവസായംകൊണ്ടും, പഠിപ്പുകൊണ്ടും അഗ്രിമസ്ഥാനം കൈക്കൊണ്ടു്, എട്ടുകാലനെപ്പോലെ, ചുററുപാടും കാൽ നീട്ടാൻ തുടങ്ങി. ദൂരദേശങ്ങളിൽ കിടന്ന രാജ്യങ്ങളെയും നാടുകളെയും നയംകൊണ്ടും തന്ത്രംകൊണ്ടും സ്വാധീനമാക്കി, ഇംഗ്ലണ്ടു് ലോകത്തിൽ ഏററവും വമ്പിച്ച മഹാശക്തിയായി ചമഞ്ഞു. ഇംഗ്ലണ്ടിലെ രാജാവു് ചട്ടപ്രകാരം സർവ്വശക്തനായിരുന്നെങ്കിലും, ഏറിയ കാലത്തെ നടപ്പനുസരിച്ചു് പാർല്ലിമെൻറിൻെറ അധികാരത്താൽ നിയന്ത്രിതനായി, യാതൊരു സ്വതന്ത്രശക്തിയും ഇല്ലാത്തവനായിരുന്നു. പ്രജാധികാരഗ്രസ്തനായ രാജാവു് മന്ത്രിസഭയുടെ പാവയായി കളിയാടി. എങ്കിലും, രാജാവിനു് രാജ്യതന്ത്രത്തെ അസാമാന്യമായി ഭേദിപ്പിക്കാൻ കഴിഞ്ഞു. പ്രജായത്തഭരണത്തിൻെറയും രാജാധി-

കാരത്തിൻെറയും ഗുണങ്ങൾ ഇണങ്ങിച്ചേൎന്ന ഒരു ഭരണതന്ത്രം ഇംഗ്ലണ്ടിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചു.

പത്തൊമ്പതാം നൂററാണ്ടിൻെറ ആദ്യത്തെ മൂന്നിലൊരുഭാഗമൊഴിച്ചുള്ള കാലമെല്ലാം ഇംഗ്ലണ്ടിൽ വിക്ടോറിയാ മഹാരാജ്ഞിയുടെ ഭരണകാലമായിരുന്നു. ൧൮൩൭ മുതൽ ൧൯൦൦ വരെ അറുപത്തിമൂന്നു കൊല്ലം ആ രാജ്ഞി രാജ്യം ഭരിച്ചു. ഇത്ര ദീർഘമായ രാജ്യഭാരം പലവിധേന ക്ഷേമകരമായിരുന്നു. അക്കാലത്തിനു 'വിക്ടോറിയാബ്ദം' എന്നു നാമകരണം ചെയ്തിട്ടുണ്ട്. ആ മഹാരാജ്ഞിയുടെ കാലത്തു് പഴയ രീതികൾ ആസകലം പോയി, പുതുസമ്പ്രദായങ്ങൾ ഏൎപ്പെട്ടു. ഫ്രാൻസിൽ വിപ്ലവങ്ങളുണ്ടായതും, ഇററലിയും ജൎമ്മനിയും പ്രബലങ്ങളായ രാജ്യങ്ങളായതും മററും അവർ കണ്ടു. യൂറോപ്പിലെ പല രാജകുടുംബങ്ങളുമായി വേഴ്ച സമ്പാദിച്ചു് സന്താനാഭിവൃദ്ധി വരികയാൽ, വിക്ടോറിയയെ യൂറോപ്പിലെ ഒരു അമ്മൂമ്മത്തള്ളയായി എല്ലാവരും അഭിമാനിച്ചു. അതുനിമിത്തം പല ശണ്ഠകളും വഴക്കുകളും യുദ്ധം കൂടാതെ രാജിപ്പെടുത്താൻ അവൎക്കു കഴിഞ്ഞു. വിക്ടോറിയാമഹാരാജ്ഞിയെപ്പോലെ ഏറിയ നാൾ സമകാലീനനായി ഭരണം നടത്തിയ ഫ്രാൻസിസ് ജോസഫ് ചക്രവൎത്തിയുടെ രാജ്യത്തു് (ആസ്ത്രിയ) ഇംഗ്ലണ്ടിലെപ്പോലെ ക്ഷേമം ഉണ്ടായിരുന്നില്ല. ൧൮൪൮-ലെ വിപ്ലവാനന്തരം, തമ്മിൽ പൊരുത്തമില്ലാത്ത സംസ്ഥാനങ്ങൾ കൂടി ആസ്ത്രിയയോടു് ചേരുകയാൽ, അവിടെ എന്നും അസമാധാനം വളൎന്നു. ആസ്ത്രിയാസാമ്രാജ്യം ജൎമ്മൻ മഹാസമരത്തോടുകൂടി ശിഥിലമായി. കിഴവൻ ചക്രവൎത്തിയും ചത്തു.

വിക്ടോറിയാമഹാരാജ്ഞി മഹാഭാഗ്യവതി ആയിരുന്നു. അവരുടെ കാലത്തു് ഇംഗ്ലണ്ടിൻെറ ശക്തി

നാൾക്കുനാൾ വളൎന്നു. ലോകം ഒട്ടുക്ക് ഇംഗ്ലീഷുകാർ അധിവാസഭൂമികളെ സമ്പാദിച്ചു. അമേരിക്കയിലെ അധിവാസദേശമായ കാനഡയിൽ ബഹളമുണ്ടായി. മുമ്പിൽ ഐക്യസംസ്ഥാനങ്ങളുമായുണ്ടായ കലഹത്തിൽ പഠിച്ച പാഠം മറക്കാതെ, ഇംഗ്ലീഷുകാർ നയം പ്രയോഗിച്ച്, കാനഡയിലെ ജനങ്ങളെ സ്വയംഭരണാധികാരങ്ങൾ നൽകി വശീകരിച്ചു. ക്രമേണ മററുള്ള അധിദേശങ്ങളായിരുന്ന ആസ്ത്രേലിയ, തെന്നാഫ്രിക്ക, ന്യൂസിലണ്ട്, എന്നുള്ള സംസ്ഥാനങ്ങൾക്കും അപ്രകാരം സ്വയംഭരണം കൊടുത്തു. ഒരു മേൽകോയ്മസ്ഥാനം മാത്രം ഇംഗ്ലീഷ് രാജാവിനു ശേഷിച്ചു. ഇതു് ഒരു പുത്തൻസമ്പ്രദായത്തിലുള്ള ഭരണരീതിയാകുന്നു എന്നു് പറഞ്ഞു കൂടാ. പണ്ട് ഹിന്ദുസമ്രാട്ടുകൾ സാമന്തരാജ്യങ്ങൾക്ക് ഈ മാതിരി സ്വയംഭരണം നൽകിയിരുന്നു. എന്നാൽ സ്വയംഭരണാധികാരം യൂറോപ്യരായ ജനങ്ങൾ നാട്ടുകാരായിരുന്ന ദേശങ്ങളിൽ മാത്രമേ ബ്രിട്ടീഷുകാർ നൽകിയുള്ളൂ. ഇംഗ്ലണ്ടിൻെറ മഹിമക്കെല്ലാം നിദാനമായിരുന്ന ഇൻഡ്യക്ക് അവർ സ്വയംഭരണാധികാരം കൊടുത്തില്ലെന്നു മാത്രമല്ല, ആ മഹാലക്ഷ്മിയെ കീഴ്പ്പണിക്കപാത്രമാക്കിത്തീൎക്കയും ചെയ്തു. ഡൽഹിയിലുണ്ടായ ശിപായിലഹള കാരണം, ഇൻഡ്യയെ ബ്രിട്ടീഷുകാർ ചവുട്ടിത്താഴ്ത്തി സകല സമ്പത്തും അധികാരവും കൈവശമാക്കി. എന്നാൽ വിക്ടോറിയാരാജ്ഞി ചക്രവത്തിനി എന്ന സ്ഥാനത്തിനു് അർഹയായതു് ഭാരതഭൂമിയുടെ നാഥയാകകൊണ്ടാണു്. ഇങ്ങനെ ബ്രിട്ടീഷ്സാമ്രാജ്യം രണ്ടു് മാതിരി സംസ്ഥാനങ്ങൾ ചേൎന്നതായിരുന്നു; സ്വയംഭരണാധികാരം സിദ്ധിച്ച സാമന്തരാജ്യങ്ങളും, കീഴ്പ്പണിഞ്ഞിരുന്ന സംരക്ഷിതരാജ്യങ്ങളും.

ആദ്യത്തേതിൽ പാർത്തിരുന്നവരെ മിക്കവാറും കുടുംബ-ക്കാരായും, രണ്ടാമത്തേതിലുള്ളവരെ ദാസന്മാരായും ഗണിക്കപ്പെട്ടു. അവ തമ്മിൽ പൊരുത്തമില്ലാതെ തന്നെ ഇന്നും കഴിയുന്നു.

ധാരാളം ഭൂമിയും ധനവും ലഭിച്ചതുകൊണ്ടു് യൂറോപ്യൻശക്തികളിൽവെച്ച് ഇംഗ്ലണ്ടു് പ്രഥമസ്ഥാ-നം വഹിച്ചു. ഉള്ളവക്കാണു് പിന്നെയും വേണമെന്നു-ള്ള മോഹമുണ്ടാകുന്നതു്. ഇംഗ്ലണ്ടിനു് ലോകമൊട്ടുക്കു് പല ഉൗക്കൻനാടുകളും ദേശങ്ങളും സംസ്ഥാനങ്ങളും സ്വാധീനമായി. ബ്രിട്ടീഷ്സംസ്ഥാനത്തിൽ സൂര്യൻ ഒരിക്കലും അസ്തമിക്കയില്ല എന്നു് പ്രസിദ്ധി ഉണ്ടാക-ത്തക്ക ഭാഗ്യം ലഭിച്ചു. എങ്കിലും ആഗ്രഹം നിലച്ചില്ല. ഇൻഡ്യ ആയിരുന്നു ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ നടു-നായകം. ഭാരതലക്ഷ്മിയെ മററാരും വശീകരിക്കാതി-രിക്കാൻ വേണ്ടി അടുത്തു് ചെല്ലാനുള്ള മാർഗ്ഗങ്ങളെ-ല്ലാം നിരോധിച്ച സംരംഭത്തിലാണു്, ഈജിപ്ററിലും പർസ്യയിലും അഫ്ഘനസ്ഥാനത്തും ഇംഗ്ലീഷുകാർ ഇടപെട്ടു് അവിടെ ആധിന്യങ്ങളും സഖ്യങ്ങളും മററും സമ്പാദിച്ചതു്; സൂവസ്തോടു് വെട്ടിയ കമ്പനിയി-ലെ മിക്ക പങ്കുകളും കൗശലത്തിൽ കൈക്കലാക്കിയതു്. മററുള്ള യൂറോപ്യൻ വൻരാജ്യക്കാർ ഏററിയക്രമം പത്തൊമ്പതാം നൂററാണ്ടിൽ ആഭ്യന്തരകലഹങ്ങൾ കൊണ്ടും പരസ്പരസ്പർദ്ധകൾകൊണ്ടും അന്യചിന്തയ്ക്കു് അവസരം ഇല്ലാതെ വിഷമിക്കുന്ന തരംകണ്ടു്, ബ്രിട്ടീ-ഷുകാർ സ്വസ്ഥാനങ്ങളെ നല്ലവണ്ണം ഉറപ്പിച്ചു. രാജ്യ ങ്ങളെ വികടിപ്പിച്ചും യോജിപ്പിച്ചും പാരമ്പര്യസിദ്ധ-മായ പഞ്ചതന്ത്രപ്രയോഗംകൊണ്ടു് ബ്രിട്ടീഷുകാർ എല്ലാവക്കും നല്ലപിള്ളയായി മാധ്യസ്ഥം വഹിച്ചു്, യൂറോപ്പിലെ സമാധാനപരിപാലകസ്ഥാനം സമ്പാ-

ഭിച്ചു. എന്നുമാത്രമല്ല, വിവാഹബന്ധംകൊണ്ടു് യൂറോപ്പിലുള്ള വലിയ രാജകുടുംബങ്ങളുടെ ബന്ധുത്വം സമ്പാദിക്ക നിമിത്തം, വിക്ടോറിയാരാജ്ഞിയെ യൂറോപ്യൻ രാജാക്കന്മാരെല്ലാം ഒരു മുത്തശ്ശിയായി ഗണിക്കയാൽ, അവരോടു് വിരോധം കാണിക്കാൻ എല്ലാവരും മടിച്ചു. സവ്ഥാ ഇംഗ്ലണ്ടു് മററുള്ള രാജ്യക്കാരിൽവെച്ചു് മുന്നണിയെ പ്രാപിച്ചു. മൂന്നാം നെപ്പോളിയൻ ഫ്രാൻസിൽ ഒന്നു തലപൊക്കി നോക്കി. ക്ഷണേന അദ്ദേഹത്തിൻെറ പ്രാഭവം നശിച്ചു. തദനന്തരം ഉണ്ടായ കുഴപ്പങ്ങളിൽനിന്നു് നീങ്ങാൻ ആ നാട്ടിനു് ഏറെനാറം വേണ്ടിവന്നു. ജമ്മനിയുടെ ശക്തി മുളച്ചു് തുടങ്ങിയിരുന്നതേ ഉള്ളു. റഷ്യമാത്രമാണു് വലിപ്പംകൊണ്ടും ബലംകൊണ്ടും എതിർകൊമ്പായി നിന്നതു്. ആ സാമ്രാജ്യത്തിലുള്ള ജനങ്ങൾ പഠിപ്പു കുറഞ്ഞവരായിരുന്നെങ്കിലും, ശക്തിക്കു യാതൊരു ന്യൂനതയും ഇല്ലാത്തവരായിരുന്നു. വിശേഷിച്ചും, സാർചക്രവത്തിയുടെ ഏകശാസന അവിടെ നടന്നു. അദ്ദേഹത്തിനു് മററൊരുത്തരുടെ മുഖം നോക്കേണ്ടതില്ലായിരുന്നു. റഷ്യാക്കാർ ഏഷ്യയുടെ വടക്കുഭാഗത്തും മധ്യഭാഗത്തും കൂടി ഇൻഡ്യക്കു് അടുത്തു് വന്നു തുടങ്ങിയപ്പോൾ, ഇംഗ്ലീഷു്കാൎക്കു് പഞ്ചഭൂതങ്ങളും ഇളകി, ഭ്രാന്തു പിടിച്ചു്, അഫ്ഘാനസ്ഥാനവുമായി യുദ്ധങ്ങളിൽ ഏപ്പെട്ടു. യൂറോപ്പിലും റഷ്യരുമായി കലഹം ഉണ്ടായി. ഉത്തരധ്രുവമഹോദധിയിൽ ഏതു കാലത്തും മഞ്ഞു് ഉറയാത്ത തുറമുഖം വേണമെന്നു് റഷ്യർ ഏറിയകാലമായി മോഹിച്ചു. റഷ്യാരാജ്യം അതിവിസ്തൃതമായിരുന്നെങ്കിലും, വടക്കേ സമുദ്രത്തിലെ തുറമുഖങ്ങളെല്ലാം വർഷത്തുവിൽ മഞ്ഞുറഞ്ഞു് സഞ്ചാരയോഗ്യമല്ലാതാകുമായിരുന്നു. തെക്കു് കരിങ്കടലിൽ കൂടി കടക്കുവാൻ നിവാഹമി-

ല്ലാതെ ഡാർഡനെൽസ് കടലിടുക്ക് തുക്കിക്കാരുടെ വകയായിരുന്നു. എന്നാൽ കര വഴി പോകാമെന്നു് വെച്ചാൽ, അതിനും നിവാഹമില്ലാതെ ഇൻഡ്യയും അഫ്ഘനസ്ഥാനവും പർസ്യയും ഇടയ്ക്കു് നിന്നു. ഇങ്ങനെ റഷ്യാമഹാസാമ്രാജ്യം കൂട്ടിലടച്ചിട്ട മാതിരി അകപ്പെട്ടു. അതാണു് ആ രാജ്യക്കാർ തുക്കിയോടു ക്രിമിയൻ യുദ്ധത്തിലേപ്പെട്ടതും, മദ്ധ്യേഷ്യാവഴി ഇൻഡ്യയോട്ടു് അടുത്തതും. ക്രിമിയർ യുദ്ധം ൧൮൫൪ മുതൽ ൧൮൫൬ വരെ നടന്നതിൽ റഷ്യ തോററു. ആ യുദ്ധത്തിൽ ഫ്ളാററൽസ് നൈററിംഗേൽ എന്ന കുലീനയായ സ്ത്രീരത്നം ഏതാനും സഖിമാരോട്ടു് കൂടി യുദ്ധക്കളത്തിൽ മുറിവേററു് അവശരായ ഭടജനങ്ങളെ ശുശ്രൂഷിച്ചു് രക്ഷിച്ചു. ആ മഹതിയുടെ നിസ്സ്വാത്ഥമായ പരിചരണം നിമിത്തം അനേകം ആതുരന്മാക്കു് ആശ്വാസം ലഭിച്ചു. നൈററിംഗേൽ എന്ന പേർ ലോകപ്രസിദ്ധമായതു് കൂടാതെ, കുലീനകളായ സ്ത്രീകൾക്കു് ആതുരശുശ്രൂഷ മാന്യമായ ഒരു തൊഴിൽ ആകയും ചെയ്തു. സ്ത്രീജനങ്ങൾക്കു് പിന്നീടുണ്ടായ ഉന്നതിക്കു് അതു് ഒരു മുഖ്യമായ നിദാനമായി.

ഇംഗ്ലണ്ടിലെ രാജ്യഭരണസമ്പ്രദായം നിയന്ത്രിതരാജാധികാരപദ്ധതി ആണെന്നു് മുമ്പു് പറഞ്ഞുവല്ലോ. രാജാവു് പാർല്ലിമെൻറു സഭയാൽ നിയന്ത്രിതനായിരുന്നു. എന്നാൽ രാജാവു് ക്ഷണിച്ചു് വരുത്തിയെങ്കിൽ മാത്രമല്ലാതെ പാർല്ലിമെൻറു് കൂടുക പതിവില്ല. മന്ത്രിസഭ അനുവദിച്ചിട്ടാണു് രാജാവു് പാർല്ലിമെൻറിനെ ക്ഷണിച്ചു് വരുത്തുന്നതു്. പാർല്ലിമെൻറിൽ ഭൂരിപക്ഷം ഉള്ള കക്ഷിയിൽ നിന്നാണു് മന്ത്രിസഭക്കാർ വരുന്നതു്. ജനങ്ങളുടെ വോട്ടനുസരിച്ചാണു് പാർല്ലിമെൻറിൽ അംഗങ്ങൾ തിരഞ്ഞെടുക്ക-

പ്പെടുന്നതു്. പാർല്ലിമെൻറിലെ പ്രഭുസഭക്കു് ജനപ്രതിനിധിസഭക്കാർ സമ്മതിച്ച സംഗതിയെ തള്ളിക്കളയാം. എന്നാൽ പിന്നെയും നിർബ്ബന്ധിക്കുന്നപക്ഷം, പ്രഭുസഭയെ കൂട്ടാക്കാതെ പ്രജാസഭയ്ക്കു് നിയമങ്ങളുണ്ടാക്കാം. ധനസംബന്ധമായ കാര്യങ്ങളിലൊന്നും പ്രഭുസഭ കൈകടത്തിക്കൂടാ. രാജാവിൻെറ അനുമതി ലഭിച്ചെങ്കിലല്ലാതെ ഒരു പ്രമേയവും ചട്ടം ആകയില്ല. കരം ഏതെങ്കിലും പിരിക്കണമെങ്കിൽ രാജാവിന്നു് പ്രജാസഭയുടെ അനുവാദം വേണം. രാജാവിൻെറയും രാജകുടുംബത്തിൻെറയും ചിലവിനുള്ള മുതൽ പോലും പാർല്ലിമെൻറു കൊടുത്തെങ്കിലേ ഉള്ളൂ. രാജകുടുംബത്തിൽ വിവാഹം നടക്കണമെങ്കിൽ പാർല്ലിമെൻറു് അനുവദിക്കണം. രാജ്യാവകാശം സിദ്ധിക്കണമെങ്കിലും അതു വേണം. ഈയിടെ എഡ്വേർഡു് എട്ടാമൻ ചക്രവർത്തി ഒരു സാധാരണ സ്ത്രീയെ വിവാഹം ചെയ്യണമെന്നു് നിർബ്ബന്ധിച്ചപ്പോൾ, അതിലുണ്ടാവുന്ന സന്താനത്തിനു് രാജ്യാവകാശം കൊടുക്കയില്ലെന്നു് പാർല്ലിമെൻറു് ശഠിക്കയാൽ, രാജ്യഭാരം ഒഴിയേണ്ടിവന്നതു് നമുക്കു് അറിയാമല്ലോ. ഇങ്ങനെ പലവിധമായ നിയന്ത്രണങ്ങളും അധികാരങ്ങളും കൊണ്ടു് രാജാവും പാർല്ലിമെൻറും മന്ത്രിമാരും ജനസമുദായവും പ്രഭുക്കളും കൂട്ടിപ്പിണഞ്ഞിരിക്കുന്നതാണു് ഇംഗ്ലണ്ടിലെ രാജ്യഭരണം. അതിനെ അഴിക്കാൻ അത്ര എളുപ്പമല്ല. അതുകൊണ്ടു് അതു് ഇന്നും നിലനിൽക്കുന്നു.

നടപ്പനുസരിച്ചും ചട്ടപ്രകാരവും അമേരിക്കയിലെ പ്രസിഡൻറിനു് ഇംഗ്ലണ്ടിലെ രാജാക്കന്മാരെക്കാൾ അധികാരങ്ങളുണ്ടു്. പ്രജായത്തഭരണം ഏർപ്പെട്ടിട്ടുള്ള നാടുകളിലെല്ലാം അദ്ധ്യക്ഷനു് കിരീടപതികളായ രാജാക്കളെക്കാൾ നിയമപ്രകാരം അധികാരങ്ങളുണ്ടാ-

കാം. എങ്കിലും, അയാൾക്കു് അവക്കുള്ള പാരമ്പര്യ-സിദ്ധമായ മാന്യത്വം ലഭിക്കാൻ പ്രയാസം. വംശപ-രമ്പരയായി ബഹുമതപദവി സിദ്ധിച്ചിരിക്കുന്ന രാജാ-വിനു് സാമുദായികമായും ലൗകികമായും അന്തസ്സോടെ പല കാര്യങ്ങളെ നടത്താൻ കഴിയും. കുലമഹിമ പെ-ററ രാജകുടുംബങ്ങളുമായി ഇടപെടാനും സൗജന്യങ്ങൾ നേടാനും രാജാക്കന്മാക്കുള്ള കെല്പു്, അപ്പോഴപ്പോൾ പ്രജകളുടെ ഇഷ്ടംപോലെ തിരഞ്ഞെടുക്കപ്പെടുന്ന പ്ര-സിഡൻറുകൾക്കു് സിദ്ധിക്കുന്നതല്ല. സ്ഥാനമാനങ്ങൾ നൽക, രാജസദസ്സുകൾ കൂട്ടുക, ആചാരസംപ്രദായ-ങ്ങളെ നിയമിക്ക, ആഡംബരങ്ങളെ പുലത്തുക, ആ-ഘോഷങ്ങളെ വളത്തുക, ഉദ്യാനവിരുന്നുകളും സദ്യകളും മൃഗയാവിനോദങ്ങളും പ്രദശനോത്സവങ്ങളും നടത്തുക, എന്നീവിധമുള്ള ആർഭാടങ്ങളിൽ രാജാക്കന്മാക്കുള്ള സ്ഥാനം ഒന്നുവേറെ തന്നെയാണു്. അവ നിഷ്പ്ര-യോജനങ്ങളല്ല. രാജ്യങ്ങൾ തമ്മിൽ ഇണക്കത്തിനും പിണക്കത്തിനും അവ കാരണങ്ങളായിത്തീരുന്നു. മന്ത്രി-മാരും പ്രധാനികളും തലകുത്തി നിന്നു് ശ്രമിച്ചിട്ടു് സാധിക്കാത്ത കാര്യങ്ങളെ രാജാക്കന്മാർ മിഥസ്സമ്മേള-നങ്ങളിൽ കാണിക്കുന്ന ഭവ്യഭാവനകളെക്കൊണ്ടു് നി-ഷ്പ്രയാസം നേടുന്നുണ്ടു്. സത്യം നോക്കിയാൽ, മനുഷ്യൻ പ്രകൃത്യാ സ്തുതിപ്രിയനും ആഡംബരപ്രിയ-നുമാകുന്നു. ദേവന്മാർ പോലും അപ്രകാരമാണല്ലോ. രാജാക്കന്മാരും അപ്രകാരം പരസ്പരസൗഹാർദ്ദത്തിൽ സന്തുഷ്ടരാകുന്നു. കാര്യം കാണാൻ അവരെ സന്തോ-ഷിപ്പിച്ചാൽ മതിയാകും. പാരമ്പര്യസ്ഥാനികളല്ലാത്ത പ്രസിഡൻറുകൾ ആർഭാടങ്ങളും പദവികളും കാണി-ച്ചാൽ, ഏച്ചുകെട്ടിയതു് മുഴച്ചു് തന്നെ ഇരിക്കും. അവ-യ്ക്കു് ഔചിത്യവും സത്യത്വവും കുറയും. മറെറാരു

സംഗതിയിലും രാജാക്കന്മാൎക്കു് ഒരു മെച്ചമുണ്ടു്. ബാന്ധവങ്ങളെ കൊണ്ടു് രാജ്യങ്ങളെ കൂട്ടു് പിടിക്കാം. വിക്ടോറിയാ മഹാരാജ്ഞി അപ്രകാരമാണു് യൂറോപ്പിലുള്ള വിപക്ഷരാജ്യങ്ങളെ പോലും കൈയ്യുള്ളിലാക്കിയതു്.

ഇംഗ്ലണ്ടിലുള്ള ഭരണരീതിയാണു് ഇംഗ്ലീഷുകാരുടെ പ്രകൃതിയെ ഗൗരവപ്പെടുത്തിയതു്. ബ്രിട്ടിഷ് പാർല്ലിമെൻറ് നിയമങ്ങളെ നിൎമ്മിക്ക മാത്രമല്ല, രാജ്യഭരണം നടത്തുകയും ചെയ്യുന്നു. ഇരുകക്ഷി സംപ്രദായത്തിലാണു് ഭരണവ്യവസ്ഥ. സത്യം നോക്കിയാൽ ഇരുകക്ഷികളും തമ്മിൽ കാര്യത്തിൽ ഒന്നുപോലെ തന്നെ. ഇരുകൂട്ടരും ധനികവൎഗ്ഗത്തിൽ ഉൾപ്പെട്ടവരാണു്. ഒന്നു് പുരാതന തറവാട്ടുകാരായ ജന്മികളും, മറേറതു് പുതിയ വ്യവസായാഭിവൃദ്ധി നിമിത്തം ധനികരായ തൊഴിലാളിവൎഗ്ഗവും എന്നുള്ള വ്യത്യാസം മാത്രമേ ഉള്ളു. ഒരു കൂട്ടരെ 'ടോറികൾ' എന്നും മററവരെ 'വിഗ്ഗുകൾ' എന്നും ആദ്യവും, പിന്നീട്ട 'കൺസർവെററിവുകൾ' എന്നും 'ലിബറൽസുകൾ' എന്നും പേർ വിളിച്ചുവരുന്നു. അതായതു് പഴയ കൂററരും പുതിയ കൂററരും, യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളും. അവർ എതിർകൊമ്പായി നിന്നു് പാർല്ലിമെൻറു സഭയിൽ പ്രസംഗമുഖേന പൊരുതുന്നതു് കണ്ടാൽ കീരിയും പാമ്പും പോലെ വിരോധികളാണെന്നു് തോന്നിയേക്കും. പക്ഷേ ഇതെല്ലാം ഒരു ചതുരംഗപ്പോരു മാത്രമാകുന്നു. തിരഞ്ഞെടുപ്പിൽ ഏതു് കക്ഷിക്കാൎക്കു് ഭൂരിപക്ഷം കിട്ടുന്നുവോ അവർ ഗവൎമ്മെൻറും, ന്യൂനപക്ഷക്കാർ എതിർസംഘവും ആയിത്തീരുന്നു. ഭൂരിപക്ഷക്കാരിൽ പ്രമാണി മന്ത്രിസംഘത്തെ സജ്ജീകരിക്കുന്നു. ഏതെങ്കിലും ഒരു സംഗതിയെപ്പററി രണ്ടു് ഭാഗവുമുള്ള ന്യായങ്ങളെ വിവരിക്കാൻ ഇരുകക്ഷി വ്യവസ്ഥ ഏററവും ഉപകരിച്ചു എന്നല്ലാതെ, ഭൂരിപക്ഷാഭിപ്രായം തന്നെയാ-

ൻ് നടപ്പിൽ വരുന്നതു്. മറുരാജ്യങ്ങളിലും ഇരുകക്ഷികളുണ്ടായിരുന്നു. അവർ പരസ്പരം വിരുദ്ധാഭിപ്രായം കൈക്കൊണ്ടിരുന്നു. അവരുടെ ഉദ്ദിഷ്ടലക്ഷ്യങ്ങൾ ഭിന്നങ്ങളായിരുന്നു. ഇംഗ്ലണ്ടിൽ അങ്ങനെ അല്ല. ഒരു തറവാട്ടിലെ അംഗങ്ങൾ തങ്ങളിൽ വഴക്കു് കൂടുന്ന മാതിരിയിലുള്ള തർക്കങ്ങൾ ഉണ്ടായതേ ഉള്ളൂ. തമ്മിൽ സ്പർദ്ധ ഇല്ലായിരുന്നു. രാജ്യക്ഷേമത്തിനുള്ള കാര്യങ്ങളിൽ ഒത്തൊരുമ ഉണ്ടായിരുന്നു. വിദേശീയശത്രുക്കളുടെ എതിർപ്പിൽ ഇരുകക്ഷികളും ഒററക്കെട്ടായി നിന്നു. ഇക്കഴിഞ്ഞ ജർമ്മൻ യുദ്ധത്തിൽ അതു് വ്യക്തമായിട്ടുണ്ടല്ലോ.

രണ്ടു് ബലത്ത കക്ഷികൾ വ്യാപിക്കുമ്പോൾ, സ്വാഭിപ്രായപ്രകടനം കൊണ്ടു് ഒരുവനും പാർല്ലിമെൻറ് സാമാജികനായി തിരഞ്ഞെടുക്കപ്പെടാൻ സാദ്ധ്യമല്ലല്ലോ. ഇംഗ്ലണ്ടിലെ ഭരണക്രമം പ്രജായത്തഭരണത്തിന് ഉത്തമലക്ഷ്യമായി പറയപ്പെടുന്നുണ്ടെങ്കിലും, ഒരുവനു് പ്രബലങ്ങളായ ഇരുകക്ഷികളിൽ ഒന്നിൽ ചേരുകയല്ലാതെ സ്വന്തമായ അഭിപ്രായങ്ങളെ പ്രകടിപ്പിക്കാനോ നടത്താനോ അവസരം നൽകിയില്ല. കക്ഷിപ്രമാണികളുടെ ആജ്ഞകളെ അംഗങ്ങൾ ശിരസാ വഹിക്കേണ്ടിവന്നു. ആ ശാസന ഇല്ലാതെ വന്നാൽ ഇരുകക്ഷികളും സംഘബലവും ഒത്തൊരുമയും ഇല്ലാതെ പോകുമല്ലോ. ഐകമത്യം അത്യാവശ്യം തന്നെ; എങ്കിലും അതു് പരമാത്ഥമായ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നുണ്ടു്. പ്രവചനങ്ങളെക്കൊണ്ടും, വാക്ചാതുര്യംകൊണ്ടും, പലപ്പോഴും സ്വാത്ഥംകൊണ്ടും, സാധുക്കളായ വോട്ടറന്മാരെ പ്രമാണികൾ വശീകരിച്ചു് കക്ഷിയിൽ ചേക്കുന്നു. പൊതു തിരഞ്ഞെടുപ്പുകൾ പല മാതിരി പ്രലോഭനങ്ങൾ കൊണ്ടും, പാഴ്ചിലവുകൾകൊണ്ടും, സാധിക്കാത്ത വാഗ്ദാനങ്ങൾ കൊണ്ടും പങ്കിലങ്ങളാണെങ്കിലും, ഇംഗ്ലണ്ടിൽ ആ സമ്പ്ര-

ദായം ഭരണതന്ത്രത്തിൽ പല ഗുണങ്ങൾക്കു് നിദാനമാകയാൽ, അവിടെ അതു് ഇന്നും നിലനില്ക്കുന്നു.

പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കൺസർവെററിവു് കക്ഷിയുടെ നേതാവു് ഡിസ്രേലിയും, ലിബറൽ കക്ഷി നേതാവു് ഗ്ലാഡ്സ്റ്റണും ആയിരുന്നു. രണ്ടുപേരും കീർത്തിപെററ വിദ്വാന്മാരായിരുന്നു. ഡിസ്രേലി ഒരു യൂദനായിരുന്നു. യൂദന്മാരെ ഇംഗ്ലീഷുകാൎക്കു് പ്രിയമില്ല; എങ്കിലും സാമൎത്ഥ്യവും ശേഷിയും കൊണ്ടു് ഡിസ്രേലി ഉററ പദവിയിൽ എത്തി, ബെകൺസ്ഫീൽഡ് എന്ന പ്രഭുസ്ഥാനം പോലും നേടി. ഗ്ലാഡ്സ്റ്റൺ ഒരു പുരാതന ഇംഗ്ലീഷു് തറവാട്ടി ആയിരുന്നു. ഇരുപേരും എതൃകക്ഷികളായിരുന്നെങ്കിലും, ഇംഗ്ലണ്ടിന്റെ സാമ്രാജ്യശക്തിയെ വളൎത്തി. ഗ്ലാഡ്സ്റ്റൺ ഐർലണ്ടിനു് സ്വാതന്ത്ര്യം നൽകാൻ വളരെ പണിപ്പെട്ടു. അതു് അന്നു സാധിച്ചില്ല. ആ സംഗതിയിൽവെച്ചു ലിബറൽ കക്ഷിക്കാർ രണ്ടായി പിരിഞ്ഞ കഥയും മററും വിസ്തരിച്ചു് ഇനി ഒരു അദ്ധ്യായത്തിൽ പറയാം.

# എൺപത്തിരണ്ടാം അദ്ധ്യായം

---

## ഇംഗ്ലണ്ടിൻെറ ഐശ്വൎയ്യാഭിവൃദ്ധി.

യൂറോപ്യൻരാജ്യങ്ങളിൽവെച്ച ഇംഗ്ലണ്ടിനു് പത്തൊമ്പതാം ശതകത്തിൽ മേന്മ സിദ്ധിച്ചതു്, അവിടെ മുതലിച്ച വ്യവസായാഭിവൃദ്ധികൊണ്ടും സാമന്തരാജ്യങ്ങളിലെ വിഭവസമൃദ്ധികൊണ്ടും ആകുന്നു. പ്രധാന വ്യവസായങ്ങൾ നാലു കൂട്ടമായിരുന്നു. പഞ്ഞി, കൽക്കരി, ഇരുമ്പു്, കപ്പൽപ്പണി. ഇവയെ സംബന്ധിച്ച അനവധി ചില്ലറ തൊഴിലുകൾ ഏൎപ്പെട്ടു. വലിയ തൊഴിൽശാലകൾ നിൎമ്മിതങ്ങളായി. ഇംഗ്ലിഷ്കാരുടെ സാമാനങ്ങൾ കയററിയിട്ടുള്ള കപ്പലുകൾ ലോകത്തിൽ എവിടെയും സഞ്ചരിച്ചു. അവയിൽ മററുള്ള രാജ്യങ്ങളിൽ ഉണ്ടാക്കിയ സാധനങ്ങളും കയററിവന്നു. കച്ചോടക്കപ്പലുകൾ മിക്കതും ഇംഗ്ലീഷ്കാരുടെ വകയായിരുന്നു എന്നു പറയാം. ലായിഡ് കമ്പനി എന്നു പ്രസിദ്ധമായ ഭീമകമ്പനി (Insurance) ലണ്ടൻ പട്ടണത്തിൽ സ്ഥാപിതമായി. ഈ കമ്പനിക്കാരുടെയും വ്യവസായനേതാക്കന്മാരുടെയും ആദ്ധ്യവസായത്തിൽ പാർല്ലിമെൻറുസഭ പോലും കമ്പിട്ടു.

വ്യവസായങ്ങൾ വർദ്ധിച്ച ക്രമത്തിനു കണക്കില്ലാത്ത ധനം ഇംഗ്ലണ്ടിൽ വന്നുചേൎന്നു. അതിനാതിനു് ഇടത്തരക്കാർ വലിയ മുതലാളികളായി. അവരുടെ ജീവിതരീതിയും വളൎന്നു. ഈ ധനമെല്ലാം അവർ എന്തു ചെയ്തു? നമ്മുടെ കൂട്ടരെപ്പോലെ കഴിച്ചിടുകയല്ല അവർ ചെയ്തതു്. കൂട്ടുതലായ വ്യവസായങ്ങളിൽ മുതലിറക്കി. അതിൽ ലാഭം കണക്കില്ലാതെ വർദ്ധിച്ചു. വ്യവസായശാലകളിലും

തീവണ്ടിപ്പാതകളിലും ഇറക്കിയ ധനത്തിന്ന് നല്ല പലിശ കിട്ടിവന്നു. അവ നാട്ടിൽ ചെഴിച്ചപ്പോഠം, മത്സരം നിമിത്തം ലാഭം കുറഞ്ഞുതുടങ്ങി. അപ്പോഠം ധനത്തെ മറുനാട്ടുകളിൽ ആ വക ഉദ്യമങ്ങഠംക്കായി വിനിയോഗിച്ചു. ഇങ്ങനെ ബ്രിട്ടനിൽ ഉണ്ടായ ധനപ്പെരുപ്പത്തെ യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഇൻഡ്യയിലും മററും ചിലവഴിച്ച് കൂടുതൽ ലാഭം സമ്പാദിച്ചു. തെക്കെ അമേരിക്കയിലും ആർജൻറൈനിലും വലിയ കൃഷിത്തോട്ടങ്ങഠം ബ്രിട്ടീഷ്കാർ സ്ഥാപിച്ചു. കാനഡയിലും ആസ്ട്രേലിയയിലും ഇന്നു കാണുന്ന വിഭവമെല്ലാം ബ്രിട്ടീഷ് മുതൽ കൊണ്ടു് നിർമ്മിച്ചിട്ടുള്ളതാണു്. ചീനത്തുള്ള ആനുകൂല്യങ്ങഠം അതുകൊണ്ടു് നേടിയതാണു്. ഇൻഡ്യയിലുള്ള റയിൽ, കമ്പിത്തപാൽ, ജലസേചനപദ്ധതികഠം എന്നുള്ള വൻതോതിലുള്ള ഉദ്യമങ്ങഠംക്കെല്ലാം ബ്രിട്ടീഷ്കാർ ധനം കടം കൊടുത്തിട്ടുണ്ടു്. ഇൻഡ്യ ഇംഗ്ലീഷ്കാരുടെ അധമർണ്ണത്വം സമ്പാദിച്ചു. ബ്രിട്ടിഷ്കാർ ലോകത്തിലെ ഉത്തമർണ്ണന്മാരായി. ലണ്ടൻ പട്ടണം ലോകത്തിലെ ധനകേന്ദ്രവുമായി.

ബ്രിട്ടീഷ്കാർ മററു രാജ്യങ്ങഠംക്കു് ധനം വായ്പ കൊടുത്തതു് നാണിയമായിട്ടല്ല. അതു് ഒരിക്കലും സാദ്ധ്യവുമല്ല. ലോകത്തിലുള്ള പൊന്നും വെള്ളിയും മുഴുക്കെ അതിന്നു് മതിയാവുകയില്ല. പൊന്നും വെള്ളിയുമാണു് ധനം എന്നാണു് മൂഢജനബോധം. ആ ലോഹങ്ങഠം വല്ല ആഭരണങ്ങളോ പണ്ടങ്ങളോ ഉണ്ടാക്കാൻ ഉപയോഗിക്കാമെന്നല്ലാതെ, ഭക്ഷണത്തിനോ മററു് ഉപയോഗത്തിനോ കൊള്ളിക്കാവതല്ല. സാധനങ്ങളെ കൈമാറാൻ ഉപയോഗപ്പെടുന്ന ലക്ഷ്യങ്ങളാണു് സ്വർണ്ണവും വെള്ളിയും നാണിയങ്ങഠം. സാക്ഷാൽ സ്വത്തു് എന്നു പറയുന്നതു് സാധനങ്ങളാണു്. അതുകൊണ്ടു് ബ്രിട്ടീഷ്കാർ കടം

കൊടുത്തതു് നാണിയങ്ങളായിട്ടല്ല, സാധനങ്ങളായിട്ടാണു്. ഓരോ രാജ്യങ്ങളിലും റയിൽ ഇടാനും മററുമുള്ള വ്യവസായങ്ങൾ വർദ്ധിപ്പിക്കാനും വേണ്ടുന്ന സാധനങ്ങളെ അവർ അയച്ചുകൊടുത്തു. രണ്ടു് കൂട്ടം അതുകൊണ്ടു സാദ്ധ്യമായി; ബ്രിട്ടീഷു്കാരുടെ മിച്ചമുള്ള ധനം നല്ല വ്യവസായങ്ങളിൽ വിനിയുക്തമായി; അതിൽനിന്നു് നല്ല പലിശ കിട്ടുകയും ചെയ്തു. ഇങ്ങനെ ധനം കൊടുക്കുന്ന തൊഴിൽ ഇംഗ്ലീഷുകാൎക്കു് നല്ല ലാഭമുള്ള് വ്യാപാരമായിത്തീൎന്നു. ആ വ്യാപാരം വർദ്ധിച്ച ക്രമത്തിനു് ഇംഗ്ലണ്ടിൽ ധനവും വർദ്ധിച്ചു. അവിടെ കുബേരന്മാർ ധാരാളമായി. വ്യവസായങ്ങളിൽ നിന്നു് കിട്ടിവന്ന ലാഭംകൊണ്ടു് മാത്രം അവർ കുശാലായി ഉപജീവിച്ചു. ധനികന്മാർ യാതൊരു വേലയും ചെയ്തില്ല. അവരുടെ ധനത്തെ നല്ല നല്ല വ്യവസായങ്ങളിൽ മുടക്കുക മാത്രമാണു് ചെയ്തതു്. മററു രാജ്യങ്ങളിൽ ഒന്നാംതരം സ്ഥലങ്ങൾ അവർ പിടിച്ചു. ഫ്രാൻസിലും ഇററലിയിലും സ്വിഡ്സർലണ്ടിലും സുഖവാസസ്ഥലങ്ങൾക്കുള്ള ഉടമസ്ഥത അവർ സമ്പാദിച്ചു.

ഇനി നമുക്കു മനസ്സിലാക്കാനുള്ളതു്, എങ്ങിനെയാണു് അധമൎണ്ണരാജ്യക്കാർ ഈ കടം വീട്ടുന്നതു് എന്നുള്ളതാണു്. പൊന്നും വെള്ളിയുമായി കടം തിരിച്ചു കൊടുക്കാൻ നിൎവ്വാഹമില്ല. ആണ്ടുതോറും അങ്ങനെ കൊടുക്കാൻമാത്രം ആ നാണിയങ്ങൾ ഉണ്ടാകാൻ പ്രയാസം. സാധനങ്ങളായിത്തന്നെയാണു് അവരും കടം വീട്ടുന്നതു്. സംസ്കൃതസാധനങ്ങളില്ലെങ്കിൽ അസംസ്കൃതസാധനങ്ങൾ. വ്യവസായപരമായ ഇംഗ്ലണ്ടിൽ തൊഴിൽ ധാരാളം ഉണ്ടായതല്ലാതെ, ഭക്ഷണസാധനങ്ങളും, വ്യവസായങ്ങൾക്കു് വേണ്ടുന്ന അപക്വപദാൎത്ഥങ്ങളും വളരെ ദുർല്ലഭങ്ങളാകുന്നു. മറുനാട്ടുകാർ ആ വക പദാൎത്ഥങ്ങളെ, അതായതു്, ഗോതമ്പു്, തേയില, കാപ്പി, മാംസം, പഴ-

ങ്ങൾ, മദ്യങ്ങൾ, പഞ്ഞി, രോമങ്ങൾ എന്നുള്ളവയെ ഇംഗ്ലണ്ടിന്ന് കൊടുത്തു. അപക്വപദാൎത്ഥങ്ങളെ കൊടുക്കയും അവയെകൊണ്ടു നിൎമ്മിതങ്ങളായ സംസ്കൃതപദാൎത്ഥങ്ങളെ വാങ്ങുകയും ചെയ്യുന്നതിന്നാണ് വ്യാപാരം എന്ന് നാം പറയാറുള്ളത്.

ഈ വ്യാപാരം എല്ലായ്പോഴും എല്ലാ രാജ്യങ്ങളും തമ്മിൽ സമമായിരിക്കാനോ, ഒരു രാജ്യം എന്നും അപക്വപദാൎത്ഥം നൽകുകയും മറെറാരു രാജ്യം എപ്പോഴും സംസ്കൃതപദാൎത്ഥത്തെ വിൽക്കുകയും ചെയ്യാനോ, സാധ്യമല്ല. ചിലപ്പോൾ ഈ കൈമാററത്തിൽ കൂടുതലും ചിലപ്പോൾ കുറവും വരുന്നു. അപ്പോൾ കച്ചോടലാഭം ഒരു രാജ്യത്തിന്ന് കൂടുതലും, മറെറാന്നിന്ന് കുറവുമായി തീരുന്നു. കൂടുതൽ സാധനം വാങ്ങിയ രാജ്യം വിററ രാജ്യത്തിന്ന് കടപ്പെടുന്നു. പത്തൊമ്പതാം ശതകത്തിലെ സാധനകൈമാററക്കണക്ക് നോക്കിയാൽ, ഇംഗ്ലണ്ട് മറുരാജ്യങ്ങളോട് കടപ്പെട്ടതായി തോന്നിയേക്കാമെങ്കിലും, സത്യത്തിൽ ഇംഗ്ലീഷ്കാൎക്ക് മുതൽ നഷ്ടമില്ല. അവർ അന്യരാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള മുതലിന്റെ പലിശയായിട്ടാണ് കൂടുതൽ ചരക്കുകൾ വാങ്ങുന്നത്. അതിനാൽ അധമൎണ്ണരാജ്യങ്ങൾ നൽകുന്ന കപ്പമാണ് ആ സാധനങ്ങൾ എന്ന് തന്നെ പറയാവുന്നതാണ്.

എന്നുമാത്രവുമല്ല, അധമൎണ്ണരാജ്യങ്ങൾക്ക് കൊടുത്തിട്ടുള്ള മുതലിന്റെ പലിശ മുഴുക്കെ സാധനങ്ങളായി തിരിച്ച് ഇംഗ്ലണ്ടിൽ വരുന്നില്ല. ഏതാനും ഭാഗം അതാത് നാട്ടിൽ തന്നെ വ്യവസായാഭിവൃദ്ധിക്ക് ഉപയുക്തമാകുന്നു. അപ്പോൾ എന്തു വരുന്നു? കൂടുതലായി ധനം കൊടുക്കാതെ തന്നെ അധമൎണ്ണരാജ്യങ്ങളിൽ നിക്ഷിപ്തമായ മുതൽ വൎദ്ധിക്കുന്നു; പലിശക്ക് പലിശ വാങ്ങുന്ന മട്ടിൽ സ്വത്ത് ക്ഷണേന ഇട്ടിരിക്കുന്നു.

ഇൻഡ്യാരാജ്യം ഇംഗ്ലണ്ടിന്നു് കടപ്പെട്ടിരിക്കുന്നതു് ഇങ്ങനെയാണു്. ബ്രിട്ടീഷ് ധനംകൊണ്ടാണു് വലിയ റയിലുകളും ജലവിതരണമാർഗ്ഗങ്ങളും മററു് അനവധി വൻവേലകളും നടത്തിട്ടുള്ളതു്. അവയിൽനിന്നു് കിട്ടുന്ന ലാഭംകൊണ്ടു മാത്രം ഈ കടം വീട്ടാൻ സാദ്ധ്യമല്ല. അപ്പോൾ പലിശക്കു് വേണ്ടി ഇൻഡ്യയിലെ മററുള്ള മുതലെടുപ്പുകളിൽനിന്നു കൂടി കൊടുത്തെങ്കിൽ മാത്രമേ മതിയാവൂ. ആദികാലത്തു് സ്വർണ്ണങ്ങളും പണങ്ങളുമായി ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ഇൻഡ്യയിൽനിന്നു് ധാരാളം മുതൽ കൊണ്ടുപോയി വന്നതിന്നു പകരം, ഇപ്പോൾ പലിശയായി അനവധി ധനം ബ്രിട്ടനിലേക്കു് കൊണ്ടുപോകുന്നു. ഇതിനെപ്പററിയാണു് കാൺഗ്രസ്സുകാർ പരാതി പറയുന്നതു്. ഇൻഡ്യയെ പാപ്പരാക്കുന്നതു് ഈ മാതിരി വിചേഷ്ടിതംകൊണ്ടെന്നാണു് അവരുടെ അഭിപ്രായം. മറുകക്ഷിയുടെ വാദം, ഇൻഡ്യയെ ധനപുഷ്ടമാക്കിയതു് ബ്രിട്ടീഷ് മുതൽകൊണ്ടാണു് എന്നാകുന്നു. നാട്ടിലെ ധനം വെച്ചു പൂട്ടി വ്യവസായങ്ങളിൽ ഇറക്കാതെ ഇരുന്നപ്പോൾ സഹായിച്ചവർ ബ്രിട്ടീഷുകാരാണു്. അതിനുള്ള പ്രതിഫലമാണു് നാം ആണ്ടുതോറും കൊടുക്കുന്നതു് എന്നാണു് എതിർപക്ഷക്കാർ പറയുന്നതു്".

ബ്രിട്ടീഷുകാർ ധനം മുഴുക്കെ വ്യവസായങ്ങളിൽ വിനിയോഗിക്കാൻ കടം കൊടുത്തുവന്നതു് നിമിത്തം, ഇംഗ്ലണ്ടിൽ കൃഷി ക്രമേണ ക്ഷയിച്ചു. ഇംഗ്ലണ്ടിനു് ആവശ്യമുള്ള ഭക്ഷണപദാർത്ഥങ്ങൾ മുഴുക്കെ മറുനാട്ടുകളിൽനിന്നു് വരേണ്ടതായിത്തീൻ. അതു് അവൎക്കു ലാഭത്തിൽ കിട്ടിയപ്പോൾ, കൃഷി ഒന്നുകൂടി ക്ഷയിച്ചു. കേവലം യന്ത്രവേലയും കൈത്തൊഴിലും മാത്രം നടത്തുന്ന രാജ്യമായിത്തീൻ ബ്രിട്ടൺ. കച്ചോടസ്വാതന്ത്ര്യത്തെ ബ്രിട്ടീഷുകാർ മുറുകെപിടിച്ചു. അതിന്നു കാരണം, ഒന്നാമതു്, മറുനാട്ടുകളിൽ

ന്നിന്ന് വരുന്ന ഭക്ഷണപദാൎത്ഥങ്ങൾക്ക് ചുങ്കം വെച്ചാൽ അവയ്ക്കു് വില കൂടും, ജനങ്ങൾക്ക് കഷ്ടത ഏറും. രണ്ടാമത്തു്, ഇംഗ്ലണ്ടിലെ വ്യവസായസംസ്കൃതസാധനങ്ങളെ മറുനാട്ടുകളിൽ കയററാൻ ചുങ്കം കൊടുക്കേണ്ടിവരും. എതിൎത്തു് വ്യാപാരം നടത്താൻ ശേഷിയുള്ള മററു രാജ്യക്കാർ ഇല്ലാതിരുന്നിടത്തോളം കാലം, തീരുവ തീൎക്കാതെ സ്വതന്ത്രമായി കച്ചോടം നടത്തുന്നതു് ഇംഗ്ലീഷുകാൎക്കു് ലാഭകരമായിരുന്നു. അതുകൊണ്ടു് ഇംഗ്ലണ്ടു് കച്ചോടസ്വാതന്ത്ര്യത്തെ അനുകൂലിച്ചു.

ചുങ്കം കൊടുക്കാതെ സാമാനങ്ങൾ ഏററുമതിയും ഇറക്കുമതിയും ചെയ്യാമെന്നു് വരുമ്പോൾ, ഓരോ നാട്ടിലും ഉണ്ടാകുന്ന ചരക്കുകൾക്കു് മത്സരം നിമിത്തം വില ഇടിഞ്ഞു് പോകാതിരിക്കയില്ല. ആ ദോഷപരിഹാരത്തിനായി പല രാജ്യങ്ങളും അന്യരാജ്യച്ചരക്കുകൾക്കു ചുങ്കങ്ങൾ ഏൎപ്പെടുത്തി സ്വരാജ്യസാധനങ്ങളുടെ വിലയെ സംരക്ഷിക്കാറുണ്ടു്. അപ്രകാരം സംരക്ഷണം നടത്തുന്ന രാജ്യങ്ങളാണു് അമേരിക്ക, ജൎമ്മനി, ഫ്രാൻസ് മുതലായവ.

സംരക്ഷണവും സ്വതന്ത്രവ്യാപാരവും ഇംഗ്ലണ്ടിൽ ഓരോ കക്ഷികളുടെ മുദ്രാവാചകങ്ങളാക്കി അനവധി വാഗ്വാദകോലാഹലങ്ങൾ നടന്നിട്ടുണ്ടു്. ലിബറൽ കക്ഷിക്കാർ സ്വതന്ത്രവ്യാപാരത്തെയും, ടോറി കക്ഷിക്കാർ സംരക്ഷിതവ്യാപാരത്തെയും അനുകൂലിച്ചു. കാബ്ഡൻ എന്നും ബ്രൈററ് എന്നും പേർപെററ മഹാവാഗ്മികൾ വ്യാപാരസ്വാതന്ത്ര്യത്തിനു് (Free Trade) വേണ്ടി ചെയ്തിട്ടുള്ള സാഹസങ്ങൾ അന്യാദൃശങ്ങളായിരുന്നു. ആദ്യം ബ്രിട്ടീഷുകാർ ഇൻഡ്യൻ ചരക്കുകൾക്കു് ഇറക്കുമതി ചുങ്കങ്ങൾ ഏൎപ്പെടുത്തിയിരുന്നു. പിന്നെ അതു് വേണ്ടെന്നു വെച്ചു. പിന്നെയും ഇതാ ചുങ്കം ചുമത്തി തുടങ്ങിയിരി-

കുന്നു. ചുരുക്കത്തിൽ, അപ്പൊഴപ്പോൾ ലാഭമെന്നു് കാണുന്ന ക്രമത്തിനു് ചുങ്കങ്ങൾ ഏൎപ്പെടുത്തുന്നതു് രാജ്യതന്ത്രനയമാകുന്നു. പത്തൊമ്പതാം ശതകത്തിന്റെ പൂൎവാൎദ്ധത്തിൽ ഇംഗ്ലണ്ടിനോടൊപ്പം വ്യവസായം മററു രാജ്യങ്ങളിൽ ഇല്ലായിരുന്നു. അതിൽ പിന്നീടു് അവിടങ്ങളിലും വ്യവസായങ്ങൾ വൎദ്ധിച്ചു. ലങ്കാഷയറിൽ ഉണ്ടാക്കി അയച്ചു് വന്ന തുണികൾക്കു് ഒപ്പം ഇൻഡ്യയിലും തുണികൾ നെയ്തു് തുടങ്ങിയപ്പോൾ, ഇംഗ്ലീഷ് ചരക്കുകൾക്കു് പ്രിയം കുറഞ്ഞു. ജപ്പാൻ ചരക്കുകളും മത്സരം തുടങ്ങി. അപ്പോൾ ഇംഗ്ലീഷ്കാർ എന്തു ചെയ്തു? ഇൻഡ്യൻ നാട്ടുചരക്കുകൾക്കു ചുങ്കം ഏൎപ്പെടുത്തി. ഇൻഡ്യാക്കാരുടെ ധനം വ്യവസായങ്ങളിൽ മുടക്കിത്തുടങ്ങിയപ്പോൾ, ഇംഗ്ലീഷ്കാരുടെ ഉത്തമഗുണതചത്തിന്നു് ഉടവു തട്ടി. അതിനാൽ പത്തൊമ്പതാം ശതകത്തിലുണ്ടായിരുന്ന സ്ഥിതിയല്ല ഇന്നുള്ളതു്.

നിരപ്പേ വ്യവസായാഭിവൃദ്ധി എല്ലാ രാജ്യങ്ങളിലും വന്നതോടുകൂടി മുതലാളികളുടെ മത്സരം മഹാകലഹമായിത്തീൎന്നു. ദൈവവും മതവുമെല്ലാം ധനലാഭത്തിൽ കലാശിച്ചു. ധനസമ്പാദനമായി ഉത്തമമതം. പരമതസഹിഷ്ണുതചം വിക്ടോറിയാ മഹാരാജ്ഞിയുടെ കാലത്തുള്ള ഇംഗ്ലീഷ്കാരുടെ ഉത്തമഗുണമായി പ്രശംസിക്കാറുണ്ടു്. സൂക്ഷ്മം നോക്കിയാൽ, ധനസമ്പാദനത്തിൽ മതചിന്ത തീരെ അപ്രധാനമായിത്തീൎന്നതല്ലയോ അതിന്നു നിദാനം? എന്തെന്നാൽ മതത്തിലൊഴിച്ചു് മററുള്ള ലൗകിക വിഷയങ്ങളിൽ സഹിഷ്ണുത തീരെ കാണുന്നില്ലല്ലൊ. ഭരണതന്ത്രസംബന്ധമായോ, വ്യാപാരസംബന്ധമായോ, ധനസംബന്ധമായോ ഉള്ള സംഗതികളിൽ ദാക്ഷിണ്യം അപൂൎവമാകുന്നു. വിമതസ്ഥരെ ആ വിഷയങ്ങളിൽ ശിക്ഷിക്കപോലും ചെയ്തിട്ടുണ്ടു്.

വ്യാവസായികമായ മുതലാളിത്തം ഒന്നിനൊന്നിന് വർദ്ധിച്ച് വലുതായി വന്നപ്പോൾ, മഹാവ്യവസായ സമിതികളും പങ്കാളിസംഘങ്ങളും ഉത്ഭവിച്ചു. അവ ചെറുവ്യവസായങ്ങളെ എല്ലാം ഗ്രസിച്ചു. സാധുക്കളുടെ വായിൽ മണ്ണായി. ഈ സമിതികൾ ഗവർമെൻറിനെ പോലും കീഴടക്കി. വ്യവസായാഭിവൃദ്ധി സാമ്രാജ്യതാപമായി പരിണമിച്ച വിവരം മുമ്പൊരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. വ്യവസായനിർമ്മിതസാധനങ്ങളെ വിററഴിക്കാനും അസംസ്കൃതപദാർത്ഥങ്ങളെ ശേഖരിക്കാനും യൂറോപ്യൻ ശക്തികൾ ലോകമൊട്ടുക്ക് ഇരതേടി നടക്കുന്ന ഗൃദ്ധ്രങ്ങളെപോലെ പറന്ന് പോരാടി, ഏഷ്യയിലും ആഫ്രിക്കയിലും അനവധി ദേശങ്ങൾ പിടിച്ച് പൌരുഷം വർദ്ധിപ്പിച്ചു. കറുത്ത മനുഷ്യരുടെയും മഞ്ഞ മനുഷ്യരുടെയും സംരക്ഷകന്മാരായി അവർ ചമഞ്ഞു. ബ്രിട്ടീഷ് സാമ്രാജ്യം പോലെ ഈ ലോകത്തിൽ ധർമ്മപ്രചരണത്തിനു മറെറാരു ശക്തി ഇല്ലെന്ന് പുകൾ പരന്നു. ഇങ്ങനെ രാജ്യങ്ങളെ കൈവശമാക്കി വന്നകൂട്ടത്തിൽ, ഇററലിക്കാരെ അബിസീനിയർ തോല്പിച്ചത്, എല്ലാക്കും ഒരു അത്ഭുതത്തിന് കാരണമായി. വെള്ളക്കാരുടെ സംരക്ഷകഭാരത്തെപ്പററി റഡ്യാർഡ് കിപ്ലിങ്ങ് എന്ന കവി ഗാനം ചെയ്തു. പരന്തിരീസ്സ്കാരുടെ പരിഷ്കരണപ്രചരണവും ജർമ്മൻകാരുടെ 'കൾത്തുരും' എല്ലാം അതിൻെറ പ്രതിദ്ധ്വനികളാകുന്നു. വെള്ളക്കാർ ഭിന്നനിറക്കാരുടെ മേൽ കുതിര കയറിയപ്പോൾ അവർ ചുമക്കേണ്ടിവന്ന ഭാരത്തെപ്പററി ആരറിഞ്ഞു?

സാമ്രാജ്യപ്പെരുമയ്ക്ക് വേണ്ടി യൂറോപ്യൻ രാജ്യക്കാർ മത്സരിച്ച് പുറപ്പെട്ടതിൽ പലപ്പോഴും ലോകക്ഷേമം നശിക്കത്തക്കവിധം സമരങ്ങൾ അത്യാസന്നങ്ങളായി തീരാതിരുന്നില്ല. എല്ലാരാജ്യക്കാരും അതിന്

വേണ്ടി സന്നാഹങ്ങൾ ചെയ്തു. പട്ടാളങ്ങളും പടക്കപ്പ-ലുകളും വർദ്ധിപ്പിക്കയും, സമയങ്ങൾ ചെയ്കയും ധിറുതി-യായി യൂറോപ്പിൽ നടന്നു. ജർമ്മനിയും ആസ്ട്രിയയും ഇററലിയും ത്രിമൂത്തികൾ ചേന്ന് ഒരു കക്ഷിയും, ഫ്രാൻസും റഷ്യയും ചേന്ന ഒരു കക്ഷിയും, ഇങ്ങനെ രണ്ടു പ്രധാന കക്ഷികളായി യൂറോപ്പ് പിരിഞ്ഞു. ഇംഗ്ലീഷ്കാർ ഫ്രാൻസിനെ ഗൂഢമായി സഹായിച്ചു.

ഇംഗ്ലീഷ്കാക്ക് അതിനിടെ തെക്കെ ആഫ്രി-ക്കയിൽ ഒരു ചെറുയുദ്ധം നടത്തേണ്ടിവന്നു. ബോവറ-ന്മാരാൽ അധ്യുഷിതമായിരുന്ന ട്രാൻസ്വാൽ എന്ന ദേശത്തു് ധാരാളം പൊന്നു വിളഞ്ഞിരുന്നു. ബോവർ റിപ്പബ്ളിക്കുമായി ൧൮൯൯-ൽ ഇംഗ്ലീഷുകാർ പൊരുതി. മൂന്നുവഷം ആ ദേശക്കാർ ക്രൂഗരുടെ നേതൃത്വത്തിൽ ധീര-തയോടെ യുദ്ധംചെയ്തു. എങ്കിലും ഒടുവിൽ തോററു. എന്നിട്ടും നയകോവിദരായ ഇംഗ്ലീഷ്കാർ സ്വയംഭരണം നൽകി അവരെ സ്വാധീനപ്പെടുത്തി. തെന്നാഫ്രിക്ക ഇപ്പോൾ ബ്രിട്ടീഷ്കാരുടെ സാമ്രാജ്യത്തിൽ ഉൾ-പ്പെട്ട ഒരു പ്രധാന സാമന്തരാജ്യമായി തീന്നിരിക്കുന്നു.

———

# എൺപത്തിമൂന്നാം അദ്ധ്യായം

---

### അമേരിക്കയിലെ ആഭ്യന്തരകലഹം

അതലാന്തിക മഹോദധിയുടെ കിഴക്കെ കരയിൽ നിന്നു് പടിഞ്ഞാറെ കരക്കു് പററി അമേരിക്കയിൽ കടന്നു് അവിടുത്തെ അവസ്ഥ നമുക്കു് നോക്കാം. ഈ ഭൂഗോളാദ്ധത്തെപ്പററി പാതാളബോധം മാറി, ലോകാഭിമാനം സിദ്ധിച്ചതു തന്നെ നവീനകാലത്താണു്. ക്രമേണ അമേരിക്ക യൂറോപ്യന്മാരുടെ അധിവാസദേശങ്ങളായതും, പിന്നീടു് സ്വാതന്ത്ര്യം സമ്പാദിച്ചു് പ്രാമാണ്യം വഹിച്ചു് തുടങ്ങിയതും മുമ്പു് പ്രസ്താവിച്ചു് കഴിഞ്ഞിട്ടുണ്ടു്. അല്പാരംഭത്തിൽ നിന്നു് അമേരിക്കർ പ്രാമാണ്യത്തെ സമ്പാദിച്ചു്, മാതൃഭൂഭാഗങ്ങളെ അധഃകരിച്ചിരിക്കുന്ന ഇന്നത്തെ അവസ്ഥ വിസ്മയജനകമാകുന്നു. ഒരു കാലത്തു് ഇംഗ്ലണ്ടായിരുന്നു ലോകശക്തികളിൽ വെച്ചു് പ്രഥമസ്ഥാനം വഹിച്ചതു്. എല്ലാ രാജ്യങ്ങളും ഇംഗ്ലണ്ടിനു് കടപ്പെട്ടിരുന്നു. ഇന്നാകട്ടെ, ഇംഗ്ലണ്ടിന്റെ ഉത്തമണ്ണസ്ഥാനം അമേരിക്ക കൈക്കലാക്കിയിരിക്കുന്നു! അവിടത്തെ "നവകോടി ചെട്ടിയാന്മാക്കു്" കണക്കില്ല. അവർ തൊട്ടുന്നതെല്ലാം പൊന്നായി തീരുന്നു. ഈ വരപ്രസാദംകൊണ്ടു ഗുണത്തിലധികം ദോഷവും ഉണ്ടാവുന്നുണ്ടെന്നു് അമേരിക്കയിലുള്ള ദരിദ്രക്കൂട്ടങ്ങളുടെ ആധിക്യം ദ്യോതിപ്പിക്കാതിരിക്കുന്നില്ല.

ക്രിസ്ത്വബ്ദം ൧൭൭൬-ൽ ഇംഗ്ലണ്ടുമായി പിണങ്ങി പിരിഞ്ഞ പതിമ്മൂന്നു് സംസ്ഥാനങ്ങളിൽ, അന്നു് നാല്പതു് ലക്ഷം ജനങ്ങളുണ്ടായിരുന്നു. ഇന്നു് ന്യൂയാക്കു് എന്ന നഗരത്തിൽ മാത്രം അതിൽ ഇരട്ടി ജനങ്ങളുണ്ടു്.

ഐക്യസംസ്ഥാനങ്ങളിലെ ആകെയുള്ള ജനസംഖ്യ പന്ത്രണ്ടരകോടിയാണു്. സംസ്ഥാനങ്ങളുടെ എണ്ണവും വർദ്ധിച്ചു. രാജ്യം കിഴക്കു് അതലാന്തിക മഹോദധിയുടെ കര മുതൽ പടിഞ്ഞാറു് ശാന്തമഹോദധിയുടെ കരവരെ വിസ്തൃതമായിരിക്കുന്നു. കച്ചോടത്തിലും, വ്യവസായത്തിലും, സ്വാധികാരശക്തിയിലും, ധനത്തിലും എതിരായി മററാരു രാജ്യവും ഇല്ലെന്നുള്ള നില പത്തൊമ്പതാം ശതകത്തിൽ ഐക്യനാടുകൾ നേടി. ആ സ്ഥാനം അത്ര എളുപ്പം ലഭിച്ചതല്ല. യൂറോപ്പുമായി കലഹങ്ങൾ ഉണ്ടായതിലല്ല, ആഭ്യന്തരകലഹങ്ങളുണ്ടായതിലാണു് ഏററവും ശ്രമം നേരിട്ടതു്.

യൂറോപ്പിൻെറ പിടിയിൽ നിന്നു് ഐക്യസംസ്ഥാനങ്ങൾ സ്വതന്ത്രങ്ങളായി തീർന്നിട്ടു് ഏറെ താമസിയാതെ ആണു് യൂറോപ്പിൽ നെപ്പോളിയൻെറ പരാക്രമങ്ങൾ നടന്നതു്. ആ കലഹങ്ങളിൽ അമേരിക്കക്കു് പങ്കില്ലായിരുന്നെങ്കിലും, നെപ്പോളിയനും ഇംഗ്ലീഷുകാരും അമേരിക്കയിലെ വ്യാപാരങ്ങളെ നശിപ്പിക്കാൻ തുടങ്ങി. അതിൽവെച്ചു് ൧൮൧൨ മുതൽ രണ്ടു കൊല്ലത്തേക്കു് ഇംഗ്ലണ്ടുമായി കലഹിക്കേണ്ടി വന്നു. നെപ്പോളിയനെ എൽബാദ്വീപിൽ ആദ്യം അടച്ചശേഷം വിശ്രമം നേടിയ ഇംഗ്ലീഷുകാർ അമേരിക്കയെ ബാധിച്ചു് പ്രധാനമായ വാഷിംങ്ടൺ നഗരത്തെ നശിപ്പിച്ചു. എങ്കിലും ഒടുവിൽ ബ്രിട്ടീഷുകാർ തോററു് പിൻവാങ്ങേണ്ടിവന്നു.

ഈ യുദ്ധത്തിനു് മുമ്പുതന്നെ അമേരിക്കർ തെക്കൻ ദേശങ്ങളെ ഗ്രസിക്കാൻ തുടങ്ങി. ബ്രിട്ടീഷുകാരുടെ നാവികോപരോധങ്ങളെ തടുക്കാൻ നിർവാഹമില്ലാതെ, നെപ്പോളിയൻ ഫ്രഞ്ചുകാരുടെ വകയായിരുന്ന ലൂയിസാനാ എന്ന സംസ്ഥാനത്തെ അമേരിക്കക്കു് വിററു. ൧൮൨൨-ൽ സ്പെയിൻകാരുടെ വകയായിരുന്ന ഫ്ളോറിഡാ സംസ്ഥാനം അവർ വിലയ്ക്കു് വാങ്ങി.

ഫ്വേർവ്വ—ൽ മെക്സിക്കോ രാജ്യവുമായുള്ള യുദ്ധത്തിൽ കാലിഫോർണിയാ ഉൾപ്പെടെ ഏതാനും സംസ്ഥാനങ്ങൾ അവൎക്കു് കൈവശം കിട്ടി. ഇങ്ങനെ തെക്കോട്ടും വടക്കോട്ടും ഐക്യസംസ്ഥാനക്കാർ രാജ്യത്തെ വിസ്തൃതമാക്കി, ക്രമേണ അതു് ഒരു മഹോദധി മുതൽ മററ മഹോദധിവരെ വിശാലമായി. യൂറോപ്പിൽനിന്നു് ജർമ്മൻ, സ്കാൻഡിനേവിയൻ, ഐരിഷ്, ഇററാലിയൻ, യൂദൻ, പോൾ എന്നിങ്ങനെ നാനാജാതിക്കാർ വന്നു് അവിടെ കുടിയേറി. സ്വന്തരാജ്യത്തിലുണ്ടായ ബഹളങ്ങളെക്കൊണ്ടും ജീവിതമത്സരംകൊണ്ടും ഇറങ്ങി പുറപ്പെട്ടു്, പുതുവീടും കുടിയും സമ്പാദിച്ചവരായിരുന്നു മിക്കപേരും. യൂറോപ്പിലുണ്ടായ ആൾപ്പെരുക്കം അമേരിക്കക്കു് കിട്ടി എന്നു തന്നെ പറയാം. പല ജാതിയും, പല ഭാഷയും, പല മതവും, പല വഴക്കവും, പല ജീവിതരീതിയും, പെററ ഈ പരസ്സഹസ്രം ജനങ്ങൾ എങ്ങനെ ഏകരാഷ്ട്രീയബോധത്തോടെ പാൎത്തു് എന്നു് അത്ഭുതം തോന്നിയേക്കാം. യൂറോപ്പിൽ അവർ തമ്മിൽ വെറുത്തും കലഹിച്ചും ദ്രോഹിച്ചും മത്സരിച്ചും കഴിഞ്ഞു കൂടിയിരുന്ന അവസ്ഥ വിട്ടു്, അമേരിക്കയിൽ അവർ എങ്ങനെ ഒന്നുചേൎന്നു? പറയാം.

ഒന്നാമതു്, പത്തൊമ്പതാം ശതകത്തിൽ അത്യത്ഭുതകരമാംവണ്ണം വളൎന്ന ഗതാഗതസൌകൎയ്യം നിമിത്തം, പണ്ടുള്ള കാലങ്ങളിൽ ദൂരദേശങ്ങൾ എന്നു് കരുതിവന്ന സ്ഥലങ്ങൾ സമീപവൎത്തികളായിത്തീൎന്നു. റെയില്പം ആവിക്കപ്പലും മോട്ടാർബോട്ടും സ്ഥലജലങ്ങളെക്കൊണ്ടുണ്ടായിരുന്ന വൈതരണികളെ നിഷ്പ്രതിബന്ധങ്ങളാക്കി. കമ്പിത്തപാൽ ദൂരദേശങ്ങളെ കൂട്ടിക്കെട്ടി. പണ്ടേക്കാലത്തു് ഒരാഴ്ച കൊണ്ടോ മാസം കൊണ്ടോ വത്സരം കൊണ്ടോ എത്താമായിരുന്ന ദേശങ്ങൾ ഏതാനും മണിക്കൂറിനുള്ളിൽ

ചെന്നു് പററാവുന്നവയായി. ഒരു നിമിഷംകൊണ്ടു് അവിടങ്ങളിലെ വാർത്തകൾ അറിയാമെന്നായി. വിദൂരദേശങ്ങൾ ഇങ്ങനെ 'അയൽപക്ക'ങ്ങളായതു് നിമിത്തം തമ്മിലുള്ള സൗഹാർദ്ദം വളർന്നു. ഐക്യസംസ്ഥാനങ്ങൾ യൂറോപ്പിന്റെ പകുതിക്കു് മേൽ വലിപ്പം ഉണ്ടായിരുന്നിട്ടും, ഒററ രാജ്യമായി. പണ്ടുണ്ടായിരുന്ന സാമ്രാജ്യങ്ങൾ വലിപ്പത്തിൽ ഐക്യസംസ്ഥാനങ്ങളെ കാൾ വളരെ വിസ്തൃതങ്ങളായിരുന്നെങ്കിലും, സമ്രാട്ടിനു് കപ്പം കൊടുക്കുന്നതിലൊഴികെ യാതൊരു അധികാരവും അവയുടെ മേൽ ചെലുത്താൻ കഴിഞ്ഞിരുന്നില്ല. റോമാസാമ്രാജ്യം നിലനിന്നതു് ഗതാഗതമാർഗ്ഗങ്ങൾ വെട്ടിത്തെളിച്ചതുകൊണ്ടാണെന്നു് തർക്കമില്ല. ഐക്യസംസ്ഥാനങ്ങളുടെ ഒത്തൊരുമ മററു സാമ്രാജ്യങ്ങളിലേതുപോലെ ഏകാധിപത്യംകൊണ്ടോ കരദാനംകൊണ്ടോ മാത്രമായുള്ളതല്ല; ആഭ്യന്തരമായ കെട്ടുപാടുകൊണ്ടുള്ളതാകുന്നു. പത്തു കോടി ജനങ്ങളുടെ മോഹങ്ങളും ഉദ്ദേശ്യങ്ങളും ഏകമായിരുന്നതുകൊണ്ടുള്ളതാകുന്നു. യൂറോപ്പിൽ റയിലും ടെലിഗ്രാഫും മത്സരങ്ങളെ വർദ്ധിപ്പിച്ചു; അധികാരവർദ്ധനക്കുള്ള മോഹത്തെ ജനിപ്പിച്ചു. അമേരിക്കയിലാകട്ടെ, അവ ദൂരദേശവർത്തികളായിരുന്ന ജനങ്ങളെ ഒരുമിപ്പിച്ചു, ഇങ്ങനെ ഞങ്ങളാണെന്നുള്ള ബോധം ജനിപ്പിച്ചു. ആവികൊണ്ടു് യൂറോപ്പിനു് ശാപംമുട്ടി; അമേരിക്ക ഉല്ലസിച്ചു.

രണ്ടാമതു്, വിദ്യാഭ്യാസം സർവ്വസമാനമാക്കിയപ്പോൾ ദേശക്കാർക്കും ജാതിക്കാർക്കും ഉളവായിരുന്ന മത്സരങ്ങളുടെ മുനകൾ തേഞ്ഞു് നിരപ്പായി. പല സാധനങ്ങളെകൊണ്ടുള്ള കഷണങ്ങൾ വെന്തു് ചേർന്നുള്ള അവിയൽ സ്വാദ്യമായ കറി ആകുന്നതു് പോലെ, ഏകരൂപമായ വിദ്യാഭ്യാസനാഗ്നിയിൽ പാകപ്പെട്ട വിവിധജനമനസ്സ് രസികനായ നവീന അമേരിക്കൻ നാഗരികത്വമായി പരിണമിച്ചു. എങ്കിലും, ആദ്യം കുടിയേറിയ ആംഗ്ലോ

സാക്സൻ വർഗ്ഗക്കാർ സ്വകീയമായ വമ്പ് തീരെ വെടിഞ്ഞില്ല. പ്രഭുത്വം തങ്ങൾക്ക് ഉണ്ടെന്നുള്ള ഭാവം ഇന്നും അവർക്കുണ്ട്. യൂറോപ്പിന്റെ ഉത്തരദേശീയർക്കും ആ ഭാവം അല്പം ഇല്ലാതില്ല. ഇരുകൂട്ടരും ഇററലിക്കാർ മുതലായ ദാക്ഷിണാത്യരെ 'ദാഗോക്കൾ' എന്ന പരിഹാസപ്പേർ കൊണ്ട് നിർദ്ദേശിച്ചുവന്നു. അവരുമായുള്ള സംസർഗ്ഗം ആഢ്യത്വത്തിന് കുറവാണെന്ന് അവർ ഗണിച്ചുപോൾ, ചീനത്തു് നിന്നും ജപ്പാനിൽനിന്നും ഇൻഡ്യയിൽനിന്നും കുടിയേറിയ നിറം പിഴച്ചവരെ അധഃസ്ഥിതരായി അവർ ഭാവിച്ച് വന്നതിൽ അത്ഭുതം എന്തുള്ളു?

ഇന്ന് കേമമായി വിളങ്ങുന്ന അമേരിക്കൻ പ്രജാവ്യക്തിത്വം ആ നാട്ടിൽ സാർവ്വത്രികമായി വരാൻ കുറെ പാട്ട് വേണ്ടിവന്നു. റയിലും ആവിക്കപ്പലും കമ്പിത്തപാലും വിദ്യാഭ്യാസവും, ഒന്നിനും തെക്കരും വടക്കരുമായുള്ള ജനങ്ങളുടെ വേരുറച്ചിരുന്ന ശീലവ്യത്യാസങ്ങളേയോ അഭിപ്രായവ്യത്യാസങ്ങളെയോ മാററാൻ സാധിച്ചില്ല. വടക്കർ സ്വാതന്ത്ര്യത്തിൽ വളന്നവരും വ്യവസായശീലരുമായിരുന്നു. തെക്കർ അടിമവ്യാപാരത്തിൽ മുഴുത്തു് പ്രാഭവം നേടിയവരായിരുന്നു. രണ്ടുകൂട്ടരും മോരും മുതിരയും പോലെ ഒട്ടും ചേരാത്തവരായിരുന്നു. വ്യക്തി സ്വാതന്ത്ര്യത്തിൽ ദൃഢവ്രതരായിരുന്ന ഔത്തരാഹരും, അനവധി കറുത്ത മനുഷ്യരെ മാടുകൾക്കൊപ്പം അടിമകളാക്കി, വിസ്തൃതങ്ങളായ കൃഷിസ്ഥലങ്ങളിൽ വേലചെയ്യിച്ചു് ഉർവ്വരകളാക്കി വലിയ ജമീദാരന്മാരുടെ അവസ്ഥ കൈക്കൊണ്ട് തെളിഞ്ഞിരുന്ന ദാക്ഷിണാത്യരും തമ്മിൽ പൊരുത്തം വരുന്നതു് അസാധ്യമല്ലേ? ബ്രിട്ടണിൽ ഉല്പതിഷ്ണുക്കൾ വടക്കരെയും, പ്രഭുക്കൾ തെക്കരെയും അനുകൂലിച്ചു. വടക്കൻ സംസ്ഥാനങ്ങളിൽ അടിമത്തം നസ്യമായിരുന്നു. ദക്ഷിണസംസ്ഥാനങ്ങളിൽ ചട്ടപ്രകാരം അടിമ ഏർപ്പാട് സാധുവായിരുന്നു. വടക്കർ യന്ത്രവ്യവസായാഭി-

വൃദ്ധി കൊണ്ടു വളൎന്നു; തെക്കർ അടിമകളെക്കൊണ്ടു തോട്ടവേല ചെയ്യിച്ചു വമ്പ് സമ്പാദിച്ചു. അമേരിക്കൻ സ്വാതന്ത്ര്യവിളംബരത്തിൽ "എല്ലാം മനുഷ്യരും ഒന്നുപോലെയുള്ളവരാണു" എന്ന് പ്രഖ്യാപനം ചെയ്തിരുന്നതു്, വെള്ളക്കാരെ അല്ലാതെ കറുത്ത മനുഷ്യരെ സംബന്ധിച്ചിരുന്നില്ല.

അടിമകളെ അമേരിക്കയിൽ കൊണ്ടുവന്ന കഥ ആലോചിച്ചാൽ നമുക്ക് കണ്ണീർ വരും. ആഫ്രിക്കയിൽ നിന്നുള്ള കാപ്പിരി വൎഗ്ഗങ്ങളെ പതിനേഴാം ശതകം മുതൽ തന്നെ പിടിച്ചുകെട്ടിക്കൊണ്ടുവന്നു് തുടങ്ങി. ആഫ്രിക്കയുടെ പടിഞ്ഞാറെ സമുദ്രക്കരയുടെ ഒരു ഭാഗത്തിനു് "അടിമക്കര" എന്നുള്ള പേർ ഇന്നും നിലനിൽക്കുന്നുണ്ടു്. ഇംഗ്ലീഷ്കാരും സ്പെയിൻകാരും പറങ്കികളും, ഓടങ്ങളിലും പാക്കപ്പലുകളിലും ആഫ്രിക്കൻ കടൽകരകളിൽ അടുത്തു്, പട്ടികളെയും പൂച്ചകളെയും മററും പിടിക്കുംപോലെ മനുഷ്യരെ ബലാൽക്കാരമായി പിടിച്ചു് കെട്ടി, ആണും പെണ്ണും കുഞ്ഞും തള്ളയുമെല്ലാം സാമാനങ്ങളെ അടുക്കി ഇടുംപോലെ കപ്പലിൽ മീതെക്കുമീതെ കിടത്തി, അനവധി ദിവസംകൊണ്ടു് അമേരിക്കയിൽ കൊണ്ടുചെന്നു്, കമ്പോളങ്ങളിൽ വിററുവന്ന കഥ ഇന്നു് ആലോചിക്കാൻ പോലും വയ്യ! ഇംഗ്ലണ്ടിൽ ലാങ്കാഷയറിൽ പഞ്ഞിനൂൽ വ്യവസായം വൎദ്ധിച്ചപ്പോൾ, അതിനു് വേണ്ടുന്ന പഞ്ഞി അമേരിക്കയിലെ തെക്കൻദേശത്തുള്ള പരുത്തി കൃഷിഭൂമികളിൽ നിന്നു് വരേണ്ടിയിരുന്നു. ആ കൃഷി വൎദ്ധിപ്പിക്കുന്നതിനു് അനേകം അടിമകളെ ആഫ്രിക്കയിൽനിന്നു് പിടിച്ചു് കൊണ്ടുവന്നു. ഇങ്ങനെ ആണ്ടുതോറും അടിമവ്യാപാരം വളൎന്നു. ൧൮൦൦-ൽ ഐക്യസംസ്ഥാനങ്ങളിൽ ൯,൩൦,൦൦൦ അടിമകൾ ഉണ്ടായിരുന്നതു്, ൧൮൬൦-ൽ നാല്പതുലക്ഷമായി വളൎന്നു.

പത്തൊമ്പതാംനൂററാണ്ടിൻെറ ആരംഭകാലത്തു തന്നെ ബ്രിട്ടീഷ് പാർല്ലിമെൻറ് അടിമക്കച്ചോടത്തെ നിരോധിച്ചു. യൂറോപ്പിലെ മററുള്ള രാജ്യങ്ങളും, അമേരിക്ക പോലും, നിരോധനച്ചട്ടങ്ങളുണ്ടാക്കി. എന്നിട്ടും അടിമക്കച്ചോടം നിലച്ചില്ല. പരസ്യമായി ചെയ്തുവന്നതു് പരോക്ഷമാക്കി. അടിമകളുടെ കഷ്ടത ഇരട്ടിച്ചു. അമേരിക്കയിലെ കൃഷിത്തോട്ടങ്ങളിൽ വേല ചെയ്വാൻ അടിമകളെ കൂടാതെ കഴിയുകയില്ല. ലക്ഷക്കണക്കിനു് ആണ്ടുതോറും അടിമകളെ കൊണ്ടുവന്നു. എല്ലാ രാജ്യങ്ങളും അടിമ ഏപ്പാട്ട് കുററകരമാക്കിയിട്ടും, അമേരിക്കയിൽ അടിമകളായി കിടന്നവക്ക് ആ നില വിട്ടില്ല. ന്യൂയാക്ക് പട്ടണമായിരുന്നു അടിമക്കച്ചോടത്തിൻെറ പ്രധാന തുറമുഖം.

ഉത്തരസംസ്ഥാനക്കാർ ഈ വ്യാപാരത്തെ നിർബന്ധമായി നിറുത്തി, അടിമകളെ സ്വതന്ത്രരാക്കി. തെക്കക്ക് ഇതു് തീരെ രസിച്ചില്ല. ഇങ്ങനെ തെക്കും വടക്കുമുള്ള സംസ്ഥാനങ്ങൾ രണ്ടു് കക്ഷികളായി പിരിഞ്ഞു. എന്നുമാത്രമല്ല, ഓരോ സംസ്ഥാനങ്ങളും ആദ്യമായി ഐക്യഉടമ്പടിയിൽ ചേന്നപ്പോൾ, തെക്കൻകൂററരോ വടക്കൻകൂററരോ എന്നുള്ള തക്കം തീക്കേണ്ടിവന്നു. ഈ തക്കം നാൾക്കുനാൾ മൂഴത്തു്, തങ്ങളിൽ ആഭ്യന്തര കലഹത്തിൽ കലാശിച്ചു. ൧൮൬൦-ൽ പ്രസിഡൻറിൻെറ തിരഞ്ഞെടുപ്പിനു് വാദവിഷയം അടിമവ്യാപാരം നിറുത്തണം എന്നും വേണ്ട എന്നും ഉള്ളതായിരുന്നു. ആ തിരഞ്ഞെടുപ്പിൽ ആബ്രഹാം ലിങ്കൺ പ്രസിഡൻറായി. അദ്ദേഹം അടിമവ്യാപാരവിരോധകക്ഷിക്കാരനായിരുന്നു.

ലിങ്കൺ പ്രസിഡൻറ് ആയതോടുകൂടി, തെക്കർ വടക്കരിൽ നിന്നു് പിരിഞ്ഞു. തെക്കൻ കാറൊലൈനാ എന്ന സംസ്ഥാനക്കാർ ഒരു ഭാഗഉടമ്പടി നിയമം പാസ്സാക്കി, വടക്കരോടു് യുദ്ധത്തിനൊരുങ്ങി. മിസ്സിസ്സിപ്പി,

ഫ്ളാറിഡാ, അലബാമ, ജാർജിയ, ലൂയീസാന, തെ-
ക്സാസ് എന്നുള്ള സംസ്ഥാനങ്ങളും കാറൊലൈനയോട്ട്
ചേൎന്നു. ൧൮൬൧-ൽ അവർ എല്ലാവരും ചേൎന്നു ഒരു
സംഘം കൂടി, അമേരിക്കൻ ഐക്യസംസ്ഥാനങ്ങളുടെ
രാജ്യഭരണവ്യവസ്ഥക്കൊപ്പം ഒരു ഭരണവ്യവസ്ഥ നിൎമ്മി-
ച്ചു. അതിൽ അടിമവ്യാപാരം നിയമാനുസൃതമാണെന്നു്
മാത്രം ഭേദം വരുത്തി. ഐക്യസംസ്ഥാനങ്ങളിൽ നിന്നു്
പിരിഞ്ഞു്, ജഫേൎസൺ ഡേവിസ് എന്ന ആളെ അ-
ധ്യക്ഷനായി തിരഞ്ഞെടുത്തു് നിയമിച്ചു ഇങ്ങനെ ഇരു-
ന്ന അവസ്ഥയിലാണു്, ലിങ്കൺ പ്രസിഡൻറു് സ്ഥാന-
ത്തു കയറിയതു്. ആൾ ഒരു ഗ്രാമീണനായിരുന്നു. അച്ഛൻ
എഴുത്തും വായനയും പഠിച്ചില്ല. അമ്മ ദാസീപുത്രി
ആയിരുന്നത്രെ. ലിങ്കൺ ൧൮൦൯-ൽ കെൻറക്കിയിൽ
ജനിച്ചു. പടിഞ്ഞാറോട്ടു കടന്നു കയറി വന്ന ജനപ്രവാ-
ഹത്തിൽ, പയ്യനായിരുന്ന ലിങ്കൺ ആദ്യം ഇൻഡ്യാനയി-
ലും പിന്നീടു് ഇല്ലിനായിസ്സിലും പോയി. ആ കാട്ടിൻപു-
റത്തു് കഷ്ടപ്പെട്ടു കുടിയിൽ കിടന്നു് വളൎന്നതിനിടയിൽ
അല്പാല്പം വിദ്യാലയപരിശീലനം അയാൾക്കു ലഭിച്ചി-
ല്ലെന്നില്ല. പക്ഷേ, അമ്മ അറിവുള്ളവളായിരുന്നതിനാൽ,
മകനെ വീട്ടിലിരുത്തി പഠിപ്പിച്ചു. പുസ്തകവായനയിൽ
ആദ്യംതൊട്ടുതന്നെ ലിങ്കണു് അതിയായ ആസക്തി
ജനിച്ചു. അനവധി വായിച്ചു. പതിനേഴു വയസ്സായപ്പോൾ
നല്ല മല്ലനായ യുവാവായി. ഓട്ടത്തിലും വിരുതനായി.
പത്തൊമ്പതാമത്തെ വയസ്സിൽ ഊന്നുകാരനായി ഒരു
വഞ്ചിയിൽ കയറി ന്യൂ ഓർല്ലീൻസ് എന്ന സ്ഥലത്തു്
ചെന്നു് ഒരു കലവറക്കണക്കെഴുത്തു് വേലയിൽ ഏൎപ്പെട്ടു.
പിന്നീടു് പട്ടാളത്തിൽ ഭടനായി. അനന്തരം ഒരു കള്ളു-
കുടിയനുമായി പങ്കു ചേൎന്നു് കച്ചോടം നടത്തി, കടത്തിൽ
അകപ്പെട്ടു. ഒടുവിൽ ഇരുപത്തിനാലാമത്തെ വയസ്സിൽ
അയാൾക്കു് സംഗമൺ താലൂക്കിൽ ഒരു സൎവ്വേയരായി

വേല കിട്ടി. അപ്പോൾ മാത്രമേ ലിങ്കണ് ആഹാരം കഴി-ച്ച് കിടക്കാനുള്ള വകയുണ്ടായുള്ളൂ. ഇക്കാലങ്ങളിലെല്ലാം അയാൾ മഹാകാവ്യങ്ങളും സ്വരാജ്യചരിത്രങ്ങളും ധാരാള-മായി വായിച്ചുകൊണ്ടിരുന്നു. എഴുതാനും പ്രസംഗി-ക്കാനും അയാൾക്ക് നല്ല വശത കിട്ടി. അർത്ഥശാസ്ത്രഗ്ര-ന്ഥങ്ങൾ അയാളെ വശീകരിച്ചു. ൧൮൩൪-ൽ ഇരുപ-ത്തഞ്ച് വയസ്സായപ്പോൾ പ്രതിനിധിസഭയിൽ ഇല്ലി-നായിസ് എന്ന സംസ്ഥാനത്തിലേ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് നിയമപരീക്ഷ ജയിച്ച് ബാരിസ്റ്ററായി. അടിമവ്യാപാരത്തിന് വിപരീതമായി ബലത്ത പ്രസംഗങ്ങൾ ചെയ്തതിനാലാണ് ഇല്ലിനായി-സിലെ ജനങ്ങൾക്ക് ലിങ്കണോട്ട് ആനുകൂല്യം വന്നത്. എതിരാളിയായിരുന്ന ഡഗ്ലസ്സിനെ തോല്പിക്ക മാത്രമല്ല, അയാൾ വേളികഴിക്കാൻ മോഹിച്ചിരുന്ന പെണ്ണിനെ കെട്ടുകയും ചെയ്തു. ൧൮൬൦-ൽ പ്രസിഡന്റിനെ തിര-ഞ്ഞെടുക്കുന്ന കോലാഹലത്തിൽ വിജയം നേടി, ലിങ്കൺ ഐക്യസംസ്ഥാനങ്ങളിലെ പ്രസിഡൻറായി. "കുടിലിൽ നിന്ന് കൊട്ടാരത്തിൽ കയറിയ" ആബ്രഹാം ലിങ്കൺ മഹാന്മാരിൽ ഒരുവനായിത്തീൎന്നു.

തൻെറ ഭരണകാലത്ത് ഐക്യസംസ്ഥാനങ്ങൾ രണ്ടായി ഭിന്നിക്കുന്നതിൽ ലിങ്കണ് വലുതായ മനസ്താ-പമുണ്ടായിരുന്നു. പല നയങ്ങളും അയാൾ നോക്കിയിട്ടും ഒന്നും ഫലിക്കാതെ, ൧൮൬൧ ഏപ്രിൽ മാസത്തിൽ ആഭ്യന്തരകലഹം ആരംഭിച്ചു. നാലുകൊല്ലം ഈ കലഹം നിലനിന്നു. സഹോദരങ്ങൾ തമ്മിലും മിത്രങ്ങൾ തമ്മിലും പൊരുതി അസംഖ്യം ആൾനാശം ഉണ്ടായി. വടക്കക്ക് പഠിപ്പിലും വ്യവസായത്തിലും ധനത്തിലും മററുള്ള ഉപ-കരണങ്ങളിലും മെച്ചമുണ്ടായിരുന്നെങ്കിലും, തെക്കക്ക് നല്ല പട്ടാളവും നായകന്മാരും ഉണ്ടായിരുന്നു. തെക്കരുടെ സേനാധിപൻ ജനറൽ ലീ എന്ന ആൾ നല്ല സേനാ-

നിയായിരുന്നു. അതുകൊണ്ടു് ആദ്യം തെക്കർ ജയിച്ചു. പക്ഷേ, വടക്കക്കു് നാവികബലമുണ്ടായിരുന്നതുകൊണ്ടു്, തെക്കൻനാട്ടിലെ തുറമുഖങ്ങളെ നിരോധിച്ചു. അപ്പോൾ തോട്ടങ്ങളിലെ ചരക്കുകൾ വെളിയിൽ പോകാതെ തങ്ങുകയാൽ, തെക്കക്കു് ധനദുർഭിക്ഷം നേരിട്ടു. ഇംഗ്ലണ്ടിലെ തുണിവ്യവസായത്തിനു് പഞ്ഞികിട്ടാതെ വന്നപ്പോൾ, ബ്രിട്ടീഷ്കാർ തെക്കരെ ഉള്ളോടെ സഹായിക്കാൻ തുടങ്ങി. എന്നുമാത്രമല്ല, 'അലബാമാ' മുതലായ മൂന്നു് പ്രൈവറവു് കപ്പലുകൾ, വടക്കരുടെ കപ്പലുകളെ ഓടിക്കാൻ അവർ അയച്ചുകൊടുത്തു. അതുകൊണ്ടു് ഫലമുണ്ടായില്ല. തെക്കർ ക്രമേണ ക്ഷീണിച്ചു. അങ്ങനെ ഇരിക്കുമ്പോൾ, പരന്തിരീസ് പട്ടാളം മെക്സിക്കോനാട്ടിൽ കടന്നു് പിടിക്കാൻ തുടങ്ങി. ഇതു് മൺറോ ന്യായത്തിനു് വിപരീതമാണു്. യൂറോപ്യന്മാർ അമേരിക്കയിലോ അമേരിക്കർ യൂറോപ്പിലോ കടന്നു് ബാധിച്ചുകൂടാ എന്നായിരുന്നു ആ ന്യായം. അതിനെ ഉല്ലംഘിച്ചാൽ പിന്നെ അമേരിക്കയിൽ സ്വാസ്ഥ്യമോ സുഖമോ ഇല്ലാതാവും. ആ ന്യായത്തെ സംരക്ഷിക്കണമെന്നുള്ള സംഗതി തെക്കക്കും വടക്കക്കും ഒരുപോലെ സമ്മതമുള്ളതാണു്. തെക്കക്കാണു് അധികം ബാധ പററുന്നതു്. അതുകൊണ്ടു് അവർ ആഭ്യന്തരകലഹം നിറുത്തി, രണ്ടു് കൂട്ടരും തല്ക്കാലരാജി പറഞ്ഞു്, പരന്തിരീസ്സ്കാരോടു് എതിർക്കാമെന്നു് ലിങ്കൻെറ അടുക്കൽ ദൂതയച്ചു. ഐക്യസംസ്ഥാനങ്ങളുടെ സുസ്ഥിരമായ ഒരുമയെ തെക്കർ സമ്മതിച്ചെങ്കിലല്ലാതെ യാതൊന്നും പ്രവർത്തിക്കയില്ലെന്നു് ലിങ്കൺ മക്കടമുഷ്ടി പിടിച്ചു. അതിൽ തെക്കർ കീഴടങ്ങി. ഇങ്ങനെ അമേരിക്കയിലെ ആഭ്യന്തരകലഹം അവസാനിച്ചു.

കലഹാവസാനത്തിനു് ശേഷം തെക്കരെ ലിങ്കൺ വളരെ ദാക്ഷിണ്യപൂർവ്വം അഭിമാനിച്ചു. വാസ്തവമായ

ഹൃദയൈക്യം കൊണ്ടല്ലാതെ നിർബന്ധപൂർവമായ ഒരുമ കൊണ്ടു് ഐക്യസംസ്ഥാനങ്ങൾ നിലനിൽക്കയില്ലെന്നുള്ള ബോധം നിമിത്തം, ലിങ്കൺ സാമോപായങ്ങളെക്കൊണ്ടു് തെക്കരെ തോഷിപ്പിച്ചു. അടിമകളെ എല്ലാം പൊടുന്നനെ സ്വതന്ത്രരാക്കണമെന്നു് കാൺഗ്രസ്സുകാരും പ്രമാണികളും വളരെ നിർബന്ധിച്ചിട്ടും ലിങ്കൺ ഉൾപ്പെട്ടില്ല. ക്രമേണ അതു് സാധിക്കണമെന്നായിരുന്നു അയാളുടെ പിടിത്തം. ശത്രുപക്ഷത്തിൽ നിന്നിരുന്ന സംസ്ഥാനങ്ങളുടെ ഭരണവ്യവസ്ഥകളെ അയാൾ സാവധാനം ശരിപ്പെടുത്താൻ ഏർപ്പാടുകൾ ചെയ്തു. അങ്ങനെ ക്ഷേമചിന്ത ചെയ്തുവരുന്ന അവസരത്തിൽ, വാഷിംടൺ പട്ടണത്തിൽ നാടകശാലയിൽ ആട്ടം കണ്ടുകൊണ്ടിരിക്കുമ്പോൾ ബൂത്തു് എന്ന നടൻ പിറകെ വന്നു് ലിങ്കണെ വെടിവെച്ചു കൊന്നു! അയാൾക്കു പ്രസിഡൻറുമായി എന്തോ സ്വന്ത വിരോധമുണ്ടായിരുന്നതാണു് കാരണം. അഹോ! ഒരു മഹാൻ ഇങ്ങനെ ഘാതകനാൽ വധിക്കപ്പെട്ടു! എങ്കിലും ലിങ്കൺ ജീവിതോദ്ദേശ്യമായി കരുതിയിരുന്ന സ്വരാജ്യത്തിന്റെ ഐകമത്യത്തെ സാധിപ്പിച്ചു. പിന്നീടു് സഞ്ചാരമാർഗ്ഗങ്ങൾ വളർന്നതോടുകൂടി ആ ഐകമത്യം നാൾക്കുനാൾ വർദ്ധമാനമായിത്തീർന്നു് യൂണൈററഡ് സ്റ്റേററുകൾ എന്നു് വിളിച്ചുവരുന്ന ഐക്യസംസ്ഥാനങ്ങൾ .വാസ്തവമായും ആന്തരമായുമുള്ള ഐക്യസ്ഥിതിയെ പ്രാപിച്ചു. 'ഐകമത്യം മഹാബലം' എന്ന ന്യായമനുസരിച്ചു് ആ രാജ്യം ലോകത്തിൽ ഒരു മഹാശക്തിയായി വിലസുന്നു. പ്രജായത്തഭരണമേററ രാജ്യങ്ങളിൽവെച്ചു് ഐക്യസംസ്ഥാനങ്ങൾ മുന്നരങ്ങു് പിടിച്ചിരിക്കുന്നു.

൧൮൬൨-ൽ അടിമകളെ സ്വതന്ത്രരാക്കിയ വിളംബരം ലിങ്കൺ പ്രസിദ്ധപ്പെടുത്തി. അടുത്തയാണ്ടു് ജനു-

വരി ൧൮൬൫-മുതൽ അവർ വിമുക്തരായി, ചട്ടപ്രകാരം അടിമകൾ ഇല്ലെന്നു വന്നു. നീഗ്രോജാതിക്കാൎക്കു പൗരാവകാശം നൽകി എന്നു വരികിലും, അവരുടെ സാമുദായികസ്ഥിതി നീചമായിത്തന്നെ ഇരുന്നു. വെള്ളക്കാൎക്കു സ്വത്തുണ്ടായിരുന്നു; അടിമകൾക്കു ഭൂമിയോ ഉപജീവനമാർഗ്ഗമോ ഇല്ലായിരുന്നു. പലരും തെക്കൻനാടുകളിൽനിന്നു വടക്കൻ പ്രദേശത്തേക്കു കുടിയേറി. മിക്കപേരും വെള്ളക്കാരായ പഴയ യജമാനന്മാരുടെ കീഴിൽ കൂലിവേല ചെയ്തു പാൎത്തു. അടിമകൾ അടിയാന്മാരായി! നീഗ്രോജാതികളെ കീഴടക്കിവെച്ചുകൊള്ളുവാനായി, വെള്ളക്കാർ 'ക്ലൂക്ലക്സ് ക്ലാൻ' എന്നു പേരായ ഒരു ഗൂഢസംഘം സ്ഥാപിച്ചു. ആ സംഘക്കാർ നീഗ്രോ ജനങ്ങളെ ഭയപ്പെടുത്തിയും ദ്രോഹിച്ചും പൗരാവകാശത്തെ ഉപയോഗിക്കാൻ അനുവദിച്ചില്ല.

എങ്കിലും ക്രമേണ നീഗ്രോക്കാർ വസ്തുക്കൾ സമ്പാദിച്ചും വിദ്യാഭ്യാസം ഏറെറ വളൎന്നു. അവരെ വെള്ളക്കാർ കീഴ്ജാതികളായിത്തന്നെ ഗണിച്ചു. ഐക്യസംസ്ഥാനത്തു ജനങ്ങളിൽ പത്തിലൊരു ഭാഗം, ഏകദേശം പന്ത്രണ്ടു കോടി, ജനങ്ങൾ നീഗ്രോക്കാരാണു്. അവരെ സത്യത്തിൽ അടിമകളെപ്പോലെതന്നെ വെള്ളക്കാർ തിരിച്ചു നിറുത്തിയിരിക്കുന്നു. അവൎക്കുള്ള വസതികൾ, വിടുതികൾ, പള്ളികൾ, സ്കൂളുകൾ, കളങ്ങൾ, ഉദ്യാനങ്ങൾ, വാഹനങ്ങൾ, കമ്പോളങ്ങൾ, എന്നുള്ളവ പ്രത്യേകം തിരിച്ചിരിക്കുന്നു! റയിലിൽ വെള്ളക്കാരോടൊപ്പം അവർ കയറിക്കൂടാ! വെള്ളക്കാരും നീഗ്രോകളും തമ്മിലുള്ള വിവാഹം നിഷിദ്ധമാക്കപ്പെട്ടു. ൧൯൨൪-ൽ, അതായതു ഒരു പന്തീരാണ്ടിനു മുൻപു്, വർജ്ജിനിയാ സംസ്ഥാനത്തു് വെള്ളക്കാരും നീഗ്രോകളും ഒന്നിച്ചു് ഇരുന്നുകൂടാ എന്നു് ഒരു ചട്ടം ഉണ്ടാക്കി! എങ്കിലും

അവരുടെ 'ജാസ്സ്' എന്ന ബാൻഡുവാദ്യത്തെ വെള്ളക്കാർ പകർത്തിയിരിക്കുന്നു! വെള്ള തൊലിക്കു് ഒരു വിശേഷം യൂറോപ്പിലൊഴിച്ചു് എവിടെയും ഇന്നും കാണാം.

അമേരിക്കയിൽനിന്നു് കടന്നുപോകുമ്മുമ്പേ ഒരു സംഗതികൂടി നമുക്കു് മനസ്സിലാക്കാനുണ്ടു്. പണ്ടുള്ള കാലങ്ങളിൽ യുദ്ധം ചെയ്തു് രാജ്യങ്ങളെയും ജനങ്ങളെ-യും കീഴടക്കി സാമ്രാജ്യം നേടിവന്നു. ദിഗ്വിജയം നടത്തി അശ്വമേധവും രാജസൂയവും നടത്തിയാണല്ലൊ ശ്രീരാ-മനും ധർമ്മപുത്രനും സമ്രാട്ടുകളായതു്. അലക്സാൻഡറും ജൂലിയസ് സീസറും രാജ്യങ്ങളെ ആക്രമിച്ചു പിടിക്കയാണു ചെയ്തതു്. ഒരു കാലത്തു് ജിതരാജ്യങ്ങളെ അടിമപ്പെടു-ത്തിവന്നു. ബാബിലോണിയന്മാർ യൂദന്മാരെ അപ്രകാര-മാണു് ചെയ്തതു് എന്നു ബൈബിളിൽ കാണുന്നു. ക്രമേണ ആ സമ്പ്രദായം മാറി, ജിതരാജ്യങ്ങളിൽനിന്നു് കപ്പമോ കരമോ വാങ്ങുന്ന രീതി ഏപ്പെട്ടു. അതിൽ എന്താണു് ഗുണമെന്നു വെച്ചാൽ, പിടിച്ച രാജ്യങ്ങളുടെ രക്ഷയ്ക്കുള്ള ഭാരം സമ്രാട്ടിനു് ഇല്ലാതിരുന്നു എന്നുള്ളതാകുന്നു. ഇങ്ങനെ യാണു് ബ്രിട്ടീഷ്കാർ സാമ്രാജ്യം ഏപ്പെടുത്തിയതു്. ഇൻഡ്യയെ മാത്രമേ അവർ നേരിട്ടു ഭരിക്കുന്നുള്ളു. മററുള്ള സംസ്ഥാനങ്ങൾക്കു് സ്വയംഭരണംകൊടുത്തു. അമേരിക്കർ ഒരു പുതിയ സാമ്രാജ്യസമ്പാദനസമ്പ്രദായം ഏപ്പെടുത്തി. രാജ്യങ്ങളെ സ്വരാജ്യങ്ങളോടു ചേർക്കയോ അടിമപ്പെടു-ത്തുകയോ കരദങ്ങളാക്കയോ അവർ ചെയ്യുന്നില്ല. അവ-യിലെ ധനത്തെയും ധനാഗമമാർഗ്ഗങ്ങളെയും സ്വാധീന-മാക്കയാണു് അവർ ചെയ്യുന്നതു്. ജീവനോപായങ്ങളെ പിടിച്ചുകെട്ടിക്കഴിയുമ്പോൾ ഏതു് നാടും പിന്നെ പിടി വിട്ടു് പോകയില്ലല്ലോ. പ്രത്യക്ഷത്തിൽ യുദ്ധം ചെയ്കയോ, രാജ്യങ്ങളെ കൈവശപ്പെടുത്തുകയോ, മേൽക്കോയ്മ വഹി-ക്കയോ, ശിക്ഷാരക്ഷാഭാരം കയ്യേൽക്കയോ ഒന്നും വേണ്ട.

എങ്കിലും രാജ്യങ്ങളെ ചൊന്നാൽ ചൊന്നപടി കേൾപ്പിക്കയും ചെയ്യാം.

ഈ പരോക്ഷമായ സാമ്രാജ്യം അവർ എങ്ങനെ സമ്പാദിച്ചു എന്നാണു് മനസ്സിലാക്കാനുള്ളതു്. അമേരിക്കൻ ഭൂഖണ്ഡത്തിൽ, വടക്കേ അമേരിക്ക എന്നും തെക്കെ അമേരിക്ക എന്നും, രണ്ടു് പ്രധാനഭാഗങ്ങൾ കൂടാതെ, ഓരോ ഭാഗത്തിലും പലേ രാജ്യങ്ങളുമുണ്ടു്. വടക്കേ അമേരിക്കയിൽ തന്നെ ഐക്യസംസ്ഥാനങ്ങൾ കൂടാതെ കാനഡ, മെക്സിക്കോ, ഗ്വാട്ടിമാല, യൂക്കററാൻ, നിക്കറാഗ്വ, പെനാമ എന്നിങ്ങനെ പല രാജ്യങ്ങളുള്ളവയിൽ കാനഡ ബ്രിട്ടീഷ്കാരുടെ അധീനത്തിൽ പെട്ടുപോയ വിവരം മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. തെക്കേ അമേരിക്കയിൽ കൊളമ്പിയ, വെനിസ്വൂല, ബ്രസീൽ, പെറു, ബൊളിവിയ, ആർജ്ജന്റൈൻ, ഉറുഗ്വെ, പറഗ്വെ, പാററഗോണിയ, ചിലി, എന്നിങ്ങനെ വലുതും ചെറുതുമായ പല രാജ്യങ്ങളുണ്ടു്. വടക്കെ അമേരിക്കയിലാകട്ടെ തെക്കെ അമേരിക്കയിലാകട്ടെ, ഒരു രാജ്യവും ഐക്യസംസ്ഥാനങ്ങൾക്കൊപ്പം പരിഷ്കാരമോ പ്രാബല്യമോ സിദ്ധിച്ചതു് അല്ല. കാനഡ മാത്രം ബ്രിട്ടീഷ്കാരുടെ ആധിപത്യത്തിൽ ഏതാണ്ടു് മുന്നോട്ടു വന്നിട്ടുണ്ടു്. ഐക്യസംസ്ഥാനങ്ങളുടെയും മെക്സിക്കോ രാജ്യത്തിന്റെയും അതിരുകൾ തൊട്ടുകിടക്കുന്നുണ്ടെങ്കിലും, രണ്ടും തമ്മിൽ സംസ്കാരവിഷയത്തിൽ യാതൊരു സാമ്യവുമില്ല. ആദ്യം കൊളംബസ്സ് കണ്ടുപിടിച്ചു കഴിഞ്ഞതിൻെറ ശേഷം, അമേരിക്കാ മഹാഖണ്ഡം ആസകലം സ്പെയിൻകാരുടെ വകയാണെന്നു് വന്നതും, അന്നത്തെ മാർപ്പാപ്പ അവക്കു നൽകിയതും മുമ്പു് പ്രസ്താവിച്ചിട്ടുള്ളതു് വായനക്കാർ ഓർമ്മിക്കണം. അന്നു് മുതൽ സ്പാനിഷ്കാർ അമേരിക്കയിൽ പ്രമാണികളായി, പിന്നെയാണു് പറങ്കികളും

മററു രാജ്യക്കാരും കുടിയേറാൻ തുടങ്ങിയതു്. മധ്യ അമേരിക്കയിലും തെക്കെ അമേരിക്കയിലും പ്രധാന ഭാഷ സ്പാനിഷ് ആകുന്നു. ബ്രസീലിൽ മാത്രം പറങ്കിഭാഷയും കേൾക്കാം. സ്പാനീഷ്ഭാഷ സംസാരിക്കുന്ന രാജ്യങ്ങൾക്കു് 'ലത്തീൻഅമേരിക്ക' എന്നും പേർ പറയാറുണ്ടു്. ലത്തീൻ അമേരിക്കയിൽ നാട്ടുകാരും വെള്ളക്കാരും തമ്മിൽ ബാന്ധവം സാധാരണമാണു്. അവിടങ്ങളിലെ പുരാതന ജനങ്ങളായ രക്തഇൻഡ്യന്മാരും നീഗ്രോ ജാതികളും വെള്ളക്കാരുമായി വേഴ്ചയേററു് ഒരു സങ്കരജാതിക്കാർ ഉണ്ടായിട്ടുണ്ടു്.

ലത്തീൻ അമേരിക്കയിൽ ഉൾപ്പെട്ട രാജ്യങ്ങൾ എന്നും കലഹിക്കയും ഒന്നുചേരുകയും ചെയ്തുവരുന്നതല്ലാതെ, ഒരു സുസ്ഥിരമായ ഭരണവ്യവസ്ഥ അവിടെ വന്നിട്ടില്ല. മിക്കതും റിപ്പബ്ളിക്കൻ ഭരണരീതിയെ കൈക്കൊണ്ടിട്ടുണ്ടു് എന്നു പറയാം. വടക്കേ അമേരിക്കയിൽ മെക്സിക്കോവും, തെക്കേ അമേരിക്കയിൽ ആർജൻറൈൻ, ബ്രസീൽ, ചിലി, എന്നീ രാജ്യങ്ങളുമാണു് പ്രധാനങ്ങൾ.

യൂറോപ്യൻ രാജ്യക്കാർ അമേരിക്കയിൽ ഒരിടത്തും കൈകടത്തിക്കൂടാ എന്നു് ഐക്യസംസ്ഥാനങ്ങൾ മൺറോ ന്യായത്താൽ സ്ഥിരപ്പെടുത്തി. അതിനു ശേഷം അവർ സ്വന്തസാധനങ്ങളെ ലത്തീൻ അമേരിക്കയിൽ ക്രമേണ വിൽക്കാൻ ആരംഭിച്ചു. അവിടത്തെ ഗവമ്മെൻറുകൾക്കു് ഐക്യസംസ്ഥാനങ്ങളിലെ മുതലാളികൾ കടം കൊടുത്തു. ഇങ്ങനെ ആ രാജ്യങ്ങളെ കടപ്പെടുത്തി സ്വാധീനങ്ങളാക്കി. ധനംകൊണ്ടു് രാജ്യങ്ങളെ ഭിന്നിപ്പിക്കയും സ്നേഹിപ്പിക്കയും ചെയ്യാമെന്നു് സ്പഷ്ടമാണല്ലോ. ചിലപ്പോൾ ലഹളകൾ ശമിപ്പിക്കാൻ എന്നുള്ള വ്യാജേന പട്ടാളങ്ങളെയും ഐക്യസംസ്ഥാനക്കാർ അയച്ചു് സഹായിക്കാതിരുന്നില്ല.

ഇങ്ങനെ ഐക്യസംസ്ഥാനങ്ങൾ അമേരിക്കാ ഭൂഖണ്ഡമൊട്ടുക്ക് സാമ്പത്തികസാമ്രാജ്യംമൂലം അധിനാഥത്വം നേടി. അവിടെയുള്ള ബാങ്കുകൾ, റയില്വകൾ, ഖനികൾ, എന്നുവേണ്ട, സകലധനാർജ്ജനമാർഗ്ഗങ്ങളും ഐക്യസംസ്ഥാനക്കാരുടെ സഹായം കൂടാതെ നടക്കയില്ലെന്നായി. ചട്ടപ്രകാരം എല്ലാരാജ്യങ്ങളും സ്വതന്ത്രങ്ങളാണ്; കാര്യത്തിലാകട്ടെ, ഐക്യസംസ്ഥാനക്കാരുടെ പിടിയിലാണ് അവയുടെ നില. ഈ പരോക്ഷ സാമ്പത്തികസാമ്രാജ്യസ്ഥാപനത്തിൽ അമേരിക്കർ ഒരു നവീനപദ്ധതിയെ വെളിവാക്കി.

ഐക്യസംസ്ഥാനങ്ങൾക്ക് പരസ്യമായി ഫ് ിലിപ്പൈൻ ദ്വീപുകൾ മാത്രമേ അധിവാസഭൂമി ഉള്ളു. പത്തു് പന്ത്രണ്ടു് കൊല്ലംമുമ്പ് വടക്കേ അമേരിക്കയുടെ തെക്കെ അററത്തെ മുനമ്പുദേശമായ പെനാമാ എന്ന രാജ്യത്തു്, അതലാന്തിക മഹോദധിയിൽനിന്ന് ശാന്തമഹോദധിയിലേക്ക് കടക്കാൻ ഒരു വലുതായ തോട്ട് വെട്ടപ്പെട്ടു. സൂവസ്സ്തോട് തീർത്ത ഇൻജിനീയർ ഫർഡിനാർഡു ലെസ്സപ്സ് എന്ന കേമനാണ് ഇതും ആരംഭിച്ചതു്. ഈ തോട്ട് ഇല്ലാതിരുന്നപ്പോൾ ഒരു മഹോദധിയിൽനിന്ന് മറേറതിലേക്ക കപ്പലിൽ കടക്കാൻ തെക്കെ അമേരിക്കയെ ചുററി വളഞ്ഞു് വരേണ്ടിയിരുന്നു.

പണ്ടു യൂറോപ്യർ ഗുഡ്ഹോപ്പ് മുനമ്പ് വഴി കപ്പലോടിച്ചു വന്നതിൽ എത്രയോ എളുപ്പമായി സൂവസ്സ് തോടു തീർന്നപ്പോൾ! അതുപോലെ കുറുക്കുവഴിയാണ് പെനാമാതോടും എന്നു പടം നോക്കിയാൽ അറിയാം. കൊതുകിൻെറ ഉപദ്രവം കൊണ്ടു് മലമ്പനി കലശലായിരുന്നു പെനാമയിൽ. പുതിയ ശാസ്ത്രജ്ഞന്മാരുടെ പരിശ്രമത്താൽ ഇപ്പോൾ അവിടം സുഖവാസഭൂമിയായി!

പെന്നാമാരാജ്യക്കാരുടെ വകയാണ് ഈ തോട്ട്. എങ്കിലും, അതിൻെറ ചിലവിനുള്ള ധനത്തിൽ മിക്ക പങ്കും ഐക്യസംസ്ഥാനക്കാർ സമ്പാദിച്ച് ആധിപത്യം നേടി.

ഇങ്ങനെ നാൾക്കുനാൾ ഐശ്വര്യത്തിലും, വ്യവസായത്തിലും, ധനത്തിലും, ആൾ സ്വാധീനത്തിലും, സൈനികശക്തിയിലും, ഐക്യസംസ്ഥാനങ്ങൾ വർദ്ധിച്ചു. ഭരണവിഷയത്തിൽ അവിടെ റിപ്പബ്ളിക്കന്മാർ എന്നും ഡിമാക്രസിക്കാർ എന്നും രണ്ടു് കക്ഷികൾ ഉണ്ടെങ്കിലും, രണ്ടും ധനികസംഘങ്ങളായതിനാൽ, വലിയ പിണക്കമൊന്നുമില്ല. ഇങ്ങനെ ഇരിക്കുമ്പോഴാണ് യൂറോപ്യൻ ലോകമഹായുദ്ധം ആരംഭിച്ചതു്. അതിൽ അമേരിക്കർ പങ്ക്കൊണ്ട കഥ പിന്നെ പറയാം.

---

# എൺപത്തിനാലാം അദ്ധ്യായം

### ഇംഗ്ലണ്ടും അയർലണ്ടും തമ്മിൽ പിണക്കം.

നമുക്ക് പിന്നെയും യൂറോപ്പിലേക്കുതന്നെ കടക്കാം. നവീനലോകചരിത്രമെല്ലാം യൂറോപ്പിലാണോ സംഗ്രഹിച്ചിരിക്കുന്നതു് എന്ന് തോന്നിപ്പോകുന്നു. സത്യം അതു് തന്നെയാണ്. എന്തെന്നാൽ ഏഷ്യയുടെ അധഃപതനത്തിൽ യൂറോപ്പ് തല പൊക്കി. പതിനെട്ടും പത്തൊമ്പതും ശതകങ്ങളിലുണ്ടായ വ്യവസായാഭിവൃദ്ധിയും ധനക്കൊഴുപ്പും ആ ഭൂഖണ്ഡത്തിൻെറ ലോകപ്രാമാണ്യത്തെ ഉറപ്പിച്ചു. അനന്തരം മററു ഭൂഖണ്ഡങ്ങളിലെല്ലാം യൂറോപ്യർ കടന്ന് കയറി നടത്തീട്ടുള്ളതാണ് പിന്നീട്ട നടന്നിട്ടുള്ള ലോകസംഭവങ്ങളെല്ലാം.

അമേരിക്കയിൽനിന്നു് അതലാന്തിക മഹോദധി കടന്നു് യൂറോപ്പിലേക്കു് വരുന്ന വഴി കണ്ടുമുട്ടുന്ന ഒരു വലിയ ദ്വീപമാണു് ഐർലണ്ടു്. ബ്രിട്ടീഷ്കാരുടെ മൂലസ്ഥാനമായ ഇംഗ്ലണ്ടും സ്കാട്ട്ലണ്ടും ഒരു ദ്വീപായി കിടക്കുന്നതിനു് പടിഞ്ഞാറുപുറത്തു് അയർലണ്ടും ദ്വീപ് സ്ഥിതി ചെയ്യുന്നു. ഇംഗ്ലണ്ടും സ്കാട്ട്ലണ്ടും അയർലണ്ടും ചേർന്നതിനാണു് ബ്രിട്ടീഷ് ദ്വീപങ്ങൾ എന്നപേർ ഭൂമിശാസ്ത്രപുസ്തകങ്ങളിൽ കാണുന്നതു്. ഈ മൂന്നും മൂന്നു് സ്വാതന്ത്ര്യരാജ്യങ്ങളായി ആദികാലത്തു് വാണിരുന്നു. ഏറിയ നാൾ കഴിഞ്ഞശേഷം, പതിനാറാം ശതകത്തിൽ, ഇംഗ്ലണ്ടും സ്കാട്ട്ലണ്ടും ഒന്നുചേർന്നു. അതിനു് എത്രയോ മുമ്പു് പന്ത്രണ്ടാംശതകത്തിൽതന്നെ ഇംഗ്ലീഷ്കാർ അയർലണ്ടിനെ പിടിച്ചടക്കി. എങ്കിലും, അന്നാൾ തൊട്ടു് ഇന്നുവരെ ബ്രിട്ടീഷ്കാരും ഐറിഷ്കാരും തമ്മിൽ നിരന്നിട്ടില്ല. പത്തെണ്ണൂറു് കൊല്ലമായിട്ടും അയൽക്കാരായ ഇരുകൂട്ടരും ഇണങ്ങാത്തതു് എന്താണെന്നു് നമുക്കു് നോക്കാം.

ക്രിസ്തുവര്‍ഷം ആറാംശതകത്തോടെ ഹൂണന്മാരും വാൻഡൽ വർഗ്ഗങ്ങളും കയറി റോമാസാമ്രാജ്യംശിഥിലമായപ്പോൾ, അയർലണ്ടാണു് റോമൻ പരിഷ്കാരദീപത്തെ കെട്ടുപോകാതെ സൂക്ഷിച്ചതു്. അന്ധകാരകാലഘട്ടങ്ങളിൽ പല നാട്ടുകളിൽനിന്നു് വിദ്യാർത്ഥികൾ അവിടെ വന്നു ജ്ഞാനം സമ്പാദിച്ചു. സെയിൻറ്പാട്രിക്കു് എന്ന പുണ്യവാളനാണു് ക്രിസ്തുമതത്തെ അയർലണ്ടിൽ പ്രചരിപ്പിച്ചതു്. അതിനാൽ അവിടത്തുകാർ അദ്ദേഹത്തെ ഭരദേവതയായി ആരാധിക്കുന്നു. അയർലണ്ടിൽ നിന്നാണു് ക്രിസ്തുമതം ഇംഗ്ലണ്ടിൻെറ ഉത്തരദേശങ്ങളിൽ പരന്നതു്. നമ്മുടെ നാട്ടിലുണ്ടായിരുന്ന ആശ്രമങ്ങൾ പോലെ അയർലണ്ടിൽ വളരെ മഠങ്ങൾ ഉണ്ടായിരുന്നവയിൽ മത-

വിദ്യാഭ്യാസം നടത്തിവന്നു. അവയിൽ പഠിച്ച ഛാത്രന്മാരാണു് യൂറോപ്പിന്റെ പടിഞ്ഞാറുമുള്ള രാജ്യങ്ങളിൽ ക്രൂസ്തുമതപ്രചാരകന്മാരായി സഞ്ചരിച്ചതു്. ഈ മഠങ്ങളിലെ പുരോഹിതന്മാർ മതവിഷയമായും മററും കയ്യെഴുത്തിൽ എഴുതി ചിത്രങ്ങളെക്കൊണ്ടു മോടിപിടിപ്പിച്ചിട്ടുള്ള പുസ്തകങ്ങൾ ഇന്നും ഡബ്ളിൻ നഗരത്തിൽ സൂക്ഷിച്ചു് വെച്ചിട്ടുണ്ടു്. ആയിരത്തി ഇരുനൂറു് കൊല്ലത്തിനു മുമ്പു് എഴുതീട്ടുള്ള ഈ പുസ്തകങ്ങളിൽ ഒന്നിന്റെ പേർ "ബുക്കു് ആഫു് കെല്സു്" എന്നാണു്. ഇത്ര ഭംഗിയേറിയ കയ്യെഴുത്തു പുസ്തകം ഇല്ലത്രെ.

ആറാം ശതകം മുതൽ രണ്ടു മൂന്നു നൂററാണ്ടുകാലം അയർലണ്ടിൽ ഗേലിക്കു് സംസ്കാരം മൂർദ്ധന്യദശയിൽ ഇരുന്നു. ആ സുവർണ്ണകാലത്തെ ഐറിഷ്കാർ ഇന്നും സാനന്ദം സ്മരിക്കുന്നുണ്ടു്. കൃതയുഗത്തിന്റെ മാഹാത്മ്യം നാം ഇന്നും വാഴ്ത്തുന്നില്ലേ? പഴയ കാലത്തെ ചിന്തിച്ചു് രസിക്കുന്ന സ്വഭാവം മനുഷ്യക്കു് എല്ലാവക്കുമുള്ള ചാപല്യമാണു്. വിശിഷ്യ, അടിഞ്ഞുപോയവക്കു് അതൊരു ഉത്തേജനകവുമാണു്. അയർലണ്ടിൽ ഇൻഡ്യയിലെ പോലെ പല വർഗ്ഗക്കാരും ജാതികളും ഉണ്ടായിരുന്നവർ തമ്മിൽ എന്നും വഴക്കും ശണ്ഠയുമായി ദൌർബല്യം നേരിട്ടിരിക്കുന്ന തക്കം നോക്കി, ഡെയിൻകാരും നാർസുകാരും, മററവക്കൂട്ടങ്ങളെപോലെ, അടിച്ചു് കയറി കൊള്ളയിട്ടു് വളരെ പ്രദേശങ്ങളെ ഐറിഷു് ജനങ്ങളിൽ നിന്നു് പിടിച്ചുപറിച്ചു. പതിനൊന്നാം ശതകത്തിൽ ബ്രിയാൻ ബോറുമ എന്ന ഐറിഷു് രാജാവു് ഡെയിൻകാരെ ഓടിച്ചു് രാജ്യത്തെ ഏകശാസനയിൽ വരുത്തി. അയാളുടെ മരണാനന്തരം പിന്നെയും അവിടം ആഭ്യന്തരകലഹത്താൽ ഛിന്നമായി.

പിന്നീടു് ജേതാൻ എന്നു പേരുകേട്ട നാർമൻകാരനായ വില്യം ഇംഗ്ലണ്ടുരാജ്യത്തെ കീഴടക്കി. ഒരു നൂറു്

കൊല്ലം കഴിഞ്ഞ ശേഷം, ൧൧൭൧-ൽ ഇംഗ്ലീഷ്കാർ, ചേന്ന നാർമ്മൻപട അയർലണ്ടിനെ ആക്രമിച്ചു് ഒരു ഭാഗം പിടിച്ചു. ആ ഭാഗത്തിനു 'പെയിൻ' എന്നു് പേരിട്ടു. അന്നു് മുതൽ ഗേലിക്ക് സംസ്കാരം നശിച്ചു. തുടരെ തുടരെ കലഹങ്ങളും തുടങ്ങി. ഒരു ശതവർഷം നടന്ന ഈ കലഹങ്ങളിൽ നാർമ്മൻകാർ ചെയ്ത ദ്രോഹത്തിനു് കണക്കില്ല. ആംഗ്ലോ നാർമ്മന്മാരെയാണു് ഇംഗ്ലീഷ്കാർ എന്നു് വിളിക്കുന്നതു്. അവർ ഐറിഷ്കാരെ ചണ്ഡാലന്മാരായി ഗണിച്ചു. അവർ തമ്മിൽ ജാതിവ്യത്യാസമുണ്ടായിരുന്നു. ഐറിഷ്കാർ കെൽട്ട്വർഗ്ഗവും ഇംഗ്ലീഷ്കാർ സാസ്സൺവർഗ്ഗവുമാകുന്നു. പോരാത്തതിനു്, മതഭേദവുമുണ്ടായിരുന്നു. ഇംഗ്ലീഷ്കാർ പ്രാട്ടസ്റ്റൻറ്കാരും ഐറിഷ്കാർ കത്തോലിക്കരുമായിരുന്നു. രണ്ടു് കൂട്ടരും തമ്മിൽ ബാന്ധവം പോലും 'കിൽകൊന്നിച്ചട്ട'ത്താൽ നിഷിദ്ധമായിരുന്നു. മതവിദ്വേഷവും വർഗ്ഗഭേദവും നിമിത്തം ഇംഗ്ലീഷ്കാർ ഐറിഷ്ജനങ്ങളെ അനവരതം കണക്കില്ലാതെ ഉപദ്രവിച്ചതു് നിമിത്തം, ഐറിഷ്കാർ ഇംഗ്ലീഷ്കാരുടെ ശത്രുക്കളായിരുന്ന പരന്തരീസ്കാരെയും സ്പെയിൻകാരെയും സഹായിച്ചു. അതു ശണ്ഠക്കുള്ള കാരണത്തെ ഇരട്ടിച്ചു. എലിസബത്തു രാജ്ഞിയുടെ കാലത്തു്, ഐറിഷ്കാരെ അമർത്താൻ വേണ്ടി, അയർലണ്ടിലെ വിളഭൂമികളെ കണ്ടുകെട്ടി ഇംഗ്ലീഷ്പ്രഭുക്കന്മാരെ അവിടെ പാർപ്പിച്ചു. ഈ വിദേശീയപ്രഭുക്കളുടെ കീഴിൽ അയർലണ്ടിലെ ജനങ്ങൾ കേവലം കൃഷിക്കാരായിത്തീർന്നു. എലിസബത്തിൻെറ പിൻവാഴ്ചക്കാരനായി വന്ന ജേമ്സ് ഒന്നാമൻ എന്ന ഇംഗ്ലീഷ്രാജാവു് ഒരു കൈക്രൂടി കടത്തി, അൾസ്റ്റർ എന്ന അയർലണ്ടിൻെറ വടക്കു് ഭാഗത്തുള്ള ആറു് താലൂക്കുകളെ മുഴുക്കെ കണ്ടുകെട്ടി എടുത്തു്, വിദേശീയർക്കു് കൊടുത്തു. വെറുതെ കിട്ടിയ ഈ വിളഭൂമികളിൽ ഇംഗ്ലണ്ടിലും സ്കോട്ടലണ്ടിലുമുള്ള വെറും വില്ലന്മാർ

കയ്യറി കടിപാർത്ത് വമ്പിച്ച തറവാടികളായി വാണു. ലണ്ടൻപട്ടണത്തിലെ മുതലാളിമാർ അവക്കു വേണ്ടുന്ന ധനസഹായവും ചെയ്തു. അന്നുമുതലാണു് 'ഡെറി' എന്ന ഐറിഷ് താലൂക്ക് 'ലണ്ടൻഡറി' എന്ന സംജ്ഞ ഏറ്റതു്. അൾസ്റ്ററിലെ കൃഷിപ്രഭുക്കന്മാരോടു് നാട്ടാരായ ഐറിഷ് ജനങ്ങൾക്കു വൈരം ജനിക്കയാൽ അയർലണ്ടു് രണ്ടായി പിരിഞ്ഞു. ഐറിഷ് ജനങ്ങളുടെ ഐകമത്യത്തെ നശിപ്പിച്ച കുതന്ത്രം ഇന്നും ഇംഗ്ലണ്ടിനു് ഒരു കണ്ടകോടാലിയായിത്തീർന്നിരിക്കുന്നു.

അൾസ്റ്ററിൽ തോട്ടങ്ങൾ സ്ഥാപിച്ചു് ഏറെനാൾ കഴിയുമ്മുമ്പേ, ഇംഗ്ലണ്ടിൽ ചാറത്സ് ഒന്നാമനും പാർല്ലിമെൻറും തമ്മിലുള്ള യുദ്ധം തുടങ്ങി. പാർല്ലിമെൻറു് പ്രോട്ടസ്റ്റൻറുകക്ഷിയും രാജാവു് കത്തോലിക്ക് കക്ഷിയുമായിരുന്നതുകൊണ്ടു്, കത്തോലിക്കരായ ഐറിഷ്കാർ രാജാവിൻെറ പക്ഷത്തു് ചേന്നു. ഒടുക്കം രാജാവിനെ കൊന്നു് ക്രാംവൽ അദ്ധ്യക്ഷപദം പ്രാപിച്ചപ്പോൾ, അയാൾ അയർലണ്ടിനോടു് വൈരനിയ്യാതനം ചെയ്ത കഥ ഭയങ്കരമാണു്. എത്രപേരെ കൊന്നു എന്നും, എത്ര പുരോഹിതന്മാരുടെ തല വെട്ടി എന്നും, കണക്കില്ല. ഇന്നും ഐറിഷ് ജനങ്ങൾക്കു ക്രാംവല്ലിൻെറ പേരു് കേട്ടുകൂടാ. ഈ രാക്ഷസകൃത്യങ്ങളെ കൊണ്ടൊന്നും അയർലണ്ടിലുള്ള ബഹളങ്ങളും കലഹങ്ങളും ഒതുങ്ങിയില്ല. ൧൬൮൯-ൽ ഐറിഷ്കത്തോലിക്കർ ലണ്ടൻഡറിയെ ഉപരോധം ചെയ്തു. നാലു മാസം ലണ്ടൻഡറിയിലെ കോട്ട വളഞ്ഞു് കിടന്നു്, ഉള്ളിലുള്ളവരെ പട്ടിണിക്കിട്ടു. ഒടുവിൽ ബ്രിട്ടീഷ് കപ്പലുകൾ ഭക്ഷണം കൊണ്ടുവന്നു കൊടുത്തു് അവരെ രക്ഷപ്പെടുത്തി. പകരം വീട്ടാൻ ഇംഗ്ലീഷുകാർ ലിമറിക്ക് കോട്ട വളഞ്ഞു. പാട്രിക്ക്-സാർസ്ഫീൽഡ് എന്ന വീരൻ ധീരതയോടെ കോട്ട

രക്ഷിച്ചു. സ്ത്രീകൾ പോലും ആ യുദ്ധത്തിന് ഇറങ്ങി എന്നുള്ളതു് രജപുത്ത് വീരനാരികളുടെ കഥയെ ഓർമ്മിപ്പിക്കുന്നു. ലിമറിക്ക് ഉപരോധത്തെപ്പററി പടപ്പാട്ടുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. കത്തോലിക്കർക്കു് പൂർണ്ണസ്വാതന്ത്ര്യം കൊടുക്കാമെന്നു് ഇംഗ്ലീഷു്കാർ ഉടമ്പടി ചെയ്ത ശേഷമേ കോട്ടയെ വിട്ടുകൊടുത്തുള്ളു.

ലിമറിക്കിൽ നടന്ന ഉടമ്പടിക്കു് വിപരീതമായി ഇംഗ്ലീഷു്കാർ കത്തോലിക്കരുടെ സ്വാതന്ത്ര്യത്തെ നിരോധിക്കയും കച്ചോടത്തെ നിയന്ത്രിക്കയും ചെയ്തു. ഈ ചതിപ്രയോഗം ഐറിഷ്കാരെ പിന്നെയും ശത്രുക്കളാക്കി. എങ്കിലും, ൧൭൭൫-ൽ അമേരിക്കയുമായി യുദ്ധം നടന്നപ്പോൾ, ഐറിഷ്കാർ ഇംഗ്ലീഷു്കാരെ സഹായിക്കാതിരുന്നില്ല. ആ യുദ്ധത്തിൽ അമേരിക്ക ഇംഗ്ലീഷു്-കാരുടെ ആധിപത്യത്തെ നിരസിച്ചു് സ്വതന്ത്രരായപോലെ, ഐറിഷ്ജനങ്ങളും ചെയ്തേക്കുമെന്നു് കരുതി, ഇംഗ്ലീഷു്കാർ അയർലണ്ടിനു് പ്രത്യേകം ഒരു പാർല്ലിമെൻറു് കൊടുത്തു. അതുകൊണ്ടും കത്തോലിക്കരും പ്രോട്ടസ്റ്റൻറു്കാരും തമ്മിൽ രഞ്ജിച്ചില്ല. കത്തോലിക്കരുടെ പ്രമാണിയായിരുന്ന ഹെൻടി ഗ്രാററാൻ പഠിച്ച പണി നോക്കിട്ടും ഒന്നും ഗുണപ്പെട്ടില്ല.

അക്കാലത്തു് പരന്തരീസ്സു് വിപ്ലവം നടന്നു. അതിൽ വെച്ചു് കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും ഒന്നിച്ചുകൂടി ഐറിഷ് ഐക്യസംഘം ഉണ്ടായി. ഈ സംഘത്തിന്റെ പ്രമാണി വുൾഫ്ടോൺ എന്ന ആളായിരുന്നു. ഇംഗ്ലീഷു്കാർക്കു് ആ സംഘവുമായി വിരോധം തോന്നി, പ്രമാണിയെ രാജദ്രോഹകുററം ചുമത്തി കൊലചെയ്തു. ഐറിഷ് പാർല്ലിമെൻറു് കൊണ്ടു് യാതൊരു ഗുണവും ഇല്ലെന്നു വന്നപ്പോൾ, അതിനെ നിറുത്തി, ബ്രിട്ടീഷ് പാർല്ലിമെൻറിൽ ഏതാനും ഐറിഷ് സാമാജികന്മാരെ കൂടി

തീരഞ്ഞെടുക്കാൻ നിശ്ചയിച്ചു. ൧൮൦൦-ാമാണ്ടാണ് ഈ ഐക്യചട്ടം (Union Act) നടപ്പിൽ വന്നതു്. അതു-കൊണ്ടു് ഉണ്ടായ ഫലം, അയർലണ്ടിൽ വടക്കും തെക്കും പ്രാട്ടസ്റ്റൻറും കത്തോലിക്കും തമ്മിൽ ആദ്യം മുതൽക്കു-ണ്ടായിരുന്ന അകൽച ഒന്നുകൂടി സ്ഥിരപ്പെട്ടു എന്നുള്ള താകുന്നു.

അംസ്റ്റരും അയർലണ്ടിൻെറ മററു് ഭാഗവും തമ്മിൽ ഇടയാൻ മറെറാരു സംഗതി കൂടി ഉണ്ടു്. അം-സ്റ്ററിൽ അധികവും ഇംഗ്ലീഷ് പ്രാട്ടസ്റ്റൻറുകാരാണു്. അവർ ഇംഗ്ലണ്ടിനെ അനുകരിച്ചു് തൊഴിലുകളിലും നവീനവ്യവസായങ്ങളിലും ഏർപ്പെട്ടു് ധനികരായി. തെക്കൻ ഐരിഷ്കാർ പഴയ കൃഷിത്തൊഴിൽ മാത്രം ചെയ്തു് ദരിദ്രരായിരുന്നു. ഇംഗ്ലണ്ടിനേയും അയർലണ്ടി-നേയും ഒന്നിച്ചു് ചേർത്തു് ഐക്യചട്ടം നടപ്പാക്കിയതിൽ വെച്ചു് റാബർട്ടു് എമ്മററ് എന്ന ആളുടെ നേതൃത്വ ത്തിൽ ഒരു ലഹള ഉണ്ടാകാതിരുന്നില്ല. അതു് ഫലി-ച്ചില്ല. ബ്രിട്ടീഷു് പാർല്ലിമെൻറിൽ അംഗങ്ങളായി പോയ ഐരിഷ് സാമാജികന്മാർ കത്തോലിക്കരല്ലായിരുന്നു. അന്നു് പാർല്ലിമെന്റിൽ കത്തോലിക്കരെ അയച്ചുകൂടെന്നു നിരോധം ഉണ്ടായിരുന്നു. ൧൮൨൯-ലാണു് കത്തോലി-ക്കർക്കു് ആ അയോഗ്യത നീങ്ങിയതു്. ഡാനിയൽ ഒക്കാ-ണൽ എന്ന പ്രമാണിയാണു് മോചനം നേടിയതു്. അയാളെ അതിനാൽ "ഉദ്ധാരകൻ" (Liberator) എന്നു് എല്ലാവരും വിളിക്കുന്നു. ൧൮൩൨-ൽ സമ്മതിദാനാവ-കാശം വർദ്ധിപ്പിച്ചപ്പോൾ അയർലണ്ടിനും കൂടുതൽ അംഗങ്ങളെ സാമാജികരായി അയക്കാൻ അവകാശം കിട്ടി. അതിൻപ്രകാരം സാധാരണ ജനങ്ങൾക്കും പ്രാതി-നിധ്യം ലഭിച്ചു.

൧൮൪൬-ൽ അയർലണ്ടിൽ മഹാക്ഷാമം ഉണ്ടായി. ഉരുളക്കിഴങ്ങാണ് ആ നാട്ടുകാരുടെ പ്രധാനമായ ആഹാരസാധനം. ഉരുളക്കിഴങ്ങ് കൃഷി തീരെ നശിച്ചതിൽ വെച്ചാണ് ക്ഷാമം ഉണ്ടായത്. എന്നിട്ടും കരംപിരിവ് മുറയ്ക്കു നടന്നു. അതുനിമിത്തം ദരിദ്രരായ അനേകം കൃഷീവലന്മാർ നാടു വിട്ടു് അമേരിക്കയിൽ പോയി. അന്നു് മുതൽ കൃഷിഭൂമികൾ കന്നുകാലികൾക്കു് തീററിയ്ക്കുള്ള തൃണഭൂമിയായി. പുൽകൃഷി കുറെക്കൂടി കുടിയാനവന്മാർക്കു് ലാഭമായിരുന്നു. ഇംഗ്ലണ്ടിൽ യന്ത്രവ്യവസായം വർദ്ധിച്ചപ്പോൾ നെയ്ത്തുയന്ത്രങ്ങൾക്കു് ധാരാളം ആട്ടിൻരോമം വേണ്ടിയിരുന്നു. ഐർലണ്ടിൽ ആട്ടിൻപററങ്ങൾ ധാരാളമായി വളർന്നു. അവയ്ക്കു് തീററിയ്ക്കു് ഈ ഭൂമികൾ ഉതകി. പക്ഷേ, കൃഷിക്കാർക്കു് തൊഴിലില്ലാതായി. അതുകൊണ്ടു് പിന്നെയും തരിശുകളെ അവർ കൃഷിചെയ്യാൻ തുടങ്ങി.

അയർലണ്ടിലെ വസ്തുക്കളുടെ ജന്മികൾ വിദേശീയരായിരുന്നതിനാൽ ഉടമസ്ഥരുടെ ദൃഷ്ടിയോ സഹായമോ ഇല്ലാതെ വിളഭൂമികൾ ആദായപ്രദങ്ങളല്ലാതായിത്തീർന്നു. ഇതിൻെറ പരിഹാരത്തിനായി ബ്രിട്ടീഷു് ഗവൺമെൻറു് ഉടമസ്ഥന്മാരുടെ ജന്മാവകാശം വിലയ്ക്കു് വാങ്ങി കുടിയാനവന്മാരുടെ പേരിൽ വസ്തുക്കളെ പതിച്ചു കൊടുത്തു. ജന്മികൾക്കു് മുതൽ കിട്ടി. ഋണഭാരം ചുമത്തിയിട്ടാണു് ആ വസ്തുക്കളെ കുടികൾക്കു് പതിച്ചുകൊടുത്തതു്. കടം ഒന്നിച്ചു് തീർക്കാൻ കുടിയാന്മാർക്കു സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു് ആണ്ടുതോറും നികുതിയോടുകൂടി ഓരോരുതത്തരും കടത്തുകയുടെ പലിശയും തീർക്കണമെന്നായിരുന്നു കരാർ. ഈ കരാർ അനുസരിച്ചു് അയർലണ്ടു് ഇംഗ്ലണ്ടിലേക്കു് ആണ്ടുതോറും ഒരു തുക വർഷഭോഗമായി (annuity)

റ്റുകൊടുക്കേണ്ടിവന്നു. ഇതിനെപ്പററി പിന്നീട്ട് വളരെ വഴക്കുണ്ടായി.

൧൮൭൨—ന്ന് മേൽ അയർലണ്ടിൽ വലിയ വിപ്ലവങ്ങളൊന്നും നൂറു് കൊല്ലത്തേക്കു് ഉണ്ടായില്ല. ജനങ്ങളുടെ ക്ഷീണാവസ്ഥകൊണ്ടും വിദേശഗമനം കൊണ്ടും മാത്രമല്ല, പാർല്ലിമെൻറിൽ കൂട്ടതലായി ചേ-ന്നിട്ടുള്ള പൌരന്മാർ സഹായിക്കുമെന്നു കരുതിയുമാണു് ഈ ശാന്തത ഉണ്ടായിരുന്നതു്. എങ്കിലും, അമേരിക്കയി-ലേക്കു് കുടിയേറിയ ഐറിഷ്കാർ 'ഫീനിയൻ' സംഘം എന്നൊരു കൂട്ടുകെട്ട് ഉണ്ടാക്കി, അയർലണ്ടിൽ ചെറു ബഹളങ്ങളെ പ്രേരിപ്പിച്ചു. ആ സംഘത്തെ അചിരേണ ഗവമ്മെൻറു് നശിപ്പിച്ചു. എങ്കിലും ഐറിഷ്കാക്കു് സ്വാതന്ത്ര്യം കിട്ടണമെന്നുള്ള മോഹം നശിച്ചില്ല. അൾ-സ്റ്ററും മററുള്ള ഭാഗങ്ങളും തമ്മിലുള്ള അകൽച്ച ഒന്നി-നൊന്നു് വർദ്ധിച്ചു വന്നു. പ്രൊട്ടസ്റ്റൻറു്കാരായ അൾ-സ്റ്റർ ജനങ്ങളാണു് ഇംഗ്ലീഷ്കാരോടു ചേന്നു് അയർ-ലണ്ടിൻെറ സ്വാതന്ത്ര്യത്തിനു് ബാധകമായി നിൽ-ക്കുന്നതെന്നുള്ള ബോധമായിരുന്നു ഈ അകൽച്ചയ്ക്കുള്ള കാരണം.

അയർലണ്ടിനു് സ്വാതന്ത്ര്യത്തിനു് പകരം സ്വയം-ഭരണം (Home Rule) "ഹോംറൂൾ" കൊടുക്കണമെന്നു് ബ്രിട്ടീഷ് പാർല്ലിമെൻറിൽ ആലോചന തുടങ്ങി. അതിൻെറ അർത്ഥം ആ രാജ്യത്തിലെ ആഭ്യന്തരഭരണ-ത്തിൽ ബ്രിട്ടീഷ്കാർ കയ്യിടരുതെന്നും മററുള്ള വിഷ-യങ്ങളിൽ ബ്രിട്ടീഷ്കാരെ അനുവർത്തിച്ചു കൊള്ളണ-മെന്നും ആയിരുന്നു. അത്രത്തോളമെങ്കിലും കിട്ടട്ടേ എന്നു ഉദ്ദേശിച്ചു് ഐറിഷ് സാമാജികന്മാർ അതു് സമ്മതിച്ചു. അതിനു് പോലും ബ്രിട്ടീഷ് പാർല്ലി-മെൻറിനു് സമ്മതമില്ല എന്നു് കണ്ടപ്പോൾ, ഐറിഷ്

സാമാജികന്മാരിൽ ഒരാളായിരുന്ന ചാറൽസ് സ്റ്റു്വെർട്ട് പാർണ്ണൽ എന്ന വിദ്വാൻ ദീർഘപ്രസംഗങ്ങളെക്കൊണ്ടും മററും പാർല്ലിമെൻറിൻെറ നടപടികളെ വിളംബിപ്പിക്കയും കാര്യപരിപാടികളെ തടസ്സപ്പെടുത്തുകയും ചെയ്തു. അപമര്യാദയെപ്പററി പലരും ഭത്സിച്ചതൊന്നും അയാൾ കൂട്ടാക്കിയില്ല. ഐരിഷ് ഹോംറൂൾ സംഘത്തിന്ന് അയാൾ നേതാവായി. ഈ ഐരിഷ് കക്ഷിക്കാരുടെ ഉപദ്രവം സഹിക്കവയ്യാതെ, ൧൮൮൬—ൽ പ്രധാന മന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൻ 'ഹോംറൂംബിൽ' (കരടുചട്ടം) പാർല്ലിമെൻറിൽ അവതരിപ്പിച്ചു. യാഥാസ്ഥിതികക്ക് അതു് തീരെ രസിച്ചില്ല. ഉൽപതിഷ്ണുക്കളിലും രണ്ടു് കക്ഷിയുണ്ടായി. ഒരു കക്ഷി യാഥാസ്ഥിതരോടു് ചേൎന്ന് "യൂണിയനിസ്റ്റ്" എന്ന പേരാൽ വിദിതരായിത്തീൎന്നു. ബിൽ തള്ളിപ്പോയി. ഏഴു കൊല്ലം കഴിഞ്ഞു് ഗ്ലാഡ്സ്റ്റൻ എൺപത്തിനാലാമത്തെ വയസ്സിൽ പ്രധാനമന്ത്രിയായപ്പോൾ, രണ്ടാമത്തും ഒരു 'ഹോംറൂം' ബിൽ അവതരിപ്പിച്ചു. കഷ്ടിച്ചു് അതു സാധാരണ സംഘത്തിൽ അനുവദിക്കപ്പെട്ടു; പ്രഭുസംഘക്കാർ തള്ളി.

രണ്ടു് പ്രാവശ്യവും തോററുപോയതിൽ ഐരിഷ്കാർ വളരെ ഇച്ഛാഭംഗം പൂണ്ടു. ന്യായമായ പന്ഥാവിൽക്കൂടി സ്വയംഭരണം നേടാൻ പ്രയാസമാണെന്നും, അവനവൻെറ കയ്യേ തലയ്ക്കുവയ്ക്കൂ എന്നും കണ്ടു്, അവർ ആത്മസംസ്കാരത്തിനുള്ള ഉദ്യമങ്ങൾ തുടങ്ങി. സ്വന്തം പുരാതന ഭാഷയുടെ ഉദ്ധാരണംകൊണ്ടു് വേണം സാധാരണ ജനങ്ങളുടെ മനോവൃത്തിയെ പുഷ്കലമാക്കാൻ എന്നു് കരുതി, ഐരിഷ്കാർ ഗേലിക്ക് ഭാഷയെ പ്രോത്സാഹിപ്പിച്ചു്, ഇംഗ്ലീഷ്ഭാഷയെ വെറുത്തു. അചിരേണ ഒരു ഗേലിക്ക് ഭാഷാസമിതി ആരംഭിച്ചു. പണ്ടേ

ഈ ഭാഷയിൽ ധാരാളം സാഹിത്യം ഉണ്ടായിരുന്നവയെ പിന്നെയും പ്രചാരത്തിൽ വരുത്തി. അവനവൻെറ ബലംകൊണ്ടല്ലാതെ മററുള്ളവരുടെ ശക്തികൊണ്ടു് വളരാൻ ഒരിക്കലും തരമില്ലെന്നുള്ള തത്വം അവർ ഗ്രഹിച്ചു. കൃഷിക്കാരെ പരസ്പരസഹായത്തിൽ പരിശീലിപ്പിച്ചു. പാർല്ലിമെൻറു് സാമാജികന്മാർ സഹായിക്കുമെന്നുള്ള ബോധം കേവലം സ്വപ്നപ്രായമായി അവർ കരുതി. ഐറിഷ്കാർ ആത്മരക്ഷയ്ക്കു് തയാറായി. അപ്പോൾ ആർതർ ഗ്രിഫ്ിത്ത് എന്നു പേരായ ഒരു വിദ്വാൻ "ഷിൻഫ്ിൻ" എന്നൊരു പദ്ധതിയെപററി പ്രസംഗങ്ങൾ ചെയ്യാൻ തുടങ്ങി. 'ഷിൻഫ്ിൻ, എന്നതിൻെറ അൎത്ഥം 'നാം തന്നെ' എന്നാകുന്നു. ഇംഗ്ലണ്ടിൻെറ ദാക്ഷിണ്യത്തെ അപേക്ഷിക്കുന്നതിനു് പകരം നാം തന്നെ പ്രയത്നംചെയ്തു് സ്വാതന്ത്ര്യം നേടണമെന്നായിരുന്നു അതിൻെറ ഫലിതം. പാർല്ലിമെൻറിൻെറ സഹായം കിട്ടുമെന്നു് മോഹിച്ചിരിയ്ക്കാതെ, നാം തന്നെ വിപ്ലവംമൂലം സ്വകാര്യം നേടണമെന്നു് അയാൾ പ്രസംഗിച്ചു. ഹംഗേറിരാജ്യത്തിനു് സ്വാതന്ത്ര്യം ലഭിച്ചതു് അക്രമരഹിതമായ നിരോധനം കൊണ്ടാണെന്നും, അതു് ഒരു ഉത്തമോപായമാണെന്നും അയാൾ ഉദാഹരിച്ചു. ദുർബലന്മാൎക്കുള്ള ബ്രഹ്മാസ്ത്രമാണു് അക്രമരഹിതനിരോധം എന്നാണല്ലോ ഗാന്ധിയും ഇന്നു് ഉപദേശിക്കുന്നതു്. യുവജനങ്ങളിൽ 'ഷിൻഫ്ിൻ' ക്രമേണ പരന്നു.

എന്നിട്ടും പാർല്ലിമെൻറുമുഖാന്തിരം തന്നെ കാൎയ്യം നേടാമെന്നുള്ള മോഹം പലൎക്കും ഉണ്ടായിരുന്നു. ൧൯൦൬-ൽ ഉൽപതിഷ്ണുകക്ഷികൾക്കു് ഭൂരിപക്ഷം കിട്ടി, ഗവമ്മെൻറു് ഭരണം ഏററപ്പോൾ, ആ മോഹം ഇരട്ടിച്ചു. പ്രബലസംഘത്തിൻെറ വിരോധത്തെ ദുർബലമാക്കാൻ പല മാൎഗ്ഗ-

ങ്ങളും ആലോചിച്ചതിൽ, ധനസംബന്ധമായ കാര്യ-ങ്ങളിൽ സാധാരണ ജനസംഘം അനുവദിക്കുന്ന ബില്ല-കളെ പ്രഭുസംഘം നിരസിക്കുന്ന പക്ഷം, മൂന്നു പ്രാവശ്യം തുടരെ ജനസംഘം അനുവദിച്ചാൽ, പ്രഭുസംഘവിരോ-ധത്തെ ഗണിച്ചിട്ടാവശ്യമില്ല, എന്നൊരു ഏപ്പ്പാടുണ്ടാ-യിരുന്നതിനെ അടിസ്ഥാനപ്പെടുത്തി, ൧൯൧൧—ൽ ഒരു ചട്ടം ഉണ്ടാക്കി. അതിനോടു് കൂടി പ്രഭുസംഘക്കാരുടെ പല്ലു് പറിഞ്ഞു; എങ്കിലും, തടസ്സങ്ങൾ ഉണ്ടാക്കാനും അമാന്തിപ്പിക്കാനുമുള്ള അവസരം പ്രഭുസംഘത്തിനു് ഇല്ലാതിരുന്നില്ല. ഇത്രയും സന്നദ്ധമാക്കിയതിന്റെ ശേഷം, ൧൯൧൨—ൽ മൂന്നാമത്തും 'ഹോംറൂൾബിൽ' അവതരിപ്പി ക്കപ്പെട്ടു. എന്നിട്ടും പ്രഭുസംഘം അതിനെ തള്ളി. പി-ന്നീടു് ജനസംഘം മൂന്നു് പ്രാവശ്യം തുടൎന്നു് അതിനെ അനുവദിച്ചു്, ൧൯൧൪-ൽ ബിൽ ചട്ടമാക്കി. അതിൻ-പ്രകാരം അൾസ്റ്റർ ഉൾപ്പെടെ അയർലണ്ടിനു് മുഴുകെ സ്വയംഭരണം നൾകപ്പെട്ടു. ഇതു് ഇംഗ്ലണ്ടിലെ പ്രഭു-ക്കന്മാൎക്കും ജന്മികൾക്കും തീരെ രസിച്ചില്ല. അവരായിരുന്നു അൾസ്റ്ററിലുള്ള പ്രമുഖന്മാർ മിക്കപേരും. അതുകൊണ്ടു് 'ഹോംറൂൾ' നിയമം നടപ്പിൽ വരുത്താൻ സമ്മതിക്കാ-തെ എതിക്കാനായി അവർ ഒരുങ്ങി. സഹായത്തിനു് അന്യരാജ്യക്കാരെപ്പോലും ക്ഷണിച്ചു് വരുത്താൻ അവർ ഒരുമ്പെട്ടു. ജനങ്ങൾക്കു് യുദ്ധപരിശീലനം നടത്തുകയും വ്യാജമായി സമരസാധനങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ പ്രഭുക്കന്മാരും മുതലാളികളും അവരെ ഉള്ളോടെ സഹായിച്ചു. നോക്കണേ! സക്കാർ ഏപ്പെടു-ത്തിയ ചട്ടത്തിനു് വിപരീതമായി പ്രവത്തിക്കാൻ തുനിയുന്നവരെ സക്കാർ തന്നെ ഉത്സാഹിപ്പിക്കുന്നതു്! ഈ നയം ആത്മഹത്യക്കു് തുല്യമല്ലെ?

അൾസ്റ്റർ കലഹത്തിന് ഒരുങ്ങുന്നതു കണ്ടു്, തെക്കരും ആൾ ശേഖരിക്കാൻ തുടങ്ങി. രാഷ്ട്രീയസ്വച്ഛാസൈനികർ (National Volunteers), എന്നുവെച്ചാൽ കൂലിയില്ലാച്ചേവുകർ എന്നൎത്ഥം, എന്നൊരു സേന അൾസ്റ്ററിന്ന് എതിരായി അവിടെ ഉളവായി. അവരും അൾസ്റ്റർ സൈന്യവും തങ്ങളിൽ പൊരുതാൻ തുടങ്ങിയിരുന്നെങ്കിൽ, ആഭ്യന്തരകലഹമായിത്തീരുമായിരുന്നു. അതിന്ന് ഇട വന്നില്ല. അതിന്നു മുമ്പേ ജൎമ്മൻ മഹായുദ്ധം ആരംഭിച്ചു. അതിൽ മററുള്ള ശണ്ഠകളെല്ലാം മങ്ങിപ്പോയി. മഹായുദ്ധാനന്തരം ഹോംറൂൾ നടപ്പാക്കാമെന്നായിരുന്നു അന്നത്തെ ഉദ്ദേശ്യം. മഹായുദ്ധാനന്തരം നടന്ന സംഗതികൾ അടുത്ത ഭാഗത്തിൽ പ്രസ്താവിക്കാം.

---

# എൺപത്തിഅഞ്ചാം അദ്ധ്യായം

---

## ബ്രിട്ടീഷുകാർ ഈജിപ്ററിനെ പിടിച്ചതു്.

അയർലണ്ടിൽനിന്നു് നമുക്ക് ആഫ്രിക്കാഖണ്ഡത്തിൽ ഈജിപ്ററു് രാജ്യത്തിലേക്ക കടക്കാം. ഈജിപ്ററു് രാജ്യത്തിൻെറ പഴമ വളരെ ഉണ്ടു്. അതിനെപ്പററി അല്പം ചിലതെല്ലാം മുമ്പു് ഒരു അദ്ധ്യായത്തിൽ കുറിച്ചിട്ടുണ്ടു്. പുരാതന പരിഷ്കൃതരാജ്യങ്ങളിൽ അതു് പ്രഥമഗണനീയമാകുന്നു. ഇന്നു് അവിടെ കണ്ടുമുട്ടുന്ന പുരാണവസ്തുക്കൾ അനേകായിരം വർഷങ്ങൾക്ക മുമ്പുണ്ടായവയാണു്. മററു ഭൂഭാഗങ്ങൾ അരണ്യപ്രായങ്ങളായിരുന്ന കാലത്തു് ഈജിപ്ററു് പരിഷ്കാരപാരമ്യത്തെ പ്രാപിച്ചുകഴിഞ്ഞിരുന്നു. മണ്ണിന്നടിയിൽനിന്നും

കുഴിച്ചെട്ടുത്തു് ശാസ്ത്രജ്ഞന്മാർ നമുക്കു് കാട്ടിത്തരുന്ന സാധനങ്ങളിൽനിന്നു് അഭ്യൂഹങ്ങൾ ചെയ്യുകയാണെങ്കിൽ, ഏഴായിരം വർഷം മുമ്പിൽ, അതായതു കലിയുഗാരംഭത്തിനു മുമ്പിൽ തന്നെ, നീലനദീതീരത്തു് പരിഷ്കൃതജനങ്ങൾ പാർത്തിരുന്നതായി തെളിവാകുന്നുണ്ടു്. ചിത്രഭാഷയിലുള്ള കയ്യെഴുത്തുകൾ (hyroglyphics) അവർ ഉപയോഗിച്ചുവന്നു. ഒന്നാന്തരം മൺപാത്രങ്ങളും കിണ്ണങ്ങളും, സ്വർണ്ണത്തിലും ചെമ്പിലുമുള്ള സാധനങ്ങളും, ദന്തത്തിലും ശ്ലക്ഷ്ണശിലയിലുമുള്ള കൊത്തുപണികളും എത്രയോ മുമ്പു് തന്നെ സിദ്ധിച്ചിരുന്ന കലാവൈദഗ്ദ്ധ്യത്തെ സാക്ഷീകരിക്കുന്നു. ബി. സി. നാലാം ശതകത്തിൽ മഹാൻ അലക്സാണ്ടർ ഈജിപ്റ്റുരാജ്യം ജയിക്കുന്നതിനു് മുമ്പു തന്നെ മുപ്പത്തിഒന്നു് വംശങ്ങൾ ആ രാജ്യത്തെ ഭരിച്ചുകഴിഞ്ഞിരിക്കുന്നത്രേ! നാലായിരം അയ്യായിരം കൊല്ലം വാണ ഈ രാജവംശങ്ങളുടെ കാലത്തു് എത്രയോ കേമന്മാരായ പുരാണപുരുഷന്മാർ, മഹാ ചിന്തകന്മാർ, തത്വജ്ഞാനികൾ, യോദ്ധാക്കൾ, സ്വാധികാരപ്രമത്തന്മാർ, ശില്പികൾ, സുന്ദരികളായ സ്ത്രീരത്നങ്ങൾ എന്നിങ്ങനെ പല വിധമായുള്ളവർ ഉണ്ടായിട്ടുണ്ടു്. ആയിരം ആയിരമായി കണക്കുകൂട്ടേണ്ടതായ സംവത്സരങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളുടെ ഒരു സംഗ്രഹം പോലും എഴുതണമെങ്കിൽ തന്നെ ഒരു മഹാപുരാണം കൊണ്ടു് സാധിക്കയില്ല. സ്ത്രീകൾക്കു് സ്വാതന്ത്ര്യമുണ്ടായിരിക്ക മാത്രമല്ല, രാജ്യഭരണം പോലും അവർ നടത്തിവന്നത്രേ! ഈജിപ്റ്റിലെ രാജാക്കന്മാൎക്കു് 'ഫേറോക്കൾ' എന്നാണു് സ്ഥാനപ്പേരുണ്ടായിരുന്നതു്. ഈ ഫേറോക്കളുടെ അനവധി പരമ്പരകൾ ഇന്നു് നമുക്കറിയാം. വൈദികപ്രാമാണ്യമുണ്ടായിരുന്ന രാജ്യമായിരുന്നു ഈജിപ്പ്റ്റു്. ഐഹികചിന്തകളെക്കാൾ പാരലൌ-

കികചിന്തകളായിരുന്നു ഈജിപ്റ്റുകാക്ക് പ്രധാനം. പണ്ടത്തെ ശവങ്ങൾ ഒരു മാതിരി വാർണിഷിട്ട് സൂക്ഷിച്ചിരുന്നതു് ഇന്നും നമുക്ക് കാണാം. ആളുകൾ തല മൊട്ടയടിച്ചു് കൃത്രിമമുടികൾ ധരിച്ചിരുന്നു! കുട്ടികൾക്ക നല്ല കളിപ്പാട്ടങ്ങൾ പോലും ഉണ്ടാക്കി കൊടുത്തുവന്നു!

ബുദ്ധൻെറ കാലത്തു്, അതായതു ബി. സി. ആറാം-ശതകത്തിൽ, പാരസീകർ ഈജിപ്റ്റു ജയിച്ചു്, അവരുടെ മഹാസാമ്രാജ്യത്തോടു ചേർത്തു. പാരസീകസാമ്രാജ്യം അക്കാലത്തു് നീലനദി തൊട്ടു സിന്ധുനദിവരെ വിസ്-തൃതമായിരുന്നു. ഈ പാരസീക ആക്കിമിനീഡ് സ-മ്രാട്ടുകളുടെ തലസ്ഥാനം പെർസിപ്പോലീസ് എന്ന നഗരമായിരുന്നു. അവർ ഗ്രീസ്സ് രാജ്യം പിടിക്കാൻ ശ്രമിച്ചതിൽ ഫലിച്ചില്ല. ഒടുവിൽ മഹാൻ അലക്സാ-ണ്ടർ പാരസീകസാമ്രാജ്യത്തെ ജയിച്ചു. അദ്ദേഹത്തിന്റെ സ്മാരകമായി സ്ഥാപിച്ച അലക്സാണ്ട്റിയ എന്ന മഹാ-തുറമുഖനഗരം ഇന്നും വിളങ്ങുന്നു. അന്നു് മുതൽ ഗ്രീക്കു-സംസ്കാരം അവിടെ പരന്നു.

അലക്സാണ്ടരുടെ മരണാനന്തരം അദ്ദേഹത്തി-ൻെറ സാമ്രാജ്യത്തെ കീഴിലുണ്ടായിരുന്ന സേനാധിപ-ന്മാർ പങ്കിട്ട കൂട്ടത്തിൽ ടോളിമി എന്ന ആൾക്കു് ഈജി-പ്റ്റു കിട്ടി. അന്നു് മുതൽ ആ വംശക്കാരുടെ വാഴ്ച തുട-ങ്ങി. വിദേശീയത്വം ത്യജിച്ചു് ടോളിമികൾ ഈജിപ്റ്റി-ലെ നാട്ടുകാരായി ചേർന്നു് അവിടെ സ്ഥിരവാസികളായി. പഴയ ഫേറോക്കളുടെ ആചാരങ്ങളും മതവിശ്വാസങ്ങളും അവർ സ്വീകരിച്ചു. ക്ലിയോപ്പാട്രാ എന്ന രാജ്ഞിയായി-രുന്നു ടോളിമി രാജവംശത്തിലെ ഒടുവിലത്തെ നാടുവാഴി. ആ രാജ്ഞിയുടെ മരണാനന്തരം, ഈജിപ്റ്റ് റോമാ-സാമ്രാജ്യത്തിൻെറ ഭാഗമായി. ക്രിസ്തുവർഷം ആരംഭിക്കു-ന്നതിനു് അല്പം മുമ്പിലായിട്ടാണു് ഈ നില വന്നതു്.

റോമായിൽ ക്രിസ്തുമതം പ്രമാണമാകുന്നതിനു് എത്രയോ മുമ്പു് തന്നെ ഈജിപ്റ്റ് ആ മതം സ്വീകരിച്ചിരുന്നു. എന്നുതന്നെയല്ല, റോമന്മാർ ദ്രോഹിക്കയാൽ ഈജിപ്റ്റിലെ ക്രിസ്ത്യാനികൾ കാട്ടിൽ കയറി ഒളിക്കപോലുംചെയ്തിട്ടുണ്ടു്. മഹാസൈകതഭൂമിയിൽ ഗൂഢമായി അവർ മഠങ്ങളുണ്ടാക്കി. അവിടെ യതിവര്യന്മാർ ഗുഹ്യങ്ങളായ പല തന്ത്രങ്ങളും ആരാധനകളും ഏപ്പെടുത്തിയതിനെ പററിയും അത്ഭുതദിവ്യകർമ്മങ്ങൾ അനുഷ്ഠിച്ചുവന്നതിനെപ്പററിയും ഐതിഹ്യങ്ങളുണ്ടു്. ഇന്നു കാണുന്ന ഫ്രീമേസൺ ഏപ്പാടു് ഈ ഗുഹ്യതന്ത്രരഹസ്യോപജ്ഞമാകുന്നു. ഈജിപ്റ്റിലെ ക്രിസ്ത്യാനികൾ അവിടത്തെ പഴയ പ്രാകൃതമതവിശ്വാസികളെ ദ്രോഹിച്ചുവന്നു എന്നുള്ളതു്, മനുഷ്യഹൃദയത്തിൽ ദൃഢമൂലമായുള്ള പ്രതികാരേച്ഛയുടെ ആവിഷ്കരണമെന്നു വേണം ഗണിക്കാൻ.

കാൺസ്റ്റൻൈറൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി റോമാസാമ്രാജ്യത്തിലെ മതം അതായി. ഈജിപ്റ്റിൽ അലക്സാണ്ട്റിയാ നഗരമായിരുന്നു ക്രിസ്തുമതകേന്ദ്രം. ക്രിസ്തുമതക്കാരിൽ കക്ഷിപിണക്കവും ജാതിമത്സരവും അചിരേണ ഉൽഭൂതമായി. അവർ തങ്ങളിൽ അടിയും പിടിയും കുത്തും കൊലപാതകവുമായി ക്ഷീണാഗതിയെ പ്രാപിച്ചതകണ്ടു്, അറബിപ്പട കയറി, ഈജിപ്റ്റും വടക്കൻ ആഫ്രിക്കയും കൈവശമാക്കി. ഇസ്ലാംമതത്തിൻെറ പുതുമോടിയിൽ ഉണ്ടായ ഉത്സാഹശക്തി അറബികൾക്കു് ഒരു പുതുജീവൻ കൊടുത്തു. അവർ ക്രിസ്ത്യാനികളെ ദ്രോഹിച്ചു. ദുർബ്ബലരായ ക്രിസ്ത്യാനികൾ അബിസീനിയ മുതലായ കാട്ടിൻപുറങ്ങളിൽ ഓടി ഒളിച്ചു. ഇവരാണു് കാപ്റ്റുകൾ(Copts) എന്ന പുരാതന ഈജിപ്റ്റു ജനങ്ങളുടെ ശുദ്ധസന്താനങ്ങൾ.

അറബികൾ ഈജിപ്ററ പിടിച്ചതു് മുതൽ ആ രാജ്യം ഖാലീഫിന്റെ സാമ്രാജ്യത്തിൽ ഉൾപ്പെട്ടു. അറബിഭാഷയും അറബിസംസ്കാരവും അവിടെ പരന്നു. പുരാതന ഈജിപ്ററു് സംസ്കാരത്തെയും ഭാഷയെയും അതു് നിശ്ശേഷം നിമ്മാജ്ജനം ചെയ്തു. ഇരുന്നൂറു് കൊല്ലം കഴിഞ്ഞു് ഒമ്പതാം ശതകത്തിൽ, ബാഗ്ദാദിലെ ഖാലീഫിന്നു് ദൌർബല്യം നേരിട്ടപ്പോൾ, തുക്കികൾ തല പൊക്കി. അവരുടെ ആധിപത്യത്തിൽ ഈജിപ്ററ് രാജ്യത്തിന്നു് അല്പം സ്വാതന്ത്ര്യം ലഭിച്ചു. പിന്നെ മുന്നൂറു് വഷംക്രുടി കഴിഞ്ഞപ്പോൾ, പുണ്യസമരക്കാരുടെ വീരശത്രുവായി സുപ്രസിദ്ധനായ സാലദീൻ എന്ന വിക്രമൻ പൂണ്ണസ്വാതന്ത്ര്യംനേടി, ഈജിപ്ററിലെ സുൽത്താനായി. സാലദീന്റെ പിൽക്കാലക്കാർ കാക്കസസ്സ് എന്ന മലമ്പ്രദേശത്തുനിന്നു് അനേകം തുക്കികളായ അടിമകളെ കൊണ്ടുവന്നു് യുദ്ധം പഠിപ്പിച്ചു് ഭടന്മാരാക്കി. അവർ നല്ല ദൃഢഗാത്രരും ആയോധനചതുരന്മാരുമായിരുന്നു. "മാമലൂക്കുകൾ" എന്നായിരുന്നു ആ വഗ്ഗക്കാരുടെ പേർ. അചിരേണ മാമലൂക്കുകൾ എജമാനന്മാരുമായി പിണങ്ങി അവരെ കീഴടക്കി, സ്വവഗ്ഗത്തിൽ ഒരാളെ സുൽത്താനാക്കി. അന്നു് മുതൽ ഈജിപ്ററു് രാജ്യം മാമലൂക്കുകളെന്ന അടിമവംശക്കാരുടെ ആധിപത്യം വഹിച്ചു. അഞ്ഞൂറു് കൊല്ലത്തോളം ഈ അടിമവംശം നിലനിന്നു എന്നുള്ളതു് ചരിത്രത്തിൽ അത്ഭുതപൂവ്വമായ സംഗതിയാകുന്നു. കാക്കസസ്സിലെ ഈ മലവഗ്ഗക്കാർ സത്യത്തിൽ ആയ്യന്മാരായിരുന്നു. വൃത്തിഹീനതകൊണ്ടു് ദാസത്വം വന്നുപോയിരുന്നെങ്കിലും, ജന്മനാ അവക്കു് പ്രഭുത്വം സിദ്ധമായിരുന്നു. അതിനാൽ രാജ്യഭരണം അവക്കു് ലഭിച്ചപ്പോൾ, ജന്മസിദ്ധമായ അവരുടെ മേധാവിത്വം വിളങ്ങി, സമുദായത്തിൽ വമ്പന്മാരായി തീൻ. ഈ പ്രഭു-

ത്വത്തെ അവർ ഏറിയ കാലം അനുഭവിക്കയും ചെയ്തു. പതിനാറാം ശതവർഷത്തിന്റെ ആദിയിൽ, കാൺസ്റ്റാന്റിനോപ്പിളിലെ ഓട്ടോമാൻ തുർക്കി സുൽത്താൻ ഈജിപ്റ്റ് രാജ്യത്തെ ജയിച്ച് പിടിച്ചു. മാമലൂക്ക സുൽത്താനെ തൂക്കിലിട്ട് കൊന്നിട്ടും, മാമലൂക്കപ്രഭുക്കന്മാർ തന്നെ ഭരണകർത്താക്കളായിരുന്നു! ക്രമേണ തുർക്കികൾ ക്ഷയിച്ചപ്പോൾ, പേരിന് ഈജിപ്റ്റ് ഓട്ടോമാൻ സുൽത്താന്റെ കീഴുട്ടാണെന്നു ഭാവിച്ചുവന്നതല്ലാതെ, മാമലൂക്കകൾക്ക തോന്നിയ പോലെ ഭരിക്കാനുള്ള രാജ്യമായി തീൻ. പതിനെട്ടാം ശതകത്തിൽ നെപ്പോളിയൻ ബോണപ്പാർട്ട് എന്ന വീരൻ വന്ന് ആക്രമിച്ച് മാമലൂക്കകളുടെ ആധിപത്യത്തെ നശിപ്പിച്ചു.

പത്തൊമ്പതാം ശതവർഷത്തിന്റെ പൂർവാർദ്ധത്തിൽ മഹാമത്താലി എന്ന ഒരു അൽബേനിയാക്കാരനായ തുരുഷ്കൻ ഈജിപ്റ്റിലെ ഖെഡീവ് (അധികാരി) ആയി. അയാളാണ് ആ രാജ്യത്തെ നവീകരണം ചെയ്തത്. കൂടതന്ത്രം കൊണ്ട് അയാൾ മാമലൂക്ക് പ്രഭുക്കന്മാരെ എല്ലാം ഹനിപ്പിച്ചു. അനന്തരം ഇംഗ്ലീഷ്കാരുടെ സേനയെ തോല്പിച്ച് രാജ്യാധിപത്യം കൈക്കൊണ്ടു. നാമമാത്രമായി തുർക്കിസുൽത്താന്റെ മേൽക്കോയ്മയെ അയാൾ അനുവദിച്ചു. പുത്തൻ ഈജിപ്റ്റ് സേനയെ സന്നാഹനം ചെയ്തു. പുത്തൻ തോട്ടുകൾ വെട്ടിച്ചു. പഞ്ഞികൃഷി നാട്ടിലെ പ്രധാന വ്യവസായമാക്കി. കാൺസ്റ്റാൻറിനോപ്പിൾ നഗരം പോലും പിടിച്ച് തുർക്കിരാജ്യം മുഴുക്കെ സ്വരാജ്യമാക്കാൻ അയാൾക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. എങ്കിലും, ഭംഗിക്ക് വേണ്ടി അതു ചെയ്തില്ല. സിരിയാ രാജ്യത്തെ മാത്രം ഈജിപ്റ്റിനോടു ചേർത്തു.

മഹാമത്താലി ൧൮൪൯-ൽ എൺപതാമത്തെ വയസ്സിൽ മരിച്ചു. പിൻവാഴ്ചക്കാർ ക്ഷീണബലരായി-

രുന്നു. മൂന്നു മഹാഭൂഖണ്ഡങ്ങളുടെ സംഗമസ്ഥാനം; പണ്ടേ പേരുകേട്ട മഹാരാജ്യം; നീലനദീമുഖത്തുള്ള അലക്സാണ്ഡ്-റിയാ തുറമുഖനഗരം; ഗ്രീക്കുകാരും റോമൻകാരും കൊതിച്ച ഭൂമി; ഇത്ര നല്ല ആമിഷത്തെ പ്രഭവിഷ്ണുക്കളായ യൂറോപ്യന്മാർ വെറുതെ വിടുമോ? പണക്കാരായ ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും ആദ്യം കടം കൊടുത്തു് രാജ്യത്തെ പണയപ്പെടുത്തി. ഇരട്ടി പലിശകൊണ്ടു് അവർ രാജ്യത്തിൻെറ ചാറു വാങ്ങി. പലിശ പിരിക്കാനെന്നുള്ള വ്യാജേന അവർ പടക്കപ്പലുകളെ അയച്ച് ഈജിപ്റ്റിനെ ഭീഷണിപ്പെടുത്തി. എന്നിട്ടും ഈജിപ്റ്റിൻെറ അഭിവൃദ്ധിയെ അവക്ക് തടയാൻ കഴിഞ്ഞില്ല. യൂറോപ്യൻ മുതലാളികളും സക്കാരുകളും ഒന്നുചേന്ന് രാജ്യത്തിലെ മുതലും അധികാരവും കൈവശപ്പെടുത്താൻ പല കൂടതന്ത്രങ്ങളും പ്രയോഗിച്ചുവന്നു എങ്കിലും, ഈജിപ്റ്റു് നാൾക്കുനാൾ പ്രവൃദ്ധമായിത്തീൻ എന്ന് യൂറോപ്യർ തന്നെ സമ്മതിക്കുന്നു. എന്നിരുന്നിട്ടും, ഈജിപ്റ്റ് പാപ്പരായിപ്പോയാൽ സ്വന്തം ധനം നഷ്ടപ്പെട്ടുപോയേക്കുമെന്നു് ഭാവിച്ച്, അവർ രാജ്യഭരണത്തിൽ കൈകടത്തി തുടങ്ങി. ഇൻഡ്യയിലേക്കുള്ള പെരുവഴിയിൽ സ്ഥിതിചെയ്കയാൽ ഇംഗ്ലീഷുകാക്ക് ഈജിപ്റ്റു രാജ്യത്തിൻെറ ആധിപത്യം സ്വാധീനമാക്കാനുള്ള ആശ ചില്ലറ അല്ലായിരുന്നു.

ഇതിനിടെ ൧൮൬൯-ൽ സൂവസ്തോട്ട് വെട്ടിത്തീൻ. അതിനു് ചെയ്യിപ്പിച്ച പിടിവേല എത്ര എന്നും എത്രപേരെ അതിനു് കുരുതികൊടുത്തു എന്നും കണക്കില്ല. മധ്യാഴിയും ചെങ്കടലും തമ്മിൽ ചേക്കുന്ന ഒരു തോട്ട്, പണ്ടത്തെ ഈജിപ്റ്റിലെ രാജാക്കന്മാരുടെ കാലത്തു്, ക്രിസ്തുവിനു് ൧൪൦൦ കൊല്ലംമുമ്പു്, ഉണ്ടായിരുന്നതു് നികന്നുപോയതിനെ ആണു് പിന്നെയും വെട്ടി-

ത്തെളിച്ചതു്. സൂവസ് തോട്ട് തീന്നതോടുകൂടി യൂറോപ്പും ഏഷ്യയും കിഴക്കെ ശാന്തസമുദ്രത്തിലുള്ള ആസ്ത്രേലിയയും, തമ്മിലുള്ള കച്ചോടച്ചരക്കുകളെല്ലാം ആ മാർഗ്ഗമായി കടന്നുതുടങ്ങി. അപ്പോൾ ഈജിപ്റ്ററിന്റെ മാഹാത്മ്യം ഒന്നുകൂടി വളന്നു. ഇൻഡ്യയ്ക്കും അതിന്നു കിഴക്കും കടക്കാനുള്ള നേർവ്വഴിയായതുകൊണ്ടു്, ഇംഗ്ലീഷുകാക്കു് അവിടെ പ്രാബല്യം ലഭിക്കണമെന്നുള്ള മോഹം അസാമാന്യമായിത്തീന്നു. ഈജിപ്റ്ററിലെ രാജാവായ കെഡീവിന്നു് ഉണ്ടായിരുന്ന കടം വീടാൻ മാഗ്ഗമില്ലെന്നു കണ്ടു്, ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായിരുന്ന ഡിസ്രേലി, ൧൮൭൫-ൽ സൂവസ്തോടിന്റെ പങ്കുകളെ മിക്കവാറും അയാളോടു് അല്പവിലക്കു് വാങ്ങി. അപ്രകാരം ആ തോടിന്റെ പ്രധാന പങ്കാളിയായി ഇംഗ്ലണ്ടു് ആധിപത്യം നേടി. ഈ മിടുക്കു് കണ്ടിട്ടു്, ഫ്രഞ്ചുകാരും ബാക്കിയുണ്ടായിരുന്ന പങ്കുകളെ വിലയ്ക്കു വാങ്ങി. ഈ പങ്കുകളിൽനിന്നു് ഇംഗ്ലീഷുകാക്കും ഫ്രഞ്ചുകാക്കും അനവധി ധനം ലാഭം കിട്ടുന്നതു് കൂടാതെ, ഈജിപ്റ്ററു് രാജ്യത്തിൽ നല്ലൊരു പിടിയും അവക്കു് കിട്ടി. ഇംഗ്ലീഷുകാർ വിലയായി കൊടുത്ത നാല്പതുകോടി പവന്നു് ൧൯൩൨-ാമാണ്ടു് ഒന്നുക്കു് ൩൫ ലക്ഷം പവൻ പലിശ കിട്ടി എന്നുള്ള സംഗതികൊണ്ടു് അവക്കുള്ള ലാഭത്തിന്റെ കണക്കു് ഊഹിക്കാമല്ലോ.

സൂവസ്തോടു് പങ്കുകൾക്കു് ഉടമസ്ഥത കിട്ടിയതോടുകൂടി, ഇംഗ്ലീഷുകാർ ഈജിപ്റ്ററിലെ ആഭ്യന്തരഭരണത്തിൽ കൈകടത്താൻ തുടങ്ങി. ഇംഗ്ലീഷ് ധനവിദഗ്ദ്ധന്മാരെകൊണ്ടു് അവർ ചുങ്കം പിരിപ്പിച്ചു. ഇതു് ഈജിപ്റ്ററിലെ ജനങ്ങൾക്കു് രസിച്ചില്ല. വിദേശീയരുടെ കൈകാര്യകത്തൃത്വത്തെ ഒഴിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു രാഷ്ട്രീയകക്ഷി ഉദിച്ചു. അതിന്റെ നേതൃത്വം അറബിപാഷാ എന്ന ആൾ വഹിച്ചു. അയാൾ

കേവലം കൂലിവേലക്കാരുടെ കുടുംബത്തിൽ പിറന്നു്, ഈജിപ്ററിലെ സേനയിൽ ഒരു ഭടനായി ചേൎന്നു്, സാമൎത്ഥ്യംകൊണ്ടു് യുദ്ധമന്ത്രിയായി ഉയൎന്നവനാണു്. അയാൾ ഇംഗ്ലീഷുകാരുടെയും ഫ്രഞ്ചുകാരുടെയും വരുതി കേട്ടു് നടക്കാൻ വിസമ്മതിച്ചു. അതിനു് പ്രതിക്രിയയായി ൧൮൮൨-ൽ ബ്രിട്ടീഷുകാർ യുദ്ധം ആരംഭിച്ചു. അവർ അലക്സാൺഡ്രിയാനഗരത്തെ നാവികസേനയെ കൊണ്ടു് ഉപരോധിച്ചു് തീവച്ചു. പാശ്ചാത്യസമരസന്നാഹത്തിന്റെ ഊൎജ്ജിതംകൊണ്ടു് ഈജിപ്ററുകാരെ കരക്കും കടലിലും തോല്പിച്ചു്, ബ്രിട്ടീഷുകാർ ഈജിപ്ററിന്റെ ആധിപത്യം മുഴുക്കെ സമ്പാദിച്ചു. അന്നുമുതൽ ഇംഗ്ലീഷുകാർ ആ രാജ്യത്തിൻെറ മേൽക്കോയ്മസ്ഥാനം വഹിക്കാൻ തുടങ്ങി.

അപ്രകാരം ചെയ്തതിൽ പരസ്പരരാജ്യനിയമസംബന്ധമായി (international) ഒരു വിഷമം നേരിട്ടു. തുൎക്കി സാമ്രാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു ഈജിപ്ററു് രാജ്യം. ഇംഗ്ലണ്ടും തുൎക്കിയും മിത്രത്വത്തിൽ വൎത്തിച്ചിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ, തുൎക്കി സാമ്രാജ്യത്തിൻെറ ഒരു ഭാഗത്തെ ഇംഗ്ലീഷുകാർ കൈവശപ്പെടുത്തുന്നതെങ്ങനെ എന്നായിരുന്നു തൎക്കം. അതിനു് ഇംഗ്ലീഷുകാർ ഒരു വഴി കണ്ടുപിടിച്ചു. ഇൻഡ്യയിലെ വൈസ്രായിയെ പോലെ, അവിടെ അവർ ഒരു രാജപുരുഷനെ നിയമിച്ചു. അതിനു് വിപരീതം പറയാൻ കെഡിവു് രാജാവിനു് ശക്തി ഇല്ലായിരുന്നു. ആദ്യത്തെ ബ്രിട്ടീഷ് രാജപുരുഷൻ മേജർ ബാറിങ്ങ് ആയിരുന്നു. അയാൾ തന്നെയാണു് പ്രഭുപദം കിട്ടിയപ്പോൾ ക്രോമർ പ്രഭുവായതു്. അയാൾ ഇരുപത്തിഅഞ്ചു് കൊല്ലം ഈജിപ്ററിൽ സപശക്തിയോടെ ഭരണം നടത്തി. പലിശ ഈടാക്കുന്ന വിഷയത്തിലായിരുന്നു ക്രോമറുടെ പ്രധാനദൃഷ്ടി. ജനങ്ങളുടെ വിദ്യാഭ്യാസാഭിവൃദ്ധിയിലോ ക്ഷേമത്തിലോ അയാൾക്കു്

വലിയ താല്പര്യമൊന്നും ഉണ്ടായിരുന്നില്ല. കാൽ ശതവ-ഷ്ക്കാലത്തെ ഭരണം കൊണ്ടു് കടത്തിന്റെ ഒരു കാശു-പോലും കുറഞ്ഞില്ല! സ്വദേശീയർ ഒരു സർവ്വകലാശാല തുടങ്ങാൻപോലും അയാൾ സമ്മതിച്ചില്ലത്രേ!

ഈജിപ്റ്റുകാക്കു് ഈ ഭരണം തീരെ രസിച്ചില്ലെ-ന്നുള്ളതു സ്വാഭാവികമാണല്ലോ. ഫ്രഞ്ചുകാക്കും മററു യൂറോപ്യൻ രാജ്യക്കാക്കും ഇംഗ്ലീഷുകാരുടെ ഭരണത്തിൽ വിപ്രതിപത്തി ജനിച്ചു. ഇംഗ്ലീഷുകാർ നേടിവന്ന ലാഭം അവക്കാക്കും ലഭിച്ചിരുന്നില്ല. കടം കൊടുത്ത പണം കിട്ടിയാൽ ഉടനെ ഈജിപ്റ്ററിൽ നിന്നിറങ്ങിക്കൊള്ളാം; അതിനാൽ ആ രാജ്യത്തെ ബ്രിട്ടീഷ് രാജ്യമാക്കുമെന്നു് ആരും ശങ്കിക്കേണ്ട; എന്നു് നൂറായിരം പ്രാവശ്യം ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തു. എന്നിട്ടും അവർ ആ രാജ്യത്തിന്റെ മേലായ്മയെ വെടിഞ്ഞില്ല.

൧൯൦൪-ൽ ഫ്രഞ്ചുകാരുമായി ഇംഗ്ലീഷുകാർ ഒരു ഉടമ്പടി ചെയ്തു. അതിൻപ്രകാരം മൊറാക്കോ എന്ന രാജ്യത്തു് ഫ്രഞ്ചുകാർ ഇഷ്ടംപോലെ പ്രവത്തിച്ചു കൊ-ള്ളുന്നതിനു് ഇംഗ്ലീഷുകാർ സമ്മതിച്ചു. അതിനു് പ്രതി-ഫലമായി ഈജിപ്റ്ററിൽ ഇംഗ്ലീഷുകാർ സ്വതന്ത്രമായി വാണുകൊള്ളാൻ ഫ്രഞ്ചുകാരും അനുവദിച്ചു. ഈജിപ്-ററിലെ ന്യായക്കോടതികൾക്കു് ബ്രിട്ടീഷരെയോ മററു യൂറോപ്യരെയോ വിസ്തരിക്കാൻ അനുവാദമില്ലായിരുന്നു. അതിനാൽ അവരെ വിസ്തരിക്കാൻ വിദേശീയകോടതി-കൾ സ്ഥാപിക്കപ്പെട്ടു. യൂറോപ്യരുടെ മേൽ കരം ചുമ-ത്തിക്കൂടായിരുന്നു. കരം കൊടുക്കാതെ അവക്കു് രാജ്യ-ത്തിൽ താമസിക്കാം; കോടതികൾക്കു് അവരെ ശിക്ഷി-ക്കാൻ അധികാരവും ഇല്ല, ഇഷ്ടംപോലെ അവക്കു് നാട്ടിൽ പ്രവത്തിക്കയും ആവാം; നല്ല സുഖംതന്നെ!

ഇങ്ങിനെ ഇംഗ്ലീഷ്കാർ വലിയ പദവിയേററ് യഥേഷ്ടം നാട്ടിൽ വിളയാടുന്നതു് സ്വദേശസ്നേഹികളായ ഈജിപ്റ്റുകാർക്കു മനസ്താപത്തിനു് കാരണമായി. പത്തൊമ്പതാം ശതകത്തിൽ ജമാലുദിൻ അഫ്ഘാനി എന്നൊരു സ്വരാഷ്ട്രസ്നേഹിയായ മതപ്രവാചകൻ മുതിൎന്നു. അയാൾക്കു് ഇസ്ലാംമതത്തെ നവീനസാമുദായികസ്ഥിതിക്കു് അനുസരണം പരിഷ്കരിച്ചു്, ജനങ്ങൾക്കു് രാഷ്ട്രീയബോധം ജനിപ്പിക്കണമെന്നായിരുന്നു ഉദ്ദേശ്യം. കൊറാനിലെ വാക്യങ്ങളെ നവീനദൃഷ്ട്യാ അയാൾ വ്യാഖ്യാനിച്ചു. അയാളുടെ ഉപദേശങ്ങൾ ഈജിപ്റ്റിൽ മാത്രമല്ല, മററുള്ള അറബിരാജ്യങ്ങളിലും പരന്നു.

കച്ചോടം വർദ്ധിച്ചതോടുകൂടി ധനികരായ ഇടത്തരക്കാർക്കു് പ്രാബല്യം സിദ്ധിച്ചു. പുതുരാഷ്ട്രീയബോധം ഏതു നാട്ടിലും ഈ മുതലാളിവൎഗ്ഗത്തിൽനിന്നാണു് മുളയ്ക്കുന്നതു്. നവീനരാഷ്ട്രീയവർഗ്ഗക്കാർക്കു് സയ്യദ് സഗ്ളൂൽ പാഷാ എന്നയാൾ നേതൃത്വംവഹിച്ചു. ഈജിപ്റ്റിൽ മിക്ക ജനങ്ങളും മുസ്ലീമിങ്ങളാണു്. എളിയ കക്ഷിക്കാരായി ഏതാനും ക്രിസ്ത്യാനികളായ കാപ്ട്ടു് ജനങ്ങളുമുണ്ടായിരുന്നു. ഈ കാപ്ട്ടുകൾ പണ്ടത്തെ സാക്ഷാത് മിസ്രാജനങ്ങളുടെ സന്താനങ്ങളായിരുന്നു. ഇസ്ലാമികളും കാപ്ട്ടുകളും തമ്മിൽ വാസ്തവത്തിൽ കലഹമൊന്നുമില്ലായിരുന്നു. എങ്കിലും അവരെ തമ്മിൽ തല്ലിക്കാൻ പല ഉദ്യമങ്ങളും നടക്കാതിരുന്നില്ല. ഇങ്ങനെ ഇരിക്കുന്ന അവസ്ഥയിലാണു് ജമ്മൻ മഹാസമരം ൧൯൧൪-ൽ ആരംഭിച്ചതു്. അതിൽ തുൎക്കി ജമ്മനിയോടു് ചേരുകയാൽ, ഇംഗ്ലണ്ടിനും ഫ്രാൻസിനും വിരോധമായി. ആ യുദ്ധത്തിൽ ജമ്മനി തോററപ്പോൾ, ഇംഗ്ലീഷ്കാർ ഈജിപ്റ്റിനെ ബ്രിട്ടീഷ് രാജ്യമാക്കാൻ ഉദ്ദേശിച്ചു. പക്ഷേ, അതിനു പ്രതിബന്ധങ്ങൾ ഉണ്ടാകയാൽ സംരക്ഷിതരാജ്യമാക്കി.

ആഫ്രിക്ക ഭൂഖണ്ഡത്തിലെ മററു ഭാഗങ്ങളും യൂറോപ്യന്മാരുടെ അധിവാസഭൂമികളായി. നാട്ടുകളെ പിടിക്കയും പങ്കിടുകയും ചെയ്യുന്നതിൽ അവരോട് ചോദിക്കാൻ ആരും ഉണ്ടായില്ല. ബ്രിട്ടീഷുകാരും, ഫ്രഞ്ചുകാരും, ബെൽജിയൻകാരും, ഇററലിക്കാരും, പറങ്കികളും, ഓരോ ഭാഗങ്ങളെ കയ്യുലാക്കി. അബിസീനിയന്മാരോട് മാത്രം ഇററലിക്കാർ തോററു. ആ തോലിക്കു പകരം തീക്കാനാണ്, ഇതാ ഇപ്പോൾ മസ്സോലൈനിയുടെ ഉത്സാഹത്തിൽ ഇററാലിയന്മാർ ആ രാജ്യം പിടിച്ചതു്. ഈ സർവ്വസ്വാപഹാരത്തിൽ നടത്തിയിട്ടുള്ള ഭയങ്കരനടപടികളെ വിസ്തരിക്കാവതല്ല. അത്രക്കു ഹീനതമങ്ങളായ പ്രവൃത്തികൾ നടന്നിട്ടുണ്ടു്. കാങ്ഗോ എന്ന ദേശത്തെ ബെൽജിയൻകാർ പിടിച്ചതിൽ ചെയ്തിട്ടുള്ള അതിക്രമങ്ങൾ അനിർവ്വാച്യങ്ങളാകുന്നു. കറുത്ത മനുഷ്യർ നരകസങ്കടം അനുഭവിച്ചിട്ടുണ്ടു്.

ആഫ്രിക്കയുടെ ഉൾനാട്ടുകൾ ഇന്നും പലേടവും അജ്ഞാതങ്ങളായുണ്ടു്. പത്തൊമ്പതാം ശതകത്തിൻെറ ഉത്തരാർദ്ധത്തിലാണു് ഡേവിഡ് ലിവിങ്സ്റ്റൺ എന്ന സ്കാട്ടിഷ് പാതിരിയും ഹെൻറ്റി സ്റ്റാൻലി എന്ന പത്രപ്രവർത്തകനും സഞ്ചരിച്ച് ഏതാണ്ടെല്ലാം മനസ്സിലാക്കിയതു്.

# എൺപത്തി ആറാം അദ്ധ്യായം

## തുർക്കിസംസ്ഥാനത്തിൻെറ ശനിദശ.

ഒരു ഇസ്ലാംരാജ്യത്തു് നിന്നു് അടുത്ത ഇസ്ലാംരാജ്യത്തേക്കു് നമുക്കു് കടക്കാം. ഈജിപ്ററിൽ നിന്നു് തുർക്കിയിൽ എത്താൻ മദ്ധ്യാർണ്ണവം അക്കരെ പിടിച്ചാൽ മതി. മുസ്ലീം സാമ്രാജ്യം മദ്ധ്യാർണ്ണവത്തിനു് ചുററും ഒരു കാലത്തു് വിളങ്ങിയിരുന്നു. തുലുക്കപ്പട എന്നു് കേട്ടാൽ യൂറോപ്പു് ആസകലം നടുങ്ങുമായിരുന്നു. തുരുഷ്കരെ ദാനവന്മാരായി കൃസ്ത്യാനി യൂറോപ്യന്മാർ ഭയപ്പെട്ടിരുന്ന കാലം പോയി, കാട്ടുമൃഗങ്ങളെപ്പോലെ അവർ തുരുഷ്കരെ കടിക്കാൻ തുടങ്ങി. വേനൽ മൂക്കുന്ന ക്രമത്തിനു് പുഴയിലെ വെള്ളം വററി ആററുമാലി തെളിഞ്ഞു് വരുമ്പോലെ, വീയന്നാനഗരത്തിൻെറ ഗോപുരദ്വാരം വരെ കയറിവന്ന തുരുഷ്കർ നാലുകുനാലു പിൻവലിഞ്ഞു് തുർക്കിയിൽ മാത്രമായി വന്നു് നിലച്ചു. യൂറോപ്പിൽ രാഷ്ട്രീയബോധോദയം വന്നതോടു കൂടി റഷ്യ, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, ഇററലി, ആസ്ത്രീയ എന്നിങ്ങനെ പ്രബലങ്ങളായ കൃസ്ത്യാനി രാജ്യങ്ങൾ ഉദിച്ചു. കൃസ്ത്യാനികളുടെ ഇടയിൽ വിമതസ്ഥരായി തുർക്കിയിൽ വന്നു തങ്ങിയ തുരുഷ്കരെക്കൂടി ഓടിക്കാൻ എന്തുള്ളു വഴി എന്നു് യൂറോപ്യർ എന്നും നോക്കി നിലകൊണ്ടു.

൧൩൫൩-ലാണു് ചിന്നേഷ്യയിൽ നിന്നു് യൂറോപ്പിൽ തുരുഷ്കർ ടർക്കിയിൽ കുടിയുറപ്പിച്ചതു്. തലസ്ഥാനമായ കാൺസ്റ്റാൻറിനോപ്പിൾ അവർക്കു് കൈവശപ്പെട്ടതു് പിന്നെയും ഏതാണ്ടു് നൂറു കൊല്ലത്തിനു് മേൽ, ൧൪൫൩-ലാണു്. പശ്ചിമേഷ്യയിൽ നിന്നു് കൊടുംകാ-

റവുപോലെ അടിച്ചു കയറിയ താമർലേൻ, തുർക്കി സുൽ-ത്താനെ അംഗോറയിൽ വെച്ചു തോല്പിച്ചുവെങ്കിലും, ക്ഷണേന അവർ പുനരുജ്ജീവിച്ചു. ൧൪൩൧ മുതൽ അഞ്ചരശതവർഷം ഓട്ടോമാൻ വർഗ്ഗക്കാർ തുർക്കി സാമ്രാ-ജ്യത്തെ നിലനിറുത്തി.

ഇത്ര ഏറിയ കാലം യൂറോപ്പിൽ അധിവസിച്ചിട്ടും തുർക്കികൾ അവരുടെ പുരാതനസംസ്കാരത്തെ വെടിഞ്ഞില്ല. കച്ചോടവും വ്യവസായവും ചുററും അഭിവൃദ്ധിപ്പെട്ടു വരു-ന്നതും, ഏടത്തരക്കാരായ മുതലാളി പ്രഭുക്കന്മാർ വമ്പരാ-യിത്തീരുന്നതും അവരുടെ കണ്ണിനു് മുമ്പിൽ കണ്ടുകൊ-ണ്ടിരുന്നെങ്കിലും, തുരുഷ്കൎക്കു് ആ മാതിരി സംരംഭങ്ങളിൽ ലേശം പോലും ഔത്സുക്യമുണ്ടായില്ല. വീരായോധന-ത്തിനു് അവർ സന്നദ്ധരായിരുന്നു. കട്ടംചട്ടത്തിലുൾ-പ്പെട്ടു് നടക്കുന്നതിനു് അവർ തയ്യാറായിരുന്നു. യുദ്ധമി-ല്ലാതെ സമാധാനമുള്ള കാലത്തു് സുഖജീവിതത്തിനു് അത്യാസക്തരും, ചവുട്ടിയാൽ തിരിഞ്ഞു കടിക്കുന്ന ക്രൂര-സൎപ്പങ്ങളും, ആയിരുന്ന തുരുഷ്കരെ പണ്ടത്തെ സൈ-കതസഞ്ചാരവാസന ഒരിക്കലും വെടിഞ്ഞിട്ടില്ല. പരിതഃസ്ഥിതിക്കനുസരിച്ചു് പ്രവണത വരാത്ത ജാതി-യായിരുന്നു തുരുഷ്കർ. അതുനിമിത്തം യൂറോപ്യരും തുർക്കി-കളുമായി എന്നും കലഹമായിരുന്നു.

ഓട്ടോമാൻ സാമ്രാജ്യത്തിൻെറ ഇരിപ്പിടമോ എന്നു വെച്ചാൽ, മൂന്നു് മഹാഭൂഖണ്ഡങ്ങളുടെ പടി വാതുക്കലാ-ണു് സ്ഥിതിചെയ്തതു്. പണ്ടേക്കുപണ്ടേ സകല വ്യാപാ-രവും ആ മാൎഗ്ഗത്തിൽ കൂടി കടന്നു" അന്നു തൊട്ടു് പ്രാ-മാണ്യം സിദ്ധിച്ചിരുന്നു അവിടം. അല്പമെങ്കിലും വശത-യോ വാസനയോ ഉണ്ടായിരുന്നെങ്കിൽ പുതുപരിഷ്കാര-ത്തിൽ അഗ്രഗണ്യത സമ്പാദിക്കാൻ അവിടത്തുകാൎക്കു് ഒരു വിഷമവും ഉണ്ടായിരുന്നില്ല. കച്ചോടത്തിലും മററു്

ഏതു വ്യാപാരത്തിലും ഒന്നാംപന്തി പിടിക്കാൻ ബഹുഎളുപ്പമായിരുന്നു. മററുള്ളവർ ചെയ്യുന്നതു് കണ്ടിട്ടുപോലും അതിനെ അവർ വെറുത്തിരുന്നു! അതു കൂടാതെ, പുരാതനകച്ചോടപ്പെരുവഴിക്കു് കുറുകെ കയറി ഇരുന്നു് വഴി മുട്ടിക്കയും ചെയ്തപ്പോൾ, തുരുഷ്കരെ തുലയ്ക്കണമെന്നു് മററു് യൂറോപ്യൻ രാജ്യക്കാക്കു് തോന്നിയതിൽ ഒട്ടും അത്ഭുതമില്ല. മതവ്യത്യാസവും വൈരത്തിനു് നിദാനമാണല്ലോ. പണ്ടു പുണ്യസമരകാലം മുതൽ കുരിശും കലയും പടവെട്ടിത്തുടങ്ങി. അതു് ഒന്നുകൂടി മൂത്തു.

ഏറിയ കാലമായി മഹമ്മദീയസാമ്രാജ്യങ്ങൾ, വിശേഷിച്ചു് ഈജിപ്ററും തുക്കിയും, അടിമപ്പട്ടാളത്തിന്റെ സഹായംകൊണ്ടാണു് നിലനിന്നതു്. ഈജിപ്ററിൽ മാമലൂക്കുകൾ പ്രബലന്മാരായ കഥ മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ ഓട്ടോമാൻ സാമ്രാജ്യത്തിന്റെ പ്രാബല്യം ജാനിസ്സരികൾ എന്ന അടിമപ്പട്ടാളത്തിന്റെ ശക്തികൊണ്ടാണു് ഉണ്ടായതു്. ഈ ജാനിസ്സരികൾ കൃസ്ത്യൻഅടിമകളായിരുന്നു. ബാല്യകാലം മുതൽതന്നെ അവരെ യുദ്ധത്തിനു് പരിശീലിപ്പിച്ചു വന്നു. ഈജിപ്ററിൽ മാമലൂക്കുകളെ പോലെ, ജാനിസ്സരികൾ ഭരണകത്താക്കളായില്ല എങ്കിലും, വലിയ ഉദ്യോഗങ്ങൾ അവക്കു് കിട്ടി. അവരുടെ മക്കൾ ഇസ്ലാംമതത്തിൽ ചേന്നു. എന്നിട്ടും ആദ്യമായി ജാനിസ്സരിയായി ചേക്കുന്നതു കൃസ്ത്യൻ അടിമകളെ തന്നെ ആയിരുന്നു. ഇതു് ഒരു നേരമ്പോക്കായി തോന്നിയേക്കാം. എങ്കിലും നല്ലൊരു ഏപ്പാടായി വളരെക്കാലം ഇങ്ങനെ തുക്കിയിൽ നടന്നു. ബാല്യത്തിൽ തന്നെ നല്ല പെൺകുട്ടികളെ അടിമകളായി സുൽത്താന്റെ അന്തഃപുരത്തിൽ കൊണ്ടാക്കി, അവരിൽ സന്താനങ്ങൾ ജനിക്കുമ്പോൾ അവക്കു ജാനിസ്സരികളുടെ പരിശീലനം കൊടുത്തുവന്നു. പതിനെട്ടാംശതകത്തിൽ

ഉണ്ടായിരുന്ന മിക്ക സുൽത്താന്മാരും അടിമപ്പെണ്ണുങ്ങളുടെ മക്കളായിരുന്നു. ഇതും ഒരു വിശേഷനടപ്പാണു് തുക്കിയിൽ. യൂറോപ്പിലോ ഏഷ്യയിലോ ഇങ്ങനെ ഉണ്ടായിട്ടില്ല.

കഴിഞ്ഞ രണ്ടു നൂററാണ്ടിലെ തുക്കിയുടെ ചരിത്രം മിക്കവാറും കലഹപരിപൂർണ്ണമാകുന്നു. റഷ്യയുടെ മുതല, വായിൽ തുക്കി കിടന്നു് സങ്കടം അനുഭവിച്ചു. ഗ്രീസ്സ്, രുമേനിയാ, സർവിയ, ബംഗേറിയാ, മാൺടനിഗ്രോ ബോസ്നിയാ എന്ന ബാൽക്കൻ സംസ്ഥാനങ്ങൾ, മുമ്പു് ഓട്ടോമാൻ സാമ്രാജ്യത്തിൻെറ ഭാഗങ്ങളായിരുന്നവ, ഓരോന്നായി വിട്ടു പിരിഞ്ഞു. ൧൮൨൯-ൽ ഇംഗ്ലണ്ടിന്റേയും ഫ്രാൻസിൻെറയും റഷ്യയുടെയും സഹായത്തോടെ ഗ്രീസ്സ് സ്വതന്ത്രമായി. ബംഗേറിയയും, സർവിയയും, റഷ്യയെപ്പോലെ സ്ലാവു് (Slav) ജനങ്ങളാൽ അധ്യുഷിതങ്ങളായിരുന്നു. അതുകൊണ്ടു് അവയുടെ അധിനാഥത്വം റഷ്യക്കു് ഉണ്ടെന്നു് ഭാവിച്ചു് അവർ തുക്കിയിൽനിന്നു് പിരിഞ്ഞു. സത്യത്തിൽ റഷ്യൻചക്രവത്തിക്കു് പുരാതനസാമ്രാജ്യതലസ്ഥാനമായ കാൺസ്റ്റാന്റിനോപ്പിൾ കൈക്കലാക്കണമെന്നുള്ള ആശ ഏറിയകാലം മുമ്പു് മുതൽ ഉദിച്ചിരുന്നതാണു്. അതിനു് ഭീഷണി കാണിക്കാനാണു് ബാൽക്കൻ സംസ്ഥാനങ്ങളെ സഹായിച്ചതു്. ൧൭൬൮-ൽ മുതലിച്ച റസ്സോതുക്കിയുദ്ധം തുടരെത്തുടരെ, ൧൮൭൮-ാമാണ്ടു് വരെ മദ്ധ്യേ മദ്ധ്യേ സമാധാനങ്ങളോടുകൂടി നീണ്ടുനിന്നു. ൧൭൮൩-ൽ ക്രിമിയാദ്വീപത്തെ തുക്കിയോടു റഷ്യ തട്ടിപ്പറിച്ചു. എന്നിട്ടും ഫലമുണ്ടായില്ല: കരിങ്കടലാകുന്ന കുപ്പിയുടെ കഴുത്തിൻെറ ഭാഗത്തായിരുന്നു കാൺസ്റ്റാന്റിനോപ്പിൾ നഗരത്തിൻെറ സ്ഥിതി. അതു സ്വാധീനമാകാത്തിടത്തോളം; ക്രിമിയാദ്വീപം കിട്ടിയതുകൊണ്ടു് കടലിൽ അടഞ്ഞു കിടക്കാനല്ലാതെ റഷ്യക്കു് നിർവ്വാഹമില്ലായിരുന്നു. തുക്കിയുടെ ഓരോ ഭാഗമായി റഷ്യ

പിടിച്ചുകയറി. തുക്കികൾ ഗ്രീക്കകാരുമായി യുദ്ധത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ, റഷ്യർ കാൺസ്റ്റാന്റിനോപ്പിൾ പിടിക്കമായിരുന്നു. ആസ്ത്രിയയും ഇംഗ്ലണ്ടുമാണു് അതിനു സമ്മതിക്കാഞ്ഞതു്. തുക്കിയോടുള്ള സ്നേഹമല്ല അതിനു കാരണം; റഷ്യർ ഇൻഡ്യയ്ക്കു് അടുത്തു വരുമെന്ന ഭയമായിരുന്നു. കാൺസ്റ്റാന്റിനോപ്പിൾ കിട്ടിയാൽ നാവികസേന ഉറപ്പിക്കുന്നതിനു റഷ്യക്കു് നല്ല തുറമുഖം കിട്ടുമെന്നായിരുന്നു ഭയം. ആസ്ത്രിയക്കും റഷ്യയോടു മത്സരമുണ്ടായിരുന്നു. ബാൽക്കൻ ദേശങ്ങൾ കൈക്കലാക്കണമെന്നായിരുന്നു ആസ്ത്രിയയുടെ മോഹം. ഇങ്ങനെ തുക്കി നാലു പുറവും ശക്തിമാന്മാരായ ശത്രുക്കളാൽ പരിവേഷ്ടിതനായി ദീനനായി ചമഞ്ഞു. റഷ്യൻചക്രവത്തിയാണു് തുക്കിക്കു് "യൂറോപ്പിലെ ദീനൻ" എന്ന പേർ കൊടുത്തതു്. ൧൮൫൩-ൽ തുക്കിയെ നിശ്ശേഷം ഹനിക്കാൻ റഷ്യർ തുടങ്ങി. അതാണു് ക്രിമിയൻ യുദ്ധത്തിൽ പരിണമിച്ചതു്. അതും ഇംഗ്ലീഷ്കാരുടെ വിരോധംകൊണ്ടു് ഫലിച്ചില്ല. ൧൮൭൭-ൽ പിന്നെയും റഷ്യ തുക്കിയോടു് എതിരിട്ടു. എന്നിട്ടും കാൺസ്റ്റാന്റിനോപ്പിൾ കിട്ടിയില്ല. ആ യുദ്ധത്തിന്റെ പരിണാമത്തിൽ ബർല്ലിനിൽ വെച്ചു് നടന്ന ഉടമ്പടിപ്രകാരം, ബൾഗേറിയാ, സർവിയ, രുമേനിയ, മാൺടനിഗ്രോ, എന്ന രാജ്യങ്ങൾ സ്വതന്ത്രങ്ങളായി; തുക്കിയുടെ വകയായിരുന്ന ബാസ്നിയയും ഹർസിഗോവിനയും ആസ്ത്രിയ പററിച്ചു; ബ്രിട്ടീഷ്കാർ സഹായിച്ചതിനു് പ്രതിഫലമായി സൈപ്രസ്സ് ദ്വീപം സമ്മാനമായി വാങ്ങി. പിന്നീടു് റഷ്യയും തുക്കിയുമായി ഉണ്ടായ കലഹം ൧൯൧൪ ജർമ്മൻ മഹായുദ്ധത്തിലായിരുന്നു.

൧൯൧൨—ാമാണ്ടു് റഷ്യരുമായുണ്ടായ യുദ്ധത്തിൽ തോററതോടുകൂടി തുക്കികൾക്കു് മററു യൂറോപ്യൻ രാജ്യ-

ക്കാരെ അപേക്ഷിച്ചുള്ള അപരിഷ്കൃത സ്ഥിതി വെളി-വായി. അന്നു് മുതൽ ആ ന്യൂനതക്കു് പരിഹാരമുണ്ടാ-കണമെന്നുള്ള ആഗ്രഹം ജനിച്ചു. ആദ്യമായി പട്ടാ-ളത്തെ ഉടച്ചുവാർത്തു. സൈനികശക്തികൊണ്ടുമാത്രം ഉയർന്നുവന്ന സമുദായത്തിനു് അങ്ങിനെ തോന്നുന്നതു് യുക്തമാണല്ലോ. ഭരണപരിഷ്കാരം വേണമെന്നു് തോ-ന്നിയതു് പിന്നീടാണു്. പ്രഭുക്കളും ഗ്രാമീണരും എവി-ടേയും പരിഷ്കാരവിമുഖന്മാരായിട്ടാണു് കാണുമാറുള്ളതു്. പഴയ രീതിയിൽ എല്ലാം എന്നും നടക്കണം എന്നാണു് അവക്കു് മോഹം. പ്രഭുക്കൾക്കു് അധികാരം മുഴുക്കെ-വെച്ചു കൊള്ളണമെന്നും, ഗ്രാമീണക്കു് നിരുപദ്രവമായി നിത്യകാര്യങ്ങൾ നടന്നുകൊണ്ടാൽ മതി എന്നും തോന്നു-ന്നതു് സഹജമാണു്. അന്തരാളസ്ഥരായവരാണു് ഏതു് നാട്ടിലും പരിഷ്കാരപ്രിയന്മാർ. ഈ മാതിരി ഇടത്ത-രക്കാർ തുർക്കിയിൽ ഇല്ലാതിരുന്നതു് നിമിത്തം, ഏറിയ കാലം സുൽത്താന്റെ സ്വേച്ഛാഭരണം നടന്നു. ൧൮൫൬-ൽ ക്രിമിയൻ യുദ്ധം അവസാനിച്ചപ്പോൾ, മേലാൽ പഴയ രീതിയിലുള്ള അനിയന്ത്രിതസ്വാതന്ത്ര്യഭരണം ദോഷഫ-ലപ്രദമാണെന്നു് കണ്ടു്, മിധാത്തു്പാഷായുടെ നേതൃ-ത്വത്തിൽ ഏതാനും സംഘക്കാർ പ്രജാസഭാസൃഷ്ടി വേണമെന്നു് നിർബന്ധിച്ചു. ആളുകൾ ബഹളം കൂട്ടുക-യാൽ, സുൽത്താൻ അതു് അനുവദിച്ചു. പക്ഷേ അചി-രേണ പ്രജാസഭയെ അദ്ദേഹം പിരിച്ചു വിട്ടു. ബൾഗേ-റിയ പിരിഞ്ഞതും, റഷ്യ പിന്നെയും യുദ്ധം ആരംഭി-ച്ചതുമാണു് അതിനു കാരണം. യുദ്ധച്ചിലവും രാജകുടും-ബത്തിനും മേലുദ്യോഗസ്ഥന്മാക്കുമുണ്ടായിരുന്ന ചിലവും, താങ്ങാൻ ശേഷിയില്ലാതെ തുക്കി പാപ്പരായി. വിദേശീയ-രോടു് കടം കൊള്ളുക അല്ലാതെ നിവാഹമില്ലെന്നായി. ഈ സാമ്പത്തികാധഃപതനത്തിൽ ഭരണപരിഷ്കാരചിന്ത

അസ്തമിച്ചു. വിദേശീയ ധനവിദഗ്ദ്ധന്മാർ തുർക്കിയിലെ ആയവ്യയഭരണം കയ്യേററു. ഭരണപരിഷ്കാരം നിലച്ചു. പഴയ അറപ്പുരയെ പുത്തൻ ബംഗ്ലാവാക്കാൻ കഴിയുമോ? പണിത്തരം രണ്ടും രണ്ടാണല്ലോ.

ഇരുപതാം ശതവർഷം ആരംഭിച്ചപ്പോൾ, യുവാക്കളായ സേനാനിപ്രമാണികൾ ചേൎന്ന് ഒരു യുവസംഘം ഉണ്ടാക്കി. ആ സംഘക്കാരുടെ കരുത്ത് പാശ്ചാത്യരീതിയിലുള്ള ഭരണപരിഷ്കാരമായിരുന്നു; ഫവ്വാദ്പാഷ സൃഷ്ടിച്ച പ്രജാസഭയെ പുനരുജ്ജീവിപ്പിക്കണമെന്നുമായിരുന്നു. അന്നത്തെ സുൽത്താൻ അബ്ദുൾ ഹമീദ് രണ്ടാമനായിരുന്നു. അയാൾ ഫവ്വാദ്പാഷ സ്ഥാനം കയ്യേററതു മുതൽ ദുസ്സ്വാതന്ത്ര്യങ്ങൾ നടത്താൻ ആരംഭിച്ചു. ഭരണപരിഷ്കാരമെന്നുള്ളത് അയാൾക്ക കേട്ടുകൂടായിരുന്നു. ബൾഗേറിയയിലും ആർമീനിയയിലും അയാൾ ചെയ്തിട്ടുള്ള മഹാതിക്രമങ്ങൾക്ക് കണക്കില്ല. ക്രൂസ്തീയരായ അവിടത്തെ ജനങ്ങളെ നായ്ക്കളെപ്പോലെ കൂട്ടക്കൊല ചെയ്യിപ്പിച്ച മഹാരാക്ഷസനായിരുന്നു അയാൾ. "വലിയ ആരാച്ചാർ" എന്നാണ് അയാളെ ഗ്ലാഡ്സ്റ്റൺ എന്ന ഇംഗ്ലീഷ് മന്ത്രിപുംഗവൻ പേരിട്ടതു്. മററുള്ള രാജാക്കളെയും ജനങ്ങളെയും കൂട്ടിത്തല്ലിക്കാൻ സുൽത്താൻ നല്ല വിരുതനായിരുന്നു. ഉപജാപങ്ങളെക്കൊണ്ടും അക്രമങ്ങളെക്കൊണ്ടും ദുസ്സ്വാതന്ത്ര്യം നിലനിറുത്തി വന്നു. ഭരണപരിഷ്കാരേച്ഛുക്കളെ വിരട്ടിവിട്ടു. അയാൾ മറെറാരു സൂത്രമാരംഭിച്ചു. തുർക്കി സുൽത്താൻ ഖാലീഫ് കൂടിയാണെന്നു് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. മതാദ്ധ്യക്ഷ്യത്തിന്റെ ലക്ഷ്യമാണു് ഖാലീഫ് സ്ഥാനം. അതിനെ ആധാരമാക്കി മുസ്ലീം രാജ്യങ്ങളെ ആകെ കൂട്ടിപ്പിടിച്ചു് ഒരു മുസ്ലീം സാമ്രാജ്യസഖ്യം ഏർപ്പെടുത്താൻ അയാൾ ശ്രമിച്ചു. അതു് ഫലിപ്പിച്ചാൽ, തുർക്കി ജനങ്ങളുടെ ഭരണപരിഷ്കാ-

രത്തിന്നുള്ള എടുത്തുചാട്ടങ്ങളെല്ലാം അടക്കിക്കളയാ-മെന്നും, മററുള്ള യൂറോപ്യൻ രാജ്യക്കാരുടെ അഹംകാര-ങ്ങളെ തട്ടുക്കാമെന്നുമായിരുന്നു സുൽത്താൻെറ പോരു്. പക്ഷേ, ആ സഖ്യം നടന്നില്ല. എന്നു മാത്രമല്ല, തുക്കി-കളുടെ രാഷ്ട്രീയബോധം മികച്ചുവരികയാൽ അവരോടു് തോററു് സ്ഥാനഭ്രഷ്ടനാകയാണു് ഉണ്ടായതു്.

തുക്കികൾ മഹമ്മദീയരും, ആമ്മീനിയർ ക്രൂസ്ത്യാ-നികളും ആയിരുന്നെങ്കിലും, സുൽത്താൻെറ ദ്രോഹം ആയപ്പോൾ, രണ്ടുകൂട്ടരും പൂവ്വവൈരം മറന്നു് ഒത്തു ചേൻ്നു. സുൽത്താന്നു് കാശില്ലാത്ത വലച്ചിലും ചില്ലറ അല്ലായിരുന്നു. മററു രാജ്യക്കാരുടെ ശല്ല്യങ്ങളും സഹി-ക്കവയ്യാതായി. ഈ തക്കം കണ്ടു് ആസ്ത്രീയർ ബോസ്നി-യാവും ഹെർസിഗോവിനാവും സ്വരാജ്യത്തിൽ ചേത്തു. ഉത്തരാഫ്രിക്കയിൽ ഇററലിക്കാർ കയറി, ട്രിപ്പോളി എന്ന ദേശം പിടിച്ചു. നാവികസേനാബലം ഇല്ലാതെ സുൽ-ത്താൻ എന്തു ചെയ്യും? അവിടം വിട്ടുകൊടുത്തു. ഉടനെ ബൾഗേറിയയും, സർവിയയും, ഗ്രീസ്സും, മാൺടനി-ഗ്രോവും, ഒരു ബാൽക്കൻ സംഘമായിച്ചേൻ്നു്, തുക്കിയെ യൂറോപ്പിൽനിന്നു ബഹിഷ്കരിക്കാൻ ഉദ്യമിച്ചു. ൧൯൧൨-ൽ ആയിരുന്നു ഈ ഉദ്യമം. ഭരണപരിഷ്കാരികളായ സ്വരാഷ്ട്രീയരുടേയും വിദേശീയശത്രുക്കളുടേയും ഇട-യിൽ കിടന്നു് സുൽത്താൻ ഏററവും കുഴങ്ങി. ബാൽ-ക്കൻ സംഘക്കാർ തുക്കിയിലെ മിക്ക ഭാഗവും കയ്യേറി. കാൺസ്റ്റാൻറിനോപ്പിൾ നഗരം മാത്രം സുൽത്താന്നു് ശേഷിച്ചു. പങ്കിടുന്നതിൽ ബാൽക്കൻ സംഘക്കാർ തമ്മിൽത്തല്ലാതിരുന്നെങ്കിൽ, യൂറോപ്പിൽനിന്നു് തുക്കി തുലഞ്ഞു പോകുമായിരുന്നു! ആമിഷം പങ്കിടുന്നതിൽ കലഹിക്കയാൽ ബൾഗേറിയക്കു് കിട്ടിയതെല്ലാം നശിച്ചു. ഗ്രീസ്സും സെർവിയയും, ഇടയ്ക്കു് വന്നുചാടിയ റൂമേനിയയും,

വലിയ പങ്കുകൾ നേടി. തുക്കിക്ക് എഡ്രിയാനോപ്പിൾ എന്ന പുരാതന തലസ്ഥാനനഗരം മാത്രം തിരിച്ചുകിട്ടി. ഇങ്ങനെ തുക്കി യൂറോപ്പിൽനിന്നു വിട്ടുപോകാതെ കഷ്ടിച്ചു പിടിച്ചുനിന്നു. സാമ്രാജ്യം ഉണ്ടായിരുന്നതെല്ലാം പോയി; ഈജിപ്റ്റ് ബ്രിട്ടീഷ്കാരുടെ അധീനത്തിലായി; മററുള്ള രാജ്യഭാഗങ്ങളും പോയി; കേവലം ജീവച്ഛവമായി തുക്കി നിലകൊണ്ടു. അപ്പോഴാണു് ജമ്മനി ഫസ്ററ് മഹായുദ്ധമാരംഭിച്ചതു്. കുറെക്കാലമായിത്തന്നെ ജമ്മന്മാർ കിഴക്കൻ നാട്ടുകളിലേക്കു് കണ്ണുവെച്ചു തുടങ്ങിയിരുന്നു. ആ ആനുക്രൂല്യം കണ്ടു് ഭ്രമിച്ചു്, തുക്കി ജമ്മനിയോടു് ചേന്നു. പിന്നീടു് നടന്ന കഥ ഇനി ഒരു അദ്ധ്യായത്തിൽ പറയാം.

യുവജനസംഘത്തിൻെറ പ്രമാണിയായി നിന്നതു് എൻവാർബേ എന്ന ആളായിരുന്നു. അന്നേതന്നേ മുസ്തഫാ കെമൽ ഉയന്നുവന്നു തുടങ്ങി. ഒടുവിൽ അയാളാണു് തുക്കിയുടെ പുനൎജ്ജന്മത്തിനു് നാഥനായിത്തീന്നതു് എന്നു മേൽ അറിയാം.

# എൺപത്തിഏഴാം അദ്ധ്യായം

## റഷ്യാസാമ്രാജ്യത്തിന്റെ അന്തഃഛിദ്രം.

പത്തൊമ്പതാം ശതകത്തിലെ കഥ മുഴുപ്പിക്കണമെങ്കിൽ, മഹാസാമ്രാജ്യമായി വിളങ്ങിയ റഷ്യയിൽ നടന്ന മഹാനാടകാഭിനയാരംഭത്തെക്കൂടി അല്പം വൎണ്ണിക്കാതെ നിൎവാഹമില്ല. പണ്ടു് ചെങ്കിസ്ഖാന്റെ മംഗോൽ മഹാസാമ്രാജ്യം ശിഥിലമായിത്തീൎന്നപ്പോൾ മുതിൎന്ന റഷ്യാസാമ്രാട്ടായ സാർചക്രവൎത്തി, സാക്ഷാൽ രാക്ഷസരാജനായിരുന്ന ദശമുഖനെ പോലെ ഭയങ്കരനും ക്രൂരനുമായി, യൂറോപ്പ് മഹാഖണ്ഡത്തിന്റെ മൂന്നിലൊരംശമായ റഷ്യാമഹാരാജ്യത്തിൽ മാത്രമല്ല, ഏഷ്യാഭൂഖണ്ഡത്തിന്റെ വടക്കൻ പ്രദേശമായ സൈബീരിയയിലും മദ്ധ്യപ്രദേശമായ സമരഖണ്ഡം മുതലായ നാട്ടുകളിലും ഏകച്ഛത്രാധിപതിയായി വാണിരുന്ന വമ്പത്തം എങ്ങിനെ വൎണ്ണിക്കാം! മുരാരി പറയുംപോലെ,

> "സന്തുഷ്ടേ തിസൃണാം പുരാമപി രിപൗ കണ്ഡൂലദോൎമ്മണ്ഡലീ-
> ക്രീഡാകൃത്തപുനഃ പ്രരൂഢശിരസോ വീരസ്യ ലിപ്സോൎവരം
> യാച്ഞാദൈന്യപരാഞ്ചി യസ്യ കലഹായന്തേ മിഥസ്ത്വം വൃണു
> ത്വം വൃണ്വിത്യഭിതോ മുഖാനി സ ദശഗ്രീവഃ കഥം കഥ്യതാം."

വീരാഗ്രേസരനായിരുന്ന 'മഹാനായ' പീററർ ൧൬൮൨-ൽ ചക്രവൎത്തിപദത്തിൽ ആരൂഢനായ ശേഷം റഷ്യക്കുണ്ടായ മാഹാത്മ്യം അന്യാദൃശമായിരുന്നു. അതുവരെ കിഴക്കോട്ടു് നോക്കിക്കൊണ്ടിരുന്ന റഷ്യ പടിഞ്ഞാറോട്ടു് തിരിഞ്ഞു. പൌരസ്ത്യനാട്ടുകളിലെ ആചാരങ്ങളിലും ആഡംബരങ്ങളിലും മുഴുത്തിരുന്ന സ്വരാജ്യത്തെ പാശ്ചാത്യരുടെ നടപടികളിലും ഏൎപ്പാടുകളിലും പരിശീലിപ്പിക്കാൻ വേണ്ടി, ചക്രവൎത്തി പാശ്ചാത്യരാജ്യങ്ങളിൽ ദീൎഘമായ ഒരു

സഞ്ചാരം നടത്തി അവിടത്തെ രീതികളെ ഗ്രഹിച്ചു. നാട്ടിലെ പ്രഭുക്കന്മാൎക്കു പഴയ മട്ടിൽ തന്നെ കഴിഞ്ഞുകൂടിയാൽ കൊള്ളാമെന്നു താല്പൎയ്യമുണ്ടായിരുന്നെങ്കിലും, ചക്രവൎത്തി നിർബന്ധിച്ചു് അവരെ പാശ്ചാത്യപരിഷ്കൃതസമ്പ്രദായങ്ങളിൽ പരിശീലിപ്പിച്ചു. എന്നിട്ടും ജനസാമാന്യം പണ്ടത്തെ ഗ്രാമീണകാലക്ഷേപത്തിൽ തന്നെ കഴിഞ്ഞതേ ഉള്ളു. അക്ഷരാഭ്യാസം പോലും അവരിൽ ചുരുക്കമായിരുന്നു. പാശ്ചാത്യരാജ്യക്കാർ പരിഷ്കൃതരായതു് കടൽസഞ്ചാരംകൊണ്ടും സമുദ്രത്തിലുണ്ടായിരുന്ന മേന്മ കൊണ്ടുമാണെന്നു് ചക്രവൎത്തിക്കു് ബോധപ്പെട്ടു. എന്നും മഞ്ഞു് ഉറഞ്ഞു് സഞ്ചാരയോഗ്യമല്ലാതിരുന്ന ഉത്തരമഹോദധി മാത്രമേ റഷ്യക്കു് കടൽതീരമായുണ്ടായിരുന്നുള്ളു. അതുകൊണ്ടു് പടിഞ്ഞാറു് ബാൾടിക്കു് കടലിലും തെക്കു് കരിങ്കടലിൽ ക്രിമിയ മുതലായ സ്ഥലങ്ങളിലും ചക്രവൎത്തി സ്വരാജ്യത്തെ വളൎത്തി. ഫിൻലണ്ടു് ഉൾക്കടലിൽ ചെന്നു് ചേരുന്ന നീവാ നദിയുടെ കരയിൽ പാശ്ചാത്യമോടിയിൽ ഒരു പുതിയ നഗരം—സെയിൻറു് പീററർസ്ബർഗ്ഗ് എന്ന പേരിൽ-പണിയിപ്പിച്ചു് തലസ്ഥാനത്തെ മാസ്കോവിൽനിന്നു് അവിടേക്കു് മാററി. ഇങ്ങനെ പൗരസ്ത്യപഴമകളെ ഉല്ലംഘിച്ചു് നവീന പാശ്ചാത്യപരിഷ്കരണം ചെയ്ത പീററർ ചക്രവൎത്തി ൧൭൨൫-ൽ മരിച്ചു. പിന്നീടു് അമ്പതു കൊല്ലത്തിനു് മേൽ കഴിഞ്ഞപ്പോൾ, കാതറൈൻ എന്ന ഒരു മഹാരാജ്ഞി പീറററിന്റെ പാശ്ചാത്യകരണസംരംഭത്തെ പ്രബലതരമായി വളൎത്തി. ഈ കാതറൈൻ ഒരു വല്ലാത്ത സ്ത്രീ ആയിരുന്നു. ധൈൎയ്യവും ബലവും ക്രൂരതയും ദുൎന്നടപ്പുംകൊണ്ടു് കുപ്രസിദ്ധയായിരുന്ന ഈ മഹാരാജ്ഞി, സ്വഭൎത്താവായ ചക്രവൎത്തിയെ ഛലത്താൽ വധിപ്പിച്ചു്, പതിന്നാലു കൊല്ലം ചക്രവൎത്തിനിയായി സ്വേച്ഛപോലെ മഹാരാജ്യം ഭരിച്ചു. വിദ്യാ-

ന്മാരോട്ട് പ്രിയംഭാവുകയായിരുന്ന രാജ്ഞി, വാൾടെയർ മുതലായ സമകാലീനരായ പരന്തിരീസ്സ് വിദ്വാന്മാരെ പ്രലോഭനങ്ങളെക്കൊണ്ടു് പ്രോത്സാഹിപ്പിച്ചു. അക്കാലത്തു് പരിഷ്കാരപാരമ്യത്തിൽ എത്തിയിരുന്ന വാർസയിത്സ് രാജധാനിയിലെ പല പരിഷ്കാരങ്ങളും ആഡംബരങ്ങളും സ്വരാജധാനിയിൽ രാജ്ഞി പകൎത്തി. അതുകൊണ്ടു് വലിയ ഫലമൊന്നുമുണ്ടായില്ല. ഏച്ചുകെട്ടിയാൽ മുഴച്ചല്ലാതെ ഇരിക്കുമോ? വേഷം കെട്ടിയ ചായം എളുപ്പം വെളുത്തുപോകും. പഴയ സംസ്കാരത്തിൽ പുതിയ സംസ്കാരം ഒട്ടിച്ചു് ചേൎത്താൽ നിലനിൽക്കുമോ? സുപരിഷ്കൃതസമുദായത്തിലെ രീതികൾ കാട്ടുജാതികളിൽ പകൎത്തിയാൽ, ചെമ്പു് എളുപ്പം തെളിഞ്ഞുപോകും. ഏറിയനാൾകൊണ്ടു് പരിണമിച്ച പാശ്ചാത്യപരിഷ്കാരത്തിനു് പല മുന്നൊരുക്കങ്ങൾ ഉണ്ടായിരുന്നു. ആ പരിശീലനമൊന്നുമില്ലാതെ പൊടുന്നനെ പുതിയ സംസ്കാരത്തെ പഴയ സമുദായത്തിൽ പകൎത്താൻ തുനിഞ്ഞ പീററവും കാതറൈനും, മേൽത്തട്ടിലുള്ള ജീൎണ്ണിച്ച ജനങ്ങളിൽ ഒരു വാർണീഷ് പൂശിയതല്ലാതെ, സമുദായത്തിന്റെ അടിയിലുള്ള ദ്രവിച്ചകാതലിനെ പുതുപ്പിക്കാൻ ശക്തരായില്ല. അതുകൊണ്ടു് സിദ്ധിച്ച ഫലം, ചിലവു് വൎദ്ധിപ്പിക്കമാത്രമായിത്തീൎന്നു. ഇന്നു് ഭാരതീയജനങ്ങൾ സ്വകീയങ്ങളായ സമുദായാചാരങ്ങളെ വെടിഞ്ഞു് യൂറോപ്യൻ സമ്പ്രദായങ്ങളെ കൈക്കൊണ്ടതിൽ വന്നിരിക്കുന്ന ഫലവും അതുതന്നെയാകുന്നു. ഷർട്ടും കോട്ടും കാളവും ട്രൗസറും ബൂട്സും ചുരുട്ടുവലിയും ചായകുടിയും തീനും മററുമായുള്ള പാശ്ചാത്യാനുകരണം ഭാരതീയരെ യൂറോപ്യന്മാരാക്കിയിട്ടില്ല, ആക്കുകയുമില്ല. ദരിദ്രരാക്കാൻ കഴിഞ്ഞിട്ടുണ്ടു്. സ്വധൎമ്മപരിത്യാഗം ആപൽക്കരമാണു്; പരധൎമ്മാനുഷ്ഠാനം അതിലും ഭയാവഹമാകുന്നു എന്നു് നാം എന്നാണാവോ പഠിക്കുന്നതു്!

റഷ്യയിൽ പാശ്ചാത്യപരിഷ്കാരം കടന്നപ്പോൾ ചിലവു് വദ്ധിച്ചു. രാജാക്കന്മാക്കും പ്രഭുക്കന്മാക്കും വേണ്ടിവന്ന ആഡംബരച്ചിലവിനുള്ള ധനം സാധുക്കളായ കൃഷീവലന്മാരിൽനിന്നും പിരിച്ചു. സാധുജനങ്ങളുടെ അടിമത്തവും ചക്രവത്തിയുടെ തോന്ന്യാസവും ഒന്നുപോലെ വർദ്ധിച്ചു. പ്രഭുക്കളിൽ പരിഷ്കാരം ഒരുചാൺ നീളുന്തോറും പ്രജാസാമാന്യത്തിൻെറ ദാരിദ്ര്യം മുഴത്തിന്നു് വളൎന്നു. റഷ്യയിലെ ഗ്രാമീണജനങ്ങൾ കൃഷികൊണ്ടു് മാത്രം ഉപജീവനം കഴിച്ചുവന്നവരാണു്. ഭൂമിയല്ലാതെ അവൎക്കു മറെറാരു ആശ്രയമില്ലായിരുന്നു. അതിൻെറ ഉടമസ്ഥത അവൎക്കുണ്ടോ? ഇല്ല. ജന്മികളുടെ അടിയാന്മാരായി അവർ കിടന്നുകൊള്ളണമെന്നായിരുന്നു നിയമം. അവൎക്കു വിദ്യാഭ്യാസമുണ്ടോ? അക്ഷരജ്ഞാനം പോലുമില്ല. കഷ്ടത സഹിക്കവയ്യാതാകുമ്പോൾ ലഹളകൾ കൂട്ടുകയും, പ്രഭുക്കൾ അവരെ ഹനിക്കയും കൂറെക്കൂടി ചവുട്ടിത്താഴ്ത്തുകയും ചെയ്തുവന്നു.

ഇങ്ങനെ ഏറിയ കാലം കഴിഞ്ഞപ്പോൾ, മേലുണ്ടായിരുന്നവരുടെ ജ്ഞാനം കീഴ്പ്പടികളിലേക്കു് ക്രമേണ ഊറി ഇറങ്ങി. പരന്തിരീസ്സ് വിപ്ലവകോലാഹലങ്ങളുടെ മാറെറാലികൊണ്ടതും, നെപ്പോളിയൻ യൂറോപ്പിനെ ആസകലം വിറപ്പിച്ചതും റഷ്യൻ ഗ്രാമീണജനതയെ തട്ടിയുണൎത്തി. ഒരുവിധം പണിപ്പെട്ടു് നെപ്പോളിയന്റെ ബാധ ഒഴിഞ്ഞതോടുകൂടി, അന്നത്തെ ചക്രവത്തിയായിരുന്ന അലക്സാണ്ടർ ഒന്നാമൻ പ്രജാശക്തിയെ ഉടയ്ക്കാനായി മററുള്ള ചക്രവത്തികളുമായി ഒരു പുണ്യസഖ്യം (Holy alliance) ചെയ്തു ഞെളിഞ്ഞിരുന്നു. പ്രജകളെ നിസ്സാരന്മാരാക്കി പുലമ്പിച്ചു. അദ്ദേഹത്തിൻെറ പിൻവാഴ്ചക്കാരൻ ആ നയത്തെ ഇരട്ടി ശക്തിയോടെ പ്രയോഗിച്ചു. തീരെ സഹിക്കാൻ പാടില്ലാതായപ്പോൾ

൧൮൭൫—ൽ ഏതാനും യുവാക്കളായ ഉദ്യോഗസ്ഥന്മാരും അഭ്യസ്തവിദ്യരും പിണങ്ങി വിരോധ നടപടികൾ തുടങ്ങി. കൃഷിക്കാരായിരുന്ന മിക്കപേരും. അവക്ക് ജനസാമാന്യത്തിൻെറയോ സേനയുടെയോ സഹായം ഇല്ലായിരുന്നു. അതുകൊണ്ടു് അവരെ കീഴടക്കാൻ ഒരു പ്രയാസവും വേണ്ടിവന്നില്ല. എന്നാൽ ഡിസംബർ മാസത്തിൽ ആരംഭിച്ച ഈ ബഹളം റഷ്യയുടെ ഉണർച്ചയുടെ പ്രാരംഭമായിരുന്നു. അന്നുമുതൽ റഷ്യൻ അന്തരിക്ഷത്തിൽ ഒരു രാഷ്ട്രീയകക്ഷി പ്രത്യക്ഷിഭവിച്ചു. ഈ കക്ഷിയുടെ പ്രവൃത്തികൾ പരോക്ഷങ്ങളായിരുന്നു. എന്തെന്നാൽ, രാജസ്വാതന്ത്ര്യത്തിനു വിരോധമായി പ്രത്യക്ഷപ്പെടുന്നതെല്ലാം അധികാരികൾ ബലേന അടക്കിവന്നു. വിദ്യാത്ഥികളിലും പഠിച്ചവരിലുമായിരുന്നു വിപ്ലവബുദ്ധി കുടികൊണ്ടിരുന്നതു്.

ക്രിമിയൻ യുദ്ധത്തിൽ തോൽവി പററിയ ശേഷം ഏതാനും ചില ഭരണപരിഷ്കാരങ്ങൾ റഷ്യയിൽ ഏപ്പെടുത്തപ്പെട്ടു. ൧൮൬൧—ൽ അടിമ ഏപ്പാടു നിറുത്തി. നാട്ടിൻപുറത്തുള്ളവക്ക് ഇതൊരു അനുഗ്രഹമായിരുന്നെങ്കിലും, അതുകൊണ്ടു് അവക്ക് പ്രയോജനം അധികം ഉണ്ടായില്ല. കൃഷി ചെയ്യാൻ സ്വന്തഭൂമി ഇല്ലാതിരുന്നതു് നിമിത്തം അവർ സ്വന്തക്കാരുടെ വിടുവേല ചെയ്തുതന്നെ കാലക്ഷേപം ചെയ്യേണ്ടിവന്നു. രാജാവിൻെറ ദുസ്സ്വാതന്ത്ര്യവും അഭ്യസ്തവിദ്യരുടെ വിപ്ലവമനോഗതിയും ഒന്നുപോലെ വർദ്ധിച്ചു. നാട്ടുജനങ്ങളുമായുള്ള സമ്പക്കം ഇല്ലാതിരുന്നതിനാൽ വിപ്ലവബോധത്തിനു് ധാരാളം പ്രചാരം വരുന്നില്ലെന്നു് കണ്ടിട്ടു്, അനവധി വിദ്യാത്ഥികൾനാട്ടിൻ പുറങ്ങളിൽ സഞ്ചരിച്ചു് ആളുകളോടു് നവീനാഭിപ്രായങ്ങളെ പ്രസംഗരൂപേണ ഉദ്ബോധിപ്പിച്ചു. അപരിചിതരായ ഒരു പററം വിദ്യാത്ഥികൾ വന്നു്

പ്രസംഗിക്കുന്നതിൽ ഗ്രാമീണ ജനങ്ങൾ അവിശ്വാസം പൂണ്ടു. കിട്ടിയ സ്വാതന്ത്ര്യം പോലും നശിപ്പിച്ച് അടിമത്തം പിന്നെയും വരുത്താൻ തുനിഞ്ഞു് പുറപ്പെട്ടിരിക്കുന്ന ദ്രോഹികളാണെന്നു് ശങ്കിച്ച്, ഈ വിദ്യാർത്ഥികളെ നാട്ടുജനങ്ങൾ പിടികൂടി, സർക്കാരിന്റെ പോലീസുകാരെ ഏൽപിച്ചു. ജനങ്ങൾക്കു് ഗുണം നേടാൻ ശ്രമിച്ചതിനു പ്രതിഫലം തടവാണെന്നു് കണ്ടപ്പോൾ, വിദ്യാർത്ഥിസംഘം നൈരാശ്യപ്പെട്ടു് അക്രമങ്ങൾ നടത്താൻ തുടങ്ങി. വെടിവെയ്പും ബാംബെറിച്ചിലും വെട്ടിക്കൊലയുംകൊണ്ടു് അധികാരികളെ അവർ ഭീഷണിപ്പെടുത്തി. ഈ ഭയങ്കര സംഘത്തിൽ ആണുങ്ങളും പെണ്ണുങ്ങളും ചേൎന്നു. സാറിന്റെ ഉദ്യോഗസ്ഥവൃന്ദങ്ങളാൽ ക്ലിഷ്ടരായ പല ജാതിക്കാരും ദേശക്കാരും ഈ സംഘത്തിൽ അംഗങ്ങളായി. പോളണ്ടു് സംസ്ഥാനം സത്യത്തിൽ റഷ്യയെക്കാൾ വിദ്യകൊണ്ടും വ്യവസായംകൊണ്ടും ഒരുപടി മേലായിരുന്നിട്ടും, സാറിന്റെ ഗവൎമ്മെന്റു അവിടത്തെ ജനങ്ങളെ ശതശല്യം ചെയ്തു് സംസ്ഥാനത്തിന്റെ ജീവൻ കെടുത്തി. പോളിഷ് ഭാഷ സംസാരിച്ചുകൂടെന്നു് നിർബന്ധിച്ചു. അതിൽവെച്ചു കലാപങ്ങൾ ഉണ്ടായി. കഠിനകൃത്യങ്ങൾ ചെയ്തു് അവയെ ഗവൎമ്മെന്റു് അടക്കി; പോളണ്ടിന്റെ സ്വാതന്ത്ര്യം നശിപ്പിച്ചു; അമ്പതിനായിരം പോളിഷ് ജനങ്ങളെ സൈബീരിയൻ വനങ്ങളിലേക്കു് നാടുകടത്തി; യൂദന്മാരെ അനവധി കൊലചെയ്തു; അവരിൽ പലരും നാട്ടുവിട്ടോടി. കുററമാണോ, അവർ ഗവൎമ്മെന്റിനു് എതിരായ ഭയങ്കരകക്ഷിക്കാരോടു ചേൎന്നതു്? ചാരന്മാർ മുഖാന്തിരം വൈരികക്ഷികളെ അക്രമങ്ങൾക്കു് ഉദ്യമിപ്പിച്ചു് അനവധി ആളുകളെ ഗവൎമ്മെന്റു ശിക്ഷിപ്പിച്ചു! മററുള്ളവരെ ഇങ്ങനെ കുഴിയിൽ ചാടിക്കാൻ വിരുതു നേടി പ്രസിദ്ധനായിരുന്ന ആസഫ് എന്ന

ചാരൻ. അയാൾ ഗൂഢപോലീസ്സിൻെറ മേലാവായിരുന്നുംകൊണ്ടു് കൊലപാതകങ്ങൾ ചെയ്യിപ്പിക്ക, ബാംബെറിയിപ്പിക്ക, മുതലായ ക്രൂരകൃത്യങ്ങളെ പ്രേരിപ്പിച്ചു. ഒടുവിൽ അവരെ പിടിച്ചു് ശിക്ഷിപ്പിച്ചു!

ഇങ്ങനെ നാൾക്കുനാൾ അക്രമങ്ങൾ ക്രൂരി വന്നു. സക്കാർ കെട്ടിടങ്ങളും, റയിൽവേസ്റ്റേഷനും, തപാലാഫ്'ീസുമെല്ലാം വിപ്ലവകാരികൾ കുത്തിവാരിത്തുടങ്ങി. ഈ തീവെട്ടിക്കൊള്ളക്കാരിൽ പ്രമാണിയായിരുന്നു സ്റ്റാലിൻ. അഹോ! അയാൾ ഇന്നിതാ! റഷ്യാമഹാരാജ്യത്തിൻെറ ഏകച്ഛത്രാധിപത്യം വഹിക്കുന്നു! മറെറാരാൾ പിത്സുഡസ്കി ആയിരുന്നു. അയാൾ സാർ ചക്രവത്തിയെ കൊല്ലാൻ ഉപജാപം നടത്തിയതിൽ അഞ്ചു്വഷം കഠിനശിക്ഷ അനുഭവിച്ചവനാകുന്നു. ഇന്നു് അയാൾ വിപ്ലവകാരികളുടെ വിരോധകക്ഷിക്കാരനാണു്!

ഇപ്രകാരം ആഭ്യന്തരവിപ്ലവംകൊണ്ടു് മലീമസമായിരുന്ന കാലത്തു്, റഷ്യ കിഴക്കോട്ടു് ഏഷ്യയിൽ വ്യാപിച്ചു് ശാന്തസമുദ്രം വരെ എത്തി. മദ്ധ്യേഷ്യയിൽ അഫ്ഘാനസ്ഥാനം വരെ അവർ പരന്നു. ബ്രിട്ടീഷ് നേതാക്കന്മാരുടെ സഹായത്തോടെ തലസ്ഥാനമായ പീററർസ്ബഗ്ഗിനു് സമീപത്തുള്ള പ്രദേശങ്ങളിൽ വ്യവസായങ്ങൾ വദ്ധിച്ചു. പുതുമയിൽ ഭ്രമിച്ച റഷ്യർ എളുപ്പം നല്ല വ്യവസായികളായി. ആദ്യം വെറും കൂലിവേല ചെയ്തുവന്ന ഗ്രാമീണർ ക്ഷണേന നല്ല തൊഴിലാളികളായി. അല്പദേശവ്യാപ്തമായിരുന്നെങ്കിലും, റഷ്യർ വ്യവസായപരിശീലനം എളുപ്പം സാധിച്ചു. അതിനോടുകൂടി നൂതനരാഷ്ട്രീയബോധങ്ങളും ഉദിച്ചു. സവ്വസമത്വവാദവും സമഷ്ടിവാദവും മററും അവരിൽ പെട്ടെന്നു് പരന്നു. കാറൽസ് മാക്സിൻെറ അഭിപ്രായങ്ങളെ അവർ വിലവെച്ചു. സാമുദായിക തൊഴിലാളിസംഘങ്ങൾ ഏപ്പെട്ടു. ക്രൂരകൃത്യങ്ങ-

ളെ വെറുത്തു. കൊലയും കൊള്ളയുംകൊണ്ടു് ജനസാമാന്യത്തിനു് അവിശ്വാസം ജനിക്കയാണെന്നു് അവർ കണ്ടു. സമാധാനപരമായ പ്രവൃത്തികൾകൊണ്ടല്ലാതെ ജനങ്ങളെ വശീകരിച്ചു് ഒന്നിച്ചു ചേർക്കാൻ തരമില്ലെന്നു് അവൎക്കു് ബോധപ്പെട്ടു. ചക്രവർത്തിയെയും ഉദ്യോഗസ്ഥന്മാരെയും കൊല്ലുന്നതല്ല, ഭരണസമ്പ്രദായം മാററുന്നതാണു്, പ്രധാനമെന്നു് അവർ ബോധിച്ചു.

റഷ്യയിൽ സർവ്വാധികാരിയായി പിന്നീടു ഭരിച്ച ലനിൻ എന്ന ആൾ അക്കാലത്തു് ഒരു വിദ്യാർത്ഥി ആയിരുന്നു. ൧൮൮൭-ൽ പതിനേഴാമത്തെ വയസ്സിൽ അയാൾക്കു് ഒരു മഹാസങ്കടം നേരിട്ടു. അയാളുടെ സോദരൻ അലക്സാണ്ടർ രാജദ്രോഹക്കുററത്തിനു് വധിക്കപ്പെട്ടു. ആ സങ്കടം സഹിച്ചുകൊണ്ടു തന്നെ അയാൾ സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു് പോയി ഉയൎന്ന ക്ലാസ്സിൽ ജയിച്ചു. മുപ്പതു കൊല്ലം കഴിഞ്ഞപ്പോൾ അയാൾ റഷ്യയുടെ നാഥനായിത്തീൎന്നു.

എല്ലാ രാജ്യങ്ങളിലും ജനസാമാന്യത്തിൻെറ ഉദ്ധാരണം തൊഴിലാളികളുടെയും വിപ്ലവകാരികളുടെയും ഏകോപിച്ചുള്ള ഉദ്യമങ്ങൾ കൊണ്ടാണു് വന്നിട്ടുള്ളതു്. ഉറങ്ങിക്കിടക്കുന്ന നാട്ടുകാരെ തട്ടി ഉണൎത്താൻ അവരാണു് കാരണഭൂതരാകുന്നതു്. ചിലർ നയംകൊണ്ടും ചിലർ ഭീഷണികൊണ്ടും ക്ഷോഭങ്ങൾ ഉളവാക്കുന്നു. പ്രജാസഭകളും പാർല്ലിമെൻറു് സഭകളും മററുമുള്ള നാട്ടുകളിൽ, അവയിൽ സാമാജികത്വം സമ്പാദിച്ചു്, പ്രക്ഷോഭണം നടത്തി, ജനങ്ങൾ അധികാരങ്ങളെയും അവകാശങ്ങളെയും കൈക്കലാക്കുന്നു. "പയ്യെ തിന്നാൽ പനയും തിന്നാം" എന്നാണു് അവരുടെ നയം. പടിപ്പടിയായി അവകാശങ്ങളെ സർക്കാരിൽ നിന്നു് നേടി അധികാരം വർദ്ധിപ്പിക്കാമെന്നാണു് അവരുടെ മതം. അതു കാല-

താമസത്തിനു് കാരണമാകുന്നതു കൂടാതെ, സക്കാർ കക്ഷിക്കു് മുൻകരുതലുകൾ ചെയ്യാൻ അവസരം നൽകുന്നതാണെന്നാണു് മററു ചിലരുടെ അഭിപ്രായം. അതു് കൊണ്ടു് നേരിട്ടു് എതിർത്തു് ബലാൽക്കാരമായി തന്നെ അധികാരം നേടണമെന്നാണു് രണ്ടാം കക്ഷിക്കാരുടെ അഭിമതം. സൗജന്യത്തിനും വിട്ടുവീഴ്ചക്കും ഇടകൊടുത്താൽ, ബലം കൂടുന്ന സക്കാർ തലയിൽ കയറുമെന്നാണു് അവർ വാദിക്കുന്നതു്. റഷ്യയിൽ പാർല്ലിമെൻറു് സഭയോ പ്രജാപ്രതിനിധിസഭയോ ഒന്നുമില്ലാത്ത സ്ഥിതിക്കു്, നേരിട്ടു് തന്നെ രാജാധികാരത്തെ എതിർത്തു് ജനങ്ങൾ അധികാരം നേടണമെന്നായിരുന്നു ലനിൻെറ പക്ഷം. എതിർകക്ഷികൾ ആ അഭിപ്രായം കൈക്കൊണ്ടില്ല. ഇങ്ങനെ സാമുദായിക തൊഴിലാളിസംഘക്കാർ രണ്ടു് കക്ഷികളായി പിരിഞ്ഞു. ഉൽപതിഷ്ണുക്കൾക്കു്, അതായതു് നേരിട്ടു് മല്ലിട്ടു് അധികാരം നേടണമെന്നുള്ള കക്ഷിക്കാക്കു്, "ബാൾഷെവിക്കുകൾ" എന്നും, സമോപായംകൊണ്ടു് അതു് നേടണമെന്നുള്ള കക്ഷിക്കാക്കു് "മെൻഷെവിക്കുകൾ" എന്നും പേർ വീണു. ഈ പേരു കേട്ടാൽ ഇന്നു് പരിഷ്കൃതയൂറോപ്യൻ രാജ്യക്കാരെല്ലാം നടുങ്ങും. പക്ഷേ, 'ബാൾഷെവിക്കു്' എന്ന വാക്കിനു് ഭൂരിപക്ഷമെന്നും, 'മെൻഷവിക്കു്' എന്ന വാക്കിനു് ന്യൂനപക്ഷമെന്നും മാത്രമാണു് അത്ഥം. ഈ കക്ഷികൾ പിറന്ന കാലത്തു്, ലനിൻ ബാൾഷവിക്കു് കക്ഷിയിലും, അയാളുടെ കൂട്ടുകാരൻ ഇരുപത്തിനാലു വയസ്സുണ്ടായിരുന്ന ട്രാട്സ്കി മെൻഷവിക്കു് കക്ഷിയിലും ചേന്നിരുന്നു. ൧൯൦൫-ൽ നടന്ന മഹാവിപ്ലവത്തിൽ രണ്ടു് പേരും ഒന്നുചേന്നെങ്കിലും, ക്ഷണേന അവർ പിരിഞ്ഞു. ഈ കക്ഷികളും ആലോചനകളും റഷ്യയിലല്ല, ബ്രിട്ടനെൻറ

തലസ്ഥാനമായ ലണ്ടൻപട്ടണത്തിലാണത്രെ വളന്നതു്, ആശ്ചയ്യം!

എന്നാൽ റഷ്യ ശാന്തമായിരുന്നോ? ഇല്ല. സാർ ചക്രവത്തിയുടെയും ഗവമ്മെൻറിൻെറയും ധിക്കാരപ്രവൃത്തികളും ദ്രോഹങ്ങളും നിമിത്തം രാജ്യത്തു് എന്നും അസമാധാനമുണ്ടായിരുന്നു. വേല മുടക്കം, അടിപിടിയും, ലഹളകളും വർദ്ധിച്ചു. അതിനതിനു് ഗവമ്മെൻറുകാർ നടപടികളെ ഊജ്ജിതപ്പെടുത്തി. ഉള്ളിൽ തട്ടിയ മഹാരോഗത്തിനു് പുറമേ ശക്തിയേറിയ മരുന്നുകം പുരട്ടിയാൽ എന്തു് ഫലം? അതുപോലെ, ജനങ്ങളുടെ ഇടയിൽ സ്വാതന്ത്ര്യബോധം ഉണന്നതിനെ ശമിപ്പിക്കാൻ മർദ്ദനനയം തീരെ ഉതകുന്നതല്ല. ശരിയായ നേതാവിനെ കിട്ടുന്നതുവരെ അതു് അവിടവിടെ ചെറുകലഹങ്ങളായി പ്രത്യക്ഷീഭവിക്കും. ൧൯൦൫-ൽ തെക്കൻ റഷ്യയിൽ പല വിപ്ലവങ്ങളം അങ്ങനെ ഉണ്ടായി. അവ അടുത്തവഷം കിഴക്കൻനാട്ടുകളിൽ പ്രത്യക്ഷീഭവിച്ചു. റഷ്യർ ഏഷ്യയുടെ മധ്യത്തിൽ സൈബീരിയയുടെ തെക്കെ അതൃത്തിവഴിയായി യൂറോപ്പിൽനിന്നു് ശാന്തസമുദ്രത്തിൻെറ കരവരെ നെടുനീളത്തിൽ ഒരു തീവണ്ടിപ്പാത ഇട്ടതും, അതിനു് അനവധി പേരെ കുരുതികൊടുത്തതും,ജപ്പാനുമായി കലഹത്തിനു കാരണമായതും, ൧൯൦൪-ൽ ജപ്പാനോടു യുദ്ധത്തിൽ തോററതും, മുമ്പു് ഒരു അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ ആണ്ടിൽ ജനുവരി ൨൨-ാനു- ഒരു വലിയ പ്രജാസമൂഹം ഒരു പാതിരിയുടെ നേതൃത്വത്തിൽ സങ്കടങ്ങൾ ശാന്തമായി ചക്രവത്തിയെ അറിയിക്കാനായി കൊട്ടാരത്തിൽ ചെന്നെത്തിയ ഉടനെ, ആ പ്രജാപാലകൻ പട്ടാളക്കാരെക്കൊണ്ടു് അവരെ വെടിവെയ്പിച്ചു! ധമ്മക്കാരെ പട്ടിയെ വിട്ടു് കടിപ്പിക്കുന്ന ഈ നയം, ജനങ്ങളെ ഏററവും വെറുപ്പിച്ചു. രാജ്യമൊട്ടുക്കു് വേലക്കാരുടെ

പണിമുടക്കം ആരംഭിച്ചു. മാസ്കോവിലും തലസ്ഥാനമായ പീററർസ്ബർഗ്ഗിലും ആദ്യമായി "സോവിയററ്" എന്ന പുതിയ സംഘങ്ങൾ ഉദിച്ചു. അവയുടെ നേതൃത്വത്തിലാണ് പണിമുടക്കങ്ങൾ തുടങ്ങിയതു്. ആ മാതിരി സംഘങ്ങൾ രാജ്യമൊട്ടുക്ക് സ്ഥാനം പിടിച്ചു. അപ്പോൾ ഗവമെന്റ് എന്തെന്നില്ലാതെ അമ്പരന്നു. ജനങ്ങൾക്ക് ഇത്രത്തോളം ഐകമത്യവും വീറുമുണ്ടെന്ന് ചക്രവത്തി ഉദ്ദേശിച്ചിരുന്നില്ല. പ്രജാപ്രതിനിധിസഭ ഏൎപ്പെടുത്താമെന്നു് ചക്രവത്തി അവരോടു് വാഗ്ദാനംചെയ്തു. ഇങ്ങനെ മററുള്ളവർ ശ്രമിച്ചിട്ടു് ഫലിക്കാത്ത കാൎയ്യം വേലക്കാർ സാധിപ്പിച്ചു. വമ്പനായിരുന്ന ചക്രവത്തിയെ അവർ കൊമ്പുകുത്തിച്ചു.

"ഡ്യൂമാ" എന്ന പേരായ ഒരു പ്രജാസഭയെ ചക്രവത്തി ഏൎപ്പെടുത്തി. അതിന്നു് പ്രജാസഭ എന്നു് പേരു മാത്രമേ ഉണ്ടായിരുന്നുള്ളു. സത്യത്തിൽ അവിടെ വാഗ്വാദകോലാഹലങ്ങളല്ലാതെ ഒരു കാൎയ്യവും നടന്നില്ല. അതിന്നു് അധികാരവും ഒന്നുമില്ലായിരുന്നു. എങ്കിലും, എരിഞ്ഞുവന്ന തീയിൽ വെള്ളം ഒഴിച്ചപോലെ, ജനങ്ങളുടെ ഔത്സുക്യത്തെ അതു് ഏതാണ്ടു ശമിപ്പിച്ചു. മേൽത്തട്ടിലുണ്ടായിരുന്നവൎക്കു് ഉത്സാഹം കുറഞ്ഞു. വേലക്കാൎക്കും കൃഷീവലവൎഗ്ഗങ്ങൾക്കും യാതൊരു സമാധാനവും സിദ്ധിച്ചില്ല. വേല കിട്ടണം, കൃഷിക്കു് ഭൂമി വേണം, എന്നായിരുന്നു അവരുടെ മുറവിളി. ഭരണക്രമത്തിന്റെ സമ്പ്രദായം എന്തായിരുന്നാലും, വിശക്കുന്നവൎക്കു് ആഹാരം കിട്ടണമെന്നല്ലാതെ ചിന്ത ഉണ്ടാകുമോ? ഇങ്ങനെ മേലാവിലുള്ളവരും കീഴ്‌വേലക്കാരും തമ്മിൽ പൊരുത്തമില്ലെന്നു് കണ്ടു്, ഗവമെന്റു് അവരെ തങ്ങളിൽ കലഹിപ്പിച്ചു്, സ്വേച്ഛാധികാരം നടത്തി. വിപ്ലവകാരികളെ കൊല ചെയ്യിപ്പിച്ചു; സാധുക്കളും പണക്കാ-

ന്മമായ യൂദരെ നശിപ്പിച്ചു; ടാർടർ വർഗ്ഗങ്ങളെക്കൊണ്ടു് ക്രിസ്ത്യാനികളായ അർമ്മീനിയന്മാരെ ദ്രോഹിപ്പിച്ചു; പാവപ്പെട്ട വേലക്കാരുടെ കുട്ടികളെ വിരട്ടി. ഇങ്ങനെ പലവിധത്തിൽ വിപ്ലവത്തെ നിസ്സത്വമാക്കിയ ശേഷം, സോവിയറ്റ് സംഘങ്ങളെ പട്ടാളക്കാരെക്കൊണ്ടു് നശിപ്പിച്ചു. മാസ്കോ നഗരത്തിൽ മാത്രം ആയിരം പേരെ കൊലക്കയും, എഴുപതിനായിരം പേരെ വിചാരണ കൂടാതെ പാറാവിലിടുകയും ചെയ്തുവത്രേ! ഇങ്ങനെ ൧൯൦൫-ൽ ഉണ്ടായ വിപ്ലവങ്ങൾ അടക്കപ്പെട്ടു. ഒരു വ്യാഴവട്ടം കഴിഞ്ഞുണ്ടാകാൻ പോകുന്ന മഹാകലാപത്തിന്റെ വിഷ്കംഭകമായിരുന്നു അതെന്നു് അന്നു് ആരും ദീർഘദർശനം ചെയ്തില്ല.

൧൯൦൬-ൽ ഡ്യൂമാസഭ ഒന്നാമത്തെ തവണ കൂടി. രണ്ടര മാസം ചെന്നപ്പോൾ ചക്രവർത്തി അതിലെ അംഗങ്ങളെ തിരികെ വീട്ടിൽ പറഞ്ഞയച്ചു. വിപ്ലവകാരികളെ എല്ലാം അടക്കി കഴിഞ്ഞു. പിന്നെ എന്തിനു് ഈ സഭ? എന്നാൽ ഈ ഡ്യൂമാസാമാജികന്മാർ എന്തു ചെയ്തു? ഇച്ഛാഭംഗത്തോടെ അവർ അടുത്തു ഫിൻലൻഡ് സംസ്ഥാനത്തിൽ കുടിയേറി, മേൽക്കോയ്മ ഭരിച്ചുവന്ന ചക്രവർത്തിക്കു് കരം കൊടുക്കരുതെന്നു് ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അതുപോലെ, പട്ടാളത്തിലും നാവികസേനയിലും ചേരരുതെന്നും അവർ നിർബന്ധിച്ചു. പക്ഷേ, ജനങ്ങളുടെ ഇടയിൽ അവക്കു് യാതൊരു പിടിയും ഇല്ലാതിരുന്നതിനാൽ, ആരും അവർ പറഞ്ഞതു കേട്ടില്ല.

൧൯൦൭-ൽ രണ്ടാമത്തെ ഡ്യൂമാസഭ കൂടി. പല സൂത്രങ്ങൾ പോലീസ്സുകാരെക്കൊണ്ടു് പണിഞ്ഞു നോക്കിയിട്ടും മെമ്പറന്മാരായി വന്നവരെ ചക്രവർത്തിക്കു് രസിച്ചില്ല. മൂന്നു് മാസം കഴിഞ്ഞ ഉടനെ ആ സഭയെ ചക്രവർത്തി പിരിച്ചയച്ചു. വേണ്ടാത്തവർ വന്നു ചേരുന്നതു്

തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ദൂഷ്യം കൊണ്ടാണെന്നു കരുതി, പുതുചട്ടങ്ങൾ നിർമ്മിക്കപ്പെട്ടു. അതു് പററി. മൂന്നാമത്തെ ഡ്യൂമാസഭയിലെ അംഗങ്ങൾ ചക്രവർത്തിക്കു് രസിച്ച പാവകളായിരുന്നു. ആ സഭ കുറെക്കാലം നിന്നു.

സർവ്വാധികാരങ്ങളും കൈക്കൊണ്ടു് യഥേഷ്ടം പ്രവർത്തിക്കാൻ ശക്തിയുണ്ടായിരുന്ന സാർ ചക്രവർത്തി ഇങ്ങനെ ഡ്യൂമാസഭ എന്നുള്ള ഒരു പാവക്കൂത്തു നടത്തിക്കുന്നതു് എന്തിനാണെന്നു് നിങ്ങൾ സംശയിച്ചേക്കാം. പറയാം. ഒന്നാമതു്, ധനികരായ ജന്മികളെയും വ്യാപാരികളെയും കൈക്കലാക്കാൻ. ജനങ്ങൾക്കു് ആകപ്പാടെ രാജ്യഭരണത്തിലുള്ള ദുസ്സ്വാതന്ത്ര്യങ്ങളെപ്പററി ഉള്ളിൽ വളരെ അസ്വാസ്ഥ്യം ഉണ്ടായിരുന്നു എന്നു് ചക്രവർത്തിക്കു് ബോധമുണ്ടായിരുന്നു. അതിനു് ഒരു പ്രതീകാരമായി പണക്കാരെ കൈവശപ്പെടുത്താനുള്ള ഒരു സൂത്രമായിരുന്നു ഡ്യൂമാപ്രജാസഭ. രണ്ടാമതു്, റഷ്യാചക്രവർത്തികൾ തോന്ന്യാസക്കാരാണെന്നും, ഏഷ്യാരാജാക്കന്മാരെ പോലെ ആഡംബരപ്രിയരാണെന്നും, ജനക്ഷേമത്തെ വകവയ്ക്കാത്തവരാണെന്നും യൂറോപ്യൻശക്തികളുടെ ഇടയിൽ ഒരു അപഖ്യാതി ഉണ്ടായിരുന്നു. അതല്ല, ജനഹിതത്തെ നിരാകരിക്കുന്നില്ലെന്നും, റഷ്യയിലും ഒരു പ്രജാസഭ ഉണ്ടെന്നും വരുത്തി, യൂറോപ്യൻ രാജാക്കന്മാരുടെ കണ്ണിൽ മണ്ണിട്ടു്, പരിഷ്കൃതരാജ്യങ്ങൾക്കൊപ്പം ഭാവിക്കാനായിട്ടാണു് സാർ ചക്രവർത്തി ഈ ഡ്യൂമാസഭയെ ഏർപ്പെടുത്തിയതു്. മൂന്നാമതു്, ചക്രവർത്തിക്കു് ആഡംബരച്ചിലവിനു് എന്നും പണം വേണം. അതു് ജനങ്ങളോടു് പിരിക്കാൻ ഒരു വ്യാജമായിട്ടാണു് പ്രജാസഭയെ വെച്ചിരുന്നതു്. പണം സമ്പാദിക്കാൻ നല്ല വിരുതരായിരുന്ന പരന്തിരീസ്സു് ബാങ്കുകാർ. അവരാണു് ഇരട്ടിപ്പലിശയ്ക്കു് റഷ്യൻചക്രവർത്തിക്കു് കടം കൊടുത്തതു്. ൧൯൧൪-ൽ ജന-

ക്ഷോഭത്തെ അടക്കാൻ വേണ്ടി വന്ന പണമെല്ലാം അവർ കൊടുത്തു! അഹോ! ജനപ്രാമാണ്യമേററ ഫ്രാൻസ് മറു-നാട്ടിലെ ജനാവകാശങ്ങളെ ഹനിക്കാൻ ധനസഹായം ചെയ്തതാണു് ആശ്ചര്യം.

ഇങ്ങനെ ഇരിക്കുമ്പോൾ യൂറോപ്പിലെ കോളെല്ലാം മാറിത്തുടങ്ങി. മഹത്തായ റഷ്യ അജയ്യയാണെന്നു മററു രാജ്യക്കാക്കു് ഉണ്ടായിരുന്ന ബോധം, ജപ്പാനോടു് തോലി ഏററതോടു കൂടി തുലഞ്ഞു. റഷ്യാക്കാർ മധ്യേഷ്യയിൽ കൂടി ഇൻഡ്യയോടു് അടുത്തടുത്തു് വരുന്നതിനെ കുറിച്ചു് ബ്രിട്ടീഷ്കാക്കു് ഉണ്ടായിരുന്ന ഭയം കുറഞ്ഞു. നാവിക-ശക്തിയിലും, വ്യാപാരപ്പൊലിപ്പത്തിലും, കമ്മകുശലത-യിലും മുന്നണിയിൽ നിന്നിരുന്ന ബ്രിട്ടീഷ്കാരോടു്, ജമ്മന്മാർ മല്ലിട്ടു് തുടങ്ങി. ജമ്മനിയുടെ കുതിച്ചുചാട്ടം കണ്ടു് ഭയന്നാണു്, റഷ്യരെ സേവ പിടിച്ചു പാട്ടിൽ വെച്ചുകൊള്ളാൻ പരന്തിരീസ്സ്കാർ ധാരാളം കടം കൊ-ടുത്തു വന്നതു്. അതുകൊണ്ടൊന്നും ജമ്മനി അടങ്ങിയില്ല. ജമ്മനിയുടെ വദ്ധന കണ്ടപ്പോൾ, പണ്ടേ ശത്രുക്കളായിരുന്ന ബ്രിട്ടനും റഷ്യയും തമ്മിൽ ൧൯൦൭-ൽ ഒരു സന്ധി ഉട-മ്പടി ചെയ്തു. ആ രാജ്യങ്ങൾ തമ്മിൽ അഫ്ഘാനസ്ഥാ-നത്തും പർസ്യാവിലും മററുമുണ്ടായിരുന്ന മത്സരങ്ങൾ ആ ഉടമ്പടികൊണ്ടു് വിരതങ്ങളായി. അധികം താമസിയാതെ ഫ്രാൻസും കൂടി ചേൎന്നു. ഇങ്ങനെ ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയും ചേൎന്നു് ഒരു ത്രിശക്തിസഖ്യം ഏറെപ്പെട്ടു. അതിനു് എതിരായി ജമ്മനിയും ആസ്ത്രിയയും ഇററലിയും ചേൎന്നു് ഒരു ത്രിശക്തിസഖ്യവും ഉണ്ടായി. ഇരുകൂട്ടരും യുദ്ധസ-ന്നാഹങ്ങൾ കൂട്ടിത്തുടങ്ങി.

൧൯൦൫-ലെ കലാപങ്ങൾ ശമിപ്പിക്കപ്പെട്ടു, എങ്കി-ലും, ജനങ്ങളുടെ ഇടയിൽ ക്ഷോഭം നീറിത്തന്നെ കിടന്നി-

രുന്നു. ലെനിൻ മുതലായ വിപ്ലവകക്ഷിക്കാർ മററു രാജ്യങ്ങളിൽ ചെന്നിരുന്നു് പുസ്തകങ്ങൾ എഴുതിയും പരസ്യങ്ങൾ ചെയ്തും ജനക്ഷോഭത്തെ ഉത്തേജിപ്പിച്ചു. ൧൯൧൨-ൽ ബോൾഷെവിക്കുകാരുടെ കലാപങ്ങൾ മുറക്കു വർദ്ധിച്ചു വന്നു. ൧൯൧൪ ആയപ്പോഴേക്കു് അവ മൂർച്ഛിച്ചു. ആകപ്പാടെ കലാശം കൊട്ടാനുള്ള സമയം ആയി എന്നു വന്നപ്പോഴാണു്, ജമ്മൻമഹാസമരം ആരംഭിച്ചതു്. ആ കോലാഹലത്തിൽ ബോൾഷവിക്കുകലാപങ്ങൾ അസ്തമിച്ചു. യുദ്ധത്തിൽ ഇടപെടരുതെന്നായിരുന്നു ബോൾഷവിക്കുകാരുടെ അഭിപ്രായം. പക്ഷേ,കടൽ കയറി വരുമ്പോൾ ആർക്കെങ്കിലും തട്ടുത്തു നിറുത്താൻ കഴിയുമോ?

മഹായുദ്ധംവരെയുള്ള കഥ നാം പറഞ്ഞുകഴിഞ്ഞു. ആ യുദ്ധത്തിൻെറ കഥയും അനന്തരഫലങ്ങളും നാലാം ഭാഗത്തിൽ വിവരിക്കാം.

റഷ്യയുടെ ദൃഷ്യങ്ങളാണു് നാം ഈ അധ്യായത്തിൽ മിക്കവാറും വിവരിച്ചതു്. ഈ രാക്ഷസരാജ്യത്തു് അന്ധകാരത്തെ അകററാൻ കതിരവകിരണങ്ങളെ വിതറിയ വിളക്കുകൾ ഉണ്ടാകാതിരുന്നില്ല. ദീർഘങ്ങളായ 'നാവൽ' കഥകൾ എഴുതുന്നതിലും ചെറുകഥകൾ എഴുതുന്നതിലും മാതൃകകൾ സൃഷ്ടിച്ച ഗോഗോൾ, തർഗനീവു്, ഡോസ്റ്റിവിസ്കി, ഷേഖാഫു്, എന്നവർ പത്തൊമ്പതാം ശതകത്തിലെ കവി രത്നങ്ങളാകുന്നു. സുപ്രസിദ്ധനായ ലിയോ-ടാൾസ്റ്റോയി കേവലം നാവൽ എഴുത്തുകാരൻ മാത്രമല്ല, റഷ്യയുടെ നവീനപരിണാമത്തിനു് കാരണഭൂതന്മാരിൽ പ്രമാണിയും സ്വാതന്ത്ര്യമതചിന്തകനും കൂടി ആയിരുന്നു. ഗാന്ധിയും ടാൾസ്റ്റോയിയും തമ്മിൽ പലതിലും സാമ്യമുണ്ടു്. ഇരുപേരും സഖാക്കളും അന്യോന്യം ആദൃതരുമായിരുന്നു. പക്ഷേ ഗാന്ധി കമ്മസന്യാസിയും ടാൾസ്റ്റോയി ധമ്മസന്യാസിയുമാണെന്നു് വലുതായ ഒരു വ്യത്യാസവുമുണ്ടു്. ഇരുപേരും പുരോഹിതനിമ്മിതങ്ങളായ മതാ-

ഭാസങ്ങളെ വജ്ജിച്ച്, സനാതനമായ സത്യത്തെ അടി-
സ്ഥാനപ്പെടുത്തി, വേദോപജ്ഞമായ ജ്ഞാനത്തെ പ്രതി-
പാദിച്ചു. ടാൾസ്റ്റായി മുനിവൃത്തിയെ ആചരിച്ച് സം-
സാരത്തെ വെറുത്തു; ഗാന്ധി ആകട്ടെ, സംസാരത്തിന്റെ
ബഹളത്തിൽ കടന്നു് കയറി, ജനസാമാന്യത്തെ സത്യ-
ഗ്രഹതത്ത്വം ഗ്രഹിപ്പിച്ച്, ഗീതോപദിഷ്ടമായ കമ്മസം-
സിദ്ധിയുക്തരാക്കാൻ പ്രയത്നിക്കുന്നു. ടാൾസ്റ്റായിയുടെ അ-
നവധിഗ്രന്ഥങ്ങൾ പാരായണം ചെയ്തു ജ്ഞാനം സമ്പാ-
ദിക്കുന്നവർ ഇന്നും ധാരാളമുണ്ടു്. റഷ്യൻ ഭാഷയിൽ അ-
യാൾ എഴുതിയിട്ടുള്ള പുസ്തകങ്ങൾ മററു് പല യൂറോപ്യൻ
ഭാഷകളിലും പൗരസ്ത്യഭാഷകളിലും തജ്ജിമ ചെയ്യപ്പെട്ടി-
ട്ടുണ്ടു്. ഇന്നും റഷ്യയിൽ ഒരു മഹാകവി ജീവിച്ചിരിക്കുന്നു-
ണ്ടു്. അദ്ദേഹത്തിന്റെ പേർ മാക്സിം ഗോക്കി എന്നാ-
കുന്നു. പത്തൊമ്പതാം ശതകത്തിന്റെ ആദിഘട്ടത്തിൽ
മഹാകേമനായ പദ്യകവിയായി പുഷ്കിൻ എന്ന ആൾ,
ഇംഗ്ലണ്ടിൽ ബൈറൺ, ഷെല്ലി, കീററ്സ് എന്ന പ്രസി-
ദ്ധകവികളുടെ സമകാലീനനായി റഷ്യയിൽ ജീവിച്ചിരുന്നു.

# എൺപത്തിഎട്ടാം അദ്ധ്യായം

## പത്തൊൻപതാംശതകത്തിനു യാത്രഅയപ്പു്

പത്തൊമ്പതാം ശതകത്തോടു് നാം യാത്രപറഞ്ഞു് പിരിയുന്നതിനുമുമ്പു്, ആ നൂററാണ്ടിൽ ലോകത്തിനു് ഉണ്ടായ അത്ഭുതപൂർവ്വമായ ഉയർച്ചയേയും ഉണർച്ചയേയും പററി സമഷ്ടിയായി ചർച്ച ചെയ്തു് അനന്തരഭയങ്കര സംഭവങ്ങളുടെ പൂർവ്വവർത്തികളായ കാരണവൈപുല്യത്തെ നാം മനസ്സിലാക്കുന്നതു് യുക്തമായിരിക്കും.

ഒന്നാമത്തെ സംഗതി, ഭൂലോകത്തിൽ യൂറോപ്പു് മഹാഖണ്ഡത്തിനു് പ്രാമാണ്യം സിദ്ധിച്ചതാകുന്നു. ഒരു കാലത്തു് മുന്നണിയിൽ നിന്നിരുന്ന ഏഷ്യാഭൂഖണ്ഡം യൂറോപ്യന്മാർക്കു് ധനസമ്പാദനത്തിനുള്ള വിളഭൂമിയായി; ആഫ്രിക്കാഭൂഖണ്ഡം അവർക്കു് അടിമയായി. അമേരിക്ക മിക്കവാറും ഒതുങ്ങി, സ്വന്തം വീട്ടുകാര്യം നോക്കുകയല്ലാതെ കണ്ടവരുടെ കാര്യത്തിൽ കയ്യിടാൻ പോകായ്കയാൽ, അവിടെ ഐശ്വര്യം വളരെ വർദ്ധിച്ചു. യൂറോപ്പിലുണ്ടായിരുന്ന രാജ്യങ്ങളിൽവെച്ചു്, ധനംകൊണ്ടും, വ്യവസായംകൊണ്ടും, കച്ചോടംകൊണ്ടും, നാവികബലംകൊണ്ടും, വമ്പിച്ച മുതലാളിയായി ഇംഗ്ലണ്ടു ശോഭിച്ചു. സാമുദായികമായും, വ്യാവസായികമായും, സാമ്പത്തികമായും അത്ഭുതപൂർവ്വമായ അഭിവൃദ്ധി വന്നിരുന്നിട്ടും, യൂറോപ്യൻ രാഷ്ട്രീയഭരണനയത്തിനു് പണ്ടു് മക്കിയവല്ലി നിർദ്ദേശിച്ച തന്ത്രത്തിൽനിന്നു് യാതൊരു മാററവുംവന്നില്ല. ചാണക്യതന്ത്രപ്രകാരം തങ്ങളിൽ സ്പർദ്ധയും കൂടപ്രയോഗങ്ങളും ക്രിത്രിമസഖ്യങ്ങളും ചെയ്തു്, ഓരോ കൂട്ടരും മററുള്ളവരുടെ തലയിൽ കയറാൻ പഴുതു നോക്കിയിരുന്നു. എല്ലാവരുടേയും ചവിട്ടു് കൊള്ളുവാൻ പാവപ്പെട്ട ഏഷ്യയും

ആഫ്രിക്കയും ഉണ്ടായിരുന്നു. വീട്ടുജോലിതന്നെ വേണ്ടുവോളമുണ്ടായിരുന്ന അമേരിക്ക, ഈ മത്സരക്കളിയിൽ ഏതും പങ്കുകൊള്ളാതെ അടങ്ങി പാർത്തു.

രണ്ടാമത്തെ വിശേഷം, മുതലാളിത്വത്തിൽ പരിണമിച്ച മഹാവ്യവസായാഭിവൃദ്ധിയാകുന്നു. നവീനപ്രായോഗികശാസ്ത്രങ്ങളുടെ അഭിവൃദ്ധിമൂലം പഞ്ചഭൂതങ്ങളുടെ വിസ്മയനീയകളായ ശക്തികൾ മനുഷ്യർക്ക് സ്വാധീനങ്ങളായി. വൻതരത്തിലുള്ള യന്ത്രങ്ങളെ വേല ചെയ്യിച്ച് സാധനനിർമ്മാണത്തെ ആയിരം ഇരട്ടി അരനിമിഷംകൊണ്ടു് വർദ്ധിപ്പിച്ചപ്പോൾ, ധനം എത്രമാത്രം കൂടി എന്ന് കണക്കില്ല. ആവിയന്ത്രപ്രവർത്തിതങ്ങളായ തറികൾ അനേകം ലങ്കാഷയറിൽ സ്ഥാപിച്ച് മൽമൽ മുതലായ തുണിത്തരങ്ങൾ ധാരാളമായി ചുരുങ്ങിയ ക്രയത്തിനു് നിർമ്മിച്ചു തുടങ്ങിയതു നിമിത്തം, ഭാരതഭൂമിയിലെ ഗ്രാമീണരുടെ കൈത്തറിനെയ്ത്ത് നിലച്ച്, അവർ പട്ടിണിക്കാരായി. ഇതുപോലെ മററു പലേ കൈത്തൊഴിലുകളും അവിടെ തുലഞ്ഞു. ഏറിയ മുതൽ മുടക്കിതുടങ്ങുന്ന വൻതരത്തിലുള്ള വ്യവസായത്തിനു് ഒരു വശ്യമുണ്ടു്. ലാഭം കിട്ടുംതോറും കൂടുതൽ മുതൽ മുടക്കി വ്യവസായം വർദ്ധിപ്പിക്കാൻ മുതലാളികൾക്ക് ആശ വരും. വൻവ്യവസായഭ്രാന്തു് പടർന്നുപിടിക്കുന്ന വ്യാധിയാണ്. ഒന്നു തുടങ്ങിയാൽ പത്താവും, പത്തുന്നൂറാവും, ഇങ്ങനെ ഏറി വന്ന് സർവ്വവും അതു് ഗ്രസിക്കും. കച്ചോടത്തിനും വ്യവസായത്തിനും ഈ ഭ്രമം എവിടെയും കാണാം. ഒരാൾ ഒന്നു് തുടങ്ങിയാൽ പത്തു പേർ അതുപോലെ തുടങ്ങും. അങ്ങാടിവ്യാപാരമായാലും, കാപ്പിക്കട ആയാലും, സിനിമാ പ്രദർശനമായാലും, ഒന്നു് ഉണ്ടായാൽ പതിന്മടങ്ങു്

പെരുകും. ഈ പൈത്യംകൊണ്ടു് ഉണ്ടാകുന്ന ഫലം ഒന്നിലും ലാഭമില്ലാതായിത്തീരുന്നതാകുന്നു. സാധനനിർമ്മാണം അധികമാകുമ്പോൾ മത്സരം നിമിത്തം വില ഇടിയുന്നു. വില കുറയുമ്പോൾ ലാഭമില്ലാതാകും; എന്നുതന്നെയല്ല, നഷ്ടങ്ങളും നേരിടും; എന്നാലും വാശിക്കു് വിടാതെ, ചീട്ടുകളിക്കാരെ പോലെ, കടം കൊണ്ടും കൂടുതൽ മുതൽ മുടക്കും. ഒടുവിൽ പാപ്പരാകും. അതൊരു കഷ്ടം. മറെറാന്നു്, എത്ര ലാഭം കിട്ടിയാലും മുതലാളിമാർ സ്വന്തംകാര്യമല്ലാതെ സാധുക്കളായ വേലക്കാരുടെ ഗുണം ചിന്തിക്കയില്ല എന്നുള്ളതാകുന്നു. മുതലാളിമാർ വ്യക്തികളായും കമ്പനി ചേർന്നും വൻവ്യവസായങ്ങൾ നടത്തി വന്നതിൽ പല കഷ്ടതകളും നേരിട്ട എങ്കിലും, ഗുണങ്ങളും അനവധി ഉണ്ടായി. ലോകത്തിലെ ഇന്നത്തെ വിസ്മയനീയമായ വിജയയാത്ര വ്യവസായാഭിവൃദ്ധി മൂലം ഉണ്ടായതാകുന്നു. സാധനങ്ങളുടെ ചെഴിപ്പു് ജനങ്ങളുടെ കണ്ണുകളെ മഞ്ചിപ്പിച്ചു. സത്യത്തിൽ ഇരുളും വെളിച്ചവും ഒരേ കാരണത്തിൽനിന്നാണല്ലോ ജനിക്കുന്നതു്. അതുപോലെ, ചെഴിപ്പും, പഞ്ഞവും, വർത്തകതാപവും ദാരിദ്ര്യവും, മൺകുടിലും ആകാശചുംബികളായ മന്ദിരങ്ങളും, മഹാസാമ്രാജ്യവും അടിമത്തവും, ഒരേ കാലത്തു് പ്രത്യക്ഷീഭവിച്ചതു്, പത്തൊമ്പതാം നൂററാണ്ടിലെ വ്യവസായാഭ്യുദയം കൊണ്ടാകുന്നു.

മൂന്നാമതു് പറയാനുള്ള വിശേഷം, കിട്ടുന്നിടത്തോളം സമ്പാദിക്കാനുള്ള മോഹം മുഴുത്തു്, യൂറോപ്യൻ രാജ്യക്കാർ ദേശാന്തരങ്ങളെ കൈക്കലാക്കി, അവിടങ്ങളിലെ വിഭവങ്ങളെ സ്വരാജ്യമഹിമക്കു് കാണിക്ക വെച്ചതാകുന്നു. വ്യാസായാഭിവൃദ്ധി സാമ്രാജ്യസമ്പാദനത്തിൽ പരിണമിച്ചു. ഇംഗ്ലണ്ടാണു് രണ്ടിനും

മുന്നണി പിടിച്ച് മാൎഗ്ഗദർശിയായി നിന്നതു്. ക്രമേണ മററു രാജ്യക്കാർ ഇംഗ്ലീഷുകാൎക്ക് ഉന്തിഅരശ്ശു കൊടുത്തു. പൌരസ്ത്യരാജ്യങ്ങൾ ആദ്യം പാശ്ചാത്യൎക്ക് വിളവെട്ടക്കാനുള്ള ഭൂമിയായി വളരെ കഷ്ടത അനുഭവിച്ചെങ്കിലും, ക്രമേണ അവിടങ്ങളിലും മുതലാളികൾ വൻവ്യവസായങ്ങൾ ഏൎപ്പെടുത്തി മത്സരിച്ചുതുടങ്ങി. അപ്പോൾ ഉണ്ടായി സ്വരാഷ്ട്രബോധത്തിൻെറ ഉദയം. ഭാരതീയർ മുതലായ ഏഷ്യാക്കാർ യൂറോപ്യരെ വിദേശീയരെന്നു ഗണിക്കാൻ തുടങ്ങി. അതുവരെ മേലായ്മക്കാരായും എജമാനന്മാരായും മാനിച്ചിരുന്നവരെ പരദേശികൾ എന്നുള്ള പുഛദൃഷ്ടിയോടെ അവർ ഭാവിച്ചുതുടങ്ങി. ഇങ്ങനെ സ്വദേശിവഴക്ക് ആരംഭിച്ചു. സ്വരാഷ്ട്രബോധം ഉണൎന്നു.

നാലാമത്തെ വിശേഷസംഭവം, വേലക്കാരുടെ വില ഏറിയതാകുന്നു. ഏറിയ കാലമായി പുറംതള്ളിൽ ഉൾപ്പെട്ടുകിടന്ന വേലക്കാർ വൻവ്യവസായാഭിവൃദ്ധി മൂലം യന്ത്രപ്രവൎത്തനത്തിന് ഒഴിച്ചുകൂടാത്തവരായിത്തീൎന്നു. വേലക്കാർ ഒത്തൊരുമിച്ച് സംഘങ്ങൾ ചേൎന്ന് അവരുടെ ശക്തിയെ വർദ്ധിപ്പിച്ചു. കൂലി കൂട്ടുന്നതിനും സുഖസൗകൎയ്യങ്ങൾ നേടുന്നതിനും അവർ പണിമുടക്കങ്ങളെ കൊണ്ടും മററും മുതലാളിമാരെ നിർബന്ധിച്ചു. ഗവൎമ്മെൻറ്പോലും അവരുടെ സങ്കടപരിഹാരങ്ങൾക്ക് നിയമങ്ങളെ സൃഷ്ടിക്കേണ്ടിവന്നു. തൊഴിൽശാലാനിയമങ്ങളും യന്ത്രശാലാനിയമങ്ങളും പലതും ഏൎപ്പെട്ടു. വേലക്കാൎക്ക് പ്രാമുഖ്യം വന്നതോടുകൂടി സമത്വബോധം ഉദിച്ചു. സമഷ്ടിവാദങ്ങളും സമത്വവാദങ്ങളും മുതലാളിത്തത്തിനും പ്രഭുത്വത്തിനും എതിരായി. സാധാരണ മനുഷ്യരുടെ വിലയും നിലയും വലുതായി. വോട്ടവകാശം വേലക്കാൎക്കും കിട്ടി. അതു-

കൊണ്ടു് വലിയ ഗുണമൊന്നുമുണ്ടായില്ലെങ്കിലും, അവ്ര്വരും ഗണനീയകോടിയിൽ വന്നുചേൎന്നു. സാധാരണജനങ്ങളുടെ പോലും ജീവനരീതി ഉയൎന്നു. എന്നുവെച്ചാൽ, പണ്ടത്തെ ലഘുജീവിതം അല്ല, ദരിദ്രജീവിതം പോയി ചിലവു് വർദ്ധിച്ചു എന്നൎത്ഥം. പരിഷ്കാരത്തിൻെറ അവസ്ഥ ജീവനച്ചിലവിൻെറ കൂടുതൽകുറവുകൊണ്ടു ഗണിക്കുവാൻ തുടങ്ങി.

അഞ്ചാമത്തെ വിശേഷം, പുതുജ്ഞാനാഭിവൃദ്ധിയാകുന്നു. നവീനശാസ്ത്രങ്ങൾ അത്ഭുതകരങ്ങളായ ഫലങ്ങളെ സൃഷ്ടിച്ചു. അവയുടെ സഹായംകൊണ്ടു് നമ്മുടെ ജീവിതത്തിനു് സൗകൎയ്യങ്ങൾ വളരെ വൎദ്ധിച്ചു. വൈദ്യശാസ്ത്രത്തിനു് വന്ന അഭിവൃദ്ധി ഒന്നുമതി ആ സംഗതിയെ തെളിയിക്കാൻ. മുമ്പിൽ മാറാവ്യാധികളായി ഗണിച്ചു് ഉപേക്ഷിച്ചുവന്ന പല രോഗങ്ങളുടെയും നിദാനങ്ങൾ കണ്ടുപിടിച്ചു് പരിഹാരങ്ങൾ സൃഷ്ടങ്ങളായി. മലമ്പനി, തലേത്തട്ടി, മഹാമാരി, നായ്‌വിഷം, അർബ്ബുദം, മൂത്രമൊഴിവു്, കുഷ്ഠം, രാജയക്ഷ്മാവു്, മുതലായ മഹാവ്യാധികൾക്കു് മരുന്നുകൾ കുത്തിവെച്ചും മററും ഭേദപ്പെടുത്തിവരുന്നു. രോഗചികിത്സയെക്കാൾ രോഗനിവാരണമാൎഗ്ഗങ്ങളിലാണു് ഇക്കാലത്തു് കുറെക്കൂടി നിഷ്കൎഷ ഉണ്ടായതു്. ശുചീകരണം ഒരു പ്രധാന ശാസ്ത്രമായിത്തീൎന്നു.

വിശേഷതരമായ ഒരു സംഗതി ഗതാഗതസൗകൎയ്യത്തിൻെറ വിസ്മയനീയങ്ങളായ മാററങ്ങളാകുന്നു. റയിൽവണ്ടിയും ആവിക്കപ്പലും മോട്ടാർകാറും ഈ വിഷയത്തിൽ വരുത്തിയിട്ടുള്ള എളുപ്പവും സുഖവും അത്ഭുതപൂൎവമെന്നേ പറയാവു. ഇലക്ട്രിക് ടെലിഗ്രാഫും ടെലിഫോണും വൎത്താവിതരണസൗകൎയ്യത്തെ അത്ഭുതകരമാംവണ്ണം പൊലിപ്പിച്ചു. ആകാശവാണിയും ദിവ്യച-

ക്ഷുസ്സും പണ്ടു് പുരാണങ്ങളിലും കഥകളിലും കേട്ടിട്ടുള്ളതു് ഇന്നു് സത്യമായി. വിമാനങ്ങളുടെ വരവു് നമ്മെ യക്ഷകിന്നരവർഗ്ഗങ്ങളോടൊപ്പമാക്കി. ഈ പുതിയ സംവിധാനങ്ങൾകൊണ്ടു് ലോകം ആസകലം അയലായിത്തീന്നിരിക്കുന്നു. എന്നിട്ടുപോലും, മനുഷ്യർ തമ്മിൽ അയൽക്കാരാകാത്തതല്ലേ അത്ഭുതം!

മുതലാളിത്തത്തിൻെറ മത്സരം നിമിത്തം ഉണ്ടാവുന്ന ദോഷഫലങ്ങളെ പരിഹരിക്കാൻ പരസ്പരസഹായബോധം ഉദിച്ചതാണു് മറെറാരു വിശേഷം. ലാഭത്തിനു് വേണ്ടി അന്യരുടെ കഴുത്തറുക്കുന്ന മത്സരം വിട്ടു്, ജനങ്ങൾ ലാഭത്തെ പങ്കുവെച്ചു് അനുഭവിക്കാൻ മുതലിച്ച പരസ്പരസഹായസംഘങ്ങൾ, സാധുക്കൾക്കു് ബഹുഗുണപ്രദങ്ങളായിത്തീന്നു. ദരിദ്രക്കു പോലും ആർജവബുദ്ധി ഉദിച്ചു. ഡന്മാക്കുരാജ്യത്താണു് പരസ്പരസഹായം ഏററം പുലന്നതു്.

രാജ്യഭരണസംബന്ധമായും ഒരു വിശേഷവിധി ഉണ്ടാകാതിരുന്നില്ല. പാർല്ലിമെൻറുകളുടേയും പ്രജാസഭകളുടേയും ആവിർഭാവത്തിൽ പ്രജകൾക്കുള്ള അധികാരം സവ്സമ്മതമായിത്തീന്നിരുന്നെങ്കിലും, പുരുഷന്മാക്കല്ലാതെ സ്ത്രീകൾക്കു് രാജ്യഭരണത്തിൽ ഇടപെടാൻ പാടില്ലെന്നു് പൊതുവെ ഒരു ബോധമുണ്ടായിരുന്നു. പെണ്ണുങ്ങൾ ഇതു സഹിച്ചില്ല. ആണുങ്ങൾക്കു് കൊമ്പുണ്ടോ? എന്നായി അവരുടെ ചോദ്യം. സ്ത്രീകൾക്കു് പ്രത്യേകം സ്വത്തു് പാടില്ല, വരണാധികാരം കൊടുത്തുകൂടാ, ഉദ്യോഗങ്ങളിൽ നിയമിച്ചുകൂടാ, എന്നിങ്ങനെ പുരുഷന്മാർ അവരെ താണ പടിയിൽ നിറുത്തി ചൊൽപ്പടിക്കാരികളാക്കിയിരുന്നതിനെ എതൃക്കാൻ ഇംഗ്ലണ്ടിൽ ഒരു കൂട്ടം താടകകൾ പുറപ്പെട്ടു. അവർ ആദ്യം സാക്ഷാൽ താടകയെപ്പോലെ

നല്ലവാക്കും നല്ല വചനവുംകൊണ്ടു് പുരുഷന്മാരുടെ ഹൃദയത്തെ ആവർജിക്കാൻ നോക്കി. പുരുഷന്മാർ അതൊന്നും അത്ര വകവെച്ചില്ലെന്നു് കണ്ടപ്പോൾ, ദ്രോഹകൃത്യങ്ങൾ ചെയ്യാൻ തുടങ്ങി. മന്ത്രിമാരെ പബ്ലിക്കിൽ അപമാനിക്ക, വീടുകളിലെ കണ്ണാടി ജന്നലും മററും തല്ലിത്തകൎക്ക, പാല്ലിമെൻറു് സഭാ-മന്ദിരത്തിന്റെ മുമ്പിൽ കൂട്ടംകൂടി പോകുക, പാട്ടു കിടക്ക, പട്ടിണി കിടക്ക, എന്നിങ്ങനെ അവർ ശതശല്യം ചെയ്തു. പാറാവിൽ പിടിച്ചിട്ടാലും വെളിക്കു് വിട്ടാൽ പിന്നെയും ലഹള തുടങ്ങും. എലികളും പൂച്ചകളും-വീട്ടിൽ ചെയ്യുന്ന ശല്യം പോലെ പെണ്ണുങ്ങൾ ഉപ-ദ്രവങ്ങൾ തുടങ്ങിയപ്പോൾ, പാർല്ലിമെൻറു് സഭ അവരെ ശിക്ഷിക്കാൻ ഒരു പുതുനിയമം ഉണ്ടാക്കി. അതിനു് 'എലിയും പൂച്ചയും ചട്ടം' എന്നായിരുന്നു പേർ. ഏതായാലും പെണ്ണുങ്ങൾ പല ശല്യങ്ങൾ ചെയ്തു് ഇരിക്കപ്പൊറുതി മുട്ടിച്ചപ്പോൾ, പുരുഷന്മാർ കണ്ണു് തുറന്നു. അചിരേണ സ്ത്രീകൾക്കു് വോട്ടവകാശം കിട്ടി. അതുകൊണ്ടു് തൃപ്തിപ്പെടാതെ, സ്ത്രീകൾ പി-ന്നെയും കൂട്ടംകൂടി അധികാരങ്ങൾ പലതും സമ്പാദിച്ചു. ചുരുക്കത്തിൽ, സ്ത്രീപുരുഷന്മാൎക്കു് സൎവസംഗതികളിലും സമത്വം അചിരേണ അവർ സമ്പാദിച്ചു. പാർല്ലി-മെൻറു മെമ്പറന്മാരായും, സൎക്കാർ ഉദ്യോഗസ്ഥന്മാരാ-യും, പട്ടാളക്കാരായും, വിമാനസഞ്ചാരിണികളായും എന്നുവേണ്ട, ഏതു തുറയിലും ആണുങ്ങൾക്കൊപ്പം പെണ്ണുങ്ങൾക്കു് അവകാശം സിദ്ധിച്ചു.

സ്വരാജ്യബോധത്തിനു് മാററം കൂടിവന്ന ക്രമ-ത്തിനു് സ്വാൎത്ഥത്തിനും ശക്തി ഏറി. വ്യക്തികൾക്കു് ദോഷമെന്നു് സങ്കല്പിക്കുന്നതു്, രാജ്യങ്ങൾക്കു് മഹിമ-

യായി വന്നതാണു് ആശ്ചൎയ്യം. ഉദരംഭരിത്വം മനു-ഷ്യനു് ദുർഗ്ഗുണമാണെന്നു് എല്ലാവരും സമ്മതിക്കുമല്ലോ. രാജ്യത്തിനുള്ള സ്വാൎത്ഥം സൽഗുണമായിത്തീൎന്നു! സ്വാൎത്ഥം, ദുരാഗ്രഹം, പിടിച്ചുപറി, അഹങ്കാരം, ഹീനപ്രവൃത്തി, എന്നുള്ള ദോഷങ്ങൾ ഉള്ളവരെ സജ്ജനം ഗർഹിക്കുന്നു. സ്വരാജ്യസ്നേഹവ്യാജേന രാഷ്ട്ര-ങ്ങൾക്കു് ഇവ ഭൂഷണങ്ങളാകുന്നു! അഹോ! നവീനാ-ൎത്ഥശാസ്ത്രസിദ്ധാന്തങ്ങളുടെ വേഷപ്പകൎച്ച അന്യാദൃശം തന്നെ. മഹാരാജ്യങ്ങളുടെ ഈ നവീനസിദ്ധാന്തങ്ങ-ളുടെ ഫലമാണു്, ഇരുപതാംനൂററാണ്ടിന്റെ മുഖവുര-യായി തുടങ്ങിയ ലോകമഹാസമരം. അതിനെപ്പററി അടുത്ത ഭാഗത്തിൽ പ്രസ്താവിക്കാം.

മൂന്നാം ഭാഗം കഴിഞ്ഞു.

165323
38251
VI:1: M4
32 G6·3
MUL
165323
21 JUL 1955
MADRAS

B. V. PRINTING WORKS, TRIVANDRUM -1941

RAJARAJA VARMA: LOKALOKAM. Pt. 3

VI: 1: M9
32G8.3

1: M9
32G8.3

Indic Digital Archive Foundation
gpura.org